# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2016 ഒക്ടോബർ 18, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 10

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 ഒക്ടോബർ 18, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

852/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....65

**II അടിയന്തരപ്രമേയം**

സ്വാഭാവിക റബ്ബറിന്റെ വിലയിടിവ്

(അവതരണാനുമതി നിഷേധിച്ചു) ...342

**III ശ്രദ്ധ ക്ഷണിക്കൽ**

1. നിർമ്മാണ പ്രവർത്തനങ്ങൾക്കും മരം മുറിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം—

ശ്രീ. എസ്. രാജേന്ദ്രൻ ...363

2. വയോജനക്ഷേമം—

ഡോ. എം. കെ. മുനീർ ...369

**IV സബ്മിഷൻ**

1. വ്യവസായശാലകൾ നേരിടുന്ന പ്രതിസന്ധികൾ—

ശ്രീ. ജോൺ ഫെർണാണ്ടസ് ...376

2. പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് സംവരണം—

ശ്രീ. ആർ. രാജേഷ് ...379

3. പ്രതികളെ അറസ്റ്റ് ചെയ്യൽ—

ശ്രീ. വി. ടി. ബൽറാം ...379

*പേജ്*

4. ചികിത്സാ ധനസഹായം—

ശ്രീ. ടി. വി. ഇബ്രാഹിം ...381

5. 'ഓണംകളി' പ്രോത്സാഹിപ്പിക്കൽ—

ശ്രീ. ബി. ഡി. ദേവസ്സി ...383

6. മാന്വൽ ഡ്രഡ്ജിംഗ്—

ശ്രീ. വി. കെ. സി. മമ്മത് കോയ ...384

7. സർക്കാർ ഗേൾസ് ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം—

ശ്രീ. പി. ടി. തോമസ് ...386

8. ടോൾ പിരിവ്—

ശ്രീ. അനൂപ് ജേക്കബ് ...388

9. പ്ലസ് ടു സ്കൂളുകൾ അനുവദിക്കൽ—

ശ്രീ. സി. ദിവാകരൻ ...390

**V മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ ...391

**VI റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ...391

**VII ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...392

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 18, ചൊവ്വ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2016 ഒക്ടോബർ മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ........ ഓർഡർ...... ചോദ്യം നമ്പർ -331

**ആദായ നികുതി അപ് ലോഡ് ചെയ്യാൻ സർക്കാർ സംവിധാനം**

1 (*331) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദായ നികുതി ഓരോ ക്വാർട്ടറിലും അപ്‌ലോഡ് ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾ ഭീമമായ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) സർക്കാരിന്റെ ഐ.ടി. സെൽ മുൻകൈ എടുത്ത് ജീവനക്കാർ അനുഭവിക്കുന്ന പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ ;

(സി) ജീവനക്കാർക്ക് ടി.ഡി.എസ്. അപ് ലോഡ് ചെയ്യുന്നതിന് ശമ്പളം കൊടുക്കുന്ന ട്രഷറി വകുപ്പിനെ തന്നെ ഏല്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഇല്ല.

(ബി&സി) ഇന്ത്യൻ ഭരണഘടന പ്രകാരം ആദായ നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാകയാൽ ആദായ നികുതി ഓരോ ക്വാർട്ടറിലും അപ്‌ലോഡ് ചെയ്യുന്നതിന് ആദായ നികുതി വകുപ്പ് മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതിൻപ്രകാരം വകുപ്പിന്റെ വെബ്‌സൈറ്റിൽ (www.tin.nsdl.com) സൂചിപ്പിച്ചിട്ടുള്ള സൗജന്യ സോഫ്റ്റ്‌വെയറുകൾ, ഫയൽ വാലിഡേഷൻ യൂട്ടിലിറ്റികൾ തുടങ്ങിയവ ഉപയോഗിച്ച് ടി.ഡി.എസ്. തയ്യാറാക്കി സി.ഡി.-യിലോ പെൻഡ്രൈവിലോ പകർത്തി വകുപ്പിന്റെ വെബ്‌സൈറ്റിൽ കാലാകാലങ്ങളിൽ സൂചിപ്പിക്കുന്ന അംഗീകൃത ടിൻ ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന നിശ്ചിത ഫീസ് നൽകി അപ്‌ലോഡ് ചെയ്യാവുന്നതാണ്. മേൽ വെബ്‌സൈറ്റിൽ ലഭ്യമായ കണക്ക് പ്രകാരം 100 റിക്കോർഡുകൾക്ക് 38 രൂപയും 1000 റിക്കോർഡുകൾക്ക് 178 രൂപയും 1000-ൽ കൂടുതലുള്ളതിന് 578.50 രൂപയുമാണ് അപ്‌ലോഡ് ചെയ്യുന്നതിന് ഫെസിലിറ്റേഷൻ സെന്ററുകൾക്ക് നൽകാവുന്നതായി ആദായ നികുതി വകുപ്പ് അധികൃതർ നിശ്ചയിച്ചിട്ടുള്ള അംഗീകൃത ഫീസ്. അപ്രകാരം അതാത് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെ ഓഫീസുകളിൽ തന്നെ ടി.ഡി.എസ്. തയ്യാറാക്കി ടിൻ ഫെസിലിറ്റേഷൻ സെന്റർ മുഖേന അപ്‌ലോഡിംഗ് ചെയ്തുവരുന്നുണ്ട്. ടി.ഡി.എസ്. തയ്യാറാക്കുന്ന ജോലി കൂടി ഉയർന്ന തുകയ്ക്ക് സ്വകാര്യ ഫെസിലിറ്റേഷൻ സെന്ററുകളെ ഏൽപ്പിക്കുന്നതോ പ്രസ്തുത ജോലികൾ ഐ.ടി. സെല്ലിനെ ഏൽപ്പിക്കുന്നതോ ടി.ഡി.എസ്. അപ്‌ലോഡിംഗ് ട്രഷറി വകുപ്പിനെ ഏൽപ്പിക്കുന്നതോ കരണീയമല്ല. മാത്രമല്ല ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി 7-9-2015-ലെ സ.ഉ.(പി).നമ്പർ 391/2015/ ധന. പ്രകാരം ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ടി.ഡി.എസ്. അപ്‌ലോഡിംഗ് ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ട്രഷറിയിൽ നിന്ന് അതാത് ഓഫീസ് ഡി.ഡി.ഒ.-മാർക്കായി പുനർവിഭജിച്ച് നൽകിയിട്ടുള്ളതാണ്. ജീവനക്കാർ ടി.ഡി.എസ്. അപ്‌ലോഡ് ചെയ്യേണ്ടതില്ല. കൂടാതെ ടി.ഡി.എസ്. ഫയൽ ചെയ്യുന്നതിന് പരിശീലനം ആവശ്യപ്പെടുന്ന ഡി.ഡി.ഒ.മാർക്ക് ധനകാര്യവകുപ്പിന്റെ കീഴിലുള്ള ധനകാര്യ മാനേജ്മെന്റ് പരിശീലന കേന്ദ്രത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി പരിശീലനം നൽകിവരുന്നുണ്ട്.

ശ്രീ. സി. കെ. നാണു : സർ, വിവിധ വകുപ്പുകൾ പുറത്തുള്ള ഏജൻസികൾക്ക് പണം കൊടുത്താണ് ആദായ നികുതി അപ്‌ലോഡ് ചെയ്യുന്നത്. ഇപ്പോൾ പണം ചെലവഴിച്ച് പ്രത്യേകം ആളുകളെയോ ഏജൻസികളെയോ അറേഞ്ച് ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ട ഒരവസ്ഥ വന്നിട്ടുണ്ട്. ഈ അവസ്ഥയ്ക്ക് സംസ്ഥാന ഗവൺമെന്റിന് പരിഹാരം കാണാൻ സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, Central Domain-ൽ വരുന്നതാണ് ഇൻകംടാക്സ്. അതുകൊണ്ടുതന്നെ ഇൻകംടാക്സ് പിരിക്കുന്നതിനുള്ള നടപടികളും അതിനുള്ള ഏജൻസികളെ നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരിന് അതിലൊന്നും ചെയ്യാൻ കഴിയില്ല. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇൻകംടാക്സ് മാസാമാസം ട്രഷറിയിലോ ബാങ്കുകളിലോ അടയ്ക്കാം. എന്നാൽ മൂന്നുമാസം കൂടുമ്പോൾ എത്ര അടച്ചുവെന്നുള്ളത് അപ്‌ലോഡ് ചെയ്യുന്നതിന് അതിനുള്ള സോഫ്റ്റ്‌വെയറും സംവിധാനങ്ങളും വേണം. അതിപ്പോൾ ട്രഷറിയിലില്ല. ട്രഷറി ഒരു അക്രെഡിറ്റഡ് ഏജൻസിയുമല്ല. അതുകൊണ്ട് കേന്ദ്രസർക്കാരിന്റെ ആദായ നികുതി വകുപ്പ് നിശ്ചയിച്ചിട്ടുള്ള 'ടിൻ ഫെസിലിറ്റേഷൻ സെന്ററുകൾ' വഴിയാണ് ഈ മൂന്നുമാസത്തെ തുക അപ്‌ലോഡ് ചെയ്യുന്നത്. അപ്‌ലോഡ് ചെയ്യാനുള്ള സംവിധാനം മാത്രമേ ഇപ്പോൾ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ളൂ. ചില ബാങ്കുകൾ ഈ സംവിധാനം സ്വയം നടത്തിവരുന്നുണ്ട്. അത്തരം ഒരു സംവിധാനം ട്രഷറിയിൽ ഇപ്പോഴില്ല. ട്രഷറി ആദായ നികുതി വകുപ്പിന്റെ അക്രെഡിറ്റഡ് ഏജൻസിയുമല്ല.

ശ്രീ. സി. കെ. നാണു : സർ, ഇതിന്റെ ഫലമായി ഉദ്യോഗസ്ഥർക്ക് കാശ് കൂടുതൽ കൊടുക്കേണ്ടി വരില്ലേ? ഇതൊക്കെ പരിശോധിച്ച് കണക്ക് പ്രിപ്പയർ ചെയ്യാൻ സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തുമ്പോൾ കഴിഞ്ഞകാലങ്ങളിൽനിന്നും വ്യത്യസ്തമായി അവർക്ക് നഷ്ടമുണ്ടാകുന്നു. ഓരോ മേഖലയിലും കഴിഞ്ഞകാലത്ത് ഉണ്ടായിരുന്ന രീതിയൊക്കെ മാറ്റി കുത്തക മേഖലയിലേക്ക് പോകുന്ന സാഹചര്യമാണുള്ളത്. ഇത്തരമൊരു സാഹചര്യം വരുമ്പോൾ അത് സമർപ്പിക്കുന്ന ഉദ്യോഗസ്ഥർക്ക് ഒരു സംശയമുണ്ടാകും. അത് പരിഹരിക്കാനുള്ള ബാധ്യത സർക്കാരിനില്ലേ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, തീർച്ചയായും അത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കപ്പെടേണ്ടതാണ്. അങ്ങനെയൊരു പരാതി ഇതുവരെ ലഭിച്ചിട്ടില്ല. മാത്രമല്ല, ഇവിടെ കൃത്യമായ കണക്കനുസരിച്ച് 100 റിക്കോർഡുകൾക്ക് ഏറ്റവും ചെറിയ തുകയായ 38 രൂപയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. കൂടുതൽ തുക ഈടാക്കുന്നുണ്ടെന്നുള്ള ഒരു പരാതിയും ഇതുവരെ ലഭിച്ചിട്ടില്ല. പരാതി ലഭിക്കുക യാണെങ്കിൽ അത്തരം കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ട്രഷറിയിൽ ഒരാൾ ചെയ്തിരുന്നത് ഇപ്പോൾ അൻപതോ അറുപതോ ഓഫീസുകളിലേയ്ക്ക് കേന്ദ്രീകരിച്ചു. ചില സ്ഥലത്ത് ഒരു മാസം 150 രൂപ മുതൽ 3000 രൂപ വരെ അവർക്ക് ചെലവാകുന്നു. ഒരു ഓഫീസിൽ ഒരു വർഷം പതിനയ്യായിരമോ പതിനാറായിരമോ രൂപ വരെ ചെലവാകുന്ന അവസ്ഥയുമുണ്ട്. ഇത് ജീവനക്കാരുടെയിടയിൽ വിഷമം ഉണ്ടാക്കുന്നുണ്ട്. ഇതെങ്ങനെയാണ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നത്? ഏതെങ്കിലും തരത്തിൽ ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ നേരത്തെ സൂചിപ്പിച്ചത് ഇതു തന്നെയാണ്. ട്രഷറിയിൽ ഇപ്പോൾ നമുക്ക് ചെയ്യാൻ കഴിയില്ല. അതിന്റെ കാരണം കേന്ദ്ര സർക്കാരിന്റെ ആദായ നികുതി വകുപ്പ് മൂന്നുമാസത്തെ തുക അപ്‌ലോഡ് ചെയ്യുന്ന ഏജൻസിയായി ട്രഷറിയെ അപ്രൂവ് ചെയ്തിട്ടില്ല. അതിനാവശ്യമായ സോഫ്റ്റ്‌വെയറുകളും ട്രഷറിയിലില്ല; അതിനുള്ള ഉദ്യോഗസ്ഥ സംവിധാനവുമില്ല. അതുകൊണ്ടാണ് ഇത്തരത്തിലുള്ള ഏജൻസികളെ സമീപിക്കേണ്ടിവരുന്നത്. ഇത്തരം ഏജൻസികളെ കേന്ദ്രസർക്കാർ തന്നെ നിശ്ചയിച്ച് അപ്‌ലോഡിംഗ് ഫെസിലിറ്റി നൽകിയിട്ടുള്ളതാണ്. അത്തരത്തിലുള്ള എന്തെങ്കിലും പ്രശ്നം വരികയാണെങ്കിൽ ഇതിനുള്ള ബുദ്ധിമുട്ട് കേന്ദ്രസർക്കാരിനെ അറിയിക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നതാണ്. നാഷണലൈസ്ഡ് ബാങ്കുകൾ ഒഴികെ എച്ച്.ഡി.എഫ്.സി., ഐ.സി.ഐ.സി.ഐ. എന്നീ രണ്ടു ബാങ്കുകളെ ചുമതല ഏല്പിച്ചിട്ടുണ്ട്.

ശ്രീ. കെ. ദാസൻ: സർ, ആദായ നികുതിയുടെ വിശദാംശങ്ങൾ യഥാസമയം അപ്‌ലോഡ് ചെയ്യുന്നതിന് ഇടനിലക്കാരെ ഒഴിവാക്കാൻ എല്ലാ എസ്.ഡി.ഡി.ഒ.-മാർക്കും അവരുടെ കീഴിൽ പ്രവർത്തിക്കുന്ന സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നല്കാൻ പദ്ധതി തയ്യാറാക്കുമോ; ഹയർ സെക്കണ്ടറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഇല്ലാത്തതിനാൽ എസ്.ഡി.ഡി.ഒ. ആയി പ്രിൻസിപ്പലിന് പുറമെ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകരെക്കൂടി അത്തരത്തിലുള്ള പരിശീലനത്തിൽ പരിഗണിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ധനകാര്യ വകുപ്പ് ആവശ്യമുള്ളവർക്ക് പരിശീലനം നല്കുന്നുണ്ടെന്ന് ഞാൻ ഉത്തരത്തിൽ സൂചിപ്പിച്ചു. പെൻഷൻ പറ്റിയവർക്കായാലും ഉദ്യോഗസ്ഥർക്കായാലും ട്രഷറിയിൽ ടാക്സ് അടയ്ക്കാം. അങ്ങനെ മൂന്നുമാസം ടാക്സ് അടച്ചത് കേന്ദ്രസർക്കാരിന്റെ ആദായ നികുതി വകുപ്പിന് അറിയാൻ കഴിയണം. മൊത്തം ജി.ഡി.പി. കണക്കാക്കുമ്പോൾ Quarterly GDP Growth Rate-ഉം Half yearly GDP Growth Rate-മൊക്കെ അറിയുന്നതിനുവേണ്ടിയാണ് ക്വാർട്ടർലിയായി പണം അടച്ചതിന്റെ കണക്ക് അപ്‌ലോഡ് ചെയ്യുന്നത്. അത്തരത്തിൽ അപ്‌ലോഡ്

ചെയ്യാനുള്ള ഫെസിലിറ്റിയുള്ളിടത്ത് മാത്രമേ അപ്‌ലോഡ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇന്ന് ആ ഫെസിലിറ്റിയുള്ളത് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ടിൻ ഫെസിലിറ്റേഷൻ സെന്ററുകളിൽ മാത്രമാണ്. ആ സൗകര്യങ്ങൾ ഇപ്പോൾ ചില നാഷണലൈസ്ഡ് ബാങ്കുകൾ സ്വീകരിച്ച് അതിന് പ്രത്യേകം അനുവാദം വാങ്ങി അവർതന്നെ ചെയ്യുന്നുണ്ട്. വാർഷികമായി കൊടുക്കേണ്ട റിട്ടേൺ വ്യക്തികൾ തന്നെ കൊടുക്കണം. വ്യക്തികൾ കൊടുക്കുന്ന കാര്യത്തിലോ അല്ലെങ്കിൽ വ്യക്തികൾ ഇൻകംടാക്സ് അടയ്ക്കുന്ന കാര്യത്തിലോ പണം പിടിച്ച് അടയ്ക്കുന്ന ഡിസ്ബേഴ്സിംഗ് ഓഫീസർക്കോ എന്തെങ്കിലും സംശയ മുണ്ടെങ്കിൽ അത് തീർക്കുന്നതിന് ധനകാര്യ വകുപ്പ് നടപടിയെടുക്കുന്നതാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സംസ്ഥാനത്ത് സർക്കാർ ജീവനക്കാരും അദ്ധ്യാപകരും 'സ്പാർക്ക്' വഴിയാണ് ശമ്പളം എടുക്കുന്നത്. അതുപോലെ ആദായ നികുതിയുടെ വിശദാംശങ്ങൾ അപ് ലോഡ് ചെയ്യുന്നതിനുവേണ്ടി ഫ്രീ സോഫ്റ്റ്‌വെയർ ഏർപ്പാടാക്കി ജീവനക്കാർക്ക് പരിശീലനം നല്കി ഇത് ഉപയോഗപ്പെടുത്താൻ സാധിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, തീർച്ചയായും. അത്തരം സൗകര്യങ്ങളെല്ലാം ഉപയോഗപ്പെടുത്താം. കൂടുതൽ സോഫ്റ്റ്‌വെയറും പുതിയ സംവിധാനവുമൊക്കെ ഉപയോഗിച്ച് ഇൻകംടാക്സ് അടയ്ക്കുന്ന കാര്യത്തിൽ പുതിയ സംവിധാനമുണ്ടാക്കാം. മൂന്നുമാസം അടച്ച തുക എത്രയാണെന്ന് കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിനാണ് ഒരു 'ടിൻ ഫെസിലിറ്റേഷൻ സെന്റർ' കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ മൂന്നുമാസം കൂടുമ്പോൾ അടച്ച തുക എത്രയെന്ന് അപ്‌ലോഡ് ചെയ്യുന്നത് കേന്ദ്ര സർക്കാരിന് വിവിധ ഭാഗങ്ങളിൽ നിന്ന് എത്ര പണം വന്നുവെന്ന് അറിയാൻ വേണ്ടിയാണ്. ഇപ്പോൾ ക്വാർട്ടർലി റിട്ടേൺ സമർപ്പിക്കുന്നതിനുള്ള സംവിധാനമുള്ളത് ഈ ഫെസിലിറ്റേഷൻ സെന്ററുകളിൽ മാത്രമാണ്. അതിന്റെ പരിശീലനം അവിടെ കൊടുത്താലും നമുക്ക് നേരിട്ട് ഒന്നും ചെയ്യാൻ കഴിയില്ല. അതിനുള്ള സോഫ്റ്റ്‌വെയർ നമ്മുടെ ട്രഷറികളിലില്ല. മറ്റൊരിടത്തും മൂന്നുമാസം കൂടുമ്പോൾ റിട്ടേൺ സമർപ്പിക്കു ന്നതിനുള്ള സൗകര്യങ്ങളില്ല. വാർഷിക റിട്ടേൺ സമർപ്പിക്കുന്നത് വ്യക്തികൾ തന്നെയാണ്. അതിന് പരിശീലനം കൊടുക്കാൻ കഴിയും. ഉദ്യോഗസ്ഥർക്ക് ടാക്സ് അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംശയമുണ്ടെങ്കിൽ അതിനും പരിശീലനം കൊടുക്കാൻ കഴിയും.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u> : സർ, ടി.ഡി.എസ്. ഫയൽ ചെയ്യുന്നതിന് അമിത ഫീസ് ഈടാക്കുന്നത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, അത്തരത്തിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. എത്ര ഫീസ് അടയ്ക്കണമെന്നുള്ളത് ഞാൻ നേരത്തെ ഉത്തരത്തിൽ വായിച്ചതാണ്. ഇത്ര ഫീസേ അടയ്ക്കേണ്ടതുള്ളൂവെന്ന് സർക്കാർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടുതൽ ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട പരാതിയൊന്നും ലഭിച്ചിട്ടില്ല. ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, ഇന്ത്യയിൽ സ്വാശ്രയ സ്ഥാപനങ്ങളും മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങൾ മുഴുവൻ ചാരിറ്റി ആക്ടോ ട്രസ്റ്റ് ആക്ടോ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇന്ന് ഒരു കോ-ഓപ്പറേറ്റീവ് സ്ഥാപനം നടത്തുന്നതിനേക്കാൾ കൂടുതൽ ബിസിനസ്സ് ടേൺ ഓവറുള്ള സ്ഥാപനങ്ങളാണ് ഇവയൊക്കെ. ഇത്തരം സ്ഥാപനങ്ങളും ട്രസ്റ്റികളും ആദായ നികുതി അടയ്ക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ലെങ്കിലും മറുപടി പറയാം. സ്വാശ്രയ കോളേജുകൾ മാത്രമല്ല, മറ്റേത് സ്ഥാപനങ്ങളായാലും സർക്കാരിന് അടയ്ക്കേണ്ടതായ നികുതി അടയ്ക്കാത്തത് സംബന്ധിച്ച പരാതി ലഭിക്കുകയാണെങ്കിൽ സർക്കാർ അത് പരിശോധിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇൻകം ടാക്സ് ഡീറ്റെയിൽസ് അപ്‌ലോഡ് ചെയ്യുമ്പോൾ പുറത്തുള്ള ഏജൻസികൾ നികുതിദായകരെ ചൂഷണം ചെയ്യുന്നുവെന്നതാണ് പ്രധാനപ്പെട്ട വിഷയം. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ഓരോ ഡിപ്പാർട്ടുമെന്റിൽ നിന്നും ഓരോ ജീവനക്കാരെ വീതം തെരഞ്ഞെടുത്തുകൊണ്ട് ഗവൺമെന്റിന് ഇതിനൊരു പരിശീലനം നൽകാൻ കഴിയില്ലേ; അങ്ങനെ പരിശീലനം നൽകിയാൽ ചൂഷണത്തിൽ നിന്നും മുക്തി നേടാൻ സാധിക്കില്ലേ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കഴിയില്ലെന്ന് ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. അതായത് മൂന്നു മാസത്തെ പണമടച്ച് റിട്ടേൺ സമർപ്പിക്കണമെങ്കിൽ അതിന് പ്രത്യേക സോഫ്റ്റ്‌വെയറും സംവിധാനവും വേണം. ടിൻ ഫെസിലിറ്റേഷൻ സെന്ററുകളിൽ മാത്രമേ അത്തരത്തിലുള്ള സംവിധാനം കേന്ദ്ര സർക്കാർ ഒരുക്കിയിട്ടുള്ളൂ. ട്രഷറിയിൽ അത് ചെയ്യാനുള്ള സംവിധാനം അനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാർ ഇത് അപ്‌ലോഡ് ചെയ്യാനുള്ള അക്രെഡിറ്റഡ് ഏജൻസിയായി ട്രഷറിയെ തീരുമാനിച്ചിട്ടില്ല. അതുകൊണ്ട് ട്രഷറിയിൽ ഇത് അടയ്ക്കുന്നതിനുള്ള പരിശീലനം ഒരു ഉദ്യോഗസ്ഥന് കൊടുത്താലും അടയ്ക്കാനുള്ള സംവിധാനം ട്രഷറിയിൽ ഇല്ല. ടിൻ ഫെസിലിറ്റേഷൻ സെന്ററിലുള്ള സൗകര്യങ്ങൾ മറ്റു സ്ഥലങ്ങളിലേക്ക് കൊടുക്കണമോയെന്ന് തീരുമാനിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ചില നാഷണലൈസ്ഡ് ബാങ്കുകൾ പ്രത്യേക അനുവാദം വാങ്ങി ഈ സോഫ്റ്റ്‌വെയർ ഉണ്ടാക്കി അവർ തന്നെ അപ്‌ലോഡ് ചെയ്യുന്നുണ്ട്.

## കിൻഫ്രയുടെ പ്രവർത്തനം

2 (*332) ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്രയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യവസായ സൗഹൃദ അന്തരീക്ഷം വളർത്തുന്നതിൽ കിൻഫ്ര വഹിച്ചിട്ടുള്ള പങ്ക് വിശദമാക്കുമോ;

(ബി) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇതിനായി എത്ര കോടി രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു;

(സി) ഡിഫൻസ് പാർക്കിന് കേന്ദ്ര സഹായം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഗ്ലോബൽ ആയുർവ്വേദ വില്ലേജിന് കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) ഉണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ നിക്ഷേപം ആകർഷിക്കുക എന്നുള്ളതാണ് കിൻഫ്രയുടെ പ്രഖ്യാപിത ലക്ഷ്യം. അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംരംഭകർക്ക് അവരുടെ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിൽ കിൻഫ്ര നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്.

(ബി) ഉദ്ദേശമുണ്ട്. പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം
2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
5. ഫുട് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്
6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
7. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ
8. വ്യവസായ പാർക്ക്, മട്ടന്നൂർ

പ്രസ്തുത പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 6630 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

(സി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായമായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഗ്ലോബൽ ആയുർവ്വേദ വില്ലേജ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുപ്രകാരം ഇതിന്റെ മുതൽമുടക്ക് സ്വകാര്യ സംരംഭകരുടേതാണ്. ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുക എന്നതാണ് കിൻഫ്രയുടെ പങ്ക്. വ്യവസായ സംരംഭകർക്ക് കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, കിൻഫ്രയുടെ കീഴിലുള്ള പല വ്യവസായ സ്ഥാപനങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം അടച്ചുപൂട്ടുന്നുണ്ട്. യാത്രാ സൗകര്യങ്ങൾ, റോഡിന്റെ അഭാവം ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് കഴിഞ്ഞ ബഡ്ജറ്റിൽ കിൻഫ്രയുടെ വികസനത്തിനുവേണ്ടി 101 കോടി രൂപ ഗവൺമെന്റ് മാറ്റി വച്ചിട്ടുണ്ട്. ഇതുപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിന് ഗവൺമെന്റ് മുൻഗണന നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കിൻഫ്ര ഒരുക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ നമ്മുടെ നാടിന്റെ വികസനത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. അതുകൊണ്ട് എന്തെങ്കിലും തരത്തിലുള്ള കുറവുകളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ, പ്രത്യേകിച്ച് അതിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന സർക്കാർ നൽകും.

ശ്രീ. കെ. മുരളീധരൻ: സർ, ഗ്ലോബൽ ആയുർവ്വേദ വില്ലേജിന് കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായം പ്രതീക്ഷിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. 10 ഏക്കർ സ്ഥലം സംസ്ഥാന ഗവൺമെന്റ് നൽകിയാൽ കേന്ദ്ര

സഹായം നൽകാമെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാനും ആരോഗ്യ വകുപ്പുമന്ത്രിയും പങ്കെടുത്ത ഒരു ചടങ്ങിൽ അന്നത്തെ കേന്ദ്ര ആയുഷ് വകുപ്പുമന്ത്രി ശ്രീ. ശ്രീപത് നായിക് പറഞ്ഞിരുന്നു. ഗവൺമെന്റ് സ്ഥലവും ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ ഇതുവരെയും കേന്ദ്ര ഗവൺമെന്റ് അനുകൂലമായ ഒരു നിലപാട് എടുത്തിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തി കേന്ദ്ര സഹായം നേടിയെടുക്കാൻ സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ ഇതിൽ ചെറിയൊരു വ്യത്യാസം വന്നിട്ടുണ്ട്. സ്വകാര്യ സംരംഭകർക്കായി ഒരു സംവിധാനം ഒരുക്കലാണ് നേരത്തെ ഉദ്ദേശിച്ചത്. എന്നാൽ ഇപ്പോൾ ആയുർവ്വേദ മേഖലയുടെ ഗവേഷണത്തിനും വികസനത്തിനും ഉതകുന്നവിധത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ആരോഗ്യവകുപ്പ് മുൻകയ്യെടുത്തുകൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാരുമായി അക്കാര്യം ചർച്ച ചെയ്തപ്പോൾ അതിന് ആവശ്യമായ സഹായം നൽകാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അതിനാണ് സർക്കാർ ഇപ്പോൾ മുൻഗണന നൽകുന്നത്.

ശ്രീ. വി. പി. സജീന്ദ്രനുവേണ്ടി ശ്രീ. ഷാഫി പറമ്പിൽ: സർ, ഓൺ ഫണ്ട് വളരെ കുറവുള്ള പഞ്ചായത്തുകളുണ്ട്. അവിടെ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ സാധിക്കാത്ത സാഹചര്യത്തിൽ ചെറിയ വിലയ്ക്ക് കിട്ടാവുന്ന മിനി പാർക്കുകൾ ഏറ്റെടുത്ത് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമോ: അങ്ങനെ വന്നാൽ റിമോട്ട് ഏരിയയിൽ ചെറിയ ചെറിയ സ്ഥാപനങ്ങൾ കൊണ്ടുവരാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. പഞ്ചായത്തുകൾക്ക് അത് വരുമാന വുമായിരിക്കും. കഞ്ചിക്കോട്-ഒറ്റപ്പാലം പോലുള്ള വലിയ പാർക്കുകളല്ലാതെ പഞ്ചായത്ത് പ്രദേശങ്ങളിൽ ചെറിയ സ്ഥലങ്ങൾ ചെറിയ വിലയ്ക്ക് കിൻഫ്രയ്ക്കുവേണ്ടി ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത്തരം ഒരു പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് അവിടെ വരാനിടയുള്ള സ്ഥാപനങ്ങളുമായി ആലോചിക്കേണ്ട വിഷയമാണ്. അങ്ങനെയൊരു സാധ്യതയുണ്ടെങ്കിൽ അതിന് തടസ്സം നിൽക്കുന്ന സമീപനം സർക്കാർ സ്വീകരിക്കുകയില്ല.

ശ്രീ. വി. ടി. ബൽറാമിനുവേണ്ടി ശ്രീ. അടൂർ പ്രകാശ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുതിയ കിൻഫ്ര പാർക്ക് സ്ഥാപിക്കാൻ വേണ്ടി സ്ഥല പരിശോധന നടത്തി ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. അത്തരം റിപ്പോർട്ടുകൾ ലഭിച്ച സ്ഥലങ്ങൾ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് പുതിയ കിൻഫ്ര പാർക്കുകൾ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പാർക്കുകൾ ഇനിയും വേണ്ടതായി വരും. അത് നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നമാണ്. പഴയതും പുതിയതുമായിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടു തന്നെയാണ് പുതിയ പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക. അത് ഒരു ഘട്ടത്തിലും വേണ്ടായെന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുകയില്ല.

ശ്രീ. ഒ. രാജഗോപാൽ: സർ, ആയുഷിന്റെ സഹായത്തോടുകൂടി ഒരു ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ കേന്ദ്ര സർക്കാർ സഹായിക്കാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അതിന് ഏതെങ്കിലും സ്ഥലം സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. പിണറായി വിജയൻ: സർ, ആ സ്ഥലം കണ്ടെത്തേണ്ടത് ആരോഗ്യ വകുപ്പാണ്. ആരോഗ്യവകുപ്പ് എത്രയും വേഗം അതിനുവേണ്ട സ്ഥലം കണ്ടെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുവരെ ഒരു സ്ഥലവും നിർദ്ദേശിച്ചിട്ടില്ല.

ശ്രീ. സി. ദിവാകരൻ : സർ, കിൻഫ്ര പാർക്കെന്ന സങ്കല്പം ഭാവനാപൂർണ്ണമായ, വ്യവസായമേഖലയ്ക്കുവേണ്ടി ആവിഷ്കരിച്ച ഒന്നാണ്. അതിനുമുമ്പ് പ്രാകൃതമായ ഒരു സംവിധാനം കേരളത്തിലുണ്ടായിരുന്നതാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ. സംരംഭകരെ ആകർഷിക്കുക, വ്യവസായം തുടങ്ങുക, ലോൺ ലഭ്യമാക്കുക, അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തുക തുടങ്ങിയവയാണ് കിൻഫ്ര പാർക്ക് ചെയ്യുന്നത്. കേരളത്തിലെ വ്യവസായ മേഖലയിൽ മാനുഫാക്ച്ചറിംഗ് സെക്ടർ നാമാവശേഷമാവുകയാണ്. കിൻഫ്ര പാർക്കിൽ സർവ്വീസ് മേഖലയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്, അവിടെ മാനുഫാക്ച്ചറിംഗ് യൂണിറ്റ് തുടങ്ങാനാവശ്യമായ സൗകര്യമേർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, മാനുഫാക്ച്ചറിംഗ് യൂണിറ്റിനുവേണ്ടിയും കിൻഫ്രയ്ക്ക് സ്ഥലം ഏറ്റെടുത്ത് കൊടുക്കാവുന്നതാണ്. അതിന് പ്രത്യേക തടസ്സങ്ങളൊന്നും ഇപ്പോഴില്ല. അക്കാര്യവും ഇക്കൂട്ടത്തിൽ ചെയ്യാവുന്നതേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കിൻഫ്ര പാർക്കിൽ വിവിധ സ്ഥാപനങ്ങൾ ഒരേ സ്ഥലത്ത് വരികയാണ്. ഫുഡ് മാനുഫാക്ച്ചറിംഗും കെമിക്കൽ നിർമ്മിക്കുന്ന പുതിയ ഫാക്ടറികളും മറ്റ് വ്യവസായങ്ങളും ഒരുമിച്ച് ഒരേ സ്ഥലത്ത് വരുന്നത് സ്വാഭാവികമായും അപകടകരമാകും. ആയതിനാൽ ഒരു പാർക്ക് ഒരു സ്പെഷ്യലൈസേഷനുവേണ്ടി മാത്രം ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുമോ; സമാനരീതിയിലുള്ള സ്ഥാപനങ്ങൾ മറ്റ് സ്പെഷ്യലൈസ്ഡ് ഏരിയയിലേയ്ക്ക് മാറ്റുക. ചെറിയ തുക കൊടുത്ത് വാങ്ങുന്ന സ്ഥലത്ത് ഇന്റേണലായ വികസനങ്ങൾ നടത്തി,

അകത്ത് റോഡുകളെല്ലാം തയ്യാറാക്കി കൊടുക്കുമ്പോൾ നൂറും ഇരുന്നൂറും ശതമാനം വർദ്ധനവിലാണ് ഈ സ്ഥലം കൊടുക്കുന്നത്. അതുകൊണ്ടുതന്നെ സാധാരണക്കാരായ ആളുകൾക്ക് ഇവിടെ വന്നുചേരാൻ സാധിക്കില്ല. ഈ രണ്ടുകാര്യങ്ങളെക്കുറിച്ചും ഗവൺമെന്റ് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, കിൻഫ്രയുടെ പാർക്കുകൾ സ്ഥാപിക്കുമ്പോൾ അതിന് പ്രത്യേക സ്പെഷ്യലൈസേഷൻ ഉണ്ടായിരുന്നില്ലെന്നത് ശരിയാണ്. അങ്ങ് ചൂണ്ടിക്കാണിച്ച പോലുള്ള ഗൗരവകരമായ സംഭവങ്ങൾ ചിലയിടങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്. പൊട്ടാസ്യം സൈനൈഡ് ഉപയോഗിച്ച് പ്രവർത്തനം നടത്തുന്ന സ്ഥലത്തിനടുത്ത് ഒരു ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുമുണ്ടെങ്കിൽ സ്വാഭാവികമായും ആശങ്കയുണ്ടാകും. എത്ര ശുദ്ധീകരിക്കുന്നുവെന്ന് പറഞ്ഞാലും ആളുകളിൽ ആശങ്കയുണ്ടാകും. ഇനി സ്പെഷ്യലൈസേഷനിലേക്ക് പോകാവുന്നതാണ്. നേരത്തെ സ്പെഷ്യലൈസേഷൻ ഇല്ലാതിരുന്നതിനെ കുറ്റം പറയാൻ സാധിക്കില്ല. വ്യവസായ പാർക്കുകൾ ഇപ്പോൾ വികസിച്ചുവരുന്നതായിട്ടാണ് കാണുന്നത്. സ്പെഷ്യലൈസേഷന്റെ കാര്യവും ആലോചിക്കാവുന്നതാണ്. അങ്ങ് പറഞ്ഞ രണ്ടാമത്തെ കാര്യം ഓരോ മുതൽമുടക്കുകാരും ലാഭം ഉദ്ദേശിക്കുന്നുണ്ടാവും. എന്നാൽ ഇതൊരു പൊതുകാര്യമായതുകൊണ്ട് കിൻഫ്രയ്ക്ക് അമിതമായ ലാഭം വേണ്ട. അതിന് യോജിക്കുന്ന സമീപനം സ്വീകരിക്കാം.

ശ്രീ. വി. ജോയി : സർ, ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ ഭാഗമായി വർക്കല നിയമസഭാ മണ്ഡലത്തിലെ അയിരൂർ എന്ന സ്ഥലത്ത് 65 ഏക്കർ ഭൂമി കഴിഞ്ഞ നാല് വർഷമായി ഫ്രീസ് ചെയ്ത് വച്ചിരിക്കുകയാണ്. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുവേണ്ടി സമയബന്ധിതമായി ആ ഭൂമി ഏറ്റെടുക്കലും, അതുമായി ബന്ധപ്പെട്ട ഡി.എൽ.പി.സി. മീറ്റിംഗും ചേരുന്നില്ല. ഇക്കാര്യത്തിൽ അടിയന്തരമായി അങ്ങ് ഇടപെടുമോ?

ശ്രീ. പിണറായി വിജയൻ : സർ, പുതിയ ആയുർവേദ വില്ലേജിന്റെ കാര്യം ആരോഗ്യ വകുപ്പ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, ലോക മാർക്കറ്റിംഗിൽ ഏറ്റവും പ്രശസ്തമാണ് കണ്ണൂർ കൈത്തറി. കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്, കൈത്തറി പാർക്ക് എന്നിവയുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിട്ട് വർഷങ്ങളോളമായി. ഇതുവരെ ആരും occupy ചെയ്യുന്നില്ല. കണ്ണൂർ കൈത്തറിക്ക് ലോക മാർക്കറ്റിലുള്ള സ്ഥാനം കണക്കിലെടുത്ത് ഉപയോഗശൂന്യമായി കിടക്കുന്ന നാടുകാണിയിലെ അപ്പാരൽ പാർക്കും, കിൻഫ്ര പാർക്കും പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : കൈത്തറി മേഖലയ്ക്ക് പ്രശസ്തിയുള്ള കേരളത്തിലെ രണ്ടു-മൂന്ന് സ്ഥലങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സ്ഥലം തന്നെയാണ് നാട്ടുകാണി. കണ്ണൂർ കേന്ദ്രീകരിച്ചുള്ള കൈത്തറി രംഗം കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ടായിരുന്നു. ഇപ്പോൾ പറഞ്ഞ കെട്ടിടത്തിന്റെ പ്രശ്നം പരിശോധിച്ച് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണി: സർ, ഒറ്റപ്പാലം ഡിഫൻസ് പാർക്കിൽ എത്ര വ്യവസായ സ്ഥാപനങ്ങൾക്ക് സ്ഥലമനുവദിച്ചിട്ടുണ്ട്; പ്രസ്തുത വ്യവസായ പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ : സർ, ഇക്കാര്യം ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു. പാലക്കാടുള്ള ഒറ്റപ്പാലം ഡിഫൻസ് പാർക്കിനെ നേരത്തെ ചൂണ്ടിക്കാണിച്ച എട്ടിനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി തന്നെയാണ് കാണക്കാക്കിയിട്ടുള്ളത്. അത് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് തുടർന്നുവരികയുമാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, വ്യവസായങ്ങൾ വളർന്നുവരുന്നതിന് പ്രധാനപ്പെട്ട ഒരു ഘടകം ഗവേഷണമാണ്. കേരളത്തിന്റെ പൊതു സാമ്പത്തിക ഘടന നോക്കുമ്പോൾ, ഗവേഷണത്തിലുള്ള കുറവുമൂലമാണ് കേരളത്തിന്റെ തനതായ വ്യവസായങ്ങൾക്കൊന്നും മുന്നോട്ടുപോകാൻ സാധിക്കാത്തത്. കിൻഫ്ര പാർക്കിൽ ആയുർവേദ വില്ലേജുണ്ട്, ഫുഡ് പാർക്ക്, ഫുഡ്‌വെയർ ക്ലസ്റ്റർ തുടങ്ങിയവയൊക്കെ വിഭാവനം ചെയ്യുമ്പോൾ അതിനോടനുബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ഗവേഷണത്തിനുള്ള അടിത്തറ പാകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. അത് ഇത്തരം പാർക്കുകളുമായി ബന്ധപ്പെട്ട് വരുന്ന ഒരു പ്രശ്നമല്ല. നമ്മുടെ മികച്ച വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ഗവേഷണങ്ങൾ കൂടി നടത്തത്തക്കരീതിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടുത്തുണ്ടാവണം, അത് നല്ല രീതിയിൽ മെച്ചപ്പെടുത്തിക്കൊണ്ടുപോകാൻ കഴിയണം, അത്തരം കാര്യങ്ങൾ നമുക്ക് ആലോചിച്ച് തുടങ്ങേണ്ടതായിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കിൻഫ്രയുടെ കീഴിൽ തുടങ്ങിയിട്ടുള്ള വ്യവസായ പാർക്കുകളിലെ വ്യവസായങ്ങൾ ലാഭകരമായാണോ നടന്നുവരുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, അതിൽ വലിയ നഷ്ടമില്ലായെന്നാണ് തോന്നുന്നത്. കൃത്യമായ കണക്കുകൾ ഇപ്പോൾ എന്റെ കൈവശമില്ല. പരിശോധിച്ച് പറയാം.

മി. സ്പീക്കർ: ചോദ്യം നമ്പർ 333-ഉം 355-ഉം ക്ലബ്ബ് ചെയ്യാനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. അത് അംഗീകരിക്കുന്നു.

## വിനോദസഞ്ചാര മേഖലയുടെ വികസനം

3 (*333) ശ്രീ. പി. ടി. തോമസ്:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിവരിക്കുമോ ;

(സി) സംസ്ഥാനത്തിന്റെ പ്രകൃതി സംരക്ഷണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള കാര്യങ്ങൾ ടൂറിസ വികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഉൾപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ & ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് വിവിധ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്. പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം, കാര്യക്ഷമതയുള്ള പ്രചാരണ പരിപാടികൾ, നൂതന വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പദ്ധതികൾ ആവിഷ്കരിക്കൽ, ടൂറിസം രംഗത്ത് മികവുറ്റ മാനവശേഷി വികസനം, തദ്ദേശവാസികൾക്ക് ടൂറിസത്തിന്റെ ഗുണഫലങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്വകാര്യ-പൊതുമേഖലകളിലൂടെ ടൂറിസം രംഗത്തുള്ള നിക്ഷേപം വർദ്ധിപ്പിക്കൽ എന്നിങ്ങനെ വിവിധ കർമ്മ പദ്ധതികൾ ഇതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) ടൂറിസം പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രകൃതി സംരക്ഷണത്തിന് വകുപ്പ് ഏറ്റവും പ്രാധാന്യം നൽകുന്നുണ്ട്. പ്രകൃതിയുമായി ഇണങ്ങുന്ന വാസ്തുശിൽപ്പശൈലിയും നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുന്നു. ജലസംരക്ഷണ പദ്ധതികളും സൗരോർജ്ജമടക്കമുള്ള പ്രകൃതിദത്ത ഊർജ്ജസ്രോതസ്സുകളും ഉപയോഗിക്കുന്നതിനും പ്രാധാന്യം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യവികസനം ടൂറിസം പദ്ധതിളുടെ പ്രധാന ഘടകമാണ്. ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യം, കുടിവെള്ളം, വൈദ്യുതി, മാലിന്യസംസ്കരണം, ദിശാസൂചകങ്ങൾ, ശുചിമുറി സൗകര്യങ്ങൾ എന്നിവ പദ്ധതികളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സമഗ്ര ടൂറിസം വികസന പദ്ധതി

4 (*355) ശ്രീ. വി. ജോയി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എം. സ്വരാജ്
ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'സമഗ്ര ടൂറിസം വികസന പദ്ധതി' നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ഇതിനായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഒരു തീർത്ഥാടന പൈതൃക ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസന പദ്ധതികൾക്കുള്ള നടപടികളാണ് നിലവിൽ ആവിഷ്ക്കരിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്രവികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടുകൂടിയുള്ള ടൂറിസം പദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, ആയുർവ്വേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങിയ വിവിധമേഖലകളിൽ സ്വകാര്യ നിക്ഷേപത്തിനായി സാദ്ധ്യതയുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. നൂതനമായ പ്രചരണവും വിപണനവും ഇതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചുവരുന്നു.

(ബി) ഇപ്പോൾ 977479 വിദേശ ടൂറിസ്റ്റുകളും 12465571 ആഭ്യന്തര ടൂറിസ്റ്റുകളും ഒരു വർഷത്തിൽ കേരളം സന്ദർശിക്കുന്നുണ്ട്. അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50 ശതമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഇപ്പോൾ 14 ലക്ഷം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നാണ് കണക്കാക്കപ്പെടുന്നത്. അടുത്ത അഞ്ച് വർഷം കൊണ്ട് 4 ലക്ഷത്തിലധികം തൊഴിലവസരം സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(സി) പ്രധാനപ്പെട്ട മലയോര, കായലോര, ടൂറിസം കേന്ദ്രങ്ങൾ, ബീച്ചുകൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, മറ്റ് സാദ്ധ്യതയുള്ള ടൂറിസം മേഖലകൾ, പൈതൃക-സംരക്ഷിത കേന്ദ്രങ്ങൾ, ബേക്കൽ, തലശ്ശേരി, മുസിരിസ് തുടങ്ങിയ വിവിധ കേന്ദ്രങ്ങളാണ് ഈ രീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്തെ ചില തീർത്ഥാടന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള ടൂറിസം സർക്യൂട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ ശ്രീപത്മനാഭസ്വാമിക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറന്മുള എന്നിവ ഉൾപ്പെടുന്ന കേന്ദ്രങ്ങൾ ഇപ്രകാരം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സന്ദർശകർക്കു വേണ്ട സൗകര്യങ്ങൾ നിർമ്മിക്കാനുമാണ് പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചു വരുന്ന കാര്യമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ഡൽഹിയിലെ കേരളാ ഹൗസ് മോഡലിൽ മറ്റെല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രമെന്ന നിലയിൽ കേരളത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുന്നത് ഉചിതമായിരിക്കും, എറണാകുളത്താണെങ്കിൽ നല്ലത്. പത്തോ മുപ്പതോ ഏക്കർ സ്ഥലം ഏറ്റെടുത്ത് എല്ലാ സംസ്ഥാനങ്ങൾക്കും സൗജന്യമായി ഒരേക്കറോ അരയേക്കറോ സ്ഥലം കൊടുത്ത് അവരുടെ ഒരു ഹൗസ് 'ഭാരത് ഭവൻ' എന്നോ മറ്റോ പേരിട്ട് ദേശീയോദ്ഗ്രഥനത്തിന് ഉപയോഗപ്പെടുത്തുന്ന തരത്തിൽ ഒരു കേന്ദ്രം ആരംഭിക്കുകയാണെങ്കിൽ വാർഷിക ലീവ് എടുത്ത് യാത്ര ചെയ്യുന്ന സംസ്ഥാന ജീവനക്കാരടക്കം ആയിരത്തിലധികം ടൂറിസ്റ്റുകളെ നമുക്ക് ആകർഷിക്കാൻ കഴിയും. അതോടൊപ്പം തന്നെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും ഒരു പ്രധാന കേന്ദ്രമായി നമ്മുടെ സംസ്ഥാനത്ത് ഒരു കേന്ദ്രം സ്ഥാപിക്കാനും കഴിയും. ഇങ്ങനെയൊരു കാര്യം ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പരിഗണിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ കഴിഞ്ഞ കുറച്ചുകാലങ്ങളായി വർദ്ധനവ് ഉണ്ടാകുന്നുണ്ട്. അത് പുതിയ ഡെസ്റ്റിനേഷന്റെയും ഉല്പന്നങ്ങളുടെ വിപുലീകരണത്തിന്റെയും മാർക്കറ്റിംഗ് തന്ത്രത്തിന്റെയും ഭാഗമായിട്ടാണ്.

അത്തരത്തിൽ വരുന്ന ആളുകൾക്കായി ഇങ്ങനെയൊരു കേന്ദ്രം തുടങ്ങുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല. മറ്റ് ചില സംസ്ഥാനങ്ങളിൽ ഇത്തരം സംരംഭങ്ങളുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച സാദ്ധ്യതകൾ സംബന്ധിച്ച് പരിശോധിച്ചശേഷം മാത്രമേ പറയാൻ കഴിയൂ.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഇവിടെ ആദ്യം ചോദിച്ച ചോദ്യത്തിൽ നമ്മൾ സ്ഥലം കൊടുത്താൽ കെട്ടിടം അവരുടേതായ ഭാവനയിൽ നിർമ്മിച്ചുകൊള്ളും, അത് അവർക്ക് വലിയ സൗകര്യമാകും, അങ്ങനെ അവർക്ക് കൊടുക്കാൻ കഴിയുമോ എന്നാണ് ചോദിച്ചത്. എന്റെ രണ്ടാമത്തെ ചോദ്യം കായൽ ടൂറിസത്തെക്കുറിച്ചാണ്. ഇടപ്പള്ളിത്തോടിൽ അതിപുരാതനമായ ചരക്കുഗതാഗതം ഉൾപ്പെടെ വലിയ സൗകര്യങ്ങളുണ്ടായിരുന്നു. പെരിയാറിലെ മുട്ടാറിൽ നിന്നാരംഭിച്ച് എന്റെ നിയോജക മണ്ഡലമായ തൃക്കാക്കരയിലൂടെ ചമ്പക്കര കനാലിൽ എത്തിച്ചേരുന്ന മനോഹരമായ യാത്രാസൗകര്യം പണ്ട് ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. അത് വികസിപ്പിക്കുന്നതിനായി ഞങ്ങൾ ഒരു ആലോചന നടത്തുകയും ഇടപ്പള്ളിത്തോട്ടിലൂടെ ഒരു വഞ്ചിയാത്ര നടത്തുന്നതിന് തീയതി തീരുമാനിച്ച് വച്ചിരിക്കുകയുമാണ്. ഇടപ്പള്ളിത്തോട് വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകാൻ തയ്യാറാകുമോ; അത്തരത്തിൽ കായൽ ടൂറിസവുമായി ബന്ധപ്പെട്ടുള്ള ചെറിയ യാത്രാസൗകര്യങ്ങൾ വികസിപ്പിക്കാൻ പ്രത്യേക പദ്ധതികൾക്ക് രൂപം കൊടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങയുടെ ആദ്യത്തെ ചോദ്യത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്, അത് പുതിയൊരു ആശയമാണ് എന്നാണ് മറുപടി പറഞ്ഞത്. രണ്ടാമത് അങ്ങ് പറഞ്ഞ നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന് ലഭിക്കുകയാണെങ്കിൽ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ടൂറിസം വികസന രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അടിസ്ഥാന സൗകര്യ വികസനമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറെയധികം ഫണ്ട് അതിനുവേണ്ടി നീക്കിവച്ചു. പുതിയ ബഡ്ജറ്റിൽ കിഫ്ബി വഴി നൽകുന്നതുൾപ്പെടെ 750 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നീക്കിവച്ചത് വളരെ നല്ലരീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞാൽ അത് ടൂറിസം രംഗത്ത് വലിയ സാദ്ധ്യതകളുണ്ടാക്കുന്ന ഒന്നാണ്. അത്തരമൊരു തീരുമാനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിശ്വപ്രസിദ്ധനായ സംഗീതജ്ഞൻ ഉസ്താദ് അംജദ് അലിഖാൻ ഒരു സംഗീത വിദ്യാലയം കേരളത്തിൽ ആരംഭിക്കുന്നതിന് രണ്ടേക്കർ സ്ഥലം വേണമെന്ന് അന്നത്തെ മുഖ്യമന്ത്രിയെ നേരിൽക്കണ്ട് അഭ്യർത്ഥിക്കുകയും മുഖ്യമന്ത്രിയും അന്നത്തെ സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും വളരെ അനുകൂലമായ

തീരുമാനമെടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് രണ്ടേക്കർ സ്ഥലം കണ്ടെത്തിയത്. ടൂറിസം വകുപ്പിനുകീഴിൽ വേളിയിലുള്ള രണ്ടേക്കർ സ്ഥലം അദ്ദേഹത്തിന് അനുയോജ്യമായി തോന്നിയതുകാരണം അദ്ദേഹം തന്നെയാണ് നിർദ്ദേശിച്ചത്. ആ സ്ഥലം ആവശ്യപ്പെട്ടുകഴിഞ്ഞപ്പോൾ ടൂറിസം വകുപ്പ് അതിനകത്ത് യാതൊരു രീതിയിലുള്ള പിടിവാശിയും കാണിക്കാതെ വിട്ടുകൊടുക്കുകയാണ് ചെയ്തത്. കാരണം അദ്ദേഹത്തെപ്പോലുള്ള ഒരു സംഗീതജ്ഞൻ നമ്മുടെ നാട്ടിൽ സംഗീത വിദ്യാലയം തുടങ്ങുന്നുവെന്ന് പറയുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാവുന്ന കാര്യമാണ്. അതിന്റെ നടപടിക്രമങ്ങളും പൂർത്തീകരിച്ചു. അദ്ദേഹത്തിന്റെ ട്രസ്റ്റിന് ഭൂമി കൈമാറി. പുതിയ ഗവൺമെന്റ് വന്നു. അദ്ദേഹം പുതിയ മുഖ്യമന്ത്രിയെ ഡൽഹിയിൽ ചെന്ന് കണ്ടു. മുഖ്യമന്ത്രി അദ്ദേഹത്തിന് എല്ലാ രീതിയിലുള്ള പിന്തുണയും നൽകിയെന്നാണ് പത്രവാർത്തയിലൂടെ മനസ്സിലാക്കാൻ സാധിച്ചത്. പക്ഷേ നിർഭാഗ്യമെന്നുപറയട്ടെ, അദ്ദേഹത്തിന് നൽകിയ രണ്ടേക്കർ സ്ഥലം ടൂറിസം വകുപ്പ് തിരിച്ചുപിടിച്ചു എന്നുള്ള വാർത്തയാണ് പിന്നീട് പത്രങ്ങളിൽ കാണാൻ കഴിഞ്ഞത്. ആ വാർത്ത അടിസ്ഥാനരഹിതമാണോ; അക്കാര്യത്തിൽ ഗവൺമെന്റ് എടുക്കാൻ പോകുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നുള്ളത് അങ്ങേയ്ക്ക് വിശദീകരിക്കാൻ കഴിയുമോ; ടൂറിസം വകുപ്പ് ആ സ്ഥലം തിരിച്ചു പിടിക്കുകയാണെങ്കിൽ ഒരു സംഗീതജ്ഞനോട് ചെയ്യുന്ന തെറ്റായ നടപടിയായി രിക്കുമെന്ന് ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, വിശ്വപ്രസിദ്ധനായ സാരോദ് വിദഗ്ധൻ ഉസ്താദ് അംജദ് അലിഖാന്റെ സേവനങ്ങളെ ഗവൺമെന്റ് ഏറ്റവും ബഹുമാനത്തോടു കൂടിയാണ് കാണുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സംഗീത വിദ്യാലയം ഇവിടെ വരുന്നതിന് ഗവൺമെന്റ് എതിരല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ഉത്തരവുണ്ടായിട്ടുണ്ട്. ഭൂമി അദ്ദേഹത്തിന് കൈമാറിയിട്ടില്ല. ആ ഉത്തരവ് 18-2-2016-ലാണ്. നേരത്തേ ഇവിടെ സൂചിപ്പിച്ച വേളിയിലെ രണ്ടേക്കർ ഭൂമിയാണ് അതിനുവേണ്ടി നൽകാൻ സർക്കാർ തീരുമാനിച്ചത്. ആ ഭൂമിയുടെ കൈമാറ്റം ഇതുവരെ നടന്നുകഴിഞ്ഞിട്ടില്ല. ഉസ്താദ് അംജദ് അലിഖാന്റെ ട്രസ്റ്റിൽ അദ്ദേഹവും കുടുംബാംഗങ്ങളായ അംജദ് അലിഖാൻ, അമൻ അലിഖാൻ, അയാൻ അലിഖാൻ, സുബ്ബലക്ഷ്മി ഖാൻ, ഷെയ്ഖ് പരീത് ഐ.എ.സ്., സൂര്യാ കൃഷ്ണമൂർത്തി, പി.വി. കൃഷ്ണൻനായർ എന്നിവരാണുള്ളത്. അതിൽ ഷെയ്ഖ് പരീത് ഈ ചാരിറ്റബിൾ ട്രസ്റ്റിൽ വന്നിട്ടുള്ളത് ടൂറിസം ഡയറക്ടറെന്ന ഒദ്യോഗിക പദവിയിലല്ല. വ്യക്തിപരമായ ചാരിറ്റബിൾ ട്രസ്റ്റ് എന്നാണ് അതിൽ കാണുന്നത്. എന്തായാലും ഇത്തരം ഒരു സംഗീത വിദ്യാലയം വരുന്നതിന് ഗവൺമെന്റ് എതിരല്ല. അംജദ് അലിഖാന്റെ സേവനം കേരളത്തിന് പ്രയോജനപ്പെടുത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം.

തിരുവനന്തപുരത്തെ വേളി ടൂറിസം വില്ലേജ് ഏറ്റവും കൂടുതൽ ആളുകളെ ആകർഷിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ്. ഒരുപാട് വികസന പ്രവർത്തനങ്ങൾ അവിടെ നടന്നിട്ടുണ്ട്. നാലേക്കർ സ്ഥലമാണ് ഉപയോഗിക്കാൻ കഴിയുന്നത്. ബാക്കി വെറ്റ്ലാന്റാണ്. അതിന്റെ പരിമിതികളുണ്ട്. അങ്ങനെയാണെങ്കിലും ഗവൺമെന്റ് അംജദ് അലിഖാന്റെ സ്കൂൾ വേണ്ടെന്നുള്ള നിലപാട് സ്വീകരിച്ചിട്ടില്ല. അത്തരം ഒരു വാർത്ത മാധ്യമങ്ങളിൽ വരികയുണ്ടായി എന്നുള്ളത് വസ്തുതയാണ്. അദ്ദേഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇത്തരം ഭൂമി ഇടപാടുകളുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചുള്ള പരിശോധന മന്ത്രിസഭയുടെ ഒരു ഉപസമിതി പരിശോധിക്കുന്നുണ്ട്. ഈ ആവശ്യത്തിനുവേണ്ടി തന്നെയാണോ ഇത് പ്രയോജനപ്പെടുത്തുന്നത് എന്നുള്ള കാര്യത്തിലും ഒരു വ്യക്തത ഉണ്ടാകണമെന്നും ഗവൺമെന്റ് ആഗ്രഹിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിനുവേണ്ടി അദ്ദേഹം ഗവൺമെന്റിനെ സമീപിച്ചതല്ല. അദ്ദേഹത്തോട് ഇങ്ങനെയൊരാവശ്യം വച്ചു. അദ്ദേഹം അത് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലെടുത്ത നടപടികളാണ്. മുഖ്യമന്ത്രിയെ അദ്ദേഹം വന്നുകണ്ടപ്പോൾ വളരെ നല്ല രീതിയിൽ സംസാരിച്ചു എല്ലാ സഹായവും വാഗ്ദാനം ചെയ്തു. പക്ഷേ അദ്ദേഹത്തിന് ഇവിടത്തെ ചില ഉദ്യോഗസ്ഥരിൽ നിന്നും മോശപ്പെട്ട രീതിയിലുള്ള അനുഭവമാണുണ്ടായതെന്ന് അദ്ദേഹം വളരെ വേദനയോടുകൂടി എന്നോട് പറഞ്ഞു. മുഖ്യമന്ത്രിയുമായിട്ടുള്ള സംഭാഷണത്തിൽ അദ്ദേഹം പൂർണ്ണ സംതൃപ്തനാണ്. ഇപ്പോൾ ഉള്ള അനിശ്ചിതാവസ്ഥ മാറ്റി സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ടൂറിസം ഡയറക്ടർ, സംഗീത നാടക അക്കാദമിയുടെ ചെയർമാൻ എന്നിവർ ഔദ്യോഗിക സ്ഥാനങ്ങളിലിരിക്കുന്നവരാണ്. അത് വ്യക്തിപരമല്ല. ആരാണോ ടൂറിസം ഡയറക്ടറായും സംഗീത നാടക അക്കാദമിയുടെ ചെയർമാനായും വരുന്നത് അവർ തന്നെ തുടരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിലെടുത്ത നല്ല സമീപനം തുടരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും ഒരേ വികാരമാണുള്ളത്. ബഹുമാന്യനായ അംജദ് അലിഖാനെപ്പോലുള്ള ഒരു പ്രതിഭ കേരളത്തിൽ ഇത്തരമൊരു സ്ഥാപനം തുടങ്ങുകയെന്നത് കേരളത്തിന്റെ യശസ്സാണ് ഉയർത്തുക. അതിനാവശ്യമായ എല്ലാ സഹായവും ഗവൺമെന്റിൽ നിന്നുണ്ടാകും. ഇടയ്ക്ക് ഇങ്ങനെയൊരു വാർത്ത വന്നുയെന്നുള്ളത് ശരിയാണ്. അപ്പോൾത്തന്നെ അതിനെക്കുറിച്ച് വിശദീകരിക്കണമെന്ന് തീരുമാനിച്ചിരുന്നതാണ്. അദ്ദേഹത്തിന് ഒരു അസൗകര്യവുമില്ലാത്ത രീതിയിൽ സ്ഥാപനം തുടങ്ങുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഗവൺമെന്റ് തീരുമാനമനുസരിച്ച് ഉത്തരവ് ഇറങ്ങിയതിനുശേഷം, മുഖ്യമന്ത്രി ഡൽഹിയിൽ വച്ച് അദ്ദേഹത്തിന് ഉറപ്പുനൽകിയിട്ടും അതൊന്നും മനസ്സിലാക്കാതെ ചില ഉദ്യോഗസ്ഥർ ഇത് അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. ശ്രീ. അംജദ് അലിഖാൻ മുഖ്യമന്ത്രിയുമായി സംസാരിച്ചതും അദ്ദേഹം അനുകൂലമായ മറുപടി പറഞ്ഞിട്ടുള്ളതുമായ വാർത്ത എല്ലാ പത്രങ്ങളിലും വന്നിട്ടുണ്ടായിരുന്നു. അതിനുശേഷം ടൂറിസം ഡിപ്പാർട്ടുമെന്റിലെ ചില ഉദ്യോഗസ്ഥർ ഈ അലോട്ട്മെന്റ് ക്യാൻസൽ ചെയ്യാൻ തീരുമാനിച്ചു. മുഖ്യമന്ത്രിയെക്കാളും വലിയ ഉദ്യോഗസ്ഥർ ഡിപ്പാർട്ടുമെന്റിലുണ്ടാകാൻ പാടില്ലല്ലോ; ഞങ്ങൾ ഈ സ്ഥാപനത്തിനുവേണ്ടി പല സ്ഥലങ്ങളും നോക്കിയതാണ്. എറണാകുളത്ത് സ്ഥലം നോക്കി, കിട്ടിയില്ല. അവസാനം കിട്ടിയ സ്ഥലമാണ് വേളിയിലേത്. ഇനിയും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നീട്ടിക്കൊണ്ടുപോകാതെ മുൻ ഗവൺമെന്റിന്റെ ഉത്തരവ് ഇംപ്ലിമെന്റ് ചെയ്യാനും ആവശ്യമെങ്കിൽ ടൂറിസം ഡയറക്ടർ, സംഗീത നാടക അക്കാദമി ചെയർമാൻ, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഗവൺമെന്റ് പങ്കാളിത്തത്തോടെ ഒരു സംശയവുമുണ്ടാകാത്ത വിധത്തിൽ വ്യക്തതയോടെ ആ ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, മുഖ്യമന്ത്രി ആ കാര്യത്തെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് ഇപ്പോൾ അസന്നിഗ്ദ്ധമായി സഭയിൽ പ്രഖ്യാപിച്ചു. ആ നിലപാടാണ് ഇവിടെ നടപ്പാകുക. ആ സമീപനത്തിൽ വ്യക്തതക്കുറവുണ്ടാകേണ്ട കാര്യമില്ല. ശ്രീ. കൃഷ്ണൻ നായരും ശ്രീ. ഷെയ്ക്ക് പരീതുമെല്ലാം അവരുടെ ഔദ്യോഗിക സ്ഥാനങ്ങളുടെ ഭാഗമായാണ് ഇതിൽ വന്നതെന്നാണ് നേരത്തെ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ ആ കാര്യത്തിൽ ഒരു സംശയമാണ് പ്രകടിപ്പിച്ചത്, ഇത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് അവരുടെ സ്ഥാപനം രജിസ്റ്റർ ചെയ്തതിന്റെ കോപ്പിയാണ് (കോപ്പി ഉയർത്തിക്കാണിച്ചു). ഇതിൽ ഈ സ്ഥാനങ്ങളൊന്നും പറഞ്ഞിട്ടില്ല. രണ്ട്, ശ്രീ. സൂര്യാ കൃഷ്ണമൂർത്തിയുടെ റസിഡൻസിന്റെ വിലാസത്തിലാണ് ഈ ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്തതെന്ന വസ്തുത കൂടി അങ്ങ് മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് കരുതുന്നു. തീർച്ചയായും ശ്രീ. അംജദ് അലിഖാനെപ്പോലെയുള്ള ബഹുമാന്യനായ പ്രതിഭയുടെ സേവനം കേരളത്തിന് പ്രയോജനപ്പെടുത്തണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ താൽപ്പര്യം.

<u>ശ്രീ. വി. ജോയി:</u> സർ, അങ്ങ് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം 977499 ആണെന്ന് പറഞ്ഞു. എന്നാൽ ഈ അടുത്ത കാലത്തായി മാധ്യമങ്ങളിൽ വരുന്ന വാർത്ത, കേരളത്തിലേക്ക് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞുവരുന്നുവെന്നാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ വാർത്ത ശരിയാണോ; അങ്ങനെയുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് പറയാമോ ;

ശ്രീ. എ. സി. മൊയ്തീൻ: സർ, വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവില്ല. പക്ഷേ 2011-ന് മുമ്പുള്ള വളർച്ചാ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ കുറച്ച് കുറവ് വന്നിട്ടുണ്ട്. ഇപ്പോൾ ആറ് ശതമാനത്തിനോടടുത്താണ് വളർച്ചാ നിരക്ക്. അതൊരു തളർച്ചയുടെ ലക്ഷണമായാണ് നമ്മൾ കാണുന്നത്. അതിന് പല ഘടകങ്ങളുണ്ട്. പുതിയ ഉത്പന്നങ്ങൾ നൽകാൻ കഴിയാത്തത്, കണക്ടിവിറ്റി തുടങ്ങിയ നിരവധി പ്രശ്നങ്ങളുള്ളതുകൊണ്ടാണ്. പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കൽ, മാർക്കറ്റിംഗ് രംഗത്തുള്ള ഇടപെടൽ ശക്തിപ്പെടുത്തൽ, കണക്ടിവിറ്റിയുടെ പ്രശ്നത്തിലുള്ള പ്രയാസങ്ങൾ പരിഹരിക്കൽ, പ്രത്യേകിച്ച് മലബാർ മേഖലയിൽ കണ്ണൂർ വിമാനത്താവളം വരുന്നതോടുകൂടി കണക്ടിവിറ്റിയുടെ പുതിയ ഒരവസരം കൂടി തുറന്നുകിട്ടുകയാണ്. അത്തരം സൗകര്യങ്ങളൊക്കെ പ്രയോജനപ്പെടുത്തി വിദേശ മാർക്കറ്റുകളിലുള്ള മാർക്കറ്റിംഗ് തന്ത്രം കൂടുതൽ വിപുലീകരിച്ച് വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള പരിപാടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മൂന്നാർ തെക്കൻ കാശ്മീർ എന്നാണ് അറിയപ്പെടുന്നത്. ചരിത്രപരമായി മീനച്ചിലാർ വരെ അതിന്റെ അതിർത്തിയുണ്ട്. ആനവിലാസം വരെയുണ്ടെന്നാണ് ഇപ്പോൾ ചില രേഖകളിൽ കാണുന്നത്. കേരള ഗവൺമെന്റിന്റെ ചില വകുപ്പുകളെ ഉപയോഗിച്ച് ഈ തെക്കൻ കാശ്മീരിനെ തകർക്കാൻ നമ്മുടെ സംസ്ഥാനത്തിന് പുറത്തെ ചില ശക്തികൾ ഇടപെടുന്നതും ഇപ്പോൾ അവിടെ കാർഷിക വരുമാനവും മറ്റ് ഇതര വരുമാനങ്ങളും കുറഞ്ഞ സാഹചര്യത്തിൽ ജനജീവിതം നിലനിർത്തുന്നതിനുവേണ്ടി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ടൂറിസം മേഖലയിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ ;

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇടുക്കി ജില്ല ധാരാളം ടൂറിസ്റ്റുകൾ എത്തിപ്പെടുന്ന ഒരു മേഖലയാണ്. അവിടെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് വരികയാണ്. കിഫ്ബിയിൽ തന്നെ ചില പുതിയ പദ്ധതികൾ ആരംഭിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ വാഗമൺ, ഗവി എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യ മേഖലയിൽ കൂടുതൽ നിക്ഷേപം നടത്താനുള്ള പുതിയ പദ്ധതികൾ, ഇടുക്കി ജില്ലയിൽ പുതിയ എയർ സ്ട്രിപ്പിന്റെ സൗകര്യമുൾപ്പെടെയുള്ളവ ആലോചിച്ചുകഴിഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ടൂറിസം വകുപ്പിന് ഭൂമിയില്ല എന്നുള്ളതുകൊണ്ട് മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ വലിയ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. തേക്കടിയിൽ കെ.ടി.ഡി.സി.-യുടെ ബോട്ട് ഇറക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ആലോചിച്ച് പരിഹാരം കാണുന്നതിനുള്ള തയ്യാറെടുപ്പുകൾ ഗവൺമെന്റ് തുടങ്ങിക്കഴിഞ്ഞു.

ശ്രീ. എ. എൻ. ഷംസീർ: സർ, ബ്രിട്ടീഷ് ഭരണകാലം മുതൽ തലശ്ശേരി വളരെ പ്രധാനപ്പെട്ട ഒരു പട്ടണമാണെന്നതുകൊണ്ടുതന്നെയാണ് 2010-ൽ തലശ്ശേരി പൈതൃക നഗരമായി പ്രഖ്യാപിച്ചത്. പൈതൃക ടൂറിസത്തിന്റെ ഭാഗമായി അന്ന് ധാരാളം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. പിന്നീട് അത് നടക്കാതെ പോകുകയാണുണ്ടായത്. ടി.എച്ച്.പി. എന്ന പേരിൽ തലശ്ശേരി ഹെറിറ്റേജ് ടൂറിസം പ്രോജക്ട് ഇപ്പോൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും തുടങ്ങിയിട്ടുണ്ട്. പിൽഗ്രിം ടൂറിസത്തിന് വളരെയധികം സാധ്യതയുള്ള നഗരമാണ് തലശ്ശേരി. ഓടത്തിൽപള്ളി, ശ്രീരാമസ്വാമി ക്ഷേത്രം, ഇംഗ്ലീഷ് ചർച്ച്, തലശ്ശേരിയോട് തൊട്ടുകിടക്കുന്ന സ്ഥലമായ അണ്ടല്ലൂർക്കാവ് ഇവയെല്ലാം ക്ലബ്ബുചെയ്തു കൊണ്ട് പിൽഗ്രിം ടൂറിസത്തിനുള്ള വലിയ സാധ്യത തലശ്ശേരിയിലുണ്ട്. അതുപോലെ ഹെർമൻ ഗുണ്ടർട്ട് ജീവിച്ച നാടാണ് തലശ്ശേരി. തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് നവീകരിക്കാനുള്ള എന്തെല്ലാം പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്? അതുപോലെ തലശ്ശേരി അറിയപ്പെടുന്നത് 3C-ക്രിക്കറ്റ്, കേക്ക്, സർക്കസ് - എന്നാണ്. ക്രിക്കറ്റിന്റെയും കേക്കിന്റെയും സർക്കസ്സിന്റെയും നാടാണ് തലശ്ശേരി. ഇതെല്ലാം ക്ലബ്ബുചെയ്തുകൊണ്ട് പ്രഖ്യാപിക്കപ്പെട്ട ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; അത് സമയബന്ധിതമായി നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം ശ്രമങ്ങളുണ്ടാകും എന്നതാണ് ഇതുമായി ബന്ധപ്പെട്ട് ചോദിക്കാനുള്ളത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിന്റെ കുറെയേറെ വർക്കുകൾ നടന്നുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി അതിന്റെ പ്രവർത്തനങ്ങളിൽ പുറകോട്ടുപോക്ക് സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ തന്നെ അക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയും അദ്ദേഹം ഇവിടെ വച്ച പുതിയ നിർദ്ദേശങ്ങളുൾപ്പെടെ പരിശോധിച്ച് ഡി.പി.ആർ. തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുമുണ്ട്. മലബാർ മേഖലയിൽ വളരെ വലിയ നിക്ഷേപം ഉണ്ടാകുന്നതിനു വേണ്ടിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കിഫ്ബിയിൽ മലബാർ മേഖലയിലെ പ്രോജക്ടുകൾ നൽകുന്നതിന്റെ ഭാഗമായി ധർമ്മടം, മുഴപ്പിലങ്ങാട്, വയനാട്, കക്കയം, പെരുവണ്ണാമൂഴി, കാപ്പാട്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് ഉൾപ്പടെയുള്ള മേഖലകളുടെയും, സ്വദേശി ദർശൻ പദ്ധതിയിൽ കണ്ണൂരിനെയും കാസർഗോഡിനെയും ബന്ധപ്പെടുത്തിയുള്ള ഒരു പ്രോജക്ടിന്റെയും ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ടൂറിസം വികസന സാധ്യത വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയാതിരുന്ന മലബാർ മേഖലയിൽ സർക്കാർ നിക്ഷേപങ്ങൾ വേണ്ടത്ര ഉണ്ടായിട്ടില്ല. അതുൾപ്പെടെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള പദ്ധതികളാണ് ഈ ഗവൺമെന്റ് തയ്യാറാക്കിവരുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഉസ്താദ് അംജദ് അലിഖാന്റെ പേരിൽ ഇന്റർനാഷണൽ മ്യൂസിക് സ്കൂൾ സ്ഥാപിക്കുമെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. വേളി പ്രദേശം ഉൾകൊള്ളുന്നത് എന്റെ നിയോജകമണ്ഡലത്തിലാണ്. കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് 76 കോടി രൂപ അനുവദിച്ചു. അതുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ടൂറിസം ഡിപ്പാർട്ടുമെന്റ് ഉദ്ദേശിക്കുന്നതെന്നും അത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ; ജനപ്രതിനിധികളുമായി വിശദമായ ചർച്ചകൾ നടത്തി ആ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഇപ്പോൾ ഏകദേശം 74 കോടി രൂപയുടേതാണ് ആ പദ്ധതിക്ക് സാംങ്ഷൻ കിട്ടിയിരിക്കുന്നത്. ശ്രീപത്മനാഭസ്വാമി ക്ഷേത്ര പരിസരവും അവിടെയെത്തുന്ന സന്ദർശകരുടെ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ആ പ്രോജക്ടിലുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് തീർച്ചയായും അവിടത്തെ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ലോക ഭൂപടത്തിൽ ടൂറിസത്തിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. ടൂറിസത്തിന് വളരെയേറെ സാധ്യതയുള്ള പ്രദേശമാണ് മൺറോത്തുരുത്ത്. കൈത്തോടുകൾ, ചെറിയ തോടുകൾ, ചെറുതും വലുതുമായിട്ടുള്ള നിരവധി റിസോർട്ടുകൾ, പ്രസിദ്ധമായ കല്ലട ജലോത്സവം എന്നിവയെല്ലാമുള്ള വളരെ നല്ല പ്രദേശമാണ് മൺറോത്തുരുത്ത്. ഇതുസംബന്ധിച്ച് ഞങ്ങൾ ഒരു പ്രോജക്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ എം.പി. ആയിരുന്ന കെ. എൻ. ബാലഗോപാൽ, അദ്ദേഹം വിദേശ രാജ്യത്ത് പോയപ്പോൾ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിനെ മാത്രം അടിസ്ഥാനമാക്കിയാണ് അവിടെ സംസാരിച്ചത്. ബഹുമാന്യയായ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ ജന്മഗ്രാമമാണ് മൺറോത്തുരുത്ത്. കേരളത്തിലെ ഏറ്റവും രുചിയുള്ള കരിമീൻ അഷ്ടമുടി കായലിൽ നിന്നാണ് ലഭിക്കുന്നത്. അഷ്ടമുടി കായലിനോട് ചേർന്നുകിടക്കുന്ന മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിനെ ടൂറിസം വില്ലേജായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളം വളരെ മനോഹരമായ പ്രദേശമാണ്. നമ്മൾ ഒന്നാം സ്ഥാനത്തെത്തിയിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കാം. ടൂറിസ്റ്റുകളെ സംബന്ധിച്ചിടത്തോളം വളരെ ആകർഷകമായ കേന്ദ്രങ്ങളിൽ ഒന്നാണ് കേരളം.

ശ്രീ. കോവൂർ കുഞ്ഞുമോന്റെ പ്രദേശം ഏറ്റവും മനോഹരമാണ്. മൺറോത്തുരുത്ത് എന്ന പ്രദേശത്തേയും പരിസരത്തുള്ള സൗഭാഗ്യങ്ങളേയും അഷ്ടമുടിക്കായലിന്റെ തീരത്തുള്ള സൗകര്യങ്ങളേയും കുറിച്ചൊക്കെ അദ്ദേഹം പറഞ്ഞത് വസ്തുതയാണ്. അദ്ദേഹംതന്നെ മുൻകൈ എടുത്ത് ഒരു പ്രോജക്ട് തയ്യാറാക്കി തന്നിട്ടുണ്ട്. അത് ടൂറിസം വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. ഷാജി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പറഞ്ഞതുപോലെ കണ്ണൂരിലെ കൈത്തറിയെ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ സാധിക്കുന്ന ഒരു പദ്ധതിയാണ് 'കൈത്തറി വില്ലേജ്'. അതിനായി 5 കോടിയോളം രൂപ മുടക്കിയിരുന്നു. അതിന് തൊട്ടടുത്തായി ഒരു മ്യൂസിയവുംകൂടി ആ പ്രോജക്ടിലുണ്ടായിരുന്നെങ്കിലും ഭൂമി ഏറ്റെടുത്തു നൽകിയാൽ മാത്രമേ അത് പൂർത്തിയാവുകയുള്ളൂ. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തീർച്ചയായും. കണ്ണൂരിലെ കൈത്തറിയെ ഏറ്റവും ആകർഷകമാക്കി ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്നൊരു സംരംഭം തുടങ്ങാൻ നമുക്ക് കഴിയും. ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് പോലുള്ളവ ഇപ്പോൾ വളരെ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്. കണ്ണൂരിലെ കൈത്തറിയുമായി ബന്ധപ്പെട്ട പൈതൃകഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കും.

ശ്രീ. ജെയിംസ് മാത്യു: സർ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആ പ്രദേശത്തെ വൃത്തി പരിഗണിക്കപ്പെടേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അടുത്ത കാലത്ത് ഇൻഡ്യയിൽ ഏറ്റവും വൃത്തിയുള്ള ജില്ലയായി സിന്ധുദുർഗ് ജില്ലയെ പ്രഖ്യാപിക്കുകയുണ്ടായി. ഏതാണ്ട് 10 വർഷക്കാലത്തെ നിരന്തരമായ ശ്രമത്തിന്റെ ഫലമായിട്ടാണ് ഒരു ജില്ല ഇൻഡ്യയിൽ ഏറ്റവും വൃത്തിയുള്ള ജില്ലയായി പ്രഖ്യാപിക്കപ്പെട്ടത്. ആ പ്രഖ്യാപനത്തെക്കുറിച്ച് വന്ന വാർത്തയുടെ അനുബന്ധമായി ശ്രദ്ധേയമായ ഒരു കാര്യം പരാമർശിക്കാനുള്ളത്, ഈ കാലയളവിനിടയിൽ അത്രയൊന്നും പ്രാധാന്യമില്ലാതിരുന്ന ആ ജില്ലയിൽ ടൂറിസ്റ്റുകളുടെ വരവ് പതിൻമടങ്ങായി വർദ്ധിച്ചു എന്നുള്ളതാണ്. സിന്ധുദുർഗിനേക്കാൾ പ്രകൃതി രമണീയമായ ഭൂപ്രദേശമുള്ള നമ്മുടെ സംസ്ഥാനത്ത് വൃത്തിയുടെ കാര്യംകൂടി പരിപാലിക്കാൻ സാധിച്ചാൽ വളരെ നന്നായിരിക്കും. സർക്കാർ ഇപ്പോൾ മാലിന്യ വിമുക്ത കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പുകൂടി മുൻകയ്യെടുത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളെ പൂർണ്ണമായി മാലിന്യ വിമുക്തമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ടൂറിസം മേഖല നേരിടുന്ന വളരെ ഗൗരവമേറിയ ഒരു പ്രശ്നത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഗവൺമെന്റ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള മാലിന്യ നിർമ്മാർജ്ജന മിഷന്റെ പ്രവർത്തനം കേരളത്തിന്റെ വൃത്തി സംരക്ഷിക്കുന്നതോടൊപ്പം നമ്മുടെ ടൂറിസം സാധ്യതകളെക്കൂടി പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള സംരംഭങ്ങളിലൊന്നാണ്. ടൂറിസം വകുപ്പ് ഈ ഒക്ടോബർ മാസത്തിൽ ഗ്രീൻ കാർപ്പറ്റ് എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് മാത്രമല്ല, ബന്ധിപ്പിക്കാവുന്ന എല്ലാ വിഭാഗം ആളുകളുടെയും സഹകരണത്തോട് കൂടിയാണിത് നടപ്പിലാക്കുന്നത്. കോളേജുകളിലെ എൻ.എസ്.എസ്. പോലുള്ള യൂണിറ്റുകൾ, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം രംഗത്തുള്ള സംരംഭകർ ഉൾപ്പെടെ എല്ലാവരുടെയും സഹകരണത്തോട് കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എൺപത്തിനാലോളം ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.മാർ നല്ല സഹകരണം ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കാഴ്ചവച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രത്തിലെ വൃത്തി, സുരക്ഷിതത്വം, സന്ദർശകർക്കുള്ള സൗകര്യങ്ങൾ വിപുലമാക്കൽ എന്നിവയാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. മാതൃകാപരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നൊരു സംരംഭമാണിതെന്ന് ഈ ഒക്ടോബർ മാസത്തിലെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായിതന്നെ തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ ടിക്കറ്റ് വച്ച് പ്രവേശനമുള്ള ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഇപ്പോൾ പ്ലാസ്റ്റിക് നിരോധിച്ചിട്ടുണ്ട്. കൂടുതൽ ഫലപ്രദമായ മാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള പദ്ധതികളും ടൂറിസം വകുപ്പ് തന്നെ തനതായി ആവിഷ്കരിക്കുന്നുണ്ട്. അതുപോലെ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി കൂടിച്ചേർന്നും ഇപ്പോൾ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, ടൂറിസം മേഖലയിൽ സ്വകാര്യ പങ്കാളിത്തം എന്നൊരാശയം അങ്ങ് ആദ്യം പറഞ്ഞു. ഫണ്ടുകളുടെ അഭാവമാണ് എല്ലാ പദ്ധതികൾക്കും പ്രയാസമായി വന്നിരിക്കുന്നത്. വ്യവസായ വകുപ്പിൽ നിക്ഷേപകരെ ആകർഷിക്കുന്നതുപോലെ കേരളത്തിലെ സാമ്പത്തിക വികസനത്തിന് ഏറ്റവും സാധ്യതയുള്ള ടൂറിസം മേഖലയ്ക്കുവേണ്ടി നിക്ഷേപകരെ ആകർഷിക്കുന്നതിനായി പ്രത്യേകമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ഈ രംഗം കുറച്ചുകൂടി സജീവമാക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ടൂറിസം വികസനത്തിനായി ധാരാളം സാധ്യതകൾ കേരളത്തിലുണ്ട്. 600 കിലോമീറ്ററുള്ള കടലോര പ്രദേശം, അത്രതന്നെ ദൈർഘ്യമുള്ള മലയോര പ്രദേശങ്ങൾ, ഏകദേശം രണ്ടായിരത്തോളം സ്ക്വയർ കിലോമീറ്ററിൽ

കിടക്കുന്ന കായലുകൾ എന്നിവയൊക്കെ പ്രയോജനപ്പെടുത്താനുള്ള സാഹചര്യം നമുക്കുണ്ട്. പക്ഷേ വികസനം പരിസ്ഥിതി സൗഹൃദമാകണം. അത്തരം കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഫണ്ടിന്റെ അഭാവമുണ്ട്. ഗവൺമെന്റ് ഈ പുതിയ പദ്ധതിയിൽ ഭൗതിക പശ്ചാത്തല വികസനത്തിന് വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുണ്ട്. പുതിയ ഡെസ്റ്റിനേഷനുകളുടെ വികസനത്തിനുവേണ്ടിയുള്ള പശ്ചാത്തല സൗകര്യം ഒരുങ്ങുന്നതോടെ സ്വകാര്യ നിക്ഷേപങ്ങൾ വൻതോതിൽ കേരളത്തിലേക്ക് വരുമെന്നു തന്നെയാണ് സർക്കാർ കരുതുന്നത്. അതിനാവശ്യമായ സൗകര്യം ഒരുക്കുന്ന നിലപാടുകളാണ് സർക്കാർ ഇപ്പോൾ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരുക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്തിച്ചേരാനുള്ള സൗകര്യം എത്രയുംവേഗം ഒരുക്കി കൊടുക്കുമെന്ന് അങ്ങിവിടെ പ്രഖ്യാപിക്കുകയുണ്ടായി. ബാലുശ്ശേരി മണ്ഡലത്തിൽ കക്കയത്തിന്റേയും അതുപോലെ രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും ഡി.പി.ആർ. കിട്ടിയിട്ടുമുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് 40 രൂപ ടിക്കറ്റാണ് ഒരാൾക്ക് ഈടാക്കുന്നത്. സ്വദേശികളായ ആളുകൾക്കായാലും അവിടേയ്ക്ക് പോകുന്നതിന് ഒരാൾക്ക് 40 രൂപ ടിക്കറ്റെടുക്കണം. ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ബോട്ടിംഗുള്ള പ്രകൃതി രമണീയമായ സ്ഥലമാണിത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 300 കോടി രൂപയാണ് അവിടത്തേയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ളത്. അങ്ങനെയുള്ളൊരു പ്രദേശത്ത് ആളുകളെ അകറ്റുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങളും പിരിവുകളും നിർത്തണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട മേഖലകളിൽ വനം വകുപ്പുമായിട്ടുള്ള ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പ് നല്ലതുപോലെ സഹകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ആ കാര്യത്തിൽ മുൻകൈ എടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ വനമേഖലയിലെ അഡ്വഞ്ചർ ടൂറിസവും ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതുണ്ട്. ഇവിടത്തേയ്ക്ക് അനുവദിച്ച സംഖ്യ കുറവാണോയെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാം. ഇതിനേക്കാൾ കൂടുതൽ വാങ്ങിക്കുന്ന ചില സ്ഥലങ്ങളുണ്ട്. സാധാരണക്കാർക്കുകൂടി എത്തിപ്പെടാൻ കഴിയുന്ന തരത്തിലുള്ള ഫീസ് നിരക്കുകൾ ഉണ്ടാകണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് തർക്കമില്ല. അക്കാര്യം ഗൗരവപൂർവ്വം പരിശോധിക്കും. കക്കയം, പെരുവണ്ണാമൂഴി പദ്ധതികൾ ഇത്തവണ കിഫ്ബിയുടെ വലിയ നിക്ഷേപം വരുന്ന പദ്ധതികളായി അവിടെ വരാൻ പോവുകയാണ്.

മി. സ്പീക്കർ: വിഷയം ടൂറിസം ആയതുകൊണ്ട് സഭയിലെ ഏതാണ്ട് എല്ലാ അംഗങ്ങളും കൈ ഉയർത്തിയത് ചെയർ കാണാത്തതുകൊണ്ടല്ല. പക്ഷേ ചോദ്യോത്തര സമയം അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചെക്ക്പോസ്റ്റുകൾ അഴിമതിരഹിതമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടപടികൾ

5 (*334) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് നികുതി പിരിവിൽ ഗണ്യമായ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മന്ദഗതിയിലുള്ള പരിശോധനയും വിലയിരുത്തലും നികുതിയിലുണ്ടായ ചോർച്ചയുമാണ് കഴിഞ്ഞ സാമ്പത്തികവർഷം നികുതി പിരിവ് പന്ത്രണ്ട് ശതമാനമായി കുറഞ്ഞതിന്റെ കാരണം എന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) നികുതി വരുമാന ചോർച്ച തടയുന്നതിനായി ചെക്ക്പോസ്റ്റുകൾ അഴിമതിരഹിതമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ,

(എ) ഉണ്ട്. മുൻസർക്കാരിന്റെ കാലത്തെ നികുതി പിരിവിന്റെ സ്ഥിതി വിവര കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | ലഭിച്ച നികുതി വരുമാനം (കോടിയിൽ) | വർദ്ധനവിന്റെ ശതമാനം |
|---|---|---|
| 2011-12 | 19310.54 | 20 |
| 2012-13 | 22885.83 | 19 |
| 2013-14 | 25376.25 | 11 |
| 2014-15 | 27870.89 | 10 |
| 2015-16 | 31152.07 | 12 |

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം നികുതി പിരിവ് വർദ്ധനവ് 12 ശതമാനമായിരുന്നു. റബ്ബറിന്റെ വില മുൻവർഷത്തെ വിലയേക്കാൾ ക്രമാതീതമായി കുറഞ്ഞു. റബ്ബറിന്റെ വിലയിൽ വരുന്ന കുറവ് ജനങ്ങളുടെ ക്രയശേഷിയെ പ്രതികൂലമായി ബാധിക്കും. ഇത് നികുതി വരുമാനത്തെയും ബാധിച്ചിട്ടുണ്ട്. 31-3-2016 വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽ നിന്നുള്ള വരുമാനത്തിൽ 9 ശതമാനം കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2015-16 സാമ്പത്തിക വർഷം 7 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എണ്ണക്കമ്പനികളിൽ നിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2016 മാർച്ച് 31 വരെ 9 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രധാനമായും പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന കുറവും ബിറ്റുമെൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപ്പനയിൽ വന്ന കുറവും നിമിത്തമാണ്.

അരി, ഗോതമ്പ്, മൈദ, ആട്ട, സൂചി എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്. ചിക്കന്റെ നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിരുന്നില്ല. 31-3-2016 വരെ 12 ശതമാനത്തിന്റെ കുറവാണ് സംഭവിച്ചിരിക്കുന്നത്. ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. പ്രസ്തുത ഇനത്തിൽ 20 ശതമാനം കുറവാണ് സംഭവിച്ചിരിക്കുന്നത്. സർവ്വോപരി നികുതി വകുപ്പിനെ അടിമുടി ഗ്രസിച്ച അഴിമതിയും കെടുകാര്യസ്ഥതയും ടാക്സ് മെഷീനറിയെ തന്നെ തകർക്കുകയും കാര്യക്ഷമത ചോർത്തുകയും ചെയ്തു. ഈ സ്ഥിതിയിൽ നിന്നും കരകയറുക അതീവ ദുഷ്കരമാണ്.

(സി) നിലവിലുള്ള ചെക്ക്പോസ്റ്റ് സംവിധാനത്തിലെ ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങളായ ഗതാഗതക്കുരുക്ക്, നടപടികളിലെ കാലതാമസം എന്നിവ പൂർണ്ണമായും ഇല്ലാതാക്കുക, സുതാര്യത പൂർണ്ണമായും ഉറപ്പുവരുത്തുക, നികുതി വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളെ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ സംയോജിത ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട 7 ചെക്ക്പോസ്റ്റുകൾ ഇങ്ങനെ നവീകരിക്കാനാണ് ഇപ്പോൾ ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിൽ ആദ്യഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നീ ചെക്ക്പോസ്റ്റുകളെ സംയോജിത വിവര ശേഖരണ കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന, ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക്പോസ്റ്റുകളെ ഒരു കുരയ്ക്ക് കീഴിൽ കൊണ്ടുവരുമ്പോൾ നടപടിക്രമങ്ങൾ ലളിതമാകുന്നു. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ്വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമായവ മാത്രമായി ലഭ്യമാകുന്നതിനാൽ വാഹനം സെന്ററിനുള്ളിലേക്ക് കടന്നുവരുമ്പോൾ ഓരോ വകുപ്പിനും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടുവാൻ കഴിയും.

സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജ്, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, ബൂം ബാരിയറുകൾ എന്നിവ പ്രസ്തുത സോഫ്റ്റ്വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ, വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുന്നതിന് സഹായകമാകും.

**ഉൾനാടൻ ജലാശയ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

6 (*335) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) ഉൾനാടൻ ജലാശയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷയും മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) കേരളം സന്ദർശിക്കുന്ന വിദേശികൾ ഉൾപ്പെടെയുള്ള വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണങ്ങളിലൊന്ന് കായൽ ടൂറിസമാണ്. കേരളത്തിലെ ഉൾനാടൻ ജലാശയ വിനോദസഞ്ചാര സാധ്യതകളുള്ള കായലുകൾ, അനുബന്ധ കനാലുകൾ, നദികൾ എന്നിവയിലൂടെ ബോട്ടിംഗിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം, ഇവയുടെ തീരങ്ങളിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ വികസനം, കായലുകളുടെയും നദികളുടെയും സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ടൂറിസ്റ്റുകൾക്കുള്ള വിനോദോപാധികൾ, ടൂറിസ്റ്റുകളുടെയും ജലാശയത്തിന്റേയും സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ എന്നിവയാണ് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്നത്.

(ബി) സ്വീകരിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുക, ഹൗസ് ബോട്ട് ജീവനക്കാരുടെ പരിശീലനം, ഹൗസ് ബോട്ടുകളിൽ "ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം" ഏർപ്പെടുത്തുന്ന പദ്ധതി എന്നിവയെല്ലാം ടൂറിസ്റ്റുകളുടെ സുരക്ഷിതത്വം ലക്ഷ്യമാക്കിയുള്ളതാണ്. ടൂറിസം പോലീസിന്റെയും ടൂറിസം രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനവും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തലും ഇതിന്റെ ഭാഗമായി നടത്തിവരുന്നു.

**കയർ മേഖലയിലെ ചൂഷണം ഒഴിവാക്കാൻ നടപടി**

7 (*336) ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് വ്യാപകമായിരുന്നതും കയർ മേഖലയിലെ ചൂഷണത്തിന് ഇടയാക്കിയിരുന്നതുമായ ഡിപ്പോ സമ്പ്രദായം നിർത്തലാക്കാൻ ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ;

(ബി) കഴിഞ്ഞ നാലു വർഷത്തിലധികമായി കയർ സംഘങ്ങളിൽ കയർ കെട്ടിക്കിടക്കാനിടയായ സാഹചര്യം എന്തായിരുന്നു; ഇതു പരിഹരിക്കാൻ സാധിച്ചോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) കയർപിരി തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) പി.പി.എസ്.എസ്. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ചെറുകിട ഉൽപ്പാദകരിൽ കെട്ടിക്കിടന്ന 7.50 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ 2016 ഓണത്തിന് മുൻപ് വില നൽകി കയർ കോർപ്പറേഷൻ സംഭരിച്ചു.

(ബി) കേരളത്തിന്റെ വടക്കൻ ജില്ലയിൽ പൂർണ്ണമായും കൈകൊണ്ടു നിർമ്മിക്കുന്ന ബേപ്പൂർ കൊയിലാണ്ടി കയറിനങ്ങളുടെ വില കൂടുതൽ കാരണം ആയത് കെട്ടിക്കിടക്കാനിടയായിട്ടുണ്ട്. ആയത് പ്രൈസ് ഫ്ലക്ച്വേഷൻ ഫണ്ടിൽ ഉൾപ്പെടുത്തി 50 ശതമാനം ഡിസ്കൗണ്ട് നൽകി വിറ്റഴിക്കുന്നതുവഴി ഒരു പരിധിവരെ പരിഹരിക്കാൻ കയർഫെഡിന് സാധിച്ചിട്ടുണ്ട്. കയറ്റുമതിക്കാർക്ക് ഏറ്റവും കൂടുതലായി ആവശ്യം വരുന്ന കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ ഉൽപ്പന്ന നിർമ്മാതാക്കളുടെ സഹകരണ സംഘങ്ങൾ വഴി ചെറുകിട കയർ ഉൽപ്പന്ന യൂണിറ്റുകൾക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

(സി) കയർപിരി തൊഴിലാളികൾക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിവരുന്നു. കൂടാതെ ചെറുകിട ഉൽപ്പാദകർക്ക് ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ പ്രധാനമായും കയർ, കയർ ഫെഡിൽ നിന്ന് സംഭരിച്ച് ഉൽപാദക സഹകരണ സംഘങ്ങൾ വഴി വായ്പയായി നൽകുന്നതിനുള്ള നടപടി കയർ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

**ശബരിമലയിൽ തീർത്ഥാടകർക്ക് സൗകര്യങ്ങൾ**

8 (*337) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏറ്റവും പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ എത്തുന്ന തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതര സംസ്ഥാന തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ കേന്ദ്രങ്ങൾ, റെയിൽ-ബസ് ടിക്കറ്റ് റിസർവേഷൻ സൗകര്യം, ന്യായവില ഭക്ഷണശാലകൾ, പാർക്കിംഗ് ഗ്രൗണ്ട് എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(സി) ശബരിമലയിൽ തീർത്ഥാടനകാലത്തുണ്ടാകുന്ന മാലിന്യം സംസ്കരിക്കുന്നതിന് ഒരു കേന്ദ്രീകൃത സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ,

(എ & ബി) തീർത്ഥാടകർക്ക് വിശ്രമത്തിനായി ഇടത്താവളങ്ങളിൽ എല്ലാവിധ സൗകര്യങ്ങളും സജ്ജമാക്കി വരുന്നു. ചെങ്ങന്നൂരിനുപുറമേ പമ്പയിലും റയിൽവേ റിസർവേഷൻ കൗണ്ടർ ഏർപ്പെടുത്തുന്നതാണ്. ഇവിടെ ബഹുഭാഷാ വിദഗ്ദ്ധരുടെ സേവനവും ലഭ്യമാക്കുന്നതാണ്. ഭക്ഷണശാലകൾ ഏകീകൃത വില ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങൾ പാർക്കുചെയ്യുന്നതിനായി പമ്പ, ഹിൽടോപ്പ് എന്നിവയ്ക്കുപുറമേ നിലയ്ക്കലിലും വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നു.

(സി) ശബരിമലയിൽ 5 MLD ശേഷിയുള്ള മാലിന്യസംസ്കരണ പ്ലാന്റിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ശബരിമല സാനിട്ടേഷൻ സൊസൈറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡ്, വിവിധ വകുപ്പുകൾ എന്നിവയുടെ യോജിച്ച പ്രവർത്തനത്തിലൂടെ തീർത്ഥാടനകാലത്തുണ്ടാകുന്ന ജൈവ മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൈത്തറി/നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം

9 (*338) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി /നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിച്ച് നൽകാൻ തീരുമാനമായിട്ടുണ്ടോ; നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 300 ദിവസമെങ്കിലും തൊഴിൽ നൽകാൻ പദ്ധതിയുണ്ടോ എന്നറിയിക്കുമോ ;

(ബി) കൈത്തറി സഹകരണ സംഘങ്ങൾക്ക് മുൻ സർക്കാർ റിബേറ്റ് കുടിശ്ശിക വരുത്തിയിരുന്നോ ; എങ്കിൽ എത്ര തുകയെന്ന് വെളിപ്പെടുത്താമോ ;

(സി) മുൻ വർഷത്തെ കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ വർഷം നൽകാനുള്ള തുക മുഴുവനും യഥാസമയം തന്നെ കൊടുത്ത് തീർത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) കൈത്തറി/നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം 2012-ലാണ് 150 രൂപയായി വർദ്ധിപ്പിച്ചത്. മിനിമം വേതനം 150 രൂപയിൽ നിന്ന് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 300

ദിവസമെങ്കിലും തൊഴിൽ നൽകാൻ നിലവിൽ പദ്ധതികൾ ഇല്ല. എന്നാൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് (2015-16) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 15.90 കോടി രൂപയും ഹാൻടെക്സിന് 7.62 കോടി രൂപയും ഉൾപ്പെടെ ആകെ 23.52 കോടി രൂപ റിബേറ്റ് കുടിശ്ശിക ഉണ്ടായിരുന്നു.

(സി) മുൻ വർഷത്തെ കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. ഈ സാമ്പത്തിക വർഷം ബജറ്റ് വിഹിതമായ 532.41 ലക്ഷം രൂപയിൽ നിന്നും ഇതുവരെ 481.98 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ഊർജ്ജവികസന പ്രവർത്തനങ്ങൾ**

10 (*339) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ മേഖല സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഊർജ്ജവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നിയുക്തമായ ഏജൻസികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ,

(എ) എല്ലാവർക്കും 'ഗുണമേന്മയുള്ള വൈദ്യുതി' എന്ന ലക്ഷ്യപ്രാപ്തി എത്രയും വേഗം കൈവരിക്കുന്നതിനുവേണ്ട പശ്ചാത്തല സൗകര്യം തയ്യാറാക്കുന്നതിലൂന്നിയതാണ് ഈ സർക്കാരിന്റെ വൈദ്യുത മേഖലയിലെ വികസന കാഴ്ചപ്പാട്. വൈദ്യുത നിരക്ക് താങ്ങാനാവുന്നവണ്ണമാക്കുക, എല്ലായ്പ്പോഴും വൈദ്യുതി ലഭ്യത ഉറപ്പാക്കുക, പ്രസരണ വിതരണ നഷ്ടങ്ങൾ കുറയ്ക്കുക, ഊർജ്ജക്ഷമത പരമാവധിയിലെത്തിക്കുക, ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക, പരിസ്ഥിതിക്ക് കോട്ടം തട്ടാതെ താപനിലയം ആവിഷ്കരിക്കുക എന്നിങ്ങനെയുള്ള വിവിധ പദ്ധതികളിലൂടെയാണ് സർക്കാർ അതിന്റെ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുന്നത്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെക്കൂടാതെ, എനർജി മാനേജ്മെന്റ് സെന്റർ (EMC), അനെർട്ട് (ANERT), കേരളാ സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (KSPIFC Ltd.) എന്നീ സ്ഥാപനങ്ങൾ സംസ്ഥാനത്തെ ഊർജ്ജ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നിയുക്തമായ ഏജൻസികളാണ്.

(സി) ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക്, പൊതുജനബോധവൽക്കരണ പരിപാടിയായ ഊർജ്ജ കിരൺ, ഊർജ്ജക്ലിനിക് വനിതാ വാളണ്ടിയർമാർ മുഖേനയും ഊർജ്ജ കിരൺ പരിപാടി സർക്കാരിതര സംഘടനകൾ, പൊതുജന വായനശാലകൾ, മറ്റു സംഘടനകൾ വഴി പരിശീലനം ലഭിച്ച പരിശീലകർ മുഖാന്തരം നടത്തിവരുന്നു. വ്യവസായ മേഖലയിൽ ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. അതിനായി G.O.(Rt.) No. 2/2011/PD. Dated, 1-1-2011 പ്രകാരം എനർജി ഓഡിറ്റിംഗ് ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾക്കും, ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും വേണ്ടി പ്രാഥമിക ഊർജ്ജ ഓഡിറ്റിംഗ്, ഊർജ്ജ ഓഡിറ്റ് സബ്സിഡി, സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഓഡിറ്റിംഗ് എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ. സർക്കാർ കെട്ടിടങ്ങളിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി ഊർജ്ജ ഓഡിറ്റ് നടത്തി കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നു. ഊർജ്ജ സംരക്ഷണ നിയമം 2001 അനുസരിച്ചുള്ള ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിനായി കേരള ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് തയ്യാറാക്കിയതനുസരിച്ച് ലൈസൻസുള്ള എഞ്ചിനീയർമാർ, ഡിസൈനർമാർ, ആർക്കിടെക്ടുകൾ എന്നിവർക്ക് പരിശീലനം നൽകിവരുന്നു.

തെരുവുവിളക്കുകൾ ഊർജ്ജകാര്യക്ഷമമാക്കി വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചു. വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾതലത്തിൽ ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. കേരളത്തിലെ 4000-ത്തോളം സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനം നടത്തിവരുന്നു. കോളേജുകളിലും പ്രവർത്തനം വ്യാപിപ്പിക്കാനുള്ള പരിപാടികൾ നടന്നുവരുന്നു.

- ഊർജ്ജ സംരക്ഷണ അവാർഡ്
- മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്തുകൾ
- സ്മാർട്ട് എനർജി പ്രോഗ്രാം-ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ പരിപാടികൾ

- ഊർജ്ജ കിരൺ-പൊതുജനബോധവൽക്കരണ പരിപാടി
- ഗവേഷണവികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ.
- ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ലൈബ്രേറിയന്മാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥർ തുടങ്ങിയവർക്കുള്ള പരിശീലന പരിപാടിയുടെ നടത്തിപ്പ്.
- ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി നടന്നുവരുന്നു. നിലവിൽ 55 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്കായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.
- പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ 1 KW മുതൽ 5 KW വരെ ശേഷിയുള്ള 82 പീക്കോ ജലവൈദ്യുത പദ്ധതികളും (വികേന്ദ്രീയം) കമ്മീഷൻ ചെയ്തിട്ടുണ്ട്.

## വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

11 (*340) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര വൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വൈദ്യുത പദ്ധതികൾമൂലം എത്ര മെഗാവാട്ട് വൈദ്യുതി ഇക്കാലയളവിൽ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) വൈദ്യുതിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) മുൻ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന 6 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുകയുണ്ടായി.

| | | |
|---|---|---|
| 1. | ചിമ്മിനി ചെറുകിട ജലവൈദ്യുത പദ്ധതി | 2.5 മെഗാവാട്ട് |
| 2. | ആഡ്യൻപാറ ചെറുകിട ജലവൈദ്യുത പദ്ധതി (ബാലൻസ് വർക്കുകൾ) | 3.5 മെഗാവാട്ട് |
| 3. | വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി | 3.6 മെഗാവാട്ട് |
| 4. | പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി | 6 മെഗാവാട്ട് |
| 5. | പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി | 24 മെഗാവാട്ട് |
| 6. | ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി | 24 മെഗാവാട്ട് |
| | ആകെ | 63.6 മെഗാവാട്ട് |

കൂടാതെ, 11 കിലോവാട്ടിന്റെ പൊരിങ്ങൽകുത്ത് മൈക്രോ പദ്ധതിയുടെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്.

(1) മുൻസർക്കാരിന്റെ കാലത്ത് സ്വകാര്യ സംരംഭകരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | ശേഷി |
|---|---|---|
| (1) | (2) | (3) |
| 1. | ഇരുട്ടുക്കാനം യൂണിറ്റ് 3 (Viyyat Power Ltd.) | 1.5 MW |
| 2. | കാരിക്കയം (Ayyappa Hydro Power Ltd.) | 10.5 MW |
| 3. | പാമ്പുക്കയം (മാങ്കുളം) (Mangulam Grama Panchayath) | 0.11 MW |

| (1) | (2) | (3) |
|---|---|---|
| 4. | മീൻവല്ലം (Palghat Small Hydro Company Ltd.) | 3 MW |
| 5. | കല്ലാർ മൈക്രോ (Idukki Jilla Panchayath) | 0.05 MW |

(2) കാറ്റിൽ നിന്നുള്ള പദ്ധതി

സ്വകാര്യ സംരംഭകരായ Ahalya Alternate Energy Limited-ന്റെ കാറ്റിൽ നിന്നുള്ള 8.4 MW പദ്ധതി KSEBL ഗ്രിഡിലേയ്ക്ക് ബന്ധപ്പിച്ചിട്ടുണ്ട്.

(3) സൗരോർജ്ജ പദ്ധതി

കൂടാതെ, KSEBL-ന്റെ EHT ഉപഭോക്താവായ CIAL അവരുടെ 15.4 MW സോളാർ പ്ലാന്റ് ഗ്രിഡിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 14.4475 മെഗാവാട്ട് ശേഷിയുള്ള 19 സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അവയിൽ 1.856 മെഗാവാട്ട് ശേഷിയുള്ള 7 നിലയങ്ങളുടെ നിർമ്മാണം മുൻസർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവയിൽ ചിമ്മിനി (2.5 MW), ആഢ്യൻപാറ (3.5 MW), പൊരിങ്ങൽകുത്ത് മൈക്രോ (0.011 MW) എന്നീ പദ്ധതികൾ മുൻസർക്കാരിന്റെ കാലത്ത് കമ്മീഷൻ ചെയ്ത് വൈദ്യുതി ഉത്പാദനം ആരംഭിച്ചിട്ടുണ്ട്. വെള്ളത്തുവൽ (3.6 MW) പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. സൗരോർജ്ജ പദ്ധതികളിൽ നിന്നായി 1.856 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിച്ചുവരുന്നു. മുൻസർക്കാരിന്റെ കാലത്ത് സ്വകാര്യമേഖലയിൽ ആരംഭിച്ച വൈദ്യുത പദ്ധതികളിൽ നിന്നും ഉത്പാദിപ്പിച്ചിട്ടുള്ള വൈദ്യുതിയുടെ കണക്ക് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം മുടങ്ങിക്കിടന്ന പള്ളിവാസൽ എക്സ്റ്റൻഷൻ (60 MW), തോട്ടിയാർ (40 MW), ചാത്തൻക്കോട്ടുനട-II (6 MW) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണം നടന്നുവരുന്ന 6 ജല വൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 149 മെഗാവാട്ട് ആകെ ശേഷി വരുന്ന 14 ജലവൈദ്യുത പദ്ധതികൾ സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിലവിലുള്ള പദ്ധതികളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. കുറ്റ്യാടി-ജലവൈദ്യുത പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് AHEC, റൂർകി നടത്തിയ RLA (ശിഷ്ടായുസ്) പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചു. അതനുസരിച്ച് നവീകരണ പദ്ധതിക്ക് രൂപം നൽകിവരുന്നു.

2. ഇടുക്കി (3x130 MW) ജലവൈദ്യുത പദ്ധതിയുടെ ഒന്നാംഘട്ട മെഷീനുകളുടെ നവീകരണത്തിനായുള്ള റിപ്പോർട്ട് ബോർഡ് അംഗീകരിച്ച് 16-3-2015-ന് 89.90 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച 2.69 മെഗാവാട്ട് ശേഷിയുള്ള 3 സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള അവലോകനം നടത്തി വരുന്നു. കൂടാതെ, 9.2 മെഗാവാട്ട് ശേഷിയുള്ള 12 സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കാസർഗോഡ് 200 MW-ന്റെ സോളാർ പാർക്കിന്റെ നിർമ്മാണം നടന്നുവരുന്നു. മറ്റൊരു 200 MW-ന്റെ സോളാർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പ്രകൃതിവിഭവങ്ങൾ കേന്ദ്രപൂളിലേക്ക് ലഭ്യമാക്കണമെന്ന കേന്ദ്ര സർക്കാർ തീരുമാനം

12 (*341) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിവിഭവങ്ങൾ കേന്ദ്ര പൂളിലേക്ക് ലഭ്യമാക്കണമെന്ന കേന്ദ്ര സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കരിമണലിൽ നിന്ന് തോറിയം പോലെയുള്ള റേഡിയോ ആക്ടീവ് ലോഹങ്ങൾ ഉൽപ്പാദിപ്പിക്കുകയും അത് ഇന്ത്യയിലെ ആണവറിയാക്ടറുകൾക്ക് നൽകുകയും ചെയ്യുന്ന ഒരു പൊതുമേഖലാ സംരംഭം സ്ഥാപിക്കാനും അതുവഴി ആണവറിയാക്ടറുകളിൽ നിന്നും കേരളത്തിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനും എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനറിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ സാദ്ധ്യത ഏതുവിധത്തിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇത്തരത്തിലുള്ള ഒരു പഠനം നടത്തിയിട്ടില്ല. ധാതുമണലിനെ സംബന്ധിച്ചുള്ള പഠനങ്ങൾ പ്രധാനമായും നടത്തി വരുന്നത് കേന്ദ്ര അണുശക്തി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആറ്റമിക് മിനറൽസ് ഡിവിഷൻ ആണ്. പ്രസ്തുത സ്ഥാപനവും ഇത്തരത്തിൽ ഒരു പഠനവും നടത്തിയിട്ടില്ല. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ നിന്നും ഖനനം ചെയ്തെടുക്കുന്ന കരിമണലിൽ അടങ്ങിയിട്ടുള്ള മോണോസൈറ്റ് എന്ന ധാതുവിൽ 8 മുതൽ 10 ശതമാനം വരെ തോറിയം ഉള്ളതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന്റെ ആലുവയിലുള്ള റെയർ എർത്ത്സ് ഡിവിഷനിൽ 2004 മുതൽ മോണോസൈറ്റ് പ്രോസസ് ചെയ്യുന്നത് നിർത്തലാക്കി. തോറിയം ഇന്ധനമായി ഉപയോഗിച്ച് നിലവിൽ ഇന്ത്യയിൽ ആണവ റിയാക്ടറുകൾ പ്രവർത്തിക്കുന്നില്ല.

(ബി) ധാതുമണലിൽ കാണപ്പെടുന്ന മറ്റ് ലോഹങ്ങൾ വേർതിരിച്ചെടുക്കുന്ന സംവിധാനം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡിൽ ചെയ്തുവരുന്നുണ്ട്. കരിമണലിൽ നിന്നും തോറിയം ഉൾപ്പടെയുള്ള ധാതു ലോഹങ്ങൾ വേർതിരിച്ചെടുക്കുന്നതിനും പുതിയ പൊതുമേഖലാ സ്ഥാപനം സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

## ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ

13 (*342) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറി വകുപ്പിൻെറ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ലോട്ടറി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ലോട്ടറി വിറ്റുവരവിൻെറ ഒരു ശതമാനം തൊഴിലാളി ക്ഷേമത്തിനായി നീക്കി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ശുചിത്വ പ്രവർത്തനങ്ങൾക്കായുള്ള ധനസമാഹരണത്തിനായി പ്രത്യേക ലോട്ടറി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) പാവപ്പെട്ട രോഗികൾക്കായുള്ള കാരുണ്യ ലോട്ടറി പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ,

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. കാലാകാലങ്ങളിൽ ഭാഗ്യക്കുറി സമ്മാന ഘടനകൾ പരിഷ്കരിക്കുക, ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുക, അന്യസംസ്ഥാന ലോട്ടറികൾ നിയന്ത്രിക്കുക, ലോട്ടറി സബ് സെന്ററുകൾ ആരംഭിക്കുക, ആട്ടോമേഷൻ നടപ്പിലാക്കുക, ആഡിറ്റ് വിംഗ് രൂപീകരിക്കുക, ക്ഷേമനിധി അംഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ വിപുലീകരിക്കുക തുടങ്ങി ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങളെല്ലാംതന്നെ അവലോകനം ചെയ്തുവരുന്നു.

(ബി) ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറി നറുക്കെടുപ്പുകളും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പുകളും നടത്തിവരുന്നു. ഇതിന് പുറമേ മാസത്തിൽ ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ 100 രൂപ മുഖവിലയുള്ള ഒരു ബൈ-വീക്കിലി ഭാഗ്യക്കുറി കൂടി 'നിർമ്മൽ' എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. ടിക്കറ്റിന്റെ ഡിമാന്റ് അനുസരിച്ചും ഏജന്റുമാരുടേയും ട്രേഡ് യൂണിയൻ പ്രതിനിധി കളുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും കാലാകാലങ്ങളിൽ ഭാഗ്യക്കുറി സമ്മാനഘടനകൾ പരിഷ്കരിക്കുകയും ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികളും അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിയന്ത്രിച്ചതും നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും ലോട്ടറിയുടെ വിറ്റുവരവിൽ വർദ്ധനവിന് കാരണമായിട്ടുണ്ട്.

(സി) 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പന ക്കാരുടേയും ക്ഷേമനിധി ആക്ട് പ്രകാരം ഓരോ വർഷവും ഭാഗ്യക്കുറി വകുപ്പുവഴി വിറ്റഴിക്കുന്ന ഭാഗ്യക്കുറി ടിക്കറ്റുകളുടെ മൊത്തം വിറ്റുവരവിന്റെ ഒരു ശതമാനം ക്ഷേമ നിധിയിലേയ്ക്ക് അംശദായമായി അടയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി തുക ക്ഷേമനിധി അംഗങ്ങൾക്ക് ചികിത്സാ സഹായം, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, മരണാനന്തര സാമ്പത്തിക സഹായം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കുപുറമേ ഓണം ഉത്സവ ബത്ത, വിദ്യാഭ്യാസ അവാർഡ്, ഒറ്റത്തവണ സ്കോളർഷിപ്പ് പദ്ധതി മുതലായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വിനിയോഗിക്കുന്നു.

(ഡി) ശുചിത്വത്തിന്റെ പരസ്യപ്രചരണാർത്ഥമാണ് 'നിർമ്മൽ' എന്ന പേരിൽ ഒരു ബൈ-വീക്കിലി ലോട്ടറി ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത ഭാഗ്യക്കുറി ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യ പ്രചാരണത്തിനുള്ള വാചകങ്ങൾ അച്ചടിച്ചിട്ടുണ്ട്. 100 രൂപ മുഖവിലയുള്ള ടി ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് എല്ലാ മാസവും ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ നടത്തുന്നതാണ്.

(ഇ) പാവപ്പെട്ട രോഗികൾക്കായുള്ള കാരുണ്യ ലോട്ടറി പദ്ധതിയിൽ ആവശ്യമായ വിപുലീകരണം യഥാസമയം സ്വീകരിച്ചുവരുന്നു. കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽ രോഗികൾക്ക് നൽകിവരുന്ന നിലവിലുള്ള ആനുകൂല്യങ്ങൾ കൂടാതെ വൃക്ക ദാതാവിന് ഈ പദ്ധതിയിൽ നിന്നും 1 ലക്ഷം രൂപ അനുവദിക്കാനും, ലിക്കോഡിസ് ട്രോഫൈ സ്ട്രോക്ക്, സ്പൈനൽ കോഡ് ഇൻജ്വറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ തുടർചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയുർവ്വേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാതു ജില്ലാ കളക്ടർമാരുടെ അക്കൗണ്ട് വഴി ചികിത്സാ ധനസഹായം നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിലുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് ആവശ്യമെങ്കിൽ കാരുണ്യ പദ്ധതി വഴി ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നതിനും ഇതിലേയ്ക്കാവശ്യമായ നടപടി കൈക്കൊള്ളുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്തുള്ള മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിനേയും മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി. ഹോസ്പിറ്റലുകളേയുംകൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

## റിസ്ക് ഫണ്ട് പദ്ധതി

14 (*343) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ നടപ്പാക്കിയ റിസ്ക് ഫണ്ട് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ ചേരാത്ത സഹകരണ സംഘങ്ങളുടെ കാര്യത്തിൽ എന്ത്നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ലോണെടുത്ത അംഗത്തിൽ നിന്നും റിസ്ക് ഫണ്ട് പിടിച്ചിട്ടും അത് അടയ്ക്കാത്തതുകൊണ്ട് ആനുകൂല്യം നിഷേധിക്കുന്ന അവസ്ഥയുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ അംഗത്തിന്റെ അവകാശ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ,

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) റിസ്ക് ഫണ്ട് പദ്ധതി ബാധകമായതും എന്നാൽ ടി പദ്ധതിയിൽ ചേരാത്തതുമായ സഹകരണ സംഘങ്ങൾക്ക് സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകുകയും പദ്ധതിയിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള സഹകരണ നിയമത്തിലെ വകുപ്പ് 57 (ഡി) പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയും റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്നും, റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും, വായ്പ നൽകുന്നതിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും കേരള സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ലോണെടുത്ത അംഗത്തിൽ നിന്നും റിസ്ക് ഫണ്ട് പ്രീമിയം പിടിച്ചിട്ടും ടി തുക പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കാത്തതുകാരണം ആനുകൂല്യം നിഷേധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ട്. വായ്പക്കാരന്റേതല്ലാത്ത കാരണത്താൽ യാതൊരു കാരണവശാലും വായ്പക്കാർക്ക് ലഭിക്കേണ്ട റിസ്ക് ഫണ്ട് ആനുകൂല്യം നിഷേധിക്കാൻ പാടില്ലെന്നതാണ് സർക്കാർ നിലപാട്. ലോണെടുക്കുന്ന അംഗങ്ങളുടെ അവകാശ സംരക്ഷണത്തിനായി റിസ്ക് ഫണ്ട് നിയമാവലി ഭേദഗതി ചെയ്യുകയും, സംഘത്തിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

15 (*344) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) വൈദ്യുതി വിതരണ രംഗത്ത് സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡാറ്റ അക്വിസിഷൻ (സ്കാഡ), സ്മാർട്ട് ഗ്രിഡ് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് ഉപഭോക്താക്കൾക്ക് ഏത് വിധത്തിൽ ഉപകാരപ്രദമാകുമെന്ന് അറിയിക്കാമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) സംസ്ഥാനത്തെ വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. സംസ്ഥാനത്തിന് ദീർഘകാല ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിനും വൈദ്യുതി നിരക്കിന്റെ സന്തുലനം ലക്ഷ്യമിട്ടും കൽക്കരി അധിഷ്ഠിത പ്ലാന്റ് സംസ്ഥാനത്തിനകത്തോ, അല്ലെങ്കിൽ ഖനിയുടെ സമീപത്തോ സർക്കാർ ഉടമസ്ഥത ഉറപ്പാക്കി നടപ്പാക്കാൻ ലക്ഷമിടുന്നുണ്ട്. 149 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന താഴെ പറയുന്ന 14 ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | പെരുവണ്ണാമൂഴി | - | 6 മെഗാവാട്ട് (30-9-2016-ൽ ടെണ്ടർ ചെയ്തു) |
| 2. | പഴശ്ശിസാഗർ | - | 7.5 മെഗാവാട്ട് |
| 3. | ചിന്നാർ | - | 24 മെഗാവാട്ട് |
| 4. | അപ്പർ ചെങ്കുളം | - | 24 മെഗാവാട്ട് |
| 5. | ലാഡ്രും | - | 3.5 മെഗാവാട്ട് |
| 6. | ഒലിക്കൽ | - | 5 മെഗാവാട്ട് |
| 7. | പൂവാരംതോട് | - | 3 മെഗാവാട്ട് |
| 8. | മാർമ്മല | - | 7 മെഗാവാട്ട് |
| 9. | ചെമ്പുക്കടവ് III | - | 7.5 മെഗാവാട്ട് |
| 10. | മാങ്കുളം | - | 40 മെഗാവാട്ട് |
| 11. | പീച്ചാട് | - | 3 മെഗാവാട്ട് |
| 12. | വെസ്റ്റേൺ കല്ലാർ | - | 5 മെഗാവാട്ട് |
| 13. | മരിപ്പുഴ | - | 6 മെഗാവാട്ട് |
| 14. | വാലന്തോട് | - | 7.5 മെഗാവാട്ട് |
| | ആകെ | - | 149 മെഗാവാട്ട് |

വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി ആസൂത്രണം ചെയ്ത പുനരുദ്ധാരണ നവീകരണ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ഷോളയാർ ജലവൈദ്യുത പദ്ധതി (3x18 MW) 54 MW.
2. കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3x25 MW) 75 MW
3. ഇടുക്കി ജലവൈദ്യുത പദ്ധതി (3x130 MW)

ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഒന്നാം ഘട്ട മെഷീനുകളുടെ എക്സൈറ്റേഷൻ സിസ്റ്റം, ഗവർണ്ണർ കൺട്രോൾ സിസ്റ്റം എന്നിവയുടെ പുനരുദ്ധാരണ നവീകരണം മെയിൻ ഇൻലെറ്റ് വാൽവിന്റെ നവീകരണം, സ്വിച്ച് യാർഡ് നവീകരണം, ആക്സിലറി ഉപകരണങ്ങളുടെ നവീകരണം 220 കെ.വി. സ്വിച്ച് യാർഡിലെ ബസ് ബാർ പ്രൊട്ടക്ഷൻ നവീകരണം എന്നിവ ഉൾപ്പെടുത്തിയാണ് പ്രസ്തുത നവീകരണ ജോലികൾ ഉദ്ദേശിച്ചിട്ടുള്ളത്. നവനവീകരണ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 4.546 മെഗാവാട്ട് ശേഷിയുള്ള 10 സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 14.8815 മെഗാവാട്ട് ശേഷിയുള്ള 17 പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കരാർ നൽകി നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 4.22 മെഗാവാട്ട് ശേഷിയുള്ള 4 സൗരോർജ്ജ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് കാസർഗോഡ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് ഒരു ജോയിന്റ് വെഞ്ചർ കമ്പനി സ്ഥാപിച്ചിട്ടുണ്ട്. ആദ്യ 50 മെഗാവാട്ടിന്റെ നിർമ്മാണം നടന്നു വരുന്നു. മറ്റൊരു 200 MW-ന്റെ സോളാർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് സ്ഥാപിച്ച 15.4 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾ സ്വന്തം കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള 2.868 മെഗാവാട്ട് ശേഷിയുള്ള 145 ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ ഗ്രിഡിൽ ബന്ധിപ്പിച്ചിട്ടുണ്ട്. ഇവ കൂടാതെ പ്ലാനിംഗ് ബോർഡുമായി ചേർന്ന് കോർപ്പറേഷനുകളുടേയും ജില്ലാ പഞ്ചായത്തുകളുടേയും അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 20.331 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിൽ കേരളത്തിലെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 21 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ വിശദീകരണക്കുറിപ്പ് (ഡി.പി.ആർ.) തയ്യാറാക്കിവരുന്നു. 2.025

മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം പാലക്കാട് കഞ്ചിക്കോട് സ്ഥാപിച്ചിട്ടുണ്ട്. 7.3779 മെഗാവാട്ട് ശേഷിയുള്ള കാറ്റിന്റെ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി അനെർട്ട് മുഖേന 10000 സൗരഗൃഹ പദ്ധതിയും സോളാർ കണക്ട് ശൃംഖലാ ബന്ധിതപദ്ധതിയും നടപ്പിലാക്കിവരുന്നു. 2012-13-ൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതിയിൽ നിലവിൽ 9100-ൽ അധികം പ്രതിഷ്ഠാപനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഒറീസ്സയിലെ ബൈതരണി വെസ്റ്റ് കൽക്കരിപ്പാടം, ഒറീസ്സ, ഗുജറാത്ത് സംസ്ഥാനങ്ങൾക്കൊപ്പം കേരളത്തിന് നേരത്തേ അനുവദിച്ചിരുന്നതാണ്. വിവിധ കാരണങ്ങളാൽ ഖനി വികസിപ്പിക്കുന്ന കാര്യത്തിലോ, അനുബന്ധ വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനോ പുരോഗതി കൈവരിക്കാനായില്ല. തുടർന്ന് ബൈതരണി കൽക്കരിപ്പാടത്തിന് നൽകിയിരുന്ന അനുമതി റദ്ദാക്കി. പുതിയ കൽക്കരിപ്പാടം അനുവദിച്ചുകിട്ടുന്നതിനും അനുയോജ്യമായിടത്ത് വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനും വേണ്ട ചർച്ചകൾ കേന്ദ്ര ഖനി-ഊർജ്ജ വകുപ്പുകളുമായും ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായും നടത്തിവരുന്നു. മേൽപ്പറഞ്ഞ ജലവൈദ്യുത പദ്ധതികൾക്ക് ബോർഡിന്റെ/സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്.

പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി താഴെ കൊടുത്തിരിക്കുന്നു :

1. ഷോളയാർ (3x18 MW) പദ്ധതിയുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾക്കുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.
2. കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3x25 MW) പുനരുദ്ധാരണ നവീകരണ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആസൂത്രണം ചെയ്തുവരുന്നു. ഇടുക്കി പദ്ധതിയുടെ ആദ്യഘട്ടത്തിലെ 3 (മൂന്ന്) മെഷീനുകളുടെ (3x130 MW) പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾക്കുള്ള 42 കോടി രൂപയുടെ ടെണ്ടർ ഇ-ദർഘാസ് ക്ഷണിച്ച് 24-9-2016-ന് വർക്ക് അവാർഡ് ചെയ്തു.

(സി) വൈദ്യുതി വിതരണ രംഗത്ത് സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡാറ്റ അക്വിസിഷൻ (സ്കാഡ) സ്മാർട്ട് ഗ്രിഡ് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് ഉപഭോക്താക്കൾക്ക് ചുവടെ ചേർത്തിരിക്കുന്ന വിധം ഉപകാരപ്രദമാകുന്നതാണ്.

1. ദ്രുതഗതിയിൽ വൈദ്യുതി തടസ്സം നീക്കി അത് പുനഃസ്ഥാപിക്കുവാൻ സ്കാഡ സംവിധാനം ഉപയോഗിച്ച് സാധിക്കുന്നതാണ്. വൈദ്യുതി ശൃംഖലയ്ക്ക് തകരാർ സംഭവിച്ച് വൈദ്യുതി മുടങ്ങുന്ന സാഹചര്യത്തിൽ ബദൽ സംവിധാനം പ്രാവർത്തികമാക്കിയാണ് പ്രസ്തുത ഉപഭോ

ക്താക്കൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ വൈദ്യുതി പുനഃസ്ഥാപിക്കുവാൻ സ്കാഡ മുഖാന്തിരം കഴിയുന്നത്. സ്കാഡയിലെ ആധുനിക വിദൂര നിയന്ത്രണ സംവിധാനങ്ങളാണ് ഇതിന് സഹായകമാകുന്നത്. വൈദ്യുതി തകരാർ സംഭവിച്ച സ്ഥാനം കൺട്രോൾ റൂമിൽ രേഖപ്പെടുത്തുകയും ആയത് കാലതാമസം കൂടാതെ പരിഹരിക്കുന്നതിന് ജീവനക്കാർക്ക് വിവരം കൈമാറുകയും, തകരാർ വേഗം പരിഹരിക്കുവാനും സാധിക്കുന്നു.

2. വിതരണ ശൃംഖലയിലെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തി ഗുണനിലവാരമുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ സാധിക്കും.

3. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കൾക്ക് എസ്.എം.എസ്. മുഖേന അറിയിപ്പായി നൽകുവാൻ സാധിക്കും.

4. സ്മാർട്ട് ഗ്രിഡ് സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് തടസ്സം കൂടാതെ വൈദ്യുതി ലഭ്യമാക്കുന്നതാണ്. വൈദ്യുതി സംഭരണ സംവിധാനത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്.

5. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ ചാർജ്ജ് ചെയ്യുവാനുള്ള സംവിധാനം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

6. സ്മാർട്ട് മീറ്ററിന്റെയും അനുബന്ധ അത്യാധുനിക ഉപകരണങ്ങളുടെയും സഹായത്തോടെ ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപഭോഗം നിയന്ത്രിക്കാനും സമയാധിഷ്ഠിത വൈദ്യുതി നിരക്കിന്റെ ആനുകൂല്യം നേടുവാനും സാധിക്കുന്നതാണ്.

**കടാശ്വാസ പദ്ധതി**

16 (*345) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. എം. എം. മണി</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ്, എഞ്ചിനീയറിംഗ് മുതലായ പ്രൊഫഷണൽ വിദ്യാഭ്യാസ ആവശ്യത്തിനായി വായ്പയെടുത്ത് കടക്കെണിയിലായവരെ രക്ഷിക്കാനായി സർക്കാർ പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ ;

(ബി) പദ്ധതി പ്രാവർത്തികമാക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കേഴ്സ് സമിതിയുമായി ചർച്ചകൾ എന്തെങ്കിലും നടത്തിയോ ; എങ്കിൽ അവരുടെ നിലപാട് എന്തായിരുന്നുവെന്ന് അറിയിക്കാമോ ;

(സി) തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിൽ നിന്ന് ഒഴിവ് നൽകുവാനും ഇക്കാലയളവിലെ പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) വിദ്യാഭ്യാസ ആവശ്യത്തിനായി വായ്പ എടുത്ത് കടക്കെണിയിലായവരെ രക്ഷിക്കാനായി സർക്കാർ ഒരു കടാശ്വാസ പദ്ധതി 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ പ്രകാരം കുടിശ്ശികയായ വായ്പാ തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശ്ശികയായ വായ്പ തിരിച്ചടക്കാൻ സർക്കാർ സഹായിക്കുന്നതാണ്. കൂടാതെ തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിന് മോറട്ടോറിയം നൽകാൻ ബാങ്കുകൾ തയ്യാറാകണമെന്നും അനൗപചാരിക മേഖലയിൽ ജോലിയെടുക്കുന്നവർക്ക് അവരുടെ ശമ്പളത്തിന്റെ നാലിലൊന്നിലേറെ തിരിച്ചടവായി ഈടാക്കാൻ പാടില്ലായെന്നും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു.

(ബി & സി) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് എസ്.എൽ.ബി.സി.-യുമായി ചർച്ചകൾ നടത്തി വരുന്നു.

**മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ**

17 (*346) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികളുടെ പ്രവൃത്തികൾ പുനഃരാരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ;

(സി) ഇവ യാഥാർത്ഥ്യമാകുന്നതോടെ എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് കൂടുതൽ ഉൽപ്പാദിപ്പിക്കാനാകുമെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്.

1. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്)
2. തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്)
3. ചാത്തൻകോട്ടുനട സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്)

(ബി) മുടങ്ങിക്കിടക്കുന്ന ശേഷിക്കുന്ന ജോലികൾക്ക് സാങ്കേതികവും കരാർ പ്രകാരവുമുള്ള തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തികൾ മൂന്ന് മാസത്തിനകം പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതികൾ വഴി 106 മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിക്കാനാകും.

**ജലം അടിസ്ഥാന വിഭവമായുള്ള കമ്പനികൾ**

18 (*347) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലം അടിസ്ഥാന വിഭവമായി ആകെ എത്ര തദ്ദേശീയ അന്തർദ്ദേശീയ കമ്പനികൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്പനികൾ ഓരോ വർഷവും കേരളത്തിൽ നിന്ന് ശേഖരിച്ച് വില്പന നടത്തുന്ന ജലത്തിന്റെ കണക്ക് ലഭ്യമാക്കാമോ ;

(സി) ഇത്തരം കമ്പനികളിൽ നിന്ന് പ്രകൃതി ചൂഷണ സെസ്സ് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിനായി പ്രത്യേക നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) ജലം അടിസ്ഥാന വിഭവമാക്കി പ്രവർത്തിക്കുന്ന 115 കുപ്പിവെള്ള കമ്പനികൾക്ക് സംസ്ഥാനത്ത് ഭൂജല അതോറിറ്റി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇവയിൽ ചിലത് പ്രവർത്തനമാരംഭിച്ചിട്ടില്ല.

(ബി) 115 കുപ്പിവെള്ള കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിലും പലതും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഭൂജല അതോറിറ്റിയുടെ അനുമതി കൂടാതെ പ്രവർത്തിക്കുന്ന കമ്പനികളും നിലവിലുണ്ട്. ആയതിനാൽ ഇവയുടെ ജല വിനിയോഗത്തിന്റെ കൃത്യമായ അളവ് ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്. ഭൂജല സെസ്സ് ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം പരിഗണന യിലാണ്.

**സ്മൈൽ പദ്ധതി**

19 (*348) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയ "സ്മൈൽ" പദ്ധതി പ്രകാരം അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിച്ചില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം നടപ്പിലാക്കിയ പല പദ്ധതികളും കായിക രംഗത്ത് ഉപകാരപ്രദമായില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും അഴിമതി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) കായികരംഗത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി മറ്റെന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കായികരംഗത്തെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിയ സ്പൈസൽ ഉൾപ്പെടെയുള്ള പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് കായിക മേഖലയിൽ മുന്നേറ്റമുണ്ടാക്കാൻ സഹായകമായിട്ടുണ്ട്. ഇത്തരം പദ്ധതികളിലൂടെ കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചുവെങ്കിലും കളിയിടങ്ങളുടെ ചുമതല വഹിക്കുന്ന ഏജൻസികൾ അവയുടെ പരിപാലനം യഥാവിധി നടത്താത്തതിനാൽ അവയുടെ സംരക്ഷണത്തെ ബാധിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ചില സ്ഥലങ്ങളിൽ പോരായ്മകൾ സൂചിപ്പിച്ച് പരാതികൾ ഈ വകുപ്പിൽ ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം പരിശോധിച്ച് കുറവുകൾ തീർക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതി നടത്തിപ്പിൽ നിലവിൽ അഴിമതി കണ്ടെത്തിയിട്ടില്ല.

(ഡി) സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുവേണ്ടി ആകെ 635 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും നീക്കി വയ്ക്കുന്നതാണെന്ന് 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## ആഗോളീകരണ, ഉദാരീകരണ സാമ്പത്തിക നയങ്ങൾമൂലമുള്ള കെടുതി

20 (*349) <u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളീകരണ, ഉദാരീകരണ സാമ്പത്തികനയങ്ങൾ സംസ്ഥാനത്തെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മേഖലകളേയും ജനങ്ങളേയും ഏതെല്ലാം വിധത്തിൽ പ്രതികൂലമായി ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സാമ്പത്തിക നയങ്ങളുടെ കെടുതിയിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും താഴേക്കിടയിലുള്ള ജനവിഭാഗത്തിന്റെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ,

(എ) ആഗോളവൽക്കരണത്തെയും ഉദാരവൽക്കരണത്തെയും തുടർന്നുണ്ടായ സാമ്പത്തിക സ്ഥിതിവിശേഷം സംസ്ഥാനത്തും പ്രത്യാഘാതങ്ങൾ ഉളവാക്കിയിട്ടുണ്ട്. ആഗോളവൽക്കരണം സംസ്ഥാനത്തിന്റെ പരമ്പരാഗത മേഖലയായ മത്സ്യബന്ധനം, കൈത്തറി, ബീഡി, ഖാദി മുതലായവയെയും വ്യവസായ, കാർഷിക മേഖലകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആഗോള സാമ്പത്തിക പ്രതിസന്ധിയും തൽഫലമായി വികസിത രാജ്യങ്ങളിലുണ്ടായ സാമ്പത്തിക വളർച്ചാമാന്ദ്യവും നമ്മുടെ സംസ്ഥാനത്തെയും ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ്, നിർമ്മാണ മേഖലയിലെ മാന്ദ്യം, സേവനമേഖലയിലെ തൊഴിൽ അവസരങ്ങളിലുണ്ടാകുന്ന കുറവ്, ടൂറിസം മേഖലയിലെ തൊഴിൽ സാധ്യതകളിലും വരുമാനത്തിലും ഉണ്ടാകുന്ന ഇടിവ് എന്നിവയാണ് സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ. WTO കരാറിന്റെ ഫലമായി സബ്സിഡികൾ എടുത്തു കളയേണ്ടിവന്നത് കാർഷിക മേഖലയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്. ഉയർന്ന സാമ്പത്തിക വളർച്ചയ്ക്കിടയിലും വർദ്ധിച്ചുവരുന്ന സാമ്പത്തിക അസമത്വം ആഗോളവൽക്കരണ നയങ്ങളുടെ പ്രകടമായ ലക്ഷണമാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലയെയും ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നഗരവൽക്കരണം വർദ്ധിക്കുകയും ഇത് സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) ആഗോള സാമ്പത്തിക വൽക്കരണത്തിന്റെയും സാമ്പത്തിക മാന്ദ്യത്തിന്റെയും പ്രത്യാഘാതങ്ങളിൽ നിന്ന് സംസ്ഥാനത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിനായി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി**

21 (*350) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി യു. പ്രതിഭാ ഹരി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി അവലോകനം നടത്തിയിരുന്നോ ; വിശദാംശം നൽകുമോ ;

(ബി) ഏതൊക്കെ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്നും അതിന്റെ മുഖ്യകാരണങ്ങളും അറിയിക്കാമോ ;

(സി) അഴിമതികൊണ്ടും കെടുകാര്യസ്ഥത കൊണ്ടും നാശോന്മുഖമായ പൊതു മേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും എന്തൊക്കെ പദ്ധതികൾ ഉണ്ടെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകനയോഗങ്ങൾ റിയാബ് മുഖേന നടത്തുകയുണ്ടായി. കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കി വിപണനത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലുണ്ടായ കാലതാമസം സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മത്സരക്ഷമമാകുവാൻ കഴിയാഞ്ഞതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് മിക്ക സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2015-2016-ലെ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവൽക്കരണവും വിപുലീകരണവും ഉൽപ്പാദന വൈവിദ്ധ്യവൽക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത് സാമ്പത്തിക ലഭ്യതകൂടി കണക്കിലെടുത്തായിരിക്കും. ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കും തുടർ നടപടികൾ കൈക്കൊള്ളുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കയർ മേഖലയുടെ വികസനത്തിനായി നൂതന പദ്ധതി

22 (*351) ശ്രീ. ബി. സത്യൻ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) രണ്ടാം കയർ പുനഃസംഘടനാ പരിപാടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പരമ്പരാഗത കയറും കയറുൽപ്പന്നങ്ങളും സർക്കാർ സംഭരിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പ്രസ്തുത മേഖലയുടെ ഉന്നമനത്തിനായി കയർ മേഖലയ്ക്കുള്ള വിഹിതം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കയർ മേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയും എല്ലാ നിയന്ത്രണങ്ങളും നീക്കുകയും ചെയ്യും. ചകിരി ഉൽപ്പാദന യൂണിറ്റുകൾക്ക് 50 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും തൊണ്ട് സംഭരണത്തിന് പിന്തുണയും നൽകുന്നുണ്ട്. ഉൽപ്പന്നമേഖലയിൽ കയർബോർഡ് സബ്സിഡികൾക്കു പുറമേ 10 ശതമാനം അധിക സബ്സഡി നൽകും. ആലപ്പുഴയിൽ പി.വി.സി. കയർ അവശിഷ്ടങ്ങൾ ഉപയോഗിച്ച് ബോർഡ് ഫാക്ടറി ആരംഭിക്കും. കൂടാതെ 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പി.പി.എസ്.എസ്. ഫണ്ട് 17 കോടിയിൽ നിന്നും (നിലവിലുള്ള ബഡ്ജറ്റ് വിഹിതം) 100 കോടിയായി ഉയർത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതിനായി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 15 കോടി രൂപ വകയിരുത്തി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കയർ, കയർഫെഡ് വഴിയും, കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴിയും സംഭരിച്ചുവരുന്നു.

(ഡി) കയർ മേഖലയുടെ വികസനത്തിനായി 2016-17 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ നേരത്തേ വകയിരുത്തിയ 117 കോടി രൂപ വർദ്ധിപ്പിച്ച് 232 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിൽ ക്രയവിലസ്ഥിരതാ ഫണ്ട് 17 കോടി രൂപയിൽ നിന്നും 100 കോടി രൂപയായും പുനഃസംഘടനയ്ക്കും മാനേജീരിയൽ സബ്സിഡിക്കുമായി 15 കോടി രൂപയും അധികം വകയിരുത്തിയിട്ടുണ്ട്.

**ദേവസ്വം ബോർഡിന്റെ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി**

23 (*352) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ & ബി) ദേവസ്വം ബോർഡുകളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് മലബാർ ദേവസ്വം ഒഴികെയുള്ള ദേവസ്വം ബോർഡുകളിൽ തഹസിൽദാർ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമേ എൽ.എ.സി. ആക്ട് പ്രകാരം ഭൂമി തിരിച്ചു പിടിക്കുന്നതിന് ബന്ധപ്പെട്ട കളക്ടർമാർക്ക് അധികാരവുമുണ്ട്. ഇതിനായി ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

**സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ വരുത്തുന്ന മാറ്റങ്ങൾ**

24 (*353) ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണ ബാങ്കിംഗ് മേഖലയിൽ റിസർവ് ബാങ്ക് ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്നും ആയത് സഹകരണ മേഖലയെ ഏത് തരത്തിലാണ് ബാധിക്കുന്നതെന്നും വെളിപ്പെടുത്തുമോ ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ കാതലായ ചില മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി സഹകരണ ബാങ്കുകളെ നിലവിലെ ത്രിതല ഘടനയിൽ നിന്നും ദ്വിതല ഘടനയിലേക്ക് പരിവർത്തനപ്പെടുത്തുന്നതിനും സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ബാങ്കുകളുടെ ഒരു അപ്പെക്സ് സ്ഥാപനമായി കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനും അതുവഴി ധനനിക്ഷേപങ്ങളും ക്രെഡിറ്റും സംസ്ഥാനത്ത് വളർത്തിക്കൊണ്ടുവരുന്നതിനും അടിസ്ഥാന സൗകര്യങ്ങളും പ്രാദേശിക വികസനവും സാരവത്തായി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നു. നിലവിലുള്ള പലിശ നിരക്കിൽ ഗണ്യമായ കുറവ് സാധ്യമാക്കുക, ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പുത്തൻ ഉണർവ് നൽകാൻ സാധിക്കത്തക്കവിധം ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുക, പലിശ കുറഞ്ഞ വായ്പ ലഭ്യമാക്കി കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി വർത്തിക്കുവാൻ സഹകരണ ബാങ്കുകളെ പ്രാപ്തരാക്കുക, ആധുനിക ബാങ്കിംഗ് മേഖലയിലെ എല്ലാ സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കി ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുന്നതിന് പ്രാപ്തരാക്കുക തുടങ്ങി സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാധ്യമാക്കുന്ന പദ്ധതികളിൽ നിർണ്ണായക പങ്കുവഹിക്കുവാൻ സാധിക്കത്തക്ക രീതിയിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ബാങ്കിംഗ് നിയമ ഭേദഗതിയിലൂടെ സഹകരണ ബാങ്കുകളുടെമേൽ റിസർവ് ബാങ്കിനുള്ള നിയന്ത്രണ അധികാരം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുകയും വായ്പാ നയത്തിന്റെ ഭാഗമായി സഹകരണ ബാങ്കുകളുടെ സി.ആർ.ആർ. (Cash Reserve Ratio)/എസ്.എൽ.ആർ. (Statutory Liquidity Ratio) നിരക്കുകൾ വാണിജ്യ ബാങ്കുകൾക്ക് സമാനമായി മാറ്റുകയും ചെയ്തു. സഹകരണ ബാങ്കുകൾ ധനസഹായ ബാങ്കുകളിൽ നിക്ഷേപിച്ചിരുന്ന എസ്.എൽ.ആർ. നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്നും സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ 31-3-2017-ൽ 9 ശതമാനം മൂലധന പര്യാപ്തതാ അനുപാതം കൈവരിക്കണമെന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ചിരിക്കുന്നു. ആർ.ബി.ഐ. ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാനോ ബാങ്ക് എന്ന പദം അവരുടെ

പേരിനൊപ്പം ചേർക്കാനോ പാടില്ലെന്ന വ്യവസ്ഥ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാവുന്ന വിവിധതരം വായ്പകളുടെ പരിധി, ഭവന വായ്പാ വിതരണം എന്നിവയിലുള്ള നിയന്ത്രണം, സഹകരണ ബാങ്കുകളുടെ മേൽ ഏർപ്പെടുത്തുന്ന പ്രവർത്തന നിയന്ത്രണം തുടങ്ങിയ രീതിയിൽ സഹകരണ ബാങ്കിംഗ് മേഖലയിൽ റിസർവ് ബാങ്ക് ഇടപെടലുകൾ നടത്തുന്നു. നിയമപരമായി സൂക്ഷിക്കേണ്ട സി.ആർ.ആർ./എസ്.എൽ.ആർ. നിരക്കുകളിലെ വ്യതിയാനം ബാങ്കുകളുടെ വായ്പ നൽകാനുള്ള പണത്തിന്റെ ലഭ്യതയിൽ കുറവുവരുത്തുന്നു. ഇത് ബാങ്കുകളുടെ ലാഭക്ഷമതയെ ബാധിക്കുന്നു. സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ. നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്ന നിർദ്ദേശം ധനസഹായ ബാങ്കുകളിലെ നിക്ഷേപത്തെയും വായ്പാ പ്രവർത്തനത്തെയും ബാധിക്കുന്നുണ്ട്.

## പ്രവാസികൾക്കുവേണ്ടി കെ.എസ്.എഫ്.ഇ. ചിട്ടി

25 (*354) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കുവേണ്ടി ചിട്ടി നടത്തുന്നതിന് കെ.എസ്.എഫ്.ഇ-യ്ക്ക് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; അതിലെ വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) നിലവിലുള്ള ചിട്ടി നിയമ വ്യവസ്ഥകൾക്കുപരിയായി എന്തെല്ലാം കാര്യങ്ങളാണ് പ്രവാസികൾക്കുവേണ്ടിയുള്ള ചിട്ടി നടത്തുവാൻ സർക്കാർ ചെയ്യേണ്ടത്;

(സി) പ്രവാസികൾക്കുവേണ്ടി ചിട്ടി നടത്തുമ്പോൾ അതിലേക്ക് കെ.എസ്.എഫ്.ഇ. അടക്കേണ്ട സെക്യൂരിറ്റി തുക കിഫ്ബിയിൽ നിക്ഷേപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള ഇളവ് റിസർവ് ബാങ്ക് നൽകിയിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 13-4-2015-ലെ 2271-ാം നമ്പർ ഇന്ത്യാ ഗസറ്റ് പ്രകാരം ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (ഫെമ)-ൽ ഭേദഗതി വരുത്തി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രവാസികൾക്ക് ബാങ്ക് മുഖേന നോൺ-റീപാടിയേഷൻ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചിട്ടിയിൽ ചേരാവുന്നതാണ്. ഇതിലേയ്ക്ക് കെ.എസ്.എഫ്.ഇ.-യ്ക്ക് റിസർവ് ബാങ്കിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. ചിട്ടി രജിസ്ട്രാർക്കോ ഇതിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ചിട്ടിത്തവണ സ്വീകരിക്കുവാൻ അനുമതി നൽകാവുന്നതാണ്.

(ബി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിൽ വരുത്തിയ ഭേദഗതികൾക്ക് വിധേയമായി പ്രവാസി ഭാരതീയരിൽ നിന്ന് ചിട്ടിത്തവണ സ്വീകരിക്കാൻ G.O.(ms) No. 136/2015/TD തീയതി 29-7-2015 പ്രകാരം സർക്കാർ കെ.എസ്.എഫ്.ഇ.-ക്ക് അനുമതി നൽകിയിട്ടുണ്ട്. റിസർവ് ബാങ്ക് നിയമങ്ങൾക്കും കേന്ദ്ര ചിട്ടി നിയമത്തിനും കേരള സർക്കാർ പുറപ്പെടുവിച്ച ചിട്ടി റൂളുകൾക്കും അനുസൃതമായിട്ടാണ് പ്രവാസികളെ ചിട്ടിയിൽ പ്രവേശിപ്പിക്കുക. ഇതിനാവശ്യമായ സാങ്കേതിക, മാർക്കറ്റിംഗ് സംവിധാനങ്ങൾ കെ.എസ്.എഫ്.ഇ.-യിൽ ഒരുക്കേണ്ടതുണ്ട്.

(സി) സെക്യൂരിറ്റികൾ കിഫ്ബിയിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

**സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

26 (*356) ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജ വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ഇവ എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ & ബി) ആവിഷ്ക്കരിച്ചിട്ടുണ്ട്. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളാണ് പതിനായിരം സൗരഗൃഹപദ്ധതിയും സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയും. 10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് 2012-13 കാലയളവിൽ അനെർട്ട് ആരംഭിച്ച പതിനായിരം സൗരഗൃഹ പദ്ധതിയിൽ 1 കിലോവാട്ട് ശേഷിയുള്ള സൗരനിലയങ്ങൾ സംസ്ഥാനത്തുടനീളമുള്ള 10000 മേൽക്കൂരകളിലായാണ് സ്ഥാപിക്കുക. സൗരനില

യങ്ങളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി ഇതോടൊപ്പമുള്ള ബാറ്ററിയിൽ സംഭരിച്ച് ഉപയോഗിക്കുവാൻ സാധിക്കുന്ന പദ്ധതിയിൽ ഇതുവരെയായി 9900-ത്തിലധികം എണ്ണം സ്ഥാപിച്ചുകഴിഞ്ഞു. ഇതുവഴി സംസ്ഥാനത്തിന്റെ സ്ഥാപിതശേഷിയിൽ 9.9 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സ്ഥാപിതശേഷിയിൽ 15 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി. 2 കിലോവാട്ട് മുതൽ 50 കിലോവാട്ട് വരെ സൗരനിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയിൽ അപേക്ഷിക്കുന്നവർക്ക് കേന്ദ്ര സർക്കാർ ധനസഹായമായി പരമാവധി 24,000 രൂപയും സംസ്ഥാന സർക്കാർ ധനസഹായമായി 10,000 രൂപയും പ്രതി കിലോവാട്ടിന് ലഭ്യമാക്കുന്നതാണ്. ഇത്തരത്തിൽ അപേക്ഷ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾ വിതരണ ലൈസൻസിയുടെ ശൃംഖലാബന്ധനത്തിനുള്ള അനുമതി ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ 15 മെഗാവാട്ടോളം സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചതിൽ 6 മെഗാവാട്ടോളം സൗരനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പ്രതിഷ്ഠാപന റിപ്പോർട്ട് അനെർട്ടിൽ ലഭിക്കുകയും അതിൽ 4.7 മെഗാവാട്ട് സൗരനിലയങ്ങൾ സ്ഥാപിക്കാനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

അനെർട്ടിന്റെ മേൽനോട്ടത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തുള്ള അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ 599 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് പദ്ധതികൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 262 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് പദ്ധതിയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. 4.548 മെഗാവാട്ടിന്റെ 10 സോളാർ പദ്ധതികൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് നേരിട്ട് സംസ്ഥാനത്ത് നടപ്പിലാക്കി. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* 200 മെഗാവാട്ടിന്റെ വൻകിട സോളാർ പദ്ധതി കെ.എസ്.ഇ.ബി.എൽ.-ഉം Solar Energy Corporation-നും ചേർന്ന് കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിവരുന്നു. ഇതിൽ ആദ്യ 50 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സിയാൽ സ്ഥാപിച്ച 15.4 മെഗാവാട്ടിന്റെ സോളാർ പദ്ധതി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. 148 ഉപഭോക്താക്കളുടെ ആകെ 2.8942 മെഗാവാട്ടിന്റെ പദ്ധതികളും കെ.എസ്.ഇ.ബി. എൽ.-ന്റെ ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇപ്പോൾ നടത്തിവരുന്ന 14.363 മെഗാവാട്ടിന്റെ 18 പദ്ധതികളുടേയും, ടെണ്ടർ ഘട്ടത്തിലുള്ള 4.22 മെഗാവാട്ടിന്റെ നാല് പദ്ധതികളുടെയും പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* 200 MW-ന്റെ പുതിയൊരു സോളാർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) പകൽ സമയത്തെ ഊർജ്ജ ആവശ്യകത നിറവേറ്റാനായി പുറത്തു നിന്നും വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ അളവിൽ നേരിയ ക്രമീകരണം വരുത്താൻ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനംമൂലം കഴിയുന്നുണ്ട്. കൂടാതെ ഉപഭോക്താക്കളെ സ്വയം വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പ്രോത്സാഹിപ്പിക്കാനും, Renewable purchase obligation നിറവേറ്റുന്നതിനും, സൗരോർജ്ജ പദ്ധതികളുടെ നടത്തിപ്പിലൂടെ സാധിക്കുന്നുണ്ട്. അനെർട്ട് നടപ്പിലാക്കിയ പതിനായിരം സൗരഗൃഹ പദ്ധതി വഴി സംസ്ഥാനത്തിന്റെ സ്ഥാപിതശേഷിയിൽ 10 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ വീടുകൾ/സ്ഥാപനങ്ങളുടെ മേൽക്കൂരകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ തുടർന്നും നടപ്പിലാക്കുക വഴി സംസ്ഥാനം നേരിടുന്ന ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം കാണുവാനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ചെറിയ തോതിലെങ്കിലും സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം സഹായകരമാകുമെന്നാണ് കരുതുന്നത്.

**സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം**

27 (*357) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ഉണ്ണി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദ്യ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്നു വ്യക്തമാക്കാമോ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള എല്ലാ അപേക്ഷകൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ മൊബൈൽ ഫോൺ, ഇ-മെയിൽ എന്നിവയിലൂടെ അറിയിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി.എൽ.-ഉം നടത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയുണ്ടായി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 26-8-2016-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 18/2016/ഊ.വ. പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല ഉന്നതാധികാര സമിതി, ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് സമിതി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മുൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടറായ ശ്രീ. കെ. അശോകൻ ചെയർമാനായ സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതി, ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ എം.എൽ.എ. ചെയർമാനായ നിയോജക മണ്ഡലതല മോണിട്ടറിംഗ് സമിതി, ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പൽ കൗൺസിലിലും മുനിസിപ്പൽ കോർപ്പറേഷനിലും നിർവ്വാഹക സമിതികൾ എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ അവലോകന യോഗങ്ങൾ നടന്നുവരുന്നു. വൈദ്യുതി ലഭിക്കാത്ത ഭവനങ്ങൾ കണ്ടെത്തി ഗുണഭോക്താക്കളുടെ അന്തിമ പട്ടിക 24-9-2016-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നിലവിൽ 116596 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അന്തിമ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി വൈദ്യുതി വിതരണ ശൃംഖല വികസിപ്പിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കിവരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം ഏകദേശം 160 കോടി രൂപയാണ് വിതരണ ശൃംഖല വിപുലീകരിച്ച് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടിവരുന്നത്. ഒറ്റപ്പെട്ട കോളനികളിലും വനാന്തരപ്രദേശങ്ങളിലും DDG-Micro Grid സംവിധാനത്തിലൂടെയാകും വൈദ്യുതി എത്തിക്കുക. ആയതിനുള്ള തുക ഇതിൽ ഉൾപ്പെട്ടിട്ടില്ല. ഒരു നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടുന്നതിന് ആവശ്യമായ തുകയുടെ 50 ശതമാനം (പരമാവധി 1 കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി. ചെലവാക്കാനും ബാക്കി തുക LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്ന് കണ്ടെത്തുവാനുമാണ് ഉദ്ദേശിക്കുന്നത്.

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടുന്ന രേഖകൾ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ലാണ് നിഷ്കർഷിച്ചിട്ടുള്ളത്. നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി കണക്ഷൻ ലഭിക്കുന്നതിന് തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ രേഖ എന്നിങ്ങനെ രണ്ട് രേഖകൾ മാത്രം നിഷ്കർഷിച്ചുകൊണ്ട് സപ്ലൈ കോഡിലെ റെഗുലേഷനുകളിൽ മാറ്റം വരുത്തണമെന്ന് KSERC-യോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സമർപ്പിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാൻ 6-10-2016-ലെ സ.ഉ.(എം.എസ്.) നമ്പർ 22/2016/ പി.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള എല്ലാ അപേക്ഷകൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്വെയർ പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉടമസ്ഥാവകാശം മാറ്റൽ, താരിഫ് മാറ്റൽ മുതലായവയ്ക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവയിൽക്കൂടി തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി പ്രവർത്തനസജ്ജമാണ്. പ്രസ്തുത പദ്ധതി 7-9-2016 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഉള്ളൂർ, കേശവദാസപുരം എന്നീ സെക്ഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്രീകൃത ബില്ലിംഗ് - സെർവ്വർ കമ്പ്യൂട്ടർ സംവിധാനം തയ്യാറാക്കുന്ന ബിൽ സംബന്ധിച്ച വിവരങ്ങൾ - ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ എസ്.എം.എസ്. ആയും ഇ-മെയിൽ ആയും മൊബൈൽ ആപ്ലിക്കേഷൻ വഴിയും അറിയിക്കുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ബില്ലിൽ വ്യത്യാസം വരുന്നുവെന്ന പരാതിയും ബിൽ തന്നെ ലഭ്യമാകുന്നില്ലെന്നുള്ള പരാതിയും പൂർണ്ണമായി ഒഴിവാക്കാൻ കഴിയും. കേരളത്തിലെ 777 സെക്ഷനുകളിൽ വരുന്ന 1.16 കോടി ഉപഭോക്താക്കൾക്കും ഈ സേവനം നൽകുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുത്തി വരുന്നു.

## സോളാർ വൈദ്യുതി

28 (*358) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങളെ സോളാർ വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കാനുള്ള സമഗ്രപദ്ധതി പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ സിയാൽ മാതൃക സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിന് മുന്നോടിയായി സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി ഉപഭോഗം സംബന്ധിച്ച വിവരശേഖരണം നടത്താൻ നിർദ്ദേശം നൽകുമോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ,

(എ) കെ.എസ്.ഇ.ബി.എൽ.-ഉം, സി-ഡിറ്റും, അനെർട്ടും ചേർന്ന് ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ എന്നിവയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 82 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പ്ലാനിംഗ് ബോർഡുമായി ചേർന്ന് ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിലും തരിശ് ഭൂമിയിലുമായി 20.331 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുവായി സർക്കാർ സ്ഥാപനങ്ങളെ സൗരവൈദ്യുതോത്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനായി സമഗ്ര പദ്ധതി അനെർട്ട് തയ്യാറാക്കിയിട്ടില്ല. എന്നാൽ നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പാക്കിവരുന്ന സൗര മേൽക്കൂര വൈദ്യുത നിലയ പദ്ധതിയിലും സോളാർ കണക്ട് എന്ന ശൃംഖലാബന്ധിത സൗരവൈദ്യുത നിലയ പദ്ധതിയിലും ഒട്ടേറെ സർക്കാർ സ്ഥാപനങ്ങൾ സൗരവൈദ്യുതോത്പാദന നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ആവശ്യമായ തോതിൽ സ്ഥല ലഭ്യതയുള്ള സർക്കാർ സ്ഥാപനങ്ങളെ സൗരവൈദ്യുതോത്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനായി സിയാൽ മാതൃകയിൽ ഉയർന്ന ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കുകയും അവ സംസ്ഥാനത്തെ വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നത് ഗുണകരമാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുക്കുന്ന കരാറുകൾ വഴി സോളാർ നിലയങ്ങൾ സ്ഥാപിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## ഊർജ്ജ ഓഡിറ്റിംഗ്

29 (*359) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ഊർജ്ജ ഓഡിറ്റിംഗ് നടത്താറുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) സർക്കാർ സ്ഥാപനങ്ങളിലും ചെറുകിട സ്ഥാപനങ്ങളിലും എനർജി ഓഡിറ്റിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എനർജി മാനേജ്മെന്റ് രംഗത്ത് പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

(ഡി) ഇതുസംബന്ധിച്ച് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ,

(എ) സംസ്ഥാനത്തെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT/ EHT) ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 35 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. 127 സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് ഇ.എം.സി.-ക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ ഊർജ്ജ സംരക്ഷണ നിയമം 2001 പ്രകാരം സംസ്ഥാനത്തെ 9 വൻകിട ഊർജ്ജ ഉപഭോക്താക്കളെ 'ഡെസിഗ്നേറ്റഡ് കൺസ്യൂമർ' ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഊർജ്ജ ഓഡിറ്റ് നിർബന്ധമാണ്. ഈ സ്ഥാപനങ്ങൾ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി Acredited Energy Auditors ആയി 219 സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി. 12 സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്.

(ബി) ഇ.എം.സി.-യുടെ ആഭിമുഖ്യത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ സൗജന്യമായി ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 4 സ്ഥാപനങ്ങളിലും 2015-16 സാമ്പത്തിക വർഷത്തിൽ 3 സ്ഥാപന ങ്ങളിലും ഓഡിറ്റിംഗ് പൂർത്തിയാക്കി. 2016-17 സാമ്പത്തിക വർഷത്തിൽ 4 സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് പൂർത്തിയായിവരുന്നു. കൂടാതെ പൊതുമേഖലാ

സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 50 ശതമാനം സബ്സിഡി നൽകുന്നുണ്ട്. സംസ്ഥാനത്തെ ചെറുകിട സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 'walk through energy audit scheme' എന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ 53 സ്ഥാപനങ്ങളും, 2016-17 സാമ്പത്തിക വർഷത്തിൽ 40 സ്ഥാപനങ്ങളിലും ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഇ.എം.സി. 35 എനർജി ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പടെ നാല് സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി. എനർജി ഓഡിറ്റിംഗ് നടത്തിവരുന്നു.

(സി) ഊർജ്ജ മേഖലയിൽ പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷകർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകിവരുന്നു. 2015-16 കാലയളവിൽ, ബയോഗ്യാസ് ചൂളയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പഠനം, ഗാർഹിക മേഖലയിലെ വൈദ്യുത ഉപഭോഗം മെച്ചപ്പെടുത്തുന്നതിനുള്ള സർവ്വേയും പഠനവും, കേരളത്തിലെ വീടുകളിലെ ഫിലമെന്റ് ബൾബുകൾ, സി.എഫ്.എൽ., എൽ.ഇ.ഡി. മുതലായ ബൾബുകളുടെ ഉപയോഗത്തെ കുറിച്ചുള്ള വിശദമായ സർവ്വേയും പഠനവും തുടങ്ങിയ ഗവേഷണ പ്രോജക്ടുകൾക്ക് സഹായം എനർജി മാനേജ്മെന്റ് സെന്റർ മുഖേന നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ഊർജ്ജ മേഖലയിലെ അക്കാദമിക് പ്രോജക്ടുകൾ ചെയ്യുന്നതിനായി സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന ഇ.സി.ഇ.ഇ. (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി) നാഷണൽ സർവ്വീസ് സ്കീം വഴി ഊർജ്ജ സംരക്ഷണ പഠനം പ്രാഥമിക ഘട്ടം മലപ്പുറം ജില്ലയിൽ പൂർത്തിയായിട്ടുണ്ട്.

(ഡി) ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ മേഖലയിൽ നടത്തുന്ന പ്രചാരണ പരിപാടികൾ, ഗവേഷണങ്ങൾ എന്നിവ പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുവാൻ ആലോചിക്കുന്നുണ്ട്.

### വ്യവസായ മേഖലയെക്കുറിച്ച് സമഗ്രമായ പഠനം

30 (*360) <u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ നിയമങ്ങളിലും അവയുടെ പ്രയോഗത്തിലും എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വ്യവസായ മേഖലയെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) വ്യവസായ വികസനത്തിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തം സംബന്ധിച്ച നിലപാട് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) കേരള പഞ്ചായത്തിരാജ് നിയമം, മുനിസിപ്പാലിറ്റി നിയമം, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് നിയമം, തൊഴിൽ നിയമം, കേരള ഏകജാലക സംവിധാന ബോർഡ് ആന്റ് വ്യവസായ ഏരിയ വികസന നിയമം എന്നിവയാണ് സംസ്ഥാനത്ത് വ്യവസായ സ്ഥാപനവുമായി ബന്ധപ്പെട്ട നിയമങ്ങൾ. ഇവയിൽ മാറ്റം കൊണ്ടുവരുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല.

(ബി) സംസ്ഥാനത്തെ വ്യവസായ മേഖലയെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ട്. കൊച്ചിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ആന്റ് ഡെവലപ്മെന്റ് (ISED)-യാണ് പഠനം നടത്തിയത്. സംരംഭ സാദ്ധ്യതകൾ, മത്സരശേഷി, വനിതാ വ്യവസായം, വ്യവസായ ക്ലസ്റ്ററുകൾ, പുതിയ മേഖലകൾ എന്നിവയായിരുന്നു പഠന വിഷയങ്ങൾ. കേരളത്തിലെ വൈദഗ്ധ്യവും സാദ്ധ്യതകളും, പൊതു-സ്വകാര്യ മേഖലകൾ, സൂക്ഷ്മ പരിശോധന വേണ്ട വിഷയങ്ങൾ, സംരംഭ വികസനത്തിനായുള്ള പുതിയ കാഴ്ചപ്പാടുകൾ, കേരളത്തിലെ വ്യവസായ അനുകൂല ഘടകങ്ങൾ, വ്യവസായ മേഖലയുടെ വളർച്ചയ്ക്കാവശ്യമായ ശിപാർശകൾ എന്നിവ പഠന റിപ്പോർട്ടിന്റെ ഭാഗമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകനയോഗങ്ങൾ റിയാബ് (Public Sector Restructuring and Internal Audit Board (RIAB)) മുഖേന നടന്നുകഴിഞ്ഞു.

(സി) വ്യവസായ വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ചെറുതല്ല. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിലെ ഭൂരിഭാഗം സ്ഥാപനങ്ങളും സ്വകാര്യ മേഖലയിലാണ്. മൂലധന നിക്ഷേപം, ഉത്പാദന വളർച്ച, നികുതി വരുമാനം എന്നിവയിലൂടെ സംസ്ഥാനത്തിന്റെ വളർച്ച ഉറപ്പുവരുത്തുവാൻ സ്വകാര്യ മേഖലയെ പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### രണ്ടു വർഷത്തിലധികം സർവ്വീസുള്ള വികലാംഗർക്ക് മിനിമം പെൻഷൻ

1 (T* 2976) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിലെ രണ്ട് വർഷത്തിലധികം സർവ്വീസുള്ള വികലാംഗർക്ക് മിനിമം പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 40% അംഗവൈകല്യമുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 3 വർഷം യോഗ്യ സേവനകാലമുണ്ടെങ്കിൽ മിനിമം പെൻഷൻ അനുവദിച്ചുകൊണ്ട് 8-11-1996-ലെ സ.ഉ (അ) നമ്പർ 897/96/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ രണ്ട് വർഷത്തിലധികമുള്ള സർവ്വീസ് മൂന്നുവർഷമായി റൗണ്ട് ചെയ്യാവുന്നതാണ്.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

### താലൂക്ക് ഓഫീസിന്റെ ഫർണിഷിംഗിന് ഫണ്ട് അനുവദിക്കുവാൻ നടപടി

2 (2977) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉടുമ്പൻചോല താലൂക്ക് ഓഫീസിന്റെ പ്രവർത്തനം താലൂക്ക് ആസ്ഥാനമായ നെടുംകണ്ടത്ത് പണി കഴിപ്പിച്ച സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് ആവശ്യമായ ഫർണിഷിംഗിന് ഫണ്ട് അനുവദിക്കുന്നതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ?

ഉത്തരം

ഇടുക്കി ജില്ലയിലെ റവന്യൂ ഓഫീസുകൾ ഉടുമ്പൻചോല മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് ഓഫീസ് ഫർണിഷിംഗിന് ആവശ്യമായ 26,66,034 രൂപ 2053-00-094-99-05 (04) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പെൻഷൻ പാസ്സ് ബുക്കിന്റെ സ്റ്റോക്ക്**

3 (2978) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കോട്ടക്കകത്ത് പ്രവർത്തിക്കുന്ന പെൻഷൻ ട്രഷറിയിൽ പെൻഷൻ തുക പതിച്ച് നൽകുന്ന പാസ്സ്ബുക്ക് സ്റ്റോക്കില്ലാതായിട്ട് രണ്ട് മാസം കഴിഞ്ഞു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിയന്തിരമായി പാസ്സ്ബുക്ക് പ്രിൻറ് ചെയ്ത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാസ്സ് ബുക്കിന്റെ സ്റ്റോക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 20,000 പാസ്സ് ബുക്കുകൾ കൂടി നിർമ്മിക്കുന്നതിനുള്ള ആവശ്യപത്രം അച്ചടി വകുപ്പ് ഡയറക്ടർക്ക് 6-10-2016-ൽ സമർപ്പിച്ചിട്ടുള്ളതായി ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**പി.കെ. കാളൻ കുടുംബ പദ്ധതി**

4 (2979) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച പി. കെ. കാളൻ കുടുംബ പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ & ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് പി.കെ. കാളൻ കുടുംബ പദ്ധതി. ആദിവാസി മേഖലകൾക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ ആദിവാസി ഉപപദ്ധതി ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിന് പരമാവധി നിലവിലുള്ള സ്കീമുകളെ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് തയ്യാറാക്കുന്ന മൈക്രോപ്ലാനുകൾ സമർപ്പിക്കുന്ന മുറയ്ക്ക് പണം അനുവദിക്കുകയെന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി

25 കോടി രൂപ എ.റ്റി.എസ്.പി.യിൽ നിന്നും നീക്കി വച്ചിട്ടുണ്ട്. ഒരു ഭാഗം ചെലവ് തദ്ദേശ ഭരണ സ്ഥാപനങ്ങളും വഹിക്കണം. പട്ടിക വർഗ്ഗ വികസന വകുപ്പ് തയ്യാറാക്കുന്ന വ്യക്തമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഭരണാനുമതിക്ക് അനുസൃതമായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കാസർഗോഡ് നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

5 (2980) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2015 കാലയളവിൽ എം. എൽ. എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കാസർഗോഡ് നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളത് ഏതൊക്കെ എന്ന് വ്യക്തമാക്കാമോ ;

(സി) എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തികൾ ഉണ്ടോ ; എങ്കിൽ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരൊക്കെ എന്ന് അറിയിക്കാമോ ;

(ഡി) കരാർ കാലാവധി കഴിഞ്ഞിട്ടും കരാറുകാർ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് എന്ത് കൊണ്ടാണ് എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ;

(ഇ) മുടങ്ങി കിടക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; നിലവിലുള്ള കരാറുകാരെ മാറ്റി ബദൽ സംവിധാനം ഉണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

## എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ വർദ്ധനവ് വരുത്താൻ നടപടി

6 (2981) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് നിരക്കുകളിൽ ഉൾപ്പെടെ വൻവർദ്ധനവ് വന്ന സാഹചര്യത്തിൽ എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ ആനുപാതികമായ വർദ്ധനവ് വരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) എം. എൽ. എ. ഫണ്ടിൽ നിന്ന് അംഗീകൃത ഗ്രന്ഥശാലകൾക്ക് കംപ്യൂട്ടർ, ടെലിവിഷൻ എന്നിവ നൽകുന്നതിൽ നിയന്ത്രണമുണ്ടോ; എങ്കിൽ പ്രസ്തുത നിയന്ത്രണം നീക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് നിരക്കുകളിൽ വൻ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും പ്രാദേശിക വികസന ഫണ്ടിന് പുറമേ ഓരോ നിയോജകമണ്ഡലത്തിനും നിയോജക മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി അഞ്ച് കോടി രൂപ വീതം പ്രതിവർഷം വകയിരുത്തുന്ന സാഹചര്യത്തിൽ എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ ആനുപാതിക വർദ്ധനവ് വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണിക്കാനാവില്ല.

(ബി) 3-10-2016-ലെ സ.ഉ. (പി) നമ്പർ 147/2016/ധന. ഉത്തരവ് പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്റ്റർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങാവുന്നതാണ്.

**ജി.എസ്.ടി. നിയമം**

7 (2982) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നിയമം ഇൻഡ്യയിൽ നടപ്പിലാക്കപ്പെടുമ്പോൾ നികുതി പിരിവിന് വേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് പുതിയതായി നടപ്പിലാക്കേണ്ടേത് എന്ന് വിശദീകരിക്കുമോ ;

(ബി) ഇത് നടപ്പിലാക്കുമ്പോൾ സാധനങ്ങളുടെയും സേവനങ്ങളുടെയും വില വർദ്ധിക്കുവാൻ സാദ്ധ്യതയുണ്ടോ; വിശദീകരിക്കുമോ ;

(സി) നികുതി സമ്പ്രദായത്തിലുണ്ടാകുന്ന മാറ്റം സംസ്ഥാനത്ത് വില വർദ്ധനവുണ്ടാക്കാൻ സാദ്ധ്യതയുണ്ടോ; വിശദീകരിക്കുമോ ;

(ഡി) വിലവർദ്ധനവ് നിയന്ത്രിക്കുവാൻ ഗവൺമെന്റ് തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജി.എസ്.ടി. നിയമം നടപ്പാക്കുന്നതിന്റെ പ്രാരംഭമായി മാതൃകാ ജി.എസ്.ടി. നിയമം തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി.-യെക്കുറിച്ചുള്ള പരിശീലനം നികുതി വകുപ്പ് ഉദ്യോഗസ്ഥർക്കായി നൽകി വരുന്നു. ആയതിന്റെ

മൂന്ന് ഘട്ടങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. ഡിസംബർ അവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ നികുതി നിർണ്ണയാധികാരികൾക്കും പരിശീലനം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. രണ്ടാമതായി കേരളം ജി.എസ്.ടി. നെറ്റ്‌വർക്കിന്റെ Back end module സ്വന്തമായി വികസിപ്പിച്ചെടുക്കുന്ന Model-1 സംസ്ഥാനങ്ങളുടെ പട്ടികയിലാണുള്ളത്. ഇതിനാവശ്യമായ ഐ.ടി. വിദഗ്ധരെ തെരഞ്ഞെടുക്കുന്ന നടപടികളും ഇതിന്റെ നടത്തിപ്പിനാവശ്യമായ നടപടികളും അതിവേഗം പുരോഗമിച്ചു വരികയാണ്. ഇതിനുപുറമേ ജി.എസ്.ടി. നിയമം അന്തിമരൂപത്തിലായശേഷം വ്യാപാരികൾക്കും ടാക്സ് പ്രാക്ടീഷണർമാർക്കും ബോധവൽക്കരണവും പരിശീലനവും നൽകാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ നിലവിൽ കേന്ദ്രവും സംസ്ഥാനങ്ങളും ചുമത്തുന്ന വിവിധ നികുതികൾ ഏകീകരിക്കപ്പെടും. ജി.എസ്.ടി. നികുതി നിരക്കുകളെ കുറിച്ചുള്ള ചർച്ച ജി.എസ്.ടി. കൗൺസിലിൽ പുരോഗമിച്ചു വരുന്നതേയുള്ളൂ. എങ്കിലും സാധനങ്ങളുടേയും സേവനങ്ങളുടേയും വില വർദ്ധിക്കാൻ സാദ്ധ്യതയില്ലെന്നാണ് അനുമാനിക്കുന്നത്.

(സി) ജി.എസ്.ടി നികുതി നിരക്കുകളിന്മേൽ അന്തിമ തീരുമാനം ഇതുവരെയുണ്ടായിട്ടില്ല. കേന്ദ്രവും സംസ്ഥാനവും ചുമത്തിവരുന്ന വിവിധ നികുതികൾക്ക് പകരമായാണ് ജി.എസ്.ടി. ചുമത്തപ്പെടുന്നത്. ഇത് സംസ്ഥാനത്ത് വില വർദ്ധനവ് ഉണ്ടാക്കാനിടയില്ല എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.

(ഡി) ജി.എസ്.ടി. നികുതി നിരക്കുകളിന്മേൽ തീരുമാനമായശേഷം മാത്രമേ ഇക്കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ**

8 (2983) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.-യിൽ സമ്പൂർണ്ണ കോർ-ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കെ.എസ്.എഫ്.ഇ.-യിൽ പ്രവാസി ചിട്ടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക വെർച്വൽ ബ്രാഞ്ചുകൾ രൂപീകരിച്ചിട്ടുണ്ടോ; ഇതുവഴി എത്ര കോടി രൂപയുടെ സമാഹരണമാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രധാന ഇടപാടായ ചിട്ടി ജനകീയമാക്കുന്നതിന് സവിശേഷ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. 2016 നവംബർ മാസത്തിൽ പ്രവാസി മലയാളികൾക്കുവേണ്ടിയുള്ള പുതിയ ചിട്ടി പദ്ധതിയ്ക്ക് പ്രാരംഭം കുറിക്കുന്നതാണ്. റിസർവ് ബാങ്കിന്റെ 'ഫെമ' നിയമത്തിൽ ഉണ്ടായ ഭേദഗതിയെ ആസ്പദമാക്കിയാണ് ഈ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. ഇതുകൂടാതെ നിലവിലെ വായ്പാ പദ്ധതികൾ വിപുലപ്പെടുത്തുന്നതിനായി വായ്പാമേളകൾ സംസ്ഥാനത്തെമ്പാടും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സാധ്യതകൾക്കനുസരിച്ച് ശാഖകൾ ആരംഭിക്കുകായെന്ന ലക്ഷ്യത്തോടെ ശാഖാ വികസനം നടപ്പാക്കിവരുന്നു. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു. ബാങ്കുകളുമായി സഹകരിച്ച് ഇടപാടുകാരുടെ ചിട്ടി അടവിന് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇടപാടുകാർക്ക് നല്ല സേവനം നൽകുന്നത് സംബന്ധിച്ച് പ്രത്യേക പരിശീലനങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നു.

(ബി) കോർബാങ്കിങ്ങ് സംവിധാനം ത്വരിതഗതിയിൽ നടപ്പാക്കി വരികയാണ്. 217 ശാഖകളിൽ 'കസബ' എന്ന പേരുള്ള കോർബാങ്കിങ്ങ് സോഫ്റ്റ് വെയർ പ്രവർത്തിച്ചു വരുന്നു. ഈ സാമ്പത്തിക വർഷത്തോടെ മുഴുവൻ ശാഖകളും കോർബാങ്കിങ്ങ് സംവിധാനത്തിന് കീഴിൽ പ്രവർത്തന സജ്ജമാകുന്നതാണ്.

(സി) ആരംഭിച്ചിട്ടില്ല. എന്നാൽ ഈ സാമ്പത്തിക വർഷം തന്നെ പ്രവാസികൾക്കായി പുതിയ ചിട്ടി പദ്ധതിയ്ക്ക് പ്രാരംഭം കുറിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ

9 (2984) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിൽ പെരുമ്പഴുതൂരിലും, പൂഴിക്കുന്നിലും കെ.എസ്.എഫ്.ഇ.യുടെ പുതിയ ശാഖകൾ തുടങ്ങുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കുമോ?

ഉത്തരം

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയിലെ "പെരുമ്പഴുതൂർ", ചെങ്കൽ പഞ്ചായത്തിലെ "പൂഴിക്കുന്ന്" എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതുസംബന്ധിച്ച് ബിസിനസ്സ് പ്രായോഗികത വിലയിരുത്തുവാൻ തിരുവനന്തപുരം റീജിയണിന്റെ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ്**

10 (T* 2985) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ നാലാം വകുപ്പ് അനുസരിച്ച് കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് രൂപീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) ഈ ബോർഡിൽ എത്ര വിദഗ്ദ്ധരായ അംഗങ്ങളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അവരുടെ പേരുവിവരം നൽകുമോ;

(സി) പ്രസ്തുത നിക്ഷേപ നിധി മുഖേന സാമ്പത്തിക സഹായത്തിന് അർഹമായ ഏതെല്ലാം പ്രോജക്ടുകൾ നാളിതുവരെ അംഗീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 1999-ലെ പ്രധാന ആക്ടിലെ 4-ാം വകുപ്പ് പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി 4-11-1999-ന് കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് നിലവിൽ വന്നു. ഇതിനുപുറമേ 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഈ ബോർഡ് മുഖ്യമന്ത്രി അധ്യക്ഷനായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം പുനഃസംഘടിപ്പിച്ചിട്ടുള്ള ബോർഡിൽ 7 സ്വതന്ത്ര അംഗങ്ങളുണ്ട്. പ്രസ്തുത സ്വതന്ത്ര അംഗങ്ങളിൽ രണ്ടംഗങ്ങളുടെ നിയമനകാര്യത്തിൽ അന്തിമ തീരുമാനം എടുത്തശേഷം, ഈ പുതിയ ബോർഡിന്റെ രൂപീകരണം ഗസറ്റ് വിജ്ഞാപനം വഴി നോട്ടിഫൈ ചെയ്യുന്നതാണ്.

(ബി) 9-9-2016 തീയതിയിലെ G.O(Ms) No.363/16/Fin. ഉത്തരവ് പ്രകാരം 5 സ്വതന്ത്ര അംഗങ്ങളെ നിശ്ചയിച്ചിട്ടുണ്ട്. അവരുടെ പേരുകൾ ചുവടെ ചേർത്തിരിക്കുന്നു :

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

1. ഡോ. ഡി. ബാബുപോൾ (മുൻ ധനകാര്യ സെക്രട്ടറി, കേരള സർക്കാർ)
2. പ്രൊഫ. സി.പി. ചന്ദ്രശേഖർ (പ്രൊഫസർ, സെന്റർ ഫോർ ഇക്കണോമിക്സ് സ്റ്റഡീസ് ആന്റ് പ്ലാനിംഗ്)
3. പ്രൊഫ. സുശീൽ ഖന്ന (പ്രൊഫസർ, ഇക്കണോമിക്സ് ആന്റ് ഫിനാൻസ് ഐ.ഐ.എം., കൽക്കട്ട)
4. ശ്രീ. സലീം ഗംഗാധരൻ (മുൻ റീജിയണൽ ഡയറക്ടർ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം).
5. ശ്രീ. ജെ.എൻ. ഗുപ്ത (മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സെബി ആന്റ് മാനേജിംഗ് ഡയറക്ടർ, സ്റ്റേക്ക് ഹോൾഡേഴ്സ് എംപവർമെന്റ് സർവ്വീസസ്)

(സി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 2-ാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രകാരമുള്ള പ്രത്യേക നിക്ഷേപ പദ്ധതി പ്രഖ്യാപിക്കുകയും, ഈ പദ്ധതി പ്രകാരമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാൻ തീരുമാനിക്കുകയും, അപ്രകാരം സമർപ്പിക്കപ്പെട്ട വിവിധ വകുപ്പുകളുടെ 104 പദ്ധതികളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഓൺലൈൻ ആയി കിഫ്ബിയ്ക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ പരിശോധന നടന്നുവരികയാണ്. പരിശോധനയ്ക്കുശേഷം യോഗ്യമായവ അടുത്തമാസം കൂടുന്ന ബോർഡിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നതാണ്.

## കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി

11 (T*2986) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ടിലെ 16-ാം വകുപ്പനുസരിച്ച് ബോർഡിന്റെ കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) കിഫ് ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു വരെയുള്ളത് ആഡിറ്റ് ചെയ്തിട്ടുണ്ട്; ആരാണ് ഓഡിറ്റ് ചെയ്തത് ;

(ഡി) ബോർഡിന്റെ കണക്കുകളും ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പുകളും ലഭ്യമാക്കാമോ ?

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ & ബി) 1999-ലെ കേരള അടിസ്ഥാന സൗകര്യ നിധി ആക്ട് പ്രകാരം നിലവിൽ വന്ന ധനകാര്യ സ്ഥാപനമാണ് കിഫ്ബി. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട് വൈദ്യുതഊർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്നത്. ഇതിനായി കിഫ്ബി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ ക്ഷണിച്ചിരുന്നെങ്കിലും സാദ്ധ്യമായ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചില്ല. ആയതിനാൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചില്ല. കിഫ്ബിയുടെ പ്രവർത്തനം നടക്കാത്ത സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

(സി) കിഫ്ബിയുടെ കണക്കുകൾ യഥാവിധി ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ കഴിഞ്ഞ സാമ്പത്തിക വർഷംവരെയുള്ള കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമായുള്ള ശ്രീധർ & കമ്പനി ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആണ് കിഫ്ബിയുടെ ഓഡിറ്റ് ജോലി നിർവ്വഹിക്കുന്നത്.

(ഡി) ഏറ്റവും പുതിയ ഓഡിറ്റ് റിപ്പോർട്ടും അനുബന്ധ വിവരങ്ങളും ഇതോടൊപ്പം ചേർക്കുന്നു.*

**കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ട്**

12 (T* 2987) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ട്-1999 ലെ 3-ാം വകുപ്പനുസരിച്ച് നിധി രൂപീകരിക്കുന്നതിന് വേണ്ടി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നാളിതുവരെ നിധിയിലേയ്ക്ക് എത്ര തുക ലഭ്യമായിട്ടുണ്ട്;

(സി) ഈ തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ട് 1999-ലെ 3-ാം വകുപ്പനുസരിച്ച് നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി 11-11-1999-ലെ സ.ഉ(പി) നമ്പർ 2211/99/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് 1999-2000 മുതൽ 2003-04 വരെ കാലയളവിൽ സർക്കാർ ഗ്രാന്റായി 136.85 കോടി രൂപയും മൂന്ന് സീരീസ് ബോണ്ടുകൾവഴി ടി കാലയളവിൽ 1023.71 കോടി രൂപയും, നിധിയിലേക്ക് ലഭിക്കുകയുണ്ടായി. ഇതിനുപുറമേ 2015-16 സാമ്പത്തിക വർഷാവസാനം അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ബജറ്റ് വിഹിതത്തിൽ നിന്നും 873.85 കോടി രൂപയും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം നിധിയിലേക്ക് ആകെ 2034.41 കോടി രൂപ നാളിതുവരെ ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത തുകയിൽ നിന്നും ഭരണ നിർവ്വഹണ ചെലവ്, ബോണ്ടിന്മേലുള്ള പലിശ, ബോണ്ടുകളുടെ റിഡംഷൻ (വീണ്ടെടുക്കൽ) എന്നീ ആവശ്യങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്.

**ആസ്തി വികസന ഫണ്ടിൽ നിന്നുള്ള മരാമത്ത് പണികൾക്ക് ഭരണാനുമതി**

13 (2988) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ടിൽ നിന്നും മണ്ഡലത്തിലെ വിവിധ മരാമത്ത് പണികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് പ്രൊപ്പോസലുകൾ എവിടെയാണ് സമർപ്പിക്കേണ്ടത്; എന്തൊക്കെ രേഖകൾ ഇതോടൊപ്പം സമർപ്പിക്കണം എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി ഭരണാനുമതി ലഭിക്കാവുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം എത്രയാണ്; ഇതുസംബന്ധിച്ച് അവസാനമായി ഇറക്കിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കായുള്ള എം.എൽ.എ.മാരുടെ ശിപാർശകത്ത് ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ധനകാര്യ വകുപ്പ് ആയത് പരിശോധിച്ച് ഇതിനായി വികസിപ്പിച്ച സോഫ്റ്റ്വെയർ മുഖാന്തരം ബന്ധപ്പെട്ട ഭരണവകുപ്പിന് കൈമാറുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് എന്നിവ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ/വകുപ്പ് തലവൻ മുഖാന്തരം അതാത് ഭരണവകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

(ബി) സ.ഉ (പി) നമ്പർ 90/2015/ധന തീയതി 19-2-2015 പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഒരു സാമ്പത്തിക വർഷം ഒരു എം.എൽ.എ.യ്ക്ക് അനുവദിക്കാവുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം 15-ൽ നിന്നും 20 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു.*

## സഹകരണ ബാങ്ക് മുഖേന നൽകിയ ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

14 (2989) ശ്രീ. പി. കെ .അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്ക് മുഖേന നല്കിയ ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പെൻഷൻ വിതരണം ചെയ്യുന്നതിന് ബാങ്ക് ജീവനക്കാർ കമ്മീഷൻ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ഥിരതാമസമുള്ള പലരുടെയും പെൻഷൻ സ്ഥലത്തില്ല എന്നുപറഞ്ഞ് മടക്കിയത് തിരികെലഭിക്കുവാനുള്ള നടപടിക്രമമെന്താണ്; പെൻഷൻ തിരികെ നല്കാനുള്ള വ്യവസ്ഥാപിത നടപടി സ്വീരിക്കുമോ;

(ഡി) ജിവിച്ചിരുന്ന കാലത്ത് ലഭിക്കേണ്ടിയിരുന്ന പെൻഷൻ പെൻഷണർ മരിച്ച പോയാൽ അവകാശികൾക്ക് നല്കുമോ; എങ്കിൽ അതിനുള്ള നടപടിക്രമം വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഗൗരവതരമായ പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പെൻഷണർ സ്ഥലത്തില്ലായെന്ന കാരണത്താൽ മടക്കിയിട്ടുള്ള പെൻഷനുകൾ ബന്ധപ്പെട്ട ബാങ്ക് അധികൃതർ മോണിറ്ററിംഗ് സമിതിയുടെ ഫോറം 3-ലുള്ള ശിപാർശ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.ടി. സെല്ലിന് നൽകുന്ന പക്ഷം വീണ്ടും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല. ബാധകമല്ല.

## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

15 (2990) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ഇപ്പോഴത്തെ മൊത്തം ആസ്തി ബാധ്യതകൾ കണക്കാക്കിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ സ്ഥാപനം എത്ര കോടി രൂപ ലാഭം നേടിയെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ ലാഭത്തിന്റെ പങ്ക് ഇടപാടുകാർക്കുകൂടി പ്രയോജനപ്പെടുന്ന വിധം പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.എഫ്.ഇ.-യുടെ ഇപ്പോഴത്തെ മൊത്തം ആസ്തി/ബാധ്യത 21002 കോടി രൂപയും അറ്റാസ്തി 497 കോടി രൂപയുമാണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് കെ.എസ്.എഫ്.ഇ.യുടെ ലാഭം 181.65 കോടി രൂപയും നികുതി കഴിച്ചുള്ള ലാഭം 75.87 കോടി രൂപയുമാണ്.

(സി) കെ.എസ്.എഫ്.ഇ.-യുടെ ലാഭത്തിന്റെ ഒരു പങ്ക് ഇടപാടുകാർക്ക് സമ്മാനങ്ങളുടെ രൂപത്തിൽ തിരിച്ചു നൽകുകായെന്ന ലക്ഷ്യത്തോടെയാണ് സമ്മാന പദ്ധതികളോടും മറ്റ് ആനുകൂല്യങ്ങളോടുംകൂടി പ്രത്യേക ചിട്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ നടന്നുവരുന്ന 'പൊന്നോണ ചിട്ടികൾ 2016' എന്ന പദ്ധതിയിലൂടെ 900 പവനിലധികം സ്വർണ്ണസമ്മാനങ്ങളാണ് ഇടപാടുകാർക്ക് നൽകുന്നത്. കൂടാതെ ഈ സവിശേഷ ചിട്ടി പദ്ധതിയിൽ ചേരുന്ന ഇടപാടുകാർക്ക് അത്യാഹിത പരിരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ചിട്ടി പിടിച്ച ഇടപാടുകാർ ഒരു വർഷത്തിനുള്ളിൽ മരണപ്പെടുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ 2 ലക്ഷം വരെയുള്ള അവരുടെ ബാധ്യതകൾ എഴുതി തള്ളുന്നതാണ്. 75 ലക്ഷം രൂപ ഇതിനുവേണ്ടി മാറ്റിവെച്ചിട്ടുണ്ട്.

**കിഫ്ബിവഴി കാസർകോട് നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

16 (2991) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി വഴി കാസർകോട് നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെല്ലാം പ്രവൃത്തികളാണ്

കിഫ്ബിയിൽ ഉൾപ്പെടുത്തി കാസർഗോട് നിയോജക മണ്ഡലത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(സി) ഭരണാനുമതി ഇല്ലാത്തതും ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയതുമായ ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി കാസർഗോട് നിയോജക മണ്ഡലത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, ടൂറിസം തുടങ്ങിയ വകുപ്പുകളുടെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ച് തുടങ്ങിയിട്ടുണ്ട്. ഈ പ്രാഥമിക നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. ഇതിനുശേഷം സർക്കാർ അനുമതി നൽകുന്ന പദ്ധതികളാണ് DPR അടക്കമുള്ള വിശദമായ രേഖകൾ സഹിതം ബോർഡിന്റെ പരിഗണനയ്ക്ക് വരുന്നത്. ഈ ബോർഡിൽ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബിവഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തത ഉണ്ടാവൂ. കിഫ്ബിവഴി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ കരട് പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതികൾ വകുപ്പുകളുമായി കൂടിയാലോചിച്ച് ശിപാർശകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എന്തെങ്കിലും തുക വകയിരുത്തിയിട്ടുള്ള പദ്ധതികളെ നിലവിൽ കിഫ്ബിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**കിഫ്ബി നിയമഭേദഗതിയ്ക്കുമുമ്പ് വിഭാവന ചെയ്തിരുന്ന പദ്ധതികൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

17 (2992) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി നിയമ ഭേദഗതിയ്ക്ക് മുമ്പ് സംസ്ഥാനത്ത് ഏതെല്ലാം അടിസ്ഥാന സൗകര്യ പദ്ധതികളാണ് ചെയ്യാൻ വിഭാവന ചെയ്തിരുന്നത്; അതിൽ ഏതെങ്കിലും പദ്ധതി കിഫ്ബി വഴി പൂർത്തിയാക്കിയോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

നിലവിലെ ഭേദഗതിയ്ക്കു മുമ്പ് ഉണ്ടായിരുന്ന പ്രധാന ആക്ട് പ്രകാരം വൈദ്യുത ഊർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ജലവിതരണം, ഉൾനാടൻ ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനം, മലിനജല നിർഗമനം മുതലായ മേഖലകളിലുള്ള പദ്ധതികളോ ഇത്തരം ഒന്നോ അതിലധികമോ മേഖലകളിലെ ഒരു വിവിധോദ്ദേശ്യ പദ്ധതികളോ ആണ് നടപ്പിലാക്കാൻ വിഭാവന ചെയ്തിരുന്നത്. ഇതിനായി കിഫ്ബി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ ക്ഷണിക്കുകയുണ്ടായി. എന്നാൽ സാധ്യമായ പദ്ധതി നിർദ്ദേശങ്ങൾ അപ്പോൾ ലഭിക്കാത്തതിനാൽ യാതൊരു പദ്ധതിയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

## ജില്ലാ മുഖ്യ പശ്ചാത്തല വികസന പദ്ധതി

18 (2993) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ മുഖ്യ പശ്ചാത്തല വികസന പദ്ധതിയിൽ പണം കണ്ടെത്താൻ പ്രവാസികളുടെയും നാട്ടിലുള്ള വ്യവസായികളുടെയും പങ്ക് ഉറപ്പ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2015-16 ബജറ്റ് പ്രസംഗത്തിൽ 22 മുതൽ 27 വരെയുള്ള ഖണ്ഡങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിവഴി പൊതു വിപണിയിൽനിന്നും നൂതന സാമ്പത്തിക ഉപകരണങ്ങളായ AIF, InVIT എന്നിവ മുഖേനയും ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ ഉപയോഗപ്പെടുത്തിയും പണം കണ്ടെത്തുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇതോടൊപ്പം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനായി ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് (DFIP) പ്രഖ്യാപിക്കുകയും അതിൻപ്രകാരമുള്ള 14 പദ്ധതികൾക്കായി പൊതു വിപണിയിൽനിന്നും കണ്ടെത്തുന്ന പണത്തിൽ നിന്നും 1400 കോടി രൂപ

അനുവദിക്കുന്നതാണെന്നും പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ 2016-17-ലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 123 പ്രകാരം കേരളത്തിൽ വിൽക്കുന്ന പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പനയിലേർപ്പെടുത്തിയ അധിക നികുതി വരുമാനമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നീക്കി വച്ചിരിക്കുന്നതെന്നും പി.പി.പി., ആന്വിറ്റി മോഡലിലും നബാർഡിന്റെ ലോൺ ഉപയോഗിച്ചുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്രകാരം വ്യക്തമായ ധനാഗമ മാർഗ്ഗമാണ് ടി പദ്ധതിക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 2-ാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രകാരമുള്ള അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പാക്കുന്നത്. DFIP ഇതിന്റെ ഭാഗമല്ല. നിലവിൽ DFIP പദ്ധതി നടപ്പിലാക്കുന്നത് കേരള റോഡ് ഫണ്ട് ബോർഡാണ്.

**കിഫ്ബി മുഖേന ഏറ്റെടുക്കുന്ന പദ്ധതികളുടെ മാനദണ്ഡങ്ങൾ**

19 (2994) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കിഫ്ബി' മുഖാന്തിരം ഏറ്റെടുക്കുന്ന പദ്ധതിയുടെ തുടക്കവും പൂർത്തീകരണവും ഒരു കലണ്ടർ രൂപത്തിൽ പ്രസിദ്ധീകരിക്കുന്ന തരത്തിൽ കർമ്മപരിപാടിക്ക് രൂപം നൽകുമോ;

(ബി) 'കിഫ്ബി' മുഖേന ഒരു പദ്ധതി ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കിഫ്ബി മുഖാന്തരം ഏറ്റെടുക്കുന്ന പദ്ധതിയുടെ തുടക്കവും പൂർത്തീകരണവും ഒരു കലണ്ടർ രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ നടത്തി വരുന്നു.

(ബി) 8-8-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 315/2016 /ധന ഉത്തരവ് പ്രകാരം കിഫ്ബി വഴി ഒരു പദ്ധതി ഏറ്റെടുക്കുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം

1. വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ഭരണവകുപ്പിന്റെ അനുമതിയും മന്ത്രിസഭയുടെ അംഗീകാരവും അനിവാര്യമാണ്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത

അടങ്കലുള്ള സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്ക് മുകളിൽ മതിപ്പുതുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

2. പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV(സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ നിയമിക്കുകയെന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വി.-കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV-യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. എസ്.പി.വി.കൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമേ നിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുകായെന്നത് എസ്.പി.വി.-കളുടെ ചുമതലയാണ്. ഇത് നടപ്പാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പു വരുത്തേണ്ട തുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants-ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

4. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം പദ്ധതിയ്ക്ക് KIIFB വഴി ധനസഹായം നൽകുന്നതിനായി പരിഗണിക്കുന്നതാണ്.

**നികുതി പിരിവിലെ അപാകതകൾ**

20 (2995) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നികുതി പിരിവിലെ അപാകതയ്ക്കും അഴിമതിയ്ക്കുമെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

നികുതി പിരിവിലെ അപാകതയ്ക്കും അഴിമതിയ്ക്കുമെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചതും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു:

I. വാണിജ്യ നികുതി വകുപ്പ് :

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.
2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.
3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
4. ചെക്ക്പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റും.
5. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.
6. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.
7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.
8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

II. രജിസ്ട്രേഷൻ വകുപ്പ് :

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യൂവേഷൻ കേസ്സുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

III. <u>ലാന്റ് റവന്യൂ വകുപ്പ്</u> :

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ, മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV. <u>എക്സൈസ് വകുപ്പ്</u> :

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

V. <u>മോട്ടോർ വാഹന വകുപ്പ്</u> :

മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കൽ തുടങ്ങിയ നടപടികൾ ചെയ്തുവരുന്നുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

**ട്രഷറി അക്കൗണ്ടിൽ കിഫ്ബിയുടെ നിക്ഷേപം**

21 (2996) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി സമാഹരിയ്ക്കുന്ന പണം ഒരു കാരണവശാലും സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ട്മെന്റ് വഴി ചെലവഴിയ്ക്കുകയോ ചെയ്യില്ലായെന്ന ധനകാര്യവകുപ്പ് മന്ത്രിയുടെ ഉറപ്പ് പാലിയ്ക്കുവാൻ കിഫ്ബി നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയത് ;

(ബി) കിഫ്ബിയുടെ പണം ട്രിപ്പിൾ റേറ്റഡ് ആസ്തികളിൽ ആയിരിക്കും നിക്ഷേപിക്കുക എന്ന് ധനകാര്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കുവാൻ കിഫ്ബി നിയമത്തിൽ എന്തെല്ലാം ഭേദഗതികൾ വരുത്തി ;

(സി) സർക്കാർ പ്ലാൻ ഫണ്ട് കിഫ്ബിയ്ക്ക് വക മാറ്റികൊടുത്തത് ട്രഷറിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിയ്ക്കുവാൻ കാരണമെന്ത്; ഇത് കിഫ്ബി നിയമത്തിന് എതിരാണെന്ന് കരുതുന്നുണ്ടോ; കിഫ്ബിയുടെ ഏത് ഉദ്യോഗസ്ഥനാണ് ഈ അക്കൗണ്ട് ഓപ്പൺ ചെയ്തത്; ഇപ്പോൾ ആരാണ് ഇത് ഓപ്പറേറ്റ് ചെയ്യുന്നത് ?

ഉത്തരം

(എ & ബി) കിഫ്ബിവഴി ഫണ്ട് സമാഹരിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള നടപടി സുതാര്യമാക്കുന്നതിന് കിഫ്ബി ആക്ടിൽ ആവശ്യമായ ഭേദഗതി നടപ്പിലാക്കിയിട്ടുണ്ട്. 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസ് 3-ാം വകുപ്പിന്റെ 5-ാം ഉപവകുപ്പ് പ്രകാരം 7-ാം വകുപ്പിൻ കീഴിൽ സർക്കാർ നൽകുന്ന പണം അല്ലാതെ (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ പണവും ബോർഡിന്റെ അംഗീകാരത്തോടുകൂടി ഒരു ദേശസാൽകൃത ബാങ്കിലോ അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപം നടത്തേണ്ടതാണ്. എന്നാൽ 7-ാം വകുപ്പ് പ്രകാരം സർക്കാർ നൽകുന്ന പണത്തിന്റെ ഏതെങ്കിലും ഭാഗം ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ, യൂണിയന്റേയോ സംസ്ഥാനങ്ങളുടേയോ സോവറിൻ ബോണ്ടുകളിലോ സംസ്ഥാന ട്രഷറിയല്ലാതെയുള്ള അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപിക്കുകയോ മുതൽ മുടക്കുകയോ ചെയ്യാവുന്നതാണ്. (വിശദീകരണം:- ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി 'വിവേകപൂർവ്വമായ നിക്ഷേപം' എന്നാൽ പ്രസ്തുത വിഭാഗത്തിലുള്ള നിക്ഷേപത്തിന് ഉചിതമായ റഗുലേറ്ററി സ്ഥാപനം അല്ലെങ്കിൽ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ഏറ്റവും

ഉയർന്ന റേറ്റിംഗ് നൽകിയിട്ടുള്ള നിക്ഷേപങ്ങൾ എന്നർത്ഥമാകുന്നു.) ഇതിനുപുറമേ ഭേദഗതി പ്രകാരം ടി ഓർഡിനൻസിലെ 6 സി, 6 ഡി എന്നീ വകുപ്പുകൾ പ്രകാരം ഒരു ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷനെ ഏർപ്പെടുത്തുകയും ബോർഡിലെ നിധിയുടെ എല്ലാ നിക്ഷേപങ്ങളും ആക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമാണെന്നും നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതുമാണ്. ടി വ്യവസ്ഥകളെല്ലാം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്തുത ഉറപ്പുകൾ പാലിക്കുവാൻ പര്യാപ്തമാണ്.

(സി) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 22-ാം ഖണ്ഡ പ്രകാരം പ്രധാന പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതാണെന്നും ഈ തുക മൂലധനമായി ഉപയോഗിച്ച് കിഫ്ബി പൊതു വിപണിയിൽ നിന്നും പണം കണ്ടെത്തുന്നതാണെന്നും പ്രസ്താവിക്കുകയുണ്ടായി. അപ്രകാരം മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 5475-00-800-92 ശീർഷകത്തിൽ ഈ തുക വകകൊള്ളിക്കുകയും കിഫ്ബിയുടെ പരിഷ്കരണം പ്രാരംഭ ഘട്ടത്തിലായിരുന്നതിനാൽ ഈ തുക തൻ വർഷത്തെ വിവിധ പ്രധാന പശ്ചാത്തല വികസന പ്രവൃത്തികൾക്ക് വിനിയോഗിക്കുകയും ഇതിൽ അവശേഷിച്ച തുകയായ 873.85 കോടി രൂപ വർഷാവസാനം പ്ലാനിംഗ് വകുപ്പിന്റെ 30-3-2016-ലെ സ.ഉ(കൈ)നമ്പർ16/2016/പ്ലാനിംഗ് ഉത്തരവ് പ്രകാരം കിഫ്ബിയുടെ പ്രത്യേക ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഈ നടപടി കിഫ്ബി നിയമത്തിന് എതിരല്ല. കാരണം സർക്കാർ കിഫ്ബിയ്ക്ക് ലഭ്യമാക്കുന്ന പണം ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾ പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. സർക്കാരിന്റെ അനുമതിയോടെ കിഫ്ബിയുടെ ഫണ്ട് മാനേജരാണ് അക്കൗണ്ട് തുറന്നത്. കിഫ്ബി ആക്ട് പ്രകാരം ബോർഡിന്റെ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നത് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൂടിയായ ഫണ്ട് മാനേജരാണ്.

## കിഫ്ബി നിയമമനുസരിച്ചുള്ള ധനസഹായം

22 (2997) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി നിയമമനുസരിച്ച് ഏതെല്ലാം സംരംഭങ്ങൾക്ക് സഹായത്തിനുള്ള അർഹതയുണ്ട്; സഹായം ഏതെല്ലാം ആവശ്യങ്ങൾക്ക് നൽകാം;

(ബി) സഹായം ഏതെല്ലാം രീതിയിൽ ലഭിക്കും;

(സി) ധനസഹായത്തിനുള്ള ഈട് എന്തെല്ലാമാണ്;

(ഡി) ധനസഹായ വിതരണത്തിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ധനസഹായം തിരിച്ച് പിടിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ഇ) ഇത് സംബന്ധിച്ച് തയ്യാറാക്കിയ പദ്ധതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസിലെ ഉപവകുപ്പ് 3 (എ) പ്രകാരം ബോർഡിലേയ്ക്ക് സർക്കാർ റഫർ ചെയ്തിട്ടുള്ളതും ബോർഡ് അംഗീകരിച്ചതുമായ പ്രോജക്ടുകൾ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹമാണ്. ഒരു പൊതു ഏജൻസി നടപ്പിലാക്കുന്ന അർഹമായ പ്രോജക്ടുകൾ നൂറ് കോടി രൂപയിൽ കവിയുന്ന മൂല്യമുള്ളത് ആയിരിക്കേണ്ടതാണ്. എന്നാൽ മൂല്യം നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 10 കോടി രൂപയിൽ കുറയാത്ത പ്രോജക്ടുകളെ "ട്രാഞ്ചസ്" ആയി തരംതിരിക്കാവുന്നതും അവയിലോരോന്നും മൂല്യം സംബന്ധിച്ച് (2)-ാം ഉപ വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥയ്ക്കനുസൃതമായിരിക്കേണ്ടതുമാണ്. എന്നിരുന്നാലും, സംസ്ഥാന സർക്കാരുമായി ചേർന്നുള്ള സംയുക്ത സംരംഭമൊഴികെ കേന്ദ്ര സർക്കാരോ, കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പൊതു സംരംഭമോ സ്വതന്ത്രമായി എടുത്തിട്ടുള്ള ഏതെങ്കിലും പ്രോജക്ടിന് ഇത് ബാധകമാകുന്നതുമല്ല. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന നിധി താഴെപ്പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

1. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിലെ മുതൽ മുടക്കിനായി പണം നൽകുന്നതിനോ അല്ലെങ്കിൽ അത് വർദ്ധിപ്പി ക്കുന്നതിനോ

2. പൊതുമേഖലാ സംരംഭങ്ങൾക്കും, മറ്റ് സംരംഭങ്ങൾക്കും അടിസ്ഥാന സൗകര്യ പദ്ധതികളിലെ അവരുടെ മുതൽ മുടക്കിനുവേണ്ടി സാമ്പത്തിക സഹായം നൽകുന്നതിന്

3. അടിസ്ഥാന സൗകര്യ പ്രോജക്ടുകൾപ്പെടെയുള്ള സർക്കാരിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്

4. വിവിധ മേഖലകളിലേയോ അതിന്റെ ഭാഗങ്ങളിലേയോ വിഭവങ്ങൾ സംയോജിപ്പിക്കേണ്ട ആവശ്യകത കാരണം ധനസഹായം ലഭിക്കുന്നതിന് പ്രതിബന്ധം നേരിടുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുക.

5. പൊതുസംരംഭങ്ങളോ മറ്റ് സംരംഭങ്ങളോ ഉൾപ്പെടെയുള്ള നിയമപരമായ സ്ഥാപനങ്ങളുടെയോ അർഹമായ പ്രോജക്ടുകൾ, പരിപാടികൾ എന്നിവയ്ക്ക് സംസ്ഥാനം കണ്ടെത്തിയിട്ടുള്ള അടിസ്ഥാന സൗകര്യ പ്രോജക്ടുകളിൽ മുതൽ മുടക്കുന്നതിനായി നേരിട്ട് വായ്പകളും വായ്പാ ഗ്യാരണ്ടികളും നൽകുക. കൂടാതെ പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യം നടപ്പാക്കുന്നതിനും സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

(ബി) ഭേദഗതി ഓർഡിനൻസിലെ 3-ാം വകുപ്പുപ്രകാരം വായ്പയായും വായ്പാ ഗ്യാരന്റിയായും പദ്ധതി മുതൽമുടക്കായും സാമ്പത്തിക സഹായം കിഫ്ബി നൽകുന്നതാണ്.

(സി) നിലവിലെ കിഫ് സ്കീം 1999-ലെ 8-ാം വകുപ്പ് അനുസരിച്ച് വായ്പകൾക്ക് മുൻകൂർ പണയ വസ്തുക്കൾ, പിൻ തീയതി വച്ച ചെക്കുകൾ എന്നിവ ധനസഹായത്തിനുള്ള ഈടുകളായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) നിലവിലുള്ള കിഫ് സ്കീം 1999-ലെ 7-ാം വകുപ്പുപ്രകാരം ധനസഹായ വിതരണത്തിനുള്ള നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിന്മേലുള്ള ധനസഹായം ലോൺ കരാർ നിലവിൽ വന്നാലുടൻ വിതരണം ചെയ്യേണ്ടതാണെന്നും ദീർഘ കാലാടിസ്ഥാനത്തിന്മേലുള്ള ധനസഹായം കരാറിൽ പറഞ്ഞിരിക്കും പ്രകാരം വിതരണം ചെയ്യേണ്ടതാണെന്നും പ്രസ്തുത സ്കീമിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിനനുസൃതമായി തിരിച്ചടക്കേണ്ടതായ ധനസഹായങ്ങൾ ഈടാക്കാനുള്ള വ്യവസ്ഥകളും ബന്ധപ്പെട്ട കരാറിൽ വ്യവസ്ഥ ചെയ്യും പ്രകാരമായിരിക്കും. 1999-ലെ കിഫ് ആക്റ്റ് ഭേദഗതി ഓർഡിനൻസ് നിലവിൽ വന്ന സാഹചര്യത്തിൽ കിഫ് സ്കീമും അതിനനുസൃതമായി ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതാണ്. നിലവിലുള്ള പദ്ധതിയുടെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.*

## ചിട്ടി ആരംഭിക്കുമ്പോഴുള്ള സെക്യൂരിറ്റി

23 (2998) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ചിട്ടിനിയമം അനുസരിച്ച് ഒരു ചിട്ടിക്കമ്പനി, ഒരുചിട്ടി ആരംഭിക്കുമ്പോൾ സെക്യൂരിറ്റിയായി എന്തെല്ലാം നൽകേണ്ടതുണ്ട്; പ്രസ്തുത സെക്യൂരിറ്റി ആരുടെ പേരിലാണ് നൽകേണ്ടത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സെക്യൂരിറ്റി തുകയും അതിനുള്ള പലിശയും ചിട്ടിക്കമ്പനിയ്ക്ക് എപ്പോഴാണ് മടക്കി കിട്ടുന്നത്; മടക്കി കിട്ടാൻ കമ്പനി എന്തെല്ലാം വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്;

(സി) ഈ സെക്യൂരിറ്റി തുക ഏതെല്ലാം ബാങ്കുകളിലാണ് അടയ്ക്കേണ്ടത്; ഈ സെക്യൂരിറ്റി തുക കിഫ്ബി വഴി ശേഖരിക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ?

ഉത്തരം

(എ) കേന്ദ്ര ചിട്ടി നിയമം അനുസരിച്ച് ഒരു ചിട്ടിക്കമ്പനി ആരംഭിക്കുമ്പോൾ സെക്യൂരിറ്റിയായി താഴെപറയുന്ന രേഖകൾ നൽകേണ്ടതുണ്ട്.

1. തുടങ്ങുവാൻ ഉദ്ദേശിയ്ക്കുന്ന ചിട്ടി സലയ്ക്ക് തുല്യമായ തുക, ക്യാഷ് ഡെപ്പോസിറ്റായി ചിട്ടി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റെ പേരിൽ അംഗീകൃത ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതും ബാങ്ക് ഗ്യാരണ്ടി ഫോർമാൻ അസിസ്റ്റന്റ് രജിസ്ട്രാർക്ക് കൈമാറേണ്ടതുമാണ്.

2. ചിട്ടി തുകയുടെ ഒന്നരമടങ്ങിൽ കുറയാത്ത സംഖ്യ മുഖവിലയുള്ളതോ മതിപ്പ് വിലയുള്ളതോ (കുറവ് ഏതാണോ അത്) ആയ സർക്കാർ സെക്യൂരിറ്റി അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ ട്രാൻസ്ഫർ ചെയ്ത് ചിട്ടി സെക്യൂരിറ്റിയായി നൽകാവുന്നതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറത്തിറക്കുന്ന കടപ്പത്രങ്ങൾ, സർക്കാർ പ്രോമിസറി നോട്ടുകൾ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ, മറ്റു സർക്കാർ ബോണ്ടുകൾ എന്നിങ്ങനെയുള്ള സെക്യൂരിറ്റികൾ ഈ വിധത്തിൽ സ്വീകരിക്കാവുന്നതാണ്. എന്നാൽ അവ നിശ്ചിത കാലയളവിലേക്ക് വിൽക്കാനോ കൈമാറ്റം ചെയ്യുവാനോ പാടില്ലായെന്ന നിബന്ധനയുള്ള "ലോക്ക് ഇൻ പീരീഡ്" ഉള്ളവയാണെങ്കിൽ സ്വീകരിക്കുവാൻ പാടില്ലാത്തതാണ്.

3. സ്ഥാവര വസ്തു ചിട്ടിക്ക് ജാമ്യമായി നൽകാവുന്നതാണ്. എന്നാൽ ഈ സംഗതിയിൽ ചിട്ടിക്ക് ജാമ്യമായി നൽകുന്ന വസ്തുവിന്റെ മൂല്യം ചിട്ടി സലയുടെ രണ്ട് മടങ്ങിൽ കുറയാത്തതായിരിക്കണം. സ്ഥാവര വസ്തു ജാമ്യമായി നൽകുന്ന സംഗതിയിൽ, വസ്തു ഫോർമാന്റെ ഉടമസ്ഥതയിലും കൈവശത്തിലും ഉള്ളതും മറ്റു ബാധ്യതകൾ ഇല്ലാത്തതുമായിരിക്കണം. വസ്തുവിന്റെ മൂല്യം നിർണ്ണയിക്കുന്നതിനായി ചട്ടം 20 പ്രകാരം വസ്തു നേരിട്ട് പോയി കണ്ട് പരിശോധിക്കുന്നതുൾ

പ്പെടെയുള്ള ജോലികൾ അസിസ്റ്റന്റ് രജിസ്ട്രാർ സ്വീകരിക്കേണ്ടതും വസ്തുവിന്റെ ലൊക്കേഷൻ സ്കെച്ച് ഫോർമാൻ അസിസ്റ്റന്റ് രജിസ്ട്രാർക്ക് നൽകേണ്ടതുമാണ്. വസ്തു പരിശോധനയ്ക്ക്, ഫീസ് പട്ടിക ആർട്ടിക്കിൾ 1 പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. ചട്ടം 20 (10) പ്രകാരം സെക്യൂരിറ്റി ബോണ്ട് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. മുൻ പറഞ്ഞ ആദ്യ രണ്ടു രീതികളിൽ സെക്യൂരിറ്റി നൽകുമ്പോൾ സെക്യൂരിറ്റി ബോണ്ട് ഐച്ഛികമാണ്.

(ബി) കാലാവധി പൂർത്തിയായ ചിട്ടിയുടെ നിയമാനുസൃതമുള്ള ചിട്ടി ഓഡിറ്റിംഗ് പൂർത്തിയാക്കിയശേഷം നിശ്ചിത ഫീസടച്ച് ഗസറ്റിൽ പരസ്യം ചെയ്യുകയും അതിനുശേഷം സെക്യൂരിറ്റി തുകയും പലിശയും ചിട്ടിക്കമ്പനിക്ക് മടക്കി വാങ്ങാവുന്നതുമാണ്.

(സി) അംഗീകൃത ബാങ്കുകളിലാണ് സെക്യൂരിറ്റി തുക അടയ്ക്കേണ്ടത്. കിഫ്ബി വഴി സെക്യൂരിറ്റി സ്വീകരിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

## അടിസ്ഥാന സൗകര്യ നിക്ഷേപനിധി

24 (T* 2999) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന അടിസ്ഥാന സൗകര്യ സംവിധാനങ്ങൾ ഉപയോഗിക്കുന്ന ആളുകൾ യൂസർ ചാർജ്ജോ മറ്റേതെങ്കിലും തുകയോ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള വ്യവസ്ഥകൾ ഏതെല്ലാമാണ്;

(സി) യൂസർ ലെവി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അത് പിൻവലിയ്ക്കാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ & ബി) കിഫ്ബിവഴി ഏറ്റെടുക്കുന്ന സാധാരണഗതിയിലുള്ള പശ്ചാത്തല സൗകര്യങ്ങൾക്ക് യൂസർ ചാർജ്ജോ, ടോളോ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല. 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്കൊന്നും യൂസർ ചാർജ്ജോ, ടോളോ ഏർപ്പെടുത്തുന്നതല്ല. അതേസമയം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ മെഗാ പദ്ധതികൾ നടപ്പിലാക്കേണ്ട സാഹചര്യം വരുന്ന ഘട്ടത്തിൽ യൂസർ ഫീസോ, ടോളോ ഏർപ്പെടുത്തേണ്ടി വരുമ്പോൾ അതിനു സാധിക്കുന്ന തരത്തിൽ ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസിൽ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസ് 2016-ലെ 2-ാം വകുപ്പ് പ്രകാരം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏർപ്പെടുത്തുന്നതിനായി പൊതു-സ്വകാര്യ പങ്കാളിത്തം ക്രമീകരിക്കാവുന്നതും അതിൽ സ്വകാര്യ മേഖലാ പങ്കാളി ഏറ്റെടുത്തിട്ടുള്ള നിക്ഷേപം, രൂപകൽപ്പന, വികസനം, നിർമ്മാണം, പരിപാലനം അല്ലെങ്കിൽ പ്രവർത്തനം എന്നിവ ഉൾപ്പെടുന്നതും അതിൽ രൂപകൽപ്പന, നിർമ്മാണം എന്നീ ഘട്ടങ്ങൾക്കുമപ്പുറത്തേക്ക് സ്വകാര്യ മേഖലാപങ്കാളി റിസ്കുകൾ ഏറ്റെടുക്കുന്ന വിധത്തിൽ റിസ്കുകൾ പങ്കുവയ്ക്കുകയും യൂസർ ചാർജ്ജിന്റേയോ വാർഷിക വേതനത്തിന്റെയോ അല്ലെങ്കിൽ യൂണിറ്ററി പെയ്മെന്റിന്റേയോ രൂപത്തിൽ സേവനങ്ങൾക്കുള്ള തുക നൽകലുകൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സാധാരണ ഗതിയിലുള്ള പദ്ധതികൾക്ക് യൂസർ ഫീസോ, ടോളോ മറ്റോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. അതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സ്ഥിതിയില്ല.

## കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട്

25 (T* 3000) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഒരു പൊതു-സ്വകാര്യ പങ്കാളിത്തത്തിലേർപ്പെട്ടിട്ടുള്ള സ്വകാര്യ മേഖലാ പങ്കാളിക്ക് സംസ്ഥാന സഹായം ലഭ്യമാക്കുവാൻ വ്യവസ്ഥയുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം സംസ്ഥാന സഹായം ലഭിക്കും;

(ബി) സംസ്ഥാന സഹായം ലഭിക്കുന്നതിനുവേണ്ടി സ്വകാര്യമേഖലാ പങ്കാളി എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്;

(സി) സംസ്ഥാന സഹായം ബോർഡ് മുഖാന്തരമാണോ ലഭ്യമാക്കുന്നത്; അല്ലെങ്കിൽ എപ്രകാരമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസ് 2016-ലെ 2-ാം വകുപ്പുപ്രകാരം ഒരു പൊതുസ്വകാര്യ പങ്കാളിത്തത്തിലേർപ്പെട്ടിട്ടുള്ള സ്വകാര്യ മേഖലാ പങ്കാളിക്ക് താഴെ പറയുന്ന സംസ്ഥാന സഹായം ലഭിക്കാൻ വ്യവസ്ഥയുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

1. പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള പ്രോജക്ട് ചെലവിന്റെ അനുപാതത്തിൽ കവിയാതെയുള്ള സബ്സിഡി അല്ലെങ്കിൽ മൂലധനഗ്രാന്റ്.

2. ഇക്വിറ്റി

3. വായ്പകൾ

4. സർക്കാർ നൽകുന്ന ഗ്യാരന്റി

5. എസ്ക്രോ അക്കൗണ്ട് ആരംഭിക്കലും പ്രവർത്തനവും

6. ഏതെങ്കിലും നിയമത്തിൻ കീഴിൽ ചുമത്തുന്ന ഏതെങ്കിലും നികുതിയോ ഫീസോ നൽകുന്നതിൽ നിന്നും ഇളവ് നൽകുക, അപ്രകാരം നൽകുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുക എന്നീ രൂപത്തിലുള്ള ഇളവുകൾ അല്ലെങ്കിൽ പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള മറ്റ് ഇൻസെന്റീവുകൾ.

(ബി) സംസ്ഥാന സഹായം ലഭിക്കേണ്ട സാഹചര്യം പ്രവൃത്തിയുമായി ബന്ധപ്പെട്ട് മുൻകൂട്ടി വിഭാവനം ചെയ്യേണ്ട സന്ദർഭങ്ങളിൽ സർക്കാർ അനുമതിയോടെ ബന്ധപ്പെട്ട കരാറുകളിൽ അതിനായി വ്യവസ്ഥ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാരിന്റെ പ്രത്യേക അനുമതി തേടേണ്ടത് അനുവാര്യമാണ്. ഇതിന്റെ നടപടിക്രമങ്ങൾ ഓരോ സാഹചര്യങ്ങൾക്കനുസൃതമായി സർക്കാർ നിശ്ചയിക്കുന്നതാണ്. ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസ് 2016-ലെ 3-ാം വകുപ്പുപ്രകാരമുള്ള വ്യവസ്ഥകൾ ഏതൊരു പൊതു-സ്വകാര്യ പങ്കാളിത്ത പ്രോജക്ടിനും ബാധകമാണ്. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്ന പ്രോജക്ടുകൾ മാത്രം അർഹമായ പ്രോജക്ടുകളായി കണക്കാക്കുകയും അതിന്റെ വ്യവസ്ഥകളിൽ മുൻകൂട്ടി നിർണ്ണയിക്കുംവിധം അവയ്ക്ക് സംസ്ഥാന സഹായം അനുവദിക്കുകയും ചെയ്യുന്നു.

(സി) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലെ നിക്ഷേപത്തിനായി 1999-ലെ കിഫ് ആക്ട് പ്രകാരവും ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസ് പ്രകാരവും ഒരു നിധി രൂപീകരിച്ചിട്ടുണ്ട്. ഈ നിധിയിൽ ടി ഭേദഗതിയിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സഹായം ഉൾപ്പെടെ ബോർഡ് സമാഹരിക്കുന്ന ഏതൊരു തുകയും ഉൾപ്പെടുന്നു. നിധിയുടെ ഭരണവും വിനിയോഗവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. കിഫ്ബി വഴി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യത്തിൽ സർക്കാരിന്റെ ഒരു ഏജൻസിയായി കിഫ്ബി പ്രവർത്തിക്കുന്നതാണ്. ആയതിനാൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രോജക്ടുകളെ സംബന്ധിച്ച സംസ്ഥാന സഹായം കിഫ്ബി വഴിയാകും ലഭ്യമാക്കുക.

## എറണാകുളം റോയൽ മാർക്കറ്റിംഗ് & ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ പ്രവർത്തനം

26 (3001) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ റോയൽ മാർക്കറ്റിംഗ് & ഡിസ്ട്രിബ്യൂട്ടേഴ്സ്, DCA ഫോർ റിലയൻസ് ഇൻഡസ്ട്രിയൽ ലിമിറ്റഡ് ഫസ്റ്റ് ഫ്ളോർ, സെബാസ്റ്റ്യൻ റോഡ്, കലൂർ, എറണാകുളം എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്നും ഏതൊക്കെ ലൈസൻസുകൾ ആണ് നൽകിയിരിക്കുന്നത് ; ആയതിന്റെ കോപ്പികൾ ലഭ്യമാക്കുമോ;

(സി) എന്നാണ് ഈ സ്ഥാപനം പ്രവർത്തനം തുടങ്ങിയത്; സ്ഥാപനം തുടങ്ങിയതുമുതൽ നാളിതുവരെ നികുതിയിനത്തിൽ ഓരോ സാമ്പത്തിക വർഷവും എത്ര രൂപ വീതം അടച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) റോയൽ മാർക്കറ്റിംഗ് & ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് കോതമംഗലം ആസ്ഥാനമായി വാണിജ്യ നികുതി വകുപ്പിൽ രജിസ്ട്രേഷനുണ്ട്. എങ്കിലും ഈ മേൽവിലാസത്തിൽ ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

## സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ

27 (3002) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപത്തിന്റെ വരവ് പ്രോത്സാഹിപ്പിക്കുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം എത്രകോടി രൂപയുടെ സ്വകാര്യ നിക്ഷേപം കൊണ്ടുവരാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി കഴിഞ്ഞ നാല് മാസത്തിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന് കോർ കോംപീറ്റൻസുള്ള ഐ.ടി., ടൂറിസം, വിജ്ഞാനാധിഷ്ഠിതമായ ആധുനിക തൊഴിൽ തുറകൾ എന്നീ മേഖലകളിൽ വലിയ തോതിൽ സ്വകാര്യ നിക്ഷേപം കൊണ്ടുവന്നുകൊണ്ടേ കേരളം ഇന്നനുഭവിക്കുന്ന പ്രതിസന്ധിയിൽ നിന്നും കരകയറാനാകൂ. ഇത് സാധിക്കണമെങ്കിൽ പശ്ചാത്തല സൗകര്യ വികസനത്തിൽ ഒരു കുതിച്ചു ചാട്ടം ഉണ്ടായേ മതിയാകൂ. സർക്കാരിന്റെ നിലവിലെ ധനസ്ഥിതിയുടെ പശ്ചാത്തലത്തിൽ ഇത്തരമൊരു കുതിച്ചുചാട്ടത്തിന് വേറിട്ട ചില മാർഗ്ഗങ്ങൾ സ്വീകരിച്ചേ മതിയാകൂ. ഇതിനുള്ള പരിശ്രമമാണ് കിഫ്ബിയിലൂടെ സർക്കാർ നടത്തുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധനസമാഹരണത്തിനുവേണ്ടി ധനവിപണിയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 19-9-2014-ലെ സ.ഉ(പി) നമ്പർ 401/14/ധന പ്രകാരം ഒരു സമിതി രൂപീകരിച്ചു. തുടർന്ന്, മേൽ സമിതിയുടെ ശിപാർശയിന്മേൽ 29-12-2014-ലെ സ.ഉ(പി) നമ്പർ 583/14/ധന പ്രകാരം ഇടക്കാലാവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകളും റവന്യൂ ബോണ്ടുകളും പുറപ്പെടുവിക്കുന്നതിനും AIF Category I (ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്) InVIT (ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റ് ട്രസ്റ്റ്) IDF (ഇൻഫ്രാസ്ട്രക്ചർ ഡെബ്ററ് ഫണ്ട്) മുതലായവയിലൂടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ആവശ്യങ്ങൾക്കുള്ള ഫണ്ട് സമാഹരിക്കുന്നതിനായുള്ള പദ്ധതി അംഗീകരിക്കുകയും അതിനനുസൃതമായി കിഫ്ബി ആക്ട് ഭേദഗതി ചെയ്യുകയും ചെയ്തു. കൂടാതെ നടപ്പുസാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി നടപ്പിലാക്കാൻ പ്രത്യേക നിക്ഷേപ പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവാസികളിൽ നിന്നുള്ള നിക്ഷേപങ്ങൾ, വ്യവസായികളുടെ നിക്ഷേപ പങ്കാളിത്തം, കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന രീതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ ഇപ്പോൾ പ്രാഥമിക ഘട്ടത്തിലാണ്.

(ബി) പ്രസ്തുത നിക്ഷേപ പദ്ധതി പ്രകാരം 2500 കോടി രൂപയുടെ നിക്ഷേപമാണ് നടപ്പുസാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നത്.

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിനുതകും വിധം കഴിഞ്ഞ 4 മാസക്കാലയളവിനുള്ളിൽ 1999-ലെ കിഫ് ആക്ട് ഭേദഗതി ചെയ്ത് ഓർഡിനൻസായി പുറപ്പെടുവിച്ചു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റു മന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും അടങ്ങുന്ന യോഗം കൂടി വകുപ്പുതല പദ്ധതികളുടെ വിശദാംശങ്ങൾ അവലോകനം ചെയ്തു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുകളും എസ്.പി.വി.കളുമായി പദ്ധതികളുടെ അവലോകനം നടത്തുകയും അതനുസരിച്ച് 104 പദ്ധതി നിർദ്ദേശങ്ങൾ ഇന്നേവരെ സമർപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ഈ പദ്ധതികളുടെ വിശദമായ അവലോകനം നടന്നുവരുന്നു.

**കോതമംഗലം മണ്ഡലത്തിലെ പദ്ധതികൾ**

28 (3003) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 വർഷത്തെ ബഡ്ജറ്റിൽ കോതമംഗലം മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതം നീക്കി വച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

1. ആസ്തി വികസന ഫണ്ട് (എൽ.എ.സി.-എ.ഡി.എസ്.) ഇനത്തിൽ 5 കോടി രൂപയും എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി (എം.എൽ.എ.-എസ്.ഡി.എഫ്.) ഇനത്തിൽ 1 കോടി രൂപയും കോതമംഗലം മണ്ഡലത്തിനായി 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

2. ഭവന നിർമ്മാണ ബോർഡ് വഴി 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ഈ വർഷം ശരാശരി 2.94 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു റവന്യൂ ടവർ കോതമംഗലത്ത് പ്രഖ്യാപിച്ചിട്ടുണ്ട്.

3. ടി മണ്ഡലത്തിൽ ജല വിതരണ പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം I-ലും* മറ്റു പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധം II ലും ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 1. ആസ്തി വികസന ഫണ്ട് (എൽ.എ.സി.-എ.ഡി.എസ്.). എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി( എം.എൽ.എ.-എസ്.ഡി.എഫ്.) എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്കായുള്ള ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ കൈക്കൊള്ളുന്നതാണ്.

2. നിലവിൽ കോതമംഗലത്ത് റവന്യൂ ടവർ പ്രവർത്തിച്ചു വരുന്നതിനാൽ പുതുതായി ഒരു റവന്യൂ ടവർ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പദ്ധതികൾ സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ (കിഫ്ബി) ഉൾപ്പെടുത്തി അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. മണ്ഡലത്തിലെ മറ്റ് പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം III-ൽ ചേർക്കുന്നു.* ഇതു കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയിൽപ്പെടുത്തിയും പ്രവൃത്തികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

**അടിസ്ഥാന സൗകര്യ വികസന പദ്ധതി**

29 (3004) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യവികസന പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) അടിസ്ഥാന സൗകര്യവികസനത്തിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഏതൊക്കെ തരത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ദേശീയ അടിസ്ഥാന സൗകര്യനിധിയിൽ നിന്ന് കിഫ്ബിയിലേക്ക് ലഭ്യമായ അയ്യായിരം കോടി രൂപ ഏതൊക്കെ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഉപയോഗപ്പെടുത്തുമെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് സ്ഥലമേറ്റെടുപ്പ് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിനായി സ്ഥലമേറ്റെടുക്കുന്നതിന് ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലെ നിക്ഷേപത്തിനായി 1999-ലെ കിഫ് ആക്ട് ഭേദഗതി ചെയ്യുകയും നിധിയുടെ ഭരണത്തിനും നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനുമായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിനെ പ്രാപ്തമാക്കുകയും ചെയ്തു. ബഡ്ജറ്റിനു പുറമെ നിന്നും വിഭവ സമാഹരണം കണ്ടെത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമുള്ള സംസ്ഥാന സർക്കാരിന്റെ ഒരേയൊരു ഏജൻസിയാണ് കിഫ്ബി.

(ബി) ഭേദഗതി ചെയ്യപ്പെട്ട കിഫ് ആക്ട്പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിന് താഴെപ്പറയും പ്രകാരം സ്വകാര്യ മേഖലയ്ക്ക് നിക്ഷേപം/ധനകാര്യം, പ്രവർത്തനങ്ങൾ/പരിപാലനവുമായി ബന്ധപ്പെട്ട പങ്കാളിത്തമുണ്ടായിരിക്കുന്നതാണ്.

1. നിക്ഷേപമല്ലെങ്കിൽ ധനകാര്യവുമായി ബന്ധപ്പെട്ട കരാറുകൾ

   (i) നിർമ്മാണ-പ്രവർത്തന- കൈമാറ്റ കരാർ (ബി.ഒ.ടി).

   (ii) നിർമ്മാണ-ഉടമസ്ഥ-പ്രവർത്തന കരാർ (ബി.ഒ.ഒ)

   (iii) നിർമ്മാണ-ഉടമസ്ഥ-പ്രവർത്തന-കൈമാറ്റ കരാർ (ബി.ഒ.ഒ.റ്റി)

   (iv) നിർമ്മാണ-കൈമാറ്റ- പ്രവർത്തന കരാർ- (ബി.ടി.ഒ)

   (v) രൂപകൽപന-നിർമ്മാണ-ധനകാര്യ-പ്രവർത്തന-കൈമാറ്റ കരാർ (ഡി.ബി.എഫ്.ഒ.ടി)

2. പ്രവർത്തനങ്ങളും പരിപാലനവുമായി ബന്ധപ്പെട്ട കരാറുകൾ

   (i) നിർവ്വഹണ കരാർ

   (ii) പാട്ട നിർവ്വഹണ കരാർ

   (iii) നിർമ്മാണ-പാട്ട-കൈമാറ്റ കരാർ (ബി.എൽ.റ്റി)

   (iv) പുനഃസ്ഥാപന-പ്രവർത്തന-കൈമാറ്റ-കരാർ (ആർ.ഒ.ടി)

   (v) പുനഃസ്ഥാപന-ഉടമസ്ഥ- പ്രവർത്തന കരാർ (ആർ.ഒ.ഒ)

(സി) ദേശീയ അടിസ്ഥാന സൗകര്യ നിധിയിൽ നിന്നും കിഫ്ബിയിലേയ്ക്ക് നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല.

(ഡി) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സുഗമമായി നടപ്പിലാക്കുന്നതിന് സർക്കാർ നേരിടുന്ന പ്രധാന പ്രതിസന്ധി സ്ഥലമേറ്റെടുക്കുന്നതിനുള്ള കുറഞ്ഞ ധനലഭ്യതയാണ്. ആയതിനാൽ സംസ്ഥാനത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വേഗത്തിലും സുഗമമായും നടപ്പിലാക്കുന്നതിന് കിഫ്ബി മുഖേന ലാന്റ് ബോണ്ടുകൾ പുറപ്പെടുവിച്ച് ഈ പ്രതിസന്ധി മറികടക്കുന്നതിനുള്ള ധനസമാഹരണം നടത്താൻ ആലോചനയുണ്ട്.

**കോർട്ട് ഫീ പത്രങ്ങൾ**

30 (3005) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് **ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :**

ഒരു ലക്ഷം രൂപവരെയുള്ള മുദ്രപ്പത്രങ്ങൾ സ്റ്റാമ്പ് വെണ്ടർമാർക്ക് വിൽക്കാമെന്ന് 2014 ഡിസംബർ 14 ന് 3033-ാം നമ്പർ ഗസറ്റ് വിജ്ഞാപനം ഇറങ്ങിയെങ്കിലും അയ്യായിരം രൂപയ്ക്ക് മുകളിലുള്ള മുദ്രപ്പത്രങ്ങൾ സ്റ്റാമ്പ് വെണ്ടർമാർക്ക് വിൽപ്പനക്കായി നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിജ്ഞാപനം നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

സർക്കാർ വിജ്ഞാപനം വന്നതിനുശേഷം 5000 രൂപയ്ക്കു മുകളിലുള്ള മുദ്രപ്പത്രങ്ങൾ സ്റ്റാമ്പ് വെണ്ടർമാർക്ക് വിൽപനയ്ക്ക് നൽകാത്തതു സംബന്ധിച്ച് യാതൊരു പരാതിയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്റ്റാമ്പ് വെണ്ടർമാരുടെ വിൽപ്പന പരിധി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സംബന്ധിച്ച് എല്ലാ ട്രഷറി ഓഫീസർമാർക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. സ്റ്റാമ്പ് വെണ്ടർമാർക്ക് എല്ലായിനം മുദ്രപ്പത്രങ്ങളും ആവശ്യത്തിനനുസരിച്ച് പുതുക്കിയ ഡിസ്കൗണ്ട് (25000 രൂപവരെയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ) പ്രകാരം ട്രഷറികളിൽ നിന്നും വിൽപ്പന നടത്തുന്നതിന് ആവശ്യമായ സാങ്കേതിക ക്രമീകരണം വരുത്തുകയും ചെയ്തിട്ടുണ്ട്.

**പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ**

31 (3006) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :**

(എ) പശ്ചാത്തല സൗകര്യവികസനത്തിനും പൊതു ആരോഗ്യം, പൊതു വിദ്യാലയങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും എന്തൊക്കെ പദ്ധതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന് എത്ര കോടി രൂപയുടെ ചെലവ് വരുമെന്നും ഇതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പശ്ചാത്തല സൗകര്യ വികസനം, പൊതു ആരോഗ്യം, പൊതു വിദ്യാലയങ്ങൾ മറ്റ് സാമൂഹിക സാംസ്കാരിക മേഖലയിലെ വികസനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ വിവിധ പദ്ധതികൾ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. അപ്രകാരം നാളിതുവരെ വിവിധ ഭരണ വകുപ്പുകൾ 104 പ്രവൃത്തികൾക്കുള്ള പ്രാഥമിക നിർദ്ദേശം കിഫ്ബി വെബ്സൈറ്റ് മുഖേന സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നടപ്പുസാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ള രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രകാരമുള്ള പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പാക്കേജ് പ്രകാരം ഭൂമി ഏറ്റെടുക്കൽ ചെലവുൾപ്പെടെ 20,000 കോടി രൂപയുടെ ചെലവാണ് പ്രസ്താവിച്ചിട്ടുള്ളത്. കിഫ്ബിവഴിയുള്ള ധനാഗമ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തിയാവും ഈ പ്രവൃത്തികൾ നടപ്പിലാക്കുക.

**കടപ്പത്രം ഇറക്കുവാൻ അനുമതി**

32 (3007) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സർക്കാർ ഗ്യാരന്റിയോടു കൂടി കടപ്പത്രം ഇറക്കുവാൻ അനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) എത്ര കോടി രൂപയുടെ കടപ്പത്രം ഇറക്കുവാനാണ് അവർക്ക് അനുമതി നൽകിയിരിക്കുന്നത്; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സർക്കാർ ഗ്യാരന്റിയോടു കൂടി കടപ്പത്രം ഇറക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം**

33 (3008) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും ഭാവിയിൽ അതിലൂടെ സാമ്പത്തികക്ഷമത കൈവരുത്തുന്നതിനും എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) പദ്ധതി ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതി നിലവിൽ ഇല്ലായെങ്കിൽ അതേക്കുറിച്ച് പരിഗണിക്കുമോ?

ഉത്തരം

(എ) സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും സാമ്പത്തിക ക്ഷമത ഉറപ്പാക്കുന്നതിനും ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ കീഴിൽ ലഘു സമ്പാദ്യ പദ്ധതിയായ "സഞ്ചയികാ സമ്പാദ്യ പദ്ധതി" നിലവിലുണ്ടായിരുന്നു. 1-10-2016-നു ശേഷം കേന്ദ്ര സർക്കാർ ഈ പദ്ധതി നിർത്തലാക്കിയതിനാൽ "സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം" എന്ന പേരിൽ പദ്ധതി തുടരുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) സഞ്ചയികാ സമ്പാദ്യ പദ്ധതി നടപ്പിലാക്കി കൊണ്ടിരുന്ന അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് സംസ്ഥാനത്തെ ട്രഷറികൾ വഴിയാണ് "സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം" നടപ്പാക്കുന്നത്. ഇതിനായി സംസ്ഥാനത്തെ ട്രഷറികളിൽ ഓരോ സ്കൂളിനും പലിശയോടുകൂടിയ ഒരു സംയുക്ത ട്രഷറി സേവിംഗ്സ് അക്കൗണ്ട് തുടങ്ങുന്നതിന് 28-9-2016-ലെ സ.ഉ (സാധാ) നമ്പർ 7833/2016/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

**ഓൺലൈൻ മുഖാന്തരമുള്ള വിപണനം**

34 (3009) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓൺലൈൻ മുഖാന്തരമുള്ള വിപണനം സംസ്ഥാനത്ത് സജീവമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓൺലൈൻ വിപണനംമൂലം നികുതി വരുമാനത്തിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓൺലൈൻ വിപണനം നികുതിക്ക് വിധേയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള കേന്ദ്ര വില്പന നികുതി നിയമപ്രകാരം ഇത്തരം വിപണനങ്ങളിൽ നികുതി ഏർപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. ഇതിന്റെ പുറത്ത് സംസ്ഥാനത്തിന് ചുമത്താൻ കഴിയുന്നത് പ്രവേശന നികുതിയാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പ്രകാരം പ്രവേശന നികുതി ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കപ്പെട്ടതിനാൽ ആയത് ചുമത്തുവാൻ സംസ്ഥാനത്തിന് പരിമിതിയുണ്ട്. ജി.എസ്.ടി. നികുതി സമ്പ്രദായം പ്രാപ്യസ്ഥാനത്തെ അടിസ്ഥാന മാക്കിയുള്ളതിനാൽ, പ്രസ്തുത നികുതി വ്യവസ്ഥ നിലവിൽ വരുന്നതോടുകൂടി ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഓൺലൈൻ വിപണനത്തിന്മേലുള്ള നികുതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

35 (3010) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 2011-2016 കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; ടി പ്രവൃത്തികളുടെ വിശദമായ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി നൽകാതെ മാറ്റിവെച്ച പദ്ധതികൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതികളെ 2016-2017 വർഷത്തിൽ ഉൾപ്പെടുത്തി എ.എസ്. നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി ആരംഭിച്ച 2012-13 മുതൽ 2015-16 വരെ കാലയളവിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫണ്ട് ലഭ്യമല്ലാത്തതിനാൽ നിരസിക്കപ്പെട്ട പ്രവൃത്തികളുടെ വിവരം പ്രത്യേകമായി സൂക്ഷിക്കുന്നില്ല. ടി പ്രവൃത്തികളെ 2016-17 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ. ശിപാർശ ചെയ്താൽ മാത്രമേ പരിഗണിക്കാനാവൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊയിലാണ്ടി സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം

36 (3011) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി സബ് ട്രഷറി നിലവിൽ പ്രവർത്തിക്കുന്നത് പഴക്കമുള്ളതും സൗകര്യങ്ങൾ പരിമിതവുമായ ഒരു കെട്ടിടത്തിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊയിലാണ്ടി സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് 2006-2011 കാലയളവിൽ സർക്കാരിൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യത്തിലുള്ള ഫയലുകളുടെ വിവരങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനുസമീപം സർവ്വേ 39-ൽ 1(b) പ്രകാരം ചെറുകിട ജലസേചന ഡിവിഷന്റെ കൈവശമുള്ള ഒഴിഞ്ഞു കിടക്കുന്ന 25 സെന്റ് സ്ഥലം ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കാൻ അനുവദിക്കണമെന്ന് കോഴിക്കോട് ജില്ലാ ട്രഷറി ഓഫീസർ ആവശ്യപ്പെടുകയും അതനുസരിച്ച് പ്രസ്തുത സ്ഥലത്ത് 15.5 സെന്റ് സ്ഥലവും അതിലുൾപ്പെട്ട പഴയ ക്വാർട്ടേഴ്സ് കെട്ടിടവും സർക്കാർ നിശ്ചയിക്കുന്ന വില ഈടാക്കി കൊയിലാണ്ടി സബ് ട്രഷറി ഓഫീസിന് കൈമാറ്റം നടത്താവുന്നതാണെന്ന് 21-2-2011 തീയതിയിലെ E4-467/2011 നമ്പർ കത്ത് പ്രകാരം ജലസേചന വകുപ്പ് പ്രോജകട്-1 ചീഫ് എഞ്ചിനീയർ കോഴിക്കോട് ജലവിഭവ (IR) വകുപ്പ് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കുറ്റ്യാടി ജലസേചന പദ്ധതി പേരാമ്പ്രയുടെ 6-11-2014 തീയതിയിലെ E5-175/11 കത്ത് പ്രകാരം നിർദ്ദിഷ്ട സ്ഥലം റവന്യൂ ഭൂമിയാക്കാനുള്ള നടപടി സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥലം ട്രഷറി വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടിൽ നിന്നും ഹൈമാസ്റ്റ് ലൈറ്റുകളും ലോമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കാൻ അനുമതി

37 (3012) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര ഹൈമാസ്റ്റ് ലൈറ്റുകളും ലോമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം ഏത് ഏജൻസി മുഖേനയാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആയതിൽ എത്ര ലൈറ്റുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും ഇനി എത്ര ലൈറ്റുകൾ എവിടെയൊക്കെ സ്ഥാപിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും രണ്ട് പ്രവൃത്തികളിലായി ആകെ 31 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് അനുമതി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## റബ്ബറിന്റെ താങ്ങുവില

38 (3013) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ താങ്ങുവില നിലനിർത്താൻ കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച 300 കോടി രൂപയുടെ വില സ്ഥിരതാ ഫണ്ടിന്റെ പ്രയോജനം കേരളത്തിലെ പ്രത്യേകിച്ച് മലബാർ മേഖലയിലെ കർഷകർക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോട്ടയം നഗരങ്ങളിൽ റബ്ബറിനുള്ള മാർക്കറ്റ് വില മലബാർ മേഖലയിലും ലഭിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) റബ്ബർ ബോർഡ് നിശ്ചയിക്കുന്ന വില മുഴുവനായും കർഷകർക്ക് ലഭിക്കാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബർ കർഷകരിൽ അർഹരായ എല്ലാവർക്കും ഈ പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തുടനീളം ഒരുപോലെ ലഭിച്ചു വരുന്നു.

(ബി) കർഷകർക്ക് മെച്ചപ്പെട്ട വില നേടിയെടുക്കുന്നതിനായി മലബാർ മേഖലയിൽ റബ്ബർ ബോർഡ് റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളുടെ നേതൃത്വത്തിൽ ട്രേഡിംഗ് കമ്പനികൾ ആരംഭിച്ചിട്ടുണ്ട്. ഈ കമ്പനികൾ ടയർ വ്യവസായികൾക്കും മറ്റ് റബ്ബർ ഉപഭോക്താക്കൾക്കും കർഷകരിൽ നിന്ന് നേരിട്ട് ശേഖരിച്ച് റബ്ബർ വിൽക്കുന്നത് വഴി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി മെച്ചപ്പെട്ട വില നേടിയെടുക്കാൻ സഹായിക്കുന്നു.

(സി) റബ്ബർ ബോർഡ് റബ്ബറിന്റെ വില നിശ്ചയിക്കുന്നില്ല. മറിച്ച്, കോട്ടയം, കൊച്ചി റബ്ബർ മാർക്കറ്റുകളിലെ ദൈനംദിന വിലകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്യുന്നത്. ഇത് റബ്ബർ വിപണിയെപ്പറ്റി കർഷകർക്കും വ്യാപാരികൾക്കും ഒരു പൊതു അവബോധം ഉണ്ടാക്കുന്നതിന് സഹായിക്കുന്നു. കർഷകർ ഈ വിലകളുടെ അടിസ്ഥാനത്തിൽ അവരുടെ വിലപേശൽ കഴിവ് വർദ്ധിപ്പിക്കുകയും അതുവഴി മെച്ചപ്പെട്ട വില നേടിയെടുക്കുകയും ചെയ്യുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

39 (3014) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയതുവഴി സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തു തുകയുടെ നേട്ടം ഉണ്ടായെന്നും ആയത് ഏതു തരത്തിലാണെന്നും അറിയിക്കാമോ;

(ബി) നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരുടെ വിഹിതം ഏത് വിധത്തിലാണ് നിക്ഷേപിക്കുന്നതെന്നും ആയത് സർക്കാർ വിഹിതം കൂടി ചേർത്താണോ നിക്ഷേപിക്കുന്നതെന്നും അറിയിക്കാമോ;

(സി) മുൻ സർക്കാർ പ്രസ്തുത ഇനത്തിൽ സർക്കാർ വിഹിതമായി എത്ര തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർ 60-ാം വയസ്സിൽ വിരമിക്കുന്ന സമയത്ത് മാത്രമേ അവർക്ക് നൽകേണ്ട പെൻഷൻ തുകയിൽ നിന്നും സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോയെന്ന് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ബി) 6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്. ആർ.ഡി.എ. നിർദ്ദേശ പ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്താണ് ഈ തുക നിക്ഷേപിച്ചു വരുന്നത്.

(സി) മുൻ സർക്കാർ പ്രസ്തുത ഇനത്തിൽ സർക്കാർ വിഹിതമായി 31-5-2016 വരെ 105.66 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

40 (3015) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ സർക്കാർ നിക്ഷേപിച്ച തുകയെത്രയെന്നും നിക്ഷേപിക്കേണ്ടിയിരുന്ന തുകയെത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) ഫണ്ട് മാനേജർമാരായി നിയോഗിച്ചവർക്ക് പുറമേ ഏതെങ്കിലും ഏജൻസികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ അവയേതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫണ്ട് മാനേജർമാർക്ക് ലഭിച്ച തുകയുടെ വിശദ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) National Securities Depository Limited-Central Record Agency-യുടെ monthly റിപ്പോർട്ടിൻ പ്രകാരം 2016 സെപ്റ്റംബർ 30 വരെ 39933 ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) National Securities Depository Limited-Central Record Agency- യുടെ monthly റിപ്പോർട്ടിൻ പ്രകാരം 2016 സെപ്റ്റംബർ 30 വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും (142.58 കോടി രൂപ) സർക്കാർ വിഹിതവും (142.58 കോടി രൂപ) കൂടി ചേർത്ത് 285.16 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഈ കാലയളവിൽ സർക്കാർ നിക്ഷേപിക്കേണ്ട തുക പൂർണ്ണമായും നിക്ഷേപിച്ചിട്ടുണ്ട്.

(സി) ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്ര സർക്കാരിലെ 5(88)2006 പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പി ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത ഫണ്ട് നിക്ഷേപിച്ചുവരുന്നത്.

(ഡി) 2015-16 സാമ്പത്തിക വർഷം NPS Trust-ന്റെ ഫയൽ നമ്പർ 1-3-2015/ NPST പ്രകാരം ഫണ്ട് മാനേജർമാർക്ക് അനുവദിച്ചിരിക്കുന്ന തുകയുടെ ആനുപാതികം SBI പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്-34%, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്- 32%, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ്-34% എന്നിങ്ങനെയാണ്. NSDL-ൽ നിന്നും ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2016-സെപ്റ്റംബർ 30 വരെ 285.16 കോടി രൂപ പ്രസ്തുത ഫണ്ട് മാനേജർമാർക്ക് നൽകിയിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

41 (3016) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്രസർക്കാർ ജീവനക്കാർ സർവ്വീസിലിരുന്ന് മരിക്കുകയോ, മറ്റ് കാരണങ്ങളാൽ നിർബന്ധിത വിരമിക്കലിന് വിധേയമാവുകയോ ചെയ്യുന്ന സാഹചര്യത്തിൽ അവരുടെ ആശ്രിതർക്ക് പഴയ ജീവനക്കാരുടെ ആശ്രിതർക്ക് ലഭിക്കുന്ന അതേ രീതിയിൽ തന്നെ കുടുംബ പെൻഷൻ നൽകാൻ 5-5-2009-ൽ കേന്ദ്ര സർക്കാർ ഉത്തരവിറക്കിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പി.എഫ്.ആർ.ഡി.എ. നിർദ്ദേശാനുസരണം എൻ.പി.എസ്. സംസ്ഥാന ജീവനക്കാർക്കും നടപ്പാക്കിയ സ്ഥിതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിലേതു പോലെ സമാന വിഷയത്തിൽ സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ ;

(സി) സംസ്ഥാന സർക്കാർ ഉത്തരവ് കേന്ദ്ര സർക്കാർ ഉത്തരവിൽ നിന്നും വ്യത്യസ്തമാണോ; എങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമയത്ത് ആശ്രിത നിയമനം നൽകുന്നതോടൊപ്പം പെൻഷൻ തുടർന്നും നൽകിയിരുന്നോ; എങ്കിൽ എൻ.പി.എസ്. നടപ്പിലാക്കിയതിന് ശേഷം ആശ്രിത നിയമനം നൽകിയതിനുശേഷം ഫാമിലി പെൻഷൻ തുടർന്നും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല

(സി) ബാധകമല്ല

(ഡി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പ്രകാരം ആശ്രിത നിയമനം നൽകുന്നതിനോടൊപ്പം കുടുംബ പെൻഷൻ തുടർന്നും പങ്കാളിക്ക് മാത്രമായി നൽകി വരുന്നുണ്ട്. നാഷണൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് കുടുംബ പെൻഷന് അർഹതയില്ല. എന്നിരുന്നാലും സംസ്ഥാന സർക്കാരിന്റെ 31-8-2016-ലെ സ.ഉ (പി) നമ്പർ 126/2016/ധന പ്രകാരം അവകാശിക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി ലഭിക്കുന്നത് വരെ ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% തുക ആശ്വാസ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

42 (3017) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലൂടെ സർക്കാർ ജീവനക്കാരിൽ നിന്ന് ശേഖരിക്കുന്ന വിഹിതം ഏതെങ്കിലും പൊതു അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുകയുടെ മാനേജ്മെന്റിനു വേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തുക ട്രഷറിയിൽ തന്നെ കണക്കാക്കപ്പെടുകയാണോയെന്നും ഈ തുക വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്ര സർക്കാരിന്റെ 5(88) 2006 പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ സോണുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത തുകയുടെ മാനേജ്മെന്റിനുവേണ്ടി എൻ.പി.എസ്. ട്രസ്റ്റ് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956-ലെ SCRA (Securities Contracts (Regulation) Act, 1956) പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ തുക ട്രഷറിയിൽ നിക്ഷേപിക്കാൻ നിലവിൽ സാധിക്കില്ല.

**വിദ്യാഭ്യാസ വായ്പ**

43 (3018) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തിനു വെളിയിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചില ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകാൻ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടി ബാങ്കുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ വായ്പാ ലഭ്യത ഒരു അവകാശമായി പ്രഖ്യാപിക്കുമോ ; അതിനായി നിയമം കൊണ്ടുവരുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനം

44 (3019) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയമന നിരോധനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണെന്ന് വിശദമാക്കുമോ ;

(ബി) വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് പൊതുവിദ്യാഭ്യാസ മേഖലയിൽ പുതിയ തസ്തികകൾ അനുവദിക്കില്ലെന്ന പ്രഖ്യാപനം നിയമന നിരോധനമായി മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസരംഗത്തെ സംരക്ഷിക്കുവാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പിനെ നിയമന നിരോധനത്തിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം സംസ്ഥാനത്ത് നിയമന നിരോധനം പ്രാബല്യത്തിലില്ല.

(ബി&സി) സംസ്ഥാനത്ത് നിലവിൽ നിയമന നിരോധനമില്ല. വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി സമ്പൂർണ്ണമായ വാണിജ്യവൽക്കരണമെന്ന മുൻ സർക്കാരിന്റെ നയമല്ല ഈ സർക്കാരിന്റേത്. മറിച്ച് പൊതു വിദ്യാലയങ്ങളെ ശക്തിപ്പെടുത്തി അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഉന്നതവിദ്യാഭ്യാസ മേഖലയിലടക്കം മേൽ ലക്ഷ്യം കൈവരിക്കുവാൻ ആവശ്യമായ നടപടികൾ ബജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ്

45 (3020) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന പെൻഷൻ വകുപ്പുകൾ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് പ്രകാരം താഴത്തെ നിലയിലേക്ക് മാറ്റിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത് എപ്പോഴാണ്;

(സി) പെൻഷൻ വകുപ്പുകൾ സെക്രട്ടേറിയറ്റിലെ താഴത്തെ നിലയിലേക്ക് പ്രവർത്തനം മാറ്റുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ മാറ്റിയിട്ടില്ല. മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ബി) 2015 നവംബർ 6-ാം തീയതി

(സി) താൽക്കാലിക അറേഞ്ച്മെന്റിന്റെ ഭാഗമായാണ് പെൻഷൻ (എ, ബി) വകുപ്പുകൾ സെക്രട്ടേറിയറ്റിന്റെ ക്യാന്റീൻ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത്. സെക്രട്ടേറിയറ്റ് രണ്ടാം അനക്സ് പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് വിവിധ വകുപ്പുകൾ രണ്ടാം അനക്സിൽ ക്രമീകരിക്കപ്പെടുകയും അപ്പോൾ പെൻഷൻ വകുപ്പുകൾ താഴത്തെ നിലയിലേക്ക് മാറ്റുന്നതുമാണ്.

**സംസ്ഥാനത്തെ പണമിടപാട് സ്ഥാപനങ്ങൾ**

46 (3021) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുത്തൂറ്റ് ഫിനാൻസ് തുടങ്ങി എത്ര പണമിടപാട് സ്ഥാപനങ്ങൾ (മറ്റു സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നേടിയവയും, ശാഖകളുള്ളവയും ഉൾപ്പെടെ) നിയമവിധേയമായും അല്ലാതെയും പ്രവർത്തനം നടത്തി വരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഇവയിൽ സംസ്ഥാന/കേന്ദ്ര അന്വേഷണ ഉദ്യോഗസ്ഥരുടെ പരിശോധനകളിൽ പണമിടപാടുകളിലെ അനധികൃത പ്രവർത്തനങ്ങളും കള്ളപ്പണമിടപാടുകളും കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം എന്നും ഇവയുടെ പ്രവർത്തനങ്ങളിൽ സംസ്ഥാന/കേന്ദ്ര സർക്കാരുകൾ വരുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

(സി) ഇവയിലോരോന്നിലും എത്ര ജീവനക്കാർ നിലവിലുണ്ട് എന്നും സംസ്ഥാനത്തിനുള്ളിൽ ഇവയ്ക്കോരോന്നിനും എത്ര ശാഖകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) ഇവയിലെ ജീവനക്കാർക്ക് ജോലി സമയം, അവധി, പ്രൊമോഷൻ, സ്ഥലമാറ്റം തുടങ്ങിയ ന്യായമായ അവകാശങ്ങൾക്ക് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ സംസ്ഥാനത്താകമാനം അനേകായിരം ജീവനക്കാരുള്ള പ്രസ്തുത മേഖലയിലെ ജീവനക്കാർക്ക് മാന്യമായ സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ഇവയുടെ പ്രവർത്തനങ്ങൾ നിയമവിധേയമായി നിയന്ത്രിക്കാൻ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് മുഖ്യമായും കേന്ദ്ര നിയമങ്ങളായ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ട്, ബാങ്കിംഗ് റെഗുലേഷൻ ആക്ട്, കമ്പനീസ് ആക്ട്, പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് (ബാനിംഗ്) ആക്ട്, സംസ്ഥാന നിയമങ്ങളായ കേരള മണി ലെൻഡേഴ്സ് ആക്ട്, കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് മുതലായ വിവിധ നിയമങ്ങൾ മുഖേനയാണ്. ഇവയിൽ കേരള മണിലെൻഡേഴ്സ് ആക്ട്, 1958 മാത്രമാണ് വാണിജ്യനികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നത്. കേരള മണിലെൻഡേഴ്സ് ആക്ട്, 1958-ൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള മണിലെൻഡർമാർ ടി നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. ഇപ്രകാരം 10531 പേർ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. മുത്തൂറ്റ് പോലുള്ള പണമിടപാട് സ്ഥാപനങ്ങൾ നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികളാണ്. നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ ലൈസൻസ് എടുക്കുന്നത് സംബന്ധിച്ച കേസുകൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ നിലവിൽ നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾക്ക് കേരള മണിലെൻഡേഴ്സ് നിയമത്തിൻ കീഴിൽ ലൈസൻസ് നിർബന്ധമാക്കുവാൻ സാധിക്കുകയില്ല. തൊഴിൽ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തൊട്ടാകെ 16,483 പണമിടപാട് സ്ഥാപനങ്ങൾ ലേബർ രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കുന്നു.

(ബി) ഈ സർക്കാർ കാലയളവിൽ സംസ്ഥാന/കേന്ദ്ര അന്വേഷണ ഉദ്യോഗസ്ഥരുടെ പരിശോധനകളിൽ പണമിടപാടുകളിലെ അനധികൃത പ്രവർത്തനങ്ങളും കള്ളപ്പണമിടപാടുകളും നടത്തിയ സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടില്ല.

(സി) തൊഴിൽ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനമൊട്ടാകെ 16,483 പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ആയതിൽ 66442 ജീവനക്കാർ ജോലി ചെയ്യുന്നു.

(ഡി&ഇ) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മിനിമം വേതന നിയമം, മേറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് എന്നീ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് ടി ജീവനക്കാർക്ക് അർഹതയുണ്ട്.

(എഫ്) അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതും പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതുമായ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് എന്ന നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമത്തിൻ കീഴിൽ

പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ ലേബർ കമ്മീഷണർ മുഖേന, സ്ഥാപന പരിശോധന നടത്തുമ്പോൾ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ലംഘനങ്ങൾ കണ്ടെത്തുന്നതിനും ആയത് പരിഹരിക്കുന്നതിനും നിർദ്ദേശം നൽകുകയും നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**സംസ്ഥാനത്ത് ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം**

47 (3022) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) ഇല്ലെങ്കിൽ ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ; ഇല്ലെങ്കിൽ എ.റ്റി.എം. സ്ഥാപിക്കുന്നതിനും ഇത് വഴി പണമിടപാട് കാര്യക്ഷമമായി നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

**ഉത്തരം**

(എ&ബി) ട്രഷറി കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കിവരുന്നു. 2016 ഡിസംബർ മാസം അവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 14-10-2016 വരെ 106 ട്രഷറികളിൽ കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കഴിഞ്ഞു.

(സി) സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് ATM ലൂടെ പിൻവലിക്കുന്നതിനുമുള്ള സൗകര്യമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## കിഫ്ബിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

48 (3023) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ബജറ്റിൽ കോഴിക്കോട് ജില്ലയ്ക്കായി പ്രഖ്യാപിച്ച ഏതെല്ലാം പ്രവൃത്തികളെയാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി എ.എസ്. നൽകുന്നതിന് ഈ വർഷം പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, ടൂറിസം തുടങ്ങിയ വകുപ്പുകളുടെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ പ്രാഥമിക നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ഇതിനുശേഷം സർക്കാർ അനുമതി നൽകുന്ന പദ്ധതികളാണ് DPR അടക്കമുള്ള വിശദമായ പരിഗണനയ്ക്ക് വരുന്നത്. ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബിവഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തത ഉണ്ടാവൂ. കിഫ്ബിവഴി നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ കരട് പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## പെരുമ്പാവൂർ അശമന്നൂർ എം.വി. സുകുമാരൻ നൽകിയ പരാതി

49 (3024) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ പെരുമ്പാവൂർ അശമന്നൂർ പുന്നയംകര മൊടനാടൻ വീട്ടിൽ എം.വി.സുകുമാരൻ, ടിയാളുടെ ഭാര്യ പൊതുമരാമത്തുവകുപ്പ് റോഡു വിഭാഗം കുറുപ്പംപടി അസി.എഞ്ചിനീയർ സി.റ്റി.സലീലജയുടെ സർവ്വീസ് സംബന്ധമായി നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 13-3-1989-ൽ ഗ്രേഡ് II ഡ്രാഫ്റ്റ്സ്മാൻ ആയി സർവ്വീസിൽ പ്രവേശിച്ച സി.റ്റി. സലീലജക്ക് രണ്ടും മൂന്നും ഹയർ ഗ്രേഡുകളും പ്രസ്തുത ഹയർ ഗ്രേഡുകൾക്കനു സൃതമായ അധിക ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഹയർ ഗ്രേഡുകളും അർഹമായ ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 8-8-2008-ലെ നമ്പർ 46/08/ധന സർക്കുലറിന്റെ ഖണ്ഡിക 7 പ്രകാരം 16/09/1985 മുതൽ പ്രവേശന തസ്തികയെ ആധാരമാക്കിയാണ് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചു നൽകുന്നത്. ശ്രീമതി സലീലജ രണ്ടാം ഗ്രേഡ് ഓവർസീയർ ആയാണ് 13-3-1989-ൽ സേവനത്തിൽ പ്രവേശിച്ചത്. 10-12-2004-ൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1 തസ്തികയിൽ പി.എസ്.സി. നിയമനം ലഭിച്ചതിനാൽ പ്രവേശന തസ്തിക ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1 ആയി മാറി. തുടർന്ന് 26-4-2012-ൽ അസിസ്റ്റന്റ് എഞ്ചിനീയറായി പി.എസ്.സി. നിയമനം ലഭിച്ചപ്പോൾ എൻട്രി തസ്തിക അസിസ്റ്റന്റ് എഞ്ചിനീയറായും മാറി. നിലവിലുള്ള ചട്ട പ്രകാരം പി.എസ്.സി. മുഖേന ബൈട്രാൻസ്ഫർ വഴി പുതിയ തസ്തികയിലെ നിയമനം നേരിട്ടുള്ള നിയമനമായി പരിഗണിക്കുന്നതിനാൽ ശ്രീമതി. സലീലജയ്ക്ക് ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 പ്രവേശന തസ്തികയായി കണക്കാക്കി 2-ഉം 3-ഉം സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല. ടിയാളുടെ ഇപ്പോഴത്തെ പ്രവേശന തസ്തികയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ഇനി സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കാൻ നിലവിലെ ചട്ടപ്രകാരം കഴിയൂ.

(സി) നിലവിലെ ചട്ടപ്രകാരം ടിയാളുടെ ഇപ്പോഴത്തെ പ്രവേശന തസ്തികയായ അസി. എഞ്ചിനീയറുടെ തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാസേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ഇനി സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുവാൻ കഴിയൂ.

**കിഫ്ബിയിലേക്ക് ലഭിച്ച നിക്ഷേപങ്ങൾ**

50 (3025) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി പണം കണ്ടെത്താൻ സർക്കാർ രൂപം നൽകിയ കിഫ്ബിയിലേക്ക് ഇതിനോടകം ലഭിച്ച നിക്ഷേപങ്ങൾ ഏതൊക്കെ ;

(ബി) ലഭിച്ച തുകയും ഇവ ഏതൊക്കെ മേഖലയിൽ നിന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) ലഭിച്ച തുക ഏതൊക്കെ പദ്ധതികൾക്കായി ചെലവഴിക്കും ; പ്രസ്തുത പദ്ധതികൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്ത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പദ്ധതികളുടെ എസ്റ്റിമേറ്റ് തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി സമർപ്പണത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെ കിഫ്ബിവഴി നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു. 1999-ലെ കേരള അടിസ്ഥാന വികസന നിധി ആക്ട് പ്രകാരം നിലവിൽ വന്ന ധനകാര്യ സ്ഥാപനമായ കിഫ്ബിയെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുംവിധം ശാക്തീകരിക്കാനായി 19-8-2016 തീയതിയിലെ ഓർഡിനൻസ് നമ്പർ 6/16 ലൂടെ ഭേദഗതി വരുത്തി 19-8-2016-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നമ്പർ 1464-ലൂടെ പുറപ്പെടുവിക്കുകയും ചെയ്തു. ഇതുവഴി സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബി സജ്ജമായിട്ടുണ്ട്. ധനസമാഹരണ പ്രക്രിയയുടെ ആദ്യപടിയെന്ന നിലയിൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ വൻകിട വികസന പദ്ധതികളുടെ നടപ്പാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ച 2000 കോടി രൂപയിൽ അവശേഷിച്ച 873.85 കോടി രൂപ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കിഫ്ബി ഭേദഗതി ഓർഡിനൻസ് പ്രകാരം 10% മോട്ടോർ വാഹന നികുതി, പെട്രോളിന്മേലുള്ള സെസ് എന്നിവ കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനുപുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, വാണിജ്യ/സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

(സി &ഡി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ പ്രഥമമായി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൻപ്രകാരം വിവിധ വകുപ്പുകൾ കിഫ്ബിവഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതികളിൽ, 8-8-2016-ലെ സ.ഉ (കൈ) നമ്പർ 315/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ

KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. നിലവിൽ ഈ പദ്ധതികളുടെ വിലയിരുത്തൽ നടപടികൾ നടന്നുവരുന്നു. ഇതിനുശേഷം ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. കിഫ്ബി ഭേദഗതി ഓർഡിനൻസ് ഖണ്ഡം 3 എ (2) പ്രകാരം ഒരു പൊതു ഏജൻസി നടപ്പിലാക്കുന്ന അർഹമായ പ്രോജക്ടുകൾ 100 കോടി രൂപയിൽ കവിയുന്ന മൂല്യമുള്ളത് ആയിരിക്കേണ്ടതാണ്. എന്നാൽ മൂല്യം നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 10 കോടി രൂപയിൽ കുറയാത്ത പ്രോജക്ടുകളെ ട്രാഞ്ചസ് ആയി തരം തിരിക്കാവുന്നതും അവയിലോരോന്നും മൂല്യം സംബന്ധിച്ച് 2-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥക്കനുസൃതമായിരിക്കേണ്ടതുമാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്.

### ധനകാര്യവകുപ്പിന്റെ കീഴിൽ ആസ്ഥാനമന്ദിരം

51 (3026) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായ ആസ്ഥാനമന്ദിരം ഇല്ലാത്ത വകുപ്പുകൾക്കായി സംസ്ഥാനത്ത് ധനകാര്യവകുപ്പിന്റെ കീഴിൽ ഒരു പൊതു ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അയതിന്റെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്വന്തമായ ആസ്ഥാനമന്ദിരം ഇല്ലാത്ത വകുപ്പുകൾക്കായി സംസ്ഥാനത്ത് ധനകാര്യ വകുപ്പിന്റെ കീഴിൽ ഒരു പൊതു ആസ്ഥാനമന്ദിരം നിർമ്മിക്കുന്നത് സംബന്ധിച്ച് നിലവിൽ ആലോചനയില്ല.

### കോൺട്രിബ്യൂട്ടറി പെൻഷൻ

52 (T* 3027) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ചേർന്ന സർക്കാർ ജീവനക്കാരുടെ കുടിശ്ശിക തുക അടയ്ക്കുന്നതിൽനിന്നും ജീവനക്കാരെ ഒഴിവാക്കുമോയെന്ന് വ്യക്തമാക്കുമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിലെ തുക സർക്കാർ മേൽനോട്ടത്തിൽ ട്രഷറികളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ;

(സി) കോൺട്രിബ്യൂട്ടറി പെൻഷൻകാർക്ക് മിനിമം പെൻഷൻ ഏർപ്പെടുത്തു മോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2013-നുശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10%-ഉം (10% of Pay+ DA) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് PFRDA നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിക്കപ്പെട്ട തുകയിൽ നിന്നും അയാൾക്ക് പെൻഷൻ വിഹിതം ആന്വിറ്റി ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള എൻ.പി.എസ്. സ്കീം നിക്ഷേപത്തിന് അനുസൃതമായി മാത്രമേ വിരമിക്കൽ ആനുകൂല്യങ്ങൾ ആയി ലഭിക്കു എന്നതിനാൽ ജീവനക്കാരുടെ കുടിശ്ശിക തുക അടയ്ക്കുന്നതിൽ നിന്നും അവരെ ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. 14-1-2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 25/2015/ധന പ്രകാരം ജീവനക്കാർ കുടിശ്ശിക തുക അടവാക്കേണ്ടതിന്റെ നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956-ലെ SCRA (സെക്യൂരിറ്റീസ് കോൺട്രാക്ട്സ് റെഗുലേഷൻ ആക്ട്, 1956) പ്രകാരം, ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിലെ തുക ട്രഷറിയിൽ നിക്ഷേപിക്കാൻ നിലവിൽ സാധിക്കില്ല.

(സി) 1-4-2013-നുശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10%-ഉം (10% of pay + DA) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് PFRDA നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിക്കപ്പെട്ട തുകയിൽ നിന്നും അയാൾക്ക് പെൻഷൻ വിഹിതം ആന്വിറ്റി ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള എൻ.പി.എസ്. സ്കീം. പി.എഫ്.ആർ.ഡി.എ. ആക്ട് പ്രകാരം നിക്ഷേപത്തിന് അനുസൃതമായി ലഭിക്കുന്ന തുകയ്ക്ക് മാത്രമേ വിരമിക്കുന്ന സമയത്ത് അർഹതയുള്ളൂ.

## സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ നൽകിവരുന്ന ധനസഹായം

53 (3028) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ നൽകി വരുന്ന ധനസഹായം വെട്ടിക്കുറച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഉത്തരവു പ്രകാരം നേരത്തെ നൽകിയിരുന്ന ആനുകൂല്യങ്ങളിൽ നിന്ന് വ്യത്യസ്തമായി എന്തെല്ലാം കുറവുകളാണ് വരുത്തിയിട്ടുള്ളത്; ഇതിനുള്ള സാഹചര്യം വിശദമാക്കുമോ ;

(സി) ഉത്തരവിന് എന്നു മുതൽ പ്രാബല്യമുണ്ട്; നേരത്തെ ലഭിച്ച ആനുകൂല്യങ്ങൾ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരിച്ചടക്കേണ്ടി വരുമോ; വിശദാംശം നൽകുമോ ;

(ഡി) ഈ സാഹചര്യത്തിൽ പുതുക്കിയ ഉത്തരവ് പുനഃപരിശോധിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ-ഡി) സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകി വരുന്ന ഒരു ധനസഹായവും വെട്ടിക്കുറച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## 2003-ലെ കേരള ഗവൺമെൻറ് സീലിംഗ് ഓൺ ഗവണ്മെന്റ് ഗ്യാരന്റീസ് ആക്ട് ഭേദഗതി

54 (3029) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-ലെ കേരള ഗവൺമെന്റ് സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരന്റീസ് ആക്ട് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവൺമെന്റ് ഗ്യാരന്റികളുടെ മൊത്തപരിധി എത്രയായി ഉയർത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) ഗവൺമെന്റ് ഗ്യാരന്റി നൽകുന്നതിന്റെ പരിധിയ്ക്ക് റിസർവ് ബാങ്കോ, കേന്ദ്ര സർക്കാരോ പരമാവധി പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) 2003-ലെ ആക്ട് 30 പ്രകാരം ഗവൺമെന്റ് ഗ്യാരണ്ടികളുടെ മൊത്ത പരിധിയായി നിശ്ചയിച്ച 14000 കോടി രൂപ 2015-ലെ ആക്ട് 15 പ്രകാരം 21000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(സി) ഇല്ല. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ടെക്നിക്കൽ കമ്മിറ്റി 15-2-1999-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ഗവൺമെന്റ് ഗ്യാരണ്ടിയുടെ പരിധി നിർണ്ണയിക്കുന്നതിന് സ്വീകരിക്കേണ്ട സമീപന രീതികൾ പ്രകാരം എൻ.എസ്.ഡി.പി, ജി.എസ്.ഡി.പി, റവന്യൂ വരുമാനം, എന്നിവയുമായി ബന്ധപ്പെട്ട ഘടകങ്ങൾ പരിശോധിച്ചശേഷം പ്രസ്തുത സൂചകങ്ങളുടെ വളർച്ചയും അതോടൊപ്പം കടബാദ്ധ്യതയും കൂടി കണക്കിലെടുത്താണ് സംസ്ഥാന സർക്കാർ ഗ്യാരണ്ടിയുടെ പരിധി ഉയർത്തി നിശ്ചയിക്കുന്നത്.

## 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലെ അധിക വിഭവ സമാഹരണം

55 (3030) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ അവതരിപ്പിച്ച അധിക വിഭവ സമാഹരണത്തിലൂടെ കഴിഞ്ഞ മൂന്ന് മാസം എത്ര രൂപയുടെ വരുമാനം സംസ്ഥാന ഖജനാവിനുണ്ടായി എന്ന് വ്യക്തമാക്കാമോ;

(ബി) ഭാഗാധാരങ്ങളുടെ നിരക്ക് വർദ്ധനവുമൂലം ഈ കഴിഞ്ഞ മാസം എത്ര രൂപയുടെ അധിക വിഭവസമാഹരണം തൊട്ട് മുൻവർഷത്തെ മൂന്ന് മാസവുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എത്ര പദ്ധതികൾക്ക് അനുമതി നൽകിയെന്നും ശേഷിക്കുന്ന പ്രഖ്യാപനങ്ങൾ ഇപ്പോൾ ഏത് സ്റ്റേജിൽ ആണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെ ഇതേവരെ ലഭിച്ച വരവിന്റെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും ലഭ്യമായത് ഉൾപ്പെടെ 2016 ആഗസ്റ്റ് 31 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 19216.85 കോടി രൂപയാണ്.

(ബി) 2016 ആഗസ്റ്റ് 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം രജിസ്ട്രേഷനിൽ നിന്നുള്ള വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനേക്കാൾ 58.3 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ ഭാഗാധാരങ്ങളുടെ നിരക്ക് വർദ്ധനവുമൂലം ലഭിച്ചിട്ടുള്ള അധിക വരുമാനവും ഉൾപ്പെടുന്നു. ഇതുസംബന്ധിച്ച് വേർതിരിച്ച കണക്ക് തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന സ്വീകരിച്ചുവരികയാണ്. കൂടാതെ മാന്ദ്യ വിരുദ്ധ പാക്കേജിലും പ്രത്യേക നിക്ഷേപ പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ കിഫ്ബി വഴി നടന്നുവരികയാണ്.

**പുതിയ നികുതി നിർദ്ദേശങ്ങൾ**

56 (3031) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൊണ്ടുവന്ന നികുതി നിർദ്ദേശ പ്രകാരം നികുതിയിനത്തിൽ ഒരു വർഷം എത്ര രൂപയാണ് പൊതുജനങ്ങൾക്ക് അധികബാധ്യതയായി ഉണ്ടാകുന്നതെന്ന് അറിയിക്കുമോ ;

(ബി) നികുതിയിനത്തിലെ വർദ്ധനവ് പൊതുജനത്തിന്റെ ദൈനംദിന ജീവിതച്ചെലവുകളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) നികുതിയിനത്തിലെ വർദ്ധനവ് മൂലം ദൈനംദിന ജീവിതച്ചെലവ് വഹിക്കാൻ കഴിയാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നതിന്റെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) MRP രേഖപ്പെടുത്തി പാക്കറ്റിലാക്കി വിൽക്കുന്ന ഗോതമ്പുത്പന്നങ്ങൾ, ആട്ട, മൈദ, സൂചി, റവ എന്നിവയ്ക്ക് 5% നികുതി ഏർപ്പെടുത്തിയതുവഴി 50 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. MRP രേഖപ്പെടുത്തി പാക്കറ്റിലാക്കി വിൽക്കുന്ന ബസ്മതി അരിയുടെ നികുതി നിരക്ക് 5% ആയി ഉയർത്തി. ഇതിലൂടെ 10 കോടി രൂപയുടെ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നു. വെളിച്ചെണ്ണ എന്ന വ്യാജേന മറ്റ് ഭക്ഷ്യ എണ്ണകൾ സംസ്ഥാനത്തേക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഇത്തരം എണ്ണകളുടെ വരവിനെ നിയന്ത്രിക്കുവാൻ വെളിച്ചെണ്ണയ്ക്ക് 5% നികുതി ഏർപ്പെടുത്തി. ഇതുവഴി 150 കോടി രൂപയുടെ

അധികവരുമാനം പ്രതീക്ഷിക്കുന്നു. ബ്രാൻഡഡ് റസ്റ്റോറന്റുകൾ പാചകം ചെയ്തു വിൽക്കുന്ന ബർഗർ, പിസ, ടാക്കോസ്, ഡോനട്സ്, സാൻഡ് വിച്ച്, ബർഗർ-പാറ്റി, പാസ്ത തുടങ്ങിയവയുടെയും ബ്രഡ് ഫില്ലിംഗുകൾ, മറ്റ് പാകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയുടെയും മേൽ ഫാറ്റ് ടാക്സ് എന്ന നിലയിൽ 14.5% നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. തുണിയുടെ മേലുള്ള നികുതി 2% ആയി ഉയർത്തിയതുവഴി 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. MRP രേഖപ്പെടുത്തി വിൽക്കുന്ന പാക്കറ്റ് ഉൽപ്പന്നങ്ങൾക്ക് നികുതിയുൾപ്പെടെയുള്ള പരമാവധി വിലയാണ് ഈടാക്കുന്നത്. നികുതി വസൂലാക്കുന്നതുകൊണ്ട് വിലയിൽ വർദ്ധനവുണ്ടാകാനിടയില്ല.

(ബി) MRP എന്നത് നികുതി ഉൾപ്പെടുന്ന വില ആയതിനാൽ ഇതിൽ നൽകിയ നികുതിയിളവ് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നില്ലായെന്ന് കണ്ടതിനെത്തുടർന്നാണ് അത്തരം നികുതികൾ പുനഃസ്ഥാപിച്ചിരിക്കുന്നത്. ബ്രാൻഡഡ് റസ്റ്റോറന്റുകൾക്കുള്ള നികുതി നിർദ്ദേശം പൊതു ജനത്തിന്റെ ദൈനംദിന ജീവിതച്ചെലവിനെ ബാധിക്കുന്നതല്ല.

(സി) ഇതുസംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ ശേഖരിച്ചിട്ടില്ല.

**നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

57 (3032) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പിന്റെ എറണാകുളം സർക്കിളിൽ മാത്രം എത്ര ലക്ഷം രൂപ നികുതി കുടിശ്ശികയായി ലഭിക്കാനുണ്ടെന്ന് വിശദമാക്കുമോ ;

(ബി) എറണാകുളം സ്പെഷ്യൽ സർക്കിൾ രണ്ടിൽ നിന്നും സ്പെഷ്യൽ സർക്കിൾ മൂന്നിൽ നിന്നുമായി യഥാക്രമം എത്ര ലക്ഷം രൂപ വീതം നികുതി കുടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ടി തുകകൾ പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തൊട്ടാകെ നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തെങ്കിലും പുതിയ സംവിധാനം നടപ്പാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിന്റെ എറണാകുളം ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിൽ 3,49,389.53 ലക്ഷം രൂപ നികുതി കുടിശ്ശികയായി ലഭിക്കാനുണ്ട്.

(ബി) എറണാകുളം സ്പെഷ്യൽ സർക്കിൾ രണ്ടിൽ നിന്നും 99,055.36 ലക്ഷം രൂപയും സ്പെഷ്യൽ സർക്കിൾ മൂന്നിൽ നിന്ന് 20,585.05 ലക്ഷം രൂപയും നികുതി കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ട്.

(സി) ടി തുകകൾ പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആംനസ്റ്റി സ്കീം നടപ്പിലാക്കിയിട്ടുണ്ട്. കോടതി കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**ചരക്ക് സേവന നികുതി നിയമം**

58 (3033) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി നിയമം കേരളത്തിൽ നടപ്പിൽ വരുത്തുന്നതിനു വേണ്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നടപ്പിൽ വരുമ്പോൾ ഏതൊക്കെ മേഖലകളിൽ നിന്ന് സംസ്ഥാനത്തിന് അധികവരുമാനം ലഭിക്കുമെന്നും ഏതൊക്കെ മേഖലകളിൽ നിന്ന് നിലവിൽ ലഭിക്കുന്ന വരുമാനം ഇല്ലാതാകുമെന്നും കണക്കാക്കിയിട്ടുണ്ടോ;

(സി) ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ, കേരളത്തിൽ നിലവിലുള്ള രജിസ്റ്റേർഡ് വ്യാപാരികളുടെ എണ്ണത്തിൽ കുറവ് വരുമോ എന്നറിയിക്കുമോ;

(ഡി) ജി.എസ്.ടി. നിലവിൽ വരുമ്പോൾ നികുതിദായകർ ഒരേ വിഷയത്തിൽ രണ്ട് അധികാര കേന്ദ്രങ്ങളിൽ കണക്ക് ബോധിപ്പിക്കേണ്ടി വരുമോ; സംസ്ഥാന നികുതി വകുപ്പിന്റെ അധികാരങ്ങൾ കേന്ദ്ര നികുതി വകുപ്പ് കവർന്നെടുക്കുന്ന സാഹചര്യം ഉണ്ടാകുമോ ; അതിനനുസൃതമായി സംസ്ഥാന നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുമോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി നിയമത്തെക്കുറിച്ചുള്ള ചർച്ചകൾ ഡൽഹിയിൽ പുരോഗമിച്ചുവരികയാണ്. ഇത് അന്തിമ രൂപത്തിലായിട്ടില്ല. ചരക്ക് സേവന നികുതി നിയമം കേരളത്തിൽ നടപ്പിൽ വരുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക്

Model GST നിയമത്തെക്കുറിച്ചുള്ള ട്രെയിനിംഗ് പുരോഗമിച്ചുവരികയാണ്. വ്യാപാരികൾ ഫയൽ ചെയ്യുന്ന return, വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ scrutiny ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ജി.എസ്.ടി. നടപ്പിലാകുമ്പോൾ പലവിധ കേന്ദ്ര സംസ്ഥാന പരോക്ഷ നികുതികളും ഇല്ലാതാവുകയും അവ ജി.എസ്.ടി.യിൽ സംയോജിക്കപ്പെടുമെന്നതിനാലും ചരക്കുകളുടെയും സേവനങ്ങളുടേയും മേലുള്ള cascading effect ഇല്ലാതാകുന്നതാണ്. കൂടാതെ സേവന മേഖലകളിൽ നിന്നും സംസ്ഥാനത്തിന് ജി.എസ്.ടി. ലഭിക്കുന്നതു കൊണ്ടും ജി.എസ്.ടി ഒരു Destination based taxation system ആയതുകൊണ്ടും കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേരളത്തിൽ നിലവിലുള്ള VAT നിയമമനുസരിച്ച് വ്യാപാരികൾക്ക് രജിസ്ട്രേഷൻ എടുക്കേണ്ട പരിധി 10 ലക്ഷം രൂപയാണ്. എന്നാൽ GST Council-ന്റെ നിർദ്ദേശമനുസരിച്ച് ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ ഈ പരിധി 20 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ആയതിനാൽ വ്യാപാരികളുടെ എണ്ണത്തിൽ കുറവ് വരുന്നതാണ്. എന്നാൽ സേവന മേഖലയിൽ നിന്നുള്ള വ്യാപാരികൾ സംസ്ഥാനത്ത് രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

(ഡി) ഏത് കേന്ദ്രത്തിലാണ് കണക്ക് ബോധിപ്പിക്കേണ്ടതെന്നും സംസ്ഥാന നികുതി വകുപ്പിന്റെ അധികാരങ്ങളെക്കുറിച്ചുമുള്ള ചർച്ചകൾ GST Council-ൽ പുരോഗമിച്ചുവരികയാണ്. ഇതിനെക്കുറിച്ച് ഒരു അന്തിമ തീരുമാനമായിട്ടില്ല. ജി.എസ്.ടി. നടപ്പിലാകുന്നതോടെ സേവന മേഖല കൂടി സംസ്ഥാന നികുതി വകുപ്പ് കൈകാര്യം ചെയ്യപ്പെടേണ്ട സാഹചര്യത്തിൽ സംസ്ഥാന നികുതി വകുപ്പിന്റെ പുനഃസംഘടന അനിവാര്യമാണ്.

### നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി

59 (3034) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി എടുത്ത നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാർ നികുതി പിരിവിൽ വരുത്തിയ കുടിശ്ശികയുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചതും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

1. <u>വാണിജ്യ നികുതി വകുപ്പ്</u>

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.
2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.
3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
4. ചെക്ക്പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റും.
5. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.
6. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.
7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.
8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

II. <u>രജിസ്ട്രേഷൻ വകുപ്പ്</u>

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

III. ലാന്റ് റവന്യൂ വകുപ്പ്

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികിതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ, മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേനീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

V മോട്ടോർ വാഹന വകുപ്പ്

മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തു വരുന്നതിനാൽ റിക്കവറി നടപടികൾ ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(ബി) വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | നികുതി കുടിശ്ശിക (തുക കോടി രൂപയിൽ) |
|---|---|
| 2011-12 | 12668.66 |
| 2012-13 | 13079.56 |
| 2013-14 | 13360.31 |
| 2014-15 | 7885.30 |
| 2015-16 | |
| 2016-17 | വിവരം ലഭ്യമല്ല. |

**വാണിജ്യ നികുതി**

60 (3035) ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. ശർമ്മ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ കമ്മി ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വാണിജ്യ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) വാണിജ്യ നികുതി വകുപ്പിലെ വിശേഷാൽ സേവനങ്ങൾക്ക് വേണ്ടി പ്രത്യേക സ്പെഷ്യാലിറ്റി കേഡറുകൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരവ്

(എ-സി) സംസ്ഥാനത്ത് റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി പരിവ് ഊർജ്ജിതമാക്കുന്നതിനും വേണ്ടി സ്വീകരിച്ചതും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു :

I. വാണിജ്യ നികുതി വകുപ്പ്

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കംമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4. ചെക്ക്‌പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റും.

5. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

6. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

II. രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

III. ലാന്റ് റവന്യൂ വകുപ്പ്

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ

റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ, മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേറ്റനീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV. എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. അനധികൃത മദ്യത്തിന്റെ വില്പന തടയുന്നതിനായി ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധനയും നടത്തുന്നു.

V. മോട്ടോർ വാഹന വകുപ്പ്

മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ റിക്കവറി നടപടികൾ ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(ഡി) വാണിജ്യ നികുതി വകുപ്പിലെ വിശേഷാൽ സേവനങ്ങൾക്കുവേണ്ടി പ്രത്യേക സ്പെഷ്യാലിറ്റി കേഡറുകൾക്ക് രൂപം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വാണിജ്യ നികുതി വകുപ്പിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ

61 (3036) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അനിൽ അക്കര :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ കഴിഞ്ഞ നാലു മാസത്തിനുള്ളിൽ പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) കൂടുതൽ സംഭരണശേഷിയുള്ള സെർവർ സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ ഗുണനിലവാരം ഉയർത്താനുള്ള പീർ റിവ്യൂ സംവിധാനം, വ്യാപാരികൾക്ക് എതിരെ വകുപ്പ് പുറപ്പെടുവിക്കുന്ന ഓൺലൈൻ പിഴ ശിക്ഷകൾ യഥാസമയം അറിയിക്കാനുള്ള എസ്.എം.എസ്. സംവിധാനം എന്നിവ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പുതിയ സെർവർ ഈ മാസം പ്രവർത്തനക്ഷമമാകും.

(സി) വാണിജ്യ നികുതി വകുപ്പിൽ സൈബർ ഫോറൻസിക് ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2016-17-ലെ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസിയായ സി-ഡാക്കിനെ ലാബ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനും ആയതിനുള്ള സാമ്പത്തിക ബാദ്ധ്യത അറിയിക്കുന്നതിലേയ്ക്കുമായി ചുമതലപ്പെടുത്തിയതിന്റെ വെളിച്ചത്തിൽ ടി ഏജൻസി ഒരു പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർ ചർച്ചകളിൽ വകുപ്പിന് ഇപ്പോൾ അത്യാവശ്യമില്ലാത്ത മേഖലകളെ ഒഴിവാക്കിക്കൊണ്ട് ആദ്യഘട്ടത്തിലേക്കുള്ള പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സി-ഡാക്കിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വിൽപ്പന നികുതി പ്രാക്ടീഷണർമാർ

62 (3037) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപന നികുതിയുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ വ്യാപാര സ്ഥാപനങ്ങൾക്കുവേണ്ടി തയ്യാറാക്കുന്നതിന് അംഗീകൃത യോഗ്യതയുള്ളവർ ആരെയൊക്കെയാണ്; ഏതു ചട്ടപ്രകാരമാണ് ഇവർക്ക് അംഗീകാരം നൽകുന്നത്;

(ബി) ഇവർക്ക് അംഗീകാരം നൽകുന്നതിനായി വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും അവർക്ക് രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ടോയെന്നും വിശദമാക്കാമോ ;

(സി) കേന്ദ്രസർക്കാർ അംഗീകരിച്ച ജി.എസ്.ടി. സംവിധാനത്തിൽ നിലവിലുള്ള രജിസ്റ്റേർഡ് പ്രാക്ടീഷണർമാർക്ക് അക്കൗണ്ടുകൾ തയ്യാറാക്കാൻ അംഗീകാരമുണ്ടോ ;

(ഡി) ഇല്ലായെങ്കിൽ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവരെയും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കേരള മൂല്യ വർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 86-ഉം അനുബന്ധചട്ടം 97 പ്രകാരവും ടി നിയമവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് ഹൈക്കോടതി ഒഴികെ മറ്റ് അധികാരി മുമ്പാകെ താഴെ സൂചിപ്പിച്ചിരിക്കുന്നവർക്ക് വ്യാപാരിയെ പ്രതിനിധാനം ചെയ്യാവുന്നതാണ്.

1. വ്യാപാരിയുടെ ബന്ധുവോ അയാൾ ജോലിക്ക് നിയമിച്ച വ്യക്തിയോ ഇക്കാര്യത്തിനായി ഇവരെ ഫോറം നമ്പർ 27 പ്രകാരം അധികാര പെടുത്തിയിരിക്കണം.
2. ലീഗൽ പ്രാക്ടീഷണർ
3. ഫോറം നമ്പർ 27-ൽ വ്യാപാരി അധികാരപ്പെടുത്തിയ ചാർട്ടേഡ് അക്കൗണ്ടന്റ്, കോസ്റ്റ് അക്കൗണ്ടന്റ്.
4. ഫോറം നമ്പർ 27-ൽ വ്യാപാരി അധികാരപ്പെടുത്തിയ നിശ്ചിത യോഗ്യതയുള്ള സെയിൽസ് ടാക്സ് പ്രാക്ടീഷണർ
5. കമ്പനി സെക്രട്ടറീസ് നിയമം അനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇൻഡ്യയിലെ മെമ്പർ

(ബി) വ്യാപാരിയെ പ്രതിനിധാനം ചെയ്യുന്ന ചാർട്ടേഡ് അക്കൗണ്ടന്റ്, കോസ്റ്റ് അക്കൗണ്ടന്റ്, സെയിൽസ് ടാക്സ് പ്രാക്ടീഷണർ എന്നിവർക്ക് കേരള മൂല്യ വർദ്ധിത നികുതി ചട്ടങ്ങളിലെ 97-ാം ചട്ടപ്രകാരം താഴെ സൂചിപ്പിച്ചിരിക്കുന്ന യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്.

1. 1949-ലെ ചാർട്ടേഡ് അക്കൗണ്ടന്റ് നിയമത്തിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ചാർട്ടേഡ് അക്കൗണ്ടന്റ്.

2. കോസ്റ്റ് ആന്റ് വർക്സ് അക്കൗണ്ടന്റ് നിയമം 1959-ൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള കോസ്റ്റ് അക്കൗണ്ടന്റ്.

3. ഫോറം നമ്പർ 28-A-യിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ളതും താഴെ സൂചിപ്പിച്ചിരിക്കുന്ന യോഗ്യതയുള്ളവരും ആയ വ്യക്തികൾക്ക മാത്രമേ സെയിൽസ് ടാക്സ് പ്രാക്ടീഷണറായി വ്യാപാരിക്കുവേണ്ടി ഹാജരാകാൻ യോഗ്യതയുള്ളൂ.

(i) ആദായ നികുതി നിയമത്തിലെ വകുപ്പ് 288(2) (v)-ലേക്കായി ആദായ നികുതി ചട്ടം 1962-ലെ ചട്ടം 50 പ്രകാരം സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് അംഗീകരിച്ച അക്കൗണ്ടൻസി പരീക്ഷ പാസ്സായവർ.

(ii) ആദായനികുതി ചട്ടം 1962-ലെ ചട്ടം 51 പ്രകാരം സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് നിർദ്ദേശിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ

(iii) കേരള പൊതു വില്പന നികുതി ചട്ടം 1960-ലെ ചട്ടം 60 പ്രകാരം എൻറോൾ ചെയ്തിട്ടുള്ള സെയിൽസ് ടാക്സ് പ്രാക്ടീഷണർ

(iv) കേരള വാണിജ്യ നികുതി വകുപ്പിൽ നിന്നു വിരമിച്ച ഉദ്യോഗസ്ഥർ. ഇവർക്ക് നികുതി നിർണ്ണയാധികാരിയായി കുറഞ്ഞത് 3 വർഷത്തെ പരിചയവും വിരമിച്ചതിനുശേഷം 2 വർഷവും കഴിഞ്ഞിരിക്കണം.

(v) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നൽകുന്ന പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ സെയിൽസ് ടാക്സേഷനോ ഡിപ്ലോമ ഇൻ സെയിൽസ് ടാക്സേഷനോ പാസ്സായവർ.

ഡെപ്യൂട്ടി കമ്മീഷണർമാർ നിലനിർത്തിപോരുന്ന ഫോറം നമ്പർ 28-A പ്രകാരമുള്ള ലിസ്റ്റിൽ മേല്പറഞ്ഞ യോഗ്യതയുള്ള സെയിൽസ് ടാക്സ് പ്രാക്ടീഷ്ണർമാർ തങ്ങളുടെ പേര് ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനായി അവർ ഫോറം നമ്പർ 28-ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) നൽകുന്ന പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ സെയിൽസ് ടാക്സേഷനോ പാസ്സായവർ, GIFT നൽകുന്ന ഫോട്ടോ ഐഡന്റിറ്റി കാർഡ് നേടേണ്ടതും അത് കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്. ഇപ്രകാരം സാധുവായ ഐഡന്റിറ്റി കാർഡ് ഇല്ലാത്ത പക്ഷം ഫോറം നമ്പർ 28-A പ്രകാരമുള്ള ലിസ്റ്റിൽ നിന്നും അത്തരക്കാരുടെ പേര് നീക്കപ്പെടുന്നതായിരിക്കും.

(സി&ഡി) മാതൃകാ ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 34 പ്രകാരം അതാത് സർക്കാരുകൾക്ക് അക്കൗണ്ടുകളും മറ്റും തയ്യാറാക്കുന്നതിലേക്കായി ടാക്സ് റിട്ടേൺ പ്രിപയറേഴ്സ് എന്ന ആളുകളെ നിശ്ചയിക്കുന്നതിനും അവരുടെ യോഗ്യതകളും മറ്റും നിശ്ചയിക്കുന്നതിനുമുള്ള അധികാരം നൽകിയിട്ടുണ്ട്. ജി.എസ്.ടി. നിയമം അന്തിമരൂപത്തിലായാൽ മാത്രമേ തുടർ നടപടികൾ സാധിക്കുകയുള്ളൂ.

**പെട്രോൾ, ഡീസൽ വില്പന നികുതി**

63 (3038) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-ൽ സംസ്ഥാനത്ത് വില്പന നടത്തിയ പെട്രോൾ, ഡീസൽ എന്നിവയുടെ വില്പന നികുതിയിനത്തിൽ സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എണ്ണക്കമ്പനികൾ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത വില വർദ്ധനമൂലം സംസ്ഥാനത്തിന് വില്പന നികുതിയി നത്തിൽ മേയ് 25 മുതൽ സെപ്റ്റംബർ 30 വരെ എത്ര രൂപ ലഭിക്കുകയുണ്ടായി;

(ഡി) ഈ അധികനികുതി വരുമാനം ഉപേക്ഷിച്ച് സംസ്ഥാനത്ത് അനുഭവപ്പെടുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന തടയുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ച അവസരത്തിൽ സംസ്ഥാനത്തിന് അതിന്മേൽ ലഭിച്ചിരുന്ന അധിക വില്പന നികുതി ഉപേക്ഷിച്ചിരുന്നോ; എങ്കിൽ അതുമൂലം സംസ്ഥാന ഖജനാവിന് എത്ര കോടി രൂപ നഷ്ടപ്പെട്ടു?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് വില്പന നടത്തിയ പെട്രോൾ, ഡീസൽ എന്നിവയുടെ വില്പന നികുതിയിനത്തിൽ സംസ്ഥാനത്തിന് ലഭിച്ച തുക ചുവടെ ചേർക്കുന്നു :

പെട്രോൾ - 2551.07 കോടി രൂപ

ഡീസൽ - 3138.48 കോടി രൂപ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എണ്ണക്കമ്പനികൾ പെട്രോളിന്റെ വില 6 തവണയും ഡീസലിന്റെ വില 4 തവണയും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വില വർദ്ധനമൂലം സംസ്ഥാനത്തിന് വില്പന നികുതിയിനത്തിൽ മേയ് 25 മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച തുക ചുവടെ ചേർക്കുന്നു.

പെട്രോൾ - 29.06 കോടി രൂപ

ഡീസൽ - 37.18 കോടി രൂപ

(ഡി) ഇതുസംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെ അടിസ്ഥാന വിലയിൽ 28 തവണ വർദ്ധനവ് നടന്നിട്ടുണ്ട്. ഇതിൽ 4 തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന്റെ അടിസ്ഥാന വിലയിൽ 34 തവണ വർദ്ധനവ് ഉണ്ടായതിൽ 2 തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. 2011 മേയ് 14-ന് പെട്രോളിന്റെ വില വർദ്ധിപ്പിച്ചപ്പോൾ അധിക റവന്യൂ വരുമാനമായി പ്രതിമാസം ലഭിക്കുമായിരുന്ന 11 കോടി രൂപയും 2011 സെപ്റ്റംബർ 16, 2011 നവംബർ 3, 2012 മേയ് 24 തീയതികളിൽ വില വർദ്ധിപ്പിച്ചപ്പോൾ പ്രതിമാസം യഥാക്രമം ലഭിക്കുമായിരുന്ന 9.08, 5.10, 22.48 കോടി രൂപയുമാണ് നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചതുവഴി കഴിഞ്ഞ സർക്കാർ വേണ്ടെന്നുവെച്ചിട്ടുള്ളത്. 2011 ജൂൺ 25-നും 2012 സെപ്റ്റംബർ 14-നും ഡീസലിന്റെ വില വർദ്ധിപ്പിച്ചപ്പോൾ പ്രതിമാസം യഥാക്രമം ലഭിക്കുമായിരുന്ന 13.07 കോടി രൂപയും 19.95 കോടി രൂപയുമാണ് ഇപ്രകാരം വേണ്ടെന്നുവച്ചത്. വില വർദ്ധനവുമൂലം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3176.28 കോടി രൂപ അധിക നികുതി വരുമാനം ലഭിച്ചിട്ടുമുണ്ട്.

## ഇ-ട്രഷറി സംവിധാനം

64 (3039) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ ട്രഷറികളെയും ബന്ധിപ്പിച്ച് ഇ-ട്രഷറി സംവിധാനം നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം പൂർത്തിയാകുന്നതോടുകൂടി ട്രഷറികളുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന പുരോഗതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ-സി) 30-7-2014-ലെ സ.ഉ (പി) നമ്പർ 310/2014/ധന ഉത്തരവ് പ്രകാരം 1-8-2014 മുതൽ ഇ-ട്രഷറി സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നു. സർക്കാരിലേക്കുള്ള പണം ഒടുക്കലുകൾ ട്രഷറി സന്ദർശിക്കാതെ ഓൺലൈനായി നിർവ്വഹിക്കുന്നതിന് ഇ-ട്രഷറിയിലൂടെ സാദ്ധ്യമാകുന്നു. നെറ്റ് ബാങ്കിങ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് ഈ സേവനം ഉപയോഗിക്കാവുന്നതാണ്. ഇ-ട്രഷറി സേവനം ലഭിക്കുന്നതിനായി സ്വീകരിക്കേണ്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടുതൽ ഉപഭോക്താക്കൾക്ക് ഈ സൗകര്യം ലഭ്യമാക്കുന്നതിനായി ഏജൻസിബാങ്കുകളായ എസ്.ബി.റ്റി, എസ്.ബി.ഐ, കാനറ ബാങ്ക് എന്നിവയ്ക്ക് പുറമേ 11 ബാങ്കുകളെക്കൂടി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. മോട്ടോർ വാഹനവകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും അനുവദിക്കുന്ന പണം ഓൺലൈനായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിന് ഇ-ട്രഷറി വഴി സാധിക്കുന്നു. റിസർവ് ബാങ്കിന്റെ e-kuber portal വഴിയാണ് ഇത് സാദ്ധ്യമാകുന്നത്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി സർക്കാരിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും ആധുനികവൽക്കരിക്കുക, സർക്കാരിലേക്കുള്ള എല്ലാ വരവുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുക എന്നതാണ് ഇ-ട്രഷറിയിലൂടെ ലക്ഷ്യമിടുന്നത്. ട്രഷറിയിലെ പണമിടപാടുകൾ ഓൺലൈനായി നിർവ്വഹിക്കുന്നതുവഴി ഓൺലൈൻ അക്കൗണ്ടിംഗ് സംവിധാനവും ഇ-ട്രഷറി വഴി സാദ്ധ്യമാകുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1042.28 കോടി രൂപ ഇ-ട്രഷറി വഴി സർക്കാർ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. ട്രഷറി, രജിസ്ട്രേഷൻ, മോട്ടോർ വെഹിക്കിൾസ്, എക്സൈസ്, റവന്യൂ, പോലീസ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ, വനം ഉൾപ്പെടെ 19 വകുപ്പുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിച്ചാണ് വരവുകൾ സ്വീകരിച്ചു വരുന്നത്.

**ട്രഷറി കോർബാങ്കിംഗ് സിസ്റ്റം**

65 (3040) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ട്രഷറി കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ട്രഷറി കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കിവരുന്നു. 2016 ഡിസംബർ മാസം അവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 14-10-2016 വരെ 106 ട്രഷറികളിൽ കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കഴിഞ്ഞു. കേരളത്തിലെ ട്രഷറികളിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾ നേരിടുന്ന പരിമിതികളിൽ പ്രധാനപ്പെട്ടത് അവർക്ക് അക്കൗണ്ടുള്ള ട്രഷറികളിൽ നിന്നു മാത്രമേ പണമിടപാടുകൾ നടത്തുവാൻ കഴിയുകയുള്ളൂ എന്നതാണ്. ട്രഷറി കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതോടുകൂടി ട്രഷറി സേവിംഗ്സ് ബാങ്കിൽ അക്കൗണ്ടുള്ള ഒരാൾക്ക് സംസ്ഥാനത്തെ ഏത് ട്രഷറിയിൽ നിന്നും പണമിടപാടുകൾ നടത്തുവാൻ കഴിയും. കൂടാതെ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽനിന്ന് പണം മറ്റ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ഏത് സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. ഇതുവഴി ട്രഷറികളിൽ നേരിട്ടുപോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല, 24x7 സമയത്തും പ്രവർത്തനക്ഷമവുമാണ്.

**നെന്മാറയിൽ ട്രഷറി ആരംഭിക്കാൻ നടപടി**

66 (3041) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറയിൽ ഒരു ട്രഷറി തുടങ്ങുന്നതിന്റെ ആവശ്യകത സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു പുതിയ ട്രഷറി നെന്മാറയിൽ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രഷറി വകുപ്പിൽ ആധുനികവത്ക്കരണത്തിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഭാഗമായി കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്ടിവിറ്റി, GRASS മുതലായ പല പുതിയ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിലെ ജോലിഭാരം വളരെയധികം കുറയുന്നതിനും ഇടപാടുകൾ സുഗമമാകുന്നതിനും എവിടെ നിന്നും എപ്പോൾ വേണമെങ്കിലും ഇടപാടുകൾ നടത്തുന്നതിനും സാധ്യമാകുന്നതാണ്. അതിനാൽ ഇത്തരം പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രം പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കുന്ദമംഗലത്ത് സബ്ട്രഷറി**

67 (3042) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലത്ത് ഒരു സബ്ട്രഷറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി സബ്ട്രഷറി ആരംഭിക്കുന്നതിന് 18-8-2014-ലെ സ.ഉ (എം.എസ്) 343/14/ധന പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും, ട്രഷറി കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും പുരോഗമിച്ചുവരുന്നതിനാലും പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയശേഷം കുന്ദമംഗലത്ത് അനുവദിച്ച ട്രഷറി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ലോട്ടറി ഓഫീസ്

68 (3043) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ താലൂക്ക് ഓഫീസ് പ്രവർത്തനം ആരംഭിച്ച് രണ്ടുവർഷം പിന്നിട്ട സാഹചര്യത്തിൽ, ഇവിടെ പുതുതായി ലോട്ടറി ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഭാഗ്യക്കുറികളുടെ സമ്മാന പദ്ധതികൾ പരിഷ്കരിക്കുന്നതിനും സാധാരണക്കാരായ അപേക്ഷകർക്ക് പുതുതായി ലോട്ടറി ഏജൻസി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടിയിൽ പുതുതായി താലൂക്ക് ലോട്ടറി ഓഫീസ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) 30 രൂപ മുഖവിലയുള്ള പൗർണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ സമ്മാനഘടന, സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി പരിഷ്കരിച്ചിട്ടുണ്ട്. ടി ഭാഗ്യക്കുറികളുടെ പരിഷ്കരിച്ച സമ്മാനഘടനയനുസരിച്ചുള്ള നറുക്കെടുപ്പ് 2016 നവംബർ ആദ്യവാരം മുതൽ നടത്തുന്നതാണ്. 18 വയസ് പൂർത്തിയാക്കിയ ഏതൊരു വ്യക്തിക്കും പാൻകാർഡ്, തിരിച്ചറിയിൽ കാർഡ് എന്നിവയുടെ പകർപ്പ്, ഫോട്ടോ എന്നിവ ഹാജരാക്കി, 300 രൂപ രജിസ്ട്രേഷൻ ഫീസൊടുക്കി ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്ന് ഭാഗ്യക്കുറി ഏജൻസി എടുക്കാവുന്നതാണ്.

## സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ലോട്ടറിയിൽ നിന്ന് ധനസമാഹരണം

69 (3044) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് 'കാരുണ്യ' മാതൃകയിൽ ലോട്ടറിയിൽ നിന്ന് ധനസമാഹരണം നടത്തുന്ന പുതിയ പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ; ഇതിനായി പുതിയ ലോട്ടറികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പുതിയ പദ്ധതികൾ വഴി പ്രതിവർഷം എന്ത് തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ലോട്ടറി വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ ; ഇതിനായി പുതിയ ഓഫീസുകൾ ആരംഭിയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 19-2-2016-ലെ ജി.ഒ (എംഎസ്) 38/2016/നി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചൊവ്വാഴ്ചകളിൽ നറുക്കെടുത്തിരുന്ന 40 രൂപ മുഖവിലയുള്ള ധനശ്രീ ലോട്ടറിയുടെ മുഖവില 50 രൂപയാക്കി ഉയർത്തി 'സ്ത്രീശക്തി' എന്ന പേരിൽ സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്. കാരുണ്യ/കാരുണ്യപ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നടത്തിപ്പിനായി വിനിയോഗിക്കുന്ന അതേ മാതൃകയിൽ 'സ്ത്രീശക്തി' ലോട്ടറിയിൽ നിന്നുള്ള അറ്റാദായം വനിതകളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനായി കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന 'സ്ത്രീശക്തി പദ്ധതി ' നടപ്പിലാക്കുന്നതാണ്.

(ബി) സ്ത്രീശക്തി ലോട്ടറിയിൽ നിന്നും പ്രതിവർഷം ഏകദേശം 200 കോടി രൂപ അറ്റാദായമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ ഏജന്റുമാർക്കും ചെറുകിട വിൽപ്പനക്കാർക്കും സൗകര്യാർത്ഥം വിതരണം ചെയ്യുന്നതിന് 15 സബ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

**ലോട്ടറി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

70 (3045) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലോട്ടറി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമ പദ്ധതി വിജ്ഞാപന പ്രകാരം കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതായ ചികിത്സാസഹായം, പ്രസവാനുകൂല്യം,

വിവാഹ ആനുകൂല്യം, മരണാനന്തര സാമ്പത്തിക സഹായം, പെൻഷൻ ആനുകൂല്യങ്ങൾ മുതലായ ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കുന്നതിനും, വിദ്യാഭ്യാസ അവാർഡ്, ഒറ്റത്തവണ സ്കോളർഷിപ്പ് പദ്ധതി മുതലായ ആനുകൂല്യങ്ങളുടെ തുകയിൽ വർദ്ധനവ് വരുത്തുന്നതിനും, കൂടാതെ ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം, അംഗപരിമിതർക്ക് മുച്ചക്ര വാഹനം നൽകുന്ന പദ്ധതി, ലോട്ടറി തൊഴിലാളികൾക്ക് സൗജന്യ യൂണിഫോം, അപകട ഇൻഷ്വറൻസ് എന്നീ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും, നിലവിലെ ക്ഷേമനിധി പ്രവർത്തനം വിപുലീകരിച്ച് ഭാഗ്യക്കുറി വിറ്റുവരവിന്റെ ഒരു ശതമാനം പൂർണ്ണമായും തൊഴിലാളി ക്ഷേമത്തിന് വിനിയോഗിക്കുന്നതും പരിഗണനയിലാണ്.

**താലൂക്ക് തലത്തിലുള്ള ലോട്ടറി വിതരണം**

71 (3046) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ താലൂക്കുതലത്തിലുള്ള ലോട്ടറി വിതരണത്തിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആലത്തൂരിൽ താലൂക്ക് തല ലോട്ടറി ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രവർത്തനം എന്ന് മുതൽ തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ താലൂക്കുതലത്തിൽ ലോട്ടറി വിതരണത്തിന് പട്ടാമ്പിയിൽ താലൂക്ക് ലോട്ടറി ഓഫീസ് നിലവിലുണ്ട്.

(ബി) ഇല്ല.

**പാലക്കാട് ജില്ലാ ലോട്ടറി ഓഫീസ്**

72 (3047) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലാ ലോട്ടറി ഓഫീസ് സ്ഥിതി ചെയ്യുന്നത് പാലക്കാട് സിവിൽ സ്റ്റേഷനിലെ മൂന്നാം നിലയിലായതിനാൽ വികലാംഗരും, വൃദ്ധരുമായ ലോട്ടറി വിൽപ്പനക്കാർക്ക് ലോട്ടറി ഓഫീസിൽ എത്തിച്ചേരുന്നതിന് പ്രയാസമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിവിൽ സ്റ്റേഷന്റെ താഴത്തെ നിലയിലേയ്ക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസ് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും സ്ഥലം ലഭിക്കാത്തതിനാൽ ഓഫീസ് മാറ്റി സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

## ആറ്റിങ്ങൽ താലൂക്ക് ലോട്ടറി ഓഫീസ്

73 (3048) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങലിൽ അനുവദിച്ച താലൂക്ക് ലോട്ടറി ഓഫീസിന് ആവശ്യമായ തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഫയൽ നമ്പർ ഏതാണെന്നും ഫയൽ ഇപ്പോൾ ഏത് സെക്ഷനിലാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിലേക്ക് പരിഗണിക്കപ്പെടുന്ന സ്റ്റാഫ് പാറ്റേൺ എങ്ങനെയാണെന്നും ഓഫീസ് എന്നുമുതൽ പ്രവർത്തിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) താലൂക്ക് ലോട്ടറി ഓഫീസുകൾക്ക് ആവശ്യമായ തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ (എക്സ്പെൻഡീച്ചർ-എ) വകുപ്പിന്റെ പരിഗണനയിലാണ്.

ഫയൽ നമ്പർ 640047/H1/16/TD

(e-file No. H1/106/16/TD).

(ബി) സ്റ്റാഫ് പാറ്റേണിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

| | |
|---|---|
| അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ക്ലർക്ക് | 1 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ (ദിവസവേതനം) | 2 |
| ഓഫീസ് അറ്റൻഡന്റ് (ദിവസവേതനം) | 1 |
| സെക്യൂരിറ്റി (എക്സ് സർവ്വീസ് മെൻ) | 1 |

സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചശേഷം ഓഫീസ് പ്രവർത്തനം ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

## കെ.എസ്.എഫ്.ഇ-യിലേയ്ക്ക് സാധാരണ ജനങ്ങളെ ആകർഷിക്കാൻ നടപടി

74 (3049) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ-യുടെ എത്ര ശാഖകൾ പ്രവർത്തിക്കുന്നുണ്ട് ; കുറികളും മറ്റു ബിസ്സിനസ്സുകളും ആയി ശരാശരി എത്ര കോടി രൂപയുടെ ബിസിനസ്സ് കെ.എസ്.എഫ്.ഇ. ഓരോ വർഷവും നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഗൾഫ് നാടുകളിലും മറ്റു വിദേശ രാജ്യങ്ങളിലും കെ.എസ്.എഫ്.ഇ.-യുടെ ശാഖകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ;

(സി) ജാമ്യ വ്യവസ്ഥകൾ ലളിതമാക്കി ചെറുകിട കച്ചവടക്കാരെയും മറ്റു സ്ഥിര വരുമാനക്കാരടക്കമുള്ള സാധാരണക്കാരെയും കെ.എസ്.എഫ്.ഇ.-യിലേക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് 600 ശാഖകളാണുള്ളത്. എല്ലാവർഷവും വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 31-3-2016-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് കുറികളും മറ്റ് ബിസിനസ്സുകളുമായി വിറ്റുവരവ് 28960 കോടി രൂപയാണ്. 31-8-2016-ലെ കണക്ക് അനുസരിച്ച് ഈ സംഖ്യ 30623 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഫെമ നിയമത്തിൽ വന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ പ്രവാസികൾക്കായി ചിട്ടി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) ചെറുകിട കച്ചവടക്കാരെയും മറ്റു സ്ഥിര വരുമാനക്കാരടക്കമുള്ള സാധാരണക്കാരെയും ആകർഷിക്കുന്നതിനായി ശമ്പള സർട്ടിഫിക്കറ്റ്, വസ്തു ജാമ്യം, അടച്ചു തീർത്ത എൽ.ഐ.സി. സർട്ടിഫിക്കറ്റ്, സ്വർണ്ണം, കിസാൻ വികാസ് പത്ര, സ്ഥിര നിക്ഷേപ രശീതികൾ തുടങ്ങിയവയും ഇപ്പോൾ ജാമ്യമായി സ്വീകരിക്കുന്നുണ്ട്. അനേകം ഇടപാടുകാർ ഈ ജാമ്യ വ്യവസ്ഥകൾ പ്രയോജനപ്രദമായി ഉപയോഗിച്ചു വരുന്നുണ്ട്.

## കെ.എസ്.എഫ്.ഇ. വഴി പലിശരഹിത വായ്പ

75 (3050) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷ ബജറ്റിൽ റേഷൻ കടകളുടെ നവീകരണത്തിന് കെ.എസ്.എഫ്.ഇ. വഴി പലിശരഹിത വായ്പാ പദ്ധതി പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) കെ.എസ്.എഫ്.ഇ -യുടെ പ്രവർത്തന ചട്ടങ്ങളിലെ ഏത് വ്യവസ്ഥ പ്രകാരമാണ് പലിശരഹിത വായ്പ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നടപ്പുവർഷ ബഡ്ജറ്റിൽ റേഷൻ കടകളുടെ നവീകരണത്തിന് കെ.എസ്.എഫ്.ഇ. വഴി പലിശരഹിത വായ്പാ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളും നടപടിക്രമങ്ങളും സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

## കെ.എസ്.എഫ്.ഇ. പാർട്ട് ടൈം സ്വീപ്പർമാരുടെ ശമ്പളപരിഷ്കരണം

76 (3051) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ. പാർട്ട് ടൈം സ്വീപ്പർമാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുണ്ടായ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പനിയുടെ പുതിയ ഡയറക്ടർ ബോർഡ് നിലവിൽ വന്നതിനുശേഷം മാത്രമേ പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ.

## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ പെൻഷൻ

77 (3052) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ പെൻഷൻ നിലവിലുണ്ടോ ;

(ബി) ഇല്ലായെങ്കിൽ പെൻഷൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇക്കാര്യത്തിൽ ഗവൺമെന്റ് നിലപാട് എന്താണ് വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഉണ്ട്. കെ.എസ്.എഫ്.ഇ.-യിൽ EPS-95 പ്രകാരമുള്ള പെൻഷൻ നിലവിലുണ്ടെങ്കിലും ജീവനക്കാർക്ക് മെച്ചപ്പെട്ട ഒരു പെൻഷൻ സംവിധാനം നടപ്പിലാക്കുന്നതിനായി മാനേജ്മെന്റും ജീവനക്കാരുടെ അംഗീകൃത യൂണിയനുകളും തമ്മിൽ അഭിപ്രായ സമന്വയമുണ്ടാക്കി പദ്ധതി നിർദ്ദേശം സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ അത് പരിശോധിക്കുന്നതാണ്.

## പ്രവാസികൾക്കായി പ്രത്യേക കെ.എസ്.എഫ്.ഇ. ചിട്ടി

78 (3053) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കായി പ്രത്യേക ചിട്ടി തുടങ്ങാൻ കെ.എസ്.എഫ്.ഇ. തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രവാസികൾക്കായി കെ.എസ്.എഫ്.ഇ. ചിട്ടി നടത്താൻ ഉണ്ടായിരുന്ന തടസ്സങ്ങൾ മാറിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തിന്റെ വികസനത്തിന് ചിട്ടി വഴി എത്ര കോടി രൂപയാണ് സമാഹരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 2016-17-ലെ അംഗീകരിച്ച വാർഷിക ബജറ്റ് അനുസരിച്ച് 440 കോടിയുടെ പ്രതിമാസ ചിട്ടി ബിസിനസ്സാണ് കമ്പനി ലക്ഷ്യമിട്ടുന്നത്.

## കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

79 (3054) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ എത്ര സ്ഥിരം ജീവനക്കാർ നിലവിലുണ്ട്; ഇവരുടെ തസ്തിക, എണ്ണം എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഓഫീസ് ഓട്ടോമേഷൻ പൂർത്തിയായിട്ടുണ്ടോ;

(സി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ എസ്.എൽ.ഐ, ജി.ഐ.എസ്. പോളിസികളുടെ സെറ്റിൽമെന്റിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഉത്തരം

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ 325 സ്ഥിരം ജീവനക്കാരുണ്ട്. ഇവരുടെ തസ്തിക, എണ്ണം എന്നീ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു :

| തസ്തികയുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|
| (1) | (2) |
| ഡയറക്ടർ | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | 3 |
| അസിസ്റ്റന്റ് ഡയറക്ടർ | 3 |
| ഇൻസ്പെക്ടർ (ഫയർ) | 1 |
| സീനിയർ സൂപ്രണ്ട് | 5 |
| ഇൻസ്പെക്ടർ (ക്രോപ്) | 1 |
| ഡിസ്ട്രിക്ട് ഇൻഷ്വറൻസ് ഓഫീസർ | 14 |
| ഡെവലപ്മെന്റ് ഓഫീസർ | 14 |

| (1) | (2) |
|---|---|
| ജൂനിയർ സൂപ്രണ്ട് | 25 |
| ഫെയർ കോപ്പി സൂപ്രണ്ട് | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| യു.ഡി. ക്ലാർക്ക് | 72 |
| എൽ.ഡി. ക്ലാർക്ക് | 80 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 41 |
| ക്ലറിക്കൽ അസിസ്റ്റന്റ് | 2 |
| അറ്റൻഡർ | 1 |
| ഓഫീസ് അറ്റൻഡന്റ് | 41 |
| ഡ്രൈവർ ഗ്രേഡ് 2 | 1 |
| നൈറ്റ് വാച്ച്മാൻ | 1 |
| പാർട്ട് ടൈം സ്വീപ്പേഴ്സ് | 15 |
| ലോ ഓഫീസർ (ഡെപ്യൂട്ടേഷൻ) | 1 |
| ആകെ | 325 |

(ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഓഫീസ് ഓട്ടോമേഷൻ പൂർത്തിയായിട്ടില്ല. വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാകുന്നതോടെ എസ്.എൽ.ഐ., ജി.ഐ.എസ്. പോളിസികളുടെ സെറ്റിൽമെന്റ് തുക അനുവദിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാകുന്നതാണ്.

## ജനന/മരണ സർട്ടിഫിക്കറ്റ്

80 (3055) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനന/മരണ സർട്ടിഫിക്കറ്റിന് 50 രൂപാ മുദ്രപത്രത്തിൽ അപേക്ഷ നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ മതിയായ 50 രൂപാ മുദ്രപത്രങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് ഭൂരിഭാഗം അപേക്ഷകരും 100 രൂപാ മുദ്രപത്രങ്ങൾ വാങ്ങുവാൻ നിർബന്ധിതരാവുന്ന എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മതിയായ 50 രൂപാ പത്രങ്ങൾ വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

50 രൂപ, മുദ്രപ്പത്രങ്ങൾ ലഭ്യമല്ലെന്നുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 50 രൂപ, മുദ്രപ്പത്രങ്ങൾ ആവശ്യത്തിന് ട്രഷറികളിൽ ലഭ്യമാണ്.

## കയറുമായി ബന്ധപ്പെട്ട കമ്പനികളുടെ കയറ്റുമതി വിവരങ്ങൾ

81 (3056) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം-മാറ്റിംഗ്സ് തുടങ്ങിയ കയറുമായി ബന്ധപ്പെട്ട കമ്പനികളുടെ 2009-10 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ കയറിന്റെയും അനുബന്ധ ഉത്പന്നങ്ങളുടെയും കയറ്റുമതി വിവരങ്ങൾ ഇനം തിരിച്ചും വർഷം തിരിച്ചും ലഭ്യമാക്കുമോ ;

(ബി) കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം-മാറ്റിംഗ്സ് എന്നിവയുടെ 2009-10 മുതൽ 2015-16 വരെയുള്ള ഓരോ വർഷത്തേയും വിറ്റുവരവും ലാഭം/നഷ്ടം എത്രയെന്നും ഇനം തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർഫെഡിന്റെ 2009-10 മുതൽ 2015-16 വരെയുള്ള കയറ്റുമതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കേരള കയർ കോർപ്പറേഷൻ, ഫോമിൽ എന്നീ സ്ഥാപനങ്ങളിൽനിന്നുള്ള വിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*

(ബി) കയർഫെഡിന്റെ 2009-10 മുതൽ 2014-15 വരെയുള്ള വിറ്റുവരവും ലാഭനഷ്ട കണക്കും അനുബന്ധമായി ചേർക്കുന്നു.* കയർഫെഡിന്റെ 2015-16-ലെ വാർഷിക കണക്കെടുപ്പ് നടപടികൾ പൂർത്തിയായിവരുന്നു. കേരള കയർ കോർപ്പറേഷൻ, ഫോമിൽ എന്നീ സ്ഥാപനങ്ങളിൽനിന്നുള്ള വിവരം അനുബന്ധം-3 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി

82 (3057) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കയറിന്റെയും, കയറുല്പന്നങ്ങളുടെയും കയറ്റുമതിയിലൂടെ ലഭിച്ച വരുമാനം മുൻ വർഷത്തെക്കാൾ വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) കയറിന്റെയും, കയറുല്പന്നങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) കയർഫെഡ് 2014-15 സാമ്പത്തിക വർഷത്തിൽ 13.11 ലക്ഷം രൂപയുടെയും 2015-16-ൽ 29.17 ലക്ഷം രൂപയുടെയും കയറ്റുമതി നടത്തിയിട്ടുണ്ട്. കയർ കോർപ്പറേഷൻ 2014-15-ൽ 416 ലക്ഷം രൂപയുടെയും 2015-16-ൽ 814 ലക്ഷം രൂപയുടെയും കയറ്റുമതി നടത്തിയിട്ടുണ്ട്. ഫോമിൽ 2014-15 സാമ്പത്തിക വർഷത്തിൽ 49.99 ലക്ഷം രൂപയുടെയും 2015-16 വർഷത്തിൽ 13.05 ലക്ഷം രൂപയുടെയും കയറ്റുമതി നടത്തിയിട്ടുണ്ട്.

(ബി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്ന തിനുവേണ്ടി സർക്കാർ നിർദ്ദേശപ്രകാരം സ്വദേശത്തും വിദേശത്തുമായി എക്സിബിഷനുകളിൽ പങ്കെടുക്കുക, വിദേശ വ്യാപാരികളുമായി തുടർച്ചയായി ബന്ധപ്പെടുക, ബയർ-സെല്ലർ മീറ്റിംഗുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പി.വി.സി. ടഫ്റ്റഡ് മെഷീൻ ഫാക്ടറി

83 (3058) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ കോർപ്പറേഷന്റെ അധീനതയിൽ ഏനാദിമംഗലത്ത് പ്രവർത്തിക്കുന്ന പി.വി.സി (PVC) ടഫ്റ്റഡ് മെഷീൻ ഫാക്ടറിയുടെ മൊത്തം വിസ്തീർണ്ണം എത്രയാണ്; ഇതിൽ എത്ര വിസ്തീർണ്ണം ടഫ്റ്റഡ് ഫാക്ടറിയ്ക്കായി ഉപയോഗിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ശേഷിക്കുന്ന കെട്ടിട ഭാഗങ്ങൾ പ്രോജക്ട് റിപ്പോർട്ട് പ്രകാരം എന്ത് ആവശ്യത്തിലേയ്ക്കാണ് നിർമ്മിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള പ്രോജക്ടുകൾ ഉടൻ തന്നെ നടപ്പിലാക്കുമോ; ഇതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ നിലവിലുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) ഏനാദിമംഗലത്ത് തുടങ്ങാൻ ഉദ്ദേശിച്ച മെത്ത ഫാക്ടറി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ആയത് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കയർ കോർപ്പറേഷന്റെ അധീനതയിൽ ഏനാദിമംഗലത്ത് പ്രവർത്തിക്കുന്ന പി.വി.സി. ടഫ്റ്റഡ് മെഷീൻ ഫാക്ടറിയുടെ മൊത്തം വിസ്തീർണ്ണം 6250 സ്ക്വയർ മീറ്റർ ആണ്. (3125 സ്ക്വയർ മീറ്റർ വീതം 2 സ്പാനുകൾ). ഇതിൽ 3125 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഒരു സ്പാനിൽ രണ്ട് ടഫ്റ്റിംഗ് മെഷീനുകൾ പ്രവർത്തിക്കുന്നു.

(ബി) ശേഷിക്കുന്ന 3125 സ്ക്വയർ മീറ്റർ വിസ്തീർണ്ണത്തിലുള്ള ഭാഗം ടഫ്റ്റിംഗ് പ്ലാനിന്റെ അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിനും ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുമായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഈ സ്ഥലത്ത് റബ്ബറൈസ്ഡ് കയർ മാട്രസ് പ്രോജക്ട് നടപ്പാക്കുന്നതിന് തുടർന്ന് തീരുമാനിക്കുകയും അതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഒന്നാമത്തെ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള പ്രോജക്ടുകൾ ഏകദേശം പൂർത്തീകരിച്ച് ഉൽപ്പാദന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പ്രോജക്ടിൽ ബാക്കിയുള്ളവ സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(ഡി&ഇ) ഏനാദിമംഗലത്ത് തുടങ്ങാനുദ്ദേശിച്ച മെത്ത ഫാക്ടറിക്കായി സമർപ്പിച്ച പദ്ധതി രണ്ടുഘട്ടമായി നടപ്പാക്കുന്നതിനും ആദ്യഘട്ടമായി മാട്രസ്സ് ഫിനിഷിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകിയെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ ജോലി പൂർത്തീകരിക്കുന്നതിന് കോൺട്രാക്ടർക്ക് കഴിയാതെ വന്നതിനാൽ നൽകിയ വർക്ക് ഓർഡർ റദ്ദ് ചെയ്യേണ്ടിവന്നിരിക്കുകയാണ്. മേൽ പദ്ധതി നടപ്പാക്കുന്നതിന് വീണ്ടും നടപടികൾ എടുത്തുവരവെ ഇപ്പോൾ ടി പദ്ധതിയിൽ ശിപാർശ ചെയ്തിട്ടുള്ള സാങ്കേതികവിദ്യ ചുരുട്ടുചകിരി ഉപയോഗിച്ചു കൊണ്ടുള്ളതും ഈ സാങ്കേതികവിദ്യ കാലഹരണപ്പെട്ടതും കൂടുതൽ ഉൽപ്പാദനച്ചെലവ് ഉണ്ടാക്കുന്നതുമാണ്. അതിനാൽ തുടർനടപടികൾ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

**കയർ കേരള**

84 (3059) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ കേരള ഏതു വർഷമാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേക്ക് ഏതെല്ലാം വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ ഓരോ വർഷവും ലഭിച്ചിട്ടുള്ള ധനസഹായം എത്രയെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ ;

(ഡി) കയർ കേരള 2016-17 സാമ്പത്തിക വർഷം നടത്തുവാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ ആയതിനുള്ള മുന്നൊരുക്കങ്ങൾ തുടങ്ങിയിട്ടുണ്ടോ ;

(ഇ) ഇതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(എഫ്) കയർ കേരളയുടെ തുടക്കം മുതൽ ഓരോ വർഷവും വന്ന വിദേശ ഉപഭോക്താക്കളുടെ രാജ്യം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കയർ കേരള ആരംഭിച്ചത് 2011-ലാണ്.

(ബി) 2012, 2013, 2014, 2015, 2016 എന്നീ വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

(സി) ഓരോ വർഷവും ലഭിച്ചിട്ടുള്ള കേന്ദ്ര സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | കേന്ദ്ര സഹായം |
|---|---|
| കയർ കേരള 2012 | 87,21,533 രൂപ |
| കയർ കേരള 2013 | 1,45,34,502 രൂപ |
| കയർ കേരള 2014 | 1,14,28,000 രൂപ |
| കയർ കേരള 2015 | 94,64,000 രൂപ |
| കയർ കേരള 2016 | 1,07,88,572 രൂപ |

(ഡി&ഇ) 2017 ആഗസ്റ്റ്-നവംബർ മാസത്തിനുള്ളിൽ അടുത്ത കയർ കേരള നടത്തുന്നതിനുള്ള ആലോചനയുണ്ട്. ഇതിലേക്കായി മുന്നൊരുക്കങ്ങൾ തുടങ്ങിയിട്ടില്ല.

(എഫ്) കയർ കേരളയുടെ തുടക്കം മുതൽ ഓരോ വർഷവും വന്ന വിദേശ ഉപഭോക്താക്കളുടെ രാജ്യം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കയർ വ്യവസായ നയം**

85 (3060) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചണവ്യവസായ രംഗത്ത് പശ്ചിമ ബംഗാൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പോളിസിക്ക് സമാനമായ ഒരു കയർ വ്യവസായ നയം കേരളത്തിൽ പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ ;

(ബി) കേരളത്തിലെ കയർ വ്യവസായ രംഗത്ത് രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ, പ്രവർത്തിയ്ക്കാതെ പൂട്ടികിടക്കുന്നവയിലെ സമാന സ്വഭാവമുള്ളവയെ സംയോജിപ്പിച്ച് ശക്തിപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ;

(സി) എൻ.സി.ആർ.എം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കയർ മേഖലയ്ക്ക് കാര്യമായ പ്രയോജനം ചെയ്യില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥാപനത്തിന്റെ തലപ്പത്തേക്ക് സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ളവരെ നിയമിച്ച് സ്ഥാപനം ശക്തിപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) പരിശോധിക്കാവുന്നതാണ്.

(ബി) സംയോജനത്തിനുള്ള പദ്ധതി തയ്യാറാക്കുവാൻ കയർ വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം സംഘങ്ങളെ കണ്ടെത്തുന്നതിന് പ്രോജക്ട് ഓഫീസർമാർ നടപടി സ്വീകരിച്ചുവരികയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ അസോസിയേറ്റ് പ്രൊഫസറായ ശ്രീ. കെ. ആർ. അനിലാണ് എൻ.സി.ആർ.എം.ഐ. ഡയറക്ടറുടെ ചുമതല വഹിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

86 (3061) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) കയർ മേഖലയിൽ ആധുനികവൽക്കരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാക്കി യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ ;

(സി) പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കാത്ത തരത്തിൽ പുതിയ നയം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) കയർ സംഘങ്ങളുടെ പുനഃസംഘടനയ്ക്ക് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള അധിക തുക എവിടെനിന്നും കണ്ടെത്തുവാനാണ് ആലോചിക്കുന്നത്; ഇതിനകം എന്തെങ്കിലും തുക ലഭ്യമായിട്ടുണ്ടോ?

### ഉത്തരം

(എ) കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എംഡിഎ) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകിവരുന്നു.

6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

7. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കയർ വ്യവസായത്തേയും തൊഴിലാളികളേയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുനഃസംഘടനാ പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. വിലസ്ഥിരതാ ഫണ്ട് 17 കോടി രൂപയിൽനിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. 2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കയർ ഉൽപ്പന്നങ്ങൾക്ക് 20% റിബേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലും കയർപിരി തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. സ്വകാര്യ സംരംഭകരെക്കൂടി പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്.

(ബി) ആധുനിക യന്ത്രവൽക്കരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കി പ്രോത്സാഹിപ്പിക്കും. തൊണ്ട് സംഭരണത്തിന് പിന്തുണ നൽകും. ചകിരി ഉൽപ്പാദന യൂണിറ്റുകൾക്ക് 50% സബ്സിഡി നൽകും. ഉൽപ്പന്നമേഖലയിലെ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡ് സബ്സിഡിക്ക് പുറമേ 10% അധിക സബ്സിഡി നൽകും. ആലപ്പുഴ ജില്ലയിൽ പി.വി.സി. കയർ അവശിഷ്ടങ്ങൾ ബോർഡുകളാക്കുന്ന സംയുക്ത സംരംഭം തുടങ്ങും. മലിനജല ശുദ്ധീകരണ പദ്ധതി നടപ്പിലാക്കും. നിർജ്ജീവമായ സംഘങ്ങളെ അമാൽഗമേറ്റ് ചെയ്യുന്നതിനും പുനരുദ്ധരിക്കാൻ കഴിയുന്നവയെ അപ്രകാരം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കും. ഉൽപ്പന്നങ്ങളുടെ ഗുണമേൻമ ഉറപ്പാക്കാൻ തൊഴിലാളികൾക്ക് പരിശീലനം നൽകും.

(സി) പുതിയ നയം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കില്ലെന്ന് ഉറപ്പുവരുത്തും. ഇതിനായി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കും. റിബേറ്റ് നൽകി ഇവ വിറ്റഴിക്കും. ഇതിനുവേണ്ടി 17 കോടി രൂപയിൽനിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങൾക്ക് 20% റിബേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) സംഘങ്ങളുടെ പുനഃസംഘടനയ്ക്കും മാനേജീരിയൽ സബ്സിഡിക്കും 15 കോടി രൂപ 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പുനഃസംഘടനയ്ക്കുവേണ്ട അധിക തുക എൻ.സി.ഡി.സി-യിൽനിന്നും ലഭ്യമാക്കും.

### കയർ വ്യവസായത്തിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് നടപടി

87 (3062) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറും കയറുൽപ്പന്നങ്ങളും കയറ്റി അയയ്ക്കുന്നതിലൂടെ 2016-17 സാമ്പത്തികവർഷം കയർ ബോർഡ് പ്രതീക്ഷിയ്ക്കുന്ന വരുമാനം വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിദേശ രാജ്യങ്ങളിലേക്കാണ് കയർ ബോർഡ് കയറുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നത്;

(സി) കയർ മേഖലയിൽ ആധുനികവൽക്കരണം നടപ്പിലാക്കി ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് കയർ ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) കയർ വ്യവസായത്തിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് കയർ ബോർഡ് നൽകിവരുന്ന സഹായങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 ജൂലൈ മാസംവരെ 638.99 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി നടത്തിയിട്ടുണ്ട്. 2016-17 പൂർത്തിയാകുമ്പോഴേയ്ക്കും കയറ്റുമതി 2000 കോടി രൂപ കവിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 115 രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി നടത്തിയിട്ടുണ്ട്.

(സി) കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുന്നതിനും പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കയർ ഉൽപ്പാദനവും പ്രോസസ്സിംഗും മെച്ചപ്പെടുത്തുന്നതിനുമായി കയർ ബോർഡ് കയർ ഉദ്യമീ യോജന എന്ന പദ്ധതി

നടപ്പിലാക്കിവരുന്നു. പദ്ധതി ചെലവ് 10 ലക്ഷം രൂപയും ആയതിന്റെ 25%-ൽ അധികരിക്കാത്ത പ്രവർത്തന മൂലധനവും ആവശ്യമായ പ്രോജക്ടുകളെയാണ് ഈ പദ്ധതിയിൽ പരിഗണിക്കുന്നത്. ടി പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയുന്ന പ്രകാരമാണ്. പദ്ധതി ചെലവിന്റെ 40% കേന്ദ്ര സർക്കാരിന്റെ സബ്സിഡിയും 55% ബാങ്ക് ലോണും 5% ഗുണഭോക്തൃവിഹിതവുമാണ്. പ്രവർത്തന മൂലധനത്തിന് സബ്സിഡിക്ക് അർഹതയില്ല. കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുന്നതിന് കയർ ബോർഡ് അനുപം, അനുഗ്രഹ, ഉദയ, സ്വർണ്ണ, വജ്ര തുടങ്ങിയ തറി/ മെഷിനറികൾ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ട്രെയിനിംഗ് പ്രോഗ്രാം, സെമിനാർ, ബോധവൽക്കരണം എന്നിവ നടത്തിവരുന്നു. കൂടാതെ ട്രെയിനിംഗിന് പ്രതിമാസം 1000 രൂപാവീതം സ്റ്റൈപ്പന്റ് നൽകിവരുന്നു.

(ഡി) മഹിളാകയർ യോജന പദ്ധതി നടപ്പിലാക്കിവരുന്നു. ഉൽപ്പാദന വർദ്ധനവിനും ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിനും വേണ്ട സഹായങ്ങൾ നൽകുന്നുണ്ട്. നിലവിലുള്ള യൂണിറ്റ് വിപുലീകരിക്കുന്നതിന് ഉപകരണങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ തുകയുടെയും 25% പരമാവധി 6 ലക്ഷം രൂപ ഡീഫൈബറിംഗ് യൂണിറ്റിനും 4 ലക്ഷം രൂപ സ്പിന്നിംഗ് യൂണിറ്റിനും 5 ലക്ഷം രൂപ മറ്റ് കയർ വ്യവസായങ്ങൾക്കും സബ്സിഡിയായി നൽകുന്നു. മൾട്ടിപ്പിൾ യൂണിറ്റിന് 9 ലക്ഷത്തിൽ അധികരിക്കാത്ത തുക ആനുകൂല്യമായി നൽകുന്നു. നിലവിലുള്ള യൂണിറ്റിൽ ആധുനികവൽക്കരണത്തിനായി ആവശ്യമായ ഉപകരണങ്ങളുടെ വിലയുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ തുകയുടെയും 25% പരമാവധി 2 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.

**ചകിരിയുടെ ലഭ്യതയിൽ സ്വയംപര്യാപ്തത**

88 (3063) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറുല്പന്നങ്ങൾക്കുവേണ്ട ചകിരിയുടെ ലഭ്യതയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വിശദമാക്കുമോ;

(ബി) അസംസ്കൃത വസ്തുവിന്റെ കാര്യത്തിൽ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ വരാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 2015-ൽ സംസ്ഥാനത്തെ ചകിരി ഉല്പാദനം എത്രയായിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ചകിരി ഉൽപ്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊണ്ട് സംഭരണത്തിനെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. തൊണ്ട് സംഭരണം കാര്യക്ഷമമാക്കി ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികളിൽ മാറ്റം വരുത്തി "തൊണ്ടുസംഭരണവും ചകിരി ഉൽപ്പാദനവും" എന്ന പദ്ധതി രൂപീകരിച്ച് 2015-16 മുതൽ നടപ്പിലാക്കിവരുന്നു. ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഡീഫൈബറിംഗ് മെഷീനുകൾ സർക്കാർ ഫണ്ടുപയോഗിച്ച് കയർ മെഷീനറി മാനുഫാക്ചറിംഗ് ഫാക്ടറിയിലൂടെ നിർമ്മിച്ച് സൊസൈറ്റികൾക്ക് വിതരണം ചെയ്തുവരുന്നു.

(ബി) പച്ചത്തൊണ്ട് ചകിരിയാക്കുന്നതിനുള്ള പദ്ധതികൾ സ്വീകരിച്ചതുവഴി കുറഞ്ഞ വിലയ്ക്ക് ചകിരി ലഭ്യമാക്കുന്ന സാങ്കേതികവിദ്യ മറ്റ് സംസ്ഥാനങ്ങൾ വ്യാപകമായി ഉപയോഗിച്ചു. ഈ രംഗത്ത് കേരളത്തിന് മുന്നേറാനായില്ല. 2008-ൽ സർക്കാർ പ്രസിദ്ധീകരിച്ച കയർ കമ്മീഷൻ റിപ്പോർട്ടിൽ തൊണ്ടുസംഭരണം കാര്യക്ഷമമാക്കുന്നതിനുള്ള വിവിധ ശിപാർശകൾ നൽകിയിരുന്നു. ആയത് നടപ്പിലാക്കിവരുന്നു.

(സി) പ്രോജക്ട് ഓഫീസ് പരിധിയിൽ 2015-16-ലെ ചകിരി ഉൽപ്പാദനം താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പ്രോജക്ട് | ഉൽപ്പാദിപ്പിച്ച ചകിരി (ക്വിന്റൽ) |
|---|---|---|
| (1) | (2) | (3) |
| 1 | ചിറയിൻകീഴ് | 4002.05 |
| 2 | കൊല്ലം | 5216.45 |
| 3 | കായംകുളം | 1599.10 |
| 4 | ആലപ്പുഴ | 1025.73 |
| 5 | വൈക്കം | 1758.00 |

| (1) | (2) | (3) |
|---|---|---|
| 6 | നോർത്ത് പറവൂർ | 406.38 |
| 7 | പൊന്നാനി | 833.12 |
| 8 | തൃശ്ശൂർ | 8083.22 |
| 9 | കോഴിക്കോട് | 700.58 |
| 10 | കണ്ണൂർ | 2843.00 |
| | ആകെ | 26467.63 |

**ഏനാദിമംഗലം പി.വി.സി. ടഫ്റ്റഡ് മെഷീൻ ഫാക്ടറി**

89 (3064) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ കോർപ്പറേഷന്റെ അധീനതയിൽ ഏനാദിമംഗലത്ത് പ്രവർത്തിക്കുന്ന പി.വി.സി. ടഫ്റ്റഡ് മെഷീൻ ഫാക്ടറിയുടെ ഉത്പാദനം ഇപ്പോൾ എത്രയാണ്; ഇത് ഉത്പാദനക്ഷമതയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; എത്ര ഉത്പാദനമാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ബി) എത്ര ഷിഫ്റ്റുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്; ഈ ഫാക്ടറിക്ക് എത്ര ഷിഫ്റ്റ് വരെ പ്രവർത്തിക്കാനുള്ള കപ്പാസിറ്റിയുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇപ്പോൾ ഒരു ദിവസത്തെ ഒരു ഷിഫ്റ്റിലെ ഉത്പാദനം എത്രയാണ്; ഒരു ഷിഫ്റ്റിലെ ഇൻസ്റ്റാൾഡ് കപ്പാസിറ്റി എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പി.വി.സി. ടഫ്റ്റഡ് മാറ്റുകളുടെ വിപണിയിലുള്ള ഡിമാന്റ് അനുസരിച്ചുള്ള ഉത്പാദനം ഇവിടെ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ ;

(ഇ) ഇവിടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളിൽ buy back arrangements വല്ലതും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമാണ്; എത്ര തുകയ്ക്കാണ്; ഇതിൽ എത്ര ശതമാനം കയറ്റുമതിയ്ക്കായി ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&സി) കയർ കോർപ്പറേഷന്റെ അധീനതയിൽ ഏനാദിമംഗലത്ത് പ്രവർത്തിക്കുന്ന പി.വി.സി. ടഫ്റ്റഡ് മെഷീൻ ഫാക്ടറിയുടെ ഉൽപ്പാദനം ഇപ്പോൾ ഷിഫ്റ്റിൽ ശരാശരി 1850 സ്ക്വയർ മീറ്റർ ആണ്. ഇത് ഉൽപ്പാദനക്ഷമതയുടെ 77.08% ആണ്. ഫാക്ടറിയിൽ ഒരു ഷിഫ്റ്റിൽ 2400 സ്ക്വയർ മീറ്റർവരെ ഉൽപ്പാദിപ്പിക്കാവുന്നതാണ്.

(ബി) ഇപ്പോൾ ഫാക്ടറിയിൽ ഒരു ഷിഫ്റ്റിലാണ് പ്രവർത്തനം നടക്കുന്നത്. ഈ ഫാക്ടറിക്ക് ദിവസം 3 ഷിഫ്റ്റുവരെ പ്രവർത്തിക്കുവാനുള്ള കപ്പാസിറ്റിയുണ്ടെങ്കിലും സാധാരണയായി ടഫ്റ്റിംഗ് പ്ലാന്റുകളിൽ 2 ഷിഫ്റ്റുകൾ മാത്രമേ പ്രവർത്തിപ്പിക്കാറുള്ളൂ.

(സി) (എ) പിരിവിലെ ഉത്തരം കണ്ടാലും.

(ഡി) പി.വി.സി. ടഫ്റ്റഡ് മാറ്റുകൾക്ക് ഇപ്പോൾ വിപണിയിൽ വളരെ ഉയർന്ന ഡിമാന്റുണ്ട്. കയർ കോർപ്പറേഷനിൽ സ്ഥാപിച്ചിട്ടുള്ള 2 ടഫ്റ്റിംഗ് യന്ത്രങ്ങളിൽ 2 ഷിഫ്റ്റുകളിലായി 4800 സ്ക്വയർ മീറ്റർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ എടുത്തുവരുന്നു.

(ഇ) ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളിൽ യന്ത്രനിർമ്മാതാക്കളുമായി ബൈ ബാക്ക് എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളിൽ 60% ആണ് യന്ത്രനിർമ്മാതാക്കൾക്ക് ബൈ ബാക്ക് എഗ്രിമെന്റ് അനുസരിച്ച് നൽകേണ്ടത്. ഇങ്ങനെ നൽകുന്ന ഉൽപ്പന്നങ്ങൾ പൂർണ്ണമായും കയറ്റുമതിക്കായി ഉപയോഗിക്കുന്നു.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾ**

90 (3065) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുള്ള കയർ വ്യവസായ സഹകരണ സംഘങ്ങളുടെ എണ്ണം എത്രയെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത സംഘങ്ങളിൽ കയർ വ്യവസായം എത്ര സംഘങ്ങളിൽ നടക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ ;

(സി) കയർ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കാതെ പൂർണ്ണമായും പ്രവർത്തനം നിലച്ച കയർ സംഘങ്ങൾ എത്രയെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ ;
20-10-2016-ലേക്ക് മാറ്റി

(ഡി) പ്രവർത്തനം നിലച്ചുപോയ കയർ സംഘങ്ങളുടെ വസ്തുവകകളെ സംബന്ധിച്ച് വകുപ്പ് വ്യക്തമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ ;

(ഇ) ഇത്തരം കയർ സംഘങ്ങളുടെ വസ്തുവകകൾ കാടുകയറിയും അന്യാധീനപ്പെട്ടും നശിക്കാതെ പ്രസ്തുത സംഘങ്ങളിൽ കയർ വ്യവസായം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് ഫലം കണ്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(എഫ്) കയർ വ്യവസായം പുനരാരംഭിക്കുവാൻ കഴിയാത്ത വിധത്തിൽ തകർച്ച നേരിട്ടിട്ടുള്ള സംഘങ്ങളുടെ വസ്തുവകകൾ ഉപയോഗപ്പെടുത്തേണ്ടത് എങ്ങനെയെന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നിലപാട് എന്താണ്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 17 കയർ സഹകരണ സംഘങ്ങളുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

1. വേളമാനൂർ സി.വി.സി.എസ്., 986 (L) വേളമാനൂർ പി.ഒ., പാരിപ്പള്ളി
2. നെടുമ്പന വൈ.സി.വി.സി.എസ്., 983 (L), നെടുമ്പന പി.ഒ. നെടുമ്പന
3. ഇത്തിക്കര ഐ.സി.വി.സി.എസ്. 1277, ഇത്തിക്കര പി.ഒ., ഇത്തിക്കര
4. ചാത്തന്നൂർ ഐ.സി.വി.സി.എസ്. 1269, ചാത്തന്നൂർ പി.ഒ., ചാത്തന്നൂർ
5. ആദിച്ചനല്ലൂർ ഐ.സി.വി.സി.എസ്. 1266, സാംസ് ബിൽഡിംഗ്, ആദിച്ചനല്ലൂർ പി.ഒ.
6. നെടുങ്ങോലം വൈ.സി.വി.സി.എസ്. 985, നെടുങ്ങോലം പി.ഒ., നെടുങ്ങോലം
7. പരവൂർ മാറ്റ്സ് & മാറ്റിംഗ്സ് 946 (L), പരവൂർ പി.ഒ.
8. കുനയിൽ സി.വി.സി.എസ്. 636, പരവൂർ പി.ഒ. പരവൂർ
9. കലയ്ക്കോട് സി.വി.സി.എസ്. 203, പൂതക്കുളം പി.ഒ., പൂതക്കുളം
10. ഇടയാടി സി.വി.സി.എസ്. 395, പൂതക്കുളം പി.ഒ., പൂതക്കുളം

11. നെല്ലേറ്റിൽ സി.വി.സി.എസ്. 643, പൂതക്കുളം പി.ഒ., പൂതക്കുളം

12. പരവൂർ തെക്കുംഭാഗം സി.വി.സി.എസ്. 870, കോട്ടപ്പുറം, പരവൂർ പി.ഒ.

13. പരവൂർ സി.വി.സി.എസ്. 3088, പരവൂർ പി.ഒ., പരവൂർ

14. പുത്തൻകുളം ഐ.സി.വി.സി.എസ്. 1197, പുത്തൻകുളം പി.ഒ., പുത്തൻകുളം

15. ജവഹർലാൽ നെഹ്റു ഐ.സി.വി.സി.എസ്. 1214, പരവൂർ പി.ഒ., പരവൂർ

16. കുറുമാണ്ടൻ ഐ.സി.വി.സി.എസ്. 1215, പരവൂർ പി.ഒ., പരവൂർ

17. പരവൂർ പൊഴിക്കര സി.വി.സി.എസ്. 310 (L), പരവൂർ പി.ഒ., പരവൂർ.

(ബി) 8 എണ്ണം ;

1. കുനയിൽ സി.വി.സി.എസ്. 636, പരവൂർ പി.ഒ., പരവൂർ

2. കലയ്ക്കോട് സി.വി.സി.എസ്. 203, പൂതക്കുളം പി.ഒ., പൂതക്കുളം

3. നെല്ലേറ്റിൽ സി.വി.സി.എസ്. 643, പൂതക്കുളം പി.ഒ., പൂതക്കുളം

4. പരവൂർ തെക്കുംഭാഗം 870, കോട്ടപ്പുറം, പരവൂർ പി.ഒ.

5. പരവൂർ സി.വി.സി.എസ്. 3088, പരവൂർ പി.ഒ., പരവൂർ

6. പുത്തൻകുളം ഐ.സി.വി.സി.എസ്. 1197, പുത്തൻകുളം പി.ഒ., പുത്തൻകുളം

7. ജവഹർലാൽ നെഹ്റു ഐ.സി.വി.സി.എസ്. 1214, പരവൂർ പി.ഒ., പരവൂർ

8. കുറുമണ്ണേൽ ഐ.സി.വി.സി.എസ്. 1215, പരവൂർ പി.ഒ., പരവൂർ.

(സി) 9 എണ്ണം ;

1. ഇത്തിക്കര ഐ.സി.വി.സി.എസ്. 1277, ഇത്തിക്കര പി.ഒ., ഇത്തിക്കര
2. ചാത്തന്നൂർ ഐ.സി.വി.സി.എസ്. 1269, ചാത്തന്നൂർ പി.ഒ., ചാത്തന്നൂർ
3. ആദിച്ചനല്ലൂർ ഐ.സി.വി.സി.എസ്. 1266, സരസ് ബിൽഡിംഗ്, ആദിച്ചനല്ലൂർ പി.ഒ.
4. നെടുങ്ങോലം വൈ.സി.വി.സി.എസ. 985, നെടുങ്ങോലം പി.ഒ., നെടുങ്ങോലം
5. ഇടയാടി സി.വി.സി.എസ്. 935, പൂതക്കുളം പി.ഒ., പൂതക്കുളം
6. വേളമാനൂർ സി.വി.സി.എസ്. 986 (L) വേളമാനൂർ പി.ഒ., പാരിപ്പള്ളി
7. നെടുമ്പന വൈ.സി.വി.സി.എസ്. 983 (L), നെടുമ്പന പി.ഒ. നെടുമ്പന
8. പരവൂർ മാറ്റ്സ് & മാറ്റിംഗ്സ് 946 (L), പരവൂർ പി.ഒ.
9. പരവൂർ പൊഴിക്കര സി.വി.സി.എസ്. 310 (L), പരവൂർ പി.ഒ., പരവൂർ.

(ഇതിൽ ക്രമനമ്പർ 6,7,8,9 എന്നീ നാല് സംഘങ്ങൾ ലിക്വിഡേഷനിലാണ്.)

(ഡി) ശേഖരിച്ചിട്ടുണ്ട്. ആദിച്ചനല്ലൂർ ഐ.സി.വി.സി.എസ്. 1266, ചാത്തന്നൂർ ഐ.സി.വി.സി.എസ്. 1269, ഇത്തിക്കര ഐ.സി.വി.സി.എസ്. 1277 എന്നീ മൂന്ന് സംയോജിത സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അവയ്ക്ക് വസ്തുവകകൾ ഇല്ല. നെടുങ്ങോലം വൈ.സി.വി.സി.എസ്. 985-ന് 76 സെന്റ് സ്ഥലവും കെട്ടിടവും സ്വന്തമായുണ്ട്. കൂടാതെ ഇടയാടി സി.വി.സി.എസ്. 395-ന് 23 സെന്റ് സ്ഥലവും കെട്ടിടവും സ്വന്തമായുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പരിശോധിക്കുന്നതാണ്.

## വ്യവസായ സോണുകളുടെ രൂപീകരണം

91 (3066) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ അഞ്ച് വിവിധോദ്ദേശ വ്യവസായ സോണുകൾ ആരംഭിക്കുമെന്ന് സൂചിപ്പിച്ചിരുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ ആരംഭിച്ചു ; വ്യക്തമാക്കുമോ ;

(ബി) ആദ്യ ഘട്ടത്തിൽ എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അഞ്ച് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ താഴെപ്പറയുന്നവയാണ്.

| | | | |
|---|---|---|---|
| 1. | പട്ടാന്നൂർ, കണ്ണൂർ | - | 500 ഏക്കർ |
| 2. | പനയത്താമ്പറമ്പ് | - | 500 ഏക്കർ |
| 3. | തൊടുപുഴ | - | 900 ഏക്കർ |
| 4. | മങ്കട, മലപ്പുറം | - | 700 ഏക്കർ |
| 5. | വിഴിഞ്ഞം | - | 500 ഏക്കർ |
| 6. | കാസർഗോഡ് | - | 500 ഏക്കർ |

ഇവയിൽ പനയത്താമ്പറമ്പിലെ 500 ഏക്കർ ഭൂമി, തൊടുപുഴയിലെ 900 ഏക്കർ ഭൂമി, മങ്കടയിലെ 690 ഏക്കർ ഭൂമി എന്നിവ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടാന്നൂരിൽ 500 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും പദ്ധതിക്കനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടില്ല.

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ച പനയത്താമ്പറമ്പ്, തൊടുപുഴ, മങ്കട എന്നീ സ്ഥലങ്ങളിൽ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ ആദ്യഘട്ടം ആരംഭിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്.

(സി) ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ച പനയത്താമ്പറമ്പ്, തൊടുപുഴ, മങ്കട എന്നീ സ്ഥലങ്ങളിൽ ലാന്റ് അക്വിസിഷന്റെ തുടർനടപടികൾ കിൻഫ്രയും അതാത് ജില്ലാ ഭരണകൂടവും സ്വീകരിച്ചുവരുന്നു. ഭരണാനുമതി ലഭിക്കാത്ത പട്ടാന്നൂരിൽ അനുമതി ലഭിക്കുന്നതിനുള്ള തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നു. വിഴിഞ്ഞത്തും കാസർഗോഡും പദ്ധതിക്കനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് ഇതിന്റെ തുടർ നടപടികൾ സ്വീകരിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്.

**ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ**

92 (3067) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച പുരോഗതി എത്രത്തോളമായെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നടപടിയിലുള്ള പുരോഗതി എന്താണ് ;

(സി) 27-5-2013-ൽ പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര നൽകിയ അപേക്ഷയിന്മേൽ തീരുമാനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ ;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുൻപോട്ട് പോകുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുവോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം താലൂക്കിൽ പരവൂർ, ചിറക്കര വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. അക്വയർ ചെയ്യാനുദ്ദേശിക്കുന്ന ഭൂമിയുടെ അതിർത്തിയിൽ കിൻഫ്ര അതിരടയാളക്കല്ലുകൾ സ്ഥാപിക്കുകയും അതുപ്രകാരമുള്ള സ്കെച്ച് ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽവയൽ ഒഴിവാക്കിയാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളായി ചിതറിക്കിടക്കുന്നത് നിമിത്തം, ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമായതിനാൽ മേൽപ്പറഞ്ഞ 46.39 ഏക്കർ ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിക്കിട്ടുന്നതിനായി പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരവൂർ മുനിസിപ്പാലിറ്റിയുടെയും ചിറക്കര ഗ്രാമപഞ്ചായത്തിന്റെയും കീഴിലുള്ള ബന്ധപ്പെട്ട കൃഷി ഓഫീസർമാരുടെ പരിശോധനയിലാണ്.

(ബി) ഇക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കിൻഫ്ര പലപ്രാവശ്യം ബന്ധപ്പെട്ട അധികാരികളുമായി നേരിൽ ബന്ധപ്പെട്ടിട്ടുള്ളതാണ്.

(സി&ഡി) പ്രസ്തുത അപേക്ഷയിൽ ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതി എടുക്കുന്ന തീരുമാനത്തിന് വിധേയമായി മാത്രമേ ഭൂമി ഏറ്റെടുക്കൽ അടക്കമുള്ള മേൽനടപടികൾ സാധ്യമാകുകയുള്ളൂ.

## ടി.സി.സി.-യുടെ നവീകരണത്തിനും വളർച്ചയ്ക്കുമായി ലക്ഷ്യമിടുന്ന പദ്ധതികൾ

93 (3068) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ പൊതുമേഖലാസ്ഥാപനമായ ടി.സി.സി.-യുടെ നവീകരണത്തിനും വളർച്ചയ്ക്കുമായി ലക്ഷ്യമിടുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പ്ലാന്റുകളാണ് പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ടി.സി.സി.-യുടെ വൈദ്യുത ഉപയോഗചെലവ് കുറക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്ഥാപനത്തിന് കുറഞ്ഞചെലവിൽ വൈദ്യുതി കിട്ടുന്നതിനുവേണ്ടി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) എറണാകുളം ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ കാസ്റ്റിക് സോഡയുടെ പ്രതിദിന ഉൽപ്പാദനം 175 മെട്രിക് ടണ്ണിൽനിന്നും 225 മെട്രിക് ടണ്ണായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. കമ്പനിയിൽ 65 കോടി മുതൽമുടക്കുള്ള ആധുനികവൽക്കരണ പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നു. നിലവിലുള്ള രണ്ട് ഇലക്ട്രോലൈസർ പ്ലാന്റുകളുടെയും പ്രതിദിന ഉൽപ്പാദനശേഷി 25-ൽനിന്നും 50 ടൺ വീതമാക്കി ഉയർത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.

(സി&ഡി) ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ വൈദ്യുതി ഉപയോഗ ചെലവ് കുറയ്ക്കുന്നതിന് ഓപ്പൺ ആക്സസ് മുഖേന കുറഞ്ഞ ചെലവിൽ കമ്പനിക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ ഇൻക്യുബേഷൻ സെന്റർ

94 (3069) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ഐ.ഡി.സി.-യുടെ കീഴിൽ ഇൻക്യുബേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സെന്ററുകളിൽ നടക്കുന്നത്; വിശദീകരിക്കുമോ;

(സി) ഇൻക്യുബേഷൻ സെന്ററുകൾ സ്റ്റാർട്ട് അപ്പുകൾക്ക് എന്തെല്ലാം സഹായമാണ് നൽകുന്നത്;

(ഡി) ഈ സെന്ററുകൾക്ക് സ്റ്റാർട്ട് അപ്പ് ഇന്ത്യയുടെ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്ക് ക്യാമ്പസിലും അങ്കമാലി ഇൻകെൽ ക്യാമ്പസിലും ഇൻക്യുബേഷൻ സെന്ററുകൾ കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി രണ്ട് ഇൻക്യുബേഷൻ സെന്ററുകൾ കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്ക് ക്യാമ്പസിൽ 4600 ചതുരശ്രയടി വിസ്തൃതിയിലും, അങ്കമാലി ഇൻകെൽ ക്യാമ്പസിൽ 5000 ചതുരശ്രയടി വിസ്തൃതിയിലുമാണ് ഈ ഇൻക്യുബേഷൻ സെന്ററുകൾ സ്ഥിതി ചെയ്യുന്നത്. സംരംഭകത്വ മേഖലയിലേക്ക് കടന്നുവരുന്ന യുവസംരംഭകർക്ക് സംരംഭകത്വ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഓഫീസ് സംവിധാനങ്ങൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, മറ്റ് അടിസ്ഥാന ആവശ്യങ്ങൾ എന്നിവ തുച്ഛമായ നിരക്കിൽ നിശ്ചിത കാലയളവിൽ ഇൻക്യുബേഷൻ സെന്ററുകൾ മുഖേന ലഭ്യമാക്കുന്നു. ഇതുവഴി യുവസംരംഭകർക്ക് സംരംഭത്തിന്റെ പ്രാഥമിക ഘട്ടം കുറഞ്ഞ ചെലവിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നു.

കാക്കനാട്ടുള്ള ഇൻക്യുബേഷൻ സെന്ററിൽ വിവിധ മേഖലകളിലെ 18 സംരംഭങ്ങളും അങ്കമാലിയിലെ ഇൻക്യുബേഷൻ സെന്ററിൽ ഐ.ടി. ഇതരമേഖലകളിലെ 5 സംരംഭങ്ങളും പ്രവർത്തിക്കുന്നു. കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യുബേഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്ന യുവസംരംഭകർക്കായി സംരംഭകത്വ വികസന രംഗത്തെ പ്രമുഖ സ്ഥാപനങ്ങളെയും വ്യക്തികളെയും പങ്കെടുപ്പിച്ച് മാർഗ്ഗനിർദ്ദേശ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്.

(ഡി) കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കാക്കനാട് പ്രവർത്തിക്കുന്ന ഇൻക്യുബേഷൻ സെന്ററിന് സ്റ്റാർട്ട് അപ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്**

95 (3070) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകരയിലെ പൊതുമേഖലാ സ്ഥാപനമായ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിലെ കഴിഞ്ഞ അഞ്ച് വർഷത്തെ ക്രമക്കേടും അഴിമതിയും കണ്ടെത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുമോ?

ഉത്തരം

(എ) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം അഴിമതിയും ക്രമക്കേടും നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9-9-2016-ലെ സ.ഉ. (സാധാ) നമ്പർ 914/2016/IND പ്രകാരം 200 ലക്ഷം രൂപ സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

**ജിയോ വനോല ബിന്നി കമ്പനി**

96 (3071) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തിയിൽ പ്രവർത്തിച്ചു വന്നിരുന്ന ജിയോ വനോല ബിന്നി കമ്പനി (പെൻ സ്റ്റോക്ക് പൈപ്പ് നിർമ്മാണം) 1988 എഫ്.എ.സി.റ്റി.-യുടെ കീഴിൽ FEW എന്ന സ്ഥാപനം ഏറ്റെടുത്ത ശേഷം സ്ഥാപനത്തിന്റെ ശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ;

(ബി) FEW-വിന്റെ യൂണിയൻ എന്ന നിലയിൽ ഇപ്പോൾ ബിന്നി കമ്പനിയിൽ നടന്നുവരുന്ന പ്രവൃത്തി എന്തെന്ന് വിശദമാക്കാമോ ;

(സി) ഇവിടെ എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്ഥാപനത്തിന്റെ ചുറ്റുമായി ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി മറ്റു വ്യവസായത്തിനും ഐ. ടി. മേഖലയ്ക്കുമായി മാറ്റാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സ്ഥാപനത്തിന്റെ ശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

(ബി) പ്രഷർ വാൽവുകൾ, ഹീറ്റ് എക്സ്ചേഞ്ചർ, മറ്റ് പ്രോസസ്സ് ഉപകരണങ്ങളുടെ ഡിസൈനും ഫാബ്രിക്കേഷനും, ബാർജിന്റെ ഫാബ്രിക്കേഷൻ, കപ്പൽ നിർമ്മാണ ഉപഭാഗങ്ങളുടെ ഫാബ്രിക്കേഷൻ എന്നിവയാണ് എഫ്.ഇ.ഡബ്ല്യു.-വിൽ ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ.

(സി) 34 സ്ഥിരം ജീവനക്കാരും 50 മുതൽ 60 വരെ കരാർ ജീവനക്കാരുമാണ് ഇപ്പോൾ ജോലി ചെയ്യുന്നത്.

(ഡി) ഉപകരണങ്ങളുടെ നിർമ്മാണവും സ്ഥാപിക്കലുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും പള്ളുരുത്തിയിലെ ഭൂമി ഉപയോഗപ്പെടുത്തുവാൻ ഫാക്ട് ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

**ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണ നടപടി**

97 (3072) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണ നടപടികൾ എത്രത്തോളമായി എന്ന് വിശദമാക്കാമോ;

(ബി) ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിനുവേണ്ടി വനം വകുപ്പിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിക്ക് പകരം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ എന്തായി എന്ന് വിശദമാക്കാമോ ;

(സി) ഫിഷ്‌ലാന്റിംഗ് സെന്റർ എന്നത്തേക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ ചാലിയത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം നിലവിൽ വനം വകുപ്പിനും നിർമ്മാണ പ്രവൃത്തികളുടെ ചുമതല വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള KINFRA-യ്ക്കുമാണ്. വനം വകുപ്പിൽനിന്നും ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രായത്തിന്റെ സ്റ്റേജ്-1 അനുമതി ലഭിച്ചു. വനം വകുപ്പിൽനിന്ന് ഭൂമി കൈമാറി പരിസ്ഥിതി-വനം വകുപ്പ് മന്ത്രാലയത്തിൽനിന്ന് അന്തിമ അനുമതി ലഭ്യമായാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിനുവേണ്ടി വനം വകുപ്പിൽനിന്ന് കൈമാറുന്ന ഭൂമിക്ക് പകരമായി കണ്ണൂർ ജില്ല തലശ്ശേരി താലൂക്കിലെ ചോനാടം എന്ന കണ്ടൽ വനം കൈമാറാവുന്നതാണെന്ന് യൂസർ ഏജൻസിയായ കിൻഫ്ര അറിയിച്ചിട്ടുണ്ട്. ടി സ്ഥലം കണ്ടൽ വനമായതിനാൽ തൽസ്ഥിതി പരിശോധിക്കുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ) കണ്ണൂരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വനം വകുപ്പിന്റെ ചാലിയത്തെ ഭൂമിക്ക് വനം വകുപ്പ് നിഷ്കർഷിക്കുന്ന പരിഹാര വനവൽക്കരണത്തിനുള്ള തുകയും അനുബന്ധ തുകകളും വനം വകുപ്പിന്റെ ഡിമാന്റ് നോട്ടീസ് കിട്ടിയാലുടൻ കെട്ടിവെയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ തുക 'കിൻഫ്ര' കെട്ടിവച്ച് പരിസ്ഥിതി വനം വകുപ്പ് മന്ത്രാലയത്തിൽനിന്ന് അന്തിമ അനുമതി ലഭ്യമാക്കിയാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അടച്ചുപൂട്ടിയിരുന്ന വ്യവസായ സ്ഥാപനങ്ങൾ**

98 (3073) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടച്ചുപൂട്ടിയിരുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറന്ന് പ്രവർത്തിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയിരുന്ന വ്യവസായ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. വ്യവസായ വാണിജ്യ ഡയറക്ടർ ഇത്തരം വ്യവസായ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ശേഖരിച്ച് തുടർനടപടികൾ കൈക്കൊണ്ടുവരികയാണ്.

**ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നയം**

99 (3074) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അനുമതിക്കായി അനാവശ്യമായി ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി ഉണ്ടാകുമോ;

(ബി) പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാത്തതും സ്ഥലലഭ്യത കണക്കിലെടുത്തും ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നയം രൂപീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അതിവേഗ അനുമതിക്കായി ജില്ലാ/സംസ്ഥാന തലങ്ങളിൽ ഏകജാലക സംവിധാനം പ്രവർത്തിച്ചുവരുന്നു.

(ബി) പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ പരിസ്ഥിതി സൗഹാർദ്ദ വ്യവസായ വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പുതുക്കിയ വ്യവസായ നയം നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളും വൈദ്യുതി ഉപഭോഗവും കുറഞ്ഞ ഫാർമസി വ്യവസായവും ഹൈ എന്റ് ഇലക്ട്രോണിക് മാനുഫാക്ചറിംഗ് വ്യവസായവും ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ പുതിയതായി 15,000 യൂണിറ്റുകൾ ആരംഭിച്ച് 80,000 പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു. ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഇൻഡസ്ട്രിയൽ ഏരിയകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക,

സ്വകാര്യ നിക്ഷേപത്തോടെ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള അനുയോജ്യമായ ഭൂമി വ്യവസായ പാർക്ക്/ഏരിയ ആയി വികസിപ്പിച്ച് യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമൊരുക്കുക, ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സ്മോൾ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, കരകൗശല ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ടൂറിസം മേഖലയുടെ സഹായത്തോടെ ബ്രാൻഡ് ബിൽഡിംഗ് ക്യാമ്പെയിൻ സംഘടിപ്പിക്കുക, ദേശീയ അന്തർദ്ദേശീയ അംഗീകാരം നേടാൻ കഴിയുന്ന പ്രദർശനം സംഘടിപ്പിക്കുക, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സീസൺ പ്രദർശന മേളകൾ സംഘടിപ്പിക്കുക, കൈത്തൊഴിലാളികൾ സംരംഭകരായി മാറി പുതിയ കരകൗശല വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കുന്ന തരത്തിലുള്ള പരിശീലനം നൽകുക എന്നിവയും ആലോചിക്കുന്നു. ചെറുകിട വ്യവസായ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ പദ്ധതിയിലൂടെ നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഉദ്ദേശിക്കുന്നു.

## ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി

100 (3075) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നു പോകുന്നത്; പദ്ധതി നടപ്പാക്കുന്നതുമൂലം പ്രദേശത്തെ ജനങ്ങളിലെ ആശങ്ക ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി ഏകപക്ഷീയമായി നടപ്പാക്കാതെ, ജനങ്ങളുടെ ഇടയിലെ ആശങ്ക ദൂരീകരിച്ച്, തടസ്സം നീക്കാൻ ചർച്ച നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഇതിൽ ഒന്നാംഘട്ടം പൂർത്തിയായി. രണ്ടാംഘട്ടത്തിൽ പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കി.മീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും, P&MP (Petroleum & Mineral Pipelines) Act സെക്ഷൻ 6(1) ഗസറ്റ് വിജ്ഞാപനവും പൂർത്തിയായിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു.

നഷ്ടപരിഹാരം നൽകുവാനുള്ള അളവെടുപ്പും മഹസറും കേരളത്തിലൊട്ടുക്കും 503 കി.മീറ്ററിൽ 396 കി.മീ. (79%) പൂർത്തിയാക്കിക്കഴിഞ്ഞു. എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പണി പുനരാരംഭിച്ചുകഴിഞ്ഞു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർടെണ്ടർ (ഗ്ലോബൽ NIT) ക്ഷണിച്ചിട്ടുണ്ട്. പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലൊട്ടാകെ അഞ്ച് IP സ്റ്റേഷനുകൾക്കും 26 SV സ്റ്റേഷനുകൾക്കുംവേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ 18 സ്റ്റേഷനുകൾക്കുള്ള നടപടി പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ ജോലികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ ആകെ നിർമ്മാണച്ചെലവ് 3263 കോടി രൂപയാണ്. ഇതിൽ ഏകദേശം 2400 കോടി രൂപയോളം പൈപ്പും മറ്റ് സാമഗ്രികളും സമാഹരിക്കുന്നതിനായി ചെലവിട്ടു കഴിഞ്ഞു. ഒന്നര വർഷത്തിനകം പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കാനാണ് ഗെയിൽ ഉദ്ദേശിക്കുന്നത്.

(ബി) കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലൂടെയാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. ജനങ്ങളുടെ ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾതോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. കൂടാതെ ദൃശ്യ മാധ്യമങ്ങളിലൂടെയും പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും പദ്ധതി നടപ്പിൽ വരുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

(സി) പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള ജനങ്ങളുമായി പല വേദികളിൽവച്ച് സംവദിക്കുകയും ആശങ്കകൾ ദൂരീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ജനസാന്ദ്രത കൂടിയ മേഖലകളിൽ വിന്യസിക്കുന്ന പൈപ്പുകൾക്ക് ജനസാന്ദ്രതാ ക്ലാസ്സിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വീടുകളെയും മറ്റ് കെട്ടിടങ്ങളെയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. ഈ പദ്ധതിക്കുവേണ്ടി പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഒരു വീടും പൊളിച്ചുമാറ്റേണ്ട ആവശ്യമില്ല. പദ്ധതിയുടെ സുരക്ഷയെ സംബന്ധിച്ച് യാതൊരു രീതിയിലുള്ള ആശങ്കയുടെയും ആവശ്യമില്ല. ഇതുസംബന്ധിച്ചുള്ള ശാസ്ത്രീയ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ബോധവൽക്കരണം ഇതിനോടകം നടത്തിക്കഴിഞ്ഞു.

## പാപ്പനംകോട് എസ്റ്റേറ്റ്

101 (3076) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പാപ്പനംകോടിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പാപ്പനംകോട് എസ്റ്റേറ്റിലെ പല സ്ഥാപനങ്ങളും പ്രവർത്തന രഹിതമായി തുടരുന്നത് തടയുന്നതിനും പ്രസ്തുത മേഖലയെ വ്യവസായ ഹബ്ബായി ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തെ പാപ്പനംകോടുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ നിയന്ത്രണത്തിലുള്ളതാണ്. പ്രസ്തുത എസ്റ്റേറ്റിലെ ഭൂമിയും ഷെഡ്ഡും വ്യവസായ സംരംഭകർക്ക് സിഡ്കോ വിലയ്ക്ക് നൽകിയിട്ടുള്ളതാണ്. നവീകരണ പ്രവർത്തനങ്ങൾ സർക്കാർ ഫണ്ട് മാത്രം ഉപയോഗപ്പെടുത്തി നടത്താനാവില്ല. എന്നിരുന്നാലും ഇവിടുത്തെ റോഡിന്റെ ശോചനീയാവസ്ഥ മനസ്സിലാക്കി റീ-ടാറിംഗ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് സിഡ്കോ തയ്യാറാക്കിയെങ്കിലും സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ മാറ്റിവച്ചിരിക്കുകയാണ്.

(ബി) പാപ്പനംകോട് എസ്റ്റേറ്റിൽ സിഡ്കോയുടെ നിയന്ത്രണത്തിലുള്ള 81 സ്ഥാപനങ്ങളിൽ 4 യൂണിറ്റുകളും വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള 3 സ്ഥാപനങ്ങളും പ്രവർത്തനരഹിതമായി തുടരുന്നതിനാൽ അവക്കെതിരെ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പാപ്പനംകോട് എസ്റ്റേറ്റിനെ വ്യവസായ ഹബ്ബായി ഉയർത്തുന്നതിനുള്ള ആലോചന നടന്നിട്ടില്ല.

## വ്യവസായ ഇടനാഴി

102 (3077) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ ഇടനാഴി എന്ന സങ്കൽപ്പം ശക്തിപ്പെടുത്തുന്ന രീതിയിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഏതെല്ലാം സ്ഥലങ്ങളാണ് വ്യവസായ ഇടനാഴികളായി വളർന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ഇവയുടെ പശ്ചാത്തല വികസനത്തിനായി എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് ചെറുകിട/ഇടത്തരം വ്യവസായ സംരംഭങ്ങൾ വളരുന്നതിന് സഹായകരമാകുന്ന തരത്തിൽ വ്യവസായ ഇടനാഴികൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിംഗ് പോളിസിക്ക് അനുബന്ധമായി രൂപപ്പെടുത്തിയ ഇന്റർ സ്റ്റേറ്റ് പദ്ധതിയായ കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി, കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴി പദ്ധതിയായി രൂപമാറ്റം വരുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എൻ.എച്ച്-47-ന്റെ പ്രാന്തപ്രദേശങ്ങളിൽ ചെറുതും വലുതുമായ വ്യവസായ പാർക്കുകളുടെയും വ്യവസായശാലകളുടെയും ഒരു ക്ലസ്റ്റർ സ്ഥാപിച്ചുകൊണ്ടുള്ള വ്യവസായ ഇടനാഴികൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ചെറുകിട വ്യവസായ മേഖലയിലെ സംരംഭങ്ങൾ**

103 (3078) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായ മേഖലയിൽ നിലവിൽ എത്ര സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട് ;

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളും, സൗകര്യങ്ങളും ആണ് വ്യവസായ വകുപ്പ് നൽകുന്നത് ;

(സി) ചെറുകിട വ്യവസായ മേഖലയിൽ ഓരോ വർഷവും ശരാശരി എത്ര തൊഴിലവസരങ്ങൾ ഉണ്ടാകുന്നുണ്ട് എന്നാണ് വ്യവസായ വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 31-3-2015 വരെ 249696 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വ്യവസായ സംരംഭകർക്ക് ചുരുങ്ങിയ ചെലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഓരോ ജില്ലയിലും ഡെവലപ്മെന്റ് പ്ലോട്ട്/ഏരിയ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംരംഭകർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ തരത്തിലുള്ള പരിശീലനം, മറ്റ് വ്യവസായ വികസന പ്രവർത്തനങ്ങൾ, ബിസിനസ്സ് ഇൻക്യുബേഷൻ സേവനങ്ങൾ, ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പരിപാടി, സംരംഭകത്വ സഹായ പദ്ധതി, പശ്ചാത്തല സൗകര്യ വികസനം, വ്യവസായ സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. സഹായം മുതലായവയും വ്യവസായ വകുപ്പ് നൽകിവരുന്നു.

(സി) ചെറുകിട വ്യവസായ മേഖലയിൽ ഓരോ വർഷവും ഉണ്ടാകുന്ന ശരാശരി തൊഴിലവസരങ്ങൾ സംബന്ധിച്ച് വ്യവസായ വകുപ്പ് ശേഖരിച്ചിട്ടുള്ള വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2011-12 | - | 72324 |
| 2012-13 | - | 81467 |
| 2013-14 | - | 87789 |
| 2014-15 | - | 83501 |
| 2015- (ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ) | - | 44281 |

**തഴപ്പായ നെയ്ത്ത് വ്യവസായം**

104 (T* 3079) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തഴപ്പായ നെയ്ത്ത് വ്യവസായത്തെ പരമ്പരാഗത വ്യവസായത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കരുനാഗപ്പള്ളി താലൂക്കിൽ പ്രവർത്തിക്കുന്ന തഴപ്പായ നെയ്ത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; ഇവയുടെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് വ്യക്തമാക്കുമോ ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ഈ സംഘങ്ങളുടെ ബാദ്ധ്യതകൾ തീർക്കുന്നതിന് ധനസഹായം അനുവദിക്കുമോയെന്ന് വിശദീകരിക്കുമോ ;

(ഡി) തഴപ്പായ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് മെച്ചപ്പെട്ട കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ഈ മേഖലയെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നാട്ടിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കമ്പോളത്തിൽ വിറ്റഴിക്കാവുന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന മേഖലയാണ് പരമ്പരാഗത വ്യവസായം. ഇത്തരത്തിൽ പരിഗണിച്ചാൽ തഴപ്പായ വ്യവസായം പരമ്പരാഗത വ്യവസായമായി കണക്കാക്കാവുന്നതാണ്.

(ബി-ഡി) സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് വ്യവസായ വാണിജ്യ ഡറക്ടറിൽനിന്ന് ലഭ്യമാക്കി ഈ മേഖലയെ സംരക്ഷിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യവസായ സോണുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി**

105 (3080) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :

<u>ശ്രീ. മോൻസ് ജോസഫ്</u> :

<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-2017-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ച് ബൃഹത് വിവിധോദ്ദേശ വ്യവസായ സോണുകൾക്ക് നടപ്പുസാമ്പത്തിക വർഷം എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ സോണുകൾക്കായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്നും ആരുടെ മേൽനോട്ടത്തിലാണ് ലാൻഡ് അക്വസിഷൻ നടപ്പാക്കുകയെന്നും വ്യക്തമാക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിയ്ക്കുമോയെന്നും ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ച് ബൃഹത് വിവിധോദ്ദേശ സോണുകൾക്ക് നടപ്പുസാമ്പത്തിക വർഷം 1000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി&സി) കണ്ണൂർ ജില്ലയിലെ പനയത്താമ്പറമ്പിൽ 500 ഏക്കർ ഭൂമി, തൊടുപുഴയിൽ 900 ഏക്കർ ഭൂമി, മങ്കടയിൽ 690 ഏക്കർ ഭൂമി എന്നിവ ഏറ്റെടുക്കുന്നതിന് സർക്കാരിന്റെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട തുടർനടപടികൾ കിൻഫ്രയും അതാത് ജില്ലാ ഭരണകൂടവും സ്വീകരിച്ചുവരുന്നു. പട്ടാന്നൂരിൽ 500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും കിൻഫ്ര നടപടി സ്വീകരിച്ചുവരുന്നു.

**വ്യവസായ പാർക്ക്**

106 (3081) ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര നിയോജകമണ്ഡലങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ പാർക്കിനായി ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ-സി) എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി കിൻഫ്രയ്ക്ക് ഇല്ല. എന്നാൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് ഉണ്ടെന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കപ്പൽ മാർഗ്ഗം മണൽ ഇറക്കുമതി**

107 (3082) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിൻെറ കാലത്ത് സിഡ്കോ ഇതരസംസ്ഥാനങ്ങളിൽ നിന്നും കപ്പൽ മാർഗ്ഗം മണൽ ഇറക്കുമതി ചെയ്യുന്നതിന് കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി സിഡ്കോ മുൻകൂർ പണം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് നൽകിയത്;

(സി) ആരുമായാണ് ഇപ്രകാരം കരാർ ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കരാർ അനുസരിച്ച് എത്ര മണൽ ഇറക്കുമതി ചെയ്തിട്ടുണ്ട് ; ഇറക്കുമതി ചെയ്തിട്ടില്ലെങ്കിൽ ഇതിൻെറ കാരണം വ്യക്തമാക്കാമോ; മുൻകൂർ നൽകിയ സംഖ്യ തിരിച്ചു പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. 2 കോടി രൂപ.

(സി) മെ. ലിങ്ക് ലാന്റ് ട്രേഡേഴ്സ്, കൽക്കട്ട, പശ്ചിമ ബംഗാൾ.

(ഡി) കരാർ അനുസരിച്ച് മണൽ ഇറക്കുമതി ചെയ്തിട്ടില്ല. കരാർ പ്രകാരം മെ. ലിങ്ക് ലാന്റ് ട്രേഡേഴ്സ് തുടർനടപടി സ്വീകരിക്കാത്തതാണ് കാരണം. ധനലക്ഷ്മി ബാങ്കിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് വ്യവസ്ഥ പ്രകാരം 2 കോടി രൂപ ഡെപ്പോസിറ്റ് ചെയ്ത്, ബാങ്ക് പ്രസ്തുത തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനലക്ഷ്മി ബാങ്കിന് നോട്ടീസ് നൽകി പണം തിരിച്ചുപിടിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**മാവൂർ ഗ്വാളിയാർ റയോൺസ് ഭൂമി**

108 (3083) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഭൂമി ഏറ്റെടുത്ത 21-3-2006-ലെ സ.ഉ. (സാധാ) നമ്പർ 251/2016/ഐ.ഡി. ഉത്തരവ് കഴിഞ്ഞ 4-3-2016-ന് റദ്ദ് ചെയ്തിട്ടുണ്ടോ ;

(ബി) ഈ റദ്ദാക്കലോടെ മേൽ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ ബിർല ഗ്രൂപ്പ് ഫയൽ ചെയ്ത കേസിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് ദിവസങ്ങൾക്കുമുമ്പ് ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മാവൂർ ഗ്വാളിയാർ റയോൺസ് ഭൂമി ഏറ്റെടുത്ത 21-3-2006-ലെ ജി.ഒ. (ആർറ്റി.) 316/2006/വ്യവ. ഉത്തരവ്, 4-3-2016-ലെ ജി.ഒ. (ആർടി.) 251/2016/ വ്യവ. നമ്പർ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്.

(ബി&സി) 21-3-2006-ലെ ജി.ഒ. (ആർടി.) 316/2006/വ്യവ. ഉത്തരവിനെതിരെ ഗ്രാസിം കമ്പനി 12853/2006 നമ്പരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യതിനാൽ ഭൂമി ഏറ്റെടുത്ത സർക്കാർ ഉത്തരവ് കോടതി സ്റ്റേ ചെയ്തു. മാവൂർ ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനായി ബിർലാ ഗ്രൂപ്പുമായി നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന പദ്ധതികൾ മാവൂർ ഭൂമിയിൽ നടത്താൻ ഒരു എസ്.പി.വി. രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1. ജനറൽ മാനുഫാക്ചറിംഗ് & സർവ്വീസ് പാർക്ക് (100 ഏക്കർ)
2. ഹൈടെക് മാനുഫാക്ചറിംഗ് & സർവ്വീസ് (50 ഏക്കർ)
3. നൈപുണ്യ വികസന പാർക്ക് (75 ഏക്കർ)
4. സാമൂഹ്യ അടിസ്ഥാന വികസനവും അനുബന്ധ പദ്ധതികളും (100 ഏക്കർ)

ഈ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് മാവൂർ ഭൂമി കൈമാറുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനം നടപ്പിലാക്കുന്ന മുറയ്ക്ക് ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസ് പിൻവലിക്കുന്ന കാര്യം പരിഗണിക്കുമെന്നും ബിർല ഗ്രൂപ്പ് വ്യക്തമാക്കുകയുണ്ടായി. പ്രസ്തുത വിഷയങ്ങളിൽ അന്തിമ തീരുമാനമാകാത്ത സ്ഥിതിക്ക് കേസ് ഇപ്പോഴും നിലനിൽക്കുകയാണ്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം നിയമ വകുപ്പ് പരിശോധിച്ചുവരികയാണ്.

## മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റ്

109 (3084) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റിൽ നിന്നുള്ള സിമന്റ്, വിപണിയിൽ ഇറക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ ;

(ബി) സിമന്റ് വിപണിയിൽ ആവശ്യകത വർദ്ധിച്ചിരിക്കുന്ന നിലവിലെ സാഹചര്യം അനുകൂലമായി ഉപയോഗിക്കുന്നതിന് ഈ യൂണിറ്റിന് കഴിയാത്തത് സ്വകാര്യ സിമന്റ് കമ്പനികളെ പരോക്ഷമായി സഹായിക്കുന്ന നടപടിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ യൂണിറ്റിൽ നിന്നുള്ള സിമന്റ് അടിയന്തരമായി വിപണിയിൽ എത്തിക്കുന്നതിനും വിപണിയിലെ അനുകൂല സാഹചര്യം മുതലെടുക്കുന്നതിനും സഹായിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റിലെ ഉൽപ്പാദനവും വിപണനവും ജൂലൈ മാസം മുതൽ പുനരാരംഭിച്ചിട്ടുണ്ട്. കമ്പനിയുടെ ചേർത്തല യൂണിറ്റ് 50 ദിവസത്തോളം പ്രവർത്തിക്കാത്തതുമൂലം സിമന്റ് വിപണി മറ്റ് കമ്പനികളുടെ നിയന്ത്രണത്തിലായി എന്നത് വാസ്തവമാണ്. എന്നാൽ കമ്പനിയുടെ സിമന്റ് ഉൽപ്പാദനം വർദ്ധിപ്പിച്ച് വിപണി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനായി അനുവദിച്ച ഭൂമി**

110 (3085) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനായി അനുവദിച്ച എല്ലാ ഭൂമിയിലും വ്യവസായം തുടങ്ങിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെല്ലാമാണ് വ്യവസായം ആരംഭിക്കാത്തതെന്നും ഇവരുടെ കൈവശം എത്ര ഏക്കർ ഭൂമി വെറുതെ കിടക്കുന്നുവെന്നും പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) വ്യവസായം തുടങ്ങാത്തവരിൽ നിന്നും ഭൂമി തിരിച്ചെടുത്ത് വ്യവസായം തുടങ്ങുന്നതിന് സന്നദ്ധതയുള്ളവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഭൂമി അനുവദിച്ചിട്ട് വിവിധ കിൻഫ്ര പാർക്കുകളിൽ വ്യവസായം ആരംഭിക്കാത്ത സംരംഭകരുടെ പേരും അവർക്ക് അലോട്ട് ചെയ്ത ഭൂമിയുടെ കണക്കും അനുബന്ധമായി ചേർക്കുന്നു.*

(സി) കിൻഫ്ര ഈ നയമാണ് സ്വീകരിച്ചുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബിസിനസ്സ് ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ

111 (3086) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി മുന്നോട്ടു വരുന്നവർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ബിസിനസ് ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി വ്യവസായ വകുപ്പ് നേരിട്ടും കെ.എസ്.ഐ.ഡി.സി., കിൻഫ്ര, കെ-ബിപ്, കേരള സ്റ്റാർട്ട് അപ് മിഷൻ എന്നീ ഏജൻസികൾ മുഖാന്തരവും താഴെപ്പറയുന്ന സഹായങ്ങൾ നൽകിവരുന്നു.

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.
2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ധനകാര്യ സ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു.
3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകിവരുന്നു.
4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകിവരുന്നു.

5. വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യതയനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.

6. സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി ESS (Entrepreneur Support Scheme) നടപ്പിലാക്കിവരുന്നു. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15%-ഉം (പരമാവധി 20 ലക്ഷം രൂപ) വനിതാ സംരംഭങ്ങൾക്കും പട്ടികജാതി/പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവസംരംഭങ്ങൾക്കും 20% വരെയും (പരമാവധി 30 ലക്ഷം രൂപ) സാമ്പത്തിക സഹായം നൽകുന്നു. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സഹായം നൽകിവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽനിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% (പരമാവധി 10 ലക്ഷം രൂപ) അധിക സഹായം ലഭിക്കും.

7. കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും വ്യവസായ പാർക്കുകളിൽ നിക്ഷേപകർക്ക് ആവശ്യമായ ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ആകർഷകമായ വ്യവസ്ഥകളിൽ ലഭ്യമാക്കുന്നു.

8. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ലഘൂകരിച്ചും ഏകജാലക സംവിധാനംവഴി സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ അനുമതികളും ക്ലിയറൻസുകളും വേഗത്തിൽ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

9. ബാംബൂ മേഖലയിലെയും മറ്റ് കരകൗശല മേഖലയിലെയും വിപണി സാധ്യത വർദ്ധിപ്പിക്കുന്നതിനായി കേരള ബാംബൂ ഫെസ്റ്റ്, ക്രാഫ്റ്റ് മേള തുടങ്ങിയ മേളകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് ദേശീയ അന്തർദ്ദേശീയ മേളകളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ കെ-ബിപ് മുഖേന ഒരുക്കുന്നുണ്ട്.

(ബി&സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളോട് അനുബന്ധിച്ചും ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്ക് ക്യാമ്പസിലും അങ്കമാലി ഇൻകെൽ ക്യാമ്പസിലും ഇൻക്യുബേഷൻ സെന്ററുകൾ കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു ബിസിനസ് ആശയത്തെ ഒരു ഉൽപ്പന്നം/സേവനം എന്ന നിലയിലേയ്ക്ക് മാറ്റി ഒരു വിജയകരമായ സംരംഭകനെ സൃഷ്ടിക്കുകയാണ് ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിന്റെ ലക്ഷ്യം.

## കിൻഫ്ര മുഖേനയുള്ള പദ്ധതികളും അവയുടെ ഓഫീസുകളും

112 (3087) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിൻഫ്ര മുഖേന ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി യിട്ടുണ്ടെന്നും, ഏതെല്ലാം നിലവിൽ നടന്നു വരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര ഓഫീസുകൾ നിലവിലുണ്ടെന്നും, അവ എവിടെയെല്ലാമാണെന്നും മേൽവിലാസം സഹിതം വിശദമാക്കാമോ;

(സി) ഇവയിൽ ഏതെല്ലാമാണ് വാടകയ്ക്ക് എടുത്തതെന്ന് വ്യക്തമാക്കാമോ ;

(ഡി) നവീകരണത്തിനും ,ആഡംബര സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഈ ഓരോകെട്ടിടത്തിനും നാളിതുവരെ എത്ര തുക വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ ;

(ഇ) വാടക നൽകിയിട്ടും ഇതിൽ ഏതെങ്കിലും കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കിൻഫ്ര മുഖേന നടപ്പിലാക്കിയിട്ടുള്ളതും ഇപ്പോഴും പ്രവർത്തിച്ചുവരുന്നതുമായ പദ്ധതികൾ 1-ാം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കിൻഫ്രയുടെ വിവിധ പദ്ധതികൾക്കായി കേരളത്തിലുടനീളം 17 ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. ആ പദ്ധതികളുടെ പേരും വിലാസവും 2-ാം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പദ്ധതികൾക്കെല്ലാംതന്നെ സ്വന്തമായി ഓഫീസ് കെട്ടിടം നിലവിലുണ്ട്. എന്നാൽ കണ്ണൂർ എയർപോർട്ടിന്റെ ഭൂമി ഏറ്റെടുക്കൽ ജോലികൾക്കായി കണ്ണൂരിൽ മട്ടന്നൂർ മുനിസിപ്പാലിറ്റി കെട്ടിടത്തിന്റെ ഒരു നിലയിൽ 22,000 രൂപ പ്രതിമാസ വാടകയിലും പാലക്കാട് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി യാക്കരയിൽ 27,700 രൂപ പ്രതിമാസ വാടകയിലും ഓരോ എൽ.എ. യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.

(ഡി) കിൻഫ്രയുടെ തിരുവനന്തപുരത്തുള്ള ആസ്ഥാന കാര്യാലയം ശാസ്തമംഗലത്ത് രണ്ട് വാടക കെട്ടിടങ്ങളിലും വെള്ളയമ്പലത്ത് ഒരു വാടക കെട്ടിടത്തിലുമായി 2,18,933 രൂപ പ്രതിമാസ വാടകയിൽ പ്രവർത്തിച്ചുവരുന്നു. ശാസ്തമംഗലത്ത് രണ്ട് വാടകകെട്ടിടങ്ങൾക്ക് നവീകരണത്തിനായി 41.6 ലക്ഷത്തിലധികം രൂപ ചെലവഴിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) കെട്ടിടങ്ങൾ ഉപയോഗത്തിലാണ്.

**കിൻഫ്രയിലെ ഉദ്യോഗസ്ഥർക്കായി വാഹനങ്ങൾ**

113 (3088) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്രയിലെ ഉദ്യോഗസ്ഥർക്കായി എത്ര വാഹനങ്ങളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) എത്ര വാഹനങ്ങളാണ് കിൻഫ്ര കരാറടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) 2011-16 വർഷക്കാലത്ത് എത്ര തുകയാണ് വാഹനങ്ങൾക്കായി നൽകിയതെന്ന് വർഷം തിരിച്ച് അറിയിക്കുമോ ;

(ഡി) ഈ വാഹനങ്ങൾ ഏതെല്ലാം തസ്തികയിലെ ഉദ്യോഗസ്ഥരാണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കിൻഫ്രയിൽ കരാറടിസ്ഥാനത്തിലെടുത്ത ഏഴ് വാഹനങ്ങളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

ഹെഡ് ഓഫീസ്, തിരുവനന്തപുരം - 3
(1 മാനേജിംഗ് ഡയറക്ടർക്കും, 2 മറ്റ് ഓഫീസേഴ്സിനും)

കിൻഫ്ര ഹൈടെക് പാർക്ക്, എറണാകുളം - 1

| | | |
|---|---|---|
| കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, മലപ്പുറം | - | 1 |
| കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, ഒറ്റപ്പാലം, പാലക്കാട് | - | 1 |
| കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട് | - | 1 |

(സി) വാഹനങ്ങൾക്ക് നൽകിയ തുകയുടെ വിവരം വർഷം തിരിച്ച് താഴെ ചേർക്കുന്നു :

| വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 17.27 |
| 2012-13 | 22.59 |
| 2013-14 | 29.97 |
| 2014-15 | 31.7 |
| 2015-16 | 35.49 |

(ഡി) മാനേജിംഗ് ഡയറക്ടർക്ക് ഒഴികെയുള്ള വാഹനങ്ങൾ ആവശ്യാനുസരണം ഏത് ഓഫീസർക്കും ഉപയോഗിക്കാവുന്ന വിധത്തിൽ കോമൺ പൂളിലാണ് ഓടുന്നത്. കിൻഫ്ര ഹെഡ് ഓഫീസിൽ ഒരു വാഹനം മാനേജിംഗ് ഡയറക്ടർക്കും ഒരു വാഹനം ഹെഡ് ഓഫീസിലും ഒരു വാഹനം ഹെഡ് ഓഫീസ് (അനക്സ്)ലുമായി ഉപയോഗിച്ചുവരുന്നു. പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഓഫീസുകളിലായി എറണാകുളം-1, പാലക്കാട്-1, ഒറ്റപ്പാലം-1, മലപ്പുറം-1 എന്ന കണക്കിൽ വാഹനങ്ങൾ ഓടിവരുന്നു.

**പാറത്തോട് വ്യവസായ പാർക്ക് നിർമ്മാണം**

114 (3089) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബജറ്റിൽ പ്രഖ്യാപിച്ച കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ പാറത്തോട് വ്യവസായ പാർക്കിന്റെ നിർമ്മാണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കിൻഫ്രയെ ഇതിനായി നിയോഗിച്ചിട്ടുണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമൂലം നിരവധി തൊഴിലവസരങ്ങൾ ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ റബ്ബർ എസ്റ്റേറ്റുകളിൽ നിന്നും സ്ഥലം ഏറ്റെടുത്ത് ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി താലൂക്കിലെ പാറത്തോട് പഞ്ചായത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം 8-8-2005-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 728/05/വ്യവ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) അവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ കിൻഫ്രയ്ക്ക് നിലവിൽ പദ്ധതിയില്ല.

(സി) പരിശോധിച്ചിട്ടില്ല.

**നിലമ്പൂരിൽ വ്യവസായ പദ്ധതികൾ**

115 (3090) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി നിലമ്പൂർ എം.എൽ.എ. ചെയർമാനും മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ഒരു കമ്മിറ്റി 11-10-2016-ന് രൂപീകരിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്ലാസ് വൺ തസ്തികകൾ**

116 (3091) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് എന്നിങ്ങനെ സമാനമായ ക്ലാസ്സ് വൺ തസ്തികകളിൽ 2016 ജൂൺ ഒന്നിനു ശേഷം ആരെയെല്ലാം നിയമിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ തസ്തികകളും പ്രസ്തുത തസ്തികകളിൽ നിയമിച്ച ആളുകളുടെ പേരു വിവരവും ശമ്പള സ്കെയിൽ, വിദ്യാഭ്യാസ യോഗ്യത എന്നിവയും വെളിപ്പെടുത്തുമോ;

(സി) മേൽപ്പറഞ്ഞവരുടെ നിയമനരീതി എങ്ങനെയായിരുന്നുവെന്നും അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയാണോ നിയമിച്ചതെന്നും വ്യക്തമാക്കുമോ ;

(ഡി) നിയമിക്കപ്പെട്ടവരിൽ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നവർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നിയമിതരാകുന്നതിന് മുമ്പ് ഓരോരുത്തരും എവിടെയാണ് ജോലി ചെയ്തിരുന്നതെന്നും പ്രസ്തുത ജോലിയിൽ വാങ്ങിയിരുന്ന ശമ്പളം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

117 (3092) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകന യോഗങ്ങൾ റിയാബ് മുഖേന നടത്തുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവൽക്കരണവും വിപുലീകരണവും ഉൽപ്പാദന വൈവിദ്ധ്യവൽക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സാമ്പത്തിക ലഭ്യതകൂടി കണക്കിലെടുത്തുകൊണ്ട് നടപ്പിൽവരുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) 2015-16-ലെ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| 1 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് |
| 4 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 5 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 6 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 7 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 8 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 10 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |

(സി) ഉണ്ട്. ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനഃരുദ്ധാരണം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം, മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചായിരിക്കും തുടർനടപടികൾ കൈക്കൊള്ളുന്നത്.

**ചട്ടഞ്ചാൽ വ്യവസായ കേന്ദ്രത്തിൽ സ്ഥലം അനുവദിച്ച് നൽകാൻ നടപടി**

118 (3093) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ ചട്ടഞ്ചാൽ വ്യവസായ കേന്ദ്രത്തിൽ റ്റി. തോമസ്, മൈലാട്ടി എന്നയാൾക്ക് സ്ഥലം അനുവദിച്ച് നൽകി ഉത്തരവ് നൽകിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) സ്ഥലം ഇതുവരെ വ്യവസായം തുടങ്ങുന്നതിന് വിട്ടുനൽകിയിട്ടില്ലാ എന്ന പരാതി സ്ഥലം എം.എൽ.എ. വഴി വ്യവസായ വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(സി) സ്ഥലം അനുവദിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച റ്റി. തോമസ്സിന് സ്ഥലം ഇതുവരെ നൽകാത്തതുകാരണം ഉണ്ടായ സാമ്പത്തിക നഷ്ടത്തിന് ആര് ഉത്തരവാദിത്വം വഹിക്കും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു. ശ്രീ. തോമസിന് മെ. മാത സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനം തുടങ്ങുന്നതിന് 15 സെന്റ് സ്ഥലം 31-12-2013-ൽ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ശ്രീ. തോമസിന് അനുവദിച്ച സ്ഥലത്ത് പ്രവർത്തനം തുടങ്ങാൻ ചകിരി ഫാക്ടറിക്കാർ അനുവദിക്കുന്നില്ലെന്നും വേറെ സ്ഥലം അനുവദിക്കണമെന്നുമാണ് അപേക്ഷയിലെ വിശദാംശം. ഇതുസംബന്ധിച്ച് ചട്ടഞ്ചാൽ വികസന പ്ലോട്ടിൽ മറ്റെവിടെയെങ്കിലും സ്ഥലം ലഭ്യമാണോയെന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ എസ്റ്റേറ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അനുവദിച്ച സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്താത്തതിനാൽ സാമ്പത്തിക നഷ്ടത്തിന് വ്യവസായ വാണിജ്യ വകുപ്പിന് ബാധ്യതയില്ല.

**പത്തനംതിട്ട ജില്ലയിൽ പുതിയ റബ്ബർ പാർക്ക്**

119 (3094) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പത്തനംതിട്ട ജില്ലയിൽ പുതിയ റബ്ബർ പാർക്ക് ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദീകരിക്കാമോ ;

(ബി) റബ്ബർ പാർക്ക് ആരംഭിക്കുന്നതിന് ഏതെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണെന്നും, സ്ഥലം ഏറ്റെടുക്കലിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ജില്ലയിലെ ഏറ്റവും വലിയ റബ്ബർ ഉൽപ്പാദന കേന്ദ്രമായ റാന്നി ആസ്ഥാനമായി പാർക്ക് ആരംഭിക്കുവാൻ എന്തെങ്കിലും നീക്കം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; ഇതിനായി ഏതെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പെരുനാട് പഞ്ചായത്തിലെ എ.വി.റ്റി. എസ്റ്റേറ്റിന്റെ സ്ഥലം ഇതിന് അനുയോജ്യമാണെന്നിരിക്കെ സ്ഥലം ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിരവധി ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന റബ്ബർ പാർക്ക് മണിയാർ എ.വി.റ്റി., എസ്റ്റേറ്റിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനത്തിൽ പത്തനംതിട്ട, കോട്ടയം ജില്ലകളിൽ റബ്ബറധിഷ്ഠിത വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് പിറവന്തൂർ എന്ന സ്ഥലത്ത് റബ്ബർ പാർക്ക് സ്ഥാപിക്കാനായി സ്ഥലമേറ്റെടുക്കാൻ നടപടി റബ്ബർ ബോർഡ് ആരംഭിച്ചുവെങ്കിലും പരിസ്ഥിതി സംരക്ഷണ പ്രവർത്തകരും മറ്റും ഉയർത്തിയ എതിർപ്പ് കാരണം തുടർപ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. പരിസ്ഥിതി പ്രവർത്തകരടക്കമുള്ള ജനവിഭാഗങ്ങളുമായി കൂടിയാലോചിച്ച് മേൽപ്പറഞ്ഞ പ്രശ്നപരിഹാരത്തിന് റബ്ബർ ബോർഡും മറ്റ് ഏജൻസികളും ശ്രമിച്ചുവരികയാണ്. പ്രശ്നം പരിഹരിച്ച് സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി&ഡി) എ.വി.റ്റി. എസ്റ്റേറ്റിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നതിനോ റാന്നിയിലും പെരുനാട് മേഖലയിലും റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ലിക്വിഡേഷൻ നേരിടുന്ന വ്യവസായ സഹകരണ സംഘങ്ങൾ**

120 (3095) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ താലൂക്കിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ളതും ലിക്വിഡേഷൻ നേരിടുന്നതുമായ വ്യവസായ സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ലിക്വിഡേഷൻ നേരിടുന്ന വ്യവസായ സഹകരണ സംഘങ്ങളുടെ ആസ്തിബാധ്യതകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) ലിക്വിഡേഷൻ നേരിടുന്ന വ്യവസായ സഹകരണ സംഘങ്ങളുടെ ബാധ്യതകൾ പരിഹരിച്ച് ഏറ്റെടുക്കുന്നതിന് ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് തയ്യാറായാൽ സംഘങ്ങൾ വിട്ടുകൊടുക്കുന്നതിനെപ്പറ്റി വ്യവസായ വകുപ്പിന്റെ നിലപാട് വിശദീകരിക്കുമോ ?

ഉത്തരം

(എ) ചെങ്ങന്നൂർ താലൂക്കിൽ ലിക്വിഡേഷൻ നേരിടുന്ന 18 വ്യവസായ സഹകരണ സംഘങ്ങളുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ലിക്വിഡേഷൻ നടപടിക്രമങ്ങളുടെ ഭാഗമായുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തിവരുന്നു.

(സി) ലിക്വിഡേഷൻ നടപടിക്രമങ്ങളുടെ ഭാഗമായി ആസ്തിയുള്ള സംഘത്തിന്റെ ആസ്തികൾ റിയലൈസ് ചെയ്തുകൊണ്ട് ബാധ്യതകൾ തീർത്ത് സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുക എന്നതാണ് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് (KCS Act) പ്രകാരമുള്ള നടപടിക്രമം. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മൈലാട്ടിയിലെ സ്പിന്നിംഗ് മിൽ**

121 (3096) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥിതി ചെയ്യുന്ന സ്പിന്നിംഗ് മിൽ എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്; അവിടെ എത്ര ഏക്കർ ഭൂമിയാണ് കെ.എസ്..ടി.സി.-യുടെ കൈവശം ഉള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇവിടെ ബാക്കിയുള്ള സ്ഥലം വെറുതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ NH-66-നോട് ചേർന്ന് കിടക്കുന്ന പ്രസ്തുത സ്ഥലത്ത് എന്തെങ്കിലും വ്യവസായം തുടങ്ങുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലുള്ള ഉദുമ ടെക്സ്റ്റൈൽ മിൽ, 7 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. 23.83 ഏക്കർ സ്ഥലമാണ് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൈവശമുള്ളത്.

(ബി) ഉണ്ട്.

(സി) ഇല്ല. പ്രസ്തുത മില്ലിന്റെ വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

## പ്ലാസ്റ്റിക് സംസ്കരണത്തിന് വ്യാവസായിക പദ്ധതികൾ

122 (3097) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിതിനുവേണ്ടി സർക്കാർ ഉടമസ്ഥതയിൽ പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിയ്ക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്ലാസ്റ്റിക് സംസ്കരണത്തിനും പുനരുപയോഗത്തിനുമായി വ്യാവസായിക തലത്തിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ മേഖലയിൽ യുവ സംരംഭകർക്ക് അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പരിഗണനയിലുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ ടെക്നിക്കൽ സ്ഥാപനമായ CFSC-യിൽ പ്ലാസ്റ്റിക് സംസ്കരണത്തിനും പുനരുപയോഗത്തിനുമായി വ്യത്യസ്തമായ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ ഫോർ പ്ലാസ്റ്റിക് (TBI) ഈ സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

## സ്റ്റാർട്ട് അപ് സംരംഭങ്ങൾ

123 (3098) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവസംരംഭകരെ സഹായിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കേണ്ട തിനുമായി സ്റ്റാർട്ട് അപ് സംരംഭങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം സഹായങ്ങളാണ് ഇവർക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) യുവതലമുറയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളായി മാറ്റുക എന്ന ലക്ഷ്യമാണ് സ്റ്റാർട്ട് അപ് മിഷനുള്ളത്. ഇതിനായി യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്കാവശ്യമായ പ്രചോദനം നൽകുക, വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക എന്നിവയാണ് സ്റ്റാർട്ട് അപ് മിഷൻ ലക്ഷ്യമിടുന്നത്. യുവസംരംഭകർ മുന്നോട്ടുവയ്ക്കുന്ന അടിസ്ഥാന ആവശ്യങ്ങളായ സാമ്പത്തിക സഹായവും മെന്ററിംഗും ഇൻക്യുബേഷൻ സെന്ററുകൾ മുഖേനയുള്ള സഹായങ്ങളും സ്റ്റാർട്ട് അപ് മിഷനിലൂടെ ലക്ഷ്യമാക്കുന്നുണ്ട്. യുവസംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനായി കെ.എസ്.ഐ.ഡി.സി.-യിൽ ഒരു സീഡ് ഫണ്ടിംഗ് സ്കീം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്ക് ക്യാമ്പസിലും അങ്കമാലിയിലെ ഇൻകെൽ ക്യാമ്പസിലും കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതുവഴി കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്.

(സി) സ്റ്റാർട്ട് അപ് മിഷൻവഴി പുതിയ സംരംഭകർക്ക് സഹായങ്ങൾ നൽകി വരുന്നതിനാൽ സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ഔഷധ നിർമ്മാണ കമ്പനികൾ

124 (3099) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔഷധനിർമ്മാണ കമ്പനികൾ ഔഷധ സസ്യശേഖരണത്തിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഔഷധ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) ഔഷധ വ്യവസായ പാർക്കുകളുടെ നിർമ്മാണംമൂലം ഔഷധ നിർമ്മാണ വ്യവസായ രംഗത്ത് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഏക ഔഷധ നിർമ്മാണ കമ്പനിയായ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ അലോപ്പതി മരുന്നുകളാണ് ഉൽപ്പാദിപ്പിക്കുന്നത്.

(ബി) ഉണ്ട്.

(സി) നേട്ടങ്ങൾ താഴെപ്പറയുന്നവയാണ് :

- ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കാവുന്ന തരത്തിലുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി
- പൊതുവായ മലിനീകരണ സംസ്കരണ പ്ലാന്റ്
- ഗവേഷണ വികസന കേന്ദ്രം
- മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്ന ലാബുകൾ
- പൊതുവായ ലോജിസ്റ്റിക് കേന്ദ്രം
- വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളുടെ അനുമതി സമയബന്ധിതമായി ലഭ്യമാക്കുന്ന ഏകജാലക സംവിധാനം

## സീതാംഗോളിയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ഏറോനോട്ടിക്കൽസ് ലിമിറ്റഡ്

125 (3100) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ സീതാംഗോളിയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ഏറോനോട്ടിക്കൽസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ സ്ഥാപനം ബാലാരിഷ്ടത പിന്നിടാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ സീതാംഗോളിയിൽ കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഏറോനോട്ടിക്കൽസ് ലിമിറ്റഡിന് (HAL) അവരുടെ സ്ട്രാറ്റെജിക് ഇലക്ട്രോണിക്സ് ഉൽപ്പാദിപ്പിക്കുന്നതിനായി 90 വർഷത്തെ പാട്ടവ്യവസ്ഥയിൽ 200 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട വികസനം പൂർത്തിയാക്കി HAL അവരുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സംരംഭത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ HAL-ന് ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ പ്രതിരോധ മേഖലയിൽ കമ്പനിയുടെ വിറ്റുവരവ് 100 കോടി രൂപയാണ്. പ്രസ്തുത സ്ഥാപനം ഇപ്പോൾ നല്ല നിലയിലാണ് പ്രവർത്തിച്ചുവരുന്നത്.

## പരമ്പരാഗത നെയ്ത്ത് തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

126 (3101) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ അസംഘടിത മേഖലയിലെ പരമ്പരാഗത നെയ്ത്തു തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

സംസ്ഥാനത്തെ കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനായി അംശദാന സമ്പാദ്യ പദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാ ഗാന്ധി ബുങ്കാർ ബീമാ യോജന), ഈ പദ്ധതിയിൽ ഉൾപ്പെട്ട നെയ്ത്തുകാരുടെ മക്കൾക്ക് (9, 10, 11, 12 ക്ലാസ്സുകളിൽ) സ്കോളർഷിപ്പ് എന്നിവ നൽകിവരുന്നു. മേൽ പദ്ധതികൾ എല്ലാ ജില്ലകളിലും പൊതുവായി നടത്തിവരുന്നു. കണ്ണൂർ ജില്ലയിലെ നെയ്ത്ത് തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

## കുത്താമ്പുള്ളിയിലെ കൈത്തറി നെയ്ത്ത് പ്രോത്സാഹിപ്പിക്കാൻ നടപടി

127 (3102) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ കുത്താമ്പുള്ളി പ്രദേശം തറികളിൽ നെയ്തുണ്ടാക്കുന്ന കൈത്തറിതുണികൾക്ക് പ്രശസ്തമായ പ്രദേശമാണ് എന്നത് വ്യവസായവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുത്താമ്പുള്ളിയിൽ എത്ര പേർ കൈത്തറി നെയ്ത്തുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നുണ്ട്; ഒരു വർഷം എത്ര കോടി രൂപയുടെ കൈത്തറി തുണികൾ ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ട്; ഒരു തൊഴിലാളിക്ക് ലഭിക്കുന്ന ശരാശരി ദിവസ വേതനം എത്ര രൂപയാണ് ; വ്യവസായ വകുപ്പ് ഇതുസംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) കുത്താമ്പുള്ളി കൈത്തറി തുണികൾക്ക് മികച്ച മേന്മയുണ്ടായിട്ടും വർദ്ധിച്ച ഉത്പാദന ചെലവുമൂലം മേന്മ കുറഞ്ഞതും വിലകുറഞ്ഞതുമായ യന്ത്രത്തറി തുണികളോട് കമ്പോളത്തിൻ മത്സരിക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുത്താമ്പുള്ളിയിലെ കൈത്തറി നെയ്ത്തുകാരെ വ്യവസായവകുപ്പിന്റെ ഇടപെടലിലൂടെ ഏകോപിപ്പിച്ച് സംസ്ഥാനത്തെ ടൗണുകളിലും വിനോദസഞ്ചാര മേഖലകളിലും സ്റ്റാളുകൾ അനുവദിക്കാനും ഗുണമേന്മയേറിയ തുണിത്തരങ്ങളുടെ വില്പന ത്വരിതപ്പെടുത്താനും അതിലൂടെ തൊഴിലാളികൾക്ക് മികച്ച വേതനം ഉറപ്പ് വരുത്താനും നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുത്താമ്പുള്ളി പ്രദേശത്തെ കുത്താമ്പുള്ളി, തിരുവില്വാമല, എരവത്തൊടി എന്നീ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലായി ഇപ്പോൾ 278 നെയ്ത്തുകാർ തൊഴിൽ ചെയ്യുന്നു. ഇതുകൂടാതെ വ്യവസായ വകുപ്പിന്റെ ക്ലസ്റ്ററിൽ ഉൾപ്പെടാതെ സ്വകാര്യ മേഖലയിലും നിരവധി പേർ നെയ്ത്ത് തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ 3 സംഘങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആകെ 3,71,45,746 രൂപയുടെ വിറ്റുവരവാണ് നേടിയിട്ടുള്ളത്. വിവിധ കൈത്തറി ഉൽപ്പന്നങ്ങൾ നെയ്യുന്ന ഒരു തൊഴിലാളിക്ക് ശരാശരി 350 രൂപയാണ് ദിവസവേതനമായി ഇപ്പോൾ ലഭിക്കുന്നത്. ഇതോടൊപ്പം അധിക ഉൽപ്പാദനത്തിന് പ്രൊഡക്ഷൻ ഇൻസെന്റീവ്, ശരാശരി വേതനം ലഭിക്കുന്നതിന് ഇൻകം സപ്പോർട്ട് പദ്ധതി എന്നിവ

വകുപ്പുതലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. തൊഴിലാളികളുടെ മിനിമം വേതനം കാലാകാലങ്ങളിൽ പരിഷ്കരിച്ച് നിശ്ചയിക്കുന്നതിനും ഏകീകൃത കൂലി സമ്പ്രദായം നടപ്പിലാക്കുന്നതിനും ജില്ലയിലെ സംഘങ്ങളിലെ ഭരണ സമിതിയുമായി ആലോചിച്ച് ഉചിതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) കൈത്തറി വസ്ത്രങ്ങളുടെ പ്രചരണാർത്ഥം ജില്ലയിൽ വ്യവസായ വകുപ്പ് നടത്തുന്ന എല്ലാ പ്രധാന കൈത്തറി പ്രചരണ പരിപാടികളിൽ കുത്താമ്പുള്ളി ഭാഗത്തെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ വസ്ത്ര വിപണന മേളകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ, വിഷു എന്നീ ഉത്സവകാല സീസണുകളിൽ ജില്ലയിലും, മറ്റ് ജില്ലകളിലും കൈത്തറി മേളകൾ സംഘടിപ്പിക്കുമ്പോൾ ഈ സംഘങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നു. സർക്കാരിന്റെ പുതിയ പദ്ധതിയായ സൗജന്യ സ്കൂൾ യൂണിഫോം തുണിത്തരങ്ങൾ നെയ്യുന്നതിനുള്ള പദ്ധതി സ്വീകരിച്ചുവരുന്നു. ആയതിലൂടെ കൂടുതൽ ഉൽപ്പാദനത്തോടൊപ്പം വിൽപ്പന ത്വരിതപ്പെടുത്തി അതിലൂടെ നെയ്ത്ത് തൊഴിലാളികൾക്ക് മികച്ച വേതനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഓഡിറ്റിംഗ്

128 (3103) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഏതൊക്കെ തരത്തിലുള്ള ഓഡിറ്റിംഗാണ് നടത്തുന്നത് എന്ന് വിശദമാക്കുമോ;

(ബി) കേരള ഖാദി വ്യവസായ ബോർഡിൻെറ ഹെഡ് ഓഫീസിൽ ക്യാഷ് രസീത് മുഖേന ഏതൊക്കെ ഇനത്തിലുള്ള തുകകളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കേരള ഖാദി വ്യവസായ ബോർഡിൽ 1-4-2004 മുതൽ 31-3-2011 വരെയുള്ള കാലയളവിൽ ഓഡിറ്റിംഗിൽ ഏതെങ്കിലും രസീതുപ്രകാരമുള്ള തുകകൾ തിരിമറി നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ എത്ര തുക വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഹെഡ്ഡാഫീസിൽ പാറ്റേൺ, സി.ബി.സി. എന്നിവയുടെ ബാങ്ക് അക്കൗണ്ടുകളിൽ 1-4-2001 മുതൽ 31-3-2011 വരെ ക്രെഡിറ്റ് വന്ന തുകകളിൽ അൺ ക്ലാസിഫൈഡായി ഉൾപ്പെടുത്തിയ തുകകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റാണ് നടക്കുന്നത്.

(ബി) വായ്പകളുടെ തിരിച്ചടവ്, RTI ഫീസ്, കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ GPF വിഹിതം, ബോർഡ് ജീവനക്കാരുടെ ബാധ്യത തിരിച്ചടവ്, അഡ്വാൻസ് റീഫണ്ട് എന്നിവയാണ് ക്യാഷ് രസീത് മുഖേന പ്രധാനമായും സ്വീകരിക്കുന്ന തുകകൾ.

(സി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. ശിവരാജൻ ചെട്ടിയാർ ക്യാഷ്യറായി ചുമതല വഹിച്ചിരുന്ന കാലഘട്ടത്തിൽ രസീത് പ്രകാരമുള്ള തുകകൾ തിരിമറി നടത്തിയതായി 2008-09 വർഷത്തെ C&AG ആഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. പൊതുവെ നടന്ന ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ഡി) വായ്പ എടുത്തവർ തുക തിരിച്ചടയ്ക്കുമ്പോൾ ബന്ധപ്പെട്ട ഇനം രേഖപ്പെടുത്താതെയോ, റവന്യൂ റിക്കവറിവഴി ലഭിക്കുന്ന തുക വായ്പക്കാരന്റെ പേര് മാത്രം രേഖപ്പെടുത്തി DD ആയി അയയ്ക്കുമ്പോഴോ ആണ് താൽക്കാലികമായി അൺക്ലാസിഫൈഡായി രേഖപ്പെടുത്തുന്നത്. 2001 മുതൽ അൺക്ലാസിഫൈഡ് ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകകൾ താഴെ പറയുന്നു :

| പാറ്റേൺ | |
|---|---|
| 2001-02 | 46,98,433 |
| 2002-03 | 67,05,117 |
| 2003-04 | 57,43,492 |
| 2004-05 | 55,79,838 |
| 2005-06 | 1,73,53,751 |
| 2006-07 | 1,39,95,818 |
| 2007-08 | 1,43,73,552 |
| 2008-09 | 89,78,873 |
| 2009-10 | 92,30,705 |
| 2010-11 | 77,86,852 |

സി.ബി.സി.

| | |
|---|---|
| 2001-02 | 4,43,119 |
| 2002-03 | 8,57,124 |
| 2003-04 | 14,41,736 |
| 2004-05 | 21,67,199 |
| 2005-06 | 24,25,580 |
| 2006-07 | 70,96,217 |
| 2007-08 | 44,44,989 |
| 2008-09 | 50,52,150 |
| 2009-10 | 63,43,858 |
| 2010-11 | 42,83,387 |

**ഖാദി തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്**

129 (3104) ശ്രീ. സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ഏതുവരെ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ;

(സി) കുടിശ്ശിക തുക എന്ന് നല്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഖാദി തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ 2015 മാർച്ച് വരെയുള്ള തുക പൂർണ്ണമായും, അതിനുശേഷം 2015 സെപ്തംബർ 30-ാം തീയതിവരെ ക്ലെയിം സമർപ്പിച്ചിട്ടുള്ളവർക്കും ഇൻസെന്റീവ് തുക വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 2015 ഒക്ടോബർ മുതൽ കുടിശ്ശികയുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും 2 കോടി രൂപ ഇതിനകം അനുവദിച്ച് നൽകുകയുമുണ്ടായി. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിലേയ്ക്ക് ഇനിയും 6 കോടി രൂപ വേണ്ടിവരും. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയ്ക്കനുസരിച്ച് കൂടുതൽ തുക അനുവദിച്ച് നൽകുന്നതാണ്.

**കസ്തൂർബ ഖാദി സഹകരണ സംഘം**

130 (3105) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെല്ലാനം പഞ്ചായത്തിലെ ചെറിയ കടവ് ഭാഗത്ത് പ്രവർത്തിച്ചിരുന്ന കസ്തൂർബാ ഖാദി സഹകരണ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ഖാദി സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) പ്രസ്തുത ഖാദി സഹകരണ സംഘം അടച്ചുപൂട്ടി സ്ഥലം കൈമാറാൻ ഉദ്ദേശമുണ്ടോ;

(ഡി) പ്രസ്തുത ഖാദി സഹകരണ സംഘം പുനരുദ്ധരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചെല്ലാനം പഞ്ചായത്തിലെ ചെറിയ കടവ് ഭാഗത്ത് പ്രവർത്തിച്ചിരുന്ന കസ്തൂർബാ ഖാദി സഹകരണ സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല.

(ബി) പ്രസ്തുത ഖാദി സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് സ്ഥാപനത്തിന്റെ ഭരണ സമിതിയിൽനിന്നും അപേക്ഷയൊന്നും ബോർഡിൽ ലഭ്യമായിട്ടില്ല.

(സി) ഇല്ല.

(ഡി) പ്രസ്തുത ഖാദി സഹകരണ സംഘം പുനരാരംഭിക്കുന്നതിന് ഭരണസമിതിയിൽനിന്നും അപേക്ഷ ലഭിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കൊറ്റനാട് ഖാദി കേന്ദ്രം

131 (3106) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജക മണ്ഡലത്തിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ കൊറ്റനാട് ഖാദി കേന്ദ്രം എന്നാണ് സ്ഥാപിച്ചത്; എത്ര ജീവനക്കാരാണ് ഇവിടെയുള്ളത്; ഖാദി കേന്ദ്രത്തിന് സ്വന്തമായി എത്ര സ്ഥലമാണുള്ളത്; ഇവിടെ എന്തൊക്കെ ഉപകരണങ്ങളാണുള്ളത്;

(ബി) ഇവിടുത്തെ തറികളും, സ്പിന്നിംഗ് മെഷീനും മറ്റും കാലപ്പഴക്കംമൂലം ഉപയോഗ ക്ഷമമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കേന്ദ്രത്തിന്റെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്ന പദ്ധതി പ്രകാരം ജില്ലയിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായി വരുന്ന യൂണിഫോം തുണികളുടെ ഒരു ഭാഗം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ ഇവിടെ ഉത്പാദിപ്പിക്കാൻ കഴിയും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 29-5-1984-ലാണ് കേന്ദ്രം സ്ഥാപിച്ചത്. സ്ഥാപനത്തിൽ 12 ഖാദി തൊഴിലാളികളുണ്ട്. സ്ഥാപനത്തിന് 99 സെന്റ് സ്ഥലമുണ്ട്. കൂടാതെ നൂൽനൂൽപ്പിന് ആവശ്യമായ 13 ചർക്കകളും നെയ്ത്തിന് ആവശ്യമുള്ള 15 തറികളും മറ്റ് അനുബന്ധ ഉപകരണങ്ങളും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നവീകരണത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-17 പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ചർക്കകളും തറികളും മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ബോർഡ് ഇപ്രകാരമുള്ള ഒരു ലക്ഷ്യം ഏറ്റെടുക്കുന്ന മുറയ്ക്ക് ആയത് നേടുന്നതിനായി സൗകര്യമുള്ള ഉൽപ്പാദന കേന്ദ്രങ്ങൾക്ക് ലക്ഷ്യം വീതിച്ച് നൽകാൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) കൊറ്റനാട് ഖാദി ഉൽപ്പാദന കേന്ദ്രത്തിൽ നിലവിലുള്ള സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യം ഏർപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ചാലക്കുടി മണ്ഡലത്തിലെ ഖാദി ബോർഡ് യൂണിറ്റുകൾ**

132 (3107) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ എത്ര യൂണിറ്റുകൾ നിലവിലുണ്ട്;

(ബി) ഇവയിൽ ഏതെല്ലാം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാം യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ലാ എന്നും വ്യക്തമാക്കാമോ;

(സി) പ്രവർത്തനക്ഷമമല്ലാത്ത യൂണിറ്റുകൾ നവീകരിച്ച് കാര്യക്ഷമമാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ 3 നൂൽപ്പ് കേന്ദ്രങ്ങളും ഒരു നെയ്ത്ത് കേന്ദ്രവുമുണ്ട്. (ആകെ 4 എണ്ണം)

(ബി) 4 യൂണിറ്റുകളും പ്രവർത്തനനിരതമാണ്.

| | | |
|---|---|---|
| കനകമല-നൂൽപ്പ് / നെയ്ത്ത് കേന്ദ്രങ്ങൾ | - | 2 |
| പേരാമ്പ്ര - നൂൽപ്പ് കേന്ദ്രം | - | 1 |
| മാങ്കുറ്റിപ്പാടം-നൂൽപ്പ് കേന്ദ്രം | - | 1 |

(സി) ബാധകമല്ല.

## വസ്ത്രഗ്രാമം പദ്ധതി

133 (3108) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വസ്ത്രഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) പദ്ധതിയിലൂടെ ഏതെല്ലാം ജില്ലകളിൽ തൊഴിൽ കേന്ദ്രം തുടങ്ങാനും എന്തെല്ലാം പരിശീലനങ്ങൾ നൽകാനുമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വാണിജ്യ ഡയറക്ടറുടെ മേൽനോട്ടത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം വസ്ത്രഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾക്ക് തൊഴിൽ ലഭ്യമാക്കി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓരോ ജില്ലകളിൽനിന്നും 60 വനിതകളെ തെരഞ്ഞെടുത്ത് വിവിധതരം വസ്ത്രങ്ങൾ തയ്ക്കുന്നതിനും വസ്ത്രങ്ങളിൽ ഓർണമെന്റേഷൻ നടത്തി മൂല്യവർദ്ധനവ് വരുത്തുന്നതിനും മൂന്നുമാസത്തെ പരിശീലനം നൽകുക, പരിശീലനം പൂർത്തീകരിക്കുന്നവർ രൂപീകരിക്കുന്ന വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്ക് പൊതുസേവനകേന്ദ്രം സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തൊട്ടാകെ വസ്ത്രഗ്രാമം പദ്ധതി നടപ്പാക്കുന്നതിലൂടെ ഏകദേശം 1000-ൽപ്പരം കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്ന് കണക്കാക്കുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ വിവിധതരത്തിലുള്ള വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും യൂണിഫോം വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും വസ്ത്രങ്ങളിൽ ഓർണമെന്റേഷൻ, സ്റ്റോൺ, ബീഡ്സ് വർക്കുകൾ നടത്തുന്നതിനും മൂന്നുമാസത്തെ പരിശീലനം നടത്തുവാനും മുമ്പ് പൊതുസേവന കേന്ദ്രം സ്ഥാപിച്ചിട്ടുള്ള എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലൊഴികെ മറ്റ് 11 ജില്ലകളിൽ പൊതുസേവന കേന്ദ്രം ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

## പൂഞ്ഞാർ ജി.വി. രാജാ സ്പോർട്സ് കോംപ്ലക്സ്

134 (3109) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂഞ്ഞാർ, ജി.വി.രാജാ സ്പോർട്സ് കോംപ്ലക്സിൻെറ സ്പോർട്സ് ഫ്ലോറിംഗിനായി G.O. (Rt) No. 35/16/S&;Y.A/Dt. 4-2-2016 പ്രകാരം എ.എസ് ലഭിച്ചിട്ടും പ്രസ്തുത ജോലി ചെയ്യുന്നതിലേയ്ക്ക് ടെണ്ടർ നടപടികൾ 8 മാസമായിട്ടും സ്വീകരിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേഖലയിലെ സ്പോർട്സിൻെറ ഉന്നമനത്തിനായി പ്രസ്തുത പണികൾ നടത്തി, സ്പോർട്സ് & ഗെയിംസ് പരിശീലനത്തിനായി സ്റ്റേഡിയം സജ്ജമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂഞ്ഞാർ ജി.വി. രാജാ സ്പോർട്സ് കോംപ്ലക്സിന്റെ സ്പോർട്സ് ഫ്ലോറിംഗിനായി കഴിഞ്ഞ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. ഈ സാമ്പത്തിക വർഷം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

## കായികരംഗത്തെ സമഗ്ര പുരോഗതി

135 (3110) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക രംഗത്തെ സമഗ്ര പുരോഗതിയ്ക്ക് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ, മിനി സ്റ്റേഡിയങ്ങൾ എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കായികരംഗത്തിന്റെ സമഗ്ര പുരോഗതിക്കായി എല്ലാ പഞ്ചായത്തുകളിലും ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനും 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 31-8-2016-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം 1 മുതൽ 4 വരെയുള്ള ലോവർ പ്രൈമറി വിദ്യാർത്ഥികളിൽ കായികക്ഷമത നടപ്പിലാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റിനേയും 5 മുതൽ 10 വരെയുള്ള വിദ്യാർത്ഥികളിൽ കായികക്ഷമത എങ്ങനെ മെച്ചപ്പെടുത്താം എന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) 8-7-2016-ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും, തുടക്കമെന്ന നിലയിൽ അനുബന്ധത്തിൽ* പറയുന്ന കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 5 കോടി രൂപ വീതം വകയിരുത്തുന്നതായും ഇതിനായുള്ള 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

## ദേശീയ ഗെയിംസിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട സ്റ്റേഡിയങ്ങളും കായിക കേന്ദ്രങ്ങളും

136 (3111) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിന്റെ ഭാഗമായി ഏതെല്ലാം പുതിയ സ്റ്റേഡിയങ്ങളും കായിക കേന്ദ്രങ്ങളും സൃഷ്ടിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ പരിപാലനം ഇപ്പോൾ ആരുടെ ചുമതലയിൽ ആണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ കായിക താരങ്ങൾക്ക് ഉപയുക്തമാകും വിധം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വിശദാംശം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ബി) 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി നിർമ്മിച്ച/നവീകരിച്ച അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

(സി) കായിക യുവജനകാര്യാലയം, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നിവയുടെ ചുമതലയിലുള്ള സ്റ്റേഡിയങ്ങളിലും നീന്തൽക്കുളത്തിലും കായികതാരങ്ങൾക്ക് പരിശീലനം നൽകിവരുന്നു.

**ദേശീയ/അന്തർദ്ദേശീയ കായിക ഇനങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾ**

137 (3112) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ/അന്തർദ്ദേശീയ കായിക ഇനങ്ങളിൽ മെഡൽ നേടിയ സംസ്ഥാന കായിക താരങ്ങൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത സമ്മാന തുക നൽകാനുള്ളത് ആർക്കെല്ലാമാണ്; തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) സമ്മാനതുക വാഗ്ദാനം ചെയ്തത് എന്നാണെന്നും നാളിതുവരെ തുക നൽകാതിരുന്നതിന്റെ കാരണങ്ങളും വിശദമാക്കുമോ;

(സി) പ്രസ്തുത തുക വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 3-3-2015 തീയതിയിലെ സർക്കാർ ഉത്തരവ് G.O.(Rt) No. 31/15/S&YA പ്രകാരം 35-ാം ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായിക താരങ്ങൾക്കും അവരുടെ പരിശീലകർക്കും ടീം മാനേജർക്കും സർക്കാർ പ്രഖ്യാപിച്ച പ്രത്യേക ക്യാഷ് അവാർഡ് 7,91,00,000 രൂപ 2015 മാർച്ച് 7-ാം തീയതി കോട്ടയത്തുവച്ച് വിതരണം ചെയ്യുകയുണ്ടായി. കൂടാതെ, 31-ാമത് റിയോ ഒളിമ്പിക്സിൽ പങ്കെടുത്ത 11 കേരളീയ കായികതാരങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച 3,00,000 രൂപ വീതമുള്ള പ്രത്യേക ക്യാഷ് അവാർഡ് 2016 സെപ്റ്റംബർ 9-ാം തീയതി തിരുവനന്തപുരത്തുവച്ച് വിതരണം ചെയ്യുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കായികതാരങ്ങൾക്ക് ക്ഷേമനിധി**

138 (3113) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കായിക താരങ്ങൾക്ക് ക്ഷേമ നിധി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകാമോ;

(ബി) ദേശിയ തലത്തിൽ മെഡലുകൾ നേടിയ കായിക താരങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കായികതാരങ്ങൾക്ക് ക്ഷേമനിധി രൂപീകരിച്ചിട്ടില്ല.

(ബി) ദേശീയ/അന്തർദ്ദേശീയ കായികമത്സരങ്ങളിൽ വിജയികളാകുന്ന കായികതാരങ്ങൾക്ക് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് അർഹമായ ക്യാഷ് അവാർഡ് നൽകിവരുന്നു. കൂടാതെ, മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന കായികതാരങ്ങൾക്ക് പ്രതിവർഷം സർക്കാർ സർവ്വീസിൽ 50 തസ്തികകളിൽ നിയമനം നൽകിവരുന്നു. പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകളിൽ കായികതാരങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

**ഗുരുകുലം കളരി സംഘം നടത്തുന്ന പ്രവർത്തനങ്ങൾ**

139 (3114) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് ആയോധനകലയായ കളരിപ്പയറ്റിന്റെ പ്രചരണത്തിനായി കഴിഞ്ഞ ആറുവർഷമായി മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശ്രീഗുരുകുലം കളരി സംഘം (Govt Reg.No.458/10) നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ശ്രീഗുരുകുലം കളരി സംഘത്തിന് കളരിപ്പയറ്റ് പരിശീലനസമുച്ചയം തുടങ്ങുവാൻ ആവശ്യമായ സഹായം നൽകാൻ നടപടികൾ എടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കളരിപ്പയറ്റ് പരിശീലന സമുച്ചയം പണിയുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതികളൊന്നും ഈ വകുപ്പിൽ നിലവിലില്ല.

## സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത ഉയർത്താൻ കർമ്മപദ്ധതി

140 (3115) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത കുറഞ്ഞുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത ഉയർത്താൻ ഏതെങ്കിലും കർമ്മ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) സർക്കാരിന്റെ പരിഗണനയിലുള്ള കർമ്മപദ്ധതി വിശദീകരിക്കുമോ;

(ഡി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തരം ഏതെങ്കിലും പ്രോജക്ട് നടപ്പിലാക്കാൻ കായിക വകുപ്പ് ധനസഹായം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2008-09 വർഷം മുതൽ ആറുവർഷമായി തുടർന്നുവരുന്നു. കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തിഗതമായി അളന്ന് പരിശോധിച്ച്, പരിശോധനാഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് സമ്പൂർണ കായികക്ഷമതാ പദ്ധതി. 2008-ൽ ആരംഭിച്ച പദ്ധതി 2012-13-നുശേഷം ചില സാങ്കേതിക കാരണങ്ങളാൽ തുടരുവാൻ സാധിച്ചില്ല. പ്രസ്തുത പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതിനായി 5 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ കായികക്ഷമത എങ്ങനെ മെച്ചപ്പെടുത്താമെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

കൂടാതെ, സംസ്ഥാന സ്പോർട്സ് കൗൺസിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്ത് 'കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ' തത്വത്തിൽ അംഗീകരിച്ച് ഉത്തരവായെങ്കിലും, ഇത് പ്രായോഗികമായി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്കുള്ള പഠനസഹായിയുടെ മലയാളം പതിപ്പ് തയ്യാറാക്കി ഡി.പി.ഐ.-യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ വേണ്ടി ഈ വകുപ്പ് പ്ലേ ഫോർ ഹെൽത്ത്, സ്വിം ആന്റ് സർവൈവ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ വിദ്യാർത്ഥികളിൽ കായികശേഷിയും ബുദ്ധിശക്തിയും വർദ്ധിപ്പിക്കുന്നതിനും മാനസിക പിരിമുറുക്കങ്ങൾ കുറയ്ക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ "യോഗപരിശീലനം സ്കൂളുകളിൽ" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കായികനയം**

141 (3116) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായികനയം നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെയായി ഇത്തരത്തിലൊരു നയം ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയാത്തത്; വിശദമാക്കാമോ;

(ബി) നിലവിൽ ഇത്തരമൊരു നയമില്ലാത്തത് കായികരംഗത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കായിക സംസ്കാരം വളർത്തിയെടുക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും കായികതാരങ്ങൾക്ക് അർഹമായ പിന്തുണയും നൽകുന്നുണ്ടോ;

(ഡി) ചെറിയ പ്രായത്തിൽ തന്നെ കുട്ടികളിലെ കായികാഭിരുചി കണ്ടെത്തി പരിപോഷിപ്പിക്കുന്ന തരത്തിലുള്ള കായിക നഴ്സറികൾ സംസ്ഥാനത്ത് നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നഴ്സറികൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കായികനയം നിലവിലുണ്ട്.

(സി) സംസ്ഥാനത്ത് കായിക സംസ്കാരം വളർത്തിയെടുക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും കായികതാരങ്ങൾക്ക് അർഹമായ പിന്തുണയും സർക്കാർ നൽകിവരുന്നു. 8-7-2016-ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് കായികവികസനത്തിനായി എല്ലാ പഞ്ചായത്തുകളിലും ഒരു മിനി സ്റ്റേഡിയവും 14 ജില്ലകളിൽ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുകയും ആയതിലേയ്ക്കായി തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

## മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം പദ്ധതി

142 (3117) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; പദ്ധതി രൂപരേഖ തയ്യാറായിട്ടുണ്ടോ; ഇതിനായി എത്ര സ്ഥലമാണ് ആവശ്യമായി വരിക; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(ബി) കൊല്ലം ജില്ലയിൽ ഒളിമ്പ്യൻ സുരേഷ്ബാബു മെമ്മോറിയൽ മൾട്ടിപർപ്പസ് സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സ്കീം

143 (3118) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സ്കീം (യു.എസ്.ഐ.എസ്.) പ്രകാരം അന്തർദ്ദേശീയ നിലവാരത്തിലുള്ള 400 മീറ്റർ സിന്തറ്റിക് ട്രാക്ക് കേരളത്തിൽ എവിടെയെങ്കിലും നിർമ്മിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ണുത്തി വെറ്ററിനറി കോളേജ് ഗ്രൗണ്ടിൽ പ്രസ്തുത പദ്ധതി പ്രകാരം സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യു.എസ്.ഐ.എസ്. പ്രകാരം അന്തർദ്ദേശീയ നിലവാരത്തിലുള്ള 400 മീറ്റർ സിന്തറ്റിക് ട്രാക്ക് കോഴിക്കോട് സർവ്വകലാശാല ഗ്രൗണ്ടിൽ നിർമ്മിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## പൂഞ്ഞാർ ജി.വി. രാജാ സ്പോർട്സ് കോംപ്ലക്സിനുള്ള ഫണ്ട്

144 (3119) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റും കേരള സ്പോർട്സ് കൗൺസിലും സംയുക്തമായി പണി ആരംഭിച്ച പൂഞ്ഞാർ ജി.വി.രാജ സ്പോർട്സ് കോംപ്ലക്സിന്റെ പണി ഫണ്ടിന്റെ അപര്യാപ്തതയാൽ 75% മാത്രം പൂർത്തിയായശേഷം പ്രവൃത്തി നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇതിനോടൊപ്പം പണി തുടങ്ങിയ ഇടുക്കി, പാലാ മുതലായ സ്ഥലത്തെ സ്പോർട്സുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അഡീഷണൽ ഫണ്ട് നൽകിയപ്പോൾ ജി.വി. രാജ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് മാത്രം ഫണ്ട് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിവേചനത്തിന്റെ കാരണം വിശദമാക്കുമോ;

(സി) ജി.ഒ.(ആർ.റ്റി) 67/12/S&AY 19-3-2012 പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തി ഇപ്പോൾ ഫണ്ടിന്റെ അഭാവംമൂലം നിലച്ചിരിക്കുന്നതിനാൽ പൂഞ്ഞാർ എസ്. എൻ. വി. എച്ച്. എസ്. സ്കൂളിലെ 1500 ഓളം വിദ്യാർത്ഥികൾക്കും ജി.വി. രാജ മെമ്മോറിയൽ സ്പോർട്സ് ക്ലബ്ബ്, എ.റ്റി.എം. ലൈബ്രറി, ഗവൺമെന്റ് എൽ.പി.സ്കൂൾ എന്നിവ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങളിലെ കായികതാരങ്ങൾക്കും കായിക വിനോദങ്ങളിൽ ഏർപ്പെടുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് അടിയന്തരമായി ലഭ്യമാക്കുമോ ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. പൂഞ്ഞാർ ജി.വി. രാജാ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സ്പോർട്സ് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ

145 (3120) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിലെ ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിനായി എത്ര രൂപ വീതമാണ് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഇവർക്ക് നൽകുന്ന ഭക്ഷണത്തിന്റെ നിലവാരവും പോഷകമൂല്യവും ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## സ്പോർട്സ് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനം

146 (3121) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് ഇപ്പോഴും പ്ലസ് വൺ പ്രവേശനം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ ജില്ലയിലും എത്ര വിദ്യാർത്ഥികളാണ് ഹോസ്റ്റലുകളിൽ അഡ്മിഷൻ നേടിയതെന്നും അവർക്ക് എന്നത്തേക്ക് പ്ലസ് വൺ പ്രവേശനം നൽകാൻ സാധിക്കുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി)

| | | | |
|---|---|---|---|
| 1. | ആലപ്പുഴ | - | 16 |
| 2. | എറണാകുളം | - | 36 |
| 3. | ഇടുക്കി | - | 29 |
| 4. | കണ്ണൂർ | - | 10 |
| 5. | കാസർഗോഡ് | - | 25 |
| 6. | കൊല്ലം | - | 16 |
| 7. | കോട്ടയം | - | 38 |
| 8. | കോഴിക്കോട് | - | 18 |

| | | | |
|---|---|---|---|
| 9. | മലപ്പുറം | - | 20 |
| 10. | പാലക്കാട് | - | 11 |
| 11. | പത്തനംതിട്ട | - | 22 |
| 12. | തൃശ്ശൂർ | - | 34 |
| 13. | തിരുവനന്തപുരം | - | 55 |
| 14. | വയനാട് | - | 24 |

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ സ്പോർട്സ് ഹോസ്റ്റലിൽ അഡ്മിഷൻ നേടിയ എല്ലാ വിദ്യാർത്ഥികൾക്കും +1 സ്കൂൾ അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

**കായികമേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് പദ്ധതികൾ**

147 (3122) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കായികമേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(ബി) കായിക രംഗത്തെ കൂടുതൽ പരിപോഷിപ്പിക്കുന്നതിന് സ്കൂൾ തലങ്ങളിൽ നിന്ന് തന്നെ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സ്കൂളുകളിൽ കായിക പരിശീലനം കരിക്കുലത്തിന്റെ ഭാഗമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ വിവിധ കായിക ഇനങ്ങളിൽ 108 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഡേ ബോർഡിംഗ് സെന്ററുകളിലെ കായികതാരങ്ങൾക്ക് കൗൺസിൽ അത്യാവശ്യമുള്ള കായിക ഉപകരണങ്ങളും ആഴ്ചയിൽ അഞ്ചുദിവസം ലഘുഭക്ഷണത്തിനായി ദിവസേന 25 രൂപ വീതവും നൽകിവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ വിവിധ കായിക ഇനങ്ങളിലായി 14 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ട്രെയിനിംഗ് സെന്ററുകൾക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ വീതം ഗ്രാന്റായി നൽകിവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ

വിവിധ ജില്ലകളിലായി 24 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും 51 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് കൗൺസിലിലെ വിദഗ്ദ്ധ പരിശീലകർ ബന്ധപ്പെട്ട കളിയിനങ്ങളിൽ പരിശീലനം നൽകിവരുന്നു. സ്പോർട്സ് ഹോസ്റ്റലിലെ കായികതാരങ്ങൾക്ക് പ്രതിദിനം 200 രൂപ നിരക്കിൽ മെസ് അലവൻസും പ്രതിമാസം 100 രൂപ നിരക്കിൽ വാഷിംഗ് അലവൻസും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും വീട്ടിൽ പോയിവരുന്നതിനുമുള്ള ടി.എ./ഡി.എ.-യും മെഡിക്കൽ ചെലവുകളും നൽകിവരുന്നു. കൂടാതെ സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ആവശ്യമായ സ്പോർട്സ് കിറ്റ്, ട്രാക്ക് സ്യൂട്ട്, കായിക ഉപകരണങ്ങൾ എന്നിവ കൗൺസിൽ നൽകിവരുന്നു. സ്പോർട്സ് ഹോസ്റ്റലുകളെ കൂടാതെ വിവിധ കായിക ഇനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഡേ ബോർഡിംഗ് സെന്ററുകൾക്ക് ആവശ്യമായ ഉപകരണങ്ങളും സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ച് ദേശീയ, ദക്ഷിണമേഖലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്കും കൗൺസിലിലെ പരിശീലകർക്കും വർഷംതോറും യൂണിഫോം, ട്രാക്ക് സ്യൂട്ട്, ജോഗിംഗ് ഷൂ എന്നിവയും കൗൺസിൽ നൽകിവരുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 40 സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, ദേശീയ/മേഖലാ മത്സരങ്ങൾ സംസ്ഥാനത്തിനകത്ത് സംഘടിപ്പിക്കുന്നതിനും, ദേശീയ/മേഖലാ മത്സരങ്ങൾക്ക് മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പിനും, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി കൗൺസിൽ ഗ്രാന്റ് നൽകിവരുന്നു.

കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തി എടുക്കുകയെന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആരംഭിച്ച പദ്ധതിയാണ് എലൈറ്റ് സ്കീം. അത്‌ലറ്റിക്, ഫെൻസിംഗ്, വോളീബോൾ എന്നീ കായിക ഇനങ്ങളിലാണ് എലൈറ്റ് ട്രെയിനിംഗ് സെന്റർ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ടി പദ്ധതിയിൽ കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള കായികസൗകര്യങ്ങളും പരിശീലനവും മറ്റ് ഉന്നതനിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ നേടുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്.

പ്രതിവർഷം മികച്ച 50 കായികതാരങ്ങളെ അവരുടെ കായികനേട്ടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമിച്ചുവരുന്ന പദ്ധതി നിലവിലുണ്ട്. പി.എസ്.സി. നടത്തുന്ന ക്ലാസ് III, IV നിയമനങ്ങളിൽ കായികതാരങ്ങൾക്ക് പ്രത്യേക ഗ്രേസ് മാർക്ക് അനുവദിച്ചുവരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് കായികതാരങ്ങൾക്ക് സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. മികച്ച 10 കായികതാരങ്ങൾക്ക് എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് എന്ന പേരിൽ പ്രതിമാസം 10,000 രൂപ വീതം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 31-8-2016-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം 1 മുതൽ 4 വരെയുള്ള ലോവർ പ്രൈമറി വിദ്യാർത്ഥികളിൽ കായികക്ഷമത നടപ്പിലാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രസിഡന്റിനെയും 5 മുതൽ 10 വരെയുള്ള വിദ്യാർത്ഥികളിൽ കായികക്ഷമത എങ്ങനെ മെച്ചപ്പെടുത്താം എന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ഒരു കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി.

(സി) സജീവമായി പരിശോധിക്കുന്നതാണ്.

## വിദ്യാലയങ്ങളിലെ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ

148 (3123) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; ആയത് നടപ്പിലാക്കുന്നത് എപ്രകാരമാണ്;

(ബി) കൊല്ലം മണ്ഡലത്തിലെ സ്കൂളുകളിൽ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി തയ്യാറാക്കാൻ ജില്ലാ സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള സ്കീമിൽ പദ്ധതിപ്രകാരം നീന്തൽക്കുളം, സിന്തറ്റിക് ഫുട്ബോൾ ടർഫ്, മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സ്, ഫുട്ബോൾ കോർട്ട്, ലോംഗ് ജമ്പ് & ട്രിപ്പിൾ ജമ്പ് പിറ്റ്, കബഡി ഫ്ളോർ, ഷട്ടിൽ ബാഡ്മിന്റൺ കോർട്ട്, സ്പോർട്സ് പാർക്ക് ഫോർ ചിൽഡ്രൻ എന്നിവ പണിതുകൊടുക്കുന്നുണ്ട്. ഇതിനായി നിശ്ചിത മാനദണ്ഡങ്ങൾ അടങ്ങിയ അപേക്ഷ ഫാറം ലഭ്യമാണ്. സംസ്ഥാനത്തെ കായിക മേഖലയുടെ വളർച്ചയ്ക്ക് സ്കൂൾ കുട്ടികൾക്കും നീന്തൽ പരിശീലനം ലഭിക്കുന്നതിനായി

സ്വിം ആന്റ് സർവൈവ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായികക്ഷേമത ഉള്ളവരാക്കുന്നതിനായി പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളിൽ കായിക ശേഷിയും ബുദ്ധിശക്തിയും വർദ്ധിപ്പിക്കുന്നതിനും മാനസിക പിരിമുറുക്കങ്ങളിൽനിന്നും രക്ഷനേടുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ 'യോഗപരിശീലനം സ്കൂളുകളിൽ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

**കായികതാരങ്ങൾക്ക് അർഹമായ പരിഗണന**

149 (3124) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ കേരളത്തിന്റെ യശസ്സ് ഉയർത്തിപ്പിടിച്ച കായികതാരങ്ങൾ സംസ്ഥാന ടീമിന്റെ ജേഴ്സി പോലും ഇല്ലാതെ വളരെ തരം താണ നിലയിൽ മത്സരങ്ങളിൽ പങ്കെടുക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനാണുദ്ദേശിയ്ക്കുന്നത്;

(ബി) വിവിധതരം മത്സരങ്ങളിൽ പങ്കെടുക്കാനായി കായികതാരങ്ങൾ ദൂരസ്ഥലങ്ങളിലേയ്ക്ക് ട്രെയിനിലും മറ്റും റിസർവേഷനില്ലാതെയും സുരക്ഷിതത്വമില്ലാതെയും യാത്ര ചെയ്യേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(സി) യഥാസമയം ട്രെയിനിൽ ബർത്തുകൾ ബുക്ക് ചെയ്ത് കായികതാരങ്ങളുടെ യാത്രാ സൗകര്യം ക്രമീകരിക്കുന്നതിനും അവർക്ക് സംസ്ഥാനത്തിന്റെ നല്ല ജേഴ്സി നൽകുന്നതിനും മറ്റുമുള്ള കാര്യങ്ങൾക്കായി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്ത് നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദേശീയ/മേഖലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമാവലി പ്രകാരം ജേഴ്സി വാങ്ങുന്നതിന് ഒരാൾക്ക് 300 രൂപ ക്രമത്തിൽ ഗ്രാന്റ് സംസ്ഥാന അസോസിയേഷൻ മുഖാന്തരം അനുവദിച്ചുവരുന്നു. അന്തർദ്ദേശിയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നിയമാവലി പ്രകാരം കിറ്റ് അലവൻസായി 6000 രൂപയും അനുവദിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ട്രെയിനിൽ ബർത്തുകൾ ബുക്ക് ചെയ്യുന്നതും കായികതാരങ്ങളുടെ സൗകര്യം ക്രമീകരിക്കുന്നതും കായികതാരങ്ങൾക്ക് ജേഴ്സി വാങ്ങിനൽകുന്നതും ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷനുകളുടെ ഉത്തരവാദിത്വമാണ്. ഇതിനായി അംഗീകൃത അസോസിയേഷനുകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം അഡ്വാൻസായി ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

**ഫുട്ബോൾ അക്കാദമി**

150 (3125) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ (എ.ഐ.എഫ്.എഫ്.) ഒരു ഫുട്ബോൾ അക്കാദമി കേരളത്തിൽ ആരംഭിക്കുന്നുണ്ടോ എന്നറിയിക്കാമോ ;

(ബി) എങ്കിൽ അക്കാദമിയുടെ പ്രവർത്തനം എവിടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാസ് റൂട്ട് ഫുട്ബോൾ വികസനം ലക്ഷ്യമിട്ടുള്ള ഈ അക്കാദമിയുടെ പ്രവർത്തനം കോഴിക്കോട്ട് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഏറെ ഭൗതിക സൗകര്യമുള്ള കാലിക്കറ്റ് സർവ്വകലാശാല ഇതിനായി പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഡി) കേരളത്തിൽ ഒരു ഫുട്ബോൾ അക്കാദമി രൂപീകരിക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനവും അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ ഭാഗത്തുനിന്ന് നാളിതുവരെ ഉണ്ടായിട്ടില്ല.

**പനമരത്ത് യൂത്ത് ഭവൻ നിർമ്മാണം**

151 (3126) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പനമരത്ത് യൂത്ത് ഭവൻ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ; ഈ പ്രവൃത്തിയുടെ അടങ്കൽ എത്ര രൂപയാണ്;

(ബി) യുവജനക്ഷേമബോർഡിന്റെ കീഴിലുള്ള യൂത്ത് ഭവന് അനുമതി നൽകിയ കാലയളവിൽ ഏത് മന്ത്രിയുടെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്;

(സി) യൂത്ത് ഭവൻ നിർമ്മാണത്തിനുവേണ്ടി സർക്കാർ എത്ര രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സിഡ്കോയെ ഏൽപ്പിച്ച ഈ പ്രവൃത്തി ഏത് കരാറുകാരനെയാണ് ഏൽപ്പിച്ചത്; യൂത്ത് ഭവൻ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ഇ) കരാർ ഉടമ്പടിപ്രകാരം ഏത് തീയതിയിലാണ് കെട്ടിടം പൂർത്തീകരിക്കേണ്ടത്;

(എഫ്) ഇതുവരെ കരാറുകാരന് യൂത്ത് ഭവൻ നിർമ്മാണത്തിന് എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ജി) പനമരം ഗ്രാമപഞ്ചായത്ത് യൂത്ത് ഭവന് അനുവദിച്ച സ്ഥലം നിർമ്മാണത്തിന് അനുയോജ്യമാണോ; യൂത്ത് ഭവൻ നിർമ്മാണത്തിലെ പരാതികൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്. അടങ്കൽ തുക 2.5 കോടി രൂപയാണ്.

(ബി) ബഹുമാനപ്പെട്ട മുൻ പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പുമന്ത്രി പി. കെ. ജയലക്ഷ്മിയുടെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്.

(സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് നൽകിയ സർക്കാർ ഗ്രാന്റിൽനിന്നും യൂത്ത് ഭവൻ നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി-എഫ്) പനമരത്തെ വയനാട് യൂത്ത് ഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസിയായ സിഡ്കോയെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി ചുമതലപ്പെടുത്തുകയും 6 മാസത്തിനകം പണി പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1.25 കോടി രൂപ സിഡ്കോയ്ക്ക് 2015 ഫെബ്രുവരി മാസം നൽകിയിട്ടുണ്ട്. സിഡ്കോ 'EASY INFRA' എന്ന കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലായെന്ന് കണ്ടതിനാൽ പ്രസ്തുത തുക പിഴ അടക്കം തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) അനുയോജ്യമാണ്. വിജിലൻസ് അന്വേഷണം സംബന്ധിച്ച് ഇപ്പോൾ തീരുമാനം എടുത്തിട്ടില്ല.

## കെ.എസ്.ഇ.ബി.-യിലെ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തിക

152 (3127) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്നും മീറ്റർ റീഡർ/സ്പോട്ട് ബില്ലർ എന്ന തസ്തികയിലേക്ക് എന്നാണ് ഏറ്റവുമൊടുവിൽ നിയമനം നടത്തിയത്; പ്രസ്തുത കാറ്റഗറിയിലെ ഒഴിവുകളുടെ എണ്ണം ഡിവിഷൻ തിരിച്ച് വ്യക്തമാക്കാമോ; ഈ തസ്തികകളിൽ താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കാറ്റഗറിക്കായി പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോയെന്നും, ഈ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നും, ഈ ലിസ്റ്റിൽ നിന്നും ഇതേവരെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് എന്നും അറിയിക്കാമോ; നിയമനം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.യിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ, കരാർ അടിസ്ഥാനത്തിലോ, മറ്റ് സ്വകാര്യ ഏജൻസികൾ മുഖേനയോ നടപ്പിലാക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.യിലെ മീറ്റർ റീഡർ ഉൾപ്പെടെയുള്ള ഒഴിവ് സംബന്ധിച്ചും അവ നികത്തുന്നത് സംബന്ധിച്ചും പഠനം നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയത്; ഇവർ പഠനം നടത്തുന്നതിനായി എത്ര തുകയാണ് ചെലവഴിച്ചത്; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചോ; എങ്കിൽ റിപ്പോർട്ട് നടപ്പാക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ടി റിപ്പോർട്ട് സംബന്ധിച്ച് പഠനം നടത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇവർക്ക് കാലാവധി നിശ്ചയിച്ചു നൽകിയിട്ടുണ്ടോ;

(എഫ്) ബോർഡിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ആ കാറ്റഗറിയിലെ റാങ്ക് ലിസ്റ്റിൽ നിന്നു മാത്രം നിയമനം നടത്തുന്നതിനും കരാർ തൊഴിലാളികളെ ഒഴിവാക്കുന്നതിനും എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 3-9-2011-ൽ ഒഴിവുകൾ സംസ്ഥാനാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. നിലവിൽ 532 ഒഴിവുകളുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും ഒരു റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി ഈ റിപ്പോർട്ട് പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആവശ്യമായ തസ്തികകൾ (മീറ്റർ റീഡർ ഉൾപ്പെടെ), അനുവദനീയമായ ഒഴിവുകൾ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ തസ്തികകളിൽ താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടില്ല.

(ബി) റാങ്ക് ലിസ്റ്റ് നിലവിലില്ല.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ഐ.ഐ.എം. കോഴിക്കോടിനെ ചുമതലപ്പെടുത്തിയിരുന്ന പഠനങ്ങളിൽ ഇക്കാര്യവും ഉൾപ്പെടും. ഇതുവരെ ഇവർക്ക് 25,90,663 രൂപ കൈമാറിയിട്ടുണ്ട്. മൊത്തം നൽകേണ്ട തുക 57,57,326 ആണ്.

(ഇ) ഐ.ഐ.എം. കോഴിക്കോട് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്)ന്റെ കീഴിലുള്ള സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് നടപ്പിലാക്കാൻ സർക്കാർ കാലാവധി നിശ്ചയിച്ചുനൽകിയിട്ടില്ല.

(എഫ്) പി.എസ്.സി. വഴി നിയമിക്കേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനങ്ങൾ നൽകുന്നതാണ്. കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. എന്നാൽ ചില പ്രവൃത്തികൾ വർക്ക് കോൺട്രാക്റ്റ് പ്രകാരം നടപ്പാക്കുന്നുണ്ട്.

## വൈദ്യുതി കണക്ഷൻ വേഗത്തിൽ ലഭിക്കുന്നതിനുള്ള കർമ്മ പരിപാടികൾ

153 (3128) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളി</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുള്ള അപേക്ഷ നൽകി നിശ്ചിത ദിവസത്തിനകം വൈദ്യുതി ലഭിക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിവരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചട്ടങ്ങൾ പ്രകാരം വിതരണശൃംഖല വിപുലീകരിക്കേണ്ട ആവശ്യമില്ലെങ്കിൽ അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു. ഇതനുസരിച്ച് പുതിയതായി പോസ്റ്റോ ലൈനോ ആവശ്യമില്ലാത്ത കണക്ഷനുകൾ 2 പ്രവർത്തി ദിവസത്തിനുള്ളിലും സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷനുകൾ 7 ദിവസത്തിനുള്ളിലും ഓവർ ഹെഡ് ലൈൻ ആവശ്യമുള്ള കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി&സി) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. ഇതനുസരിച്ച് പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുവാൻ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രത്യേക അനുമതി, വയറിംഗ് പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി തുടങ്ങി പല രേഖകളും ഹാജരാക്കേണ്ടതുണ്ട്. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി അപേക്ഷകന്റെ കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ നൽകേണ്ട

തുക കണക്കിലാക്കുന്ന രീതി സ്വീകരിക്കുന്നതിനും 100 കെ.വി.എ. യ്ക്ക് മുകളിൽ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾക്ക് മുൻകൂട്ടി അപേക്ഷ നൽകാനുള്ള അവസരം ലഭ്യമാക്കുക എന്നീ നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്മീഷൻ സർക്കാർ നിർദ്ദേശം അംഗീകരിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങളുടെ ലഘൂകരണം കെ.എസ്.ഇ.ബി. നടപ്പിലാക്കുന്നതാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 100 ചതുരശ്ര മീറ്ററിൽ കൂടാത്ത വിസ്തീർണ്ണമുള്ള ഗാർഹികാവശ്യത്തിനായുള്ള കെട്ടിടങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കെ.എസ്.ഇ.ബി.യിൽ കരാറടിസ്ഥാനത്തിൽ**
**ജോലി ചെയ്യുന്ന മീറ്റർ റീഡർമാർ**

154 (3129) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യിൽ മീറ്റർ റീഡർമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ സ്ഥിരപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇല്ലെങ്കിൽ ഈ കരാർ ജീവനക്കാരെ പിരിച്ചു വിടുമോ; എങ്കിൽ പിരിച്ചു വിടാനുദ്ദേശിക്കുന്ന കരാർ ജീവനക്കാരുടെ എണ്ണം ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(സി) മീറ്റർ റീഡിംഗ് ജോലി ഔട്ട്സോഴ്സ് ചെയ്യുണമെന്ന നിർദ്ദേശം കെ.എസ്.ഇ.ബി. സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർ തസ്തികയിൽ കരാർ തൊഴിലാളികളെ നിയമിച്ചിട്ടില്ല. എന്നാൽ ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് നിശ്ചിത സമയത്തിനുള്ളിൽ എടുക്കുന്ന പ്രവൃത്തി കോൺട്രാക്ട് പ്രകാരം ചെയ്യുന്നുണ്ട്.

(സി) ഇല്ല.

**കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളുടെ വേതനം**

155 (3130) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. -യിൽ കരാർ തൊഴിലാളികളുടെ വേതനം പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി.-യിലെ സ്ഥിരം ജീവനക്കാരുടെയും സബ് സ്റ്റേഷൻ ഷിഫ്റ്റ് അസിസ്റ്റന്റായി ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെയും വേതനം തമ്മിൽ എത്രത്തോളം അന്തരമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കിയ വേതനം കരാർ തൊഴിലാളികൾക്ക് നൽകി തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ B.O(DB)No. 1634/2016 (Estt.V/1599/2016) dated 4-6-2016 പ്രകാരം കരാർ തൊഴിലാളി കളുടെ വേതനം പരിഷ്കരിക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) സബ്സ്റ്റേഷനുകളിൽ താൽക്കാലിക നിയമനമോ കരാർ നിയമനമോ നടത്താറില്ല. നിശ്ചിത പ്രവൃത്തികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ കരാറുകാർക്ക് നൽകി ചെയ്യുന്നുണ്ട്. കോൺട്രാക്ട് തുക ഏൽപ്പിക്കുന്ന ജോലിയുടെ സ്വഭാവവും സമയ ദൈർഘ്യവും അനുസരിച്ച് വ്യത്യസ്തമായിരിക്കും. സ്ഥിരം ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുസരിച്ച് പ്രതിമാസ ശമ്പളമാണ് നൽകുന്നത്.

(സി) നൽകുന്നുണ്ട്.

**കെ.എസ്.ഇ.ബി. സെക്ഷനുകളിൽ തസ്തികകൾ**

156 (3131) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ പുതുതായി ആരംഭിച്ച 30 സെക്ഷനുകളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവ തസ്തിക,എണ്ണം തിരിച്ച് അറിയിക്കുമോ;

(ബി) കെ.എസ്.ഇ.ബി.യിൽ എത്ര സെക്ഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്; ഇത് സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 24-2-2016-ലെ ബോർഡ് ഉത്തരവ് പ്രകാരം 31 പുതിയ ഇലക്ട്രിക്കൽ സെക്ഷനുകൾ ബോർഡ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സെക്ഷനുകളിലേയ്ക്ക് ആവശ്യമുള്ള തസ്തികകളിൽ ബോർഡിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) 31 ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നിലവിലുണ്ട്. കെ.എസ്.ഇ.ബി.-യിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ബോർഡിലെ ട്രേഡ് യൂണിയനുകളുമായി ഉണ്ടാക്കിയ Long Term Settlement 2016 പ്രകാരം പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകളിലെ സെക്ഷൻ ഓഫീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും ഇത് വിജയകരമായി നടപ്പിലാക്കിയതിനുശേഷം മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ഇതിനായി നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമ മാക്കാനാണ് ശ്രമിക്കുന്നത്. പ്രസ്തുത തീരുമാനം പേറിവിഷൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. പരീക്ഷണാടിസ്ഥാനത്തിൽ ടി സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലെ പുരോഗതി വിലയിരുത്തിയശേഷം 8 മണിക്കൂർ ഡ്യൂട്ടി ഷിഫ്റ്റ് സമ്പ്രദായം ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായി സംസ്ഥാന തലത്തിൽ വ്യാപിപ്പിക്കുന്നത് പരിഗണനയിലാണ്.

**കെ.എസ്.ഇ.ബി. മീറ്റർ റീഡർ ഒഴിവുകൾ**

157 (3132) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള മീറ്റർ റീഡർമാരിൽ കരാർ ജീവനക്കാർ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാതെ ഏതെങ്കിലും സ്വകാര്യ ഏജൻസികൾ മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമനം നടത്തി മുന്നോട്ട് പോകുവാൻ ബോർഡിന്റെ ഭാഗത്ത് നിന്ന് തീരുമാനം ഉണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) കരാർ അടിസ്ഥാനത്തിൽ മീറ്റർ റീഡർമാരെ നിയമിക്കാറില്ല. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ മീറ്റർ റീഡിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്യുന്നുണ്ട്.

(ബി) ഇല്ല

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

158 (3133) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) 2013-നുശേഷം നാളിതുവരെ പുതുതായി ആരംഭിച്ച സെക്ഷൻ ഓഫീസുകളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പുതുതായി ആരംഭിയ്ക്കുന്ന സെക്ഷൻ ഓഫീസുകളിൽ ഏതെല്ലാം കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെയാണ് ആവശ്യമെന്ന് വിശദമാക്കാമോ;

(ഡി) ഏതൊക്കെ സെക്ഷൻ ഓഫീസുകളിൽ ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) ഷിഫ്റ്റ് ഡ്യൂട്ടി ഏർപ്പെടുത്തിയ സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ പേരും തസ്തികയും അറിയിക്കാമോ?

### ഉത്തരം

(എ) 763 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ബി) 2013-നുശേഷം പുതുതായി ആരംഭിച്ച സെക്ഷൻ ഓഫീസുകളുടെ വർഷം തിരിച്ചുള്ള പട്ടിക അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

(സി) പുതുതായി ആരംഭിക്കുന്ന സെക്ഷൻ ഓഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സീനിയർ സൂപ്രണ്ട്, സബ് എഞ്ചിനീയർ, സീനിയർ അസിസ്റ്റന്റ്, ഓവർസിയർ, ലൈൻമാൻ, മസ്ദൂർ, കാഷ്യർ, മീറ്റർ റീഡർ എന്നീ തസ്തികകളിൽ ഉള്ളവരെയാണ് ആവശ്യമായിട്ടുള്ളത്.

(ഡി) തിരുവനന്തപുരം കൺന്റോൺമെന്റ്, ഫോർട്ട്, കരമന, കുടപ്പനക്കുന്ന്, മണക്കാട്, പേരൂർക്കട, പൂജപ്പുര, പൂന്തുറ, പുത്തൻചന്ത, തിരുമല, തൈക്കാട്, വട്ടിയൂർക്കാവ്, വെള്ളയമ്പലം, ബീച്ച്, കേശവദാസപുരം, പേട്ട, ശ്രീവരാഹം, ഉള്ളൂർ, ആലപ്പുഴ ടൗൺ, ആലപ്പുഴ നോർത്ത്, ആലപ്പുഴ സൗത്ത്, കോഴിക്കോട് സെൻട്രൽ, കാരപ്പറമ്പ, ബീച്ച്, നടക്കാവ്, പൊറ്റമ്മൽ, കോവൂർ, വെസ്റ്റ് ഹിൽ, വെള്ളിമാടുകുന്ന്, കല്ലായി, മാങ്കാവ് എന്നീ സെക്ഷൻ ഓഫീസുകളിലാണ് ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഇ) ഷിഫ്റ്റ് ഡ്യൂട്ടി ഏർപ്പെടുത്തിയ സെക്ഷനുകളിലെ ജീവനക്കാരുടെ പേരും തസ്തികയും അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെ.എസ്.ഇ.ബി.-യിലെ കാഷ്യർ തസ്തിക

159 (3134) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ കാഷ്യർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോൾ റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) മീറ്റർ റീഡർ/ലൈൻമാൻ/മസ്ദൂർ എന്നിവരെക്കൊണ്ട് കാഷ്യർ തസ്തികയിലെ ജോലികൾ ചെയ്യിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് ഇപ്രകാരം ജോലി ചെയ്യിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 428 ഒഴിവുകൾ ഉണ്ട്. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും ഒരു റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.-യിൽ നടക്കുന്ന ആധുനികവൽകരണം കണക്കിലെടുത്തുള്ള ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകൾ (കാഷ്യർ ഉൾപ്പെടെ) അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ.

(ബി) ഉണ്ട്. കെ.എസ്.ഇ.ബി.18-3-1988-ൽ പുറപ്പെടുവിച്ചിട്ടുള്ള B.O.No.Estt. 111/2537/88 നമ്പർ ഉത്തരവ് പ്രകാരം.

## കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ

160 (3135) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ മീറ്റർറീഡർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 532 ഒഴിവുകൾ ഉണ്ട്.

(ബി) ഇല്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം IIM കോഴിക്കോട് നടത്തുകയും ഒരു റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മീറ്റർ റീഡിങ്ങിൽ ഉൾപ്പെടെ നടക്കുന്ന ആധുനികവൽക്കരണം കണക്കിലെടുത്തുള്ള ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ തിട്ടപ്പെടുത്തി മാത്രമേ ആവശ്യമായ തസ്തികകൾ (മീറ്റർ റീഡർ ഉൾപ്പെടെ) അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

**രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി**

161 (3136) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കൈവരിക്കാനായ ഫിസിക്കൽ ടാർജറ്റിന്റെ വിശദവിവരം നൽകാമോ;

(സി) പദ്ധതി പൂർത്തീകരിക്കാൻ നിലവിലുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അവലോകനം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം 73453 ബി.പി.എൽ. വീടുകൾ വൈദ്യുതീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ 113420 വീടുകൾ വൈദ്യുതീകരിച്ചു. ഇതിനാവശ്യമായ അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചു.

(സി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി 30-11-2015-ഓടുകൂടി കേരളത്തിൽ പൂർത്തീകരിച്ചു.

## ചിറക്കര കെ.എസ്.ഇ.ബി. ഓവർസിയർ ആഫീസ്

162 (3137) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽപ്പെട്ട ചിറക്കര കെ.എസ്.ഇ.ബി. ഓവർസിയർ ആഫീസ് സബ് എഞ്ചിനീയറുടെ ഓഫീസായി ഉയർത്താൻ ജനപ്രതിനിധി മുഖേന നിവേദനം നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) വൈദ്യുതിചാർജ്ജ് സ്വീകരിക്കുന്നതിനായി ബാങ്കുകളെയും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളെയും അക്ഷയ സെന്ററുകളെയും ഉപയോഗപ്പെടുത്താൻ ആലോചിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുമ്പോൾ, വീടുകളിലേക്ക് കൃത്യമായ വഴിയും മറ്റും ഇല്ലാത്തവർക്ക് വൈദ്യുതി പോസ്റ്റ് സ്ഥാപിച്ച് അവർക്ക് വൈദ്യുതി വേഗത്തിൽ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിറക്കര കെ.എസ്.ഇ.ബി. ഓവർസിയർ ഓഫീസ് സബ് എഞ്ചിനീയർ ഓഫീസായി ഉയർത്തണമെന്ന ആവശ്യം ബോർഡ് പരിശോധിച്ചിരുന്നു. പുതിയ സബ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ സബ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്.

(സി) ബാങ്കുകളേയും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളെയും അക്ഷയ സെന്ററുകളെയും വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനായി ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഒദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന 45 ഓളം പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിങ്ങിലൂടെയും വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കനറാ ബാങ്ക്, ICICI ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ്

ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ബാങ്കുകൾക്ക് പുറമേ എല്ലാ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വൈദ്യുതി കണക്ഷനായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ ജീവനക്കാർ സ്ഥല പരിശോധന നടത്തുന്നുണ്ട്. സ്ഥല പരിശോധനയിൽ ഗുണഭോക്താവിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് മറ്റ് സ്വകാര്യ വസ്തുക്കളിൽക്കൂടി വൈദ്യുതി ലൈൻ വലിക്കേണ്ടിവരുമെന്ന് ബോദ്ധ്യപ്പെടുകയും ഇതിന് ബന്ധപ്പെട്ട വസ്തു ഉടമ/ഉടമകൾ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിലും ഗുണഭോക്താവ് മറ്റ് വസ്തു ഉടമകളുടെ എതിർപ്പ് ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന് അറിയിക്കുന്ന സാഹചര്യങ്ങളിലും ബന്ധപ്പെട്ട റവന്യൂ അധികാരികളുടെ തീർപ്പിന്മേൽ വൈദ്യുത കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**പൊട്ടിവീണ വൈദ്യുതി കമ്പിയിൽനിന്ന് ഷോക്കേറ്റ് മരണം**

163 (3138) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കാസർഗോഡ് ജില്ലയിലെ പാക്കം ചരൽ കടവിലെ പടിഞ്ഞാറ്റയിൽ സി. നാരായണൻ നായർ, പൊട്ടി വീണ വൈദ്യുതി കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരണപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിയാന്റെ കുടുംബത്തിന് വൈദ്യുതി വകുപ്പ് എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം സഹായം അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) 31-8-2016-ൽ കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ പെരിയ ബസാർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള ചരൽകടവ് എന്ന പ്രദേശത്ത് പൊട്ടിവീണ എൽ.റ്റി. ലൈനിൽ നിന്നുള്ള വൈദ്യുതാഘാതമേറ്റ് നാരായണൻ നായരും അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള 2 വളർത്തുപശുക്കളും മരണമടഞ്ഞതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിന് ആവശ്യപ്പെട്ട രേഖകൾ ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി സുരക്ഷാ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരമുള്ള അനന്തരാവകാശികൾക്കും കൂടാതെ ജീവഹാനി സംഭവിച്ച 2 പശുക്കളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇടുക്കി പവർ ഹൗസ് നവീകരണ പദ്ധതി**

164 (3139) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പവർ ഹൗസ് നവീകരിക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എത്ര ജനറേറ്ററുകളാണ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ നവീകരണ പദ്ധതിയുടെ അടങ്കൽ തുക എത്ര കോടി രൂപയാണെന്നും ഏത് കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) നവീകരണത്തിന്റെ ഭാഗമായി ജനറേറ്ററുകളുടെ പ്രവർത്തനം നിർത്തി വെയ്ക്കുമ്പോൾ ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഒന്നാം ഘട്ടത്തിലെ മൂന്ന് മെഷീനുകളാണ് (3x130MW) നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഒന്നാംഘട്ട മെഷീനുകളുടെ നവീകരണത്തിനായി ബോർഡ് 16-3-2015-ന് 89.90 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. മെഷീനുകളുടെ (3x130 MW) ഗവർണർ, കൺട്രോൾ സിസ്റ്റം, എക്സൈറ്റേഷൻ സിസ്റ്റം, ആക്സിലറി ഉപകരണങ്ങൾ എന്നവ നവീകരിക്കുന്നതിലേയ്ക്കായി അൽസ്റ്റോം ഇന്ത്യ ലിമിറ്റഡ്, ബറോഡ എന്ന കമ്പനിയുമായി 45.55 കോടി രൂപയ്ക്ക് കരാർ ഉറപ്പിച്ചു. ദർഘാസ് നടപടികൾക്കിടയിൽ അൽസ്റ്റോം ഇന്ത്യ ലിമിറ്റഡ് ജി.ഇ.യുമായി ലയിക്കുകയും കമ്പനിയുടെ നാമം ജി.ഇ.പവർ ഇന്ത്യ ലിമിറ്റഡ് എന്നാക്കുകയും 24-9-2016-ന് ജി.ഇ. പവർ ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയുമായി കരാർ ഒപ്പിട്ടു.

(സി) ഇടുക്കിയിൽ ഓരോ ജനറേറ്റർ വീതമാണ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യത്തെ ജനറേറ്റർ 2017 ജൂൺ പകുതിയോടെ നവീകരണ പ്രവൃത്തികൾ തുടങ്ങും. 2018 ഫെബ്രുവരി പകുതിയോടെ പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ വർഷവും മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ എല്ലാ ജനറേറ്ററുകളും ലഭ്യമാക്കത്തക്ക രീതിയിലാണ് നവീകരണ പ്രവൃത്തികൾ ക്രമീകരിച്ചിട്ടുള്ളത്. പ്രസ്തുത സമയത്ത് കൂടുതൽ വൈദ്യുതി വാങ്ങുവാനുള്ള നടപടികൾ നേരത്തേതന്നെ സ്വീകരിച്ചിരുന്നു. 2016 ഡിസംബർ മുതലും 2017 ഒക്ടോബർ മുതലും ലഭ്യമാക്കത്തക്ക രീതിയിൽ 865 മെഗാവാട്ട് (ഏകദേശം കേരളത്തിൽ ലഭ്യമാകുന്ന രീതിയിൽ) ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2017-ലെ കാലവർഷത്തിന്റെ പ്രവചനമറിഞ്ഞതിനുശേഷം കൂടുതൽ വൈദ്യുതി ആവശ്യമെന്ന് കാണുന്ന പക്ഷം 2017 ഏപ്രിൽ മാസത്തോടെ ഹ്രസ്വകാല കരാറിലേർപ്പെടുന്നതാണ്.

**അണ്ടർ ഗ്രൗണ്ട് കേബിൾ**

165 (3140) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രധാനപ്പെട്ട ടൗണുകളിൽ കെ.എസ്.ഇ.ബി.-യുടെ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

നിലവിലുണ്ട്. ആർ.എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം 26 ടൗണുകളിൽ പദ്ധതി പ്രവൃത്തികൾ നടന്നുവരുന്നു. 2017 മാർച്ച് വരെ ഈ പദ്ധതിക്ക് കാലാവധി ഉണ്ട്. പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.പി.ഡി.എസ്. 59 സ്റ്റാറ്റ്യൂട്ടറി ടൗണുകളിലും 4 പുതിയ മുനിസിപ്പാലിറ്റികളുമായി നടത്തുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. 193 കിലോമീറ്റർ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്.

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

166 (3141) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഓരോ നദിയിലും സ്ഥാപിക്കാൻ കഴിയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഊർജ്ജ പ്രതിസന്ധി നേരിടുന്ന നിലവിലെ സാഹചര്യത്തിൽ, പൊതു - സ്വകാര്യ പങ്കാളിത്തത്തോടു കൂടി ചെറുകിട ജല വൈദ്യുത പദ്ധതികൾ വികസിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പരിഗണിക്കുന്നതാണ്.

(ബി) സാധ്യത പരിശോധിക്കുന്നുണ്ട്.

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

167 (3142) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥലമെടുപ്പും ടെണ്ടർ നടപടികളും പൂർത്തിയായിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

രണ്ട്.

1. അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി 16-7-2016-ൽ നിർമ്മാണ കരാർ നൽകി.

2. പെരുവണ്ണാമൂഴി ചെറുകിട ജല വൈദ്യുത പദ്ധതിയുടെ (6 മെഗാവാട്ട്) സ്ഥലമെടുപ്പ് പൂർത്തിയാക്കി 30-9-2016-ൽ ടെണ്ടർ ചെയ്തു.

**അടയമൺ കേന്ദ്രമായി കെ.എസ്.ഇ.ബി. ഓവർസിയർ ഓഫീസ്**

168 (3143) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ അടയമൺ കേന്ദ്രമായി കെ.എസ്.ഇ.ബി. ഓവർസിയർ ഓഫീസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

അടയമൺ കേന്ദ്രമായി കെ.എസ്.ഇ.ബി. ഓവർസിയർ ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ബോർഡ് പരിശോധിച്ചിരുന്നു. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ ഓവർസിയർ ഓഫീസ് അനുവദിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

**മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ**

169 (3144) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിലെ മീറ്റർ റീഡർ തസ്തികയിൽ നിലവിൽ എത്ര കരാർ തൊഴിലാളികളുണ്ട്;

(ബി) നിലവിലുള്ള സ്ഥിരം ഒഴിവുകളിൽ നിയമനം നടത്താതെ ഏതെങ്കിലും സ്വകാര്യ ഏജൻസി വഴിയോ, കരാർ അടിസ്ഥാനത്തിലോ നിയമനം നടത്തുന്നതിനുള്ള തീരുമാനം കെ.എസ്.ഇ.ബി. കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മീറ്റർ റീഡർ തസ്തികയിൽ കരാർ തൊഴിലാളികളെ നിയമിച്ചിട്ടില്ല. മീറ്റർ റീഡിംഗ് എടുക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ വർക്ക് കോൺട്രാക്ട് പ്രകാരം ചെയ്യുന്നുണ്ട്.

(ബി) ഇല്ല.

**വൈദ്യുതി വിതരണം സംബന്ധിച്ച പരാതികൾ**

170 (3145) ശ്രീ. എം. എം. മണി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം സംബന്ധിച്ച പരാതികൾ അറിയിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെ നിന്നും പരാതി രേഖപ്പെടുത്തുന്നതിനുള്ള ടോൾ ഫ്രീ നമ്പർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ ;

(സി) വൈദ്യുത അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹോട്ട് ലൈൻ ഹെൽപ്പ് ഡെസ്ക് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നമ്പർ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി വിതരണം സംബന്ധിച്ച പരാതികൾ എത്രയും വേഗം പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി വിതരണം സംബന്ധിച്ച പരാതികൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ ഫോൺവഴി അറിയിക്കാവുന്നതാണ്. ബന്ധപ്പെട്ട സെക്ഷൻ ഓഫീസിന്റെ ഫോൺ നമ്പർ വൈദ്യുത ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ '1912' എന്ന നമ്പർ വഴി എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.-യുടെ 'Call Centre'-ൽ പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ ഉപഭോക്താക്കൾക്ക് പരാതികൾ നേരിട്ട് സെക്ഷൻ ഓഫീസിൽ നൽകാവുന്നതാണ്.

(ബി) വൈദ്യുതി സംബന്ധമായ പരാതികൾ രേഖപ്പെടുത്തുന്നതിന് 1912 എന്ന നമ്പർ ഇപ്പോൾ ടോൾ ഫ്രീ ആക്കിയിട്ടുണ്ട്.

(സി) വൈദ്യുതി അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹോട്ട് ലൈൻ ഹെൽപ്പ് ഡെസ്ക് നിലവിലുണ്ട്. ഇതിന്റെ നമ്പർ 9496061061 ആണ്.

(ഡി) വൈദ്യുതി വിതരണത്തിൽ തടസ്സം നേരിടാനുള്ള സാഹചര്യങ്ങൾ കഴിവതും കുറയ്ക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചുവരികയാണ്. പരാതി പരിഹരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലും 24 മണിക്കൂറും വാഹന സൗകര്യം അനുവദിച്ചിട്ടുണ്ട്. വാഹന ലഭ്യതയും ആവശ്യത്തിനുള്ള ജീവനക്കാരുടെ ലഭ്യതയും ഉറപ്പുവരുത്തുന്നതുവഴി പരാതികൾ വേഗത്തിൽ പരിഹരിക്കുവാൻ കഴിയും.

**കൂടംകുളം വൈദ്യുതി ലൈൻ**

171 (3146) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളത്തുനിന്നും വൈദ്യുതി എത്തുന്ന പവർ ഹൈവേ ലൈൻ സംസ്ഥാനത്ത് എത്ര കിലോമീറ്റർ നീളത്തിലാണ് കടന്നുപോകുന്നത്; ഇതിനായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എത്ര വീടുകൾ ഏറ്റെടുക്കേണ്ടി വരുമെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരം സംബന്ധിച്ച ധാരണയിലെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ കർഷകരുടെ കൃഷിയും വീടും നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ബദലായി ആക്ഷൻ കമ്മിറ്റികളും സർക്കാരും സമർപ്പിച്ച നിർദ്ദേശം പ്രായോഗികമല്ലെന്ന പവർഗ്രിഡ് കോർപ്പറേഷന്റെ വാദം സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൂടംകുളത്തുനിന്നും വൈദ്യുതി എത്തുന്ന പവർ ഹൈവേ ലൈൻ സംസ്ഥാനത്ത് 148 കിലോമീറ്റർ നീളത്തിലാണ് കടന്നുപോകുന്നത്. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നില്ല. സ്വകാര്യ ഭൂമിയിൽ കൂടി ലൈൻ കടന്നുപോകുമ്പോൾ യുക്തമായ നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ബി) വിശദമായ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്കേ നീക്കം ചെയ്യേണ്ടി വരുന്ന വീടുകളുടെ കൃത്യമായ കണക്ക് ലഭ്യമാകൂ. ലൈൻ കടന്നുപോകുന്നതിന്റെ നേരെ താഴെ 16 മീറ്റർ ഇടനാഴി വരുന്ന സ്ഥലത്ത് നിന്നും നീക്കം ചെയ്യേണ്ടി വരുന്ന വീടുകൾക്കും നിർമ്മിതികൾക്കും അവ പുനഃസ്ഥാപിക്കേണ്ട മൂല്യം കണക്കാക്കി പ്രത്യേകം നഷ്ടപരിഹാരം നൽകുന്നതിനും കേടുപാടുകൾ വരുന്ന വീടുകൾക്ക് PWD മൂല്യ നിർണ്ണയ പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനും നീക്കം ചെയ്യേണ്ടതില്ലാത്ത വീടുകൾക്ക് പ്രത്യേക പാക്കേജായി ഒരുലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിനും ധാരണയായിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 29/15/പി.ഡി. തീയതി 30-7-2015, സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 19/16/പി.ഡി. തീയതി 31-8-2016-ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പദ്ധതി പ്രദേശത്തെ കർഷകരുടെ ബുദ്ധിമുട്ടുകൾ യഥാവിധി പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെ യോഗത്തിലുണ്ടായ ധാരണകൾക്കനുസരിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

(ഡി) ആക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശം സംബന്ധിച്ച പവർഗ്രിഡ് കോർപ്പറേഷന്റെ വാദത്തെക്കുറിച്ച് വിദഗ്ദ്ധ സമിതി പഠനം നടത്തിയിട്ടുണ്ട്.

**പ്രതിദിന വൈദ്യുതി ഉത്പാദനത്തിന്റെ അളവ്**

172 (3147) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജലവൈദ്യുത പദ്ധതികളിലൂടെയും, മറ്റ് താപ, ഡീസൽ നിലയങ്ങളിലൂടെയും ഉത്പാദിപ്പിക്കുന്ന പ്രതിദിന വൈദ്യുതിയുടെ അളവ് എത്ര വീതമെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഈ ഉത്പാദനം ഇവയുടെ ഓരോന്നിന്റെയും ശേഷിയുടെ എത്ര ശതമാനം വീതമാണെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ പ്രതിദിന വൈദ്യുത ഉപഭോഗവും, ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള വ്യത്യാസവും എത്രയാണെന്ന് വ്യക്തമാക്കുമോ; എങ്ങനെയാണ് ഈ അന്തരം പരിഹരിക്കുന്നത്; സംസ്ഥാനത്തിന് പുറത്ത് നിന്ന് വാങ്ങുന്ന വൈദ്യുതിക്കായി പ്രതിദിനം എത്ര തുക ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ റിസർവോയറുകളിൽ ഇപ്പോഴത്തെ സ്ഥിതിയിൽ എത്ര ദിവസത്തേക്കുള്ള വൈദ്യുതി ഉത്പാദനത്തിനുള്ള വെള്ളമാണ് ശേഷിക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് മഴയുടെ ലഭ്യത മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്രമാത്രം കുറവാണുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഈ സാഹചര്യത്തിൽ പവർകട്ട് ഉൾപ്പെടെയുള്ള കടുത്ത വൈദ്യുതി നിയന്ത്രണത്തിന് സാദ്ധ്യതയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 ഓക്ടോബർ മാസത്തിൽ 12-10-2016 വരെയുള്ള ശരാശരിയനുസരിച്ചുള്ള വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.* സംസ്ഥാനത്ത് ജലവൈദ്യുതിയുടെ ഉത്പ്പാദനം ആവശ്യകതയ്ക്കനുസരിച്ച് ക്രമീകരിക്കുകയാണ് പതിവ്. അതനുസരിച്ച് 12-10-2016-ലെ ഉത്പ്പാദനം ലഭ്യമായ ഉത്പ്പാദനശേഷിയുടെ എത്ര ശതമാനമാണെന്ന് അനുബന്ധം 1 ൽ കൊടുത്തിട്ടുണ്ട്. *

| | | |
|---|---|---|
| (ബി) | ഒക്ടോബർ മാസത്തിലെ പ്രതിദിന ശരാശരി ഉപഭോഗം | 64.3225 മില്യൻ യൂണിറ്റ് |
| | സംസ്ഥാനത്തെ പ്രതിദിന ശരാശരി ആഭ്യന്തര ഉത്പാദനം | 11.9044 മില്യൻ യൂണിറ്റ് |
| | ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം | 52,4181 മില്യൻ യൂണിറ്റ് |

സംസ്ഥാനത്തിന് പുറത്തുനിന്നുള്ള കേന്ദ്ര വൈദ്യുതി വിഹിതം (27.9346 മില്യൻ യൂണിറ്റ്) വഴിയും മറ്റ് അന്തർ സംസ്ഥാന വാങ്ങലുകൾ വഴിയും ഈ അന്തരം പരിഹരിക്കുന്നു. 2016 ആഗസ്റ്റ് മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്ന് പ്രതിദിനം ശരാശരി 17.48 കോടി രൂപയ്ക്കുള്ള വൈദ്യുതി വാങ്ങിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സംസ്ഥാനത്തെ റിസർവോയറുകളിൽ 13-10-2016-ലെ കണക്കനുസരിച്ച് 2201.550 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളമുണ്ട്. ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

(ഡി) സംസ്ഥാനത്ത് ഈ വർഷം ജൂൺ മുതൽ ഇതുവരെ (13-10-2016) ലഭിച്ച നീരൊഴുക്ക് 2766.55 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളമാണ്. പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ ഏകദേശം 55.44 ശതമാനം മാത്രമേ ലഭിച്ചിട്ടുള്ളൂ. കഴിഞ്ഞ വർഷങ്ങളിലെ ഒക്ടോബർ 13-ാം തീയതിയിലെ കേരളത്തിലെ ജലസംഭരണം ചുവടെ ചേർക്കുന്നു :

| വർഷം | ജലസംഭരണം (ദശലക്ഷം യൂണിറ്റ്) |
|---|---|
| 2012 | 1740.027 |
| 2013 | 3769.619 |
| 2014 | 3112.906 |
| 2015 | 2489.510 |
| 2016 | 2201.550 |

(ഇ) ഇല്ല. മഴ ദൗർലഭ്യംമൂലം പ്രതീക്ഷിക്കുന്ന കുറവ്, പുറമേനിന്ന് വൈദ്യുതി വാങ്ങി നികത്താൻ കഴിയുമെന്ന് കരുതുന്നു. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

173 (3148) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ അലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അപേക്ഷകളും ഫീസും ഓൺലൈനിൽ സ്വീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ലെ ചട്ടങ്ങൾ പ്രകാരം വിതരണ ശൃംഖല വിപുലീകരിക്കേണ്ട ആവശ്യമില്ലെങ്കിൽ അപേക്ഷകന് പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ നൽകണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു. ഇതനുസരിച്ച് പുതിയതായി പോസ്റ്റോ ലൈനോ ആവശ്യമില്ലാത്ത കണക്ഷനുകൾ 2 പ്രവൃത്തി ദിവസത്തിനുള്ളിലും സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷനുകൾ 7 ദിവസത്തിനുള്ളിലും ഓവർ ഹെഡ് ലൈൻ ആവശ്യമുള്ള കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. ഇതനുസരിച്ച് പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുവാൻ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ, മുതലായവ ഹാജരാക്കേണ്ടതാണ്.

(സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള എല്ലാ അപേക്ഷകൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഉടമസ്ഥാവകാശം മാറ്റൽ, താരിഫ് മാറ്റൽ മുതലായവയ്ക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

## വൈദ്യുതി കുടിശ്ശിക തുക അടയ്ക്കുവാനുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

174 (3149) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക (3/2016-ലെ കണക്ക് പ്രകാരം 125,21,49,113 രൂപ) വരുത്തിയ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ നിന്ന് കുടിശ്ശിക തുക പിരിയ്ക്കാൻ ബോർഡ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇത്രയും ഭീമമായ തുക കുടിശ്ശിക വരുത്തിയിട്ടും എന്ത് മാനദണ്ഡ പ്രകാരമാണ് നാളിതുവരെ വൈദ്യുതി വിച്ഛേദിയ്ക്കാതിരുന്നതെന്ന് വിശദമാക്കുമോ;

(സി) എത്ര കാലത്തെ കുടിശ്ശികയാണ് ഇതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ അനാസ്ഥ കാണിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കേരള വാട്ടർ അതോറിറ്റി മുതലായ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടയ്ക്കാനുള്ള ഭീമമായ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നതിനായി വൈദ്യുതി ബോർഡ് ഒട്ടേറെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതേത്തുടർന്ന് ഗവൺമെന്റ് തലത്തിലും ബോർഡ് തലത്തിലും നിരവധി മീറ്റിംഗുകൾ താഴെപ്പറയുന്ന തീയതികളിൽ കൂടുകയുണ്ടായി.

2-1-1998 – പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം

2-1-2000 - ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം

18-4-2001- ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം

27-5-2004 - ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം

10-3-2010 - അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വൈദ്യുതിബോർഡും റ്റിസിസിയുമായി നടന്ന ഹൈപവർ മീറ്റിംഗ്

9-2-2012 - ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം

18-12-2013- വൈദ്യുതി ബോർഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറും റ്റിസിസി അധികൃതരുമായി നടന്ന ചർച്ച.

21-1-2014 - ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വൈദ്യുതി ബോർഡും റ്റിസിസിയുമായി നടന്ന യോഗം

എന്നാൽ പ്രസ്തുത സ്ഥാപനം കുടിശ്ശിക സംബന്ധിച്ച തർക്കം ഉന്നയിച്ചതിനാൽ ബോർഡും റ്റിസിസിയുമായുള്ള സംയുക്തമായ കണക്ക് പരിശോധനകളിലൂടെ നിലവിലെ കുടിശ്ശിക തുക റ്റിസിസി ലിമിറ്റഡിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതേതുടർന്ന് 21-1-2014-ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളും മുന്നോട്ടുവച്ചു.

1. M/s BSES-ന് TCC Ltd പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി കെ.എസ്.ഇ.ബി.ക്ക് മുഴുവൻ കുടിശ്ശികയും തീർപ്പാക്കാൻ കൈമാറുക,

2. കുടിശ്ശിക തുക 6 ശതമാനം പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം തീർപ്പാക്കുക.

എന്നാൽ TCC Ltd-ന്റെ Chairman and Managing Director Open Access-ന് വേണ്ടിയുള്ള NOC, KSE Board Ltd നൽകണമെന്നാവശ്യപ്പെടുകയും കുടിശ്ശിക നിലവിലുള്ളതിനാൽ 2013-ലെ KSERC ഓപ്പൺ ആക്സസ് റഗുലേഷൻ പ്രകാരം ബോർഡ് പ്രസ്തുത ആവശ്യം നിരാകരിക്കുകയും ബോർഡിന്റെ തീരുമാന ത്തിനെതിരെ TCC Ltd, WP (C) No.16113/2015 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയുമുണ്ടായി. ബഹുമാനപ്പെട്ട കോടതി നിർദ്ദേശപ്രകാരം TCC Ltd ന്റെ 20 ഏക്കർ ഭൂമി കെ.എസ്.ഇ. ബോർഡിന്റെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കൈമാറ്റം നടത്താൻ 19-9-2015-ലെ സ.ഉ (എംഎസ്.) 33/2015/പി.ഡി.പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് വിവിധ തൊഴിലാളി സംഘടനകൾ എതിർപ്പ് അറിയിച്ചതിനെതുടർന്ന് സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കാൻ തീരുമാനിക്കുകയും 17-10-2015-ലെ സ.ഉ.(എംഎസ്.) 35/2015/പി.ഡി. പ്രകാരം പ്രസ്തുത നിർദ്ദേശം തൽക്കാലം നടപ്പിലാക്കേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യത്തിലുള്ള തുടർ നടപടികൾ വ്യവസായ വകുപ്പുമായി ചേർന്ന് സർക്കാർതലത്തിൽ നടന്നുവരികയാണ്.

(ബി) എന്നാൽ പ്രസ്തുത സ്ഥാപനം സർക്കാർ അധീനതയിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായതിനാലും സാമ്പത്തിക പരാധീനത അനുഭവിക്കുന്ന ഈ സ്ഥാപനത്തിൽ ഒട്ടേറെ തൊഴിലാളികൾ പണിയെടുക്കുന്നതിനാലും കൂടാതെ കുടിശ്ശിക തീർപ്പാക്കുന്ന വിഷയത്തിൽ വിവിധ തലത്തിലുള്ള ഇടപെടലുകൾ നടന്നുകൊണ്ടിരിക്കുന്നതിനാലും യുക്തമായ കുടിശ്ശിക നിവാരണ സ്കീം നിലവിൽ വരുന്നതുവരെ വൈദ്യുതി ബോർഡ് ഈ വിഷയത്തിൽ കണക്ഷൻ വിച്ഛേദിക്കൽ പോലുള്ള കടുത്ത നടപടികളിലേയ്ക്ക് കടക്കാത്തത്.

(സി) 4/1983 മുതൽ 3/16 വരെയുള്ള 30 വർഷത്തെ വിവിധ തരത്തിലുള്ള കുടിശ്ശിക തുകയാണിത്.

(ഡി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടില്ല.

(ഇ) കേരള വാട്ടർ അതോറിറ്റി മുതലായ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി പ്രസ്തുത സ്ഥാപന മേധാവികളുമായി ബോർഡ് തലത്തിലും സർക്കാർ തലത്തിലും നിരവധി മീറ്റിംഗുകൾ നടത്തുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെ റവന്യൂ കളക്ഷന്റെ 25 ശതമാനം ബോർഡിലേയ്ക്ക് ഒടുക്കുന്നതിന് Escrow Account തുടങ്ങുന്നതിനും ഉപയോഗിക്കപ്പെടാത്ത പ്ലാൻ ഫണ്ടിൽനിന്നും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## വൈദ്യുതി ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള വ്യത്യാസം

175 (3150) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ വൈദ്യുതി ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ?

ഉത്തരം

2016-17 സാമ്പത്തിക വർഷത്തിൽ നാളിതുവരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ പ്രതിദിന ശരാശരി ആവശ്യകത 65.62 ദശലക്ഷം യൂണിറ്റായിരുന്നു. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള വിവിധ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള പ്രതിദിന ശരാശരി ഉത്പാദനം 14.65 ദശലക്ഷം യൂണിറ്റാണ്. അധികമായി ആവശ്യം വരുന്ന 50.97 ദശലക്ഷം യൂണിറ്റ് കേന്ദ്ര നിലയങ്ങളിൽനിന്നും വൈദ്യുത വ്യാപാരികളിൽനിന്നും ഉത്പാദകരിൽനിന്നും പവർ എക്സ്ചേഞ്ചുകളിൽനിന്നുമാണ് കണ്ടെത്തിയത്.

## കോതമംഗലം മണ്ഡലത്തിലെ ആദിവാസി കോളനികളുടെ വൈദ്യുതീകരണം

176 (3151) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ വൈദ്യുതീകരണം പൂർത്തിയാകാത്ത എത്ര ആദിവാസി കോളനികളുണ്ട്;

(ബി) വൈദ്യുതീകരണം പൂർത്തീകരിച്ച എത്ര ആദിവാസി കോളനികളുണ്ട്;

(സി) വൈദ്യുതീകരിച്ചതും, വൈദ്യുതീകരിക്കാത്തതുമായ കോളനികളുടെ പേര് വിവരം ലഭ്യമാക്കുമോ;

(ഡി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി മണ്ഡലത്തിലെ മുഴുവൻ ആദിവാസി കോളനികളും വൈദ്യുതീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോതമംഗലം മണ്ഡലത്തിൽ വൈദ്യുതീകരണം പൂർത്തിയാകാത്ത 6 ആദിവാസി കോളനികളും വൈദ്യുതീകരണം പൂർത്തീകരിച്ച 5 കോളനികളും ആണുള്ളത്.

(സി) പന്തപ്ര, മേതനപ്പാറ, പിണവൂർകുടി, വെള്ളാരംകുത്ത്, എളംബ്ലാശ്ശേരി എന്നിവ വൈദ്യുതീകരിച്ച കോളനികളും വാരിയം, തേര, ഉറിയംപെട്ടി, കുഞ്ചിപ്പാറ, തലവച്ചപാറ, ഇടുക്കി കോളനി (താളുകണ്ടം) എന്നിവ വൈദ്യുതീകരിക്കാത്ത കോളനികളുമാണ്.

(ഡി) വാരിയം, തേര, ഉറിയംപെട്ടി, കുഞ്ചിപ്പാറ, തലവച്ചപാറ എന്നീ കോളനികൾ വികേന്ദ്രീകൃത വൈദ്യുതോത്പാദനവും വിതരണവും (De-Centralised & Distributed Generation and Micro-Grid) സ്കീമിൽ ഉൾപ്പെടുത്തി സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇടുക്കി കോളനി വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ തുക ട്രൈബൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിച്ചിട്ടുണ്ട്. വൈദ്യുതീകരണ ജോലികൾ ഉടനെതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

**മീറ്റർ റീഡർമാരുടെ ഒഴിവുകൾ**

177 (3152) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ തസ്തികയിലെ എത്ര ഒഴിവുകൾ ഇതിനകം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ശേഷിക്കുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

27-8-2011-നുശേഷം മീറ്റർ റീഡർ തസ്തികയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും ഒരു റിപ്പോർട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആവശ്യമായ തസ്തികകൾ (മീറ്റർ റീഡർ ഉൾപ്പെടെ), അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

## അങ്കമാലി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന്റെ ശോച്യാവസ്ഥ

178 (3153) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) നിലവിൽ ഡിവിഷൻ ഓഫീസിന് വേണ്ടുന്ന കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ മുതലായവയുടെ കുറവും, ജീവനക്കാർക്കും ഉപഭോക്താക്കൾക്കും ഇരിക്കുവാനോ തടസ്സം കൂടാതെ കൃത്യനിർവ്വഹണം നടത്തുന്നതിനോ കഴിയാത്ത കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ഡി) നിലവിൽ പ്രസ്തുത ഡിവിഷന്റെ കീഴിൽ എത്ര സെക്ഷനുകൾ ഉണ്ടെന്നും ഓരോ സെക്ഷനിലും എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) അങ്കമാലി മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എത്ര അപേക്ഷകരാണ് നിലവിൽ അവശേഷിക്കുന്നതെന്നും ഇവർക്ക് കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണവും വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഉണ്ട്. അങ്കമാലി ഡിവിഷന്റെ പ്രവർത്തനം ആരംഭിച്ചത് മാർച്ച് 2016-ൽ ആണ്. താൽക്കാലികമായി ബി & എസ്-ന്റെ കെട്ടിടത്തിലാണ് പ്രസ്തുത ഓഫീസ് പ്രവർത്തിച്ചുവരുന്നത്. അതിനാൽ സ്ഥലദൗർലഭ്യവും മറ്റും ഇപ്പോൾ അനുഭവപ്പെടുന്നുണ്ട്. ടി ഡിവിഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഓഫീസിന് വേണ്ടി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മറ്റു ഓഫീസുകളിൽനിന്നുള്ള പഴയ കമ്പ്യൂട്ടറുകൾ നവീകരിച്ച് ടി ഓഫീസിന്റെ പ്രവർത്തനം നടത്തിവരുന്നു.

(ഡി) ടി ഡിവിഷന് കീഴിൽ 9 സെക്ഷനുകൾ ഉണ്ട്. ഓരോ സെക്ഷനിലുമുള്ള ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കാലടി | - | 16432 |
| തുറവൂർ | - | 7355 |
| മഞ്ഞപ്ര | - | 10226 |
| അങ്കമാലി | - | 18389 |
| പാറക്കടവ് | - | 7496 |
| കറുകുറ്റി | - | 9775 |
| മൂക്കന്നൂർ | - | 7680 |
| മലയാറ്റൂർ | - | 8398 |
| കാഞ്ഞൂർ | - | 8170 |

(ഇ) അങ്കമാലി ഡിവിഷന് കീഴിൽ പുതിയ കണക്ഷനുകൾ എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഉടൻ നൽകിവരുന്നു. കൂടാതെ ബി.പി.എൽ. അപേക്ഷകർക്ക് ഡി.ഡി.യു.ജി.ജെ.വൈ.പദ്ധതിയിൽപ്പെടുത്തി കണക്ഷനുകൾ നൽകാറുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട കണക്ഷനുകൾ പ്രകാരം അങ്കമാലി നിയോജക മണ്ഡലത്തിൽ 403 ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ട്. ഇവർക്ക് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

179 (3154) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ലൈൻ വലിക്കുവാൻ കഴിയാത്ത ഉൾപ്രദേശങ്ങളിൽ ഏത് രീതിയിൽ വൈദ്യുതി എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 1306 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ലൈൻ വലിക്കുവാൻ കഴിയാത്ത ഉൾപ്രദേശങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പമ്പാവാലി മേഖല കേന്ദ്രീകരിച്ച് ഇലക്ട്രിക്കൽ സെക്ഷനാഫീസ്

180 (3155) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുനാട് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ നാറാണംതോട്, കിസുമം, പമ്പാവാലി, തുലാപ്പള്ളി, അറയാഞ്ഞിലിമണ്ണ് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ വൈദ്യുതി സംബന്ധമായ എല്ലാ കാര്യങ്ങൾക്കും ആശ്രയിക്കുന്നത് എരുമേലിയിലെ ഇലക്ട്രിക്കൽ സെക്ഷനാഫിസിനെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിസ്തൃതിയേറിയ പരിധിയുള്ള എരുമേലി സെക്ഷനാഫീസിന്റെ കിഴക്കൻ മേഖലയിലെ ഉപഭോക്താക്കൾക്ക് പ്രയോജനം ചെയ്യുംവിധം പമ്പാവാലിയോ കണമലയോ കേന്ദ്രീകരിച്ച് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് ആരംഭിച്ചാൽ ജനങ്ങൾ ഇപ്പോൾ അനുഭവിച്ചുവരുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എരുമേലി സെക്ഷന്റെ പമ്പാവാലി മേഖലയിൽ വരുന്ന ഉപഭോക്താക്കൾക്ക് പ്രയോജനം ചെയ്യുംവിധം ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നിലവിലുള്ള എരുമേലി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് എരുമേലി സെക്ഷന്റെ കിഴക്കൻ മേഖലയിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി കണമല/മുക്കൂട്ടുതറ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25,000 ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ എരുമേലി സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

## കാറ്റിൽനിന്നും വൈദ്യുതി

181 (3156) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദനം നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) നിലവിൽ കാറ്റിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കാറ്റിൽ നിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാപഠനം കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിനുകീഴിലുള്ള C-WET (ഇപ്പോൾ NIWE- National Institute of Wind Energy) മുഖേനയാണ് നടത്തിവരുന്നത്. 1990 മുതൽ 2008 വരെ 26 വിന്റ് മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് നടത്തിയ പഠനങ്ങളിൽ 17 സ്ഥലങ്ങൾ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 11 സ്ഥലങ്ങൾ ഇടുക്കിയിലും 5 സ്ഥലങ്ങൾ പാലക്കാട് ജില്ലയിലും ഒരെണ്ണം തിരുവനന്തപുരത്തുമാണ്. മേൽപ്പറഞ്ഞ C-WET നടത്തിയ പഠനത്തിൽ 790 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. വൈദ്യുതി ബോർഡ് കഞ്ചിക്കോട് നിലവിലുള്ള കാറ്റാടിപ്പാടത്തിന്റെ ശേഷി വർദ്ധിപ്പിക്കാനും അതിന് സമീപപ്രദേശത്ത് പുതിയ കാറ്റാടി യന്ത്രം സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം NIWE-യുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് നടത്തിയിട്ടുണ്ട്.

(ബി) നിലവിൽ കെ.എസ്.ഇ.ബി.യുടെ കഞ്ചിക്കോട്ടുള്ള കാറ്റാടിപ്പാടത്തു നിന്നും മറ്റ് സ്വകാര്യ സംരംഭകർവഴിയും 2015-16 സാമ്പത്തിക വർഷത്തിൽ 58.78 ദശലക്ഷം യൂണിറ്റ് വൈദ്യുതി കാറ്റിൽനിന്നും ഉത്പാദിപ്പിച്ചു.

(സി) കാറ്റിൽനിന്നും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. കേരളത്തിൽ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആകെ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട്

ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു. കാറ്റിൽനിന്നും വൈദ്യുതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് കൂടുതൽ കൃത്യതയോടെ കാറ്റിന്റെ വേഗവും സമയവും കണ്ടെത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ചെറു കാറ്റാടി യന്ത്രങ്ങളും, ഒപ്പം തന്നെ അനിമോ മീറ്ററുകളും സ്ഥാപിക്കാൻ വേണ്ട നടപടികൾ KSEBL സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് കഞ്ചിക്കോട് 2.625 മെഗാവാട്ടും പൂവാർ മത്സ്യബന്ധന കോളനി ആസ്ഥാനമാക്കി ഒരു മെഗാവാട്ടും സ്ഥാപിത ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ NHPC അഗളിയിൽ 72 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം നിർമ്മിക്കാനുള്ള MOU സർക്കാരുമായി ഒപ്പുവെച്ചിട്ടുണ്ട്.

## കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് വൈദ്യുതി വകുപ്പിന് കീഴിൽ വരുന്ന സ്ഥലം ലഭ്യമാക്കാൻ നടപടി

182 (3157) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ രാജാക്കാട്, പാമ്പാട്ടുംപാറ എന്നീ പഞ്ചായത്തുകളിൽ ജലനിധി പദ്ധതിയിൽപ്പെടുത്തി കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് വൈദ്യുതി വകുപ്പിന് കീഴിൽ വരുന്ന സ്ഥലം അനുവദിച്ച് നല്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഭൂമി വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഫീൽഡ് ഓഫീസർ പദ്ധതിപ്രദേശം സന്ദർശിക്കുകയും അനുമതിക്കായി വേണ്ട കൂടുതൽ വിവരങ്ങൾ രാജാക്കാട് പഞ്ചായത്ത് അധികാരികളോട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിവരങ്ങൾ ലഭിക്കുന്നതിനനുസരിച്ച് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ**

183 (3158) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ 1-7-2011 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ എത്ര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) അതിൽ എത്ര എണ്ണം ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(സി) ലക്കിടി-പേരൂർ സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രവർത്തനം തുടങ്ങുമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 1-7-2011 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ കൂട്ടുപാത, ഓങ്ങല്ലൂർ, വണ്ടിത്താവളം, വടവന്നൂർ, വാളയാർ, കായറാടി, ലക്കിടി കൂട്ടുപാത, കുമ്പിടി, വിളയൂർ എന്നീ 9 സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിൽ കൂട്ടുപാത, ഓങ്ങല്ലൂർ, വണ്ടിത്താവളം, വടവന്നൂർ, കുമ്പിടി എന്നീ 5 സെക്ഷൻ ഓഫീസുകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(സി) പത്തിരിപ്പാല, ഒറ്റപ്പാലം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ലക്കിടി കൂട്ടുപാത എന്ന പേരിൽ ഒരു പുതിയ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിച്ചിട്ടുണ്ട്. ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചത് പ്രകാരം സ്ഥലമോ കെട്ടിടമോ ലഭ്യമല്ലാത്തതിനാലാണ് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തത്.

**പാലക്കാട് ജില്ലയിൽ നിന്നുള്ള വൈദ്യുതി കുടിശ്ശിക**

184 (3159) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ സർക്കാർ, പൊതുമേഖല, സ്വകാര്യ മേഖല സ്ഥാപനങ്ങളിൽ നിന്നും കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ സ്ഥാപനങ്ങൾ ഏത് വർഷം വരെയുള്ള കുടിശ്ശികയാണ് അടച്ചുതീർക്കാനുള്ളത് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) <u>എച്ച്.റ്റി.വിഭാഗം</u>

| | | | |
|---|---|---|---|
| 1. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി | - | 86,698 രൂപ |
| 2. | ഗവൺമെന്റ് ഐ.ടി.ഐ.മലമ്പുഴ | - | 72,930 രൂപ |

എച്ച്.റ്റി.വിഭാഗത്തിൽ പാലക്കാട് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയൊന്നുംതന്നെ പിരിഞ്ഞു കിട്ടാനില്ല. എച്ച്.റ്റി. വിഭാഗത്തിൽ സ്വകാര്യ മേഖലയിലെ 38 സ്ഥാപനങ്ങളിൽനിന്നും 23,80,01,624 രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്.

<u>എൽ.റ്റി. വിഭാഗം</u>

| | | |
|---|---|---|
| സർക്കാർ സ്ഥാപനങ്ങൾ | - | 769.50 ലക്ഷം |
| സ്വകാര്യ സ്ഥാപനങ്ങൾ | - | 1182.87 ലക്ഷം |
| പൊതുമേഖലാ സ്ഥാപനങ്ങൾ | - | 4123.84 ലക്ഷം |

(ബി) 2016 വരെയുള്ള കുടിശ്ശിക അടച്ചുതീർക്കുവാനുണ്ട്.

## സർവ്വീസ് വയർ ഉപയോഗിച്ച് കണക്ഷൻ കൊടുക്കാവുന്ന പരമാവധി ദൂരപരിധി

185 (3160) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമപ്രകാരം സർവ്വീസ് വയർ ഉപയോഗിച്ച് കണക്ഷൻ കൊടുക്കാവുന്ന പരമാവധി ദൂരപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിയമപരമായ ദൂരപരിധി ലംഘിച്ചുകൊണ്ട് സർവ്വീസ് വയർ ഉപയോഗിച്ച് കണക്ഷൻ കൊടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അപകടകരമാം വിധം തൂണുകൾ സ്ഥാപിച്ച് കണക്ഷൻ നൽകിയിരിക്കുന്ന ഇത്തരം കേസുകളിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സാധാരണ സാഹചര്യങ്ങളിൽ വെതർ പ്രൂഫ് സർവ്വീസ് വയർ ഉപയോഗിച്ച് കണക്ഷൻ കൊടുക്കുന്ന പരമാവധി ദൂരപരിധി 35 മീറ്റർ ആണ്.

(ബി) ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് നടപടിയെടുക്കും.

(സി) നിയമം ലംഘിച്ചുകൊണ്ട് അപകടകരമാംവിധം എവിടെയെങ്കിലും സർവ്വീസ് കണക്ഷൻ നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ പ്രവർത്തനക്ഷമമല്ലാത്ത അണ്ടർഗ്രൗണ്ട് കേബിളിങ്

186 (3161) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ വിളിച്ച ചേർത്ത യോഗത്തിൽ ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ, കാസർഗോഡ് മുനിസിപ്പാലിറ്റി പ്രദേശത്ത് വർഷങ്ങൾക്കുമുമ്പ് നടത്തിയ അണ്ടർഗ്രൗണ്ട് കേബിളിങ് ഇതുവരെ ചാർജ് ചെയ്യാത്ത വിഷയത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രവർത്തനക്ഷമമല്ലാത്ത അണ്ടർഗ്രൗണ്ട് കേബിളിങ് എവിടെയൊക്കെയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് മുനിസിപ്പാലിറ്റി പ്രദേശത്ത് 2005-2006 വർഷത്തിൽ എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം 1.5 കോടി രൂപ ചെലവഴിച്ചാണ് 5 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിച്ചത്. ബി.എസ്.എൻ.എൽ., പി.ടി.സി.സി. അനുമതി നൽകാത്തതിനാൽ 3.67 കിലോമീറ്റർ കേബിളുകൾ നാളിതുവരെ ചാർജ് ചെയ്തിട്ടില്ല. പി.ടി.സി.സി. അനുമതിക്കായി അപേക്ഷിക്കുകയും വിവിധ ഔദ്യോഗിക തലങ്ങളിൽ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ പി.ടി.സി.സി. അനുമതി ലഭിച്ചിട്ടില്ല.

(ബി) കാസർഗോഡ് ജില്ലയിൽ പ്രവർത്തനക്ഷമമല്ലാത്ത അണ്ടർഗ്രൗണ്ട് കേബിളിങ്ങിന്റെ വിശദാംശം താഴെചേർക്കുന്നു.

1. കാസർഗോഡ് ടൗണിൽ 3.67 കിലോമീറ്റർ

| | |
|---|---|
| ന്യൂ ബസ് സ്റ്റാന്റ് 8 പോൾ സ്ട്രക്ചർ റ്റു ബിന്ദു ആർക്കേഡ് | 0.8 കിലോമീറ്റർ |
| വിക്ടോറിയ റ്റു ആലുക്കാസ് ജ്വല്ലറി | 0.4 കിലോമീറ്റർ |
| കരന്തക്കാട് റ്റു കെ.ഡി.സി. ട്രാൻസ്ഫോർമർ | 0.6 കിലോമീറ്റർ |

| | |
|---|---|
| ആലുക്കാസ് ഡി.പി.റ്റ ടി.ബി.ട്രാൻസ്ഫോർമർ | 0.35 കിലോമീറ്റർ |
| എം.ജി. ട്രാൻസ്ഫോർമർ റ്റ ഫോർട്ട് റോഡ് ട്രാൻസ്ഫോർമർ | 0.4 കിലോമീറ്റർ |
| ടി.ബി.ട്രാൻസ്ഫോർമർ റ്റ എം.ജി.ട്രാൻസ്ഫോർമർ | 0.42 കിലോമീറ്റർ |
| ഫോർട്ട് റോഡ് I ട്രാൻസ്ഫോർമർ റ്റ | 0.6 കിലോമീറ്റർ |
| ഫോർട്ട് റോഡ് II ട്രാൻസ്ഫോർമർ | 0.1 കിലോമീറ്റർ |
| എൻ.എച്ച്.17 റ്റ റോയൽ ആർക്കേഡ് | |

II. കാഞ്ഞങ്ങാട് ടൗണിൽ അലാമിപ്പള്ളി മുതൽ മൻസൂർ ഹോസ്പിറ്റൽ വരെ 5.68 കിലോമീറ്റർ.

## ഇലക്ട്രിക് പോസ്റ്റുകളുടെ അപകടാവസ്ഥ

187 (3162) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ പലപ്പോഴും അപകടകരമാകുകയും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടമുണ്ടാകുമ്പോൾ മാത്രം അന്വേഷണം നടത്തുകയും പരിഹരിക്കുകയും ചെയ്യുന്നതിന് പകരം സ്ഥിരമായി ഇലക്ട്രിക് പോസ്റ്റുകളിൽ അറ്റകുറ്റ പണികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) അപകടാവസ്ഥയിലുള്ള പോസ്റ്റുകളുടെ വിവരം പൊതുജന സഹകരണത്തോടെ ശേഖരിക്കാനും കേടുപാട് പരിഹരിക്കുവാനും എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതി പോസ്റ്റുകളിലെയും ലൈനുകളിലേയും അറ്റകുറ്റപ്പണികൾ സ്ഥിരമായി പരിശോധിക്കുവാൻ ഒരു സംവിധാനം കൊണ്ടുവരുമോ; വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ചില പോസ്റ്റുകൾ അപകട സാധ്യത ഉണ്ടാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) അപകടാവസ്ഥയിലുള്ളതും കേടുപാട് സംഭവിച്ചതുമായ പോസ്റ്റുകൾ/ ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും കേടുപാട് പരിഹരിക്കുന്നതിനും പദ്ധതികളും അടിയന്തര പരിഹാര മാർഗ്ഗങ്ങളും നിലവിലുണ്ട്. ഇക്കാര്യം കൃത്യമായും സമയബന്ധിതമായും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അപകടാവസ്ഥയിലുള്ള പോസ്റ്റുകളെ സംബന്ധിച്ച പരാതികൾ പൊതു ജനങ്ങൾക്ക് ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ ഫോൺ വഴിയോ, നേരിട്ടോ അറിയിക്കാവുന്നതാണ്. പരാതികൾ "1912" എന്ന നമ്പർ വഴി 24x7 പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.-യുടെ "Call Centre"-ലും അറിയിക്കാവുന്നതാണ്.

(ഡി) അറ്റകുറ്റപ്പണികൾ ആവശ്യമായ പോസ്റ്റുകൾ/ലൈനുകൾ തിരിച്ചറിയു ന്നതിനായി കെ.എസ്.ഇ.ബി ജീവനക്കാർ "Line Patrolling" നടത്തുകയും ശ്രദ്ധയിൽപ്പെടുന്നവ മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**കാസർഗോഡ് നിയോജകമണ്ഡലത്തിലെ സെക്ഷൻ ഓഫീസുകൾ**

188 (3163) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ സെക്ഷൻ ഓഫീസുകളുടെയും കീഴിലുള്ള കൺസ്യൂമർമാരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കാസർഗോഡ് മണ്ഡലത്തിൽ വേണ്ടത്ര സെക്ഷൻ ഓഫീസുകൾ ഇല്ലാത്തതിനാൽ ദൂരദിക്കുകളിൽനിന്ന് പല ആവശ്യങ്ങൾക്കായി സെക്ഷൻ ഓഫീസിൽ എത്തുന്ന ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സെക്ഷൻ ഓഫീസുകളിൽ എത്തിച്ചേരാനുള്ള കൺസ്യൂമർമാരുടെ പ്രയാസം ദൂരീകരിക്കുന്നതിന് ഒരു പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് എന്ന മാനദണ്ഡം ഈ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ 5 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സെക്ഷൻ ഓഫീസുകളുടെ പേര്, കൺസ്യൂമർമാരുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കാസർഗോഡ് | - | 21738 എണ്ണം |
| നെല്ലിക്കുന്ന് | - | 26701 എണ്ണം |
| ചെർക്കള | - | 24842 എണ്ണം |
| ബദിയടുക്ക | - | 22320 എണ്ണം |
| മുള്ളേരിയ | - | 17821 എണ്ണം |

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അനുവദിക്കുന്നത്.

(സി&ഡി) ഉണ്ട്. ഉപഭോക്താക്കൾക്ക് പ്രധാനമായും ഇലക്ട്രിസിറ്റി ഓഫീസുകളുമായി ബന്ധപ്പെടേണ്ടിവരുന്നത് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനാണ്. കേരളത്തിലെ എല്ലാ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളും ഒരുമ നെറ്റ് സംവിധാനവുമായി ബന്ധിപ്പിച്ചതിനെ തുടർന്ന് പണമിടപാടുകൾ ഏത് ഓഫീസുകളിലും പുറമെ ഇന്റർനെറ്റ്/നെറ്റ് ബാങ്കിംഗ് സൗകര്യങ്ങളിലൂടെയും ഇപ്പോൾ ചെയ്യാവുന്ന സാഹചര്യമുണ്ട്. കേരളത്തിൽ ആകെ 941 ഗ്രാമപഞ്ചായത്തുകളും 87 മുനിസിപ്പൽ കോർപ്പറേഷനുകളും 6 കോർപ്പറേഷനുകളും ഉൾപ്പെടെ 1200 ഓളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നിലവിലുള്ളത്. ആകെ 778 സെക്ഷൻ ഓഫീസുകളാണ് ബോർഡ് അനുവദിച്ചിട്ടുള്ളത്. ഓരോ ഗ്രാമ പഞ്ചായത്തിലും ഒരു സെക്ഷൻ ഓഫീസ് എന്ന മാനദണ്ഡം നിലവിലില്ല. കൂടാതെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്.

**തൃക്കാക്കര നിയോജകമണ്ഡലത്തിൽ ഭൂഗർഭ വൈദ്യുത കേബിൾ**

189 (3164) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് ഭൂഗർഭ വൈദ്യുത കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പൂർത്തിയായിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) തൃക്കാക്കര നിയോജകമണ്ഡലത്തിൽ പൂർണ്ണമായും ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ മണ്ഡലത്തിൽ പൂർണ്ണമായും ഭൂഗർഭ കേബിൾ ഇടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ താഴെ വിവരിക്കുന്ന പ്രദേശങ്ങളിൽ ഭൂഗർഭ വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്.

1. എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം.

| | | |
|---|---|---|
| ഗിരിനഗർ മേഖല | - | 38.916 കി.മി. |
| വൈറ്റില മേഖല | - | 10.212 കി. മി. |
| വെണ്ണല മേഖല | - | 3.094 കി. മി. |
| പാലാരിവട്ടം മേഖല | - | 11.659 കി. മി. |

2. ആർ.എ.പി.ഡി.ആർ. പദ്ധതിപ്രകാരം

| | | |
|---|---|---|
| ഗിരിനഗർ മേഖല | - | 6.471 കി.മി. |
| തൃക്കാക്കര മേഖല | - | 6.373 കി. മി. |
| വെണ്ണല മേഖല | - | 7.082 കി. മി. |
| പാലാരിവട്ടം മേഖല | - | 2.581 കി. മി. |
| ആകെ | - | 86.388 കി. മി. |

(ബി&സി) പൂർണ്ണമായും ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഭീമമായ ചെലവ് വരുന്നതിനാൽ ഒരുമിച്ച് നടപ്പാക്കുന്നത് പ്രായോഗികമല്ല. വിവിധ കേന്ദ്ര പദ്ധതികളിൽ ഉൾക്കൊള്ളിച്ചും ധനസഹായങ്ങൾ സ്വരൂപിച്ചും ഘട്ടം ഘട്ടമായി ഇത്തരം പദ്ധതികൾ നടപ്പാക്കും.

**വള്ളികുന്നം കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ്**

190 (3165) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര വള്ളികുന്നത്ത് ആരംഭിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസിൽ ജീവനക്കാരുടെ കുറവുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിലെ ഗുണഭോക്താക്കളുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള എണ്ണം ലഭ്യമാക്കുമോ; ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾ ഇതിനായി തുക നീക്കി വച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്ഥലംമാറ്റ നിയമനം, പ്രൊമോഷൻ നിയമനം തുടങ്ങിയ മറ്റു നടപടികളിലൂടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതാണ്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിലെ ഗുണഭോക്താക്കളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| നിയോജകമണ്ഡലം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഹരിപ്പാട് | 443 |
| ആലപ്പുഴ | 303 |
| കായംകുളം | 415 |
| ചേർത്തല | 360 |
| മാവേലിക്കര | 1010 |
| അരൂർ | 612 |
| ചെങ്ങന്നൂർ | 603 |
| കുട്ടനാട് | 487 |

പഞ്ചായത്തുകൾ ഒന്നുംതന്നെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി തുക നീക്കിവച്ചിട്ടുള്ളതായി ഇതുവരെ അറിയിച്ചിട്ടില്ല.

## നീലംപേരൂർ ഭാഗത്ത് സബ് സ്റ്റേഷൻ

191 (3166) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ കായൽ നിലങ്ങളിൽ വൈദ്യുതി മുടക്കം പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് കുട്ടനാട്ടിന്റെ വടക്കൻ മേഖലകളിൽ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ;

(സി) കാവാലം അല്ലെങ്കിൽ നീലംപേരൂർ ഭാഗത്ത് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശക്തമായ കാറ്റും മഴയും ഉള്ള ചില അവസരങ്ങളിൽ പോസ്റ്റുകൾ ചരിഞ്ഞ് വൈദ്യുതി മുടങ്ങാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. കാവാലം 66 കെ.വി. സബ്സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലം കരഭൂമി അല്ലാത്തതിനാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഈ ഭൂമി നികത്തുവാൻ അനുമതി ലഭിച്ചിട്ടില്ല. കാവാലം, നീലംപേരൂർ എന്നീ സ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

## സംസ്ഥാനത്തെ ദൈനംദിന വൈദ്യുതി ഉത്പാദനവും ഉപയോഗവും

192 (3167) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദൈനംദിന വൈദ്യുതി ഉല്പാദനവും ഉപയോഗവും എത്രയെന്നും ഏതെല്ലാം മേഖലകളിൽ ഉല്പാദനം നടത്തുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) കേന്ദ്രത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കുന്നുണ്ടെന്നും ഇവയ്ക്കോരോന്നിനും നൽകേണ്ടി വരുന്ന എനർജി താരിഫ് തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ജലവൈദ്യുത പദ്ധതി വഴി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്നും യൂണിറ്റിനു വരുന്ന ഉല്പാദനച്ചെലവ് എത്രയെന്നും ഇത് വിതരണം ചെയ്യുന്നത് എന്തു നിരക്കിലാണെന്നും അറിയിക്കുമോ ;

(ഡി) മറ്റ് സ്രോതസ്സുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും യൂണിറ്റിന് വരുന്ന ഉല്പാദനച്ചെലവും എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ഗെയിൽ പദ്ധതി പ്രാവർത്തികമായാൽ ബ്രഹ്മപുരം, പുതുവൈപ്പ്, ചീമേനി, കായംകുളം എന്നീ നിലയങ്ങളിൽ ഗ്യാസ് ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം യാഥാർത്ഥ്യമാക്കി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2016-17 നാളിതുവരെയുള്ള കണക്കെടുത്താൽ പ്രതിദിനം ശരാശരി 67.26 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ആവശ്യകതയാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. ഇതിൽ പ്രതിദിനം ശരാശരി 14.65 ദശലക്ഷം യൂണിറ്റ് വൈദ്യുതി ബോർഡിന്റെ തനതു വൈദ്യുതി ഉത്പാദന നിലയങ്ങളിൽനിന്നും പ്രതിദിനം ശരാശരി 0.334 ദശലക്ഷം യൂണിറ്റ് വൈദ്യുതി ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസേഴ്സ് മുഖേനയും ഉത്പാദിപ്പിച്ചിട്ടുണ്ട്. ബോർഡിന്റെ വിവിധ മേഖലകളിലുള്ള തനതു വൈദ്യുതോല്പാദന നിലയങ്ങളുടെ ഉത്പാദനശേഷി താഴെകൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| ജലവൈദ്യുത പദ്ധതികൾ | - | 2042.40 മെഗാവാട്ട് |
| ദ്രവ ഇന്ധന നിലയങ്ങൾ | - | 159.96 മെഗാവാട്ട് |
| കാറ്റാടി നിലയങ്ങൾ | - | 2.03 മെഗാവാട്ട് |
| സൗരോർജ്ജ പദ്ധതികൾ | - | 1 മെഗാവാട്ട് |

ഇതുകൂടാതെ 33 മെഗാവാട്ട് ക്യാപ്റ്റീവ് ജലവൈദ്യുത പദ്ധതികളും 15 മെഗാവാട്ട് ക്യാപ്റ്റീവ് സൗരോർജ്ജ നിലയങ്ങളും 558.51 മെഗാവാട്ട് താപവൈദ്യുത പദ്ധതികളും 25.11 മെഗാവാട്ട് സ്വകാര്യ ജലവൈദ്യുത പദ്ധതികളും 32.85 മെഗാവാട്ട് സ്വകാര്യ കാറ്റാടി നിലയങ്ങളും ഉല്പാദകരായിട്ടുണ്ട്.

(ബി) കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽ (CGS) നിന്നും പ്രതിമാസം ശരാശരി താഴെപ്പറയുന്ന വൈദ്യുതി ലഭിക്കുന്നുണ്ട്. പ്രസരണ ചാർജ്ജ് ഉൾപ്പെടെ ഇവയ്ക്കോരോന്നിനും ശരാശരി കൊടുക്കേണ്ടിവരുന്ന വിലയും ചുവടെ ചേർത്തിരിക്കുന്നു :

| സ്റ്റേഷൻ | Unit (Kwh) | Rate (₹/Kwh) |
|---|---|---|
| 1. രാമഗുണ്ടം I & II | 13,49,31,129 | 3.090 |
| 2. രാമഗുണ്ടം III | 3,99,77,336 | 3.250 |
| 3. താൽച്ചർ II | 18,99,95,363 | 2.742 |
| 4. സിംഹാദ്രി II | 8,05,51,581 | 4.354 |
| 5. NLC I | 2,62,13,539 | 3.592 |
| 6. NLC II | 3,27,80,265 | 3.647 |
| 7. NLC I എക്സ്പാൻഷൻ | 5,98,58,167 | 4.158 |
| 8. NLC II എക്സ്പാൻഷൻ | 1,81,29,607 | 6.223 |
| 9. വല്ലൂർ | 5,19,19,396 | 4.254 |
| 10. മാപ്പ് | 1,25,98,763 | 2.461 |
| 11. കൈഗ | 3,78,86,841 | 3.516 |
| 12. കൂടംകുളം | 9,08,84,962 | 4.403 |
| 13. എൻ.റ്റി.പി.എൽ. | 3,71,45,253 | 4.302 |
| ആകെ | 81,84,67,108 | |

(സി&ഡി) ജലവൈദ്യുത പദ്ധതിവഴി ലഭിക്കുന്ന പ്രതിദിന ശരാശരി വൈദ്യുതി - 11.3039 ദശലക്ഷം യൂണിറ്റ്. കാറ്റിൽനിന്നും പ്രതിദിന ശരാശരി - 0.3858 ദശലക്ഷം യൂണിറ്റ്. സൗരോർജ്ജ പദ്ധതിയിൽനിന്നും പ്രതിദിന ശരാശരി ഉപയോഗം - 0.0794 ദശലക്ഷം യൂണിറ്റ്. 2016-17, 13.10.2016 വരെയുള്ള കണക്കനുസരിച്ച് ജലവൈദ്യുത പദ്ധതികളിൽനിന്നും 2798.19 ദശലക്ഷം യൂണിറ്റ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉത്പാദിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ വൈദ്യുതി

ഉത്പാദനം പ്രധാനമായും ജലവൈദ്യുത പദ്ധതികളിൽനിന്നാണ്. എന്നിരുന്നാലും, കെ.എസ്.ഇ.ബി. ലിമിറ്റഡിന് ദ്രവ ഇന്ധന നിലയങ്ങളും സൗരോർജ്ജ നിലയങ്ങളും കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന കാറ്റാടി നിലയങ്ങളും ഉണ്ട്. ഓരോ വിഭാഗത്തിൽപ്പെട്ട നിലയങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്, ഭരണ ചെലവുകൾ, നടത്തിപ്പു ചെലവുകൾ എന്നിവ പ്രത്യേകം പ്രത്യേകം കണക്കാക്കുന്ന രീതി നിലവിലില്ല. ആയതിനാൽ, ജലവൈദ്യുത പദ്ധതിയുടെ മാത്രയമായ ഉത്പാദന ചെലവിന്റെ നിരക്ക് കണക്കാക്കുന്നത് പ്രായോഗികമല്ല. സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ചെലവ് 2015-16-ലെ കണക്കെടുത്താൽ യൂണിറ്റൊന്നിന് 88 പൈസയാണ്. 2016-17 നാളിതുവരെയുള്ള (13-10-2016) കണക്കെടുത്താൽ കാറ്റാടി നിലയങ്ങളിൽനിന്നും 1.10 ദശലക്ഷം യൂണിറ്റും ദ്രവ ഇന്ധന നിലയങ്ങളിൽനിന്നും 41.3374 ദശലക്ഷം യൂണിറ്റും സൗരോർജ്ജ നിലയ ങ്ങളിൽനിന്നും 0.75 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും ഉത്പാദിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ 9735.37 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഏകദേശം 3 രൂപ 85 പൈസ നിരക്കിൽ സംസ്ഥാനത്തിനകത്തുള്ള വിവിധ സ്വകാര്യ ഉത്പാദകരിൽ നിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വ്യാപാരികൾ മുഖേനയും പവർ എക്സ്ചേഞ്ച് മുഖേനയും ഡിവിയേഷൻ സെറ്റിൽമെന്റ് മെക്കാനിസം വഴിയും വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുതിയുടെ താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരച്ച നിരക്കിലാണ് സംസ്ഥാനത്ത് വൈദ്യുതി വിതരണം ചെയ്യുന്നത്.

(ഇ) വിവിധ ഘട്ടങ്ങളിൽ പരിഗണനയ്ക്കുവന്ന വാതകാധിഷ്ഠിത പദ്ധതികളും ശേഷിയും വാർഷിക ഉത്പാദനവും സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | ശേഷി | വാർഷിക ഉത്പാദനം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ചീമേനിയിൽഎൽ.എൻ.ജി. ഉപയോഗിച്ചുള്ള പദ്ധതി | 1200 മെഗാവാട്ട് | 8935 മില്യൺ യൂണിറ്റ് |
| 2 | പെട്രോനെറ്റും കെ.എസ്.ഇ.ബി. ലിമിറ്റഡുംസംയുക്തമായുള്ള എൽ.എൻ.ജി. പദ്ധതി | 1200 മെഗാവാട്ട് | 8935 മില്യൺ യൂണിറ്റ് |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വാതകാധിഷ്ഠിത പദ്ധതി | 1026 മെഗാവാട്ട് | 7639 മില്യൺ യൂണിറ്റ് |
| 4 | കായംകുളം താപനിലയത്തിലെ നാഫ്ത ഇന്ധനം മാറ്റി എൽ.എൻ.ജി ആക്കുന്ന പദ്ധതി | 360 മെഗാവാട്ട് | 2681 മില്യൺ യൂണിറ്റ് |
| 5 | ബി.എസ്.ഇ.എസ്.-ന്റെ കൊച്ചിനിലയം വാതകത്തിലേയ്ക്ക് മാറ്റുന്ന പദ്ധതി | 157 മെഗാവാട്ട് | 1169 മില്യൺ യൂണിറ്റ് |

മുകളിൽ പറഞ്ഞവയിൽ പുതുവൈപ്പിൻ, കൊച്ചിയിലെ ബി.എസ്.ഇ.എസ്., ബ്രഹ്മപുരം എന്നീ സ്ഥലങ്ങളിലേയ്ക്ക് ഇപ്പോൾത്തന്നെ ഗ്യാസ് പൈപ്പ് ലൈൻ സൗകര്യമുണ്ട്. ഗെയിൽ നടത്തിവരുന്ന കൊച്ചി-ബാംഗ്ലൂർ-മാംഗ്ലൂർ ഗ്യാസ് പൈപ്പ് ലൈൻ സാധ്യമാകുന്നതോടെ ചീമേനി പദ്ധതി സ്ഥലത്ത് പൈപ്പ് ലൈൻ ബന്ധം നൽകാനാകും. എന്നാൽ ഇറക്കുമതി പ്രകൃതി വാതകത്തിന്റെ വിലയിലെ സന്നിദ്ധതകൾ ഈ പദ്ധതികൾ തുടങ്ങുന്നതിന് പ്രതിബന്ധമാണ്. കായംകുളം നിലയം വാതകത്തിലേയ്ക്ക് മാറ്റുന്നതിന് അനുമതി കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകിയിട്ടുണ്ട്. കൊച്ചിയിലെ വാതക ടെർമിനലിൽനിന്നും കായംകുളത്തേയ്ക്ക് വാതക പൈപ്പ് ലൈൻ ബന്ധം ഇല്ലാത്തതാണ് ഈ പദ്ധതിയിലെ തടസ്സം.

**കാസർഗോഡ് ജില്ലയിലെ കെ.എസ്.ഇ.ബി. തസ്തികകൾ**

193 (3168) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.-യിൽ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്നും തസ്തിക തിരിച്ചും സ്ഥാപനം തിരിച്ചും വ്യക്തമാക്കാമോ ;

(ബി) തസ്തിക സൃഷ്ടിച്ചവയിൽ താൽക്കാലികമായും ദിവസ വേതന പ്രകാരവും, കരാറടിസ്ഥാനത്തിലും പ്രവർത്തിക്കുന്നവർ എത്രയുണ്ടെന്നും ഇവരിൽ എത്ര നാളായി ജോലി ചെയ്തുവരുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) സ്ഥിരം തസ്തികകൾ നികത്താൻ കഴിയാതെ വന്നതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) തസ്തിക സൃഷ്ടിക്കാതെ താൽക്കാലികമായും/കരാർ /ദിവസവേതനപ്രകാരവും എത്ര പേർ ജോലി ചെയ്തുവരുന്നുണ്ടെന്നും അവർ എന്നു മുതൽ ജോലി ചെയ്തു വരുന്നുവെന്നും ഏതെല്ലാം തസ്തികയിലാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) റിട്ടയർ ചെയ്ത ജീവനക്കാരിൽ എത്ര പേർ താല്ക്കാലികമായും ദിവസ വേതനാടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1203 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 941 സ്ഥിരം ജീവനക്കാർ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ദിവസ വേതന, കരാർ അടിസ്ഥാനത്തിൽ 112 പേർ സ്ഥിരം തസ്തികയിലെ പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്. ഇവർ മാസംതോറുമുള്ള വർക്ക് ഓർഡർ പ്രകാരം വർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ നിയോഗിക്കപ്പെട്ടവരാണ്. തുടർച്ചയായി ഇവരെ ജോലിക്ക് നിയോഗിക്കുന്നില്ല.

(സി) വൈദ്യുതി ബോർഡിലെ ഭരണ ചെലവുകൾ കുറയ്ക്കണമെന്നുള്ള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ എണ്ണം പുനഃപരിശോധി ക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം IIM കോഴിക്കോട് നടത്തുകയും ഒരു റിപ്പോർട്ട് കെ.എസ്.ഇ.ബി.ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി ഈ റിപ്പോർട്ട് പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഡയറക്ടർ ഫിനാൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആവശ്യമായ തസ്തികകൾ, ഇവയിൽ അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താനും അവ നികത്താനും സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) തസ്തിക സൃഷ്ടിക്കാതെ താൽക്കാലികമായും/കരാർ/ദിവസവേതന പ്രകാരവും ആരെയും നിയമിച്ചിട്ടില്ല.

(ഇ) റിട്ടയർ ചെയ്ത ജീവനക്കാരെ ആരെയും താൽക്കാലിക/ദിവസവേതന അടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിച്ചിട്ടില്ല.

**മുല്ലശ്ശേരി വൈദ്യുതി സബ് സ്റ്റേഷൻ**

194 (3169) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി വൈദ്യുതി സബ് സ്റ്റേഷന്റെ നവീകരണത്തിനും ശേഷി വർദ്ധനവിനും വേണ്ടി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതിയതായി ഒരു 5 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും അതിനോടനുബന്ധമായി രണ്ട് 11 കെ.വി ഫീഡർ സ്ഥാപിക്കുന്നതിനും 112 ലക്ഷം രൂപയുടെ ഭരണാനുമതി ആയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന**

195 (3170) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന പദ്ധതിയനുസരിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് കണ്ണൂർ ജില്ലയ്ക്ക് എത്ര കോടി രൂപയുടെ പദ്ധതിക്കുള്ള അംഗീകാരമാണ് ലഭ്യമായിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം ഘടകങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത് ;

(സി) പദ്ധതി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും; പദ്ധതി പൂർത്തിയാക്കാൻ അംഗീകരിച്ച ഡി.പി.ആർ. പ്രകാരം എത്ര കാലയളവ് വേണ്ടി വരും ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന പദ്ധതി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്നതിന് 39.45 കോടി രൂപയുടെ അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചു.

(ബി) 1. SAGY

2. മീറ്ററിംഗ്

3. Connecting household (വീടുകൾ വൈദ്യുതീകരണം)

4. System Strengthening

(സി) പദ്ധതി പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതി പൂർത്തിയാക്കാൻ 30 മാസത്തെ കാലയളവ് വേണ്ടിവരും.

**സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനം**

196 (3171) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വർഷം ആരംഭത്തിൽ എത്ര വീടുകൾ വൈദ്യുതീകരിക്കാതെ ശേഷിച്ചിരുന്നു എന്നത് സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരളത്തെ സമ്പൂർണ വൈദ്യുതീകരണ സംസ്ഥാനമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി.എൽ.ഉം നടത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയുണ്ടായി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 26-8-2016-ലെ

സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.)നമ്പർ 18/2016/ഊ.വ. പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല ഉന്നതാധികാര സമിതി, ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് സമിതി, കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മുൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടർ ആയ ശ്രീ. കെ.അശോകൻ ചെയർമാനായ സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതി, ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ എം.എൽ.എ.ചെയർമാനായ നിയോജകമണ്ഡലതല മോണിറ്ററിംഗ് സമിതി, ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പൽ കൗൺസിലിലും മുനിസിപ്പൽ കോർപ്പറേഷനിലും നിർവ്വാഹക സമിതികൾ എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ അവലോകന യോഗങ്ങൾ നടന്നുവരുന്നു. വൈദ്യുതി ലഭിക്കാത്ത ഭവനങ്ങൾ കണ്ടെത്തി ഗുണഭോക്താക്കളുടെ അന്തിമ പട്ടിക 24-9-2016-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നിലവിൽ 1,16,596 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അന്തിമ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി വൈദ്യുതി വിതരണ ശൃംഖല വികസിപ്പിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കിവരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം ഏകദേശം 160 കോടി രൂപയാണ് വിതരണ ശൃംഖല വിപുലീകരിച്ച് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടി വരുന്നത്. ഒറ്റപ്പെട്ട കോളനികളിലും വനാന്തരപ്രദേശങ്ങളിലും DDG-Micro Grid സംവിധാനത്തിലൂടെയാകും വൈദ്യുതി എത്തിക്കുക. ആയതിനുള്ള തുക ഇതിൽ ഉൾപ്പെട്ടിട്ടില്ല. ഒരു നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടുന്നതിന് ആവശ്യമായ തുകയുടെ 50% (പരമാവധി 1 കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി. ചെലവാക്കാനും ബാക്കി തുക LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD ) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽനിന്ന് കണ്ടെത്തുവാനുമാണ് ഉദ്ദേശിക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) സമ്പൂർണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് സംസ്ഥാനത്ത് വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ കെ.എസ്.ഇ.ബി.എൽ. ശേഖരിച്ചിരുന്നില്ല. മാർച്ച് 2016-ലെ കണക്കുകൾ പ്രകാരം പണം അടച്ച് അപേക്ഷ നൽകിയിരുന്ന 900 ഗാർഹിക കണക്ഷനുകളാണ് നൽകാനുണ്ടായിരുന്നത്. എന്നാൽ സമ്പൂർണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് വേണ്ടി വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിച്ചതനുസരിച്ച് ഇപ്പോൾ 116596 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം

197 (3172) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ വീടുകൾ മാത്രമാണോ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) അംഗൻവാടികൾ, പൊതു സ്ഥാപനങ്ങൾ എന്നിവയെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ വീടുകളെ കൂടാതെ അംഗൻവാടികളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം

198 (3173) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കാൻ, വൈദ്യുതിയുടെ ഉൽപ്പാദനം കൂട്ടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതെ ഉൽപ്പാദനത്തിനായി കൂടുതൽ വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് പരമ്പരാഗത മാർഗ്ഗങ്ങളല്ലാതെ മറ്റെന്തെല്ലാം മാർഗ്ഗങ്ങൾക്കാണ് മുൻതൂക്കം നൽകുക; വിശദാംശം നൽകുമോ;

(സി) ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സ്ട്രാറ്റജികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) നിലവിലുള്ള ആഭ്യന്തര ഉത്പാദനം, കേന്ദ്രവിഹിതം, കരാറുകൾവഴി ലഭ്യമാക്കിയിട്ടുള്ളത് എന്നീ നിലകളിൽ ലഭ്യമാകുന്ന വൈദ്യുതി കൊണ്ടുതന്നെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ആവശ്യകത ഇപ്പോഴത്തെ നിലയ്ക്ക് മിക്കവാറും നിറവേറ്റാനാകും. ഭാവിയിൽ അധികമായി വേണ്ടിവരുന്ന വൈദ്യുതി കണക്കിലെടുത്ത്

താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുവാദം ആവശ്യമുള്ളിടത്തും നിലവിലുള്ള വൈദ്യുത ശൃംഖല എത്തിക്കാൻ സാദ്ധ്യമല്ലാത്ത വിദൂര കോളനികളിലും വികേന്ദ്രീകൃത ഉത്പാദനം Decentralised Distributed Generation (DDG) വഴി വൈദ്യുതി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ആദിവാസി കോളനികളിൽ പുരപ്പുറ സൗരോർജ്ജ സംവിധാനം പ്രയോജനപ്പെടുത്തുന്നതാണ്. കാസർഗോഡ് 200 മെഗാവാട്ട് സോളാർ പാർക്കിന്റെ ആദ്യ ഘട്ടമായ 50 മെഗാവാട്ടിന്റെ പണികൾ പുരോഗമിക്കുന്നു. മറ്റൊരു 200 MW സോളാർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

വൈദ്യുതി ഉത്പാദനം കൂട്ടുന്നതിനായി നിലവിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന മൂന്ന് ജലവൈദ്യുത പദ്ധതികളുടെ (106 മെഗാവാട്ട്) നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികളും നിർമ്മാണം നടന്നുവരുന്ന ആറ് ജലവൈദ്യുത പദ്ധതികളുടെ (59 മെഗാവാട്ട്) നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ 149 മെഗാവാട്ട് ആകെ സ്ഥാപിതശേഷി വരുന്ന 14 ജലവൈദ്യുത പദ്ധതികൾ സ്ഥലമെടുപ്പ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടെൻഡർ ചെയ്യാൻ ഉദ്ദേശിക്കുന്നു. വൈദ്യുതീകരണം ഇതുവരെയും നടപ്പിലാക്കാത്ത ഒറ്റപ്പെട്ട കോളനികളിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ച് വൈദ്യുതീകരണം നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. സാധ്യതാപഠനം നടത്തുകയും, ഈ പദ്ധതി നടപ്പിലാക്കാൻ അനുകൂല സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള സർവ്വേ പുരോഗമിക്കുന്നു.

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതിയെല്ലാം തന്നെ വൈദ്യുതിയുടെ ശരാശരി കമ്പോള വിലയേക്കാൾ ഉയർന്നതാണ്. ഇത്തരം പദ്ധതികൾക്ക് കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന മൂലധന സബ്സിഡി/വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF)/ജനറേഷൻ ഇൻസെന്റീവ് എന്നിവ ഉപയോഗപ്പെടുത്തി ഉത്പാദനവില കുറയ്ക്കുന്നതിനുവേണ്ടി ശ്രമം നടത്തുന്നതാണ്. വൈദ്യുത ചാർജ്ജിന്റെ നിർണ്ണയം മറ്റു ധാരാളം ഘടകങ്ങളും കൂടി കണക്കിലെടുത്താണ് K.S.E.R.C നടത്തുന്നത്.

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കും.

## സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള ഫണ്ട്

199 (3174) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ഫണ്ട് പൂർണ്ണമായും സർക്കാർ വഹിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിലേയ്ക്കായി ഓരോ നിയോജകമണ്ഡലത്തിലും ആവശ്യമായി വരുന്ന തുകയുടെ 50% കെ.എസ്.ഇ.ബി. വഹിക്കുന്നതായിരിക്കും. ഇപ്രകാരം ഒരു മണ്ഡലത്തിന് അനുവദിക്കുന്ന ഏറ്റവും കൂടിയ തുക ഒരു കോടി രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള തുക LSGD, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളുടെ സാമ്പത്തിക സഹായം എന്നിവയിൽനിന്ന് കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി

200 (3175) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജലം, കാറ്റ്, സൗരോർജ്ജം എന്നീ ഉല്പാദന സ്രോതസ്സുകളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഓരോന്നും പ്രത്യേകം വെളിപ്പെടുത്താമോ?

ഉത്തരം

2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഉത്പാദിപ്പിച്ച വൈദ്യുതിയുടെ കണക്ക് ചുവടെ ചേർക്കുന്നു :

| സ്രോതസ് | വൈദ്യുതി ഉത്പാദനം (ദശലക്ഷം യൂണിറ്റ്) |
|---|---|
| ജലം | 6797.831 |
| കാറ്റ് | 62.5341 |
| സൗരോർജ്ജം | 7.8924 |
| ആകെ | 6868.2575 |

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

201 (3176) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. മൊത്തം 149 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 14 ജലവൈദ്യുത പദ്ധതികൾ ഉടനെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വ്യവസ്ഥകളോടെയുള്ള അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് തന്നിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശത്തുനിന്നും മരങ്ങൾ മുറിച്ചുമാറ്റിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയോടുള്ള എതിർപ്പുകളും രൂക്ഷമാണ്. ഇക്കാര്യങ്ങളിൽ സമയമുണ്ടാക്കി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഫ്ലാഗ്ഷിപ്പ് പദ്ധതി

202 (3177) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാവർക്കും വൈദ്യുതി എന്ന സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നും, ഓരോ ജില്ലയിലും ഇതിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും, ഓരോ ജില്ലയിലും ഇത് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന കാലപരിധി എത്ര എന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ, ഉത്തരവുകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവയിൻമേൽ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാം ;

(ഡി) വീട്ടു നമ്പർ ലഭിക്കാത്ത കാരണത്താൽ, അപേക്ഷ സമർപ്പിച്ചിട്ടും നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത, 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയുണ്ടായി. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി വിപുലമായ ശ്രമങ്ങൾ കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിരുന്നു. ഇത്തരത്തിൽ ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കി വരുന്നു. ഒരു മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടുന്നതിനാവശ്യമായ തുകയുടെ 50% (പരമാവധി 1 കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി. ചെലവാക്കാനും ബാക്കി തുക തദ്ദേശസ്വയംഭരണം, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽനിന്ന് കണ്ടെത്തുവാനുമാണ് ശ്രമിക്കുന്നത്. പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനും 31-3-2017 ഓടുകൂടി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 26-8-2016-ലെ ജി.ഒ,(എംഎസ്.)നമ്പർ 18/2016 ഊ.വ. ഉത്തരവ് പ്രകാരം സർക്കാർ താഴെപ്പറയുന്ന സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

1. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല ഉന്നതാധികാര സമിതി :
2. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മുൻ ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ജില്ലാതല മേൽനോട്ട സമിതികൾ:
3. സംസ്ഥാന തല ഉപദേശക സമിതി:
4. ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടർ ആയ ശ്രീ. കെ. അശോകൻ ചെയർമാനായ നിയോജക മണ്ഡലാടിസ്ഥാന ത്തിലുള്ള മേൽനോട്ട സമിതി: ബഹുമാനപ്പെട്ട MLA അധ്യക്ഷനായും ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയും ഉള്ള സമിതി.

5. നിർവ്വാഹക സമിതികൾ: പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശ ങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും കോർപ്പറേഷൻ പ്രദേശങ്ങളിൽ സെക്ഷൻ ഓഫീസ് കേന്ദ്രീകരിച്ചുമുള്ള സമിതികൾ. 6-10-2016-ലെ ഉത്തരവ് (ജി.ഒ.(എംഎസ്.) നമ്പർ 22/2016/ഊ.വ.) പ്രകാരം 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖ ഹാജരാക്കാതെതന്നെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് (പ്രസ്തുത കണക്ഷൻ കെട്ടിടത്തിന്റെ നിയമപരമായ ഉടമസ്ഥത/കൈവശം എന്നിവയായി കണക്കാക്കപ്പെടില്ല) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ സർവ്വീസ് കണക്ഷൻ നടപടികൾ ലഘൂകരിക്കുവാനായി സർക്കാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റെഗുലേറ്ററി കമ്മീഷൻ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഉത്തരവുകൾ ഒന്നും ഇറക്കിയില്ല.

(ഡി) 1500 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വീടുകൾക്ക് താൽക്കാലിക കെട്ടിടനമ്പർ നിശ്ചിത ആവശ്യങ്ങൾക്കായി നൽകാൻ തീരുമാനമായിട്ടുണ്ട്.

**വൈദ്യുതിയുടെ പ്രതിമാസ ആവശ്യവും ഉത്പാദനവും**

203 (3178) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിമാസ ആവശ്യം എത്രയെന്നും, പ്രതിമാസ ഉല്പാദനം എത്രയെന്നും, പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി ഇതര സംസ്ഥാ നങ്ങളിൽ നിന്ന് ലഭ്യമാക്കുന്നുവെന്നും അറിയിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ 2016-17 കാലയളവിലെ നാളിതുവരെയുള്ള പ്രതിമാസ ശരാശരി വൈദ്യുതി ആവശ്യകത 2018.05 ദശലക്ഷം യൂണിറ്റാണ്. ഇക്കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള വിവിധ നിലയങ്ങളിൽനിന്നും പ്രതിമാസം ശരാശരി 439.51 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും, സംസ്ഥാനത്തിനകത്തുള്ള Captive Power Plants (CPP)-ൽ നിന്നും 10.37 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും Independent Power Producers (IPP) ൽ നിന്ന് 19.072 ദശലക്ഷം യൂണിറ്റ്

വൈദ്യുതിയും ഉത്പാദിപ്പിച്ചിരുന്നു. ഇവയ്ക്കുപുറമേ അധികമായി വേണ്ടിവന്ന വൈദ്യുതി ആവശ്യകത ഇതരസംസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര നിലയങ്ങളിൽ നിന്നും സ്വകാര്യ വൈദ്യുത സംരംഭകരിൽനിന്നും വാങ്ങുകയുമാണ് ചെയ്യുത്. ഇത് പ്രതിമാസം ഏകദേശം 1549.43 ദശലക്ഷം യൂണിറ്റ് വരും.

## കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

204 (3179) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; ഇവയിൽ എത്ര പേർക്ക് കണക്ഷൻ ലഭ്യമാക്കിയെന്നും ഇനി എത്ര പേർക്ക് കണക്ഷൻ കിട്ടാനുണ്ടെന്നും വ്യക്തമാക്കുമോ; ഇവരുടെ അപേക്ഷകളിൽ എത്രയും വേഗം തീർപ്പുകൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ ഓഫീസിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും നൽകിയിരിക്കുന്ന അപേക്ഷകൾ എത്ര; അവ ഏതെല്ലാം ; ഇവയിൽ ആർക്കൊക്കെ വൈദ്യുതി കണക്ഷൻ നൽകി എന്ന് വെളിപ്പെടുത്താമോ; ഈ അപേക്ഷകളിലെ തുടർനടപടിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം കടത്തുരുത്തി നിയോജക മണ്ഡലത്തിൽ മൊത്തം 421 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 18 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കി 403 പേർക്ക് നൽകാനുണ്ട്. ഇത് എത്രയും വേഗം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കടത്തുരുത്തി നിയോജകമണ്ഡലത്തിൽനിന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസ് വഴി ശ്രീ. പദ്മകുമാർ എ.പി.യുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷ ഏറ്റുമാനൂർ സെക്ഷൻ പരിധിയിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുനഗണനാക്രമത്തിൽ കണക്ഷൻ നൽകുന്നതാണ്.

## സംസ്ഥാനത്തിന് പുറത്തുനിന്നും കൂടുതൽ വൈദ്യുതി

205 (3180) ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തിന് പുറത്തുനിന്നും കൂടുതൽ വൈദ്യുതി വാങ്ങുന്നതിന് വൈദ്യുതി ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇക്കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

വൈദ്യുതി ബോർഡ് സംസ്ഥാനത്തിന് പുറത്തുനിന്നും 865 മെഗാവാട്ട് വൈദ്യുതി വാങ്ങുവാൻ മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ച് ഏർപ്പെട്ട ദീർഘകാല കരാറിന്റെ അനുമതിക്കായി വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിരുന്നു. ഇതിൽ 300 മെഗാവാട്ട് വൈദ്യുതി വാങ്ങൽ കരാറിന് അനുമതി നൽകിയും ശേഷിക്കുന്ന വൈദ്യുതി വാങ്ങൽ കരാറുകൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും അഭിപ്രായംകൂടി പരിഗണിച്ചശേഷം തീരുമാനം എടുക്കുന്നതിനുള്ള ഉത്തരവ് റെഗുലേറ്ററി കമ്മീഷൻ ചെയർമാൻ പുറപ്പെടുവിച്ചിട്ടുണ്ട്.

## പൂക്കൊളത്തൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി.-യുടെ പുതിയ സെക്ഷൻ ഓഫീസ്

206 (3181) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം സബ് ഡിവിഷനുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി മലപ്പുറം മണ്ഡലത്തിൽ കെ.എസ്.ഇ.ബി.-യുടെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ;

(ഡി) മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം**

207 (T* 3182) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണത്തിന് അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന പദ്ധതി വൈദ്യുതി ബോർഡ് നടപ്പാക്കുന്നുണ്ടോ ;

(ബി) എങ്കിൽ പദ്ധതി നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) വൈദ്യുതിവിതരണം അണ്ടർ ഗ്രൗണ്ട് കേബിൾ മുഖേനയാക്കുന്നതുകൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് R-APDRP Part B പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1361 km. അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടതിൽ നാളിതുവരെ 966 km. അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിച്ചു. പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ IPDS ൽ 193 km. അണ്ടർ ഗ്രൗണ്ട് കേബിൾ ഇടുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) R-APDRP പദ്ധതി പ്രവൃത്തി മാർച്ച് 2017 ഓടുകൂടി പൂർത്തീകരിക്കും. IPDS പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരികയാണ്.

(സി) 1. വിതരണ നഷ്ടം കുറയുന്നു.

2. അപകട സാധ്യത ഇല്ലാതാകുന്നു.

3. വൈദ്യുതി വിതരണം മെച്ചപ്പെടുന്നു.

**കടമ്പഴിപ്പുറത്ത് സബ് സ്റ്റേഷൻ**

208 (3183) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബി. 33 കെ.വി. സബ് സ്റ്റേഷൻ, 110 കെ.വി. സബ്സ്റ്റേഷൻ എന്നിവ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ ഭൂമി കൈമാറ്റം ചെയ്യപ്പെട്ട് ബോർഡിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കടമ്പഴിപ്പുറത്ത് ഒരു 33 കെ.വി.സബ്സ്റ്റേഷൻ ഉദ്ദേശം 150 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിനായി ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള സ്ഥലം കൈമാറി കിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജോലിക്കിടയിൽ അപകടം സംഭവിച്ച ജീവനക്കാരന്റെ ആനുകൂല്യങ്ങൾ**

209 (3184) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ചേർത്തല ഡിവിഷനിലെ എസ്.എൽ. പുരം സെക്ഷനിൽ വൈദ്യുതി ലൈനിൽ ജോലി ചെയ്യുന്നതിനിടയിൽ ഷോക്കേറ്റ് കഴിഞ്ഞ അഞ്ച് വർഷത്തോളമായി ബോധരഹിതനായി കിടക്കുന്ന ലൈൻമാൻ ശ്രീ. കൊച്ചുകുട്ടന് ശമ്പളമോ, പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇദ്ദേഹത്തിന് ഏത് തീയതി വരെ ശമ്പളം ലഭിക്കുന്നതിനും ഏതു തീയതി മുതൽ പെൻഷൻ ലഭിക്കുന്നതിനും അർഹതയുണ്ട്;

(സി) പെൻഷൻ അനുവദിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇദ്ദേഹത്തിന്റെ ആശ്രിതർക്ക് കെ.എസ്.ഇ.ബി.-യിൽ ജോലി ലഭിക്കാൻ അർഹതയുണ്ടോ ; ഉണ്ടെങ്കിൽ ആയതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. കൊച്ചുകുട്ടന് 2015 ജൂലൈ മാസം വരെ ശമ്പളവും 8,56,752 രൂപയുടെ നഷ്ടപരിഹാരവും നൽകിയിട്ടുണ്ട്.

(ബി&സി) ഇദ്ദേഹത്തിന് 2015 ജൂലൈ മാസം വരെ ശമ്പളം ലഭിക്കുന്നതിന് അർഹതയുണ്ട്. 17-12-2015 മുതൽ പെൻഷൻ അനുവദിക്കാൻ ബോർഡ് ഉത്തരവായിട്ടുണ്ട്. തടസ്സങ്ങളില്ല. നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പെൻഷൻ ലഭിച്ചുതുടങ്ങും.

(ഡി) അർഹതയുണ്ട്. അപേക്ഷ ലഭിച്ചിട്ടില്ല.

**അങ്കണവാടികൾക്ക് സൗജന്യ വൈദ്യുതി**

210 (3185) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സ്വീകരിക്കുന്നതാണ്.

**മിനിസ്റ്റീരിയൽ ഓഫീസർമാരുടെ പ്രൊമോഷൻ**

211 (3186) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. -യിൽ മിനിസ്റ്റീരിയൽ ഓഫീസർമാർക്ക് ഒരു തസ്തികയിൽ നിന്ന് അടുത്ത തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രൊമോഷന് നിശ്ചയിച്ചിട്ടുള്ള പ്രസ്തുത മാനദണ്ഡങ്ങൾമൂലം പ്രൊമോഷൻ തസ്തിക ഒഴിഞ്ഞു കിടന്നിട്ടും പ്രൊമോഷൻ ലഭിക്കാത്ത എത്ര മിനിസ്റ്റീരിയൽ ഓഫീസർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മിനിസ്റ്റീരിയൽ ഓഫീസർമാരിൽ വിരമിക്കാൻ രണ്ടുവർഷത്തിൽ താഴെയുള്ളവർ എത്രപേരുണ്ട്; ഇവർക്ക് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ഒഴിഞ്ഞു കിടക്കുന്ന പ്രൊമോഷൻ തസ്തികയിൽ നിയമനം നൽകാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മിനിസ്റ്റീരിയൽ ഓഫീസർമാർ ഉൾപ്പെടെയുള്ള ഓഫീസർമാരുടെ പ്രൊമോഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്ന 18-2-2012-ലെ ബോർഡ് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പേഴ്സണൽ അസിസ്റ്റന്റിന്റെ മൂന്ന് ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്.

(സി) 384 പേരുണ്ട്. ബോർഡ് ഉത്തരവിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഇതുവരെ പ്രൊമോഷനുകൾ നൽകിവരുന്നത്. നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി പ്രൊമോഷൻ നൽകുന്നതിന് നിയമപരമായി നിർവ്വാഹമില്ല.

**പൊതുസ്ഥാപനങ്ങളിൽ സോളാർ പാനലുകൾ**

212 (3187) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ഇവ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കെട്ടിടങ്ങളിലാണ് ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കിവരുന്ന സൗര മേൽക്കൂര വൈദ്യുതനിലയ പദ്ധതി ഇതിനോടകം തന്നെ ഒട്ടനവധി സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗര വൈദ്യുതോത്പാദന നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷ അനെർട്ടിൽ സമർപ്പിച്ച് രജിസ്റ്റർ ചെയ്യു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൊണ്ട് അനെർട്ട് അംഗീകരിച്ചിട്ടുള്ള കമ്പനികൾ വഴിയാണ് ഈ പദ്ധതികളിൽ നിലയങ്ങൾ സ്ഥാപിക്കേണ്ടത്. ഇതിനുപുറമെ സ്ഥാപനങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അനെർട്ടിന്റെ സാങ്കേതിക കൺസൾട്ടൻസി സഹായം മാത്രം ഉപയോഗപ്പെടുത്തിയോ പദ്ധതി ചെലവും കൈകാര്യ ചെലവായ 10% തുകയും പൂർണ്ണമായി അനെർട്ടിൽ അടച്ച് ഡെപ്പോസിറ്റ് വർക്കായോ സ്വന്തമായി സൗര വൈദ്യുതോത്പാദന നിലയം സ്ഥാപിച്ച് അംഗീകൃത സബ്സിഡി ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്. സംസ്ഥാനത്തിന്റെ സ്ഥാപിത ശേഷിയിൽ 15 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി. 2 കിലോവാട്ട് മുതൽ 50 കിലോവാട്ട് വരെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയിൽ അപേക്ഷിക്കുന്നവരിൽ കേന്ദ്ര സർക്കാർ ധനസഹായമായി പരമാവധി 24,000 രൂപയും സംസ്ഥാന സർക്കാർ ധനസഹായമായി 10,000 രൂപയും പ്രതി കിലോവാട്ടിന് ലഭ്യമാക്കുന്നതാണ്. അനെർട്ടിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള അപേക്ഷ പൂരിപ്പിച്ച് നൽകി രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് അനെർട്ട് പ്രാരംഭ പഠനത്തിനുള്ള അനുമതി നൽകുകയും അതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകുന്നതാണ്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുന്നവർ വിതരണ ലൈസൻസിയുടെ ശൃംഖലാബന്ധനത്തിനുള്ള അനുമതിയും ഉറപ്പുവരുത്തേണ്ടതാണ്.

സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ KSEBL-ൽ നിലവിലുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഓഫീസുകൾ, ഹോസ്പിറ്റലുകൾ, തരിശ് ഭൂമി എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് 20.33 മെഗാവാട്ടിന്റെ പദ്ധതി തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്കൂളുകൾ, മറ്റ് ഓഫീസുകൾ ഇവയുടെ റൂഫ് ടോപ്പിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള 21 മെഗാവാട്ടിന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. ലാഭപ്രഭയിൽ സമ്മാനാർഹരായി 8 സ്കൂളുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ 17 കെട്ടിടങ്ങളുടെ മുകളിൽ 0.665 മെഗാവാട്ട് സ്ഥാപിച്ചുകഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ.-ന്റെ തന്നെ 39 കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ.-ന്റെ മറ്റ് 49 കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുമുള്ള ടെണ്ടർ നടപടി പുരോഗമിക്കുന്നു.

(ബി) തീരുമാനിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പെരിങ്ങൽക്കുത്തിലെ കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സുകൾ**

213 (3188) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽക്കുത്തിലെ കെ.എസ്.ഇ. ബി. വക ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ നവീകരിച്ച് ടൂറിസ്റ്റുകൾക്ക് താമസ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പെരിങ്ങലിൽ നേരത്തേയുണ്ടായിരുന്ന ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായുള്ള ബോട്ടിംഗ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. വക ഉപയോഗ ശൂന്യമായ ഒരു ആശുപത്രി കെട്ടിടം, മൂന്ന് E ടൈപ്പ് ക്വാർട്ടേഴ്സുകൾ എന്നിവ നവീകരിച്ച് ടൂറിസം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കേരളം ഹൈഡൽ ടൂറിസം സെന്ററിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിന്റെ നവീകരണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ നടന്നുവരുന്നു.

(സി) പെരിങ്ങലിൽ കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്നുവന്നിരുന്ന ബോട്ടിംഗ് പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ വിലക്കിനെ തുടർന്ന് നിർത്തിവച്ചിരിക്കുകയാണ്. ആയത് പുനരാരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

**പറക്കുളം കേന്ദ്രീകരിച്ച് 33 കെ.വി.സബ്സ്റ്റേഷൻ**

214 (3189) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല നിയോജകമണ്ഡലത്തിൽ പറക്കുളം കേന്ദ്രീകരിച്ച് 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ കെ.എസ്.ഇ.ബി.-യിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തൃത്താല നിയോജകമണ്ഡലത്തിൽ വട്ടത്താണി എന്ന പ്രദേശത്ത് കെ.എസ്.ഇ.ബി.-യുടെ 33 K.V സബ്സ്റ്റേഷൻ ഉണ്ട്. ആയതിനാൽ സാധ്യതാ പഠനവും സാങ്കേതിക പഠനവും നടത്തിയതിനുശേഷമേ പറക്കുളം കേന്ദ്രീകരിച്ച് 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ.

(ബി) ഇല്ല.

**മഞ്ചേരി-നിലമ്പൂർ 66 കെ.വി.സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി അപ്ഗ്രേഡ് ചെയ്യൽ**

215 (3190) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി-നിലമ്പൂർ 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷൻ ആക്കി അപ്ഗ്രേഡ് ചെയ്യുന്ന ജോലി, നിലമ്പൂരിൽ നിന്നും എടക്കരയിലേയ്ക്ക് നിലവിലുള്ള ലൈൻ ഡബിൾ സർക്യൂട്ടാക്കുന്ന ജോലി എന്നിവ ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; അതിനുവേണ്ട സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷൻ ആയി അപ്ഗ്രേഡ് ചെയ്യുന്ന ജോലി പൂർത്തീകരിക്കുന്നതിനിടയിൽ വരാൻ സാധ്യതയുള്ള പവർകട്ട് ഒഴിവാക്കുന്നതിന് ബദൽ മാർഗ്ഗം സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മഞ്ചേരി-നിലമ്പൂർ 66 കെ.വി.സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്നതിനായി 66 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി. ഡബിൾ സർക്യൂട്ടായി ഉയർത്തുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഒരു വർഷത്തെ സമയം ആവശ്യമാണ്. പ്രസ്തുത പ്രവൃത്തി 2017-18 സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 78 ടവറുകൾ മാറ്റി സ്ഥാപിക്കേണ്ടതും 23.3 കിലോമീറ്റർ ലൈൻ വലിക്കേണ്ടതുമുണ്ട്. ഇതിൽ 19 ടവറുകൾ സ്പെഷ്യൽ ടൈപ്പ് ടവറുകളാണ്. നിലമ്പൂർ-ഇടക്കര ലൈൻ ഡബിൾ സർക്യൂട്ടായി ഉയർത്തുന്ന പ്രവൃത്തി 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാകും. പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടുവരുന്ന വൈദ്യുതി വിതരണ തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി 33 കെ.വി. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും 66 കെ.വി. കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് നിർമ്മാണ സമയത്ത് വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## നെയ്യാറ്റിൻകര 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തുന്നതിനുള്ള നടപടി

216 (3191) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകരയിൽ 40 വർഷം മുൻപ് സ്ഥാപിച്ച 66 കെ.വി സബ് സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തുന്നതിനുള്ള നടപടി അടിയന്തരമായി പൂർത്തീകരിക്കുമോ; ഇത് എന്ന് കമ്മീഷൻ ചെയ്യുമെന്ന് വെളിപ്പെടുത്തുമോ;

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എച്ച്. റ്റി. കണക്ഷൻ നൽകുന്ന ജോലി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നെയ്യാറ്റിൻകര നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള യു. ജി. കേബിളുകൾ ഉടൻ പ്രവർത്തനക്ഷമമാക്കുമോ;

(ഡി) നെയ്യാറ്റിൻകര മണ്ഡലത്തിൽ അപകടകരമായി സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോമറുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര 66 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. സബ്സ്റ്റേഷൻ ആക്കി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2017 ഡിസംബറോടെ പണികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എച്ച്.റ്റി. വൈദ്യുതി കണക്ഷൻ നൽകുന്നതിനായി കെട്ടിടത്തിന്റെ വയറിംഗ് പൂർത്തീകരിച്ച് മതിയായ രേഖകൾ ഹാജരാക്കുന്നതിനുവേണ്ടി 29-8-2016-ന് ആശുപത്രി സൂപ്രണ്ടിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. വയറിംഗ് പൂർത്തീകരിച്ച് മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നെയ്യാറ്റിൻകര നഗരത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ യു.ജി. കേബിളുകളും പ്രവർത്തനക്ഷമമാണ്.

(ഡി) അപകടകരമായി സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ അപകടാവസ്ഥ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേളകം 66 KV സബ്സ്റ്റേഷൻ

217 (3192) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേളകത്ത് അനുവദിച്ച 66 KV സബ്സ്റ്റേഷന്റെ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ലൈൻ മാറ്റി വലിക്കുവാനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തുക ഭരണാനുമതി നൽകിയ തുകയെക്കാൾ കുറവായതിനാൽ സബ്സ്റ്റേഷന് വൈദ്യുതി ബോർഡ് നൽകേണ്ട പുതിയ എസ്റ്റിമേറ്റിനുള്ള അനുമതി നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും അതുവഴി കേളകം, കണിയാർ, കൊട്ടിയൂർ, പേരാവൂർ പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേളകത്ത് 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം 2016-ൽ തന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇല്ല.

(സി) പ്രസ്തുത സബ്സ്റ്റേഷൻ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങൾ

218 (3193) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾക്ക് കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ 2011-16 കാലയളവിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**വേങ്ങാട് ഗോകുലം സംരക്ഷണം**

219 (3194) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിലുള്ള വേങ്ങാട് ഗോകുലം സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്എന്ന് വ്യക്തമാക്കുമോ ;

(ബി) വേങ്ങാട് ഗോകുലത്തിന്റെ അധീനതയിലുള്ളതും അന്യാധീനപ്പെട്ടതുമായ ഭൂമി തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വേങ്ങാട് ഗോകുലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് ദേവസ്വം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; ഇതിന്റെ പണി എന്നത്തേക്ക് തീർക്കാനാണ് ദേവസ്വം ലക്ഷ്യമിട്ടിരിക്കുന്നത്എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഗോകുലം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഗോക്കളെ പാഡക്ക് സിസ്റ്റം ആരംഭിച്ച് ഗുരുവായൂർ ദേവസ്വം പരിപാലിച്ചുവരുന്നു. പശുക്കൾക്കായുള്ള ഫാർമസി പരിഷ്കരിച്ചു. മഴവെള്ളം സംഭരിക്കുന്നതിന് മഴവെള്ളക്കുഴികൾ, തടയണ, റോഡ്, ബണ്ട് എന്നിവ നിർമ്മിച്ചിട്ടുണ്ട്. വേങ്ങാട് ഗോകുലത്തിലെ മിക്ക ഷെഡ്യൂളുകളും റിപ്പയർ വർക്ക് ചെയ്തിട്ടുള്ളതുമാണ്. വൈക്കോൽ, ഫീഡ് എന്നിവ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളും ചെയ്തിട്ടുണ്ട്.

(ബി) പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

(സി) വേങ്ങാട് എസ്റ്റേറ്റിന്റെ വടക്ക് കിഴക്ക് ഭാഗത്ത് "RCC retaining wall/RR retaining wall and RCC two stories shopping complex" എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ "rough cost estimate" തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. വേങ്ങാട് ഗോകുലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസൽ, എസ്റ്റിമേറ്റ് എന്നിവ ദേവസ്വം ഭരണസമിതിയുടെ പരിഗണനയിലാണ്.

**ഏകീകൃത ദേവസ്വം സംവിധാനം**

220 (3195) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏകീകൃത ദേവസ്വം സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനുള്ള നടപടികൾ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## ശബരിമല സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

221 (3196) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-ൽ ശബരിമലയിൽ 25 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല, എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ശബരിമലയിൽ സ്ഥാപിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തന ക്ഷമമല്ലെന്നുള്ള ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ദേവസ്വം ബോർഡിലെ മരാമത്ത് വിഭാഗത്തിലെ ജീവനക്കാർക്കെതിരെയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിച്ച ഹൈപവർ കമ്മിറ്റിക്കെതിരെയും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ശബരിമല തീർത്ഥാടന പദ്ധതികൾ

222 (3197) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടന പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഇതനുസരിച്ച് എവിടെയൊക്കെയാണ് തീർത്ഥാടകർക്ക് കൂടുതൽ സൗകര്യം ലഭിക്കുന്നത്;

(സി) ഇതിനായി എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാന സർക്കാർ ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി തീർത്ഥാടന ടൂറിസത്തിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഇതിൽ സ്വദേശി ദർശൻ സ്കീമിന്റെ ഭാഗമായ സ്പിരിച്വൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. എരുമേലി-പമ്പ-സന്നിധാനം - 99,98,92,000 രൂപ.

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.

**മലബാർ ദേവസ്വം ബോർഡിൽ ജീവനക്കാർക്ക് സ്ഥാനക്കയറ്റം**

223 (3198) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ജീവനക്കാർക്ക് സ്ഥാനക്കയറ്റം വഴി എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കപ്പെടുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലും ലോകായുക്തയിലുമായി 7 ഓളം കേസുകൾ നിലവിലുള്ളതിനാൽ നിയമനനടപടികൾ ആരംഭിച്ചിട്ടില്ല.

**എളവള്ളി ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രച്ചിറ**

224 (3199) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡിന്റെ ഗുരുവായൂർ ഡിവിഷന് കീഴിലുള്ളതും മണലൂർ മണ്ഡലത്തിലുൾപ്പെട്ടതുമായ മൂന്നര ഏക്കറോളം വിസ്തൃതിയുള്ള എളവള്ളി ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രച്ചിറ മതിയായ സംരക്ഷണം ലഭിക്കാതെ പായലും ചെളിയും നിറഞ്ഞു മലിനമായി കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ജലസ്രോതസ്സിന്റെ സംരക്ഷണത്തിനും നവീകരണത്തിനുമായി അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രീ എളവള്ളി ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിലെ ചിറയുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്ക് കുളങ്ങളുടെയും കാവുകളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി ധനസഹായം അനുവദിച്ചുകൊണ്ടുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 4,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

**കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി**

225 (3200) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, ദേവാലയങ്ങളോട് അനുബന്ധിച്ചുള്ള കുളങ്ങൾ സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംരക്ഷണത്തിനായി സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നു. ഇതുസംബന്ധിച്ച നിബന്ധനകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെ ശ്രാദ്ധതർപ്പണം**

226 (3201) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദുവിന്റെ ഷോഡശ കർമ്മത്തിൽ പറഞ്ഞിട്ടുള്ള ശ്രാദ്ധത്തിനായി ദിവസവും ആയിരക്കണക്കിന് ഭക്തജനങ്ങൾ എത്തിച്ചേരുന്ന തിരുവല്ലം പരശുരാമ ക്ഷേത്രത്തിൽ ശ്രാദ്ധതർപ്പണം ചെയ്യുന്നതിനുള്ള തോടിന്റെ ദയനീയ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രാദ്ധതർപ്പണം ചെയ്യുന്നതിനുള്ള ഈ തോട്ടിൽ ചപ്പുചവറുകളും മാലിന്യങ്ങളും നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത തോട് എല്ലാ ദിവസവും വൃത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഈ തോടിന് സമീപം കിഴക്കുമാറി ഒഴുകുന്ന കരമനയാറ്റിൽ പിതൃതർപ്പണം ചെയ്യാനുള്ള സൗകര്യം ഒരുക്കുമോ;

(ഇ) പാർവതി പുത്തനാറിൽ നിന്നുള്ള മലിനജലം ക്ഷേത്ര സന്നിധിയിലുള്ള ബലിക്കടവിൽ എത്തുന്നത് തടയുന്നതിനായി ഇടയാർ പാലത്തിൽ ഷട്ടർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കരമന നദി പുനരുജ്ജീവന പദ്ധതിയിലുൾപ്പെടുത്തി, തിരുവല്ലം തോടിൽ പരശുരാമ ക്ഷേത്ര പരിസരത്തുള്ള ബലിദർപ്പണ സ്ഥാനം മാലിന്യ വിമുക്തമാക്കുന്നതിന് ജലസേചന വകുപ്പ് മുഖാന്തരം ഒരു തടയണ, ഒരു പമ്പ് ഉൾപ്പെടെ പമ്പ് ഹൗസ്, അഴുക്ക് കെട്ടിക്കിടക്കാതിരിക്കാൻ ആവശ്യമായ സ്ലോപ് കറക്ഷൻ, ഒരു പുതിയ ബലിക്കടവ്, കൂടുതൽ ശുചിമുറികൾ, ഇന്റർലോക്ക് ചെയ്ത നടപ്പാതകൾ, മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ എന്നിവ ഉൾപ്പെടെ 88 ലക്ഷം രൂപയുടെ കരമന നദീശാസ്ത്രീയ പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു.

(ഡി&ഇ) പരിശോധിക്കാവുന്നതാണ്.

**സ്വന്തമായി ആനകളുള്ള ദേവസ്വം ക്ഷേത്രങ്ങൾ**

227 (3202) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആനകൾ സ്വന്തമായുള്ള ദേവസ്വം ക്ഷേത്രങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇവിടങ്ങളിലെ ആനകൾ ചരിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ആനകളെ പരിചരിക്കുന്നതിനും അവയ്ക്ക് കൃത്യമായി മരുന്നും ആഹാരവും നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വെറ്ററിനറി സർജൻമാരുടെ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാകുവാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ; വിശദമാക്കുമോ;

(ഇ) ടൂറിസവുമായി ബന്ധപ്പെടുത്തി ആനകളെ സംരക്ഷിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ?

<u>ഉത്തരം</u>

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഗുരുവായൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ക്യൂ കോംപ്ലക്സ് നിർമ്മാണം**

228 (3203) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ക്ഷേത്രത്തിലെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്ന നടപടി ഏതു ഘട്ടം വരെയായി;

(ബി) ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന് സർക്കാർ നൽകിയ അനുമതി റദ്ദാക്കിയിട്ടുണ്ടോ;

(സി) തിരക്ക് നിയന്ത്രിക്കുന്നതിന് ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന് പകരമായി എന്തു സംവിധാനം ഒരുക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്;

(ഡി) ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ചീഫ് ടെക്നിക്കൽ എക്സാമിനറെക്കൊണ്ട് പരിശോധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകാമോ ?

<u>ഉത്തരം</u>

(എ-സി) ഗുരുവായൂർ കിഴക്കേനടയിലെ ക്യൂ കോംപ്ലക്സ് നിർമ്മാണ പ്രവർത്തനം, ഗുരുവായൂർ മാസ്റ്റർ പ്ലാൻ നിയമാനുസൃതമായി അംഗീകരിക്കുന്നത് വരെ, താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

**കോയിക്കൽ കൊട്ടാരത്തിൽ തന്ത്രശാസ്ത്ര പഠന കേന്ദ്രം**

229 (3204) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരത്തിൽ തന്ത്രശാസ്ത്ര പഠന കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) തന്ത്രശാസ്ത്ര പഠന കേന്ദ്രത്തിന്റെ ഘടനയും സ്റ്റാഫ് പാറ്റേണും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ കേന്ദ്രം എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം**

230 (T* 3205) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാവുകളും അനുബന്ധ കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധമായ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിനായി എന്തൊക്കെ സഹായങ്ങളാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമാക്കുന്നത് എന്നതുസംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കുളം, കാവ്, ആൽത്തറ എന്നിവയുടെ നവീകരണത്തിനായി സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. ബോർഡുകളുടെ നിയന്ത്രണത്തിൽ അല്ലാത്ത സ്വകാര്യ ക്ഷേത്രങ്ങളുടെ കാര്യത്തിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരമാണ് ധനസഹായം വിതരണം ചെയ്യുന്നത്.

### കൂടൽ മാണിക്യം ദേവസ്വം

231 (3206) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടൽമാണിക്യം ദേവസ്വം ആക്റ്റ് അനുസരിച്ച് ദേവസ്വത്തിന്റെ ബജറ്റിനും ബഡ്ജറ്റ് എസ്റ്റിമേറ്റിനും ദേവസ്വം കമ്മീഷണറുടെ അനുമതി വാങ്ങാറുണ്ടോ; ഏത് കാലയളവ് വരെയാണ് ബജറ്റിനും ബജറ്റ് എസ്റ്റിമേറ്റിനും ദേവസ്വം കമ്മീഷ ണറുടെ അനുമതി വാങ്ങിയിട്ടുള്ളത്;

(ബി) ദേവസ്വം ബജറ്റിനും ബജറ്റ് എസ്റ്റിമേറ്റിനും അതതു വർഷങ്ങളിൽ കമ്മീഷണറുടെ അനുമതി വാങ്ങാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ദേവസ്വം ജീവനക്കാർ ക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. 2013-14 വരെയുള്ള കാലയളവിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

### കൂടൽ മാണിക്യം ദേവസ്വത്തിന്റെ ഭരണ റിപ്പോർട്ട്

232 (3207) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടൽമാണിക്യം ദേവസ്വത്തിന്റെ ഏത് കാലയളവ് വരെയുള്ള ഭരണ റിപ്പോർട്ടാണ് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാനായി സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഭരണ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഭരണ റിപ്പോർട്ട് യഥാസമയം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്കായി കമ്മീഷണറുടെ അനുമതി വാങ്ങുന്നതിലും തുടർന്ന് സർക്കാരിന് സമർപ്പിക്കുന്നതിലും വീഴ്ച വരുത്തിയ ദേവസ്വം ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2011-ലെ ഭരണ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. 2012, 2013, 2015 വർഷങ്ങളിലെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. 2014-ലെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

(ബി&സി) 23-2-2014 മുതൽ 24-9-2014 വരെ ദേവസ്വം ഭരണസമിതി ഇല്ലാത്തതിനാലും ദേവസ്വത്തിലെ ജീവനക്കാരുടെ അപര്യാപ്തതയും കാരണമാണ് റിപ്പോർട്ട് നൽകുന്നതിൽ കാലതാമസമുണ്ടായിട്ടുള്ളത് എന്ന് ദേവസ്വം അഡ്മിനിസ്ട്രേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിശോധിക്കുന്നതാണ്.

**ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം**

233 (3208) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ മലക്കപ്പാറ കേന്ദ്രമാക്കി പ്രവർത്തിച്ച വരുന്ന ഷോളയാർ പട്ടിക വർഗ്ഗ സർവ്വീസ് സഹകരണ സംഘം (R-332) ഭരണ സമിതിയുടെ നിലവിലുള്ള ഘടന മാറ്റുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി, സംഘം വക സ്ഥലത്ത് ടൂറിസം മേഖലയിലടക്കമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിയമാവലി ഭേദഗതി വരുത്തുന്നതിന് സംഘം സമർപ്പിച്ച അപേക്ഷ സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ നിരസിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സംഘത്തിന്റെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**സൂപ്പർ ഗ്രേഡിൽ ഉൾപ്പെടുത്തുന്ന സഹകരണ സ്ഥാപനങ്ങൾ**

234 (3209) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര രൂപ പ്രവർത്തനമൂലധനവും നിക്ഷേപവും ഉള്ള സഹകരണ സ്ഥാപനങ്ങളെയാണ് സൂപ്പർ ഗ്രേഡിൽ ഉൾപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സൂപ്പർ ഗ്രേഡിലുള്ള പ്രാഥമിക സഹകരണ റൂറൽ ബാങ്കിലെ ജീവനക്കാരുടെ ശമ്പളം അതിനനുസരിച്ച് വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 80 കോടി രൂപയോ അതിനുമുകളിലോ പ്രവർത്തനമൂലധനവും, 60 കോടി രൂപയോ അതിനുമുകളിലോ നിക്ഷേപവുമുള്ള സഹകരണ സ്ഥാപനങ്ങളെയാണ് പ്രാഥമിക വായ്പാ സഹകരണസംഘങ്ങളുടെ ക്ലാസ് 1 സൂപ്പർ ഗ്രേഡിൽ ഉൾപ്പെടുത്തുന്നത്.

(ബി) സൂപ്പർ ഗ്രേഡിലുള്ള പ്രാഥമിക സഹകരണ റൂറൽ ബാങ്കിലെ ജീവനക്കാർക്ക് ക്ലാസ് 1 സൂപ്പർ ഗ്രേഡിൽ ഉൾപ്പെടുന്ന പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ശമ്പളത്തിന് നിലവിൽ അർഹതയുണ്ട്.

**നന്മ സ്റ്റോറുകൾ**

235 (T*3210) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നന്മ സ്റ്റോറുകൾ അടച്ചുപൂട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) 2015-ലെയും 2016-ലെയും ഓണക്കാലത്ത് നന്മ സ്റ്റോറുകളിൽ നിന്ന് മാത്രമായി എത്ര രൂപയുടെ വീതം കച്ചവടമാണ് നടന്നിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) 2015-ലെയും 2016-ലെയും ഓണക്കാലത്ത് കൂടിയ വിലയുള്ള സാധനങ്ങൾ വാങ്ങി കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ കൺസ്യൂമർഫെഡിന് എത്ര രൂപ വീതം സബ്സിഡി നൽകിയെന്ന വിശദമാക്കുമോ ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡറേഷന്റെ കീഴിൽ നേരിട്ട് പ്രവർത്തിച്ചിരുന്ന 746 നന്മ സ്റ്റോറുകളും സംഘങ്ങളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന 384 നന്മ സ്റ്റോറുകളും നിർത്തലാക്കിയിട്ടുണ്ട്.

(ബി) 2015-ലെ ഓണക്കാലത്ത് കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളിൽ 4.42 കോടി രൂപയുടെ കച്ചവടവും, സംഘങ്ങളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളിൽ 4.12 കോടി രൂപയുടെ കച്ചവടവുമാണ് നടന്നിട്ടുള്ളത്. 2016-ലെ ഓണക്കാലത്ത് സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകളിൽ 1.95 കോടി രൂപയുടെ കച്ചവടം നടന്നിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകളിലൂടെ വിൽപ്പന ഒന്നും ഉണ്ടായിട്ടില്ല.

(സി) 2015-ലെ ഓണക്കാലത്ത് വിൽപ്പനയ്ക്കായി സബ്സിഡി ഇനത്തിൽ 25 കോടി രൂപ നൽകിയിട്ടുണ്ട്. 2016-ലെ ഓണക്കാലത്ത് വില്പനയ്ക്കായി തുക ഒന്നും നൽകിയിട്ടില്ല.

**സഹകരണ മേഖലയിൽ സുവർണ്ണം സ്റ്റോറുകൾ**

236 (3211) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയുടെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എല്ലാ താലൂക്കുകളിലും 'സുവർണ്ണം' സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) വിവിധ തരത്തിൽ ഉല്പാദിപ്പിക്കുന്ന എല്ലാത്തരം കാർഷിക ഉത്പന്നങ്ങളുടെയും സ്ഥിരം വിപണി എന്ന നിലയിൽ സുവർണ്ണം സ്റ്റോറുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണമേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തി വരുന്നത്. നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ, വിപ്രോയുടെ സാങ്കേതിക സഹകരണത്തോടുകൂടിയും മറ്റ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇൻഫോസിസ്, റ്റി.സി.എസ്. മുതലായ ഏജൻസികളുടെ സഹകരണത്തോടെയും CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിലാക്കിയിട്ടുണ്ട്. അർബൻ ബാങ്കുകളിൽ ചിലവ NAFCUB-ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു. വിഷരഹിത ജൈവ പച്ചക്കറി ഉല്പന്നങ്ങൾ, മുട്ട (കാട, കോഴി, താറാവ്), പാൽ, കേരളത്തിന്റെ തനത് സംസ്കാരത്തിന്റെ ഭാഗമായ കാർഷിക വിഭവങ്ങൾ, അനുബന്ധ ഉല്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ, ശീതീകരണ സംവിധാനങ്ങൾ (ഫ്രീസർ), ജലസേചന ഉപകരണങ്ങൾ, പമ്പ് സെറ്റുകൾ, സർക്കാർ ഫാമുകളിലൂടെയും മറ്റ് വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ജൈവ ഉല്പന്ന വിപണന ശൃംഖല രൂപീകരിച്ച് ജനോപകാരപ്രദമായി പ്രവർത്തിക്കുന്ന സ്ഥാപനമാക്കുക എന്നതാണ് സുവർണ്ണം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. ഓരോ വീടുകളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ വീട്ടാവശ്യത്തിൽ അധികമായി ഉല്പാദിപ്പിക്കുന്ന അവസരത്തിൽ ഇപ്രകാരം അധികമായി വരുന്ന വിഭവങ്ങൾക്ക് ഒരു വിപണി എന്നതാണ് സുവർണ്ണം സ്റ്റോർ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. കർഷക സേവന കേന്ദ്രങ്ങൾ, കാർഷിക രംഗത്ത് ആധുനിക കൃഷി സമ്പ്രദായങ്ങൾ, യന്ത്രവൽക്കരണ കൃഷിരീതികൾ, വിദഗ്ദ്ധ പരിശീലനം നേടിയ കർഷകർ, ഗുണമേന്മയുള്ള വിത്ത്, ജൈവവളം, ജൈവ കീടനാശിനികൾ തുടങ്ങിയവ ലഭ്യമാക്കുന്നതിലൂടെ മികച്ച ഉല്പാദനം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കർഷക സേവന കേന്ദ്രങ്ങൾ നേരിട്ടും കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് ക്ലബ്ബുകൾ, വ്യക്തികൾ എന്നിവർ വഴിയും വൻതോതിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി, പാൽ, മുട്ട, ഇതര കാർഷിക ഉല്പന്നങ്ങൾ എന്നിവ വൻതോതിൽ ഉല്പാദിപ്പിക്കുന്ന സാഹചര്യത്തിൽ ടി ഉല്പന്നങ്ങളുടെ വിപണനം വളരെയധികം പ്രാധാന്യമർഹിക്കുന്നതിനാൽ കാർഷിക

ഉല്പന്നങ്ങൾക്ക് മികച്ചതും ഫലപ്രദവുമായ വിപണി കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമായതിനാൽ കേരളമൊട്ടാകെ സഹകരണസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു താലൂക്കിൽ ഒന്ന് എന്ന കണക്കിൽ വിപണന സ്റ്റോറുകൾ സ്ഥാപിച്ച് പ്രവർത്തിക്കുക എന്നതാണ് സുവർണ്ണം പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സഹകരണ വകുപ്പിന് കീഴിലെ വിവിധ ബോർഡുകളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി

237 (3212) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പെൻഷൻ ബോർഡ്, ക്ഷേമനിധി ബോർഡ്, വികസന ക്ഷേമനിധി ബോർഡ്, പരീക്ഷാ ബോർഡ്, ഡെപ്പോസിറ്റ് ഗ്യാരൻറി ഫണ്ട് ബോർഡ് എന്നിവയിലെ ജീവനക്കാർക്ക് 2014-ൽ . സർക്കാർ പ്രഖ്യാപിച്ച പെൻഷൻ പദ്ധതി ,പതിമൂന്നാം സഭയുടെ പതിനൊന്നാം സമ്മേളനത്തിൽ അവതരിപ്പിച്ച് 2014 ജൂൺ 24-ന് നിയമമായത് പ്രകാരം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി ഇതുവരെയും നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി ഈ പെൻഷൻ പദ്ധതി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) 2014-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ (24/2014) വകുപ്പ് 80 എ യിൽ ഭേദഗതി വരുത്തി വിവിധ സഹകരണ ബോർഡുകളിലെ ജീവനക്കാരെക്കൂടി ടി വ്യവസ്ഥയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് ടി ബോർഡുകളിലെ ജീവനക്കാരെക്കൂടി പെൻഷൻ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി 1994-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എംപ്ലോയീസ് പെൻഷൻ സ്കീമിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള പെൻഷൻ സ്കീമിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ അടിയന്തരമായി ലഭ്യമാക്കുന്നതിന് സഹകരണ പെൻഷൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈകാതെ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## സഹകരണ വകുപ്പിൽ ബ്രാഞ്ച് മാനേജർ തസ്തിക

238 (3213) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ശിപാർശ ചെയ്ത ആദ്യ റാങ്കുകാർ 'Not Joining Duty' ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ എൻ.ജെ.ഡി. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഈ തസ്തികയിൽ നിയമന നടപടികൾ പൂർത്തീകരിച്ച് ഒഴിവുകൾ നികത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി എൻ.ജെ.ഡി. ഒഴിവുകൾ 05.10.2016-ൽ ബാങ്കിൽ നിന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് സ്വീകരിച്ചിട്ടുണ്ട്.

(സി) ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള 10 ഒഴിവുകളിൽ പി.എസ്.സി. ശിപാർശ ചെയ്തിരുന്ന 7 പേരിൽ 5 പേർ ജോലിയിൽ പ്രവേശിച്ചു. ബാക്കിനിൽക്കുന്ന രണ്ട് എൻ.ജെ.ഡി. ഒഴിവുകൾ 5-10-2016-ൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് പി.എസ്.സി. ശിപാർശ ചെയ്യുന്ന മുറയ്ക്ക് നിയമനനടപടികൾ സ്വീകരിക്കുന്നതാണ്.

## സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശിക

239 (3214) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശികകളിൽ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കുന്നതിനോ കടാശ്വാസം നൽകുന്നതിനോ നിലവിൽ പദ്ധതികളുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശികകളിൽ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കുന്നതിന് നിലവിൽ പദ്ധതികളില്ല. സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും കർഷകർ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് നൽകുന്നതിന് കടാശ്വാസപദ്ധതികൾ നിലവിലുണ്ട്. സഹകരണസംഘങ്ങളിലെ/ ബാങ്കുകളിലെ വായ്പാ കുടിശ്ശികകളിൽ പലിശ, പിഴപ്പലിശ എന്നിവയിൽ ഇളവ് നൽകി 2017 ജനുവരി മുതൽ പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതി ആരംഭിക്കാൻ 7-10-2016-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ധാരണയായിട്ടുണ്ട്.

**സഹകരണ സംഘങ്ങളിൽ മൊത്ത ശമ്പളത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ**

240 (3215) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ മൊത്ത ശമ്പളത്തിൽ തസ്തികകൾ സഹകരണ വകുപ്പ് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) മിനിമം വേജസ് ആക്ടിനും സഹകരണ നിയമത്തിനും വിരുദ്ധമായി മൊത്തശമ്പളത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്;

(സി) ഇങ്ങനെ അനുവദിച്ച തസ്തികകളുടെയും, ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(ഡി) ഈ ജീവനക്കാർക്ക് സഹകരണ നിയമപ്രകാരമുള്ള സ്കെയിലിൽ ശമ്പളം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1573 ജീവനക്കാർ ജോലി ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| (സി) | 1 | സെക്രട്ടറി | 442 |
| | 2 | അസിസ്റ്റന്റ് ഗ്രേഡ് | 1 |
| | 3 | ക്ലാർക്ക് | 107 |
| | 4 | അറ്റൻഡർ | 146 |
| | 5 | പ്യൂൺ | 206 |
| | 6 | പാർട്ട് ടൈം സ്വീപ്പർ | 5 |
| | 7 | സെയിൽസ്മാൻ | 42 |
| | 8 | കളക്ഷൻ ഏജന്റ് ബിൽ കളക്ടർ | 3 |
| | 9 | ഫാർമസിസ്റ്റ് | 7 |
| | 10 | ഫാർമസിസ്റ്റ് ഹെൽപ്പർ | 10 |
| | 11 | വർക്ക് സൂപ്പർവൈസർ | 1 |
| | 12 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 |
| | 13 | കാന്റീൻ മാനേജർ | 1 |
| | 14 | നൈറ്റ് വാച്ച്മാൻ | 327 |
| | 15 | ഐ.ടി. മാനേജർ | 1 |
| | 16 | ടെക്നിക്കൽ കൺസൾട്ടന്റ് | 1 |
| | 17 | ലീഗൽ അസിസ്റ്റന്റ് | 1 |
| | 18 | ഇലക്ട്രീഷ്യൻ | 1 |
| | 19 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 2 |
| | 20 | പ്രോഗ്രാമർ/ജൂനിയർ പ്രോഗ്രാമർ | 3 |
| | 21 | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | 22 | ബുക്ക് എൻട്രി ഓപ്പറേറ്റർ | 1 |
| | 23 | സിവിൽ എഞ്ചിനീയർ | 1 |
| | 24 | റിസപ്ഷനിസ്റ്റ് | 5 |

| | | |
|---|---|---|
| 25 | സൂപ്പർവൈസർ | 1 |
| 26 | ഫാർമസി സെയിൽസ് മാൻ | 1 |
| 27 | ടൂറിസം ഡെവലപ്മെന്റ് ഓഫീസർ | 1 |
| 28 | സ്റ്റോർ ഹെൽപ്പർ | 1 |
| 29 | ഗ്രേഡർ/അസിസ്റ്റന്റ് ഗ്രേഡർ | 2 |
| 30 | ടെയ്ലറിംഗ് ടീച്ചർ | 1 |
| 31 | ലക്ചറർ | 2 |
| 32 | ഡോക്ടർ | 1 |
| 33 | ഫാർമസിസ്റ്റ് | 1 |
| 34 | ലാബ് അസിസ്റ്റന്റ് | 14 |
| 35 | റേഡിയോളജിസ്റ്റ് | 11 |
| 36 | എക്സ്റേ ടെക്നീഷ്യൻ | 2 |
| 37 | ലാബ് ടെക്നീഷ്യൻ | 3 |
| 38 | ഡാർക് റൂം അസിസ്റ്റന്റ് | 1 |
| 39 | ക്ലീനിംഗ് സ്റ്റാഫ് | 1 |
| 40 | ഹെൽപ്പർ | 1 |
| 41 | പാരാമെഡിക്കൽ സ്റ്റാഫ് | 29 |
| 42 | വർക്ക് മാനേജർ | 1 |
| 43 | അപ്രൈസർ | 19 |
| 44 | അക്കൗണ്ടന്റ് | 3 |
| 45 | ഡി.ടി.പി. ഓപ്പറേറ്റർ | 3 |
| 46 | ബൈൻഡർ | 1 |
| 47 | ഫാർമസി അസിസ്റ്റന്റ് | 9 |
| 48 | പ്രിന്റർ | 3 |

| | | | |
|---|---|---|---|
| 49 | കമ്പോസിറ്റർ | | 1 |
| 50 | ടൂറിസം മാനേജർ | | 1 |
| 51 | എം.ഡി. | | 1 |
| 52 | സ്റ്റാഫ് നഴ്സ് | | 106 |
| 53 | വാർഡ് ബോയ് | | 22 |
| 54 | പാത്തോളജിസ്റ്റ് | | 1 |
| 55 | ടെക്നീഷ്യൻ | | 7 |
| 56 | ഓപ്പറേറ്റർ | | 2 |
| 57 | ഡ്രൈവർ | | 3 |
| 58 | ഇലക്ട്രിക്കൽ എഞ്ചിനീയർ | | 1 |
| | ആകെ തസ്തികകൾ | - | 58 |
| | ജീവനക്കാരുടെ എണ്ണം | - | 1573 |

(ഡി) ഇല്ല.

**സഹകരണ വകുപ്പിന്റെ കോഴിക്കോട് ഓഫീസുകൾ**

241 (3216) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസും മറ്റ് ഓഫീസുകളും സ്ഥിതി ചെയ്യുന്ന താൽക്കാലിക കെട്ടിടം സൗകര്യപ്രദമല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

**സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും വായ്പ കുടിശ്ശിക**

242 (3217) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതനുസരിച്ച് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളിലൂടെ എന്ത് തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് വായ്പക്കാർക്ക് നൽകിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി 2011, 2012, 2014, 2015, 2016 വർഷങ്ങളിൽ "ആശ്വാസ്" എന്ന പേരിൽ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് ആശ്വാസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(സി) ആശ്വാസ് പദ്ധതികളിലൂടെ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2011 | - | 1007.05 കോടി രൂപ |
| 2012 | - | 1995.61 കോടി രൂപ |
| 2014 | - | 3079.53 കോടി രൂപ |
| 2015 | - | 4030.98 കോടി രൂപ |
| 2016 | - | 4089.78 കോടി രൂപ |

(ഡി) ചുവടെ ചേർക്കുന്ന തുകകകൾ വായ്പക്കാർക്ക് ആനുകൂല്യമായി നൽകിയിട്ടുണ്ട് :

| | | |
|---|---|---|
| 2011 | - | 45.62 കോടി രൂപ |
| 2012 | - | 53.48 കോടി രൂപ |
| 2014 | - | 128.39 കോടി രൂപ |
| 2015 | - | 140.54 കോടി രൂപ |
| 2016 | - | 132.77 കോടി രൂപ |

## ജില്ലാ സഹകരണ ബാങ്കിന്റെ ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

243 (3218) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർക്കും ജനറൽ മാനേജർമാർക്കും ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്നത് വിശദമാക്കുമോ;

(ബി) ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിന് 8 കിലോമീറ്റർ പുറത്തേയ്ക്ക് ഉപയോഗിക്കുന്നതിനും 8 കിലോമീറ്റർ കൂടുതൽ ദൂരമുള്ള സ്വന്തം വസതിയിൽ പോയി വരുന്നതിനും ജില്ലാ ബാങ്ക് ജനറൽ മാനേജർക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള സർക്കാർ നിയമം മറികടക്കുവാനായി കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് തയ്യാറാക്കിയ വെഹിക്കിൾ റൂൾ, ഭരണസമിതി തീരുമാന പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചു നൽകിയത് സർക്കാർ നിയമ വ്യവസ്ഥ പ്രകാരം നിലനിൽക്കുന്നതാണോ എന്ന കാര്യം പരിശോധിക്കുമോ; നിയമവിരുദ്ധമെങ്കിൽ ഈ വിഷയത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കിലെ പ്രസിഡന്റുമാർക്കും ജനറൽ മാനേജർമാർക്കും ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സഹകരണസംഘം രജിസ്ട്രാറുടെ 55/2003-ാം നമ്പർ സർക്കുലറിലാണ് പ്രതിപാദിച്ചിട്ടുള്ളത്. ആയതിൽ സഹകരണ സ്ഥാപനങ്ങൾ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സബ്റൂൾ അംഗീകരിച്ച് വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിന് 8 കിലോമീറ്റർ പുറത്തേയ്ക്ക് ഉപയോഗിക്കുന്നതിനും 8 കിലോമീറ്റർ കൂടുതൽ ദൂരമുള്ള സ്വന്തം വസതിയിൽ പോയി വരുന്നതിനും ജില്ലാ ബാങ്ക് ജനറൽ മാനേജർക്ക് പ്രത്യേക അനുമതി നൽകിയിട്ടില്ല.

(സി) പരിശോധിച്ച് തുടർനടപടി സ്വീകരിക്കും.

## റിസ്ക് ഫണ്ട്

244 (3219) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുമ്പോൾ റിസ്ക് ഫണ്ട് പിടിക്കാറുണ്ടോ; റിസ്ക് ഫണ്ട് പിടിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ ;

(ബി) റിസ്ക് ഫണ്ട് പ്രയോജനപ്പെടുത്തി, ഏതൊക്കെ മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടിശ്ശികയാണ് ഇളവ് ചെയ്തു നൽകുന്നത്;

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിരുന്നതിനുശേഷം മാരകരോഗങ്ങൾ ബാധിക്കുകയും വായ്പ കുടിശ്ശിക ആകുകയും ചെയ്തിട്ടുള്ളവരെ കണ്ടെത്തി ഇവരുടെ കുടിശ്ശിക റിസ്ക് ഫണ്ട് പ്രയോജനപ്പെടുത്തി ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കാൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ ;

(ഡി) റിസ്ക് ഫണ്ടിന്റെ ആനുകൂല്യം അർഹതപ്പെട്ട പല വായ്പക്കാരും അറിവില്ലായ്മ കാരണം പ്രയോജനപ്പെടുത്തുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അർഹതപ്പെട്ടവരെ കണ്ടെത്തുവാനും കുടിശ്ശിക ഒഴിവാക്കി നൽകുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ വിതരണം ചെയ്യുമ്പോൾ റിസ്ക് ഫണ്ട് പ്രീമിയം പിടിക്കുന്നുണ്ട്. വായ്പാ സഹകരണസംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ, മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന 1.5 ലക്ഷം രൂപ വരെയുള്ള മുതലും, അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം വായ്പയെടുത്ത ശേഷം മാരകരോഗം പിടിപ്പെട്ടവരുടെ വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75000 രൂപയുടെ ആനുകൂല്യം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.

(ബി) ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ടി. ബി., ലിവർ സിറോസിസ് തുടങ്ങിയ മാരകരോഗം പിടിപ്പെട്ട വായ്പക്കാരുടെ വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന വായ്പക്കാരുടെ മുതലിനത്തിൽ 75000 രൂപയുടെ ആനുകൂല്യമാണ് നൽകുന്നത്.

(സി-ഇ) നിലവിലുള്ള റിസ്ക് ഫണ്ട് പദ്ധതിയനുസരിച്ച് വായ്പ നൽകിയ ബാങ്ക് സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ടി പദ്ധതിയിൽ ചേരുകയും വായ്പാക്കാരിൽ നിന്നും നിശ്ചിത നിരക്കിലുള്ള വിഹിത തുക ഈടാക്കി ടി ബോർഡിലേയ്ക്ക് ഒടുക്കുകയും ചെയ്താൽ മാത്രമേ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളൂ. ഇതിനുവേണ്ട നിർദ്ദേശം സഹകരണ ബാങ്കുകൾക്ക് സഹകരണസംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. വായ്പക്കാരുടെ അറിവില്ലായ്മ കാരണം റിസ്ക് ഫണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആശ്വാസ് പദ്ധതി**

245 (3220) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ ;

(ബി) എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കിയത്;

(സി) പ്രസ്തുത പദ്ധതി വഴി സംസ്ഥാന സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയുടെ കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് വായ്പകൾക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 2011, 2012, 2014, 2015, 2016 വർഷങ്ങളിൽ "ആശ്വാസ്" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ വായ്പ കുടിശ്ശിക കുറയ്ക്കുക, സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(സി) ആശ്വാസ് പദ്ധതികളിലൂടെ കുടിശ്ശികയിനത്തിൽ ഈടാക്കിയെടുത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2011 | - | 1007.05 കോടി രൂപ |
| 2012 | - | 1995.61 കോടി രൂപ |
| 2014 | - | 3079.53 കോടി രൂപ |
| 2015 | - | 4030.98 കോടി രൂപ |
| 2016 | - | 4089.78 കോടി രൂപ |

(ഡി) പ്രസ്തുത പദ്ധതിയിലൂടെ വായ്പകൾക്ക് ആനുകൂല്യമായി നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2011 | - | 45.62 കോടി രൂപ |
| 2012 | - | 53.48 കോടി രൂപ |
| 2014 | - | 128.39 കോടി രൂപ |
| 2015 | - | 140.54 കോടി രൂപ |
| 2016 | - | 132.77 കോടി രൂപ |

## ഗ്രാമീണ ഹൗസിംഗ് സഹകരണ സംഘങ്ങൾ

246 (3221) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിസന്ധിയിലായ ഗ്രാമീണ ഹൗസിംഗ് സഹകരണ സംഘങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ആസ്തി-ബാദ്ധ്യതകൾ സംബന്ധിച്ച് പരിശോധനകൾ കാലാനുസൃതമായി നടത്താറുണ്ടോ;വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര സംഘങ്ങൾ സംസ്ഥാനത്ത് ജപ്തി നടപടികളെ നേരിടുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമീണ ഹൗസിംഗ് സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംഘങ്ങളുടെ ഓഡിറ്റും ഇൻസ്പെക്ഷനും നടത്തുമ്പോൾ ആസ്തി ബാദ്ധ്യതകൾ പരിശോധിക്കാറുണ്ട്.

(ബി) ഇത്തരത്തിലുള്ള 11 സംഘങ്ങൾക്കെതിരെ ഹൗസിംഗ് ഫെഡറേഷൻ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) ഭീമമായ കുടിശ്ശികയിൽ നിൽക്കുന്ന 42 പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ കുടിശ്ശിക തീർക്കുന്നതിന് 25 കോടി രൂപയുടെ ഒരു പ്രോജക്ടും സംഘങ്ങൾക്ക് വായ്പാ ലഭ്യത ഉറപ്പുവരുത്തുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ പ്രതിവർഷം 75 കോടി രൂപ വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷയും ഹൗസിംഗ് ഫെഡറേഷൻ സമർപ്പിച്ചിട്ടുണ്ട്. സംഘങ്ങളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം, മന്ത്‌ലി ഡെപ്പോസിറ്റ് സ്കീം, സ്വർണ്ണ പണയം, നീതി മെഡിക്കൽ സ്റ്റോർ, ഭവനനിർമ്മാണ സാമഗ്രികളുടെ വിപണനം, ഗൃഹോപകരണ വിപണനം എന്നിവ നടപ്പിലാക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ഹൗസിംഗ് ഫെഡറേഷൻ സ്വീകരിച്ചുവരുന്നു.

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ

247 (3222) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലുള്ള ഒഴിവുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികകയിലുള്ള ഒഴിവുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | ജൂനിയർ ഓഡിറ്റർ മാരുടെ ഒഴിവുകൾ | ജൂനിയർ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ | ആകെ ഒഴിവുകൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3 | ഇല്ല | 3 |
| 2 | കൊല്ലം | ഇല്ല | ഇല്ല | ഇല്ല |
| 3 | പത്തനംതിട്ട | 1 | ഇല്ല | 1 |
| 4 | കോട്ടയം | 33 | ഇല്ല | 33 |
| 5 | ഇടുക്കി | 4 | 11 | 15 |
| 6 | ആലപ്പുഴ | 2 | 2 | 4 |
| 7 | എറണാകുളം | 21 | 17 | 38 |
| 8 | തൃശ്ശൂർ | 33 | 7 | 40 |
| 9 | പാലക്കാട് | 15 | 4 | 19 |
| 10 | കോഴിക്കോട് | 3 | ഇല്ല | 3 |
| 11 | മലപ്പുറം | 28 | 12 | 40 |
| 12 | വയനാട് | ഇല്ല | ഇല്ല | ഇല്ല |
| 13 | കണ്ണൂർ | 14 | 1 | 15 |
| 14 | കാസർഗോഡ് | 13 | ഇല്ല | 13 |
| | ആകെ | 170 | 54 | 224 |

**പ്രാഥമിക സഹകരണ ബാങ്കുകളുടെ പദ്ധതികൾ**

248 (3223) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ ബാങ്കുകൾ വഴി കാർഷിക വായ്പയും, വിദ്യാഭ്യാസ വായ്പയും വിതരണം ചെയ്യാൻ എത്ര ലക്ഷം രൂപ വരെയാണ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇതിന്റെ പലിശ എത്ര ശതമാനമാണെന്നും, എന്തെല്ലാം ഈടാണ് ബാങ്കുകൾ നിർദ്ദേശിക്കുന്നത് എന്നും അറിയിക്കുമോ ;

(ബി) കേരളത്തിലെ ഇടത്തരം ചെറുകിട കർഷകരെ ലക്ഷ്യമിട്ട് പ്രാഥമിക സഹകരണ ബാങ്കുകൾ എന്തെല്ലാം പുതിയ പദ്ധതികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ) പ്രാഥമിക സഹകരണ ബാങ്കുകൾ വഴി 3 ലക്ഷം രൂപ വരെ ഹ്രസ്വകാല/ മദ്ധ്യകാല കാർഷിക വായ്പകളും വിദ്യാഭ്യാസ വായ്പയായി 25000 രൂപയും അനുവദിച്ചുവരുന്നു. കാർഷിക വായ്പകൾക്ക് 7 ശതമാനം പലിശയും വിദ്യാഭ്യാസ വായ്പയ്ക്ക് 12.5 ശതമാനവുമാണ് ഈടാക്കി വരുന്നത്. കാർഷിക വായ്പകൾക്ക് വസ്തു, പരസ്പര ജാമ്യം, സ്വർണ്ണ ഉരുപ്പടി എന്നിവ ഈടായി ബാങ്കുകൾ നിർദ്ദേശിക്കുന്നുണ്ട്. അതാത് ബാങ്കുകളുടെ ബൈലാ, വായ്പാ സംബന്ധമായ സബ്റൂളുകൾ എന്നിവയ്ക്ക് വിധേയമായാണ് ഈടുകൾ സ്വീകരിക്കുന്നത്. വിദ്യാഭ്യാസ വായ്പകൾക്ക് ഈട് നിർദ്ദേശിച്ചിട്ടില്ല.

(ബി) വിഷരഹിത പച്ചക്കറി കൃഷി, നെൽകൃഷി എന്നിവ വ്യാപകമാക്കുന്നതിനും ആയതിന് മതിയായ കാർഷിക വായ്പ സഹകരണസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തുതല ജനപ്രതിനിധികൾ, സഹകരണബാങ്ക് ഭാരവാഹികൾ, കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സമിതി രൂപീകരിച്ച് കാർഷിക പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഭരണസമിതി**

249 (3224) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 3260-ന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി എന്നുവരെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബാങ്കിന്റെ ഭരണ സമിതി തെരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ ഉത്തരവ് പ്രകാരം സഹകരണ ഇലക്ഷൻ കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 3260-ന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 11-11-2016 വരെയാണ്.

(ബി) ഉണ്ട്.

(സി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 26608/16-ാം നമ്പർ റിട്ട് ഹർജിയിന്മേൽ 7-9-2016-ലും 1869/2016-ാം നമ്പർ റിട്ട് അപ്പീലിന്മേൽ 27-9-2016-ലും 1198/2016-ാം നമ്പർ ഐ.എ. യിൽ 4-10-2016-ലും ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഡി) 5-11-2016-ൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**സീനിയർ ഓഡിറ്റർ ശ്രീ. എം. എൻ. സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങൾ**

250 (3225) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിങ്ങാലക്കുടയിലെ സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ സീനിയർ ഓഡിറ്ററായി ജോലിയിലിരിക്കെ കാണാതായ ശ്രീ. എം. എൻ. സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിച്ചു കിട്ടുന്നതിനായി ടിയാന്റെ ഭാര്യ ശ്രീമതി സി. വി. സരള സമർപ്പിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) മുകുന്ദപുരം സഹകരണസംഘം ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ സീനിയർ ഓഡിറ്ററായി ജോലിയിലിരിക്കെ കാണാതായ ശ്രീ. എം. എൻ. സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ടിയാന്റെ ഭാര്യ ശ്രീമതി സി. വി. സരള സമർപ്പിച്ചിട്ടുള്ള അപേക്ഷ മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് മുഖാന്തരം 2-5-2013-ൽ ജോയിന്റ് ഡയറക്ടർ ഓഡിറ്റ് ഓഫീസ് തൃശ്ശൂരിൽ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിനായി ശ്രീ. എം. എൻ. സദാനന്ദന്റെ കുടുംബത്തെ സംബന്ധിച്ച റിപ്പോർട്ടും, ടിയാനെ കാണാതായത് സംബന്ധിച്ച് ചാലക്കുടി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടും സംബന്ധിച്ച് സർക്കാർ അഭിഭാഷകന്റെ നിയമോപദേശം ലഭ്യമാക്കുന്നതിന് മുകുന്ദപുരം ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ഇരിങ്ങാലക്കുട അഡീഷണൽ മുൻസിഫ് കോർട്ടിൽ ശ്രീ. എം. എൻ. സദാനന്ദന്റെ ഭാര്യ ശ്രീമതി സി. വി. സരള, മക്കളായ ശ്രീ. ശരത്, ശ്രീ. രാഹുൽ എന്നിവർ ഇരിങ്ങാലക്കുട ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ, സ്റ്റേറ്റ് ഓഫ് കേരള എന്നിവരെ യഥാക്രമം 1, 2 പ്രതികളാക്കി ഫയൽ ചെയ്തിട്ടുള്ള OS. 2954/13-ൽ 30-11-2015-ലെ ജഡ്ജ്മെന്റ് പ്രകാരം "Plaintiffs are the only legal heirs of Sadanandan and plaintiffs are entitled to service benefits due to Sadanandan from the defendants on the presumption that Sadanandan is dead” എന്ന് വിധിയായിട്ടുണ്ട്. പ്രസ്തുത ജഡ്ജ്മെന്റിന്റെ പകർപ്പും, ചാലക്കുടി തഹസിൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റും സഹിതം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള ശ്രീമതി സി. വി. സരളയുടെ 30-8-2016-ലെ അപേക്ഷ മുകുന്ദപുരം ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തരം 30-9-2016-ൽ തൃശ്ശൂർ ജോയിന്റ് ഡയറക്ടർ ഓഡിറ്റ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സഹകരണസംഘം രജിസ്ട്രാറുടെ 22-1-2005-ലെ വി(2) 48638/04 നമ്പർ ഉത്തരവ് പ്രകാരം 1960-ലെ കേരള സിവിൽ സർവ്വീസ് ചട്ടങ്ങൾ പാർട്ട് V, ചട്ടം II(VIII) പ്രകാരം 6-3-2000 മുതൽ മുൻകാല പ്രാബല്യത്തോടെ ശ്രീ. എം. എൻ. സദാനന്ദനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിരുന്നു. ഈ കാര്യം കൂടി പരിശോധിച്ചശേഷം ശ്രീമതി സി. വി. സരളയ്ക്ക് ശ്രീ. എം. എൻ. സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പുന്നപ്ര സഹകരണ എഞ്ചിനീയറിംഗ് കോളേജിന്റെയും ആശുപത്രിയുടെയും**

852/2019

**പ്രവർത്തനങ്ങൾ**

251 (3226) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുന്നപ്ര സഹകരണ എഞ്ചിനീയറിങ് കോളേജിന്റെ പ്രവർത്തനങ്ങൾ സർക്കാർ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വൈവിദ്ധ്യമാർന്ന കോഴ്സുകൾ കൂടി ആരംഭിക്കാൻ കഴിയുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇവിടെ പ്രവർത്തിച്ചിരുന്ന ഫിനിഷിംഗ് കോളേജിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ഡി) ഇവിടെ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രിയുടെ പ്രവർത്തനം സാഹചര്യത്തിനനുസരിച്ച് ഉയർന്നുവരുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആശുപത്രിയിലെ നിലവിലെ സൗകര്യങ്ങൾ എന്തെല്ലാമാണ്;

(ഇ) ആശുപത്രയിലെ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, അനുബന്ധ ജീവനക്കാർ, ഓഫീസ് സ്റ്റാഫ്, ദിവസ വേതനക്കാർ എന്നിവർ എത്രവീതമാണ്; ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്; ദീർഘനാളായി അടഞ്ഞുകിടക്കുന്ന ക്യാന്റീൻ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പ് മന്ത്രി ചെയർമാനും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണസംഘം രജിസ്ട്രാർ, ധനകാര്യ വകുപ്പ് പ്രതിനിധി എന്നിവരടങ്ങുന്ന ഒരു ഭരണസമിതിയാണ് കേപ്പിന്റെ പ്രവർത്തനം നടത്തുന്നത്. കാലാകാലങ്ങളിൽ കേപ്പിന്റെ പ്രവർത്തനങ്ങൾ ടി സമിതി തന്നെ അവലോകനം ചെയ്യുന്നുണ്ട്.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകുന്ന എ.ഐ.സി.റ്റി.ഇ.-യുടെ അനുബന്ധ സ്ഥാപനമായ നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെ അനുമതി ലഭിച്ചാൽ മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) കേപ്പിന്റെ കീഴിലുള്ള ഫിനിഷിംഗ് സ്കൂൾ (കിംപ്) മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്നു. സഹകരണ സംഘങ്ങളിലെയും സഹകരണ ബാങ്കുകളിലെയും ജീവനക്കാരുടെയും ജോലിയിലെ മികവ് വർദ്ധിപ്പിക്കുന്നതിനുള്ള ഏറ്റവും മെച്ചപ്പെട്ട ട്രെയിനിംഗ് നൽകുന്ന സഹകരണ രജിസ്ട്രാർ അംഗീകരിച്ച സ്ഥാപനമാണ് കിംപ്.

കൂടാതെ കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്കാവശ്യമായ കരിയർ ഗൈഡൻസും സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകളും കിംപ് മുഖേന നടത്തിവരുന്നു. പ്രതിവർഷം 500 ഓളം പേർക്ക് പരിശീലനം നൽകുന്നതുവഴി 10 ലക്ഷം രൂപ വാർഷിക വരുമാനം ലഭിച്ചുവരുന്നു.

(ഡി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശുപത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു :

1. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാധുനിക ഓപ്പറേഷൻ തിയേറ്റർ.
2. 24 മണിക്കൂറും പ്രവർത്തിക്കുന്ന എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ലേബർ റൂം.
3. അത്യാധുനിക സി.റ്റി. സ്കാൻ
4. വെന്റിലേറ്റർ സംവിധാനം ഉൾപ്പെടെയുള്ള സി.സി.യു.
5. ഐ.സി.യു.
6. ടി.എം.ടി.
7. എക്കോ
8. ഇ.സി.ജി.
9. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്
10. ബ്ലഡ് ബാങ്ക് യൂണിറ്റ്
11. ഇ.എസ്.ഡബ്ല്യു.എൽ.
12. മൊബൈൽ ഡിസ്പെൻസറി
13. ആംബുലൻസ്
14. കാത്ത് ലാബ്
15. ഡയാലിസിസ് യൂണിറ്റ്
16. പീഡിയാട്രിക് ഐ.സി.യു.

17. സെൻട്രലൈസ്ഡ് ഗ്യാസ് പ്ലാന്റ്

18. സെൻട്രൽ സ്റ്റോറിലെ സ്റ്റേഷൻ യൂണിറ്റ്.

19. 24 മണിക്കൂർ കാഷ്വാലിറ്റി സർവ്വീസ്.

20. രോഗികളുടെ കൂട്ടിരിപ്പുകാർക്ക് എം.എൽ.എ., എസ്.ഡി.എഫ്. മുഖാന്തരം പണിത കെട്ടിടം.

(ഇ) സാഗര ആശുപത്രിയിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സാഗര ആശുപത്രിയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സ്ഥലം എം.എൽ.എ.-യും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ സാന്നിദ്ധ്യത്തിൽ കേപ്പിന്റെ ചെയർമാനായ സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-8-2016-ൽ യോഗം ചേരുകയും ആശുപത്രിയുടെ ഉന്നമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ക്യാന്റീൻ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ**

252 (3227) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മുതൽ 2015 വരെ പാലക്കാട് ജില്ലയിൽ എത്ര സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങളുടെ പേര്, മേൽവിലാസം എന്നിവ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2011 മുതൽ 2015 വരെ പാലക്കാട് ജില്ലയിൽ ആകെ 113 സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇവയുടെ പേരും മേൽവിലാസവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ സി. കെ. പ്രകാശന് ലഭിക്കേണ്ട നിയമനം

253 (3228) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 16-8-99 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച അംഗപരിമിതരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഇറക്കിയ ഉത്തരവിൽ കാസർകോഡ് ജില്ലാ സഹകരണ ബാങ്കിൽ നിയമനം ലഭിക്കേണ്ട സി.കെ. പ്രകാശന് ഇതുവരെ നിയമനം നൽകിയിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഉത്തരവിനെതിരെ എന്ത് കാരണം ബോധിപ്പിച്ചാണ് ബാങ്ക് കേസ്സിന് പോയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സാമൂഹ്യനീതി വകുപ്പ് 7-8-2013 ന് ഇറക്കിയ (സ.ഉ.(പി) 63/13/സാ. നീ.വ) ഉത്തരവിന് ശേഷം ബാങ്ക് ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; ഈ നിയമനത്തിന് ജോയിന്റ് രജിസ്റ്റാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) സർക്കാർ ഉത്തരവ് പരിഗണിക്കാതെ കേസ്സിന് പോയിട്ടുള്ള ബാങ്കിനെതിരെ എന്തെങ്കിലും നടപടി എടുക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) താൽക്കാലികമായി ജോലി ചെയ്തവർക്ക് സ്ഥിരം നിയമനം നൽകണമെന്ന നിർദ്ദേശം നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് ബാങ്കിന് അഭിപ്രായമുള്ളതിനാലാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തതെന്നാണ് കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിട്ടുള്ളത്.

(സി) ബ്രാഞ്ച് മാനേജർ, ക്ലാർക്ക്, പ്യൂൺ/വാച്ച്മാൻ എന്നീ തസ്തികകൾ പി.എസ്.സി. വഴിയും പാർട്ട്ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് ബാങ്ക് നേരിട്ടും നിയമനം നടത്തിയിട്ടുണ്ട്. പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ 13 പേരെ നിയമിച്ചിട്ടുണ്ട്. ആയത് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയതിനേക്കാൾ അധികമായി 10 എണ്ണം കൂടുതലാണ്. ഈ 10 തസ്തികകൾക്ക് ജോയിന്റ് രജിസ്ട്രാർ അനുമതി നൽകിയിട്ടില്ല.

(ഡി) പ്രസ്തുത വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതിയുടെ തീരുമാനം വരുന്നതുവരെ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ കഴിയില്ല.

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്

254 (3229) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് എത്ര തുക മടക്കി നൽകാനുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത തുക മടക്കി നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) തുക ഈടാക്കുന്നതിനായി എത്ര കേസുകൾ ഫയൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2015-2016-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 10,50,67,672 രൂപ നിക്ഷേപയിനത്തിൽ മടക്കിനൽകാൻ ബാക്കിനിൽപ്പുണ്ട്.

(ബി) ബാങ്കിന് കിട്ടാനുള്ള തുകയിൽ വായ്പാമുതൽ, പലിശ ഇവ ഈടാക്കി എടുക്കുന്നതിന് ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. റിക്കവറി നടപടികൾ ത്വരിതഗതിയിലാക്കുന്നതിനായി സർക്കാർ ചെലവിൽ ഒരു സെയിലാഫീസറുടെ സേവനം താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന് വേണ്ടി മാത്രമായി ലഭ്യമാക്കിയിട്ടുമുണ്ട്. സംഘത്തിൽ നടന്നിട്ടുള്ള സാമ്പത്തിക അപഹരണത്തിന് ഉത്തരവാദികളെന്ന് സഹകരണ നിയമം വകുപ്പ് 68(1) അന്വേഷണത്തിൽ കണ്ടെത്തിയവർക്കെതിരെ സർചാർജ്ജ് നടപടികൾ വഴി തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(സി) ആർബിട്രേഷൻ കേസുകൾ - 845

എക്സിക്യൂഷൻ കേസുകൾ - 587

518 എക്സിക്യൂഷൻ കേസുകൾ നിലവിൽ തീർപ്പാക്കാൻ ബാക്കിനിൽപ്പുണ്ട്. ആർബിട്രേഷൻ കേസുകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിനിൽപ്പുള്ള എക്സിക്യൂഷൻ കേസുകൾ അടിയന്തരമായി തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

## സാമ്പത്തിക വികസനത്തിന് സഹകരണ മേഖലയെ പ്രാപ്തമാക്കാൻ നടപടി

255 (3230) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് കുതിപ്പേകാൻ ഉതകുന്ന തരത്തിൽ സഹകരണ മേഖലയെ പ്രാപ്തമാക്കാൻ നടപടി ഉണ്ടാകുമോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തി വൻതോതിൽ തൊഴിലവസരം സൃഷ്ടിക്കാൻ ആലോചനയുണ്ടോ;എങ്കിൽ അത് ഏത് തരത്തിലെന്ന് അറിയിക്കുമോ;

(സി) കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കുള്ള പലിശ സബ്സിഡി കാലവിളംബം കൂടാതെ സഹകരണ സംഘങ്ങൾക്ക് നൽകാനും നിർമ്മാണ മേഖലയിൽ നൽകുന്ന വായ്പയ്ക്ക് കൂടി പലിശ സബ്സിഡി നൽകാനും തയ്യാറാകുമോ?

### ഉത്തരം

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ബാങ്കുകളുടെ ഒരു അപ്പെക്സ് സ്ഥാപനമായി കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനും അതുവഴി ധനനിക്ഷേപങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിനും തീരുമാനമായിട്ടുണ്ട്. സഹകരണമേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർബാങ്കിംഗിന്റെ ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. ഗ്രാമീണ കാർഷിക സമ്പദ്വ്യവസ്ഥയുടെ വികസനം ലക്ഷ്യമിട്ട് സംയോജിത സഹകരണ വികസന പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കിവരുന്നു. വിവിധ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായി ഓരോ വർഷവും പദ്ധതി വിഹിതത്തിൽ തുക വകയിരുത്തി വിനിയോഗിച്ചുവരുന്നു.

(ബി) നന്നായി പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക, സേവന, ചെറുകിട വ്യവസായ മേഖലകളിലായി അനുബന്ധ യൂണിറ്റുകൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കുള്ള പലിശ സബ്സിഡി കാലവിളംബം കൂടാതെ സഹകരണസംഘങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിർമ്മാണ മേഖലയിൽ നൽകുന്ന വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ സഹകരണ ബാങ്കുകൾ**

256 (3231) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഓണക്കാലത്ത് വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള ഒരു ഏജൻസിയായി സഹകരണ ബാങ്കുകളെ ഏർപ്പെടുത്തിയിരുന്നതിൽ ഏതെങ്കിലും സഹകരണ ബാങ്ക് പെൻഷൻ വിതരണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് വീഴ്ചയാണ് വരുത്തിയത്; അതിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) വീഴ്ച വരുത്തിയ ബാങ്കുകളെ ഒഴിവാക്കി പകരം എന്തെങ്കിലും സംവിധാനം ആലോചിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ-സി) സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ പെൻഷൻ വിതരണത്തിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സഹകരണ മേഖലയിലെ ആശുപത്രികളുടെ നവീകരണം**

257 (3232) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര ആശുപത്രികൾ പ്രവർത്തിയ്ക്കുന്നുണ്ട്;

(ബി) ഡയറക്ടർ ബോർഡിന്റെ അഴിമതി കൊണ്ടും കെടുകാര്യസ്ഥത കൊണ്ടും പ്രവർത്തനം താറുമാറായ എത്ര ആശുപത്രികളുണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) വിദഗ്ദ്ധ ചികിത്സ ലഭിക്കുന്ന സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് സാധാരണക്കാരന് താങ്ങാൻ കഴിയാത്തവിധം ഉയർന്നുനിൽക്കുന്നതിനാൽ സഹകരണ മേഖലയിൽ വിദഗ്ദ്ധ ചികിത്സാ സൗകര്യമുള്ള കൂടുതൽ ആശുപത്രികൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 99 ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഡയറക്ടർ ബോർഡിന്റെ അഴിമതി കൊണ്ടും കെടുകാര്യസ്ഥത കൊണ്ടും പ്രവർത്തനം താറുമാറായ 31 ആശുപത്രികളുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ആശുപത്രികളെ പുനരുജ്ജീവിപ്പിക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സഹകരണമേഖലയിൽ വിദഗ്ദ്ധ ചികിത്സ സൗകര്യമുള്ള ആശുപത്രികൾ ആരംഭിക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുറ്റിക്കോൽ സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ നിന്ന് പണാപഹരണം**

258 (3233) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ സഹകരണ ബാങ്കിന്റെ ജില്ലാ ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം തട്ടിയെടുത്തതുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് കുറ്റക്കാരെന്നും ഇവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതേ ബാങ്കിൽ തന്നെ മുക്കുപണ്ടം പണയം വച്ച് 25 ലക്ഷം രൂപ തട്ടിയെടുത്ത വിഷയവും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കുറ്റിക്കോൽ സഹകരണ ബാങ്കിന്റെ പേരിൽ ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ നിന്നും തുക തട്ടിയെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്ക് മുൻ സെക്രട്ടറി ശ്രീ. പ്രഭാകരൻ ജില്ലാ ബാങ്കിലുള്ള കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ നിന്നും ഒരു കോടി രൂപ പിൻവലിച്ച് 85 ലക്ഷം രൂപ ജില്ലാ സഹകരണ ബാങ്കിൽ കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ലോൺ അക്കൗണ്ടിൽ അടയ്ക്കുകയും 15 ലക്ഷം രൂപ പലിശയിനത്തിൽ ജില്ലാ സഹകരണ ബാങ്കിൽ അടച്ചതായി കുറ്റിക്കോൽ സഹകരണ ബാങ്കിന്റെ കണക്കുകളിൽ തെറ്റായി കാണിച്ച് ടി 15 ലക്ഷം രൂപ ടിയാൻ അപഹരിക്കുകയുമാണ് ചെയ്തത്.

(ബി) ഇതുസംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ മുൻ സെക്രട്ടറി ശ്രീ. പ്രഭാകരനും മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അശോക് കുമാറുമാണ് കുറ്റക്കാർ. മുൻ സെക്രട്ടറി ശ്രീ. പ്രഭാകരനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അശോക് കുമാറിനെതിരെയും പോലീസ് കേസ് എടുത്തിട്ടുണ്ട്.

(സി) മുക്കുപണ്ടം പണയം വച്ച് 25 ലക്ഷം രൂപ തട്ടിയെടുത്ത വിഷയം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം തുടർന്നുവരുന്നു.

**കർഷകർക്ക് പലിശരഹിത വായ്പ**

259 (3234) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കർഷകർക്ക് എത്ര രൂപ വരെ സഹകരണ സംഘങ്ങൾ പലിശ രഹിത വായ്പ അനുവദിക്കുന്നുണ്ട്; 1-7-2011 മുതൽ 31-5-2016 വരെ എത്ര രൂപ വായ്പ അനുവദിച്ചു; എത്ര നെൽകൃഷിക്കാർക്ക് ഇതിന്റെ ഗുണം ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം കൃഷികൾ ചെയ്യുന്നതിനാണ് സഹകരണ സംഘങ്ങൾ പലിശ രഹിത വായ്പ അനുവദിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) "ജൈവ പച്ചക്കറി സ്വയംപര്യാപ്ത സംസ്ഥാനം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് സഹകരണ സംഘങ്ങൾ വഴി പലിശ രഹിത വായ്പ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പരമാവധി 3 ലക്ഷം രൂപ വരെ സഹകരണ സംഘങ്ങൾ മുഖേന നെൽകൃഷിക്കായി പലിശരഹിത വായ്പ അനുവദിക്കുന്നുണ്ട്. 1-7-2011 മുതൽ 31-5-2016 വരെ അനുവദിച്ച വായ്പയുടെ വിശദവിവരം ശേഖരിച്ചു വരുന്നു.

(ബി) നെൽകൃഷിക്ക് പുറമേ രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള കർഷകർ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിൽ നിന്നെടുക്കുന്ന ഹ്രസ്വകാല കാർഷിക വിളകൾക്കുള്ള വായ്പകൾ പലിശരഹിത വായ്പയായി വിതരണം ചെയ്യുന്നു. ഇത്തരം വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ വായ്പയുടെ പലിശ ബാധ്യത സർക്കാർ വഹിക്കുന്നു.

(സി) ജൈവ പച്ചക്കറി ഉൾപ്പെടെ ഹ്രസ്വകാല കാർഷിക വിളകൾ കൃഷി ചെയ്യുന്നതിനായി രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നെടുക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പയായി അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ആഭ്യന്തര പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, മട്ടുപ്പാവിൽ പച്ചക്കറി കൃഷി, തരിശുഭൂമിയിലെ പച്ചക്കറി കൃഷി എന്നിവയ്ക്കായി കർഷകർക്കും സ്വയം സഹായ സംഘങ്ങൾ/കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവർക്കും ഇത്തരം വായ്പകൾ വിതരണം ചെയ്യുന്നതിനും ഇതിനായി പഞ്ചായത്ത്, കൃഷി, സഹകരണ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോട്ടക്കലിൽ പുതുതായി ത്രിവേണി സ്റ്റോറുകൾ**

260 (3235) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പുതുതായി ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കോട്ടക്കൽ മണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ പ്രൈമറി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചിട്ടപ്പെടുത്തി വരികയുമാണ്. ആയത് നടപ്പിലാക്കുമ്പോൾ ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് സാധിക്കുന്നതാണ്.

(ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ കോട്ടക്കലിൽ ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ പ്രൈമറി സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(സി) പ്രവർത്തനയോഗ്യമായ മൊബൈൽ ത്രിവേണികളുടെ അഭാവത്തിൽ ഇപ്പോൾ നടപടി സ്വീകരിക്കാനാവില്ല.

## കൺസ്യൂമർഫെഡ് അഴിമതിക്കേസ്

261 (3236) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാലയളവിലെ സഹകരണ വകുപ്പുമന്ത്രി ഉൾപ്പെട്ട കൺസ്യൂമർഫെഡ് അഴിമതിക്കേസ് ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കൺസ്യൂമർഫെഡ് അഴിമതിയുമായി ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥർ ആരെല്ലാം; ഇവരുടെ പേരിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ ;

(സി) മുൻസർക്കാർ കാലയളവിൽ കൺസ്യൂമർഫെഡ് വിദേശ മദ്യം വാങ്ങിയതിൽ ഓരോ വർഷവും ലഭിക്കേണ്ട ഇൻസെന്റീവ് തുക എത്രയെന്നും എത്ര തുകയാണ് കൺസ്യൂമർഫെഡിന് ലഭിച്ചതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലയളവിലെ കൺസ്യൂമർഫെഡ് അഴിമതി കേസ് ഇപ്പോൾ അന്തിമഘട്ടത്തിലാണ്. കൺസ്യൂമർ ഫെഡറേഷനിലെ ഗുരുതരമായ ക്രമക്കേടുകൾ, ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവ ഉൾപ്പെട്ട 28 വിഷയങ്ങളെപ്പറ്റി കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും നിലവിൽ അന്വേഷണം നടന്നുവരികയുമാണ്. അന്വേഷണത്തിന്റെ അവസാനഭാഗമായ ഹിയറിംഗ് നടന്നുവരികയാണ്.

(ബി) കൺസ്യൂമർഫെഡിലെ അഴിമതിയുമായി ബന്ധപ്പെട്ട നിലവിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുവരികയാണ്. പ്രസ്തുത അന്വേഷണത്തിന്മേൽ ലഭ്യമായ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കൺസ്യൂമർഫെഡിലെ ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

1. ശ്രീ. റിജി ജി. നായർ
2. ശ്രീ. സ്വീഷ് കുമാർ
3. ശ്രീ. മഹേഷ് കുമാർ
4. ശ്രീ. റോയ് കുട്ടി
5. ശ്രീമതി കെ. എൻ. മഞ്ജു
6. ശ്രീ. ആർ. പ്രശാന്ത്.
7. ശ്രീ. എം. എസ്. സമഗ്രൻ
8. ശ്രീ. ജെയിംസ് കുര്യൻ
9. ശ്രീ. ആർ. ജയകുമാർ
10. ശ്രീ. രജ്ഞ വിജയൻ
11. ശ്രീ. രാജീവ്
12. ശ്രീ. സി. യു. സുരേഷ് കുമാർ

മേൽ ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ച ഇടക്കാല റിപ്പോർട്ട്, മേൽ നടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാറുടെ 11/79 സർക്കുലർ പ്രകാരം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്തിമറിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിൽ കുറ്റക്കാർ എന്ന് തെളിയുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കൺസ്യൂമർ ഫെഡറേഷനിലേയ്ക്ക് മദ്യം വാങ്ങുന്നത് ബീവറേജസ് കോർപ്പറേഷനിൽ നിന്നാണ്. ആയതിനാൽ കമ്പനികളുമായി മുൻകാലങ്ങളിൽ ഇൻസെന്റീവ് പ്ലാൻ ചർച്ച ചെയ്യുകയോ തീരുമാനിക്കുകയോ ഉണ്ടായിട്ടില്ല. ആയതിനാൽ ഇൻസെന്റീവ് വകയിൽ ലഭിക്കേണ്ട തുകയെത്രയെന്ന് കണക്കാക്കിയിട്ടില്ല. 2011-2012 കാലയളവ് മുതൽ 2015-2016 വരെ കൺസ്യൂമർ ഫെഡറേഷന് ലഭിച്ചിട്ടുള്ള ഇൻസെന്റീവ് തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു :

| വർഷം | ഇൻസെന്റീവ് |
|---|---|
| 2011-12 | 4.92 ലക്ഷം |
| 2012-13 | 4.27 ലക്ഷം |
| 2013-14 | 2.95 ലക്ഷം |
| 2014-15 | 4.10 ലക്ഷം |
| 2015-16 | 102.04 ലക്ഷം |

**കടക്കെണിയിലാഴ്ന്ന സഹകരണ ബാങ്കുകൾ**

262 (3237) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിയിലാഴ്ന്ന സഹകരണ ബാങ്കുകളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ പേര് എന്താണ്എന്നറിയിക്കാമോ ;

(സി) ബാങ്കുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) അറ്റനഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 'കേരള സഹകരണ ക്ഷേമ വികസന പദ്ധതി 2000' എന്ന പദ്ധതി നിലവിലുണ്ട്.

(സി) സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന എല്ലാ സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. നിഷ്കർഷിച്ചിട്ടുള്ള അംഗത്വഫീസ്, പ്രാഥമിക വിഹിതം എന്നിവ ഒടുക്കി ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്.

## കൺസ്യൂമർഫെഡിന് വിദേശമദ്യ കമ്പനികളിൽ നിന്നും ലഭിച്ച ഇൻസെന്റീവ്

263 (3238) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ കാലയളവിൽ കൺസ്യൂമർഫെഡ് ഏതെല്ലാം വിദേശമദ്യ കമ്പനികളിൽ നിന്നും മദ്യം വാങ്ങിയിട്ടുണ്ടെന്നും ഓരോ മദ്യക്കമ്പനികളും നൽകിയ ഇൻസെന്റീവ് തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർഫെഡിന് 2001-02-ൽ ലഭിച്ച ഇൻസെന്റീവ് എത്രയെന്നും വാങ്ങിയ മദ്യം എത്രയെന്നും വിശദമാക്കുമോ; ആയത് 2014-15 കാലയളവിൽ എത്രയെന്നും വ്യക്തമാക്കുമോ;

(സി) 2014-15 കാലഘട്ടത്തിൽ മദ്യ വിൽപ്പനയിൽ വന്ന വർദ്ധന എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാർ ഭരണകാലത്ത് മൊബൈൽ ത്രിവേണി സ്റ്റോറുകൾക്കായി എത്ര വാഹനങ്ങൾ വാങ്ങി എന്നും ഇവ എവിടെ നിർമ്മിച്ച വാഹനങ്ങൾ ആണെന്നും എത്ര തുക ഇവയ്ക്ക് ചെലവായി എന്നും വെളിപ്പെടുത്താമോ ; ഇതുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച പരാതി നിലവിലുണ്ടോ ; ഇതിന്മേൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ഇ) മുൻ സഹകരണ വകുപ്പുമന്ത്രി, കൺസ്യൂമർഫെഡ് മുൻ ചെയർമാൻ, സഹകരണവകുപ്പ് മുൻ അഡീ. രജിസ്ട്രാർ, കൺസ്യൂമർഫെഡ് മുൻ എം.ഡി., മുൻ ചീഫ് മാനേജർ, വിദേശമദ്യ വിഭാഗം മുൻ മാനേജർ തുടങ്ങി അഴിമതിക്കേസിൽ ഉൾപ്പെട്ടവർ ആരെല്ലാം എന്നും ഓരോരുത്തരുടെയും പേരിലെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും, ഈ സർക്കാർ ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡറേഷൻ വിദേശമദ്യം വാങ്ങുന്നത് നേരിട്ട് വിദേശമദ്യ കമ്പനികളിൽ നിന്നല്ല. കൺസ്യൂമർ ഫെഡറേഷന്റെ വിദേശമദ്യ ഔട്ട്‌ലെറ്റുകളിലെ വിൽപ്പനയ്ക്കായുള്ള വിദേശമദ്യം വാങ്ങുന്നത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നു മാത്രമാണ്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നാണ് മദ്യം വാങ്ങുന്നതെങ്കിലും 2011-2012 കാലയളവ് മുതൽ 2015-2016 വരെയുള്ള കാലയളവിൽ വിദേശമദ്യ കമ്പനികൾ കൺസ്യൂമർഫെഡിന് ഇൻസെന്റീവ് നേരിട്ട് നൽകി വരികയാണ് ചെയ്യുന്നത്. ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കൺസ്യൂമർഫെഡിന് 2001-2002-ൽ 5.23 ലക്ഷം രൂപയാണ് ഇൻസെന്റീവായി ലഭിച്ചിട്ടുള്ളത്. 177.86 കോടി രൂപയുടെ മദ്യമാണ് ഇതേ കാലയളവിൽ കൺസ്യൂമർഫെഡ് വാങ്ങിയിട്ടുള്ളത്. 2014-15-ൽ 4.10 ലക്ഷം രൂപയാണ് ഇൻസെന്റീവായി ലഭിച്ചിട്ടുള്ളത്. 894.57 കോടി രൂപയുടെ മദ്യമാണ് ഇതേ കാലയളവിൽ കൺസ്യൂമർഫെഡ് വാങ്ങിയിട്ടുള്ളത്.

(സി) 2014-15 വർഷത്തിൽ 1067.64 കോടി രൂപയുടെ മദ്യവിൽപ്പനയാണ് കൺസ്യൂമർഫെഡ് കൈവരിച്ചിട്ടുള്ളത്. ഇത് തൊട്ടുമുമ്പുള്ള വർഷത്തെ അപേക്ഷിച്ച് 28% വർദ്ധനവുണ്ടായിട്ടുണ്ട്.

(ഡി) മുൻസർക്കാർ ഭരണകാലത്ത് മൊബൈൽ ത്രിവേണി സ്റ്റോറുകൾക്കായി 141 വാഹനങ്ങൾ ടാറ്റാ മോട്ടോഴ്സിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. സംസ്ഥാനത്ത് മൊബൈൽ ത്രിവേണി സ്റ്റോറുകളുടെ ബോഡി നിർമ്മാണം നടത്തിയത് പോപ്പുലർ മെഗാ മോട്ടേഴ്സ്, ഫോക്കസ് മോട്ടേഴ്സ്, റെനിൾ ഓട്ടോ ഗ്യാരേജ്, ചക്ക്യാത്ത് എഞ്ചിനീയറിംഗ് വർക്സ് എന്നീ സ്ഥാപനങ്ങളാണ്. വാഹനങ്ങൾ വാങ്ങിയ വകയിൽ 16.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മൊബൈൽ ത്രിവേണിയുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ളതും, കൺസ്യൂമർഫെഡിൽ, നിലവിൽ നടന്നുവരുന്ന സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ വിഷയങ്ങളിൽ ടി വിഷയം ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. നിലവിൽ അന്വേഷണം നടന്നുവരുന്നു.

(ഇ) കൺസ്യൂമർഫെഡിലെ അഴിമതിയുമായി ബന്ധപ്പെട്ട് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നിലവിൽ നടന്നുവരികയാണ്. പ്രസ്തുത അന്വേഷണത്തിന്മേൽ ലഭ്യമായ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കൺസ്യൂമർഫെഡിലെ ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

1. ശ്രീ. റിജി ജി. നായർ
2. ശ്രീ. സ്വീഷ് കുമാർ
3. ശ്രീ. മഹേഷ് കുമാർ
4. ശ്രീ. റോയ് കുട്ടി
5. ശ്രീമതി കെ. എൻ. മഞ്ജു
6. ശ്രീ. ആർ. പ്രശാന്ത്.

7. ശ്രീ. എം. എസ്. സമഗ്രൻ
8. ശ്രീ. ജെയിംസ് കുര്യൻ
9. ശ്രീ. ആർ. ജയകുമാർ
10. ശ്രീ. രജു വിജയൻ
11. ശ്രീ. രാജീവ്
12. ശ്രീ. സി. യു. സുരേഷ് കുമാർ

ടി ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ച ഇടക്കാല റിപ്പോർട്ട്, മേൽ നടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാറുടെ 11/79 സർക്കുലർ പ്രകാരം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്തിമറിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിൽ കുറ്റക്കാർ എന്ന തെളിയുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രസാദ് പദ്ധതി**

264 (3239) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിനെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ "പ്രസാദ്" പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം ഗുരുവായൂരിന് ലഭ്യമാകുന്ന വികസന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) എത്ര കോടി രൂപയാണ് ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തിന് കേന്ദ്രം അനുവദിക്കുന്നത്;

(ഡി) ലോക തീർത്ഥാടന ഭൂപടത്തിൽ ഗുരുവായൂരിന് നിർണ്ണായക സ്ഥാനം ഉറപ്പുവരുത്തുവാനുള്ള അടിയന്തര നടപടി ഈ പദ്ധതിയിലൂടെ നടപ്പാക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ക്ഷേത്ര സന്ദർശകർക്ക് ഉപകരിക്കും വിധം ഉള്ള അടിസ്ഥാന വികസന ഘടകങ്ങൾക്കാണ് പദ്ധതി പ്രാധാന്യം നൽകുന്നത്. ഗുരുവായൂരിന് ലഭ്യമാകുന്ന ഘടകങ്ങളെപ്പറ്റി തീരുമാനിച്ചിട്ടില്ല. ഇതുസംബന്ധിച്ചുള്ള ചർച്ചകൾ കേന്ദ്ര ടൂറിസം മന്ത്രാലയം പ്രതിനിധികളുമായി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) തുക അനുവദിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര ടൂറിസം മന്ത്രാലയമാണ് തീരുമാനിക്കേണ്ടത്. പരമാവധി തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസാദ് പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കും, മറ്റ് അനുബന്ധ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടിയും ലോക തീർത്ഥാടന ഭൂപടത്തിൽ ഒരു നിർണ്ണായക സ്ഥാനം ഗുരുവായൂരിന് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഡി.റ്റി.പി.സി. ജീവനക്കാർക്ക് വേതനം

265 (3240) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഡി.റ്റി.പി.സി.-കളിലായി ജോലി ചെയ്യുന്ന ജീവനക്കാർക്ക് ന്യായമായ വേതനവും പി.എഫ്. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ സേവന വ്യവസ്ഥ നിശ്ചയിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഡി.റ്റി.പി.സി.-കളിൽ ജോലി നോക്കുന്ന സെക്രട്ടറി ഒഴികെയുള്ള ജീവനക്കാരെ നിയമിക്കുന്നത് അതത് ഡി.റ്റി.പി.സി.-കളാണ്. അവരുടെ വേതനം, ജോലി സ്ഥിരത എന്നിവയിന്മേൽ നിലവിലുള്ള ഉത്തരവുകൾ/വ്യവസ്ഥകൾ പ്രകാരം മാത്രമേ തീരുമാനമെടുക്കാനാകൂ. ഡി.റ്റി.പി.സി.-യിലെ സെക്രട്ടറി ഒഴികെയുള്ള ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

## കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

266 (3241) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.റ്റി.ഡി.സി.-യിൽനിന്നും ലഭിക്കുന്ന സേവനവും അവയുടെ ചെലവും വിനോദസഞ്ചാരികൾക്ക് സ്വകാര്യ സംരംഭകരെ അപേക്ഷിച്ച് മത്സരാധിഷ്ഠിതമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പുതിയ ഭരണ സമിതിയും സർക്കാരും തയ്യാറാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വേണ്ട പഠനം നടത്താൻ ഏൽപ്പിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കെ.റ്റി.ഡി.സി. ദൈനംദിന വ്യാപാരപ്രവർത്തനങ്ങളിൽ സ്വകാര്യ സംരംഭകരുമായി കടുത്ത മത്സരമാണ് നേരിട്ടുവരുന്നത്. കെ.റ്റി.ഡി.സി. നൽകുന്ന സേവനവും അവയ്ക്ക് സഞ്ചാരികളിൽ നിന്നും ഈടാക്കുന്ന തുകയും സ്വകാര്യസംരംഭകരുടെ മത്സരത്തെ മനസ്സിലാക്കിയാണ് നിശ്ചയിക്കുന്നത്.

(ബി) കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ തയ്യാറാക്കി വരുന്നു.

(സി) കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മികച്ച സേവനം നൽകുന്നതിനുമായുള്ള സമഗ്ര പഠനം നടത്തി ഒക്ടോബർ 31-നകം പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയുമായി കെ.റ്റി.ഡി.സി. ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## പ്രസിഡന്റ്സ് ട്രോഫി വള്ളംകളി ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിന് നടപടി

267 (3242) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ അഷ്ടമുടി കായലിൽ കേരള പിറവി ദിനത്തിൽ നടക്കുന്ന പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയുടെ പ്രചാരണത്തിനും വികസനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയിലേക്ക് ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലേക്കായി പ്രസ്തുത വള്ളംകളിയെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിൽ നടത്തിയ പ്രസിഡന്റ്സ് ട്രോഫി വള്ളംകളി 2016-ന് 25 ലക്ഷം രൂപ കേന്ദ്ര ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള പാതയോര വിശ്രമകേന്ദ്രങ്ങൾ

268 (3243) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിനുകീഴിൽ പുതിയ എത്ര പാതയോര വിശ്രമകേന്ദ്രങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇത്തരം വിശ്രമ കേന്ദ്രങ്ങളുടെ നടത്തിപ്പും സംരക്ഷണവും ഏത് രീതിയിലാണ് നടത്തി വരുന്നത്;

(സി) പലപ്പോഴും ഈ വിശ്രമകേന്ദ്രങ്ങൾ സാമൂഹ്യ വിരുദ്ധർ കയ്യടക്കുന്ന പ്രവണത സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു വരുന്നു;

(ഡി) ഇത്തരം കേന്ദ്രങ്ങൾ സാമൂഹ്യവിരുദ്ധർ കയ്യേറുന്നത് തടയുന്നതിനും യാത്രക്കാർക്കും മറ്റ് പൊതുജനങ്ങൾക്കും ഉപകാരപ്രദമായി നിലനിർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എണ്ണം കണക്കാക്കിയിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാദ്ധ്യത പരിശോധിച്ച് പുതിയവ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇല്ല.

(ഡി) സ്വീകരിക്കുന്നതാണ്.

**ടൂറിസം സംബന്ധിച്ച് പുതിയ നയം**

269 (3244) <u>ശ്രീ. അടൂർ പ്രകാശ്</u>:
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം സംബന്ധിച്ച് പുതിയ നയം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഭാരതീയ സംസ്കാരത്തിനും പരിസ്ഥിതിക്കും കോട്ടം തട്ടാതെ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) കഴിഞ്ഞ വർഷം സംസ്ഥാനം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത് എന്നറിയിക്കുമോ;

(ഡി) കഴിഞ്ഞ വർഷം വിദേശ ടൂറിസ്റ്റുകളുടെ വരവിലൂടെ എത്ര കോടി രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇക്കോ ടൂറിസം, അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നീ മേഖലകളിൽ വനം, കൃഷി എന്നീ വകുപ്പുകളുമായി ചേർന്നുള്ള പദ്ധതികൾക്കുപുറമേ പുരാവസ്തു വകുപ്പുമായി ചേർന്നും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) 2015 കലണ്ടർ വർഷം കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2015 കലണ്ടർ വർഷം കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 5.86% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഉണ്ട്. 2015 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ വരവിലൂടെ 6949.88 കോടി രൂപ ലഭിച്ചതായി കണക്കാക്കപ്പെടുന്നു.

## ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

270 (3245) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് അസംബ്ലി നിയോജകമണ്ഡലം ധാരാളം ടൂറിസ വികസനത്തിന് സാധ്യതയുള്ള മേഖലയാണ് എന്നുള്ള കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ടൂറിസ വികസനവുമായി ബന്ധപ്പെട്ട് കാസർകോട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ ഏതെങ്കിലും ടൂറിസം പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ടൂറിസം വികസനത്തിന്റെ ഭാഗമായി കാസർകോട് ബീച്ച് റോഡിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രൊപ്പോസൽ ഉണ്ടായിരുന്നോ; എങ്കിൽ പ്രൊപ്പോസൽ പ്രകാരം പദ്ധതി നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ പുതിയ പ്രൊപ്പോസൽ തയ്യാറാക്കി കാസർകോട് ജില്ലയിലെ പ്രധാനപ്പെട്ട ബീച്ചിലേക്കുള്ള പാത പ്രഭാപൂരിതമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയം സ്ക്വയർ പദ്ധതി. കാസർഗോഡ് ബീച്ച് വികസന പദ്ധതി.

(സി) ഉണ്ട്. ബേക്കലിന്റെ സമഗ്ര ടൂറിസം വികസന പദ്ധതി പരിഗണനയിലുണ്ട്. ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ഡി&ഇ) നിലവിൽ കാസർഗോഡ് ബീച്ച് റോഡിന്റെ വീതി കുറവായതിനാൽ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടില്ല. റോഡിന്റെ ഇരുവശങ്ങളിലും ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ടൂറിസം സർക്യൂട്ടിൽ നടപ്പിലാക്കുന്ന പദ്ധതികൾ

271 (3246) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ടൂറിസം സർക്യൂട്ടിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; ഇവയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ബി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ടൂറിസം സർക്യൂട്ടിൽ നടപ്പിലാക്കുന്ന പദ്ധതികളൊന്നും നിലവിലില്ല.

(ബി) ഇല്ല.

## ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതി

272 (3247) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിൽപ്പെട്ട വട്ടക്കായൽ ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണ പ്രവൃത്തി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

വട്ടക്കായലിൽ മെഗാസർക്യൂട്ട് ടൂറിസം പദ്ധതിയിൽ ഹൗസ് ബോട്ടുകൾക്കായി ഒരു രാത്രികാല സങ്കേതത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. ഫെസിലിറ്റേഷൻ സെന്റർ
2. ടോയ്‌ലറ്റ് ബ്ലോക്ക്
3. ആംഫി തിയേറ്റർ
4. ഫ്ളോട്ടിംഗ് മറീന
5. കിയോസ്ക്
6. റെയിൻ ഷെൽറ്റർ
7. വാക്‌വേ, ഇന്റർലോക് പവർ ബോക്സ്
8. ലാന്റ് സ്കേപ്പിംഗ്
9. ഇലക്ട്രിഫിക്കേഷൻ & യാർഡ് ലൈറ്റിംഗ്.

**ആലപ്പുഴ മെഗാടൂറിസം സർക്യൂട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി വെട്ടിക്കോട് ചാൽ നവീകരണം**

273 (3248) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരണ പദ്ധതി, ആലപ്പുഴ മെഗാടൂറിസം സർക്യൂട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വെട്ടിക്കോട് ചാൽ നവീകരണ പദ്ധതി, ആലപ്പുഴ മെഗാടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

**ബേക്കൽ ടൂറിസം പദ്ധതി**

274 (3249) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം പദ്ധതികളുടെ ഭാഗമായി പള്ളിക്കര ബീച്ചിൽ നിർമ്മാണം നടത്തിയ പല കുടിലുകളിലും വ്യാപകമായി ചോർച്ച ഉൾപ്പെടെയുള്ള അപാകതകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അപാകതകൾ സംബന്ധിച്ച അഴിമതി അന്വേഷിക്കാൻ ഉത്തരവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ നിർമ്മാണവുമായി ബന്ധപ്പെട്ട് 2,09,93,644 (രണ്ട് കോടി ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി അറുന്നൂറ്റി നാല്പത്തിനാല് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) അപാകതകൾ സംബന്ധിച്ച് അന്വേഷിക്കുന്നതാണ്.

**അഷ്ടമുടിക്കായലിലെ സീ പ്ലെയിൻ പദ്ധതി**

275 (3250) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീ പ്ലെയിൻ സർവ്വീസ് നടത്തി വരുന്നുണ്ടോ;

(ബി) അഷ്ടമുടി കായലിലെ സീ പ്ലെയിൻ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യ തൊഴിലാളികൾക്കുണ്ടായ ആശങ്കയെപ്പറ്റി പഠിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ സമിതി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) മത്സ്യ തൊഴിലാളികൾക്കുണ്ടായ ആശങ്കയകറ്റാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സീപ്ലെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടില്ല.

(ബി) അഷ്ടമുടിക്കായലിലെ സീ പ്ലെയിൻ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കുണ്ടായ ആശങ്കയെപ്പറ്റി പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) വിദഗ്ദ്ധ സമിതി റിപ്പോർട്ടിനനുസൃതമായി ഉൾനാടൻ മത്സ്യത്തൊഴിലാളി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പദ്ധതി പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**ചുണ്ടൻ വള്ളങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ട്**

276 (3251) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുണ്ടൻ വള്ളങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഹരിപ്പാട് നിയോജക മണ്ഡലത്തിൽപ്പെട്ട ചുണ്ടൻ വള്ളങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചതിന്റെ വിശദാംശവും അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ചുണ്ടൻ വള്ളങ്ങളുടെ പുനരുദ്ധാരണത്തിന് ടൂറിസം വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുന്നില്ല.

(ബി) 24-10-2013-ലെ സ.ഉ.(സാധാ) നമ്പർ 8584/2013/ടൂറിസം പ്രകാരം 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മലപ്പുറം കോട്ടക്കുന്ന് ടൂറിസം പാർക്ക്**

277 (3252) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടക്കുന്ന് ടൂറിസം പാർക്കിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അഡ്വഞ്ചർ ടൂറിസം മേഖലയിലെ ഏതെങ്കിലും റൈഡുകൾ കോട്ടക്കുന്നിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നേരത്തെ പരിഗണനയിലുണ്ടായിരുന്ന റോപ്പ് വേ യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(ബി) ഉണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാലക്കാട് ജില്ലയിലെ സർക്യൂട്ട് ടൂറിസം

278 (3253) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മീൻവെല്ലം, ശിരുവാണി, കാഞ്ഞിരപ്പുഴ തുടങ്ങിയ മേഖലകളെ ബന്ധപ്പെടുത്തി സർക്യൂട്ട് ടൂറിസം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിർദ്ദേശം വരുമ്പോൾ പരിശോധിക്കാവുന്നതാണ്. ഇപ്പോൾ പരിഗണനയിലില്ല.

## പാലക്കാട് ജില്ലയിൽ മറ്റു വകുപ്പുകളുമായി ചേർന്നുള്ള ടൂറിസം പദ്ധതി

279 (3254) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവം, സാംസ്കാരികം എന്നീ വകുപ്പുകളുമായി സഹകരിച്ച് പാലക്കാട് ജില്ലയിൽ എന്തെങ്കിലും ടൂറിസം പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചിറ്റൂർ നിയോജക മണ്ഡലത്തിൽ മൂലത്തറ ഡാം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ, ഇന്റർനാഷണൽ കൺവൻഷൻ സെന്റർ തുടങ്ങിയവ സ്ഥാപിക്കുന്നതിന് ജലവിഭവം, സാംസ്കാരികം എന്നീ വകുപ്പുകൾ നടത്തുന്ന നീക്കങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പ് നടത്തിയ പഠനങ്ങളും ചർച്ചകളും ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) നെല്ലിയാമ്പതി കാർഷിക ഫാം, എരുത്തിയാമ്പതി കാർഷിക ഫാം എന്നിവയെ ബന്ധപ്പെടുത്തി കൃഷിവകുപ്പുമായി ചേർന്ന് ഒരു അഗ്രി-ഇക്കോ ടൂറിസം പദ്ധതിയുടെ സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജലവിഭവ വകുപ്പുമായി ചേർന്നുള്ള ഡാം ടൂറിസം വികസന പദ്ധതികളും സാംസ്കാരിക വകുപ്പുമായി ചേർന്ന് കുഞ്ചൻ നമ്പ്യാർ സ്മാരകങ്ങളടക്കമുള്ള വികസന പദ്ധതികളും ആവിഷ്കരിച്ചുവരുന്നുണ്ട്.

(ബി&സി) ഇല്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

**ശാസ്താംപാറ ടൂറിസ്റ്റ് കേന്ദ്രം**

280 (3255) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സാധ്യതകൾ വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. പരിശോധിച്ചുവരുന്നു.

**ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്ക് സൗകര്യങ്ങൾ**

281 (3256) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിക്കാർക്ക് എല്ലാ സൗകര്യങ്ങളും ഉറപ്പാക്കുന്ന വിധത്തിൽ കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇതുസംബന്ധിച്ച് എന്തൊക്കെ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വിശദമാക്കുമോ;

(സി) ഫോർട്ട് കൊച്ചി കേന്ദ്രമായി ഭിന്നശേഷി സൗഹൃദ വിനോദ സഞ്ചാരകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇത്തരം പരിഷ്കാരങ്ങൾ എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സാധ്യമായ കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) പദ്ധതി രൂപീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) പദ്ധതി രൂപീകരിച്ചുവരുന്നു.

**മെഡിക്കൽ ടൂറിസത്തിന്റെ സാദ്ധ്യത**

282 (3257) <u>ശ്രീ. വി. എസ്.ശിവകുമാർ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ ടൂറിസത്തിന്റെ സാധ്യത വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2011-16 കാലയളവിൽ ഓരോ വർഷവും എത്രപേർ മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി കേരളം സന്ദർശിച്ചിട്ടുണ്ട്;

(സി) മെഡിക്കൽ ടൂറിസം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിശദാംശം ലഭ്യമല്ല.

(സി) മെഡിക്കൽ ടൂറിസം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആയുർവ്വേദത്തിന്റെ ഗുണഫലങ്ങൾ ഉയർത്തിക്കാട്ടുവാനും ആയുർവ്വേദരംഗത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുമായി ഒരു ക്ലാസ്സിഫിക്കേഷൻ സംവിധാനം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നു. കൂടുതൽ ആയുർവ്വേദ യൂണിറ്റുകളെ ക്ലാസ്സിഫിക്കേഷൻ നൽകി വിനോദസഞ്ചാര വകുപ്പിനുകീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആഭ്യന്തര-വിദേശങ്ങളിൽ നടത്തുന്ന റോഡ് ഷോകളിലും ഫെയറുകളിലും ആയുർവ്വേദത്തിന് പ്രമുഖ സ്ഥാനം നൽകി വരുന്നു.

**താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി**

283 (3258) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പദ്ധതിയെ ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതി പൂർത്തീകരിക്കുന്നതിനായി ആകെ ചെലവഴിക്കേണ്ട തുക എത്ര; എന്തൊക്കെ പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്; ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വയ്യാങ്കരച്ചിറയിലെ പൈലിംഗ് ജോലികൾ പൂർത്തിയായിട്ടുണ്ട്. അനുബന്ധ ഘടകങ്ങളുടെ പൂർത്തീകരണം വിവിധ ഘട്ടങ്ങളിലാണ്. പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതിയുടെ ഭരണാനുമതി തുക 259.52 ലക്ഷം ആണ്. ടോയ്‌ലറ്റ് ബ്ലോക്ക്, റെയിൻഷെൽറ്റർ, വാക്ക്‌വേ & പേവ്ഡ്കോർട്ട്, ബോർഡ് വാക് & വ്യൂ പൊയിന്റ്, പെർമനന്റ് ബോട്ട് ജെട്ടി, ലാന്റ് സ്കേപ്പിംഗ്, വൈദ്യുതീകരണം & യാർഡ് ലൈറ്റിംഗ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ടോയ്‌ലറ്റ് ബ്ലോക്കിന്റെ ജോലി അന്തിമഘട്ടത്തിലാണ്. മറ്റ് ജോലികൾ പൂർത്തീകരിച്ചുവരുന്നു.

**നിലമ്പൂരിനെ ഒരു ടൂറിസം ഹബ്ബാക്കുന്നതിനുള്ള പദ്ധതികൾ**

284 (3259) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന് വലിയ സാദ്ധ്യതയുള്ള നിലമ്പൂരിനെ ഒരു ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനാവശ്യമായ സമഗ്രമായ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ;

(ബി) ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് എന്ന ഏജൻസി നിലമ്പൂർ ടൂറിസം മാസ്റ്റർ പ്ലാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അത് അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

(ബി) ഇല്ല.

## വാഗമണിൽ റോപ് -വേ

285 (3260) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമണിൽ റോപ് വേയ്ക്കായി നാറ്റ്പാക്കിനെക്കൊണ്ട് (NATPAC) സാധ്യതാ പഠനം നടത്താൻ 2015-ൽ ടൂറിസം വകുപ്പിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ;

(ബി) സാധ്യതാപഠനറിപ്പോർട്ട് നാറ്റ്പാക്ക് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ; വിശദീകരിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത റോപ്-വേ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) പരിശോധിക്കാവുന്നതാണ്.

## വിനോദസഞ്ചാര മേഖലകളിൽ തിരമാലയിൽപ്പെട്ടുള്ള മരണങ്ങൾ

286 (3261) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം, വിഴിഞ്ഞം, ആഴിമല, പൂവ്വാർ, പൊഴിക്കര തുടങ്ങിയ വിനോദ സഞ്ചാരികൾ എത്തുന്ന സ്ഥലങ്ങളിൽ തിരമാലയിൽപ്പെട്ട് മനുഷ്യജീവൻ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളിൽ പ്രത്യേക സുരക്ഷ ഏർപ്പെടുത്തുന്ന തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവളത്ത് വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി നിലവിൽ ലൈഫ് ഗാർഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞം, ആഴിമല, പൂവാർ, പൊഴിക്കര എന്നിവിടങ്ങളിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡ് സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ബി.ആർ.ഡി.സി. വിഹിതം**

287 (3262) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-ക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി എത്ര രൂപയാണ് അനുവദിച്ച് കിട്ടിയിട്ടുള്ളത്; ഈ തുക എന്തിനൊക്കെ വേണ്ടി ചെലവഴിച്ചു; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം എത്ര രൂപ ബഡ്ജറ്റ് വിഹിതമായി ഉണ്ട്; ഇത് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) റിസോർട്ടുകളിൽ നിന്നും പാർക്കുകളിൽ നിന്നുമായി ലഭിച്ച വരുമാനത്തിൽ ബി.ആർ.ഡി.സി.-യുടെ കൈവശം എത്ര തുക നീക്കിയിരിപ്പുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചത്. ഇതിൽ 30 ലക്ഷം രൂപയാണ് ബി.ആർ.ഡി.സി.-ക്ക് ലഭിച്ചിട്ടുള്ളത്. ഇതിൽ 15 ലക്ഷം രൂപ വിപണനത്തിനും പ്രചരണത്തിനും ചെലവായി. 10 ലക്ഷം രൂപ വലിയപറമ്പ കായലോര വികസനത്തിനും 5 ലക്ഷം രൂപ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും ചെലവഴിച്ചു.

(ബി) ഈ സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. ഇത് ബി.ആർ.ഡി.സി.-യുടെ എന്റർപ്രണർ ഡെവലപ്മെന്റ് സെന്ററും ആസ്ഥാന മന്ദിരവും സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) 356 ലക്ഷം രൂപയാണ് നീക്കിയിരുപ്പുള്ളത്.

**വിനോദസഞ്ചാര വകുപ്പിന് കീഴിലെ വഴിയോര വിശ്രമകേന്ദ്രങ്ങൾ**

288 (3263) <u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന് കീഴിൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) ഇത്തരത്തിൽ ആരംഭിക്കുന്ന വിശ്രമകേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇവയുടെ സംരക്ഷണ -നടത്തിപ്പ ചുമതലകൾ ഏതു വിധത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ടെയ്ക്ക് എ ബ്രേക്ക് എന്ന പദ്ധതി.

(ബി) ഇത്തരം വിശ്രമകേന്ദ്രങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിയുള്ളവർക്കുമായി പ്രത്യേക ആധുനിക സൗകര്യമുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകൾ, കോഫീ ഷോപ്പുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. കൂടാതെ സ്ഥലലഭ്യതയനുസരിച്ച് പാർക്കിംഗ് സൗകര്യങ്ങൾ, സുവനിയർ ഷോപ്പ്, ക്ലോക്ക് റൂമുകൾ, വിശ്രമമുറികൾ, വാഷിംഗ് റൂമുകൾ, മെഡിക്കൽ സ്പാ, ഇൻഫർമേഷൻ കിയോസ്കുകൾ എന്നിവയും ഉൾപ്പെടുത്താവുന്നതാണ്.

(സി) ഇവ സ്വകാര്യ പങ്കാളിത്തത്തോടെ പരിരക്ഷിച്ചു നടത്തിവരുന്നു.

**ഉത്തരവാദിത്ത ടൂറിസം**

289 (3264) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക മിഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹൗസ് ബോട്ടുകൾ, ആയുർവ്വേദ സെന്ററുകൾ, ഹോം സ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവയ്ക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസ്സിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദ മാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ സിസ്റ്റം നിലവിൽ നടപ്പിലാക്കിവരുന്നു. ഇത് ടൂറിസം രംഗത്തെ എല്ലാ സേവനദാതാക്കളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതുസംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു.

(സി) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി 'സുഗമ സഞ്ചാരം' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിലൂടെ ഭിന്നശേഷിക്കാരായവർക്ക് ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ടൂറിസം സെന്ററുകൾ, ഹൗസ് ബോട്ടുകൾ അടക്കമുള്ള സൗകര്യങ്ങൾ ഇവർക്കും കൂടി അനുഭവവേദ്യമാക്കി സുഗമസഞ്ചാരം ഉറപ്പുവരുത്തുകയാണ് ലക്ഷ്യമിടുന്നത്.

## ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി

290 (3265) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണ്; നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ഇടവാ-നടയറക്കായലിന്റെയും പരവൂർ കായലിന്റെയും തെക്കുംഭാഗം-കാപ്പിൽ ബീച്ചിന്റെയും വിപുലമായ ടൂറിസം സാധ്യതകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പ്രദേശത്ത് സർക്കാർ തലത്തിൽ വിപുലവും സുരക്ഷിതവും ആസ്വാദ്യവുമായ വിനോദസഞ്ചാര പദ്ധതികൾക്കായി സർക്കാർ പുതിയ പ്രോജക്ടുകൾക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി പെഡൽ ബോട്ട്, കുട്ടികളുടെ കളിസ്ഥലത്തിന് ചുറ്റും വേലി, ഗേറ്റ്, കളി ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള 8.9 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായുള്ള ടെണ്ടർ നടപടികൾ മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചുവരികയാണ്.

(ബി&സി) പരവൂർ കായലിന്റെയും മുക്കം താന്നി ബീച്ചിന്റെയും വിനോദ സഞ്ചാര സാധ്യതകൾ പരിഗണിച്ച് ഇതിന്റെയടിസ്ഥാനത്തിൽ മുക്കം താന്നി ബീച്ചിൽ വാക്‌വേ, ഗ്യാലറി, ഫെസിലിറ്റേഷൻ സെന്റർ എന്നിവ ഉൾപ്പെടുത്തി 68.4 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഡെസ്റ്റിനേഷൻ ടൂറിസം ഡെവലപ്മെന്റിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ**

291 (3266) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ടൂറിസം ഡെവലപ്മെന്റിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) കേന്ദ്ര സഹായത്തോടെ ഈ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഡെസ്റ്റിനേഷൻ ടൂറിസം ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് മലബാർ മേഖലയിൽ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നായി സർക്കാരിന്റെ മുൻപിൽ എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും രത്നച്ചുരുക്കം വിശദമാക്കുമോ;

(ഡി) കിഫ്ബിയിൽ പരിഗണിച്ച് ടൂറിസം മേഖലയിൽ സർക്കാർ ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന-കേന്ദ്ര സർക്കാർ ധനസഹായത്തോടെയും കിഫ്ബി പോലെയുള്ള ഫിനാൻസ് സ്ഥാപനങ്ങളുടെ സഹായത്തോടെയും സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്വദേശി ദർശൻ, പ്രസാദ് എന്നീ സ്കീമിലൂടെ വിവിധ പദ്ധതികൾ തയ്യാറാക്കി വരുന്നു.

(സി) പദ്ധതികളെ സംബന്ധിക്കുന്ന വിശദാംശം അനുബന്ധമായി

ചേർത്തിരിക്കുന്നു.*

(ഡി) പദ്ധതികൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

**നെയ്യാറ്റിൻകര ഈരാറ്റിൻപുറം വികസിപ്പിക്കുന്നതിന് പദ്ധതി**

292 (3267) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ ഈരാറ്റിൻപുറം ഭൂപ്രദേശം ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിന് നൽകിയിട്ടുള്ള പ്രോജക്ട് അനുസരിച്ച് പദ്ധതി തുടങ്ങുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) ചെങ്കൽ പഞ്ചായത്തിലെ വലിയകുളം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചുവരുന്നു.

**വിനോദസഞ്ചാരികളുടെ സംരക്ഷണം**

293 (3268) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാരികളുടെ സംരക്ഷണത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന വിനോദ സഞ്ചാരികളുടെ സംരക്ഷണത്തിന് വിവിധ തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ട്രെയിനിംഗ് നൽകുന്നുണ്ട്. വിനോദസഞ്ചാരികളെ ബോധവത്കരിക്കുന്നതിനും ടൂറിസം മേഖലയിൽ അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിനോദസഞ്ചാര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ബീച്ചുകളിൽ എത്തിച്ചേരുന്ന ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി മെച്ചപ്പെട്ട പരിശീലനം ലഭിച്ച ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യം വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഇതിനുപുറമേ ഹൗസ് ബോട്ടുകളിൽ ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**കേന്ദ്രസർക്കാർ സഹായത്തോടെയുള്ള ടൂറിസം പദ്ധതികൾ**

294 (3269) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അവതരിപ്പിച്ച ബജറ്റിൽ ടൂറിസം വകുപ്പിന് കീഴിൽ അനുവദിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 'എ' ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) മൊത്തം 40329.3 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇനം തിരിച്ചുള്ള തുക അനുബന്ധം 'ബി' ആയി ചേർക്കുന്നു. ഇതിൽ പ്ലാൻ ഇനത്തിൽ 31432. ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 8897.30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

9.30 AM]

## II അടിയന്തരപ്രമേയം

### സ്വാഭാവിക റബ്ബറിന്റെ വിലയിടിവ്

മി. സ്പീക്കർ : സ്വാഭാവിക റബ്ബറിന്റെ വിലയിടിവുമൂലം കേരളത്തിലെ 1.2 മില്യൻ റബ്ബർ കർഷകരുടേയും തൊഴിലാളികളുടെയും ജീവിതം ദുരിതത്തിലായിരിക്കുകയാണ്. ഇതുമൂലം സംസ്ഥാനത്തിന്റെ സമ്പദ്ഘടനതന്നെ താറുമാറായിരിക്കുകയാണ്. റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്യുന്ന കർഷകരും നെൽകൃഷി ഉൾപ്പെടുന്ന കാർഷികമേഖലയിലെ കർഷകരും അനുഭവിക്കുന്നതായി പറയപ്പെടുന്ന ദുരിതങ്ങൾ പൊതുപ്രാധാന്യമർഹിക്കുന്നതും അടിയന്തിര സ്വഭാവത്തോടുകൂടിയതും നിയതവുമായതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് റൂൾ 50 പ്രകാരം ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശദീകരണക്കുറിപ്പിൽ ഒന്നിലധികം വിഷയങ്ങൾ പരാമർശിച്ചിട്ടുണ്ട്, പക്ഷേ അടിയന്തരപ്രമേയത്തിൽ ഒരു വിഷയം കേന്ദ്രീകരിച്ചുമാത്രമേ ചർച്ചചെയ്യാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ട് ഇത് അനുവദിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, റബ്ബർ വിലത്തകർച്ച മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് 2015-16 സാമ്പത്തികവർഷത്തിൽ 300 കോടി രൂപയും 2016-17-ൽ 500 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിരുന്നു. 3-10-2016-വരെ പദ്ധതിയിനത്തിൽ 284.41 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് ഇതിനകം തന്നെ നൽകി കഴിഞ്ഞിട്ടുണ്ട്. നാളിതുവരെ 298295 റബ്ബർ കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. 2016-ജൂൺ 30-ന് അവസാനിച്ച 1-ാം ഘട്ടത്തിന്റെ തുടർച്ചയായി 2016- ജൂലൈ 1-ാം തീയതി ഈ പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത റബ്ബർ കർഷകർക്ക് രണ്ടാംഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ ചില തുറമുഖ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെന്നൈ, മുംബൈ തുറമുഖങ്ങൾ വഴി മാത്രമായി റബ്ബർ ഇറക്കുമതി നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ വിദേശ രാജ്യങ്ങളുമായി ഏർപ്പെടുന്ന വാണിജ്യ കരാറുകളിൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ

ആർ.സി.ഇ.പി. കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതി വിലത്തകർച്ച ഉണ്ടാകാൻ സാധ്യതയുള്ളത് മുന്നിൽക്കണ്ടുകൊണ്ട് റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് കേരള സർക്കാർ കേന്ദ്രസർക്കാരിന് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ രണ്ടു തരത്തിലാണ് റബ്ബർ ഇറക്കുമതിക്ക് അനുമതി നൽകുന്നത്. അഡ്വാൻസ്ഡ് ലൈസൻസ് ആതറൈസേഷൻ പ്രകാരവും നിശ്ചിതചുങ്കം 25 ശതമാനം അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപ ഏതാണ് കൂടുതൽ അത്, പ്രകാരവുമാണ് ഇറക്കുമതി ചെയ്യുന്നത്. അഡ്വാൻസ്ഡ് ലൈസൻസ് ആതറൈസേഷൻ പ്രകാരമുള്ള റബ്ബർ ഇറക്കുമതി നിർത്തണമെന്നും സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തീരുവ, റബ്ബർ ലാറ്റക്സ് ഇറക്കുമതി ചുങ്കത്തിന്റെ 70%-ത്തിന് ഒപ്പമാകണമെന്ന് ആവശ്യപ്പെടുകയും Make in India പദ്ധതിയിൽ റബ്ബർ ഉൾപ്പെടുത്തണമെന്ന ആവശ്യമുന്നയിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് റബ്ബറൈസേഷൻ പദ്ധതിയിൽ സ്വാഭാവിക റബ്ബർ ഉൾപ്പെടുത്തണമെന്ന കാര്യം പരിഗണിക്കുന്നതിന് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് നിർദ്ദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും നിർദ്ദേശം നൽകുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നാളികേര കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പാം ഓയിലിന്റെ ഇറക്കുമതി തീരുവ കുറച്ച നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വിലത്തകർച്ച തടയുന്നതിനാവശ്യമായ നടപടി എടുക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. റബ്ബറിന്റെ വിലത്തകർച്ചയിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതി വിലയിരുത്തുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി ബന്ധപ്പെട്ടവരുടെ യോഗം അടുത്തുതന്നെ ചേരാൻ ഉദ്ദേശിക്കുന്നതായി ശ്രീ. പി. സി. ജോർജിന്റെ ഇതേ വിഷയത്തിന്മേലുള്ള സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുള്ളതാണ്. കാർഷികോൽപ്പാദനം മെച്ചപ്പെടുത്തുന്നതിന്റെയും കർഷക സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെയും ഭാഗമായി 60 വയസ്സുതികഞ്ഞ കർഷകർക്ക് ആശ്വാസമായി കിസാൻ അഭിമാൻ എന്ന പേരിൽ ഒരു പെൻഷൻ പദ്ധതിക്ക് 2008-09 കാലഘട്ടത്തിൽ മുൻ എൽ.ഡി.എഫ്. സർക്കാർ രൂപം നൽകിയിരുന്നു. തുടർന്ന് 2011-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ടി പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുകയും ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ 13-2-2012-ലെ ഉത്തരവ് പ്രകാരം രണ്ട് ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ള എല്ലാവരെയും പെൻഷന് പരിഗണിക്കാൻ തീരുമാനിക്കുകയും

പെൻഷൻതുക 400 രൂപയായി ഉയർത്തുകയുമുണ്ടായി. 2012-13 വർഷത്തിൽ 203132 ചെറുകിട നാമമാത്ര കർഷകരാണ് പെൻഷന് അർഹരായി ഉണ്ടായിരുന്ന തെങ്കിൽ ഇത് കാലക്രമേണ 356663 ആയി വർദ്ധിക്കുകയുണ്ടായി. പെൻഷന് അർഹതയുള്ളവരുടെ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതകൾ ഉള്ളതായും, നിരവധി അനർഹരായ ആളുകൾ പെൻഷൻ വാങ്ങുന്നതായും ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി കൃഷി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് വിശദമായ പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എങ്കിൽപ്പോലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, മുൻ യു.ഡി.എഫ്. സർക്കാർ നൽകാനുണ്ടായിരുന്ന പെൻഷൻ കുടിശ്ശികയിൽ തിരുവനന്തപുരം ജില്ല ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും ഓണത്തിനുമുൻപുതന്നെ 2016 ജനുവരി വരെയുള്ള കുടിശ്ശികയായ 113.52 കോടി രൂപ അനുവദിക്കുകയുണ്ടായി. മറ്റു പെൻഷനുകളിൽ നിന്ന് വ്യത്യസ്തമായി 2016 ജൂൺ മാസത്തിൽ തന്നെ അതുവരെയുള്ള കർഷക പെൻഷൻ കുടിശ്ശിക പൂർണ്ണമായും നൽകിയിരുന്നു. എല്ലാ സാമൂഹിക സുരക്ഷാ പെൻഷനുകളും പ്രതിമാസം 1000 രൂപയാക്കാൻ ഈ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1-6-2016 മുതൽ കർഷക പെൻഷനും 600 രൂപയിൽനിന്ന് 1000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം ഒരു മാസത്തെ തുകയായ 1000 രൂപ വീതം നൽകുന്നതിന് 37.895 കോടി രൂപ ഓണത്തിന് മുൻപുതന്നെ അനുവദിച്ച് ജില്ലകൾക്ക് കൈമാറിയിട്ടുണ്ട്. 2016 ജൂൺ മാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനാവശ്യമായ അലോട്ട്മെന്റ് ഇതിനകം നൽകിയിട്ടുണ്ട്. മൊത്തം 151.41 കോടി രൂപ ഈ ഗവൺമെന്റ് വന്നതിനുശേഷം പെൻഷൻ കുടിശ്ശികയ്ക്കായി നൽകുകയും അത് വിതരണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഓണത്തിനുശേഷം നൽകിയിരിക്കുന്ന 37.895 കോടി രൂപ ഓണത്തിന് മുൻപു തന്നെ ജില്ലാ കൃഷി ഓഫീസർമാരുടെ അക്കൗണ്ടുകളിലേക്ക് ഗവൺമെന്റ് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതിന്റെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. അപാകതകൾ പരിഹരിച്ച ലിസ്റ്റ് കിട്ടിയാലുടൻതന്നെ കുടിശ്ശിക പൂർണ്ണമായും കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. ചെറുകിട കൃഷിക്കാർക്ക് കുടിശ്ശികയില്ലാതെ പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. സംസ്ഥാന പദ്ധതികൾക്കായി ഏകദേശം 406 കോടി രൂപയും കേന്ദ്രപദ്ധതികൾക്കായി 358.85 കോടി രൂപയും പദ്ധതിയേതരയിനത്തിൽ വകയിരുത്തിക്കൊണ്ട് കൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊർജ്ജിതമായിട്ടുള്ള നടപടികൾ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. റബ്ബർ വിലയിടിവുമായി ബന്ധപ്പെട്ട് കേന്ദ്ര

ഗവൺമെന്റ് അനുവർത്തിക്കുന്ന നയങ്ങളാണ് റബ്ബർ കൃഷിക്കാരെ ഗുരുതരമായി ബാധിക്കുന്നതെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റബ്ബർ കൃഷിക്കാരുടെ കാര്യത്തിൽ ഗൗരവമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 500 കോടി രൂപ വകയിരുത്തുകയും 283 കോടി രൂപ ഇതിനകം കൃഷിക്കാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. എം. മാണി: സർ, മന്ത്രിയുടെ മറുപടി കേട്ടപ്പോൾ എല്ലാം ഭദ്രം, എല്ലാ നടപടികളും സ്വീകരിച്ചു, കേന്ദ്രത്തെ എല്ലാ വിവരങ്ങളും അറിയിച്ചിട്ടുണ്ട്, കേന്ദ്രത്തോട് പറയുന്നുമുണ്ട്. ഓണത്തിനുമുൻപ് എല്ലാപേർക്കും പെൻഷനും കൊടുത്തു. കർഷകർക്ക് മാത്രം പെൻഷൻ കിട്ടിയില്ല. എന്തുകൊണ്ട് കർഷകരോട് ഈ അവഗണന കാണിച്ചു. മന്ത്രി ഉത്തരം പറയണം, കർഷകർക്ക് മാത്രം പെൻഷൻ ഇല്ല, മറ്റുള്ളവർക്കെല്ലാം കൊടുത്തു. ഇത് വളരെ ഹൃദയഭേദകമായിട്ടുള്ള ഒരു കാര്യമാണ്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന്റെ ഫലമായി ഇന്ന് സംസ്ഥാനത്തെ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് വളരെയേറെയാണ്. റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകളുടേയും നെല്ല് ഉൾപ്പെടെയുള്ള കാർഷിക വിളകളുടേയും വിലത്തകർച്ച പിടിച്ചുനിർത്താൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ കാർഷിക സമ്പദ് വ്യവസ്ഥതന്നെ തകർച്ചയിലേയ്ക്ക് നീങ്ങുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അരനൂറ്റാണ്ടായി റബ്ബറിന്റെ പ്രശ്നം നിലനിൽക്കുകയാണ്, എന്റെ രണ്ടാമത്തെ ആവശ്യം താരിഫ് കമ്മീഷൻ റബ്ബറിന് നിശ്ചയിച്ച 20 രൂപ കുറവാണ്, കൂട്ടി നിശ്ചയിക്കണമെന്നുള്ളതാണ്. 50 വർഷമായിട്ടും റബ്ബറിന്റെ പ്രശ്നം ഇതുവരേയും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല, കാരണമെന്താണ്; റബ്ബർ കൃഷിക്കാർ അസംഘടിതരാണ്. സംഘടിതരായ ടയർ മാനുഫാക്ച്ചറേഴ്സ്, റബ്ബർ വ്യവസായികൾ എന്നിവരുമായുള്ള മൽസരത്തിൽ അസംഘടിതരായ പാവപ്പെട്ട കൃഷിക്കാർ ചതഞ്ഞരഞ്ഞ് തകരുകയാണ്. അവരെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ ഇല്ലെങ്കിൽ എന്താണ് അവരുടെ അവസ്ഥ? ഇന്ന് റബ്ബറിന്റെ വില എത്രയാണ്; രണ്ടുവർഷം മുൻപ് ഒരു കിലോ റബ്ബറിന് 240 രൂപ വിലയുണ്ടായിരുന്നു. ഇന്നലത്തെ കോട്ടയം മാർക്കറ്റ് വില വച്ച് പറയുകയാണെങ്കിൽ RSS-5-ന് 113 രൂപ 50 പൈസയാണ്. പാവപ്പെട്ട കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്നത് RSS-5 ഗ്രേഡാണ്, അതിന് വില 113 രൂപ 50 പൈസയാണ്. ഇവിടെ വിലസ്ഥിരതാ ഫണ്ടിനെക്കുറിച്ച് പറഞ്ഞു, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഞാൻ ധനകാര്യ വകുപ്പുമന്ത്രി

ആയിരിക്കെ ഒരു വിലസ്ഥിരതാ ഫണ്ട് ഉണ്ടായിരുന്നു. അത് കൃഷിക്കാർക്ക് വലിയൊരാശ്വാസമായിരുന്നു, അത് അങ്ങേയ്ക്കുമറിയാം. റബ്ബറിന് ഒരു കിലോഗ്രാമിന് 150 രൂപ മിനിമം വിലയായി സർക്കാർ നിശ്ചയിച്ചു. മിനിമം വില കിട്ടുന്നില്ലെങ്കിൽ കമ്പോള വിലയും പ്രഖ്യാപിത വിലയും തമ്മിലുള്ള വ്യത്യാസം ഗവൺമെന്റ് നികത്തിക്കൊടുക്കുമെന്ന പ്രഖ്യാപനമാണ് മുൻ യു.ഡി.എഫ്. ഗവൺമെന്റ് അന്ന് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത്. അന്ന് 85 രൂപ വിലയുണ്ടായിരുന്നപ്പോഴാണ് ആ പ്രഖ്യാപനം. അതായത് 150-ഉം 85-ഉം തമ്മിലുള്ള വ്യത്യാസം 65 രൂപ. ആർക്കും വിശ്വസിക്കാൻ കഴിയുകയില്ല. അന്ന് കേരളത്തിലെ ഓരോ കൃഷിക്കാരനും ഓരോ കിലോഗ്രാം റബ്ബർ വിൽക്കുമ്പോഴും 65 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വരുമായിരുന്നു. ലോകത്ത് ഒരിടത്തും ഇങ്ങനെയൊരു സ്കീം ഉണ്ടായിട്ടില്ല. അവിടെ ഇടനിലക്കാരില്ല, യാതൊരു ചെലവുമില്ല. ബാങ്ക് അക്കൗണ്ടിലേയ്ക്ക് വിലയിലെ വ്യത്യാസമായ 65 രൂപ വച്ച് കൊടുത്തുകൊണ്ടിരുന്നു. അത് എത്ര നല്ലൊരു സ്കീമായിരുന്നു. ഇവിടത്തെ റബ്ബർ കൃഷിക്കാർക്ക് അത് വലിയൊരാശ്വാസമായിരുന്നു. ഇന്ന് ഈ സ്കീമിന്റെ അവസ്ഥയെന്താണെന്ന് എനിക്കറിഞ്ഞുകൂട. ഈ സ്കീം നല്ല നിലയിൽ നടക്കുന്നുണ്ടോ? വളരെയേറെ പരാതികളുണ്ട്. ഈ സ്കീം ഇന്ന് നിലച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് 300 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിരുന്നു, പിന്നീടത് 500 കോടി രൂപയാക്കി മാറ്റി. അതാണിപ്പോൾ നീക്കിവച്ചുവെന്നുപറയുന്നത്. അത് ഓരോവർഷവും നീക്കിവയ്ക്കണം. പക്ഷേ ഈ സ്കീമിന്റെ അടിത്തറയെന്നുപറയുന്നത് യു.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിൽ വച്ച 500 കോടി രൂപയാണ്. റബ്ബറിനെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് ഞാൻ അങ്ങയെമാത്രം കുറ്റം പറയുന്നില്ല. കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ചിദംബരമാണ് റബ്ബറിന്റെ ഇറക്കുമതി തീരുവ കുറയ്ക്കുകയും ഇറക്കുമതി സുഗമമാക്കുകയും ചെയ്തത്. ഇപ്പോൾ കോൺഗ്രസ്സിൽ നിന്നും ഇടതുപക്ഷ ഗവൺമെന്റിൽനിന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തുള്ള റബ്ബർ കർഷകർക്ക് രക്ഷയില്ലാത്ത ഒരവസ്ഥയാണുള്ളത്. കൃഷിക്കാർ എവിടെ പോകും? കൃഷിക്കാരെ സഹായിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്രിയാത്മകമായ പദ്ധതി പ്രഖ്യാപിക്കണം. അങ്ങയുടെ പുറകിൽ ഞങ്ങളെല്ലാം നിൽക്കാം. എന്നുവച്ച് ഇടതുപക്ഷ മുന്നണിയിലേയ്ക്ക് വരുമെന്നല്ല അതിന്റെ അർത്ഥം. അങ്ങ് നല്ലത് ചെയ്താൽ നല്ലതെന്ന് ഞങ്ങൾ പറയും. നല്ലതിന് പിന്തുണയുണ്ട്. അങ്ങ് ധൈര്യമായി മുന്നോട്ടുവന്ന് റബ്ബർ കൃഷിക്കാർക്കായി ഒരു നല്ല സ്കീം പ്രഖ്യാപിക്കണം.

നാളികേരത്തിന് കിലോയ്ക്ക് 25 രൂപയുണ്ടായിരുന്നത് ഇപ്പോൾ 17 രൂപയായി. നാളികേര സംഭരണം അവതാളത്തിലായി. ഇപ്പോൾ ഏതാനും കൃഷിഭവനുകൾ വഴി മാത്രമേ നാളികേര സംഭരണം നടക്കുന്നുള്ളൂ. ഒരു കർഷകന് പത്ത് ക്വിന്റൽ തേങ്ങ വരെ കൃഷിഭവൻ മുഖേന വിൽക്കാമായിരുന്നത് ഇപ്പോൾ നാല് ക്വിന്റലായി പരിമിതപ്പെടുത്തി.

ഇനി നെല്ലുസംഭരണത്തിന്റെ കാര്യമെടുക്കാം. നെല്ലുസംഭരണത്തിലും പാളിച്ച പറ്റി. നെല്ല് പാടത്ത് കൂട്ടിയിട്ടിരിക്കുകയാണ്. ശ്രീ. മാത്യു ടി. തോമസിന് കാര്യങ്ങൾ അറിയാം. കളത്തിൽവച്ചുതന്നെ നെല്ലിന് വില കിട്ടുന്ന ഒരു സജ്ജീകരണമാണ് നമുക്കുവേണ്ടത്. നെൽകൃഷിക്കാരും ആകെ ദുഃഖത്തിലാണ്. വിപണിയിൽ ഗവൺമെന്റ് കൃത്യമായി ഇടപെടണം. അതല്ലാതെ കൃഷിക്കാർക്ക് രക്ഷയില്ല. കമ്പോളവില താഴേയ്ക്ക് പോകുമ്പോൾ സർക്കാർ ഇടപെട്ട് കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ എടുക്കുന്നതിനും അവർക്ക് ന്യായവില ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. റബ്ബർ, നാളികേരം, നെല്ല് എന്നിവയെല്ലാം വിലത്തകർച്ച നേരിടുകയാണ്. ഇക്കാര്യങ്ങളെല്ലാം ഗവൺമെന്റ് വളരെ അനുഭാവപൂർവ്വം പരിഗണിക്കണം.

പിന്നെയുള്ളത് പരിസ്ഥിതിലോല പ്രശ്നം സംബന്ധിച്ചാണ്. അത് പ്രത്യേകം ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. 123 വില്ലേജുകളും പരിസ്ഥിതിലോല പ്രദേശമാണെന്ന വിഷയമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വന്നിരിക്കുന്നത്.

<u>മി. സ്പീക്കർ</u> : ആ വിഷയത്തിലേയ്ക്ക് അങ്ങ് ഇപ്പോൾ പോകണ്ട.

<u>ശ്രീ. കെ. എം. മാണി</u> : ആ വിഷയത്തിലേയ്ക്ക് പോകുന്നില്ല. അതുകൊണ്ട് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, പ്രത്യേകിച്ച് റബ്ബറിന്റേയും നാളികേരത്തിന്റേയും നെല്ലിന്റേയും വിലയിടിവ് കർഷകരെ വളരെയേറെ വിഷമത്തിലാക്കിയിരിക്കുന്നു. അതിന് അടിയന്തര പരിഹാരമുണ്ടാകണം. അതുണ്ടാകാത്തതിൽ ഞങ്ങൾക്ക് വലിയ പ്രതിഷേധമുണ്ട്. ഗവൺമെന്റിൽ നിന്നുള്ള മറുപടി വളരെ ദുഃഖകരവും നിരാശാജനകവുമാണ്. ഈ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>) : സർ, ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രിയും പരിണിതപ്രജ്ഞനുമായ ശ്രീ. കെ.എം മാണി സാർ ഇവിടെ പറഞ്ഞ, പ്രതിപക്ഷമുന്നയിച്ച കാര്യം ഗവൺമെന്റ് ഗൗരവത്തിൽ കാണാതിരിക്കുന്നില്ല. വളരെ ഗൗരവമായ കാര്യം തന്നെയാണ്. പന്ത്രണ്ട് ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാരെ സംബന്ധിക്കുന്ന, കേരളത്തിന്റെ സമ്പദ്ഘടനയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ്. ഈ സാഹചര്യം ഗവൺമെന്റ് മനസ്സിലാക്കി

കൊണ്ടാണ് നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ അങ്ങ് ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചപ്പോൾ ശ്രീ. പി. ചിദംബരത്തെപ്പറ്റി പറഞ്ഞതിൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. ഇപ്പോഴെങ്കിലും അങ്ങ് ഈ വസ്തുത പറയാൻ തയ്യാറായല്ലോ. ശ്രീ. പി. ചിദംബരം ഈ കാര്യങ്ങളൊക്കെ ചെയ്തുകൊണ്ടിരിക്കുമ്പോൾ അങ്ങ് ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. ഞങ്ങൾ ഇതിനെ ശക്തമായി എതിർക്കുന്ന സമയത്ത്, അങ്ങയേക്കാൾ ശക്തമായി ഉച്ചത്തിൽ ഈ സഭയിൽ ഇത് പറയുമ്പോൾ ചിദംബരത്തിന്റെ നടപടിയെ ന്യായീകരിക്കുന്ന മറുപടിയാണ് അന്ന് നിയമസഭയിൽ ഞങ്ങൾ കേട്ടുകൊണ്ടിരുന്നത്. തർക്കത്തിനുവേണ്ടി പറഞ്ഞതല്ല, അങ്ങ് ഇവിടെ സൂചിപ്പിച്ചതുകൊണ്ട് പറഞ്ഞുവെന്നേയുള്ളൂ. ഇവിടെ റബ്ബറധിഷ്ഠിത വ്യവസായികൾ സംഘടിതരാണെന്നും റബ്ബറിന്റെ വില എത്ര കുറഞ്ഞാലും ടയറിന്റെ വില കുറയുന്നില്ലെന്നുമുള്ള കാര്യം നമുക്കെല്ലാമറിയാം. അന്നും ഇന്നും കേന്ദ്ര സർക്കാർ ആരുടെ താൽപ്പര്യമാണ് സംരക്ഷിച്ചുകൊണ്ടിരിക്കുന്നതെന്ന് നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്. ഈ ഗവൺമെന്റിന് ആ നിലപാടിനോട് ഒരു യോജിപ്പുമില്ല എന്നുമാത്രമല്ല ഇപ്പോൾ ആർ.സി.ഇ.പി.(റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്) കരാറിന്റെ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ആ കരാർ വരുന്നതോടുകൂടി റബ്ബർ ഉൾപ്പെടെയുള്ള പല കാർഷിക വിളകളും ഇറക്കുമതി ചുങ്കമില്ലാതെ നമ്മുടെ രാജ്യത്തിലേയ്ക്ക് കൊണ്ടുവരാൻ പോകുകയാണ്. കമ്മോഡിറ്റി ക്യാരക്ടർ നിശ്ചയിക്കുന്ന സമയത്ത് സംസ്ഥാന ഗവൺമെന്റുകളുടെ അഭിപ്രായംകൂടി ആരാഞ്ഞതിനുശേഷം മാത്രമേ കമ്മോഡിറ്റി ക്യാരക്ടർ നിശ്ചയിക്കുന്ന കരാറിൽ ഒപ്പുവയ്ക്കാൻ പാടുള്ളുവെന്ന കാര്യം ഈ സർക്കാർ രണ്ടുതവണ കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. ഈ സഭാസമ്മേളനം കഴിഞ്ഞാലുടൻ തന്നെ ഇതുസംബന്ധിച്ച കാര്യങ്ങൾക്കായി കേന്ദ്ര മന്ത്രിമാരെ കാണാൻ പോകുകയാണ്.

ശ്രീ. പി. ടി. തോമസ് : സർ, നിങ്ങളുടെ പാർട്ടിക്കാരനായ ശ്രീ. ചതുരാനൻ മിശ്ര ബന്ധപ്പെട്ട വകുപ്പുമന്ത്രിയായപ്പോഴാണ് ഈ കരാറിൽ ഒപ്പുവച്ചത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അസംബന്ധം പറയരുത്, ചതുരാനൻ മിശ്രയുടെ കാര്യമല്ല, കോൺഗ്രസ് ഗവൺമെന്റിന്റെ നയമാണെന്നാണ് ഞാൻ പറയുന്നത്. നിങ്ങൾ ചതുരാനൻ മിശ്രയുടെ പേരും പറഞ്ഞ് വിഷയമുണ്ടാക്കേണ്ട, അതിനുശേഷം ഏറ്റവും കൂടുതൽ കൃഷിക്കാർ ഇന്ത്യയിൽ ആത്മഹത്യ ചെയ്തത് കോൺഗ്രസ് ഗവൺമെന്റ് ഭരിക്കുന്ന കാലത്താണ്. അക്കാര്യം അങ്ങ് മറന്നു പോകരുത്. നിങ്ങൾ പറയുന്നതുപോലെ ശ്രീ. ചതുരാനൻ മിശ്രയല്ല ആ കരാറിൽ

ഒപ്പുവച്ചിരിക്കുന്നത്. ആസിയാൻ കരാറും ഗാട്ട് കരാറും ഒപ്പുവച്ചത് ആരാണ്; വെറുതെ നിങ്ങൾ ചെയ്ത തെറ്റുകൾ ശ്രീ. കെ. എം. മാണി സാർ ചൂണ്ടിക്കാണിച്ചപ്പോൾ അത് ചതുരാനൻ മിശ്രയുടെ തലയിൽ കെട്ടിവച്ച് രക്ഷപ്പെടാൻ നോക്കരുത്. ആർ.സി.ഇ.പി. കരാർ ഒപ്പുവയ്ക്കുന്നതിനെതിരായി ശക്തമായ നിലപാട് ഈ ഗവൺമെന്റ് എടുത്തിരിക്കുകയാണ്. ഇപ്പോൾ ശ്രീ. കെ. എം. മാണി സാറിന് അറിയാമായിരിക്കും, കേന്ദ്ര ഗവൺമെന്റ് ജനിതക മാറ്റം വരുത്തിയ വിത്തുകൾ കൊണ്ടുവരാൻ പോകുകയാണ്. അതിൽ കേരളാ കോൺഗ്രസ് (മാണി ഗ്രൂപ്പ്)-ന്റെ അഭിപ്രായമെന്താണ്; സംസ്ഥാന ഗവൺമെന്റ് ജനിതക മാറ്റം വരുത്തിയ വിത്തുകൾ വരാതിരിക്കാൻ വേണ്ടി സമാന ചിന്താഗതിക്കാരായ സ്റ്റേറ്റുകളുടെ യോഗം വിളിക്കാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെയൊരു നീക്കം ആദ്യം കൊണ്ടുവന്നത് കോൺഗ്രസ് ഗവൺമെന്റല്ലേ? അപ്പോൾ കൃഷിക്കാർക്കെതിരായ പല നടപടികളും കേന്ദ്ര ഗവൺമെന്റ് എടുക്കുന്നതിന്റെ ഭാഗമായാണ് റബ്ബർ അടക്കമുള്ള കാർഷിക മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാകുന്നത്. ഇതിൽ സംസ്ഥാന ഗവൺമെന്റുകളുടെ റോൾ വളരെ ചെറുതാണ്. കൂടാതെ ഇവിടെ പറഞ്ഞ മറ്റൊരു കാര്യം വിലസ്ഥിരതാ ഫണ്ടിനെ പറ്റിയാണ്. വിലസ്ഥിരതാ ഫണ്ടിന്റെ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്നാണ് പറഞ്ഞത്. അതിന്റെ കണക്ക് പരിശോധിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിലസ്ഥിരതാ ഫണ്ട് 500 കോടി രൂപയായി വർദ്ധിപ്പിച്ചു. അതിൽ 253 കോടി രൂപ കൊടുത്തുകഴിഞ്ഞു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : യു.ഡി.എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ 500 കോടി രൂപയാണ് വകയിരുത്തിയത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : ഞാൻ തർക്കിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് എത്ര രൂപ ചെലവാക്കിയെന്നതാണ് പ്രശ്നം. അൻപത് കോടി രൂപ മാത്രമാണ് നിങ്ങൾ ചെലവാക്കിയത്. അങ്ങ് കണക്ക് പരിശോധിക്കണം. ഞാൻ കണക്കുകൾ പരിശോധിച്ചതിനുശേഷമാണ് പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 254 കോടി രൂപ കൊടുത്തുകഴിഞ്ഞു. എന്നിട്ടാണ് ശ്രീ. കെ. എം മാണി സാർ ചോദിക്കുന്നത് എന്ത് നടപടി സ്വീകരിച്ചുവെന്ന്. ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്ന നടപടി ഇതാണ്. ഇതിന്റെ രണ്ടാം ഘട്ടമെന്ന നിലയ്ക്ക്, ഏതെങ്കിലും കൃഷിക്കാർ രജിസ്റ്റർ ചെയ്യാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെക്കൂടി ചേർത്തുകൊണ്ട് പ്രത്യേക നടപടി സ്വീകരിക്കുകയാണ്. വിലത്തകർച്ചയുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന ഗുരുതരമായ പ്രശ്നം ചർച്ച ചെയ്യാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഒരു യോഗം വിളിച്ചുചേർക്കുവാൻ പോകുകയാണെന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ശ്രീ. പി. സി. ജോർജിന്റെ സബ്മിഷനുള്ള മറുപടിയിൽ പറയുകയുംചെയ്തു. റബ്ബർ കൃഷിക്കാരുടെ കാര്യത്തിൽ നിങ്ങൾ കാണിക്കുന്നതുപോലെ ഞങ്ങൾ ആത്മാർത്ഥതയില്ലാത്ത സമീപനം കാണിക്കുന്നുവെന്ന് തെറ്റിദ്ധരിപ്പിക്കാൻ നോക്കരുത്. ഞങ്ങൾ വളരെ sincere ആയിട്ടുതന്നെയാണ് ഇക്കാര്യം കൈകാര്യം ചെയ്യുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ വളരെ സത്യസന്ധമായിട്ടാണ് റബ്ബർ വിലയിടിവിനെക്കുറിച്ചും നാളികേര വിലയിടിവിനെക്കുറിച്ചും പറയുന്നത്. റബ്ബർ സംഭരണവും നാളികേര സംഭരണവുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ കോടിക്കണക്കിന് രൂപ കട്ടുമുടിച്ച സംഘങ്ങളുണ്ട്. ഞാൻ അവരുടെ പേരുകൾ ഇവിടെ പരാമർശിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻപിൽ സബ്മിഷനിലൂടെ ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. പാലായിലെ ഒരു സഹകരണ സംഘം റബ്ബർ കർഷകർക്ക് 300 കോടി രൂപ നൽകാനുണ്ട്. കണ്ണൂർ കേന്ദ്രമായ ഒരു സംഘം നാളികേര സംഭരണത്തിൽ 120 കോടി രൂപ കട്ടിട്ടുണ്ട്. പാലായിൽത്തന്നെയുള്ള മറ്റൊരു സംഘം, മീനച്ചിൽ താലൂക്ക് മുഴുവനും 30 കൊല്ലം നാളികേരം ഇട്ടാലും തീരാത്ത വിധത്തിലുള്ള നാളികേരം ഒരു കൊല്ലംകൊണ്ട് വാങ്ങിയെന്നുപറഞ്ഞ് കോടികൾ കട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് ഇവിടെയുണ്ട്. അതെല്ലാം ഇവിടെ മുക്കിവച്ചിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ടുകൾ എടുത്ത് പരിശോധിക്കാനും കള്ളന്മാർക്കെതിരെ നടപടി സ്വീകരിക്കാനും ഈ ഗവൺമെന്റിന് തന്റേടമുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സർക്കാരിന്റെ കോടിക്കണക്കിന് രൂപ കട്ടുമുടിച്ചവരെ ഒന്നൊന്നായി പുറത്തുകൊണ്ടുവരുന്നതിനുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണെന്ന കാര്യത്തിൽ ശ്രീ. പി. സി. ജോർജിന് യാതൊരു സംശയവും വേണ്ട. റബ്ബറിന്റെ കാര്യത്തിൽ മാത്രമല്ല, നാളികേര സംഭരണത്തിലും ഉണ്ടായിരിക്കുന്ന ധാരാളം അഴിമതികൾ പുറത്തുവരാൻ പോകുകയാണ്. അതിനെകുറിച്ച് ഞാൻ പരാമർശിക്കാം. ഇവിടെ റബ്ബറിന്റെ വിലയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ആർ.എസ്.എസ്.4-ന് 118.50 രൂപയും ആർ.എസ്.എസ്.5-ന് 113.50 രൂപയുമാണ് വില. ഈ വിലയ്ക്ക് റബ്ബർ കൃഷി ചെയ്യാൻ സാധിക്കുകയില്ലെന്ന കാര്യം എല്ലാവർക്കുമറിയാം. ഈ സാഹചര്യത്തിലാണ് ഇങ്ങനെയൊരു മീറ്റിംഗ് വിളിക്കുന്നതിനും കേന്ദ്രഗവൺമെന്റുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചത്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യം ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മിനിസ്റ്റർ വ്യക്തമാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇക്കാര്യം ഇന്നലെ നയപ്രഖ്യാപനത്തിൽ സൂചിപ്പിക്കുകയുണ്ടായി. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനു

വേണ്ടിയാണ് ഈ ഗവൺമെന്റ് 14 അഗ്രോപാർക്കുകളിൽ റബ്ബറധിഷ്ഠിത വ്യവസായമാരംഭിക്കാൻ തീരുമാനിച്ചത്. കോട്ടയത്തും പത്തനംതിട്ടയിലും റബ്ബറധിഷ്ഠിത വ്യവസായം ആരംഭിച്ചുകൊണ്ട് റബ്ബർ കർഷകർക്ക് സുസ്ഥിര സംരക്ഷണം നൽകാനാവശ്യമായ നടപടി ഗവൺമെന്റ് നടപ്പിലാക്കും. അതിനാവശ്യമായ ഇച്ഛാശക്തിയോടുകൂടി ഗവൺമെന്റ് മുന്നോട്ടുപോകും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അൻപതിനായിരം ടൺ റബ്ബറൈസ്ഡ് ബിറ്റുമിന് ഈ വർഷം ഡി.പി.സി.യിൽ നിന്ന് ഓർഡർ കൊടുത്തിരിക്കുകയാണ്. മുൻകാലങ്ങളിലൊന്നും ഇപ്രകാരം ചെയ്തിട്ടില്ല. റബ്ബറൈസ്ഡ് ബിറ്റുമിൻ വലിയ തോതിൽ ഉപയോഗിക്കാനാണ് തീരുമാനം. അതിന് കേന്ദ്രഗവൺമെന്റിന്റെ അനുവാദവും ലഭിച്ചിട്ടുണ്ട്. ഇതുവഴി റബ്ബറിന് കൂടുതൽ ഉപയോഗസാധ്യത കൈവരും. അതുപോലെതന്നെയാണ് പ്ലാസ്റ്റിക്കിന്റെ കാര്യവും. പ്ലാസ്റ്റിക് ഒഴിവാക്കണമെന്നാണ് ശുചിത്വമിഷൻ സൂചിപ്പിക്കുന്നത്. ഇവ രണ്ടും ഒരുപോലെ പ്രോത്സാഹിപ്പിക്കുകയാണ്. അതുകൊണ്ട് റബ്ബറിന് വലിയ തോതിലുള്ള ഡിമാന്റാണ് വരാൻ പോകുന്നത്.

ശ്രീ. മോൻസ് ജോസഫ്: ശ്രീ. വി. എസ്. സുനിൽ കുമാർ പരാമർശിച്ച കാര്യം ഒന്നുകൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 250 കോടി രൂപ കർഷകർക്ക് നൽകിയതായിട്ടാണ് കണക്കുകളിലൂടെ മനസ്സിലാകുന്നത്. ഈ ഗവൺമെന്റിന്റെ കാലത്തും 250 കോടി രൂപ നൽകിയിട്ടുണ്ടെന്നുപറയുന്നത് ശരിയോണോയെന്ന് അങ്ങ് ഒരിക്കൽക്കൂടി പരിശോധിക്കണം. കോട്ടയമുൾപ്പെടെയുള്ള ജില്ലകളിലെ റബ്ബർ കർഷകർക്ക് ഇതിന്റെ ഫണ്ട് റിലീസ് ചെയ്ത് ലഭിക്കാത്ത വിധത്തിൽ ബ്ലോക്കായി നിൽക്കുന്നുവെന്നത് വാസ്തവമാണ്. ഇതിൽ എന്തോ കുഴപ്പം സംഭവിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥതലത്തിലാണോ മറ്റേതെങ്കിലും തലത്തിലാണോ കുഴപ്പമെന്നത് അറിയില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. മോൻസ് ജോസഫ് 2015-ൽ അവതരിപ്പിച്ച സബ്മിഷനുള്ള മറുപടി എന്റെ കയ്യിലുണ്ട്. ഞാൻ അതെല്ലാം വച്ചുകൊണ്ടാണ് സംസാരിക്കുന്നത്. ഇവിടെ ഏതെങ്കിലും കാര്യത്തിൽ അപാകതയുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് യാതൊരു തടസ്സവുമില്ല.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: സർ, തായ്‌ലന്റിൽ റബ്ബറിനെ കൃഷിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഇവിടെയും റബ്ബറിനെ കൃഷിയിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. കെ. സി. ജോസഫ്: ഇതുസംബന്ധിച്ച് ഒരു ചർച്ച നടത്തുന്നത് നല്ലതായിരിക്കും.

ശ്രീ. വി. എസ്. സുനിൽ കുമാർ: റബ്ബറിന്റെ കാര്യത്തിൽ കൃഷി വകുപ്പിന്റെ റോൾ എന്താണെന്നുള്ളത് ശ്രീ. കെ. എം. മാണി സാറിന് നന്നായി അറിയാവുന്ന കാര്യമാണ്. റബ്ബർ ബോർഡും ഫിനാൻസ് ഡിപ്പാർട്ട്മെന്റുമാണ് ഇതിൽ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഇഷ്യുവാണ്. ഈ ഗവൺമെന്റ് ഒരു കാരണവശാലും റബ്ബർ കർഷകരെ വഴിയാധാരമാക്കുന്ന സമീപനം സ്വീകരിക്കുകയില്ല. അവരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തുടർന്നുണ്ടാവുകയും ചെയ്യും. നാഷണൽ ഹൈവേകൾ റബ്ബറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ അടിയന്തരമായി കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാൻ പ്രധാനമന്ത്രി നിർദ്ദേശിച്ചിട്ട് നാളിതുവരെ ഇതുസംബന്ധിച്ചൊരു പ്രൊപ്പോസൽ കേന്ദ്രത്തിന് നൽകിയിട്ടില്ലെന്നാണ് ശ്രീ. കെ. എം. മാണി അടിയന്തരപ്രമേയ നോട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. പ്രസ്തുത പ്രൊപ്പോസൽ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായിട്ടാണ് റബ്ബറധിഷ്ഠിത റോഡ് നിർമ്മിക്കാനാവശ്യമായ നടപടികൾക്കുവേണ്ടി ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

ഇവിടെ നാളികേര സംഭരണത്തിന്റെ കാര്യവും അങ്ങ് സൂചിപ്പിക്കുകയുണ്ടായി. നാളികേര സംഭരണത്തിന്റെ കാര്യത്തിലും ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അത് ഈ സഭ അറിയേണ്ട വിഷയമാണ്. അത് ഞങ്ങളുടെ മാത്രം കുറ്റമല്ല. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് 69 കോടി രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്. പ്രസ്തുത വിഷയം പോലീസിന്റെ വിജിലൻസ് വിഭാഗം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരഫെഡ് മാത്രമാണ് നാളികേരം സംഭരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 59 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകി. ഒരു ആഴ്ചയിൽ മൂന്ന് കോടി രൂപ വച്ച് കുടിശ്ശിക കൊടുത്തുകൊണ്ടിരിക്കുകയാണ്. പക്ഷേ സർക്കാരിൽനിന്നും ലഭിക്കേണ്ട 49 കോടി രൂപയുടെ കാര്യത്തിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പറഞ്ഞത്, കഴിഞ്ഞ കാലങ്ങളിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ടുകൊണ്ട് കേരഫെഡിൽനിന്നും വ്യക്തമായ കണക്കുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ അത് ലഭ്യമാകുന്ന മുറയ്ക്ക് തുക കൊടുക്കാമെന്നും എന്നാൽ അതുവരെ 49 കോടി രൂപ കേരഫെഡ് തന്നെ സർക്കാരിന്റെ ജാമ്യത്തിൽ കൊടുക്കണമെന്നുമാണ് സൂചിപ്പിച്ചിരിക്കുന്നത്. കണക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തുക പൂർണ്ണമായും നൽകും. സർക്കാർ നാളികേര സംഭരണം നിറുത്തിവച്ചിട്ടില്ല. 25 രൂപ

നിരക്കിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന 27 രൂപ അടിയന്തരമായി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ കേന്ദ്രം സംഭരിച്ചുകൊണ്ടിരിക്കുന്ന നാളികേരത്തിന്റെ എണ്ണം വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. നാളികേര സംഭരണത്തിലെ അപാകതകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് വേണ്ടിയുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ കേരഫെഡിന്റെയും നാഫെഡിന്റെയും മാർക്കറ്റ് ഫെഡിന്റെയും എം.ഡി.മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടനെ അതനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതോടെ നാളികേര സംഭരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

നെല്ലിന്റെ കാര്യത്തിൽ അങ്ങിവിടെ പരാമർശിച്ചത് കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നിപ്പോയി. എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 339 കോടി രൂപയാണ് നെല്ലിന്റെ ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്നത്. സംഭരണവില കൊടുക്കാനുണ്ടായിരുന്നത് പൂർണ്ണമായും നൽകിക്കഴിഞ്ഞു. നെല്ലിന്റെ സംഭരണത്തെ സംബന്ധിച്ച പരാതി എവിടെനിന്നാണ് അങ്ങേയ്ക്ക് ലഭിച്ചതെന്ന് എനിക്കറിയില്ല. നെല്ലിന്റെ സംഭരണ കാര്യത്തിൽ എന്തെങ്കിലും പരാതി എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് ഇന്നുതന്നെ പരിഹരിക്കാവുന്നതാണ്. അക്കാര്യം എഴുതിത്തന്നാൽമതി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നെല്ല് സംഭരിക്കുന്ന മില്ലുടമകളുമായി ഉണ്ടാക്കിയ കരാർ സംബന്ധിച്ച് ചില പ്രശ്നങ്ങൾ നിലനിന്നിരുന്നു. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി മില്ലുടമകളുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർക്കുകയും അതിനുശേഷം ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മില്ലുടമകളുടെപ്രശ്നം പരിഹരിക്കുകയും നെല്ല് സംഭരണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇപ്പോൾ നെല്ല് സംഭരണം നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് എവിടെയെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കാൻ ഇന്നുതന്നെ നടപടി സ്വീകരിക്കുന്നതാണ്. പെൻഷന്റെ കാര്യം സംബന്ധിച്ച് ഇവിടെ ശ്രീ. കെ. എം. മാണി സാർ പറയുന്നത് തെറ്റായ കാര്യമാണ്. ഇക്കാര്യം ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ അഴിമതിയാണ് നടന്നിരുന്നത്. ഇപ്പോൾ ഇവിടെ അഴിമതി നടക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 59 കോടി രൂപ കുടിശ്ശിക ഇനത്തിൽ നൽകി. സർക്കാർ 25 രൂപ നിരക്കിൽ നാളികേര സംഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന 27 രൂപ അടിയന്തരമായി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇവിടെ റബ്ബർ വിലയിടിവാണ് വിഷയം. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം. ഇക്കാര്യം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമോ വേണ്ടയോ എന്ന് പറഞ്ഞാൽ മതി.

10.00 AM]

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഒരു കാര്യമാവർത്തിച്ച് പറയുകയാണ്. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ വ്യവസ്ഥകളുണ്ടാക്കാൻ കുറച്ച് സമയമാവശ്യമാണ്. അതിനിടയിൽ കൊടുക്കാൻ കഴിയുന്ന രീതിയിൽ കുടിശ്ശിക കൊടുത്തുകൊണ്ടിരിക്കുകയാണ്. ഒരാഴ്ചയിൽ മൂന്ന് കോടി രൂപ വച്ചാണ് കുടിശ്ശിക കൊടുക്കുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായാലുടൻ അതനുസരിച്ചുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതായിരിക്കും.

ഇവിടെ പെൻഷന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽവന്നയുടൻതന്നെ 2016 ജൂൺ മാസം വരെയുണ്ടായിരുന്ന 113 കോടി രൂപ പെൻഷൻ കുടിശ്ശിക വിതരണം ചെയ്തു. കൃഷി വകുപ്പ് മാത്രമാണ് അതുവരെ ഉണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും തീർത്തുകൊടുത്തത്. അതിനുശേഷം പെൻഷൻ തുക ആയിരം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചപ്പോൾ ചില പ്രശ്നങ്ങളുണ്ടായി. 356000 ആളുകളുടെ കാര്യത്തിൽ ധനകാര്യ വകുപ്പ് ചില അപാകതകൾ ചൂണ്ടി കാണിക്കുകയുണ്ടായി. ഒരു ലക്ഷത്തിലധികം ആളുകൾ അനധികൃതമായി പെൻഷൻ വാങ്ങിയതായുള്ള റിപ്പോർട്ട് ധനകാര്യ വകുപ്പിൽനിന്നും കൃഷി വകുപ്പിന് ലഭിച്ചു. ഇത് മറ്റ് പെൻഷനുകൾ പോലെയല്ല. പെൻഷൻ തുക ക്ഷേമനിധിയിൽനിന്ന് കൊടുക്കുന്നതല്ല, സർക്കാർ ഖജനാവിൽനിന്ന് നൽകുന്നതാണ്. ഇക്കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഇതുസംബന്ധിച്ച അപാകത പരിഹരിച്ചശേഷം പ്രസ്തുത ലിസ്റ്റ് നൽകിയാൽ പൂർണ്ണമായും തുക നൽകാമെന്നുപറയുകയും അതിന്റെയടിസ്ഥാനത്തിൽ 113 കോടി രൂപ കൊടുക്കുകയും 37 കോടി രൂപ ഓണത്തിനുമുമ്പായി ജില്ലകളിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കി തുക ഈ അപാകതകൾ പരിഹരിച്ചതിനുശേഷം പൂർണ്ണമായും കൊടുക്കും.

ശ്രീ. കെ. എം. മാണി: ഏഴ് മാസത്തെ കുടിശ്ശിക ഇപ്പോഴുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഏഴ് മാസത്തെ കുടിശ്ശികയുണ്ടെന്നുള്ളത് ശരിയാണ്. അത് ഞാൻ നിഷേധിച്ചില്ലല്ലോ? പക്ഷേ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മറ്റ് പെൻഷനുകൾ കൊടുക്കാത്ത സാഹചര്യത്തിലും കൃഷിക്കാർക്ക്

കൊടുക്കാനുണ്ടായിരുന്ന പെൻഷൻ കുടിശ്ശികയായ 113 കോടി രൂപ 2016 ജൂൺ മാസം 30-ാം തീയതിക്ക് മുൻപായി കൊടുത്തു. അതിന് ശേഷമുള്ള കുടിശ്ശികയാണ് ബാക്കിയുള്ളത്. അതും കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. ഇതിനക ത്തുണ്ടായിരിക്കുന്ന ഒരപാകതയും പരിഹരിക്കാതെ തന്നെ 356000 പേർക്കും ആയിരം രൂപ വച്ച് ഓണത്തിന് മുൻപ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള അപാകത പരിഹരിക്കുന്നതിനുള്ള നടപടിക്രമം പൂർത്തീകരിച്ചാലുടൻതന്നെ പെൻഷന്റെ കാര്യത്തിലുള്ള നടപടികൾ പൂർത്തീകരിക്കുന്നതാണ്. ഈ രീതിയിൽ കാർഷിക മേഖലയിലുണ്ടാകുന്ന അപാകതകൾ പരിഹരിച്ച് കൃഷിക്കാരെ സംരക്ഷിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കും. എന്തെങ്കിലും തടസ്സങ്ങളോ പ്രശ്നങ്ങളോ പ്രതിപക്ഷാംഗങ്ങൾ പറയുകയാണെങ്കിൽ അതിന് പരിഹാരമുണ്ടാക്കുന്നതിന് യാതൊരു തടസ്സവുമുണ്ടാകില്ല. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, കൃഷി വകുപ്പുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു കാര്യമായതിനാൽ ഈ വിഷയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്നാണ് ഞങ്ങൾ കരുതിയത്. മുഖ്യമന്ത്രിക്ക് ഈ വകുപ്പുമായി വലിയ ബന്ധമില്ലായെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇവിടെ വന്നിരിക്കുന്ന പ്രശ്നം വളരെ ഗുരുതരമാണ്. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്ത് റബ്ബറിന്റെ വില ക്രമാതീതമായി ഇടിഞ്ഞ സന്ദർഭത്തിലാണ് പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് കൊണ്ടുവരാൻ തീരുമാനിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ റബ്ബർ കർഷകരെ സംരക്ഷിക്കാനുതകുന്ന വളരെ ആകർഷകവും ഉപകാരപ്രദവും ഇന്ത്യയിൽ ഒരിടത്തുമില്ലാത്ത ഒരു പദ്ധതിയുമായിരുന്നു അത്. അന്ന് ആ പദ്ധതി നിലവിൽ വന്നതുകൊണ്ടാണ് ഒരു കിലോ റബ്ബറിന്റെ വില 150 രൂപയായി വർദ്ധിച്ചത്. ബഹുമാന്യനായ മന്ത്രി എല്ലാം ശരിയാണെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇപ്പോൾ 113.5 രൂപയായി റബ്ബറിന്റെ വിലയിടിഞ്ഞത് ഇന്നത്തെ വിലസ്ഥിരതാ ഫണ്ടിന്റെ നടത്തിപ്പ് ഫലപ്രദമല്ല എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. 2015 ജൂലൈ മാസം മുതലാണ് യു.ഡി.എഫ്. ഗവൺമെന്റ് 150 രൂപയ്ക്ക് പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് പ്രഖ്യാപിച്ചത്. അന്ന് റബ്ബറിന്റെ വില 122 രൂപയാ

യിരുന്നു. 28 രൂപ സബ്സിഡി കൊടുത്തു. ഡിസംബർ, ജനുവരി മാസത്തിൽ റബ്ബറിന്റെ വില 88 രൂപയായിരുന്നപ്പോൾ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് 62 രൂപ സബ്സിഡി കൊടുത്തു. 2016 മുതൽ ഈ പദ്ധതി അവതാളത്തിലാണ്. റബ്ബർ ബോർഡ് കർഷകന്റെ ബില്ല് സോഫ്റ്റ്വെയറിൽ അപ്‌ലോഡ് ചെയ്യുന്നില്ല. നവംബർ-ഡിസംബർ മാസങ്ങളാണ് പീക്ക് മാസം. പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് സ്തംഭിച്ചതുമൂലം റബ്ബർ ടാപ്പിംഗ് പലയിടത്തും നിർത്തിയിരിക്കുകയാണ്. ഇങ്ങനെ പോയാൽ റബ്ബറിന്റെ ഉൽപ്പാദനം 4.50 ലക്ഷം ടണ്ണായി കുറയും. ഇത് സംസ്ഥാന ഗവൺമെന്റിന് മാത്രം ചെയ്യാൻ കഴിയുന്ന കാര്യമല്ല. കേന്ദ്ര ഗവൺമെന്റിന്റെ നിർണ്ണായകമായ നടപടികളുമുണ്ടാകേണ്ടതുണ്ട്. ഇറക്കുമതി രണ്ടു തരത്തിലാണ് ഉണ്ടാകുന്നത്. ഒന്ന്, 25% ഡ്യൂട്ടി ഏർപ്പെടുത്തികൊണ്ടുള്ള ഇറക്കുമതി. മറ്റൊന്ന് അഡ്വാൻസ്ഡ് ലൈസൻസ് പ്രകാരം വ്യാപാരികൾക്കുള്ള ഇറക്കുമതി. ഈ രണ്ടു തരത്തിലുള്ള ഇറക്കുമതി നിലനിൽക്കുന്നിടത്തോളം കേരളത്തിലെ റബ്ബർ കർഷകരെ സംബന്ധിച്ച് വലിയ ബുദ്ധിമുട്ടാണ്. കഴിഞ്ഞ ദിവസം കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ വിളിച്ച എം.പി.- മാരുടെ യോഗത്തിൽ ഒരു തീരുമാനവുമുണ്ടായില്ല. 500 കോടി രൂപ കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കണമെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും മാണിസാറുമടക്കമുള്ള ആളുകൾ പ്രധാനമന്ത്രിയെ കൊച്ചിയിൽ വച്ച് കണ്ട് ആവശ്യപ്പെട്ടിട്ടും ഒരു രൂപപോലും കിട്ടിയില്ല. ശ്രീ. നരേന്ദ്ര മോദി തൃശ്ശൂരിൽ വന്ന് ഇത് മേക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചു. ഇതുവരെ യാതൊരു നടപടിയും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. നിഷേധാത്മകമായ സമീപനമാണ് നരേന്ദ്ര മോദി ഗവൺമെന്റ് റബ്ബർ കർഷകരോട് സ്വീകരിക്കുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവായി 500 കോടി രൂപ സംസ്ഥാനം ഉൾപ്പെടുത്തിയപ്പോഴും കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. കേന്ദ്ര ഗവൺമെന്റ് വാഗ്ദാനങ്ങളല്ലാതെ ഒന്നും കേരളത്തിലെ കർഷകർക്ക് നൽകിയിട്ടില്ല. റബ്ബർ ബോർഡ് തന്നെ ഇല്ലാതാക്കുന്നതിനെപ്പറ്റിയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നത്. കേരളത്തിലും കേരളത്തിന് പുറത്തും ട്രഡീഷണലായിട്ടുള്ള റബ്ബർ മേഖലയിൽ ഇന്ന് വലിയ ആശങ്ക പടരുകയാണ്. ആഴ്ചയിൽ ഒരിക്കൽ ടാപ്പിംഗ് നടത്തിയാൽ മതിയെന്നാണ് റബ്ബർ ബോർഡ് ഇപ്പോൾ പറയുന്നത്. ഇത് കർഷകരെ സഹായിക്കാനുള്ള നടപടിയാണോ? കേന്ദ്ര ഗവൺമെന്റിന്റെ നിഷേധാത്മകമായ സമീപനം ഒരു ഭാഗത്ത് വളരെ ശക്തമായുണ്ടാകുന്നു. ജനിതക മാറ്റത്തെപ്പറ്റി പറഞ്ഞു. ഈ സംഭവമുണ്ടായപ്പോൾ മുതൽ അത് ശ്രദ്ധിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. വളരെ ശക്തമായി ഇതിനെ

ഞങ്ങൾ എതിർക്കുകയാണ്. ഇതിന് രണ്ട് വശങ്ങളുണ്ട്. കടുകിന്റെ ജനിതക മാറ്റത്തെ സംബന്ധിച്ച് ശക്തമായ നിവേദനം ഞാൻ പ്രധാനമന്ത്രിക്ക് നൽകുകയുണ്ടായി. കർഷക ദ്രോഹ നടപടികൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുമ്പോൾ ശക്തമായി അതിനെ നേരിടാൻ നമ്മൾ ഒറ്റക്കെട്ടായി മുന്നോട്ട് വരണം. കേരളത്തിലെ നാണ്യ വിളകൾക്കും കാർഷിക വിഭവങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധികൾ ചെറുതല്ല. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ കേരളത്തിലെ കർഷകരെ ഗുരുതരമായി ബാധിക്കുകയാണ്. ക്കുനിൻമേൽ കുരു എന്ന് പറയുന്നതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ അവധാനതയില്ലായ്മയും റബ്ബർ കർഷകരെ കണ്ണീരിലാഴ്ത്തിയിരിക്കുകയാണ്. ഒരു കിലോ റബ്ബറിന്റെ വില 113.50 രൂപയായി കുറഞ്ഞപ്പോൾ ഈ പദ്ധതി നടത്തിപ്പിന്റെ കാര്യത്തിലുണ്ടായിരിക്കുന്ന വീഴ്ച ഗുരുതരമല്ലേ? മാത്രമല്ല ഇന്ന് അന്താരാഷ്ട്ര വിപണിയിലെ സ്ഥിതിയെന്താണ്? ക്രൂഡ് ഓയിലിന്റെ വില താഴ്ന്ന നിൽക്കുന്നു. ക്രൂഡ് ഓയിലിൽ നിന്നാണ് സിന്തറ്റിക് റബ്ബർ ഉൽപ്പാദിപ്പിക്കുന്നത്. ലോക സാമ്പത്തിക രംഗത്തുണ്ടാകുന്ന മാന്ദ്യവും ലോകത്തിൽ ഏറ്റവുമധികം റബ്ബർ വാങ്ങി കൂട്ടുന്ന ചൈനയിൽ റബ്ബറിന്റെ ഡിമാന്റ് കുറഞ്ഞതുമെല്ലാം നമ്മുടെ നാട്ടിലെ റബ്ബർ കർഷകരെ ബാധിക്കുകയാണ്. മലേഷ്യ പോലുള്ള രാജ്യങ്ങളിൽ റബ്ബറിന്റെ ഉൽപ്പാദനം വർദ്ധിക്കുന്നു എന്നുള്ളത് നമ്മളെ ബുദ്ധിമുട്ടിലാക്കുകയാണ്. ഇത്തരം ഗൗരവതരമായ ഒരു കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് മറുപടി പറയേണ്ടത് ശ്രീ. വി. എസ്. സുനിൽ കുമാർ അല്ല. ഒരു കാർഷിക ആങ്കിളിലല്ല ഇതിനെ കാണേണ്ടത്. റബ്ബർ കൃഷിയാക്കി മാറ്റണമെന്നുള്ളതാണ് നമ്മുടെയെല്ലാം ഡിമാന്റ്. ഇത് കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഒരു വിഷയമല്ല. സംസ്ഥാന ഗവൺമെന്റ് അതീവ ഗൗരവത്തോടെ എടുക്കേണ്ട ഒരു പ്രശ്നമാണിത്. ഒരു കിലോ റബ്ബറിന്റെ വില 150 രൂപയായി നിലനിർത്തിയത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായ വമ്പിച്ച നേട്ടമായിരുന്നു. അതിന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി സാറിനെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം വളരെ ഫലപ്രദമായ നടപടിയുമായിട്ടാണ് മുന്നോട്ട് പോയത്. ഇന്ന് 113.5 രൂപയായി വില കുറഞ്ഞപ്പോൾ ഈ പദ്ധതി നടത്തിപ്പിലുണ്ടായിരിക്കുന്ന ഗുരുതരമായ പ്രതിസന്ധി മനസ്സിലാക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ഗവൺമെന്റ് എന്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് മുൻപിൽ ഇക്കാര്യങ്ങൾ അവതരിപ്പിക്കുന്നില്ല? നാഷണൽ ഹൈവേ റബ്ബറൈസ് ചെയ്യാൻ കേന്ദ്ര മന്ത്രി സമ്മതിച്ചു എന്നുപറയുന്നു. അതിന് ആവശ്യമായ പ്രോജക്ടുകൾ സംസ്ഥാനം കൊടുക്കണം. അങ്ങനെ റബ്ബറിന്റെ ഉപയോഗം കൂട്ടുതൽ വ്യാപിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര വിപണിയിലെ റബ്ബറിന്റെ വിലയിടിവുകൂടി

കണക്കിലെടുത്ത് ഭാവിയിലുണ്ടാകാൻ പോകുന്ന ചലഞ്ചസിനെ മുന്നിൽ കണ്ടുകൊണ്ടുള്ള അതിവിപുലമായ പദ്ധതികൾ ആവിഷ്കരിച്ചില്ലെങ്കിൽ കൊക്കോ കർഷകർക്കുണ്ടായ അനുഭവമായിരിക്കും കേരളത്തിലെ റബ്ബർ കർഷകർക്കുമുണ്ടാകാൻ പോകുന്നത്. പല കൃഷിയുമുപേക്ഷിച്ച് റബ്ബറിലേക്ക് മാറിയ ധാരാളം കർഷകരുണ്ട്. കൂലി വർദ്ധിക്കുകയും റബ്ബറിന് വില കുറയുകയും ടാപ്പ് ചെയ്യാൻ ആളുകളെ കിട്ടാത്തതും രാസവളങ്ങളുടെ വില കൂടുന്നതുംമൂലം റബ്ബർ കർഷകർ ഇപ്പോൾ വലിയ പ്രതിസന്ധി യിലായിരിക്കുകയാണ്. അതുകൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങൾ തിരുത്തേണ്ടിയിരിക്കുന്നു. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റേയും കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റേയും കർഷക ദ്രോഹ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, വാക്കൗട്ട് നടത്താനേ ഞങ്ങളെക്കൊണ്ട് കഴിയുകയുള്ളൂ. ശ്രീ. വി. എസ്. സുനിൽകുമാർ പണ്ട് എം.എൽ.എ. ആയിരുന്നപ്പോൾ പ്രസംഗിച്ചതുപോലെയല്ല മന്ത്രിയെന്നുള്ള നിലയിൽ പ്രസംഗിക്കുമ്പോൾ നടപടികൾ കൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. പ്രശ്നങ്ങളുടെ നാനാവശങ്ങളും വിശകലനം ചെയ്തുകൊണ്ട് വളരെ വിശദമായി അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. എല്ലാ അംഗങ്ങൾക്കും വഴങ്ങി ഉത്തരം നൽകുകയും ചെയ്തു. പക്ഷേ, തേങ്ങയുടെയും റബ്ബറിന്റെയും വില കൂടുന്ന പ്രശ്നത്തിൽ ക്രിയേറ്റീവായിട്ടുള്ള ഒരു സജഷൻ വന്നിട്ടില്ല. ഇത് ഗൗരവതരമായിട്ടുള്ള ഒരു പ്രശ്നമാണ്. പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരുംകൂടി കേരളം അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളുടെ കൂട്ടത്തിൽ കാർഷികോൽപ്പന്നങ്ങൾക്ക് വന്നിട്ടുള്ള വിലയിടിവിന്റെ കാര്യങ്ങൾ കൂടി വിലയി രുത്തണം. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുപോലെ ഗാട്ട് കരാറിനെക്കുറിച്ചും അന്തർദ്ദേശീയ കരാറുകളെക്കുറിച്ചുമൊക്കെ നമുക്ക് പ്രസംഗിക്കാം. പക്ഷേ, അത് പ്രസംഗിക്കാനേ കഴിയുകയുള്ളൂ. അദ്ദേഹം തന്നെ ഇതിനെക്കുറിച്ച് പറഞ്ഞത് പരിമിതികളുണ്ടെന്നാണ്. ആ പരിമിതിയെക്കുറിച്ച് പറഞ്ഞുകൊണ്ട് ഇരുന്നാൽ മതിയോ? യു.ഡി.എഫ്. ഗവൺമെന്റ് അതല്ല ചെയ്തത്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ചെയ്ത പല കാര്യങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചു. ഇതിനേക്കാൾ ഗൗരവത്തിൽ ഈ വിഷയം കൈകാര്യം ചെയ്തിരുന്നു. പുതിയ ഗവൺമെന്റും ഈ വിഷയം ഗൗരവത്തിലെടുക്കണം. ഇൻഡ്യയിലുള്ള മുഴുവൻ

റബ്ബർ മാനഫാക്ച്ചറേഴ്സും നിർബന്ധമായി പങ്കെടുക്കണമെന്ന് ശഠിച്ചുകൊണ്ട് ഞങ്ങൾ യോഗം വിളിച്ചപ്പോൾ ധാരാളമാളുകൾ പങ്കെടുത്തു. നിങ്ങൾ റബ്ബർ വാങ്ങണമെന്നു പറഞ്ഞ് ഞങ്ങൾ അവരോട് ശഠിച്ചു. വളരെ ഗൗരവത്തോടുകൂടി രണ്ട്-മൂന്ന് യോഗങ്ങൾ നടത്തിയപ്പോൾ അതിന്റെ യഥാർത്ഥ പോളിസി മേക്കേഴ്സ് വരികയും ആ യോഗത്തിൽ തീരുമാനമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഫോഴ്സ് ചെയ്തിട്ടാണ് അന്ന് റബ്ബറിന് വില കൂട്ടുകയും ചെയ്തത്. പുതിയ ഗവൺമെന്റായതിനാൽ നിങ്ങൾക്കതിന് കഴിയും. ഗാട്ട് കരാറിനെക്കുറിച്ചും അതിന്റെ പരിമിതികളെക്കുറിച്ചും പറഞ്ഞിരുന്നാൽ പോര. ഈ പ്രശ്നം വളരെ ഗൗരവമായി കാണണം. കേരളത്തെ ബാധിക്കുന്ന ഗുരുതരമായ പല പ്രശ്നങ്ങളിലൊന്നാണ് കാർഷികോല്പന്നങ്ങളുടെ വിലയിടിവ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് കേരളത്തിന് പ്രയോറിറ്റി തരുന്ന യാതൊരു ലക്ഷണവുമില്ല. പ്രോമിസും പ്രസംഗങ്ങളും അതിന്റേതായ രീതിയിൽ നടക്കും. എന്നാൽ നമ്മുടെ കാര്യങ്ങൾ നമ്മൾ തന്നെ നോക്കേണ്ടിവരും. റബ്ബറിന് വിലകൂടണമെങ്കിൽ അതിനുവേണ്ടി നടപടികൾ സ്വീകരിക്കണം. ഈ വിഷയത്തെ ഗൗരവത്തിൽ കണ്ടുകൊണ്ട് ഗവൺമെന്റിന് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നു ള്ളതിനെക്കുറിച്ച് ആലോചിക്കണം. റബ്ബറിന്റെ വില വീണ്ടും താഴോട്ടു പോകുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഗൗരവത്തോടുകൂടി എടുത്തതുകൊണ്ടാണ് ഈ വിഷയം ചർച്ച ചെയ്യുന്നതിനുവേണ്ടി ഉന്നതതല യോഗം വിളിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്നത്തെ മറുപടിയിൽ അത് പ്രതിഫലിച്ച് കണ്ടില്ല. ഇത്രയും ഗൗരവമുള്ള പ്രശ്നത്തിനായി രണ്ടു മണിക്കൂർ ചർച്ച നടത്തിയിരു ന്നെങ്കിൽ ബുദ്ധിമുട്ട് ഉണ്ടാകുമായിരുന്നില്ല. ഇനിയും നിയമസഭ ഉണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കൃഷി വകുപ്പുമന്ത്രിക്കും ധാരാളം അവസരങ്ങളുണ്ട്. ഏതായാലും ഈ വിഷയം ചർച്ചയ്ക്ക് എടുക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം സംബന്ധിച്ച് വ്യക്തമായ മറുപടി പറയണമെന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. ഇത്രയും ഗുരുതരമായ പ്രശ്നം ഉന്നയിക്കപ്പെട്ടപ്പോൾ അതിനെക്കുറിച്ച് ഒരക്ഷരം പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നില്ല. ഞങ്ങൾക്ക് ഇതെല്ലാം വളരെ സങ്കടകരമായ കാര്യമാണ്.

ഏഴ് മാസത്തെ പെൻഷൻ കുടിശ്ശികയുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത് അപാകതകളെല്ലാം പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇത് പരിഹരിക്കുമെന്നാണ്. എന്നാണ് ഇത് പരിഹരിക്കപ്പെടുന്നത്. അപാകതകൾ പരിഹരിക്കപ്പെടാതെ എത്രയോ പെൻഷനുകൾ കൊടുക്കുന്നുണ്ട്. അപാകതകളില്ലാത്ത ഏത് സ്കീമാണുള്ളത്. അതുകൊണ്ട് അപാകതകൾ പരിഹരിക്കപ്പെട്ടാൽ ഇതു കൊടുക്കാമെന്നുള്ള നിലയിൽ കൃഷിക്കാരെ വലയ്ക്കരുത്. കൃഷിക്കാരോട് നിസ്സംഗതയും അവഗണനയും കാണിക്കുന്ന ഗവൺമെന്റിന്റെ ഈ നടപടിയിൽ പ്രതിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം പറയാനുള്ളത് നമുക്ക് ഒരു അഖിലകക്ഷി ഡെലിഗേഷൻ ആയി കേന്ദ്രഗവൺമെന്റിനെ പോയി കാണണം. ഇറക്കുമതി അവസാനിപ്പിക്കണം. ഗാട്ട് കാരാറിൽപ്പോലും, 'there is a safety cross, if it affects the economy of a State' എന്ന് പറഞ്ഞിട്ടുണ്ട്. ഗാട്ട് കരാറിൽ ഇറക്കുമതി നിരോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇറക്കുമതിയിൽ വളരെ കർശനമായ നിലപാടെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ കണ്ട് ഇറക്കുമതി അവസാനിപ്പിച്ച് കൃഷിക്കാർക്ക് ആവശ്യമായ സഹായം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ മുൻകയ്യെടുക്കണം. ഒരു പ്രതികരണ ശേഷിയുമില്ലാത്ത ഈ ഗവൺമെന്റിന്റെ നിസ്സംഗതയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, റബ്ബറിന്റെ വിലയിടിവ് വലിയ ഒരു സാമൂഹ്യ പ്രശ്നമായി മാറുന്നുവെന്നുള്ളത് വസ്തുതയാണ്. അതിന്റെ ഉല്പാദന ചെലവ് വർദ്ധിച്ചു വരികയാണ്. റബ്ബറിന്റെ വില 200 രൂപയ്ക്ക് മുകളിൽ പോയ സന്ദർഭത്തിൽ അതിന്റെ വെട്ടുകൂലി ഉൾപ്പെടെയുള്ള അനുബന്ധ ചെലവുകൾ വർദ്ധിച്ചു. റബ്ബറിന്റെ വിലയിടിഞ്ഞപ്പോൾ സ്വാഭാവികമായും കൂലി കുറയുന്നില്ല എന്നുള്ള ഒരു വിഷയം നിലനിൽക്കുന്നുണ്ട്. റബ്ബർ കർഷകരിൽ ഏറെയും ചെറുകിട കർഷകരാണ്. ഇവർക്കുണ്ടായിരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾ സാമൂഹ്യമായ തലങ്ങളിലേയ്ക്ക് മാറുന്നുവെന്ന വസ്തുത കണ്ടില്ലെന്ന് നടിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് റബ്ബർ കർഷകർക്ക് 150 രൂപ ഉറപ്പുവരുത്തുവാൻ കഴിയുന്ന നിലയിലുള്ള പദ്ധതിയാവിഷ്കരിച്ചതും അത് ഏറെ സഹായകരമായ രീതിയിൽ മുന്നോട്ടുപോയതും. അതിൽ കുടിശ്ശിക വന്നുവെന്നുള്ളത് ഒരു ഭാഗത്ത് നിൽക്കുന്നു.

കർഷക പെൻഷൻ ലഭിക്കുന്നില്ലെന്നുള്ളത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം കാര്യങ്ങളിൽ വളരെ കൃത്യതയോടു കൂടിയുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുവാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. ഇവിടെ കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ചിദംബരത്തിന്റെ സമീപനങ്ങളെ വളരെ ശക്തമായി യു.ഡി.എഫ്. ഗവൺമെന്റ് എതിർത്തിരുന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരുമുൾപ്പെടെ യു.ഡി.എഫ്. സംഘത്തോടൊപ്പം കേന്ദ്രഗവൺമെന്റിനെ കണ്ട് ഇക്കാര്യത്തിൽ യു.പി.എ. ഗവൺമെന്റിന്റെ നിലപാട് ശരിയല്ലെന്ന് അറിയിക്കുകയും ചെയ്തതാണ്. അതുകൊണ്ട് അവർ ചെയ്ത കാര്യങ്ങളെ ന്യായീകരിച്ചുകൊണ്ട് പോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതിന്റെ തുടർച്ചയായിട്ടുതന്നെയാണ് ഇപ്പോൾ ഈ ഗവൺമെന്റ് വന്നപ്പോഴും റബ്ബർ കർഷകരോട് മുഖം തിരിഞ്ഞു നിൽക്കുന്ന ഒരു സമീപനം നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നെല്ല് പൂർണ്ണമായും സംഭരിച്ചു വെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നെല്ല് സംഭരിക്കുന്നതിൽ കാലതാമസമു ണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. മാധ്യമങ്ങൾ ഉൾപ്പെടെ അത് റിപ്പോർട്ട് ചെയ്തതാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ മില്ലുകളുമായി ബന്ധപ്പെട്ട വിഷയമായിരിക്കാം. ഇപ്പോൾ ചെറിയ തോതിൽ നെല്ല് സംഭരണം ആരംഭിച്ചുവെന്നുള്ളത് ഒരു ഭാഗത്ത് നിൽക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ഒരു വിഷയം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നെല്ലിന്റെ സംഭരണവില എന്നൊക്കെ കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ചോ അന്നൊക്കെ സംസ്ഥാന ഗവൺമെന്റും അതിന് ആനുപാതികമായി വില വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചിട്ട് ഇപ്പോൾ ഏകദേശം മൂന്നു മാസം പിന്നിടുകയാണ്. എന്നാൽ ഇതുവരെ സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. കർഷക സ്നേഹം സംസാരിക്കുമ്പോൾ അത് എല്ലാ അർത്ഥത്തിലും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്തായാലും ഈ വിഷയങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. സി. ജോർജ്</u>: സർ, പ്രത്യേക ബ്ലോക്കായി ഇരുന്നവരെല്ലാം ഇക്കാര്യത്തിൽ ഒന്നായി തീർന്നതിൽ സന്തോഷമുണ്ട്. ഈ രാജ്യത്തെ കർഷകരെ ആരാണ് തകർത്തതെന്ന് നിഷ്പക്ഷമായി വിലയിരുത്തട്ടെ. യു.പി.എ. ഗവൺമെന്റിന്റെ കാലത്തല്ലേ ഇതെല്ലാം നടന്നത്? ഗാട്ട് കരാറും ആസിയാൻ കരാറും ആരാണ് ഉണ്ടാക്കിയത്? ഇതൊക്കെ തെറ്റാണെന്നും കർഷക വർഗ്ഗത്തെ തകർക്കാൻ വേണ്ടിയുള്ളതാണെന്നും ഞാൻ ഈ സഭയിൽ സംസാരിച്ചിട്ടുള്ളതാണ്. ഇതിനെല്ലാം കൂട്ടുനിന്ന് ഓശാന പാടിക്കൊടുത്ത്, കർഷകപ്രേമം പറഞ്ഞുകൊണ്ട് ചില കക്ഷികൾ ഈ സഭയിൽ വന്നുനടത്തുന്ന പേക്കൂത്തിൽ എനിക്ക് അമർഷമുണ്ട്. ഇത് കോപ്രായമാണെന്ന് പറയാതിരിക്കാൻ പറ്റില്ല. റബ്ബർ വിലയിടിവിനെ, കാർഷിക ഉൽപ്പന്ന വിലയിടിവിനെ സംബന്ധിച്ച് ഞാൻ സബ്മിഷൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായൊരു മറുപടി സഭയിൽ പറഞ്ഞതാണ്. അത് പോര, ഇത് എന്റേതാണ് എന്ന നിലയിൽ ഇന്ന് ഈ കർഷക വഞ്ചകന്മാർ ഒരു പ്രമേയം കൊണ്ടുവരികയും അതിനുശേഷം വാക്കൗട്ട് നടത്തുകയുമാണ് ചെയ്തത്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല വാക്കൗട്ട് നടത്തേണ്ടത് യു.പി.എ. ഗവൺമെന്റിന്റെ തെറ്റായ നടപടിക്കെതിരെയാണ്. ശ്രീ. കെ. എം. മാണി വാക്കൗട്ട് നടത്തേണ്ടത് അദ്ദേഹത്തിന്റെ കാലത്ത് കർഷകർക്കെതിരെ നടപടികൾ സ്വീകരിച്ച ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിനെതിരെയാണ്. അതിനുപകരം ഇവിടെ വന്ന് ഈ വൃത്തികേട് കാണിക്കുന്നത് കർഷക വഞ്ചനയാണ്. അതുകൊണ്ട് കർഷകരെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഞാൻ കേന്ദ്ര ഗവൺമെന്റിന്റെയും യു.പി.എ. ഗവൺമെന്റിന്റെയും ഇപ്പോഴുള്ള എൻ.ഡി.എ. ഗവൺമെന്റിന്റെയും കർഷക വിരുദ്ധ നയത്തെ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് നടത്തുകയാണ്.

(യു.പി.എ ഗവൺമെന്റിന്റെയും എൻ.ഡി.എ. ഗവൺമെന്റിന്റെയും കർഷക ദ്രോഹ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. സി. ജോർജ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) നിർമ്മാണ പ്രവർത്തനങ്ങൾക്കും മരം മുറിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ)

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ കഴിഞ്ഞ 18-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ., എം. എം. മണി എം.എൽ.എ., സ്ഥലം എം.പി. തുടങ്ങിയവരുടെ നേതൃത്വത്തിൽ വിശദമായി ചർച്ച നടത്തുകയുണ്ടായി. നിയമവിരുദ്ധമായി ചില ഐ.എ.എസ്. ഉദ്യോഗസ്ഥർ ആ പ്രദേശത്ത് പ്രത്യേകമായി ഭരണനിർവ്വഹണം നടത്തുന്നതുമായി ബന്ധപ്പെട്ട സങ്കീർണ്ണമായൊരു പ്രശ്നമാണിത്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെടണമെന്നാവശ്യപ്പെട്ട് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് റവന്യൂവകുപ്പുമന്ത്രി മറുപടി പറയാൻ തയ്യാറായതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇതൊരു പ്രത്യേക മേഖലയായതിനാൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില കാരണങ്ങൾ പറഞ്ഞുകൊണ്ടാണ് വൈദ്യുതി നൽകരുത്, കക്കൂസ് പണിയരുത് എന്നൊക്കെയുള്ള നിലപാട് സ്വീകരിച്ചിരിക്കുന്നത്. ഞങ്ങളാരും പരിസ്ഥിതിക്കെതിരും ബഹുനിലകെട്ടിടങ്ങളുള്ളവരുമല്ല. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തുന്ന അവസരത്തിൽ നാലേക്കർ സ്ഥലത്തിന് ഉപാധിരഹിത പട്ടയം നൽകുമെന്നും ദേവികുളം, ഉടുമ്പൻചോല, ചിന്നക്കനാൽ, ശാന്തൻപാറ, വെള്ളത്തുവൽ, പള്ളിവാസൽ, ആനവിരട്ടി, സൈലന്റ് വാലി, ആനവിലാസം തുടങ്ങിയ വില്ലേജുകളിൽ ചെറിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാധ്യത തെളിയുമെന്നുള്ള ഒരു പ്രതീക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ ജില്ലാ കളക്ടർ ശ്രീ. കൗശിഗനും ദേവികുളം സബ് കളക്ടറുമുൾപ്പെടെയുള്ളവർ ആ മേഖലയിൽ നടത്തുന്ന ചില നിർവ്വഹണങ്ങൾ പൂർണ്ണമായും അപ്രായോഗികമാണെന്ന് കാണിക്കുന്ന തരത്തിലുള്ള ഉത്തരവാണ് ഇറക്കിയിട്ടുള്ളത്. ഇടുക്കി ജില്ലയിലെ ഈ പ്രദേശങ്ങളെല്ലാം കേരളത്തിന്റെ ഭാഗമാണ്. കേരളത്തിൽ 1964-ലുള്ള എൽ.എ. പട്ടയത്തിന്റെയും ലാന്റ് ബോർഡ് ഉൾപ്പെടെയുള്ള ചില ഉത്തരവുകളുടെ അടിസ്ഥാനത്തിലും 1959-ലെ ബി.എൽ.ആർ.ബി. 3, 57-ലേയും 59-ലെയും ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാ നത്തിലും കേരളത്തിലുടനീളം എൽ.എ. പട്ടയത്തിന് എന്താണോ വ്യവസ്ഥ ആ

വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് അവിടെയുള്ളവരുടെ പട്ടയം. അവിടെ ജീവിക്കുന്നവർ അവിടെ ജനിച്ചവരാണ്. രാജാക്കന്മാരുടെ കാലത്തുപോലും അവിടെ കൃഷിക്കുവേണ്ടി പ്രത്യേകമായി പട്ടയം അനുവദിച്ചുകൊടുത്തിട്ടുള്ളതും ഞങ്ങളടക്കമുള്ളവരുടെ മുൻഗാമികൾ തോട്ടം തൊഴിലാളികളായി അവിടെ എത്തിച്ചേർന്നിട്ടുള്ളവരുമാണ്. അവരെല്ലാം ഒരു സുപ്രഭാതത്തിൽ ഈ പ്രദേശം വിട്ട് പോകണമെന്ന് ഒരു ഉത്തരവ് ഇറക്കിയാൽ അത് ഏത് നിയമത്തിലുള്ളതാണ്. 2010-ൽ യാതൊരു നിയമത്തിന്റെയും പിൻബലമില്ലാതെ റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു ഉത്തരവ് ഇറക്കുകയും ഒരു ഡയറക്ഷൻ കൊടുക്കുകയും ചെയ്തു. ശ്രീമതി നിവേദിത പി. ഹരൻ ഐ.എ.എസ്.-ന്റെയും ശ്രീ. രാജൻ മധേക്കറിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഒരു പരാമർശമാണ് ആ ഡയറക്ഷന്റെ പിൻബലം. 2010 ജനുവരി 21-നാണ് ആ പരാമർശമുണ്ടായത്. 2016 വരെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു പ്രശ്നവുമുണ്ടായിരുന്നില്ല. അതാണ് ഇവിടത്തെ പ്രശ്നം. ഹൈക്കോടതി ഉത്തരവ് ഇറങ്ങിയതിനുശേഷം 5 വർഷക്കാലം യാതൊരു പ്രശ്നവുമില്ലാത്ത സാഹചര്യത്തിൽ, ഇടുക്കി ജില്ലയിലെ ജനതയ്ക്ക് എൽ.ഡി.എഫ്. ഗവൺമെന്റിനോട് ഉണ്ടായിരുന്ന പ്രതീക്ഷയ്ക്ക് വിരുദ്ധമായി ചില ഐ.എ.എസ്. ഉദ്യോഗസ്ഥർ പ്രവർത്തിക്കുകയാണ്. ഐ.എ.എസ്. എന്നുപറഞ്ഞാൽ എന്താണ്? ഇതൊന്നും ലോകത്ത് വേറെയാരും പഠിക്കാത്തപോലെയാണ് ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധമായ പെരുമാറ്റം. ഗവൺമെന്റിനോട് ആലോചിക്കാതെ, ഗവൺമെന്റിന്റെ ഉപദേശം തേടാതെ ഒരു ഹൈക്കോടതി ഉത്തരവുണ്ടായാൽ മേലുദ്യോഗസ്ഥന്മാരോടും, ഗവൺമെന്റിനോടും, ജനാധിപത്യ വ്യവസ്ഥയോടും അഭിപ്രായങ്ങൾ ആരായാതെ ഐ.എ.എസ്. ഉദ്യോഗസ്ഥർ നൽകിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണമേർപ്പെടുത്തിയിരിക്കുകയാണ്. ആരാണ് ഈ കൗശിഗൻ, അദ്ദേഹം ഐ.എ.എസ്. ആണെങ്കിൽ അദ്ദേഹത്തിന്റെ പഠനത്തെ ഞങ്ങൾ ബഹുമാനിക്കുന്നു. പക്ഷേ അദ്ദേഹം 8 വില്ലേജുകളിൽ നിർമ്മാണപ്രവർത്തനം പാടില്ലെന്നുള്ള ഉത്തരവിറക്കിയത് എന്തടിസ്ഥാനത്തിലാണ്? പൗരാവകാശം നിലനിർത്താൻ അവകാശപ്പെട്ടവർ അതിനുവിരുദ്ധമായി ഒരു ഉത്തരവ് താഴെത്തട്ടിലേയ്ക്ക് നൽകുന്നു. അതിന്റെ അടിസ്ഥാനത്തിൽ 30 വർഷങ്ങൾക്കുമുമ്പ് പണിത കെട്ടിടങ്ങൾക്ക് പ്ലമ്പിംഗ് വർക്കും സാനിട്ടേഷനും മെയിന്റനൻസുമൊന്നും പാടില്ലെന്ന് പറഞ്ഞ് വില്ലേജ് ഓഫീസർ, തഹസിൽദാർ ഉൾപ്പെടെയുള്ളവർ അവിടെ നിരോധനം ഏർപ്പെടുത്തുകയാണ്. എന്നാൽ കാശ് കൊടുത്താൽ കാര്യം നടക്കും. റവന്യൂ വകുപ്പ് ഇപ്പോൾ അത്തരം നിലപാടുകളെ അനുകൂലിക്കുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് റവന്യൂ വകുപ്പിനോട് ഞങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞുവരികയാണ്. അപ്പന്റെ മക്കൾ മക്കളല്ലാതെ ആകുമോ, പിൻഗാമികളല്ലാതെ

ആകുമോ, അവരെ ജീവിക്കാൻ അനുവദിക്കണ്ടേ? ഇവിടെ ബഹുമാന്യനായ പി. ടി. തോമസ് ഉണ്ട്. ഞാൻ അദ്ദേഹത്തിന്റെ സുഹൃത്താണ്. ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. വി. ജോൺ എന്നയാൾ ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് വേറൊരാളും പരാതി കൊടുത്തു. ഈ രണ്ട് പരാതികളുടെ അടിസ്ഥാനത്തിൽ 2010-ൽ ഹൈക്കോടതി ഒരു ഉത്തരവിറക്കി. ഒരു ജനാധിപത്യ ഗവൺമെന്റ് ഉള്ളപ്പോൾ ഒരു ആലോചനയുമില്ലാതെ, ആരുടേയും ഉപദേശം തേടാതെ ജില്ലാ കളക്ടറായിരുന്ന ശ്രീ. കൗശിഗൻ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ ഒരു ഉത്തരവ് ഇറക്കുകയാണുണ്ടായത്. ഒരു ഉത്തരവ് ഇറക്കുമ്പോൾ അത് ഗവൺമെന്റ് അറിയണം എന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. ജനാധിപത്യ വ്യവസ്ഥയിൽ, ജനാധിപത്യപരമായി ഈ റിപ്പോർട്ടുകൾ ചർച്ച ചെയ്യുകയും അതിന്റെയടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുകയും ചെയ്താൽ ഞങ്ങൾക്ക് പ്രയാസമുണ്ടാകില്ല. ഇത് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. ഒരു നിയമം നിലനിൽക്കുമ്പോൾ അതിനെതിരെ നടപ്പിലാക്കുന്ന ഉത്തരവുകൾ പിൻവലിക്കണം. ആ ഉത്തരവ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് പിൻവലിക്കാൻ പ്രയാസമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആ വിഷയം ചർച്ച ചെയ്ത് നിലപാട് സ്വീകരിക്കണം. 2010 മുതൽ 2016 ജൂൺ വരെയുണ്ടായ തുടർച്ച അതുപോലെ തുടർന്നുപോകണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. ഈ ഉത്തരവിന്റെ ഭാഗമായി കുറേയേറെ പ്രശ്നങ്ങൾ ഇവിടെയുണ്ട്. ഒരു കളക്ടർ ഗവൺമെന്റിന് ഉപദേശം നൽകിയിരിക്കുന്നു. സാധാരണ ഗതിയിൽ ഗവൺമെന്റാണ് നിയമവും ഉത്തരവും നടപ്പിലാക്കുക. നിയമസഭയിൽ നിയമമാക്കാതെ ഗവൺമെന്റ് ഭാഗത്തുനിന്നുള്ള ഉത്തരവുകളില്ലാതെ ഊഹാപോഹത്താൽ കളക്ടേറ്റിലെ ഒരു എൽ.ഡി. ക്ലാർക്ക് എഴുതിത്തന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഒരു ഉത്തരവ് നടപ്പിലാക്കിയതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെ മാനിക്കുന്നു. ഇപ്പോഴും അവിടെ ഭൂമിക്ക് വിലയില്ലാത്തതിനാൽ വിവാഹങ്ങൾപോലും നടത്താൻ സാധിക്കാത്ത ഒരവസ്ഥയാണുള്ളത്. ഭൂമിയുടെ ക്രയവിക്രയം നടക്കുന്നില്ല. അഞ്ചുനാട് പ്രദേശത്ത് 400 വർഷത്തിലേറെയായി ആളുകൾ താമസിക്കുന്നുണ്ട്. അവിടെയുള്ളവരിൽ എണ്ണായിരത്തിലധികം പേർ തണ്ടപ്പേരുള്ളവരാണ്. അവരുടെ തണ്ടപ്പേർ പരിശോധിക്കാൻ 120 കിലോമീറ്റർ അകലെയുള്ള ആർ.ഡി.ഒ. ഓഫീസിലേയ്ക്ക് വരണമെന്നാണ് ലാൻഡ് ബോർഡ് കമ്മീഷണർ ഉത്തരവിട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇവർ പട്ടയവുമായി എത്തിച്ചേരുമ്പോൾ പട്ടയ ഫയൽ കാണാനില്ലെന്നുപറഞ്ഞ് ആ പട്ടയം വാങ്ങി വയ്ക്കുകയും കർഷകർ രേഖയില്ലാതെ തിരികെ പോകുകയും ചെയ്യുന്ന ഒരവസ്ഥയാണ്

ഇപ്പോഴുള്ളത്. അങ്ങനെ ഭൂമിയും തൊഴിലും നഷ്ടപ്പെടുന്നവരോട് ഒരു ഗവൺമെന്റ് ഉത്തരവിലൂടെയല്ലാതെ അവിടെനിന്ന് പോകണമെന്ന് പറയുന്ന നടപടിക്രമങ്ങളോട് യോജിക്കാൻ കഴിയില്ല. കേരളത്തിൽ നിയമസഭാ മന്ദിരം പണിയാനും സെക്രട്ടേറിയറ്റ് പണിയാനും സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കാനും ഹൈക്കോടതി പണിയാനും അപ്പാർട്ട്മെന്റ് നിർമ്മിക്കാനുമുള്ള അവകാശം എൽ.എ. പട്ടയത്തിലും സർക്കാർ രേഖയിലും ഒന്നുതന്നെയാണ്. മുൻ നിയമസഭാംഗമായിരുന്ന ശ്രീ. കെ. കെ. ജയചന്ദ്രനും ശ്രീ. റോഷി അഗസ്റ്റിനുമുൾപ്പെടെ ഞങ്ങൾ 2007-ൽ സഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു. അതിൽ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതിന്റെ പേരിൽ മാത്രം എൽ.എ. പട്ടയ നടപടികൾ റദ്ദുചെയ്യാൻ വ്യവസ്ഥയില്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനേർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം മരവിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. ഗവൺമെന്റ് വളരെ സജീവമായ ചർച്ചയ്ക്കു ശേഷം മാത്രമേ ഇത് നടപ്പിലാക്കാവൂ എന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഇടപെട്ട് വേണ്ട നടപടി സ്വീകരിക്കണം. റവന്യൂ ഡിപ്പാർട്ട്മെന്റിൽ വിശ്വാസക്കുറവില്ല. പക്ഷേ ഞങ്ങളെ ജീവിക്കാൻ അനുവദിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇടുക്കി ജില്ല കേരളത്തിന്റെ അവിഭാജ്യ ഘടകമാണ്. അവിടെനിന്ന് ആരെയും ആട്ടിപ്പായിക്കാനുള്ള ഒരു തീരുമാനവുമെടുത്തിട്ടില്ല. അത്തരമൊരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു കാരണവശാലും ഉണ്ടാകില്ലെന്നാണ് ആദ്യമായി പറയാനുള്ളത്.

ഇടുക്കി ജില്ലയിൽ മൂന്നാർ മേഖലയിൽ റവന്യൂ ഭൂമിയിലും വനഭൂമിയിലും ചട്ടവിരുദ്ധമായി നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും ഇത് പരിസ്ഥിതിയെയും ഭൂപ്രകൃതിയെയും ഗുരുതരമായി ബാധിക്കുന്നതായും ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിക്കുകയും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ കെട്ടിട നിർമ്മാണം നടക്കുന്നില്ലെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. കോടതിയുടെ ഈ ഉത്തരവിനെത്തുടർന്ന് കെട്ടിടനിർമ്മാണത്തിനുള്ള എൻ.ഒ.സി.-ക്കായി ഏതാനും അപേക്ഷകൾ ജില്ലാ കളക്ടർക്ക് ലഭിച്ചിരുന്നു. എന്നാൽ എൻ.ഒ.സി. ഇല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ജില്ലാ കളക്ടറുടെ അനുമതിയില്ലാത്ത എല്ലാ നിർമ്മാണ പ്രവൃത്തികളും ദേവികുളം ആർ.ഡി.ഒ. നിർത്തിവയ്പ്പിച്ചിരുന്നു. കെട്ടിടനിർമ്മാണത്തിനുള്ള എൻ.ഒ.സി. നൽകുന്നതിനുമുമ്പ് നിർമ്മാണം നടത്താനുദ്ദേശിക്കുന്ന ഭൂമി പട്ടയ വസ്തുവാണോയെന്നും

പട്ടയവസ്തുവാണെങ്കിൽ അത് വ്യാജപട്ടയമല്ലെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരിക്കൽ പ്രത്യേക ചട്ടപ്രകാരവുമാണ് ഭൂമി പതിച്ചുനൽകുന്നത്. 1964-ലെ ഭൂമി പതിവ് ചട്ടത്തിൽ കൃഷിക്കും വീട് വച്ച് താമസിക്കുന്നതിനും തൊട്ടടുത്തുള്ള പട്ടയ വസ്തുവിന്റെ ഗുണപരമായ ഉപയോഗത്തിനുമാണ് സർക്കാർ ഭൂമി പതിച്ചുനൽകുന്നത്. 1993-ലെ ചട്ടത്തിൽ ചെറിയ കടമുറി നിർമ്മാണത്തിനും ഭൂമി പതിച്ചുനൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തൊട്ടടുത്തുള്ള പട്ടയവസ്തുവിന്റെ ഗുണപരമായ ഉപയോഗത്തിന് ഭൂമി പതിച്ചുനൽകാൻ ടി ചട്ടത്തിൽ വ്യവസ്ഥയില്ല. എന്നാൽ വ്യവസ്ഥകളും ചട്ടങ്ങളും ലംഘിച്ചുകൊണ്ടാണ് മൂന്നാർ മേഖലയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ കോടികൾ മുതൽമുടക്കുള്ള റിസോർട്ടുകളും ഹോട്ടലുകളും ബഹുനില വ്യാപാര സമുച്ചയങ്ങളുമുണ്ട്. അതീവ പരിസ്ഥിതി ദുർബല പ്രദേശമായ മൂന്നാറിൽ ഇപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ വളരെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന ആക്ഷേപം ഉയർന്നു വന്നിരിക്കുകയാണ്. തേയിലത്തോട്ടങ്ങളും ഏലമല കാടുകളും പോതമേടുകളും കുന്നുകളും നിറഞ്ഞ ഭൂപ്രകൃതിയാണ് മൂന്നാറിലുള്ളത്. ഇതിൽ കുത്തക പാട്ട വ്യവസ്ഥയിൽ ഏലം കൃഷി ചെയ്യാൻ നൽകിയ ഭൂമിയിൽപോലും ബഹുനില മന്ദിരങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. ഡബ്ല്യൂപി(സി) 1801/2010, 34095/2010 എന്നീ കേസ്സുകളിലെ 21-1-2010-ലെ ഡിവിഷൻ ബഞ്ചിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ കെട്ടിട നിർമ്മാണത്തിനുള്ള എൻ.ഒ.സി. നൽകിവരുന്നത്. ഇടുക്കി ജില്ലയിലെ മരംമുറി സംബന്ധിച്ച് - വനേതര പ്രദേശങ്ങളിലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ പ്രോത്സാഹന ആക്ട് 2005 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വില്ലേജുകളിലെ ഭൂമിയിൽ നിന്ന് മരങ്ങൾ മുറിക്കുന്നത് നിരോധിച്ചിട്ടുള്ളതാണ്. മറ്റ് പ്രദേശങ്ങളിലെ മരങ്ങൾ മുറിക്കുന്നതിന് നിയമ തടസ്സമില്ല. ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ വട്ടവട, കൊട്ടാക്കമ്പൂർ, മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ, അഞ്ചുനാട് എന്നീ വില്ലേജുകളിലെ എല്ലാ തണ്ടപ്പേരുകളുടെയും കൃത്യത സംബന്ധിച്ച് വിശദമായ പരിശോധന നടത്താനും ഇപ്രകാരമുള്ള പരിശോധന പൂർത്തിയാകുന്നതുവരെ ടി വില്ലേജുകളിലെ എല്ലാ പ്രദേശത്തുനിന്നും ഗ്രാന്റിസ് മരം മുറിച്ചുമാറ്റുന്നത് സ്റ്റേ ചെയ്തുകൊണ്ട് 16-2-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 29/2015/ആർഡി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. ചിന്നദുരൈ ബാബു ഉൾപ്പെടെ 21 പേർ ഹൈക്കോടതിയിൽ ഡബ്ല്യൂ.പി(സി) 9245/15(ഇ) പ്രകാരം കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പാക്കുന്നത് സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവാകുകയും കേസ് ഹൈക്കോടതിയിൽ നിലനിൽക്കുകയുമാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ ശ്രദ്ധ ക്ഷണിക്കലിന് ലഭിക്കേണ്ട മറുപടിയുമായി അങ്ങയുടെ മറുപടി യോജിക്കുന്നില്ല. എന്റെ ശ്രദ്ധ ക്ഷണിക്കൽ, നിവേദിത പി. ഹരന്റെയും രാജൻ മധേക്കറുടെയും പിൻബലത്തിൽ കോടതി ഉത്തരവിന്റെ ഭാഗമായി വന്ന ഡയറക്ഷൻ ഗവൺമെന്റുമായി ആലോചിക്കാതെ കളക്ടർമാരും ലാൻഡ് ബോർഡ് കമ്മീഷണറും തന്നിഷ്ടപ്രകാരം നടപ്പിലാക്കുന്ന നടപടിക്രമങ്ങൾ താല്ക്കാലികമായി നിർത്തിക്കൊണ്ട് ഗവൺമെന്റുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കണം എന്നതാണ്. എന്ത് നടപടികൾക്കും വിധേയരാകാൻ ഞങ്ങൾ തയ്യാറാണ്. അതിനുമുമ്പ് ഗവൺമെന്റ് ജനവിരുദ്ധ നിലപാട് സ്വീകരിക്കുന്നു എന്നതാണ് വിഷയം. കാലാവസ്ഥയ്ക്കും പരിസ്ഥിതിക്കും ഞങ്ങൾ എതിരല്ല. അവിടെയുള്ള ബഹുനില കെട്ടിടങ്ങൾ ഞങ്ങളുടേതല്ല. 2010 മുതൽ 2016 വരെ ബഹുനില കെട്ടിടങ്ങൾ പണിയാം. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നാൽ പണിയരുത്. ഇത് എന്ത് ന്യായമാണ്. 2010-ൽ കോടതി വിധി വന്നതല്ലേ. ഇത് വായിക്കാനും മനസ്സിലാക്കാനും കഴിവില്ലാത്ത ഉദ്യോഗസ്ഥൻമാർ എന്തെങ്കിലും കഥ പറഞ്ഞാൽ അത് കേൾക്കാനും അതിനോട് യോജിക്കാനും കഴിയില്ല. 2010 മുതൽ 2016 വരെയുണ്ടായിരുന്ന സ്ഥിതി വീണ്ടും തുടരണം. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച് ആലോചിക്കണം. അതിനുശേഷം ഇത്തരത്തിലുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാം. ഐ.എ.എസ്. പഠിക്കുന്നത് വൈദ്യുതി കൊടുക്കരുതെന്നോ കക്കൂസ് പണിയരുതെന്നോ പറയാനല്ല. ഈ വിഷയത്തിന്മേൽ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് വീണ്ടും ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ വിഷയത്തിൽ ഇടപെടണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ആവശ്യമെങ്കിൽ ഈ വിഷയം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുന്നതിന് യാതൊരു വിഷമവുമില്ല. ഈ വിവരം നേരത്തെതന്നെ ബന്ധപ്പെട്ട ആളുകളുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. 2010-ൽ കേരള ഹൈക്കോടതിയിൽ നിന്നുണ്ടായ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നടപടികളാണ് ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എന്തുകൊണ്ടാണ് ഇത് നടപ്പാക്കാതിരുന്നത് എന്ന ചോദ്യമല്ല, നിലവിലുള്ള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കാനുള്ള നിർദ്ദേശം മാത്രമാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ഈ വിഷയം ചർച്ച ചെയ്യാവുന്നതാണ്.

## (2) വയോജനക്ഷേമം

ഡോ. എം. കെ. മുനീർ: സർ, അത്യന്തം ഗൗരവതരമായ ഒരു വിഷയത്തിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്തിരുന്ന വ്യക്തിയെന്നുള്ള നിലയിൽ തികഞ്ഞ കുറ്റബോധത്തോടുകൂടിത്തന്നെയാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. കാരണം, ഞാനടക്കം ഈ വിഷയത്തിൽ തെറ്റുകാരാണ്. നമ്മളെല്ലാം നമുക്കുചുറ്റും നടക്കുന്ന കാര്യങ്ങളെന്താണെന്ന് ഗ്രഹിക്കാത്തവരാണ്. പലതും നമ്മുടെ ശ്രദ്ധയിലേയ്ക്ക് വരുന്നില്ലെന്നുള്ളതാണ് സത്യം. വാർദ്ധക്യം ഒരു ശാപമാണെന്ന് വീണ്ടും തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്വന്തം അച്ഛനമ്മമാരെ വൃദ്ധസദനങ്ങളിലാക്കി, അവർ അവിടെ സുരക്ഷിതരാണെന്ന് കരുതി സ്വന്തം ഔദ്യോഗിക ജീവിതവുമായി കഴിയുന്ന മക്കൾക്കുള്ള താക്കീതുകൂടിയായി ഈ ശ്രദ്ധക്ഷണിക്കൽ മാറണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിഷയം അവതരിപ്പിക്കേണ്ടതുണ്ടോയെന്ന് വളരെയധികം ആലോചിച്ചു. കേരളത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചും സമൂഹത്തിലെ വൈകൃതങ്ങളെക്കുറിച്ചും ലോകം മുഴുവൻ അറിയേണ്ടതുണ്ടോയെന്ന് ആലോചിച്ചെങ്കിലും ഇത് പുറംലോകത്തോട് പറഞ്ഞില്ലെങ്കിൽ പല മക്കളും തന്റെ രക്ഷിതാക്കൾക്ക് ശാരീരികമായും മാനസികമായും ഏൽക്കുന്ന പീഡനങ്ങൾക്ക് കാരണക്കാരായി മാറുന്ന ഒരവസ്ഥയുണ്ടാകും. ഒരുകൂട്ടം സാമൂഹ്യ പ്രവർത്തകർ കുറച്ച് നാളുകളായി നടത്തിയ പഠന റിപ്പോർട്ട് അവരുടെ പേരുകൾ വച്ചുതന്നെ എനിക്ക് നൽകുകയും ഇക്കാര്യങ്ങൾ എവിടെവന്ന് പറയാനും തയ്യാറാണെന്ന് അവർ അറിയിക്കുകയുമുണ്ടായി. ഇത് വൃദ്ധസദനങ്ങളിൽ മാത്രമല്ല, നമ്മുടെ വീടുകളിലും നടന്നുകൊണ്ടിരിക്കുന്ന ദുരന്തമാണ്. തലസ്ഥാന നഗരത്തിന് സമീപം മുരുക്കുംപുഴ എന്ന സ്ഥലത്ത് 85 വയസ്സുകാരിയായ അമ്മയ്ക്ക് പീഡനം ഏൽക്കേണ്ടി വന്നത് അവരുടെ മൂത്തമകളുടെ ഭർത്താവിൽ നിന്നാണ്. മക്കളെല്ലാം ജോലിക്ക് പോകുമ്പോൾ വീട്ടിൽ എത്തുന്ന മരുമകൻ 85 വയസ്സുള്ള അമ്മൂമ്മയെ നിരന്തരമായി പീഡിപ്പിക്കുകയാണ്. എന്നാൽ കുടുംബത്തിലും സമൂഹത്തിലും ഏറെ മാന്യനായി അറിയപ്പെടുന്ന ഈ വ്യക്തിയെ സംബന്ധിച്ച് മകളോട് അമ്മ പറയുമ്പോൾ അമ്മയ്ക്ക് മാനസിക വിഭ്രാന്തിയാണെന്നാണ് മകൾ പറയുന്നത്. ചിറയിൻകീഴ് എന്ന സ്ഥലത്ത് നടന്നത് ഇതിലും ഞെട്ടിക്കുന്ന സംഭവമാണ്. അവിടെയുള്ള അമ്മൂമ്മയ്ക്ക് പീഡനം ഏൽക്കേണ്ടിവന്നത് സ്വന്തം പേരക്കുട്ടിയായ 19 വയസ്സുകാരനിൽ നിന്നാണ്. പേരക്കുട്ടി പീഡിപ്പിക്കുന്ന വിവരം ഒരിക്കലും പുറത്തുപറയാൻ അമ്മൂമ്മ ആഗ്രഹിച്ചിരുന്നില്ല. അവസാനം അവരെ ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ ശരീരമാസകലം കടിയേറ്റ പാടുണ്ടായിരുന്നു. തിരിച്ച് വീട്ടിലേയ്ക്ക് കൊണ്ടുപോകുമ്പോൾ എന്റെ കൊച്ചുമകൻ എന്നെ കടിക്കുമെന്ന് പറഞ്ഞ് ബഹളം വച്ചുവെന്നാണ്

പറയുന്നത്. ഇതുപോലുള്ള നിരവധി സംഭവങ്ങൾ നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. അതുപോലെ ഇവിടെ സ്വകാര്യമായി നടത്തുന്ന ധാരാളം വൃദ്ധസദനങ്ങളുണ്ട്. അത്തരത്തിലുള്ള ഒരു വൃദ്ധസദനം പരിശോധിച്ചപ്പോൾ, വലിയ കുടുംബത്തിലുള്ള ആളുകൾ വലിയ തുക നൽകി രക്ഷിതാക്കളെ അവിടെയാക്കി വിദേശത്ത് പോകുന്നതായി മനസ്സിലായി. പക്ഷേ, ആ വൃദ്ധസദനത്തിന്റെ അധികാരികൾ ഇവർക്ക് ഡിപ്രഷനുണ്ടെന്ന പേരിൽ രാത്രികളിൽ സെഡേഷൻ കൊടുത്ത് പുറത്തുനിന്നുള്ള ആളുകൾക്ക് അകത്തുവന്ന് ഇവരെ ഉപയോഗിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കുകയാണ്. സമൂഹത്തിൽ ഉയർന്ന പദവിയിലുള്ളവരും ഉദ്യോഗസ്ഥരുമുൾപ്പെടെയുള്ള ആളുകൾ ഇത്തരത്തിൽ വൃദ്ധസദനത്തിൽ എത്താറുണ്ടെന്നാണ് പറയുന്നത്. വൃദ്ധസദനത്തിൽ എടുക്കുന്നതിനുള്ള കുറഞ്ഞ പ്രായം 65 വയസ്സും കൂടിയ പ്രായം 90 വയസ്സുമാണ്. ഇതിൽ പലപ്പോഴും ലൈംഗിക പീഡനത്തിനിരയാകുന്നത് 90 വയസ്സുള്ള അമ്മൂമ്മമാരാണ്. ഇത്തരത്തിൽ പീഡിപ്പിക്കുന്നവരിൽ പലരും മദ്യത്തിന് അടിമപ്പെട്ടവരോ മറ്റ് ദുശ്ശീലങ്ങളിൽപ്പെട്ടവരോ അല്ല. ഇതിനെ വൈകൃതമെന്ന് മാത്രമേ നമുക്ക് വിളിക്കാൻ സാധിക്കൂ. നമ്മുടെ സമൂഹം ഒരു വലിയ perversion-ലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് കുറ്റബോധത്തോടുകൂടിയാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നതെന്ന് പറഞ്ഞത്. നമുക്ക് ചുറ്റും നടക്കുന്നതൊന്നും നമ്മൾ അറിയുന്നില്ല. നാലുമാസം മാത്രമായ ഗവൺമെന്റിന്റെ പ്രതിനിധിയായ സാമൂഹ്യനീതി വകുപ്പുമന്ത്രിയെ ഞാൻ ഒരിക്കലും കുറ്റപ്പെടുത്തുന്നതല്ല. ഇതൊരിക്കലും അനുവദിക്കാൻ പാടുള്ളതല്ല. വൃദ്ധനയം ഉണ്ടാക്കിയിട്ടുണ്ടെന്ന കാര്യം നമുക്കറിയാം. ഇത്തരം സംഭവങ്ങൾ വൃദ്ധനയത്തിൽ പോലും ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് വയോജന നയം പരിഷ്കരിക്കണമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ആർ.ഡി.ഒ.-മാരാണ് വയോജനങ്ങളുടെ പരാതികൾ കേൾക്കുന്നത്. ആർ.ഡി.ഒ.-മാരിൽ പലരും അവർക്ക് കിട്ടിയ പരാതികൾ പരിശോധിക്കാറില്ലെന്ന് അങ്ങേയറ്റം ലജ്ജയോടുകൂടി പറയുകയാണ്. ഓരോ ജില്ലയിലും വയോജനങ്ങളായ സ്ത്രീകളുടെ എത്ര പരാതികൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് പരിശോധിക്കണം. ചില ജില്ലകളിൽ വളരെ കൃത്യമായി നോക്കുന്നുണ്ട്. എന്നാൽ മറ്റു ചില ജില്ലകളിൽ പരാതികൾ കെട്ടിക്കിടക്കുന്നുണ്ട്. ആർ.ഡി.ഒ.-യ്ക്ക് ഇഷ്ടമുള്ള സമയത്ത് ഹിയറിംഗ് നടത്തും. ഇതിൽ പല ഹിയറിംഗുകൾ നടത്തിയതും പരാതിക്കാർ മരിച്ചതിനുശേഷമാണ്. നിരന്തരം അവിടെപ്പോയി വേവലാതികൾ പറഞ്ഞിട്ടും സമയമില്ല, തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലാണ് എന്നൊക്കെപ്പറഞ്ഞ് പാവപ്പെട്ട ജനവിഭാഗത്തിന്റെ രോദനം കേൾക്കാൻപോലും മനസ്സ് കാണിക്കാത്ത ആർ.ഡി.ഒ.-മാർ കേരളത്തിലുണ്ട്. അവരെ നിലയ്ക്ക് നിർത്താൻ സാധിക്കണം. ആർ.ഡി.ഒ.-യ്ക്ക് സൗകര്യമില്ലെങ്കിൽ മറ്റാരെയെങ്കിലും നിയമിച്ച് ആഴ്ചതോറും ഹിയറിംഗ് നടത്തി അവരുടെ പ്രശ്നങ്ങൾക്ക്

തീർപ്പുകൽപ്പിക്കാൻ സാധിച്ചില്ലെങ്കിൽ നമ്മളോടുതന്നെ ചെയ്യുന്ന അനീതിയായിരിക്കും. വൃദ്ധസമൂഹത്തിന് സാമൂഹ്യനീതി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അവർ സംസാരിക്കുന്ന വീഡിയോ ക്ലിപ്പിംഗുകൾ കാണിച്ചുതരികയുണ്ടായി. നമുക്ക് ലജ്ജിക്കാതെ നിർവ്വാഹമില്ല. 90 വയസ്സിൽ ചുക്കിച്ചുളിഞ്ഞ ശരീരത്തിൽ ലൈംഗികചോദന തോന്നുന്ന 19-20 വയസ്സുകാരന്മാർ സമൂഹത്തിൽ ഇതുപോലെ നിൽക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കണം. എവിടെയാണ് രോഗമെന്ന് ആഴത്തിൽ പരിശോധിക്കേണ്ടതുണ്ട്. ഓരോരുത്തർ പറഞ്ഞതും നേരിട്ടനുഭവിച്ചതുമായ ഇത്തരത്തിലുള്ള ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഞാൻ ദീർഘിപ്പിക്കുന്നില്ല. രാത്രിയിൽ ചില വൃദ്ധസദനങ്ങളിലെ അന്തേവാസികളുമായി സംസാരിച്ചാൽ അവരുടെ നാവ് കുഴയുന്നതായി മനസ്സിലാകും, കാരണം അവർ പൂർണ്ണമായും സെഡേഷനിലാണ്. വൃദ്ധസദനത്തിൽ ഇത്രയും ആളുകളെ നോക്കുന്നതിന് 25 വയസ്സുകാരിയാണുള്ളത്. അവരെയെന്തിനാണ് അവിടെ നിയമിച്ചിരിക്കുന്നതെന്ന് അന്വേഷിച്ചപ്പോൾ, അവരാണ് ആവശ്യമായ ഒത്താശകൾ ചെയ്തുകൊടുക്കുന്നതെന്ന് മനസ്സിലായി. സ്വകാര്യ വൃദ്ധസദനങ്ങളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി കർശനമായി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. ചില സ്ഥലങ്ങളിൽ സ്വകാര്യ വൃദ്ധസദനങ്ങളുടെ പരസ്യം കാണുകയുണ്ടായി. വൃദ്ധരെ സ്വാഗതം ചെയ്തുകൊണ്ട് എന്തിനാണ് പല സ്ഥലങ്ങളിലും പരസ്യം വയ്ക്കുന്നത്? സർക്കാരിന് വൃദ്ധസദനങ്ങൾ സുരക്ഷിതമായി നോക്കേണ്ട ബാധ്യതയുണ്ട്. സ്വകാര്യ വൃദ്ധസദനങ്ങൾ നടത്തുന്നതിന്റെ പിന്നിലെന്താണെന്നുള്ളത് വളരെ ഗൗരവമായി പരിശോധിക്കണം. പല മക്കളും രക്ഷിതാക്കളെ എന്ത് ധൈര്യത്തിലാണ് ഇത്തരം സ്ഥാപനങ്ങളിൽ ഏൽപ്പിച്ചുപോകുന്നത്? ഇനിയെങ്കിലും സ്വന്തം അമ്മമാർ വീടുകളിൽ സുരക്ഷിതരാണോയെന്ന്, പ്രത്യേകിച്ച് പെൺമക്കളെങ്കിലും പരിശോധിക്കാൻ മനസ്സ് കാണിക്കുന്നതിന് ഈ ശ്രദ്ധക്ഷണിക്കൽ സഹായകമാകുമെങ്കിൽ എന്റെ ദൗത്യം സഫലമായെന്ന് എനിക്ക് വിശ്വസിക്കാം. മാതൃഹൃദയമുള്ള ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിന് അങ്ങേയറ്റം പ്രാധാന്യം കൊടുക്കണം. ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് മന്ത്രിയുടെ മറുപടിയിലൂടെ കേൾക്കാൻ ആഗ്രഹിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നമ്മുടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ കുട്ടികളും, സ്ത്രീകളും, പ്രായം ചെന്നവരുമെല്ലാം അനുഭവിക്കുന്ന ഖേദകരമായ ചില സാഹചര്യങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദീകരിച്ചത്. ഇന്നത്തെ ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായി ധാരാളം വൈകൃതങ്ങൾ ഈ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പ്രായംചെന്ന ആളുകൾക്കെതിരെ മാത്രമല്ല, കുട്ടികൾക്കുനേരെയും

വലിയ അതിക്രമങ്ങൾ നടക്കുന്നുണ്ട്. അതിൽ ലൈംഗികാതിക്രമങ്ങളുമുണ്ട്. ഇത്തരം അതിക്രമങ്ങളേയും ഗാർഹിക പീഡനങ്ങളെയുംകുറിച്ച് പരിശോധിക്കുമ്പോൾ കുടുംബാംഗങ്ങളിൽനിന്നും അത്തരം പീഡനങ്ങൾ ഉണ്ടാകുന്നതായി പലപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പൊതുവായി പറയാൻ സാധിക്കുകയില്ലെങ്കിലും ഇത്തരത്തിലുള്ള അനുഭവങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ളത് കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഖേദകരമായ വസ്തുത തന്നെയാണ്. ഇത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ തന്നെ ഈ വകുപ്പ് നേരത്തെ കൈകാര്യം ചെയ്ത സമയത്ത് കുറെയേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഒരു 'വയോജന നയം' രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് ചില പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നതിനും തയ്യാറായിട്ടുണ്ട്. എന്നാൽ ആ നയം നമ്മളാഗ്രഹിക്കുന്ന രീതിയിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടില്ല. നമ്മുടെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും എക്സിക്യൂട്ടീവ് ഇത്തരം കാര്യങ്ങളിൽ പൂർണ്ണമായും ഫലപ്രദമല്ലെന്നുള്ളതാണ് നമ്മുടെ അനുഭവം. നാം നിർദ്ദേശിക്കുന്ന കാര്യങ്ങൾ പൂർണ്ണമായും താഴെത്തലത്തിലെത്തുകയോ ആർക്കാണോ നാം സംരക്ഷണം നൽകാനാഗ്രഹിക്കുന്നത് അവർക്ക് സംരക്ഷണം കിട്ടുകയോ ചെയ്യുന്നില്ലെന്നുള്ളത് വസ്തുതയാണ്. ഇപ്പോൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 16 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചിൽഡ്രൻസ് ഹോം അടക്കം 78 സ്ഥാപനങ്ങളാണ് ആകെയുള്ളത്. സർക്കാർ വൃദ്ധസദനങ്ങളിൽനിന്ന് ഇത്തരത്തിലുള്ള ലൈംഗിക ചൂഷണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചില ഏജൻസികൾ നടത്തിയ പരിശോധനയുടെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ അത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതായി സൂചിപ്പിച്ചു. അത് നിഷേധിക്കാനാവുന്നതല്ല. എന്നാൽ ഗവൺമെന്റിന് അത്തരത്തിലുള്ള പരാതി രേഖാമൂലം ലഭിച്ചിട്ടില്ല. എങ്കിലും അത്തരത്തിലുള്ള കാര്യങ്ങൾ സംഭവിക്കുന്നുവെന്നുള്ളത് നമുക്ക് അംഗീകരിക്കേണ്ടതായിവരും. സ്വന്തം ഭവനത്തിൽ കഴിയുമ്പോൾപ്പോലും ഒരമ്മയ്ക്ക് കുടുംബാംഗങ്ങളുടെയും ചിലപ്പോൾ സാമൂഹ്യവിരുദ്ധരുടെയും ആക്രമണങ്ങൾ നേരിടേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിലപ്പോൾ ഈ ആക്രമണത്തിന്റെ ഭാഗമായി കൊലചെയ്യപ്പെടുകയും ചെയ്യുന്നു. ഇതെല്ലാം പരിഹരിക്കാൻ നമ്മുടെ മുന്നിൽ 2008-ൽ പാസ്സായ മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമത്തിനും പരിരക്ഷയ്ക്കുമുള്ള നിയമമാണുള്ളത്. ഈ നിയമത്തിന് 2009-ൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മാതാപിതാക്കളുടെ പരിരക്ഷയ്ക്കായി റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിശ്ചയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നിയമത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാ

ക്കുന്നതിന് എഫ്.എം. റേഡിയോവഴി പരസ്യം നൽകുകയും വയോജനദിന ത്തോടനുബന്ധിച്ച് എല്ലാവർഷവും ബോധവൽക്കരണവും നടത്താറുണ്ട്. പക്ഷെ, ഈ ബോധവൽക്കരണവും നിർദ്ദേശവും പൂർണ്ണമായും പാലിക്കപ്പെടുന്നില്ലെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ള പല പ്രശ്നങ്ങളും സൂചിപ്പിക്കുന്നത്. മക്കളിൽനിന്ന് പരിരക്ഷ ലഭിക്കാത്ത മാതാപിതാക്കൾക്ക് സ്വമേധയാ അധികാര പെടുത്തിയിട്ടുള്ള സംഘടന വഴിയോ ട്രൈബ്യൂണലിൽ നേരിട്ടോ മക്കൾക്കെതിരെ കേസ് ഫയൽ ചെയ്യാവുന്നതാണ്. വയോജനങ്ങൾക്കും മുതിർന്ന പൗരന്മാർക്കും വേണ്ടിയുള്ള സംസ്ഥാന നയം 2013-ൽ രൂപീകരിച്ചതായി ഞാൻ പറഞ്ഞു. വയോജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി 'വയോജന സുരക്ഷാ പദ്ധതി' ആഭ്യന്തര വകുപ്പിൽ ആരംഭിക്കുന്നത് ഈ നയത്തിന്റെ ഭാഗമായാണ്. കേരള പോലീസിന്റെ കീഴിൽ വയോജനങ്ങളുടെ പരാതികളും നിവേദനങ്ങളും ഓൺലൈൻ വഴി സ്വീകരിക്കുന്നതിനും പരിഹാരം കാണുന്നതിനും മാർഗ്ഗങ്ങളുണ്ട്. എൽഡർലൈൻ നെറ്റ്വർക്കുവഴി പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള ഡി.ജി.പി. പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽത്തന്നെ വളരെ വ്യക്തമായി എന്തുചെയ്യണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ വയോജനങ്ങളുടെ ഒരു രജിസ്റ്റർ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കണമെന്നും സാധിക്കുമെങ്കിൽ ഒരു സാമൂഹ്യക്ഷേമ ഓഫീസറുടെ സഹായത്തോടുകൂടി വയോജനങ്ങളെ ഇടയ്ക്കിടെ സന്ദർശിക്കണമെന്നും പ്രതിമാസം പോലീസ് ജില്ലാ ഹെഡ്ക്വാർട്ടേഴ്സിൽ ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട്, അതായത് ആരെങ്കിലും ഉപദ്രവിക്കപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും തരത്തിലുള്ള പീഡനം അനുഭവിക്കുന്നുണ്ടോ എന്നുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശമുണ്ട്. പക്ഷെ, ഇത് ചിലയിടത്ത് നടന്നേക്കാം, പൂർണ്ണമായും അതൊന്നും പാലിക്കപ്പെടുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡ് ഇതുസംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ആരോഗ്യ മേഖലയിലെ പ്രവർത്തകർ, അതുപോലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഈ സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധിക്കണമെന്നും അവിടെ യാതൊരു തരത്തിലുള്ള ദ്രോഹവും ഇല്ലെന്ന് ഉറപ്പുവരുത്തിയിട്ട് മാത്രമേ ഈ സ്ഥാപനങ്ങളുടെ അംഗീകാരം പുനഃസ്ഥാപിക്കാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വൃദ്ധസദനങ്ങൾ നിയന്ത്രിക്കു ന്നതിനും അംഗീകാരം നൽകുന്നതിനുമാണ് സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള ഓർഫനേജ് ബോർഡ് പ്രവർത്തിക്കുന്നത്. 577 വൃദ്ധസദനങ്ങൾ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 17237-ൽ അധികം വൃദ്ധജനങ്ങളെ ഈ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. ഇവരുടെ കാര്യം ശക്തമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ട തുണ്ടെന്നാണ് സാമൂഹ്യനീതി വകുപ്പ് കരുതുന്നത്. ഇത്തരം സ്ഥാപനങ്ങൾക്ക്

അനുവാദം കൊടുക്കുന്ന സമയത്ത് സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, കെട്ടിടത്തിന്റെ ഫിറ്റ്നസ്, കിടപ്പുമുറികളുടെ സംവിധാനം, അന്തേവാസികൾക്ക് ലഭിക്കുന്ന പരിചരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഇതെല്ലാം പരിശോധിച്ചതിനുശേഷമാണ് അംഗീകാരം നൽകുന്നത്. പക്ഷേ ഇതെല്ലാം പലപ്പോഴും സംസ്ഥാനത്ത് ലംഘിക്കപ്പെടുന്നതായി കാണുന്നു. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഞാൻ ചുമതല ഏറ്റെടുത്തിട്ടും ഈ ഗവൺമെന്റ് അധികാരത്തിൽവന്നിട്ടും നാല് മാസമേ ആയിട്ടുള്ളൂ. പക്ഷെ അതിനിടയിൽത്തന്നെ സാമൂഹ്യനീതി വകുപ്പിന്റെ പ്രത്യേക മീറ്റിംഗുകൾ ചേരുകയും വയോജനങ്ങൾക്കുവേണ്ടി എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ നേതൃത്വത്തിൽ ചില പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വയോജനങ്ങളുടെ രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമാവശ്യമായ 'വയോമിത്രം പ്രോജക്ട്' കേരളത്തിലെ മുഴുവൻ മുനിസിപ്പാലിറ്റികളിലും ആരംഭിക്കാൻ തീരുമാനമെടുത്തുകഴിഞ്ഞു. ആശുപത്രികൾ വയോജന സൗഹൃദമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും ഈ വർഷംതന്നെ ജെറിയാട്രിക് വാർഡുകൾ ആരംഭിക്കുന്നതിനും ആവശ്യപ്പെടുന്നവർക്ക് വേണ്ടത്ര പരിചരണം നൽകാനും തീരുമാനിച്ചിട്ടുണ്ട്. അവരുടെ ആരോഗ്യപ്രശ്നങ്ങളായ തിമിരം, ഡിമെൻഷ്യ തുടങ്ങിയവ പരിശോധിക്കുന്നതിനും ചികിത്സയും പരിചരണവും നൽകുന്നതിനുമുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഒരു പ്രത്യേക സംഘത്തെ പരിശോധനയ്ക്കായി നിയോഗിക്കുകയും സ്വകാര്യ ഏജൻസി കളടക്കം നൽകുന്ന റിപ്പോർട്ടുകൾ പരിശോധിക്കുന്നതുമാണ്. അതുകൂടാതെ ഗവൺമെന്റ് വയോജനങ്ങളുടെ പ്രശ്നം പഠിക്കുന്നതിനും അതിനൊരു മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും ഒരു പ്രത്യേക സംഘത്തെതന്നെ നിശ്ചയിച്ചിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഗവേണിംഗ് ബോഡി ചേരുന്ന സമയത്തുതന്നെ ഇതിന് തീരുമാനമെടുത്തുകഴിഞ്ഞു. അവരുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അതിനാവശ്യമായ കാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതും ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. വയോജന കേന്ദ്രങ്ങൾ നിയന്ത്രിക്കുന്നതിനും പരിശോധിക്കു ന്നതിനുമുള്ള, കളക്ടർ ചെയർമാനായ സമിതിയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളുമുണ്ട്. ആ കൗൺസിലിന്റെ പ്രവർത്തനം ശക്തമാക്കാനാണ് ആലോചിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഏതായാലും വയോജനങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധതന്നെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും സാമൂഹ്യനീതി വകുപ്പിന്റേയും ആരോഗ്യ വകുപ്പിന്റേയും കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായി അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. താഴെതലത്തിൽ അവരുടെ പരിരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുകയും കുറ്റകരമായ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യും. സ്വകാര്യ വൃദ്ധസദനങ്ങൾ എങ്ങനെയാണ് പരിശോധിക്കേണ്ടതെന്ന ഒരു ഗൈഡ്‌ലൈനും തയ്യാറാക്കിവരുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ സ്വകാര്യ സ്ഥാപനങ്ങളിലും ഇതുസംബന്ധിച്ചുള്ള പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രായംചെന്ന തലമുറയുടെ മാനസികവും ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കുന്നതോടൊപ്പം വൃദ്ധസദനങ്ങൾ ആധുനികവൽകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇന്ന് പല കെട്ടിടങ്ങളും വൃദ്ധർക്ക് വന്ന് സന്തോഷത്തോടെ താമസിക്കാൻ കഴിയുന്ന രീതിയിലല്ലാതെ വളരെ പ്രാകൃതമായ അവസ്ഥയിലുള്ളവയാണ്. അവിടെ വേണ്ടത്ര സൗകര്യങ്ങളില്ല. വൃദ്ധരുടെ പരിലാളനത്തിനും സംരക്ഷണത്തിനും കഴിയുന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളാക്കി 16 വൃദ്ധസദനങ്ങളെയും ആധുനികവൽകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

11.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോഴുള്ള ഞെട്ടലിൽനിന്ന് നമുക്കാർക്കും പെട്ടെന്ന് മുക്തരാകാനാവില്ല. കാരണം, നാലുമാസം മുമ്പുവരെ സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്തയാളാണ് അദ്ദേഹം. അദ്ദേഹമാണെങ്കിൽ സമൂഹത്തിൽ മറ്റുള്ളവരെപ്പോലെയല്ല ഒരു ഡോക്ടറും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്ന ആളുമാണ്. അതീവ ഗൗരവമായി കാണേണ്ട ഒരു പ്രശ്നമാണിത്. പ്രത്യേകിച്ച് സ്വകാര്യ വയോജന കേന്ദ്രങ്ങളെക്കുറിച്ചാണ് പറഞ്ഞത്. അദ്ദേഹം പറഞ്ഞതിൽ ഒരു ഭാഗവും അവിശ്വസിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. അദ്ദേഹത്തിന്റെ പൂർണ്ണ ബോദ്ധ്യത്തോടെ ആയിരിക്കും കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ഉന്നതതല അന്വേഷണം നടക്കേണ്ടതുണ്ട്. കേരളത്തിലുള്ള വൃദ്ധസദനങ്ങളെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഡോ. എം. കെ. മുനീർ: സർ, ഇത് രേഖാമൂലം ലഭ്യമായിട്ടില്ലെന്ന് പറഞ്ഞതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തിയവർ മുഴുവൻ ഒപ്പിട്ടിട്ടുള്ള റിപ്പോർട്ട് ഞാൻ വകുപ്പുമന്ത്രിക്ക് ഉടൻ കൈമാറുന്നതാണ്. എത്ര കേസ്സുകൾ പെൻഡിംഗുണ്ടെന്ന്

സാമൂഹ്യനീതി വകുപ്പ് അന്വേഷിക്കുകയും ഏത് ആർ.ഡി.ഒ. ആണോ കേസ്സുകൾ പെന്റിംഗിൽ വച്ചിട്ടുള്ളത് ആ ആർ.ഡി.ഒ.യുടെ പേരിൽ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വളരെ ആശ്വാസകരമായ മറുപടിയാണ് നൽകിയത്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ജാഗ്രതാ സമിതിയെ സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കി മാറ്റുന്നതിനുള്ള ഒരു ഓർഡിനൻസ് ഇറക്കിയിരുന്നു. അദ്ദേഹം അത് വളരെ താല്പര്യത്തോടുകൂടി കൊണ്ടുവന്നതാണ്. അത് ഇലക്ഷന്റെ സമയമായപ്പോൾ ലാപ്സായിപ്പോയി. സ്റ്റാറ്റ്യൂട്ടറി പദവി കൊടുത്ത് ഓരോ വാർഡിലുമുള്ള മെമ്പർമാരും വനിതാ പോലീസുകാരുമടങ്ങുന്ന ജാഗ്രതാ സമിതികൾ തൊട്ടടുത്തു നടക്കുന്ന ഇത്തരം സംഭവങ്ങൾ പരിശോധിക്കാൻ നിർബന്ധമായും കൂടണമെന്ന ആ ഓർഡിനൻസ് വീണ്ടും ഇഷ്യൂ ചെയ്യുന്നതിനുവേണ്ടി മുഖ്യമന്ത്രി താല്പര്യമെടുത്ത് അത് ക്യാബിനറ്റിൽ ഡിസ്കസ് ചെയ്യണം. നിയമനിർമ്മാണം നടത്തുന്നതായിരിക്കും നല്ലത്. അത് നല്ലൊരു തീരുമാനമായിരിക്കും. പഞ്ചായത്ത്‌രാജ് ബില്ലിലാണ് അതിന്റെ മാറ്റം കൊണ്ടുവരേണ്ടത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ കാര്യത്തിൽ ഉന്നതതല സമിതിയെക്കൊണ്ട് അന്വേഷണം നടത്തുന്നതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് തലത്തിൽ ഒരു സമിതിയെ നിശ്ചയിച്ചിട്ടുള്ള കാര്യമാണ് ഞാൻ നേരത്തെ കെ.എസ്.എസ്.എം.എന്നുള്ള നിലയിൽ പറഞ്ഞത്. അതിനെക്കാൾ ഏറ്റവും ഉചിതം ഉന്നതതല സമിതിയെക്കൊണ്ടുതന്നെ ഈ കാര്യം അന്വേഷിപ്പിക്കുന്നതാണ്. അത് എന്തായാലുമുണ്ടാകുമെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ആ അന്വേഷണത്തിന്റെ കൂട്ടത്തിൽ ഇവിടെ പറഞ്ഞ മറ്റ് കാര്യങ്ങളും പരിശോധിക്കുന്നതാണ്. അതിന് താങ്കൾ രേഖ കൈമാറണം. ആർ.ഡി.ഒ.മാർ ഈ കേസ്സൊന്നും മേലോട്ട് റിപ്പോർട്ട് ചെയ്യുന്നില്ലെന്നുള്ളൊരു വസ്തുതയുണ്ട്. കേസ് റിപ്പോർട്ട് ചെയ്യിപ്പിക്കാനുള്ള നടപടി വകുപ്പുതന്നെ പരിശ്രമിച്ച് ചെയ്യും. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ കൈമാറുന്ന രേഖകൾ വച്ചുകൊണ്ടുതന്നെ അന്വേഷണം നടത്തുകയും കുറ്റക്കാരായ ആർ.ഡി.ഒ.മാർക്കെതിരെ സാമൂഹ്യനീതി വകുപ്പ് ശക്തമായ നടപടിക്കാവശ്യമായിട്ടുള്ള ശിപാർശ ചെയ്യുമെന്നുകൂടി അറിയിക്കുന്നു. ജാഗ്രതാ സമിതിയുടെ കാര്യം ഒരു ചർച്ചയുടെ ഭാഗമായി പരിശോധിക്കാവുന്നതാണ്.

## IV സബ്മിഷൻ

### (1) വ്യവസായശാലകൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിന്റെ വ്യവസായ തലസ്ഥാനമായ എറണാകുളം ജില്ലയിൽ നിരവധി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും വൻകിട സ്വകാര്യ സ്ഥാപനങ്ങളും ചെറുകിട

വ്യവസായശാലകളുമുണ്ട്. ഇതിൽ കൊച്ചിൻ റിഫൈനറി ഒഴിച്ചുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. തുറമുഖത്തിന്റെ വിഷയം ഞാൻ ഇതിനുമുമ്പ് സബ്മിഷനായി ഉന്നയിച്ചതാണ്. കൊച്ചിൻ ഷിപ്പ്‌യാർഡ് ഓഹരി വിൽപ്പനയുമായി ബന്ധപ്പെട്ട് പ്രതിസന്ധിയിലാണ്. എച്ച്.ഒ.സി.എൽ. അടച്ചുപൂട്ടാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തുകഴിഞ്ഞു. എഫ്.എ.സി.ടി.-ക്ക് ഒരു പാക്കേജിന്റെ അടിസ്ഥാനത്തിൽ സഹായം നൽകാമെന്ന് പ്രഖ്യാപിച്ചതല്ലാതെ, കഴിഞ്ഞ കേന്ദ്ര സർക്കാരും ഇപ്പോഴത്തെ കേന്ദ്ര സർക്കാരും ആ പാക്കേജ് നടപ്പിലാക്കാത്തതിനെത്തുടർന്ന് എഫ്.എ.സി.ടി. പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. എച്ച്.എം.ടി. ഏതുനിമിഷവും അടച്ചുപൂട്ടുന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ്. കേന്ദ്ര സർക്കാരുകൾ തുടർന്നുവന്ന നയങ്ങളുടെ ഫലമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ പ്രതിസന്ധി നേരിടുകയും ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടായിരിക്കുകയുമാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ടി.സി.സി. നേരിടുന്നത് വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. പല സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കെടുകാര്യസ്ഥതമൂലം ഇന്ന് പ്രശ്നത്തിലായിരിക്കുകയാണ്. സ്വകാര്യ മേഖലയിലുള്ള ബിനാമി സിങ്ക് അടച്ചുപൂട്ടി, ശ്രീശക്തി പേപ്പർ മിൽ അടച്ചുപൂട്ടുന്നു. കുടിവെള്ളത്തിനും വ്യവസായ ആവശ്യത്തിനുമായി ഉപയോഗിക്കുന്ന പെരിയാർ നദിയിലെ ജലത്തിൽ വിഷം കലർന്നിട്ടുണ്ടെന്നും അത് ഉപയോഗശൂന്യമാണെന്നുമുള്ള ഒരു പ്രചരണമുണ്ടായി. പരിസ്ഥിതി പ്രശ്നത്തിന്റെ പേരിൽ ചില സംഘടനകൾ നിരവധി വ്യവസായശാലകൾ അടച്ചുപൂട്ടുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ചിലർ പ്രക്ഷോഭവും ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ആശങ്ക ഉയർത്തിയിരിക്കുകയാണ്. വ്യവസായശാലകൾ ഒന്നൊന്നായി അടച്ചുപൂട്ടുന്ന ഒരവസ്ഥയിൽ എത്തിച്ചേർന്നിരിക്കുകയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇക്കാര്യത്തിൽ ജാഗ്രതയോടുകൂടിയ സമീപനം സ്വീകരിക്കുന്നില്ല. ഇതെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇന്ന് വ്യവസായ മേഖലയിലെ തൊഴിലാളികൾ ഒന്നടങ്കം പ്രതിഷേധ പ്രകടനം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ടുകൊണ്ട് എറണാകുളം ജില്ലയിലെ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യമേഖലയിലുള്ള ചില വ്യവസായ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ

ശ്രദ്ധയിലുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവ്, ഗെയിലിന്റെ പൈപ്പിടൽ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തത് തുടങ്ങിയവയൊക്കെയാണ് ഈ പ്രതിസന്ധിക്ക് കാരണമാകുന്ന ചില ഘടകങ്ങൾ. ഇവിടെ ബഹുമാന്യനായ അംഗം HOC-യെയും HMT-യെയും FACT-യുടേയുമൊക്കെ പ്രശ്നങ്ങളെക്കുറിച്ചും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചും ചില സ്വകാര്യ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിനെക്കുറിച്ചും ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു വിഷയം പെരിയാറിൽ വലിയതോതിൽ വിഷം കലരുന്നുവെന്നൊരു വാർത്ത പത്രത്തിൽ കാണാനിടയായി എന്നതാണ്. യാദൃശ്ചികമായി അന്ന് ഞാൻ എറണാകുളത്തുണ്ടായിരുന്ന ദിവസമായിരുന്നു. അതിനെക്കുറിച്ച് ഗൗരവമായി അന്വേഷിക്കണമെന്ന് കളക്ടറോട് ഞാൻ പറഞ്ഞിരുന്നു. അതിനെക്കുറിച്ച് പിന്നീട് കളക്ടറോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ആവശ്യമായ പരിശോധനയൊക്കെ നടത്തിയെന്നും വെള്ളത്തിൽ വിഷാംശമില്ല, യാതൊരു കുഴപ്പവുമില്ല ഇത് ബോധപൂർവ്വം ആരോ പ്രചരിപ്പിച്ചതാണെന്നുമാണ്. വെള്ളത്തിൽ വിഷാംശമില്ലെന്നും ഒരു കുഴപ്പവുമില്ലെന്നുള്ള കാര്യം യോഗം വിളിച്ച് പറയാൻ പോകുകയാണെന്നുമാണ് കളക്ടർ എന്നോട് പറഞ്ഞത്. ആളുകളാകെ ഭീതിയിലായിരിക്കും ആവശ്യമായ പ്രചാരണം കൊടുക്കണമെന്ന് ഞാൻ കളക്ടറോട് പറഞ്ഞു. വ്യവസായങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കാൻ പാടില്ല എന്നുള്ളത് ശരിയാണ്. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പക്ഷേ അനാവശ്യമായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് വ്യവസായങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള നീക്കം അനുവദിക്കാൻ കഴിയില്ല. അങ്ങനെയും ചില നീക്കങ്ങൾ വരുന്നുണ്ടെന്നാണ് തോന്നുന്നത്. ഒന്ന് രണ്ട് വ്യവസായങ്ങൾ അടഞ്ഞുപോയ സാഹചര്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റ് വ്യവസായങ്ങളും അടഞ്ഞുപോകുമോയെന്ന ആശങ്കയിലായിരിക്കാം തൊഴിലാളികൾ പ്രതിഷേധവുമായി രംഗത്തുവന്നിട്ടുള്ളത്. സംയുക്ത ട്രേഡ് യൂണിയനുകൾ ഒന്നിച്ചുതന്നെ ഇക്കാര്യത്തിൽ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് ഒരാശങ്കയും ഉണ്ടാകേണ്ടയാവശ്യമില്ല. തെറ്റായ ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. തിരുത്തേണ്ട കാര്യങ്ങളുണ്ടെങ്കിൽ തിരുത്തണമെന്ന് ആവശ്യപ്പെടുകയല്ലാതെ പെട്ടെന്ന് തന്നെ അടച്ചുപൂട്ടുക എന്നതല്ല അതിനുള്ള പരിഹാരം. ഇക്കാര്യത്തിൽ ആപത്കരമായ ഒരവസ്ഥയുമില്ലെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇവിടെ ഉയർന്നുവന്നിട്ടുള്ളത് ഗൗരവമായിട്ടുള്ള മറ്റ് പ്രശ്നങ്ങളാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഇതിന്റെ ഭാഗമായിട്ടുള്ളതല്ല. അത് നയപരമായി സംരക്ഷിക്കപ്പെടേണ്ട കാര്യങ്ങൾ നിലകൊള്ളുന്നതാണ്. ഏതായാലും ഇക്കാര്യം സർക്കാർ അങ്ങേയറ്റം ഗൗരവമായി തന്നെയാണ് കാണുന്നത്.

## (2) പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് സംവരണം

ശ്രീ. ആർ. രാജേഷ്: സർ, സർക്കാർ സർവ്വീസിൽ പി.എസ്.സി. വഴി നടക്കുന്ന നിയമനങ്ങളിൽ വൈധവ്യം നേരിടുന്ന സ്ത്രീകൾക്ക് പ്രത്യേക സംവരണം കൊടുക്കണമെന്നത് സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വളരെ ചെറിയ പ്രായത്തിൽ 35 വയസ്സിൽ താഴെയുള്ള സ്ത്രീകളാണ് ഈ വിഭാഗത്തിലുള്ളത്. ഈ പ്രായത്തിൽ വൈധവ്യം നേരിടുന്ന സ്ത്രീകളുടെ സാമ്പത്തികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ നമുക്ക് ഊഹിക്കാൻ കഴിയുന്നതേയുള്ളൂ. ഇത്തരം സ്ത്രീകൾ കേരളത്തിൽ വളരെ ചെറിയൊരു ശതമാനം മാത്രമേയുണ്ടാകുകയുള്ളൂ. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ഈ വിഭാഗത്തിൽപ്പെടുന്ന വളരെ ചെറിയ ശതമാനമാളുകളേയുള്ളൂ. ഇവരുടെ വീടുകളിലേയ്ക്കൊക്കെ നമ്മൾ നിരവധി തവണ പോകുന്നവരാണ്. ഈ പ്രായത്തിലുള്ള സ്ത്രീകൾ വളരെ ചെറിയ കുട്ടികളുമായി വളരെയധികം സാമ്പത്തിക പ്രതിസന്ധിയനുഭവിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ ഇവർക്ക് ഭരണഘടനാപരമായി ജീവിക്കാനാവശ്യമായ ഒരു കരുത്താണ് ഗവൺമെന്റ് പകർന്നുകൊടുക്കേണ്ടത്. ഈ വിഷയത്തെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ അനുസരിച്ച് പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗം, ഒ.ബി.സി. എന്നീ വിഭാഗങ്ങൾക്കുള്ള ജാതി സംവരണം മാത്രമാണ് നിലവിലുള്ളത്. ഇതുകൂടാതെ അംഗപരിമിതർക്ക് 3% സംവരണം അനുവദിക്കുന്നുണ്ട്. പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ വിധവകൾക്ക് നിശ്ചിത ശതമാനം പ്രത്യേക സംവരണം നൽകുന്നതിന് നയപരമായ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. എന്നാൽ സർക്കാർ സർവ്വീസിലെ നിയമനങ്ങളിൽ വിധവകൾക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

## (3) പ്രതികളെ അറസ്റ്റ് ചെയ്യൽ

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ മണ്ഡലത്തിലെ തിരുമിറ്റക്കോട് പഞ്ചായത്തിലെ ചെരുപ്പൂര് എന്ന പ്രദേശത്ത് ഒരു വീട്ടമ്മയെ ഒരു സംഘമാളുകൾ അയൽപക്കക്കാരും നാട്ടുകാരുമൊക്കെ തന്നെയാണ്, നിരന്തരമായി പീഡിപ്പിച്ച

ഒരു വാർത്ത പുറത്തുവരികയുണ്ടായി. ഞാൻ ഇരയുടെ പേരോ മറ്റു വിശദാംശങ്ങളോ ഇവിടെ പറയുന്നില്ല. അങ്ങേയ്ക്ക് അറിയാവുന്നതാണ്, പോലീസ് റെക്കോർഡ്സിലുള്ളതാണ്. ഏതാണ്ട് 35 വയസ്സുള്ള ഈ സ്ത്രീ മാനസികാസ്വാസ്ഥ്യത്തിന് ചികിത്സ തേടുന്നതും ഡിപ്രഷനുമായി ബന്ധപ്പെട്ട് വർഷങ്ങളായി മരുന്നുകഴിക്കുന്ന ആളുമാണ്. ഇന്റർനെറ്റ് ദുരുപയോഗപ്പെടുത്തി ഒരാൾ ഇവരെ ചൂഷണം ചെയ്യുന്നു. ഇത് നാട്ടിലെ കുറച്ച് ആളുകൾ അറിയുന്നു. അവർ ഇരയുടെ ഭാഗത്തു നിൽക്കാനോ ഈ പ്രശ്നത്തിന് അറുതി വരുത്താനോ ശ്രമിക്കാതെ അവരും ഇവരെ ബ്ലാക്മെയിൽ ചെയ്തുകൊണ്ട് പീഡിപ്പിക്കുന്നു. ഇത് കൂടുതൽ ആളുകൾ അറിയുന്നു. അവരും ഇതേ രീതി തുടരുന്നു. ഇങ്ങനെ പത്ത് പന്ത്രണ്ടോളമാളുകൾ മാനസികരോഗിയായ ഒരു സ്ത്രീയെ മാസങ്ങളോളം പീഡിപ്പിച്ച ഒരു വിഷയമാണ് ഉയർന്നുവന്നിരിക്കുന്നത്. ഈ നോട്ടീസ് ഒരാഴ്ച മുമ്പ് നൽകിയതാണ്. നോട്ടീസ് നൽകുന്ന സമയത്ത് ഏതാണ്ട് പന്ത്രണ്ടോളം പ്രതികളുള്ളതിൽ ഒരാളെ മാത്രമാണ് അറസ്റ്റ് ചെയ്തിരുന്നത്. പല തരത്തിലുള്ള രാഷ്ട്രീയ സമ്മർദ്ദങ്ങളും ഇതുമായി ബന്ധപ്പെട്ടുണ്ടാകാൻ സാധ്യതയുണ്ട്. പക്ഷേ ഇപ്പോൾ കുറച്ച് ആളുകൾകൂടി അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ പ്രതികൾ ബാക്കിയാണ്. അതിൽ ചിലയാളുകൾ വിദേശത്തേയ്ക്ക് കടന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ കേസ് വളരെ ഗുരുതരമായി കൈകാര്യം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രിയാണ് ഇതിന് മറുപടി നൽകുന്നത് എന്നുള്ളതുകൊണ്ട് സാന്ദർഭികമായിട്ട് ഒരു കാര്യം കൂടി അങ്ങയുടെ പരിഗണനയ്ക്കു വേണ്ടി ചൂണ്ടിക്കാണിക്കുകയാണ്. പ്രതിപക്ഷ സമരവുമായി ബന്ധപ്പെട്ട് നിരവധി വിദ്യാർത്ഥി-യുവജന സംഘടനാ നേതാക്കന്മാർ പലതരത്തിലുള്ള ജനാധിപത്യ പ്രതിഷേധങ്ങളുമായി മുന്നോട്ടുപോകുന്നുണ്ട്. കരിങ്കൊടി കാണിക്കുന്നത് വലിയൊരു അപരാധമല്ലെന്ന് താങ്കൾ തന്നെ ഒരിക്കൽ പറയുകയുണ്ടായി. പക്ഷേ താങ്കളുടെ പോലീസ് മറിച്ചൊരു സമീപനമാണ് സ്വീകരിക്കുന്നത്. മലപ്പുറത്തെ യൂത്ത് കോൺഗ്രസ് പ്രസിഡന്റ് റിയാസ് മുക്കോളി അടക്കമുള്ളയാളുകൾ കരിങ്കൊടി കാണിച്ചുവെന്നുള്ള കുറ്റത്തിന് ഇപ്പോഴും മഞ്ചേരി ജയിലിൽ റിമാന്റിലാണ്. ഈ രീതിയിലുള്ള ഒരു സമീപനം താങ്കൾക്കില്ലെന്ന് പറയുമ്പോഴും താങ്കളുടെ കീഴിലുള്ള പോലീസ് ഗുരുതരമായ കേസ് ചാർജ്ജ് ചെയ്ത് റിമാന്റ് ചെയ്യുന്നുണ്ട്. അക്കാര്യം കൂടി അങ്ങ് പരിശോധിക്കണം. പൊതുമുതൽ നശിപ്പിക്കാതെ വളരെ സമാധാനപരമായി സമരം ചെയ്യുന്നയാളുകളെ ഇത്തരത്തിലുള്ള കേസുകളിൽപ്പെടുത്തി റിമാന്റ് ചെയ്യുന്ന പ്രവണത അവസാനിപ്പിക്കാൻ അങ്ങ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, പാലക്കാട് ജില്ലയിലെ ചെരുപ്പൂര് എന്ന സ്ഥലത്ത് താമസിക്കുന്ന മാനസിക രോഗിയായ സ്ത്രീയെ രജീഷ്, മണി, ജംഷീർ, നാസർ, മുത്തു, അബ്ബാസ്, റഹീം, മുസ്തഫ, ആബിദ്, അർഷാദ്, സാജു തുടങ്ങി 11 പേർ 12-7-2016 മുതൽ 24-9-2016 വരെയുള്ള പല ദിവസങ്ങളിൽ ബലാത്സംഗത്തിനിരയാക്കിയ സംഭവത്തിന് ചാലിശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പരാതിക്കാരിയുടെ സഹോദരൻ സ്റ്റേഷനിൽ അറിയിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ 29-9-2016-ന് പരാതിക്കാരിയുടെ കറുകപ്പുത്തുരുള്ള വീട്ടിൽച്ചെന്ന് മൊഴി രേഖപ്പെടുത്തിയശേഷമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസിലെ ഏഴ് പ്രതികളെ അറസ്റ്റ് ചെയ്ത് ഒറ്റപ്പാലം സബ് ജയിലിൽ റിമാന്റ് ചെയ്തിരിക്കുകയാണ്. ഇതിൽ രണ്ടുപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷിച്ചിട്ടുണ്ട്. കേസ് അന്വേഷിക്കുന്നതിന് പട്ടാമ്പി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രതികളെ കണ്ടെത്തുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## (4) ചികിത്സാ ധനസഹായം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ ലക്ഷക്കണക്കിന് രോഗികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിനായി അപേക്ഷ നൽകി കാത്തിരിക്കുകയാണ്. ഇതിൽ ഒരു ലക്ഷത്തോളം രോഗികൾ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിലും തെരഞ്ഞെടുപ്പ് സമയത്തും അപേക്ഷ നൽകി ഇതുവരെ ഒരു മറുപടി പോലും ലഭിക്കാതെ കാത്തിരിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. സെപ്റ്റംബർ 1-ന് മലയാള മനോരമ പത്രത്തിൽ പ്രസിദ്ധീകരിച്ച 'കനിവ് കാട്ടണേ സർക്കാരേ' എന്നുള്ള പംക്തിയിൽ ഇക്കാര്യം വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. ക്യാൻസർ രോഗികൾ, കിഡ്നി രോഗികൾ, കിഡ്നി മാറ്റിവയ്ക്കേണ്ട രോഗികൾ, ഹൃദയ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ തുടങ്ങി പത്തും ഇരുപതും ലക്ഷം രൂപ ചികിത്സയ്ക്കായി ചെലവുവരുന്ന രോഗികൾ ഓപ്പറേഷനും മറ്റും നടക്കുന്നതിനുമുമ്പ് തന്നെ അപേക്ഷ നൽകുകയാണ്. ആവശ്യമായ രേഖകളും കളക്ടറുടെ റിപ്പോർട്ടും സഹിതം അപേക്ഷ നൽകി മാസങ്ങളായിട്ടും അവർക്ക് ധനസഹായം ലഭിച്ചിട്ടില്ലെന്നുമാത്രമല്ല വ്യക്തമായ ഒരു മറുപടി പോലും കിട്ടുന്നില്ല. കോഴിക്കോട് നിന്നുള്ള ഒരപേക്ഷകയുടെ ബന്ധു ദുരിതാശ്വാസ ഫണ്ട് സെല്ലിലേയ്ക്ക് ഫോൺ വിളിച്ചപ്പോൾ കെട്ടികിടക്കുന്ന അപേക്ഷകൾ എടുക്കണമോ വേണ്ടയോയെന്നൊന്നും മുഖ്യമന്ത്രി പറഞ്ഞിട്ടില്ല. പഴയ മുഖ്യമന്ത്രിക്ക് കൊടുത്ത അപേക്ഷയല്ലേ ചിലപ്പോൾ എടുക്കാം എടുക്കാതിരിക്കാം ഏതായാലും നിങ്ങൾ

പുതിയ ഒരു അപേക്ഷ കൂടി കൊടുക്കുന്നതാണ് നല്ലത് എന്നുള്ള മറുപടിയാണ് കിട്ടിയതെന്നാണ് മലയാള മനോരമ പത്രം റിപ്പോർട്ട് ചെയ്തത്. രോഗികൾക്കും രോഗത്തിനും രാഷ്ട്രീയമില്ല. അപേക്ഷയുടെ കാര്യത്തിൽ മുഖ്യമന്ത്രി എന്ത് തീരുമാന മാണെടുക്കാൻ പോകുന്നതെന്നറിയാൻ താൽപ്പര്യമുണ്ട്. അപേക്ഷ കൊടുത്ത രോഗികളിൽ പലരും മരിച്ചുപോയിട്ടുണ്ട്. ഇവർ വീടുംമറ്റും പണയം വച്ച് ചികിത്സ നടത്തിയതിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപയുടെ കട ബാധ്യതയാണ് വന്നിട്ടുള്ളത്. അവസാനം മരിച്ചുപോയതിന്റെ പേരിൽ അവർക്ക് തുക കിട്ടാത്ത അവസ്ഥയുമുണ്ട്. പ്രകോപിതനല്ലാത്ത മുഖ്യമന്ത്രി, അങ്ങേയറ്റം കരുണയും ആർദ്രതയുള്ള മനസ്സിന്റെ ഉടമയുമാണെന്ന് കേട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കനിവ് കാട്ടണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇത്തരം കാര്യങ്ങളൊന്നും രാഷ്ട്രീയമായി കൈകാര്യം ചെയ്യേണ്ടതല്ല. യഥാർത്ഥത്തിലുള്ള പ്രശ്നം ഉന്നയിച്ചാൽ അതിന് പരിഹാരം കാണുന്നതിന് ആർക്കും ഒരു തടസ്സവുമുണ്ടാകില്ല. ബഹുമാന്യനായ ടി. വി. ഇബ്രാഹിമിന് അനുഭവത്തിൽ നിന്ന് ഏതെങ്കിലും ഒരു കാര്യം ചൂണ്ടിക്കാ ണിക്കാൻ കഴിയുമോ? എന്റെ മണ്ഡലത്തിൽ, എനിക്ക് അറിയാവുന്ന ഒരാൾ അപേക്ഷ കൊടുത്തിട്ടും മറുപടിയില്ല നടപടിയുമില്ല എന്നാണ് പറയേണ്ടത്. അതിനുപകരം ഇവിടെ എന്താണ് ചൂണ്ടിക്കാണിച്ചത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അഭ്യർത്ഥിച്ച് മുൻ സർക്കാരിന്റെ കാലത്തും പെരുമാറ്റച്ചട്ടം നിലവിൽ വന്നപ്പോഴുമായി ലഭിച്ച ഏകദേശം 8000 അപേക്ഷകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്നത്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് തുക അനുവദിച്ച് വരികയാണ്. അതിൽ മിക്കവാറും അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ജില്ലാ കളക്ടർമാരുടേത് 2000 രൂപയിൽ നിന്ന് 10000 രൂപയായും റവന്യൂ വകുപ്പുമന്ത്രിയുടേത് 5000 രൂപയിൽ നിന്ന് 25000 രൂപയായും മുഖ്യമന്ത്രിയുടേത് ഒരു ലക്ഷം രൂപയിൽ നിന്ന് മൂന്ന് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൊണ്ട് ബഹുഭൂരിപക്ഷം അപേക്ഷകളും ജില്ലാ കളക്ടർമാരുടെ തലത്തിൽ തന്നെ തീർപ്പാക്കാനും ധനസഹായം വേഗത്തിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. ദുരിതാശ്വാസ സഹായധനം അപേക്ഷകർക്ക് എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത് അങ്ങേയറ്റം സഹതാപമർഹിക്കുന്നവരുടെ കാര്യമാണെന്നതിനാൽ എന്തെങ്കിലും കുറവുകൾ സംഭവിക്കുന്നുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാരിന് യാതൊരു വൈമനസ്യവുമില്ല.

## (5) 'ഓണംകളി' പ്രോത്സാഹിപ്പിക്കൽ

ശ്രീ. ബി. ഡി. ദേവസ്സി : സർ, കേരളത്തിൽ പ്രത്യേകിച്ച് മദ്ധ്യ കേരളത്തിലെ പ്രധാന പ്രാചീന കലകളിലൊന്നായ ഓണംകളി അന്യം നിന്നു പോകാതിരിക്കുന്നതിനും ആയിരക്കണക്കിന് സാധാരണക്കാരായ കലാസ്നേഹികളുടെ ആവേശമായ, അടിസ്ഥാന വർഗ്ഗത്തിന്റെ കലാരൂപമായ ഓണംകളി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിൽ സർക്കാർ തലത്തിൽ യാതൊരു സംവിധാനങ്ങളുമില്ല. ഒരേസമയം അമ്പതോളം പേർ ടീമായി പാട്ടും ചടുലമായ ചുവടുവയ്പ്പുകളുമായി അവതരിപ്പിക്കുന്ന ഓണംകളിയ്ക്കും പുലികളി, വള്ളംകളി എന്നിവയ്ക്ക് നൽകുന്നതുപോലെ സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകി നിലനിർത്തേണ്ടത് അത്യാവശ്യമാണ്. വിവിധ ടീമുകൾ തമ്മിൽ നടക്കുന്ന ഓണംകളി മത്സരങ്ങൾ ഓണക്കാലത്ത് തൃശ്ശൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നല്ല രീതിയിൽ നടത്തിവരുന്നുണ്ട്. വലിയ സാമ്പത്തിക ബാധ്യത വരുന്ന ഓണംകളി മത്സരത്തിന്റെ സംഘാടനത്തിനും മാസങ്ങളോളം നീണ്ടുനിൽക്കുന്ന പരിശീലനത്തിനും സാമ്പത്തിക സഹായമനുവദിക്കേണ്ടതുണ്ട്. നിർദ്ദിഷ്ട കലാഭവൻ മണി സ്മാരകം ചാലക്കുടിയിൽ യാഥാർത്ഥ്യമാകുമ്പോൾ ആയത് ഫോക്‌ലോർ അക്കാദമിയുടെ കീഴിൽ നാടൻ പാട്ടുകളുടെ ഗവേഷണ പഠന കേന്ദ്രമാക്കി മാറ്റുന്നതിനും നാടൻ പാട്ടിനും ഓണപ്പാട്ടിനും പുതുജീവൻ നൽകിയ അനുഗ്രഹീത കലാകാരൻ കലാഭവൻ മണിയുടെ നാമധേയത്തിൽ ഒരു പുരസ്കാരം ഏർപ്പെടുത്തി ഓണംകളിക്ക് സംസ്ഥാന തലത്തിൽ മത്സരം സംഘടിപ്പിക്കുന്നതിനും ഓണം കളിയെ സർക്കാർ അംഗീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സംസ്ഥാനത്ത് വിശേഷിച്ച് മദ്ധ്യ കേരളത്തിൽ അന്യംനിന്നുപോകുന്ന ഒരു പ്രാചീന കലാരൂപമായ ഓണംകളിയെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള കേരള ഫോക്‌ലോർ അക്കാദമി മുഖേന പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. പുലികളി, വള്ളംകളി തുടങ്ങിയ കലാരൂപങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്ന മാതൃകയിൽ ഒരു ടീമിൽ 50-ഓളം പേർ ഒന്നിച്ച് പങ്കെടുക്കുന്ന ഓണംകളി നിലനിർത്തുന്നതിനായി ഗ്രാന്റ് അനുവദിക്കുന്നത് കേരള ഫോക്‌ലോർ അക്കാദമി മുഖേന പരിശോധിക്കുന്നതാണ്. ചാലക്കുടിയിൽ അനുവദിച്ച കലാഭവൻ മണി സ്മാരകം 50 ലക്ഷം രൂപയുടേതാണ്. അത് ഫോക്‌ലോർ അക്കാദമിക്ക്

കീഴിൽ ഒരു ഉപകേന്ദ്രമാക്കി മാറ്റുന്നതിനും നാടൻ പാട്ട്, ഓണംകളിപാട്ട് എന്നിവയുടെ രചയിതാവും ഗായകനും നടനുമായ കലാഭവൻ മണിയുടെ പേരിൽ സംസ്ഥാനതല ഓണംകളി മത്സരം നടത്താൻ സാമ്പത്തിക സഹായം നൽകുന്നതിനും കേരള ഫോക്‌ലോർ അക്കാദമി മുഖേന നടപടികൾ സ്വീകരിക്കുന്നതാണ്.

### (6) മാന്വൽ ഡ്രെഡ്ജിംഗ്

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, പോർട്ടുകളുമായി ബന്ധപ്പെട്ട് മണൽ എടുക്കുന്ന വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. ബേപ്പൂർ പോർട്ടിലെ നദിയിൽ നിന്ന് 2012 മുതൽ മണൽ ഡ്രെഡ്ജിംഗ് തുടങ്ങിയതാണ്. കോർപ്പറേഷനും പഞ്ചായത്തുകളും അന്ന് പ്രവർത്തിച്ചുകൊണ്ടിരുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മണൽ അനുവദിച്ചിരുന്നു. പ്രസ്തുത സ്ഥാപനം പരമ്പരാഗതമായി ഡ്രെഡ്ജിംഗ് നടത്തുന്ന ആളുകളെ വച്ച് നല്ല നിലയിൽ പോർട്ടിന്റെ വ്യവസ്ഥകളെല്ലാം പാലിച്ചുകൊണ്ട് ഡ്രെഡ്ജിംഗ് നടത്തിവന്നിരുന്നതാണ്. പഞ്ചായത്ത്/കോർപ്പറേഷൻ മെമ്പർമാരുടെ അറിവോടുകൂടി അവരുടെ നിർദ്ദേശപ്രകാരം ആവശ്യക്കാരെ കണ്ടുപിടിച്ച് വളരെ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. എന്നാൽ ജി.ഒ.(എംഎസ്.) നമ്പർ 54/2013 പ്രകാരം 16-8-2013-ൽ സർക്കാർ ഒരു ഉത്തരവിറക്കി. ഈ ഉത്തരവ് മണൽ മാഫിയകൾ ഈ പ്രവർത്തനത്തിൽ കടന്നുകൂടാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും വ്യവസ്ഥാപിതമായി പ്രവർത്തിച്ച ലേബർ കോൺട്രാക്ട് സൊസൈറ്റികളേയും ഇതിൽ നിന്ന് ഒഴിവാക്കുന്നതിനും ഇടയാക്കി. കോഴിക്കോട്ടുള്ള അന്നത്തെ ജില്ലാ കളക്ടറെ ലോറിയിടിച്ച് കൊല്ലാൻ ശ്രമിച്ച മണൽ മാഫിയകളുടെ ബിനാമികൾ ചേർന്നാണ് ഇപ്പോൾ സൊസൈറ്റി നടത്തിക്കൊണ്ടിരിക്കുന്നത്. മാഫിയകളുടെ ബിനാമി സൊസൈറ്റികളൊന്നും ശരിയായ രീതിയിൽ ഉണ്ടാക്കിയതല്ല. മാഫിയകൾക്കുവേണ്ടി സൊസൈറ്റി രൂപീകരിക്കാനുള്ള അവസരം സൃഷ്ടിച്ചുകൊണ്ട് 2013-ൽ ഇറക്കിയ ഉത്തരവ് റദ്ദ് ചെയ്ത് പഴയതുപോലെ പോർട്ടുമായി ബന്ധപ്പെട്ട് നിൽക്കുന്ന പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മണൽ കൊടുക്കുകയും ശരിയായ നിലയിൽ ആവശ്യക്കാർക്ക് മണൽ കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. ജില്ലാ കളക്ടർമാർപോലും മണൽ മാഫിയ

സംഘത്തിന്റെ അതിക്രമങ്ങൾക്ക് വിധേയമായ പൂർവ്വകാല അനുഭവങ്ങൾ പറഞ്ഞത് സംഭവിച്ച കാര്യങ്ങളാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് മണൽ മാഫിയ സംഘത്തിന്റെ അഴിഞ്ഞാട്ടം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റുകാര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി നയരൂപീകരണം നടത്തേണ്ടത് ആവശ്യമാണ്. സഹകരണ സംഘങ്ങൾക്ക് പഴയതുപോലെ മണൽ വാരുന്നതിന് അനുമതി നൽകാൻ പ്രയാസമുണ്ട്. മണൽ വാരൽ മാത്രമല്ല കപ്പൽ ചാനലുകളിലെ ചെളി നീക്കം ചെയ്യലാണ് പ്രധാനപ്പെട്ട പ്രശ്നം. തുറമുഖത്തിന്റെ ആഴം കൂട്ടുന്നതിനാണ് ഡ്രെഡ്ജിംഗ് നടത്തുന്നത്. ഡ്രെഡ്ജിംഗ് രണ്ട് രീതിയിൽ നടക്കുന്നുണ്ട്. ഒന്ന്, വിവിധ യന്ത്രോപകരണങ്ങളുടെ സഹായത്തോടെ നടത്തുന്ന മെക്കാനിക്കൽ ഡ്രെഡ്ജിംഗ്. രണ്ട്, തൊഴിലാളികളെ ഉപയോഗിച്ച് നടത്തുന്ന മാന്വൽ ഡ്രെഡ്ജിംഗ്. മെക്കാനിക്കൽ ഡ്രെഡ്ജിംഗ് നടത്തുമ്പോൾ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുകയും മാന്വൽ ഡ്രെഡ്ജിംഗ് നടത്തുമ്പോൾ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് വരുമാനം ലഭിക്കുകയും ചെയ്യും. ആദ്യകാലങ്ങളിൽ തദ്ദേശീയരാൽ രൂപീകൃതമായ ചെറു സംഘങ്ങളും വ്യക്തികളുമാണ് മാന്വൽ ഡ്രെഡ്ജിംഗ് നടത്തിയിരുന്നത്. അഴീക്കൽ തുറമുഖത്തിൽ മാത്രം ഏകദേശം 123 ലൈസൻസുകളാണ് മാന്വൽ ഡ്രെഡ്ജിംഗിനായി അന്ന് നൽകിയത്. 2006-07 കാലഘട്ടത്തിലാണ് വ്യക്തിഗത ലൈസൻസുകൾ റദ്ദാക്കി സൊസൈറ്റികൾക്ക് ലൈസൻസ് നൽകുന്ന രീതി തുടങ്ങിയത്. 1969-ലെ സഹകരണ നിയമപ്രകാരം ലിസ്റ്റ് ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾക്ക് മാത്രമേ മാനുവൽ ഡ്രെഡ്ജിംഗിനുള്ള അനുമതിയുണ്ടാകൂ എന്നുള്ള നിബന്ധനയോടെ 18-3-2010-ൽ 17/2010 നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ മാന്വൽ ഡ്രെഡ്ജിംഗിൽ ഏർപ്പെടുന്ന സഹകരണ സംഘങ്ങൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളെ സംബന്ധിച്ച് പറഞ്ഞിരുന്നു. മാന്വൽ ഡ്രെഡ്ജിംഗിന്റേയും ഡ്രെഡ്ജ് ചെയ്ത പദാർത്ഥങ്ങളുടെ വിതരണത്തേയും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനാണ് തുറമുഖ വകുപ്പ് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്തിയത്. മാന്വൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച് വീണ്ടും പരാതികൾ വന്നതിന്റെയടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പരിഗണിക്കുന്നതിന് ഇതുസംബന്ധിച്ച ഒരു നയം രൂപീകരിക്കുന്നതിനായി കോടതി നിർദ്ദേശമനുസരിച്ച് മാന്വൽ ഡ്രെഡ്ജിംഗിൽ ഏർപ്പെട്ടിരിക്കുന്ന സൊസൈറ്റികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നു. വകുപ്പുതലയോഗം ചേർന്ന് മാന്വൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച നയരൂപീകരണത്തിൽ അന്തിമ തീരുമാനമെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൊന്നാനി പോർട്ടുമായി ബന്ധപ്പെട്ട് അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ തുടർന്നും നടത്തുന്നതാണെന്നാണ് ഇക്കാര്യത്തെക്കുറിച്ച് എനിക്ക് സഭയെ അറിയിക്കാനുള്ളത്.

## (7) സർക്കാർ ഗേൾസ് ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കാക്കനാട് ഗവൺമെന്റ് ഗേൾസ് ചിൽഡ്രൻസ് ഹോമിലെ ഇരുപതോളം കുട്ടികൾ 13-6-2016-ൽ താമസിക്കുന്ന കെട്ടിടത്തിന്റെ മുകളിൽ കയറി ആത്മഹത്യാഭീഷണി മുഴക്കുകയുണ്ടായി. അവർ കെട്ടിടത്തിന്റെ മുകളിൽ കയറിയതിനുശേഷം കോണി എടുത്തുമാറ്റുകയുണ്ടായി. ജില്ലാ കളക്ടറും മുനിസിപ്പൽ ചെയർപേഴ്സണും ഞങ്ങളുമൊക്കെ മൂന്നുനാല് മണിക്കൂർ ചർച്ച നടത്തിയതിനുശേഷം അവരെ അനുനയിപ്പിച്ച് താഴെയിറക്കുകയാണുണ്ടായത്. വീട്ടിൽ പോകണമെന്നതാണ് അവർ പ്രധാനമായും ഉന്നയിച്ച ആവശ്യം. അതിനുവേണ്ടി വീട്ടുകാരുമായി ബന്ധപ്പെട്ടപ്പോൾ പലരും അവരെ കൊണ്ടുപോകാൻ തയ്യാറല്ല. രണ്ടാമത്തെ കാര്യം, ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നുള്ളതാണ്. ഇവരുമായി വിശദമായി ചർച്ച നടത്തിയപ്പോൾ ആ സ്ഥാപനത്തിലെ നിലവിലെ സ്ഥിതി വളരെ മോശമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ജൂലൈ മാസം മുതൽ അവിടെ സൂപ്രണ്ട് ഇല്ല. സൂപ്രണ്ട് ഈ സ്ഥാപനത്തിൽ താമസിക്കണമെന്നാണ് നിയമം. ഈ സ്ഥാപനം തുടങ്ങിയ അന്നുമുതൽ ഡെപ്യൂട്ടി സൂപ്രണ്ടിനെ നിയമിച്ചിട്ടില്ല. ഒരു പാർട്ട്ടൈം നഴ്സ്, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, ചൈൽഡ് ഇൻസ്പെക്ടർ എന്നിവർ വേണ്ടതാണ്. അവരാരും അവിടെയില്ല. ഇല്ലായ്മകളുടെ വലിയൊരു കണക്കാണ് അവിടെനിന്നും കേൾക്കാൻ കഴിയുന്നത്. ഒരു നാഥനില്ലാ കളരിയായി ആ സ്ഥാപനം മാറിയിരിക്കുകയാണ്. ഇത് പുതിയ മന്ത്രിയുടെ ഉത്തരവാദിത്വമാണെന്നൊന്നും ഞാൻ പറയുന്നില്ല. കേരളത്തിലെ പല സ്ഥാപനങ്ങളും ഇതുപോലെയാണ് നടക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ ചിൽഡ്രൻസ് ഹോമിന് തൊട്ടടുത്തുതന്നെ കുട്ടിക്കുറ്റവാളികളെ താമസിപ്പിക്കുന്ന ഒരു ഒബ്സർവേഷൻ ഹോം ഉണ്ട്. ഈ രണ്ട് സ്ഥാപനങ്ങളും അങ്ങോട്ടുമിങ്ങോട്ടും വിളിച്ചാൽ വിളികേൾക്കാവുന്ന അകലത്തിലാണ് സ്ഥിതിചെയ്യുന്നത്. ആ ഒബ്സർവേഷൻ ഹോം അടിയന്തരമായി അവിടെനിന്നും മാറ്റി സ്ഥാപിക്കുന്നതിനുള്ള ചില നടപടികളൊക്കെ നേരത്തെ ആരംഭിച്ചതിന്റെ ഫലമായി അവിടെ കെട്ടിടം പണിയൊക്കെ നടക്കുന്നുണ്ട്. ഈ രണ്ട് കെട്ടിടത്തിന്റെയും പണി വളരെ സാവധാനത്തിലാണ് നീങ്ങുന്നത്. കഴിഞ്ഞ ദിവസം ഞങ്ങൾ വീണ്ടും യോഗം കൂടിയിരുന്നു. അടിയന്തരമായി ഗവൺമെന്റ് ഗേൾസ് ചിൽഡ്രൻസ് ഹോമിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവിടത്തെ ജീവനക്കാർക്ക് ഇൻസർവ്വീസ് കോഴ്സ് നൽകുന്നതിനും അവർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ കൃത്യസമയത്ത് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ചിൽഡ്രൻസ് ഹോമിൽ ഇത്തരത്തിലുള്ള പ്രശ്നം നടക്കുന്നുവെന്ന വാർത്ത മാധ്യമങ്ങളിലൂടെയാണ് ഞാൻ ആദ്യമായി അറിയുന്നത്. അപ്പോൾത്തന്നെ എറണാകുളം ജില്ലാ കളക്ടറെ വിളിക്കുകയും കളക്ടർ അവരുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെ പ്രയാസപ്പെട്ടാണ് എല്ലാവരും ചേർന്ന് ഈ കുട്ടികളെ താഴെയിറക്കി അല്പമെങ്കിലും ശാന്തരാക്കിയത്. ഇത്തരം സ്ഥാപനങ്ങളെല്ലാം ഇപ്പോൾ എത്രമാത്രം അരക്ഷിതമായിട്ടാണ് നിൽക്കുന്നത് എന്നുള്ളതിന്റെ സൂചന കൂടിയാണിത്. കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയവും സംസ്ഥാന സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നതാണ് ഈ സ്ഥാപനം. സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിലാണ് ഈ ഹോം പ്രവർത്തിക്കുന്നത്. ഇവിടെ 100 കുട്ടികളെ സംരക്ഷിക്കാനുള്ള അനുവാദമാണുള്ളത്. നിലവിൽ 73 കുട്ടികളാണ് ഈ സ്ഥാപനത്തിലുള്ളത്. അതിൽ 30 കുട്ടികൾ വിവിധ ബോർഡിംഗ് ഹോമുകളിലും മറ്റും താമസിച്ച് വിദ്യാഭ്യാസം നടത്തിവരുന്നുണ്ട്. 18 കുട്ടികൾ അവധിയെടുത്ത് അവരവരുടെ വീടുകളിൽ പോയിരിക്കുന്നു. ബാക്കി 25 കുട്ടികളാണ് ഇപ്പോൾ ഈ സ്ഥാപനത്തിലുള്ളത്. ഇതിൽ 17 കുട്ടികൾ ഹോമിൽനിന്നും ദിവസേന സ്കൂളിൽ പോയി പഠനം നടത്തുന്നവരാണ്. ഇവർക്ക് പ്രത്യേക ശ്രദ്ധയും സംരക്ഷണവും ആവശ്യമുണ്ട്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ച പ്രകാരം ഒരു കുട്ടിക്ക് പ്രതിമാസം 2000 രൂപയെന്ന നിരക്കിൽ ദൈനംദിന ചെലവുകൾക്കുള്ള തുക അനുവദിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ഹോമിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന തുകയുടെ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. ഇതിനുപുറമെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ചെലവുകൾ, വൈദ്യസഹായത്തിനുള്ള ചെലവുകൾ എന്നിവ സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നുണ്ട്. സ്ഥാപനത്തിൽ ഡീ-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതി പ്രകാരം പഠിക്കുന്ന കുട്ടികൾക്കുള്ള ഫീസ്, മറ്റ് അനുബന്ധ ചെലവുകൾ, ട്യൂഷൻ ഫീസ് എന്നിവ ഐ.സി.പി.എസ്.ന്റെ സംസ്ഥാന ഫണ്ടിൽനിന്നും അനുവദിച്ചുവരികയാണ്. കുട്ടികൾക്കാവശ്യമായ വസ്ത്രങ്ങൾ, ഫർണിച്ചറുകൾ, പഠന സാമഗ്രികൾ എന്നിവയ്ക്കാവശ്യമായ തുക ഐ.സി.പി.എസ്. ഓഫീസിൽനിന്നും അനുവദിക്കുന്നുണ്ട്. വിവിധ പ്രശ്നങ്ങളിൽപ്പെട്ട് ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളാണ് ഈ സ്ഥാപനത്തിൽ താമസിച്ചുവരുന്നത്. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരമാണ് കുട്ടികളെ സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്നത്. പല കുട്ടികളും പീഡനത്തിനിരയായവരാണ്. കുട്ടികളുന്നയിക്കുന്ന പ്രധാന ആവശ്യം

അവർക്ക് സ്വന്തം വീടുകളിൽ പോകണമെന്നാണ്. വളരെ ഹൃദയഭേദകമായിട്ടുള്ള ഒരനുഭവമാണിത്. അവർക്ക് വീടുകളിൽ പോകണം രക്ഷിതാക്കളുടെകൂടെ താമസിക്കണം എന്ന് വല്ലാത്ത ആഗ്രഹമുണ്ട്. പക്ഷേ മാതാപിതാക്കൾ അവരെ സ്വന്തം വീടുകളിൽ കൊണ്ടുപോകാൻ താല്പര്യപ്പെടുന്നില്ല. പുതിയ തലമുറയിലെ കുട്ടികൾ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെ ദുഃഖകരമായ സൂചനയാണിത്. അതിന്റെ മാനസികാസ്വസ്ഥതയും സംഘർഷവും ഈ കുട്ടികൾ അനുഭവിക്കുകയാണ്. അതുകൊണ്ട് ഇവരുടെ മാനസിക സംഘർഷത്തിന് അയവുവരുത്താനുള്ള കൗൺസിലിംഗും മറ്റും നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ ഒരു റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചിൽഡ്രൻസ് ഹോമുകളിലെല്ലാം സ്റ്റാഫ് വളരെ കുറവാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഇവിടെ മാത്രമല്ല മറ്റ് ചിൽഡ്രൻസ് ഹോമുകളിലും ഈ പ്രശ്നമുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുമായി ഇന്നലെ ഞാൻ ഇക്കാര്യം ചർച്ച ചെയ്തു. ഇത്തരം ഹോമുകളിൽ പലതിലും സൂപ്രണ്ടുമാരില്ലെന്നുള്ളതാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സൂപ്രണ്ടിന് താഴെയുള്ള തസ്തികകളില്ല, ആവശ്യമായ വാർഡനില്ല. നിരവധി പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ചിലയിടത്ത് പോസ്റ്റ് ക്രിയേഷനും പോസ്റ്റുള്ള സ്ഥലത്ത് നിയമനവും നടന്നിട്ടില്ല. ഏതെങ്കിലുമൊരു ആളിന്റെ നേതൃത്വത്തിൽ ഇത്തരം സ്ഥാപനങ്ങൾ നടന്നുപോകുകയാണ് എന്നുള്ളതാണ് ദു:ഖകരമായ വസ്തുത. അതുകൊണ്ട് ചിൽഡ്രൻസ് ഹോമിൽ സൂപ്രണ്ടിന്റേയും ഡെപ്യൂട്ടി സൂപ്രണ്ടിന്റേയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാർട്ട്ടൈം സൈക്കോളജിസ്റ്റ്, കൗൺസിലർ എന്നിവരുടെ സേവനം ഉടനെ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവിടെ കുട്ടികളെ താമസിപ്പിക്കുന്നതിന് സ്ഥലപരിമിതിയുണ്ട്. ഇത് പരിഹരിക്കുന്നതിന് ഈ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകളിലത്തെ നിലയുടെ നിർമ്മാണ ജോലികൾ വേഗതയിലാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെയും ഇതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളുടെയും പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനുള്ള അടിയന്തര നിർദ്ദേശം വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്.

### (8) ടോൾ പിരിവ്

ശ്രീ. അനൂപ് ജേക്കബ്: സർ, ടോൾ പിരിവ് നിർത്തലാക്കുന്നതിന് ഗവൺമെന്റ് ഒരു സമീപനം സ്വീകരിക്കുന്നു എന്നുള്ളത് ഏറെ സ്വാഗതാർഹമാണ്. എന്റെ നിയോജകമണ്ഡലത്തിൽ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ തിരുവാങ്കുളം പ്രദേശത്ത് ചിത്രപ്പുഴ പാലത്തിലും തൃപ്പൂണിത്തുറ റെയിൽവേ ഓവർ ബ്രിഡ്ജിലും

ടോൾ പിരിക്കുന്നുണ്ട്. സീ പോർട്ട്-എയർ പോർട്ട് റോഡിൽ 20 വർഷമായി ടോൾ പിരിവ് നടക്കുന്നു. തൃപ്പൂണിത്തുറ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മിതിക്കാവശ്യമായ തുകയ്ക്ക് അന്ന് റിഫൈനറിയുടെ ധനസഹായവുമുണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ രണ്ട് പാലങ്ങളുടെയും നിർമ്മിതിക്കാവശ്യമായതിലും കൂടുതൽ തുക ടോൾ ഇനത്തിൽ ലഭിച്ചു എന്നുള്ള വിവരം വിവരാവകാശ നിയമപ്രകാരം ലഭ്യമായിട്ടുള്ളതാണ്. ഇത് ആർ.ബി.ഡി.സി.കെ.-യുടേതാണെന്നാണ് അറിയാൻ കഴിഞ്ഞത്. ചിത്രപ്പുഴ പാലത്തിന്റെയും ഇരുമ്പനം റെയിൽവേ ഓവർ ബ്രിഡ്ജിന്റെയും ടോൾ പിരിവ് നിർത്തലാക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. തേവര-കുണ്ടന്നൂർ പാലത്തിന്റെ ടോൾ പിരിവും തൃപ്പൂണിത്തുറ മിനി ബൈപ്പാസിന്റെ ടോൾ പിരിവും നിർത്തലാക്കി. അതിനേക്കാൾ വളരെ മുമ്പേ ഇവിടെ ടോൾ പിരിവ് ആരംഭിച്ചതാണ്. അതുകൊണ്ട് പ്രയോറിറ്റിയനുസരിച്ച് ഈ രണ്ട് ടോൾ പിരിവുകളും പിൻവലിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കൊച്ചി-മധുര ദേശീയപാതയിൽ എസ്.എൻ. ജംഗ്ഷനിലെയും ഇരുമ്പനത്തെയും റെയിൽവേ മേൽപ്പാലം, സീപോർട്ട്-എയർപോർട്ട് റോഡ് എന്നിവയുടെ നിർമ്മാണത്തിന് കേരള സർക്കാർ 17-12-2014-ൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തി. റോഡ് ഫണ്ട് ആക്ട് പ്രകാരം ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കടമെടുത്താണ് നിർമ്മാണം നടത്തിയത്. ഈ മേൽപ്പാലങ്ങളുടെയും സീപോർട്ട്-എയർപോർട്ട് ഹൈവേയുടെയും നിർമ്മാണച്ചെലവ് 34,27,66,501 രൂപയാണ്. നിലവിലുള്ള നിയമപ്രകാരം പി.ഡബ്ല്യു.ഡി., കെ.ആർ.എഫ്.ബി., ആർ.ബി.ഡി.സി.കെ. എന്നിവ ചേർന്ന് 2004 ഡിസംബർ 17-നാണ് എഗ്രിമെന്റ് ഒപ്പുവച്ചത്. വായ്പത്തുക പലിശസഹിതം അടയ്ക്കേണ്ടത് 15 വർഷമാണ്. അതായത് 2019-ലാണ് കാലാവധി അവസാനിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ 20 വർഷമായി നിലനില്ക്കുന്നുവെന്നുപറഞ്ഞത് ശരിയല്ല. 2004-ലാണ് ഇത് ഒപ്പുവച്ചത്. 2019-ലാണ് കാലാവധി അവസാനിക്കുന്നത്. ആർ.ബി.ഡി.സി.കെ. നിർമ്മിക്കുന്ന എല്ലാ റെയിൽവേ മേൽപ്പാലങ്ങൾക്കും ടോൾ പിരിക്കുന്നതിന് ആദ്യകാലം മുതൽക്കേ നിയമപ്രകാരം അവരെ ചുമതലപ്പെടുത്തിയിരുന്നു. ഇരുമ്പനം റെയിൽവേ മേൽപ്പാലം, സീപോർട്ട്-എയർപോർട്ട് റോഡ്, തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ റെയിൽവേ മേൽപ്പാലം എന്നീ മൂന്ന് പദ്ധതികൾക്കാണ് പാക്കേജായി ടോൾ പിരിക്കുന്നത്. ചിത്രപ്പുഴ പാലത്തിനുവേണ്ടി മാത്രമായി പിരിക്കുന്നില്ലെന്നാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ നിലപാട്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ടോൾ പിരിവുകൾ പ്രോത്സാഹിപ്പിക്കുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ദേശീയ പാതയിലുള്ള നാല് ടോളുകളും കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ച് നിർത്തലാ

ക്കിയിരിക്കുകയാണ്. കൂടാതെ എം.എൽ.എ. ശ്രീ. എം. സ്വരാജിന്റെ അഭ്യർത്ഥനപ്രകാരം വിളിച്ചുകൂട്ടിയ യോഗത്തിൽവച്ച് തൃപ്പൂണിത്തുറ മണ്ഡലത്തിലെ പി.ഡബ്ള്യു.ഡി.-യുടെ ഒരു ടോളും അവസാനിപ്പിക്കുകയുണ്ടായി. ഇത് കേന്ദ്രഗവൺമെന്റിന്റേതല്ല. സംസ്ഥാന ഗവൺമെന്റിന്റെ പി.ഡബ്ല്യൂ.ഡി.-യുടെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മാത്രമാണ് ആർ.ബി.ഡി.സി.കെ. ഇത് അവർ ഒപ്പുവച്ചിട്ടുള്ളതാണ്. ഇതിനകത്തുള്ള ഒരു പ്രശ്നം 2004-ലാണ് എഗ്രിമെന്റ് ഒപ്പുവച്ചത്. ഈ കരാറുകാരന് എത്ര പൈസ കിട്ടിയെന്ന് അറിയേണ്ടതായിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യിൽ അടയ്ക്കേണ്ട പൈസ മാത്രം അടച്ചുകൊണ്ടിരിക്കുകയാണ്. 34 ലക്ഷം രൂപ ആകെ അടയ്ക്കാനുള്ളതിൽ ഇതുവരെ 27 ലക്ഷം രൂപ അടച്ചിട്ടുണ്ട്. ബാക്കി 7 ലക്ഷം രൂപ മാത്രമേയുള്ളൂ. അതുകഴിഞ്ഞുള്ളത് കരാറുകാരൻ എടുക്കുകയാണ്. അതുകൊണ്ട് ഈ കരാറിന്റെ വിശദമായ വശങ്ങളെപ്പറ്റി ഗവൺമെന്റ് അന്വേഷിക്കാൻ പോകുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം അയാൾക്ക് വലിയ തുക കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ഇവിടെ എനിക്ക് പ്രഖ്യാപിക്കാനുള്ളത് കേരളപ്പിറവിയുടെ തലേദിവസം രാത്രി അതായത് 2016 ഒക്ടോബർ 31-ഓടുകൂടി ഈ പറയുന്ന ടോൾ പിരിവ് നിർത്തലാക്കും.

## (9) പ്ലസ് ടു സ്കൂളുകൾ അനുവദിക്കൽ

ശ്രീ. സി. ദിവാകരൻ: സർ, വളരെ ദാരുണമായ ഒരനുഭവമാണ് എന്റെ മണ്ഡലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയെന്നത് നമ്മുടെ എല്ലാവരുടെയും ലക്ഷ്യമാണ്. നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങുന്ന കുട്ടികൾക്കുപോലും പ്ലസ് വൺ-ലും പ്ലസ് ടു-വിലും തുടർന്നുപഠിക്കാൻ സാധിക്കുന്നില്ല. 18-ൽപരം ഹൈസ്കൂളുകളുള്ളതിൽ പാസ്സാകുന്ന 50 ശതമാനം കുട്ടികൾക്കുപോലും ഉപരിപഠനത്തിന് (പ്ലസ് വൺ) അഡ്മിഷൻ കിട്ടുന്നില്ല. വിദ്യാഭ്യാസ സൗകര്യങ്ങൾ നിഷേധിക്കുന്ന ഒരവസ്ഥ ഒരു മണ്ഡലത്തിൽ ഉണ്ടാകാമോ; എല്ലാവരും നന്നായി പഠിക്കണം, നന്നാകണം എന്നുപറയുമ്പോൾ ഭരണഘടനയുടെ ലംഘനമാണ് ഇവിടെ നടക്കുന്നത്. ഇവരെ പഠിക്കാൻ അനുവദിക്കുന്നില്ല; അഡ്മിഷൻ കൊടുക്കുന്നില്ല; പ്ലസ് വൺ-ന് പഠിക്കാൻ കഴിയുന്നില്ല. എല്ലാ കുട്ടികളും പ്രൈവറ്റ് മേഖലയിലേയ്ക്ക് പോകുകയാണ്. ഗവൺമെന്റ് ഇവർക്ക് പഠിക്കാനുള്ള സംവിധാനമുണ്ടാക്കണം. കുട്ടികളെ കൂട്ടത്തോടെ പ്രൈവറ്റ് മേഖലയിലേയ്ക്ക് അയയ്ക്കുന്നത് എന്തിനാണ്? പ്ലസ് വൺ ഇല്ലാത്ത സ്ഥലങ്ങളിൽ പ്ലസ് വൺ സ്കൂളുകൾ അനുവദിക്കണം, സ്റ്റാഫിന്റെ കുറവുണ്ടെങ്കിൽ പരിശോധിക്കണം. ഒന്നുകിൽ ഹൈസ്കൂളിൽ നിന്ന് പാസ്സാകുന്നവർക്ക് തൊട്ടടുത്തുള്ള ഹയർ സെക്കണ്ടറി സ്കൂളിൽ അഡ്മിഷൻ നൽകാനുള്ള അനുവാദം കൊടുക്കണം അല്ലെങ്കിൽ അതിനാവശ്യമായിട്ടുള്ള സൗകര്യം ചെയ്തു കൊടുക്കണം. ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സയൻസ് വിഷയങ്ങൾക്ക് 1380, ഹ്യൂമാനിറ്റീസിന് 830, കൊമേഴ്സിന് 340 എന്നിങ്ങനെ ആകെ 2550 സീറ്റുകളാണുള്ളത്. ഈ വർഷത്തെ പ്ലസ് വൺ പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയായപ്പോൾ ഈ സ്കൂളിൽ 282 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഈ സ്കൂളിലുൾപ്പെടെ തിരുവനന്തപുരം ജില്ലയിൽ 2532 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇതിന് പുറമേ വിദ്യാർത്ഥികൾക്ക് വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.ടി.ഐ, ഐ.ടി.സി., പോളിടെക്നിക്ക് എന്നിവിടങ്ങളിലും പ്രവേശനം തേടാവുന്നതാണ്. ഏതെങ്കിലും വിദ്യാർത്ഥിക്ക് പ്ലസ് വൺ പ്രവേശനം ലഭ്യമായിട്ടില്ലെങ്കിൽ അവർക്ക് ഓപ്പൺ സ്കൂൾ മുഖാന്തരം പഠനത്തിനുള്ള സൗകര്യം സർക്കാർ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളോ ബാച്ചുകളോ അനുവദിക്കാൻ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായ രീതിയിൽ കണക്കാക്കിയശേഷം ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 2373, ഒമ്പതാം സമ്മേളനത്തിലെ 3801, പതിമൂന്നാം സമ്മേളനത്തിലെ 2208, പതിനാറാം സമ്മേളനത്തിലെ 99, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 290, 1542, 1565 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VI റിപ്പോർട്ട് സമർപ്പണം

### സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 1-4-2015 മുതൽ 31-3-2016 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VII ധനകാര്യം

## 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17 | | | | | | | | |
|---|---|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-07-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XX | ശുദ്ധജല വിതരണവും ശുചീകരണവും | 281,62,23,000 | 188,15,33,000 | 211,21,67,000 | 141,11,50,000 | 352,02,79,000 | 235,19,17,000 | 587,21,96,000 |
| XXXVIII | ജലസേചനം | 133,72,31,000 | 110,36,34,000 | 100,29,23,000 | 82,77,26,000 | 167,15,38,000 | 137,95,43,000 | 305,10,81,000 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: രണ്ട് ധനാഭ്യർത്ഥനകളേയും സംബന്ധിച്ചുള്ള ചർച്ചകൾ ഒന്നിച്ചുനടത്താവുന്നതാണ്. ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XX**

**ശുദ്ധജലവിതരണവും ശുചീകരണവും**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തീരപ്രദേശങ്ങളിൽ ശുദ്ധജലവിതരണം ക്രമമായി ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗാർഹിക വാട്ടർ കണക്ഷനുകൾ സമയബന്ധിതമായി നൽകുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ശുദ്ധജലവിതരണം സ്ഥിരമായി തടസ്സപ്പെടുന്നത് ഒഴിവാക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96, 000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാസർഗോഡ് ജില്ലയിലെ പ്രധാന സ്ഥലങ്ങളിൽ ശുദ്ധജലം ഇനിയും ലഭ്യമാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തലസ്ഥാന നഗരാതിർത്തിക്കുള്ളിൽ എല്ലായിടത്തും ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മലിനജലം വിതരണം ചെയ്യുന്നത് തടയാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലവിതരണ പദ്ധതികൾക്കായി വാങ്ങിക്കൂട്ടിയ പൈപ്പുകൾ ഉപയോഗിക്കാതെ പൊതുമരാമത്ത് റോഡുകളിൽ കൂട്ടിയിട്ടിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ശുദ്ധജലവിതരണം കാര്യക്ഷമമായി നടപ്പാക്കാൻ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുവാൻ ക്രിയാത്മക പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി മേഖലകളിൽ ശുദ്ധജല വിതരണ സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ കുടിവെള്ള വിതരണ ശൃംഖലകളിലുള്ള ജലച്ചോർച്ച തടയാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അട്ടപ്പാടി മേഖലയിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ടായിട്ടും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 587,21,96,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. എസ്. ശബരീനാഥൻ
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. അബ്ദുൽ ഹമീദ്. പി.

## ധനാഭ്യർത്ഥന നമ്പർ XXXVIII

## ജലസേചനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഉയർന്ന തോതിലുള്ള ഭൂഗർഭ ജലവിനിയോഗം ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഉയർന്ന മേഖലകളിൽ ശുദ്ധജലം എത്തിക്കുന്നതിലും ഇവിടങ്ങളിൽ തടയണ കെട്ടുന്നതിലും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജനസംഖ്യാ കണക്കനുസരിച്ച് 2025-ൽ സംസ്ഥാനത്ത് ആവശ്യമായി വന്നേക്കാവുന്നത്രയും ജലം കണ്ടെത്താൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നഗരങ്ങളിൽ മഴമൂലം ഉണ്ടാകുന്ന വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മേജർ ജലസേചന പദ്ധതികൾ പുതിയതായി ആരംഭിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ബി. അബ്ദുൾ റസ്സാക്</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് മഴ ശുഷ്ക്കമായ സാഹചര്യത്തിൽ ഡാമുകളിലെ ജലനിരപ്പ് ആശങ്കാജനകമാകുംവിധം കുറയുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പാലക്കാട് ജില്ലയിൽ വരൾച്ചമൂലം കൃഷിനാശം സംഭവിക്കുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അന്തർസംസ്ഥാന നദീജല കരാർ അനുസരിച്ച് സംസ്ഥാനത്തിന് അവകാശപ്പെട്ട വെള്ളം ലഭിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പഴക്കം ചെന്ന ജലസേചന ഡാമുകളുടെ മെയിന്റനൻസ് വൈകുന്നതുമൂലം അവയുടെ പ്രവർത്തനം തകരാറിലായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന കനാലുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം നീരൊഴുക്ക് ഇല്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ചെലവ് ചുരുക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് കീഴിൽ വരുന്ന 4701-80-800-77 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 40,00,00,000 രൂപ 30,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ്

(Dam Rehabilitation and Improvement Project (DRIP)-ന് 2011-12 മുതൽ 2015-16 വരെയുള്ള തുടർച്ചയായ 5 സാമ്പത്തിക വർഷവും വകയിരുത്തിയ തുകയിൽ 10 കോടിയിലധികം തുക മിച്ചം വന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 305,10,81,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനിൽ അക്കര
2. ശ്രീ. എം. ഉമ്മർ
3. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
4. ഡോ. എം. കെ. മുനീർ
5. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
6. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
7. ശ്രീ. പി. ഉബൈദുള്ള

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ)

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ശുദ്ധജല വിതരണം ശുചീകരണം ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഈ വർഷം സംസ്ഥാനത്ത് മഴ 34 ശതമാനം കുറവാണ്. ഭൂഗർഭ ജലത്തിന്റെ അളവും കുറഞ്ഞുവരികയാണ്. കാലാവസ്ഥാ വ്യതിയാനം കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമാക്കി മാറ്റുകയാണ്. നിയമസഭയും സർക്കാരും ഈ വിഷയം വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. വരൾച്ച നേരിടാൻ ഹ്രസ്വ-ദീർഘകാല പരിപാടികൾ നടപ്പിലാക്കണം. കേരളം ജലസമൃദ്ധിയുള്ള നാടാണ്. ചാലിയാർ, ഭാരതപ്പുഴ, പെരിയാർ, പമ്പ എന്നീ നാല് മഹാനദികളുൾപ്പെടെ 44 നദികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. 53 റിസർവ്വോയറുകൾ, 150-ൽപരം തടയണ സംഭരണികൾ, 230 നീരുറവകൾ, 50445 കുളങ്ങൾ, 9 ശുദ്ധജല തടാകങ്ങൾ, 1000-ത്തോളം

ശൃംഗങ്ങൾ, 50 ലക്ഷത്തിലധികം കിണറുകൾ എന്നിവ ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ ശുദ്ധജല സ്രോതസ്സുകൾ. ഇവയെല്ലാം കഠിനമായ പരിസ്ഥിതി സമ്മർദ്ദം നേരിടുന്നു. കുറഞ്ഞുവരുന്ന ജലലഭ്യതയും വർദ്ധിച്ചുവരുന്ന മലിനീകരണവും ജലലഭ്യതയ്ക്ക് വൻ തടസ്സങ്ങളുണ്ടാക്കുന്നു. കേരളത്തിന്റെ വാർഷിക ജലാവശ്യകത 26,800 ദശലക്ഷം ഘനമീറ്റർ ആണെന്നാണ് 2011-ലെ കണക്ക്. 2031 ആകുമ്പോൾ ഇത് നാൽപ്പത്തിനാലായിരം ദശലക്ഷം ഘനമീറ്ററായി വർദ്ധിക്കും. ദേശീയ സാമ്പത്തിക ഗവേഷണ കൗൺസിലിന്റെ ഈ കണക്കുകൾ നമ്മുടെ ജല സമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വെളിപ്പെടുത്തുന്നു. കേരളത്തിലെ 44 നദികളും സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെട്ടുകഴിഞ്ഞുവെന്നാണ് 2015-ൽ പാർലമെന്റ് സമിതി കണ്ടെത്തിയത്. വനനശീകരണം, പുഴയോരങ്ങളിലെ കയ്യേറ്റം, നിയന്ത്രണമില്ലാത്ത മണൽ വാരൽ, ഒഴുക്ക് തടയൽ, കുന്നിടിക്കൽ എന്നിവയാണ് കാരണമായി പാർലമെന്റ് സമിതിതന്നെ വ്യക്തമാക്കിയിട്ടുള്ളത്. നദീതട സംരക്ഷണത്തിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരള സർക്കാർ കാണിക്കുന്ന അതീവ ജാഗ്രതാ നിർദ്ദേശങ്ങളും ഹരിത കേരളം പദ്ധതികളും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയണം. അല്ലെങ്കിൽ വെള്ളത്തിന്റെ പേരിൽ വൻ ദുരന്തങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകും. മഹാരാഷ്ട്രയിലെ ഗോദാവരിതീരം നല്ല ജലസമ്പത്തുള്ള പ്രദേശമായിരുന്നു. എന്നാൽ കടുത്ത വരൾച്ച മഹാരാഷ്ട്രയെ വേട്ടയാടിയപ്പോൾ ഗോദാവരി നദീതടങ്ങളിലെ ഗ്രാമങ്ങളിൽനിന്നും രണ്ടുലക്ഷത്തോളം ആളുകൾ പലായനം ചെയ്ത സംഭവം നമ്മെ ഇരുത്തി ചിന്തിപ്പിക്കണം. ഒരിറ്റ് വെള്ളത്തിനു വേണ്ടി തിക്കിലും തിരക്കിലുംപെട്ട് കുട്ടികളുടെ ജീവൻ നഷ്ടപ്പെട്ട വാർത്തകൾ ഈ മേഖലയിൽനിന്നും വരുന്നുണ്ട്. ജലലഭ്യത കുറയുന്നതോടൊപ്പം തന്നെ മലിനജലം വർദ്ധിക്കുന്നതും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു.

12.00 Noon]

രാജസ്ഥാൻ സർക്കാരിന്റെ കീഴിലുള്ള ഭിന്നശേഷിക്കാരുടെ ഭവനത്തിൽ 7 കുട്ടികൾ ഉൾപ്പെടെ 11 പേർ മലിനജലം കുടിച്ച് മരിച്ച വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കേരളം ഇതിൽ നിന്നെല്ലാം നല്ല പാഠം പഠിക്കണം. നമ്മുടെ നാട്ടിലെ എല്ലാ ജലാശയങ്ങളും സംരക്ഷിക്കാൻ ജനകീയ ഇടപെടലുകൾ സർക്കാരിന്റെ നേതൃത്വത്തിൽ ഉണ്ടാകണം. മഴവെള്ളം സംഭരിക്കാൻ പദ്ധതികൾ തയ്യാറാക്കണം. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷംകൊണ്ട് ആറര ലക്ഷം കിണറുകൾ ഉപയോഗിക്കുന്നില്ലെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. കിണർ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണത്തിൽ പത്തു ശതമാനം വരെ കുറവുണ്ടായിട്ടുണ്ട്. 2001-ലെ സെൻസസ് പ്രകാരം 72 ശതമാനം കുടുംബങ്ങൾ കിണർ വെള്ളം

ഉപയോഗിച്ചിരുന്നവെങ്കിൽ 2011-ലെ കണക്കനുസരിച്ച് അത് 62 ശതമാനമായി കുറഞ്ഞു. വൻതോതിലുള്ള പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണ മേർപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ നമുക്ക് വലിയ ദുരന്തം നേരിടേണ്ടിവരും. നമ്മെ പേടിപ്പെടുത്തുന്ന റിപ്പോർട്ടുകളാണ് വയനാട്ടിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം വയനാട്ടിൽ 59 ശതമാനം മഴയുടെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 24 ശതമാനത്തിൽ കൂടുതൽ മഴ കുറഞ്ഞാൽ ആ പ്രദേശങ്ങൾ വരൾച്ചയിലേയ്ക്ക് നീങ്ങുമെന്നാണ് സി.ഡബ്ല്യൂ.ആർ.ഡി.എം.-ലെ ശാസ്ത്രജ്ഞർ പറയുന്നത്. അപ്പോൾ 59 ശതമാനം മഴകുറഞ്ഞ വയനാടിന്റെ സ്ഥിതി ഏറെ ഗൗരവത്തോടെ സർക്കാർ കാണണം. ഡക്കാൺ പീഠഭൂമിയുടെ തെക്കേയറ്റമായ വയനാടിന്റെ കാലാവസ്ഥ വൻതോതിൽ മാറുകയാണ്. പണ്ട് 200 അടി താഴ്ചയിൽ കുഴൽകിണർ കുഴിച്ചാൽ വെള്ളം കിട്ടുമായിരുന്ന പ്രദേശത്ത് ഇപ്പോൾ 400 അടി കുഴിച്ചാലേ വെള്ളം കിട്ടുന്നുള്ളൂ. വരണ്ട മണ്ണിലെ ചൂട് സഹിക്കാൻ കഴിയാതെ മണ്ണിരകൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്ന വാർത്തകൾ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ്. താഴ്വാരങ്ങളിൽ മാത്രം കാണുന്ന ചില പ്രത്യേക ഇനം തവളകൾ മലമുകളിലേയ്ക്ക് പലായനം ചെയ്യുന്നതായി ഗവേഷകർതന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്. വരണ്ട പ്രദേശങ്ങളിൽ കാണുന്ന 30-ൽ പരം വരവ് സസ്യങ്ങൾ വയനാട്ടിൽ വളരുന്നതായി ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. സ്വാഭാവിക വനങ്ങൾ നശിപ്പിച്ച് തേക്ക്, യൂക്കാലിപ്റ്റസ് മരങ്ങൾ വച്ചുപിടിപ്പിച്ചതും മഴ കുറയാൻ ഇടയാക്കിയിട്ടുണ്ട്. ഇവ വെട്ടിമാറ്റി സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള നടപടി ആരംഭിക്കണം. തീറ്റയും വെള്ളവും തേടി പുറത്തേയ്ക്കിറങ്ങുന്ന വന്യമൃഗങ്ങൾ മനുഷ്യജീവനും കൃഷിഭൂമിക്കും വലിയ ഭീഷണി ഉയർത്തുകയാണ്. ഈ സാമ്പത്തിക വർഷം ആറുപേരെയാണ് ആന ചവിട്ടിക്കൊന്നത്. പരിസ്ഥിതി ആഘാതം അവഗണിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണങ്ങൾ, വനത്തിനകത്തുള്ള മരങ്ങൾ വെട്ടി നശിപ്പിച്ചുകൊണ്ട് വൻതോതിലുള്ള റിസോർട്ട് നിർമ്മാണങ്ങൾ, വനത്തിനകത്തുള്ള ക്വാറികളുടെ പ്രവർത്തനം ഇവയെല്ലാം ശാസ്ത്രീയമായി നിയന്ത്രിക്കേണ്ടതുണ്ട്. കേരളം ജലക്ഷാമ സംസ്ഥാനമായി മാറുകയാണ്. ഈ സന്ദർഭത്തിൽ അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ പരിഹരിച്ച് കേരളത്തിലെ ജലസമ്പത്ത് സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടികൾക്ക് പദ്ധതികൾ തയ്യാറാക്കണം. കാവേരി നദീജല ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കുന്നതിൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇടുക്കിയിൽ നിന്നും ഉത്ഭവിക്കുന്ന പാമ്പാർ, പാലക്കാട് ജില്ലയിലെ ഭവാനി, വയനാട് ജില്ലയിലെ കബനി എന്നിവയാണ് കാവേരി നദിയുടെ വൃഷ്ടിപ്രദേശങ്ങൾ. 2007-ലെ കാവേരി നദീജല ട്രിബ്യൂണൽ വിധിപ്രകാരം കാവേരി നദിയിൽ നിന്നും 419 TMC ജലം തമിഴ്നാടിനും 270 TMC ജലം കർണ്ണാടകയ്ക്കും 30 TMC ജലം കേരളത്തിനും 7 TMC ജലം പോണ്ടിച്ചേരിക്കും അവകാശപ്പെട്ടതാണ്. ഔദ്യോഗിക കണക്കനുസരിച്ച്

ഒരു വർഷം 96 TMC ജലം വയനാട്ടിൽ നിന്നും കാവേരി നദിയിൽ എത്തിച്ചേരുന്നുണ്ട്. വയനാടിന്റെ 76 ശതമാനം പ്രദേശങ്ങളും കബനി നദിയുടെ വൃഷ്ടിപ്രദേശങ്ങളാണ്. 163570 ഹെക്ടർ സ്ഥലമാണ് ഇതിന്റെ നീരൊഴുക്ക് പ്രദേശം. 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയുന്ന കാരാപ്പുഴ ജലസേചന പദ്ധതി നമുക്ക് ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 1.8 TMC ജലം ബാണാസുര സാഗർ പ്രോജക്ടിൽ നിന്നും ജലസേചനത്തിന് ഉപയോഗിക്കാൻ കഴിയും. എന്നാൽ ഒരു തുള്ളി വെള്ളം പോലും നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. ഇതിനകം തന്നെ 37.88 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. കാരാപ്പുഴ പദ്ധതിക്കും കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രധാന കനാലുകൾ ഏതാണ്ട് പൂർത്തിയായെങ്കിലും ഉപകനാലുകളും മറ്റും പൂർത്തിയാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. പദ്ധതികൾ ഉപയോഗപ്രദമാണോയെന്ന ആശങ്ക ജനങ്ങൾക്കിടയിലുണ്ട്. ഈ പദ്ധതി പ്രവർത്തനത്തിൽ വൻതോതിലുള്ള അഴിമതി നടന്നതായിട്ടാണ് ജനങ്ങൾ വിശ്വസിക്കുന്നത്. ഈ രണ്ട് പദ്ധതികളും റിവ്യൂ ചെയ്ത് എങ്ങനെ ജലസേചനത്തിന് ഉപയോഗിക്കാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതുണ്ട്. വയനാട്ടിലെ നെൽവയലുകൾ സംരക്ഷിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കണം. നെൽവയലുകൾ നല്ല ജലസംഭരണികളാണ്. ഒരു ഹെക്ടറിൽ നെൽകൃഷി ചെയ്താൽ ഒരു ലക്ഷം ലിറ്റർ ജലം സംഭരിക്കാൻ കഴിയുമെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. തരംമാറ്റപ്പെട്ട നെൽവയലുകൾ സംരക്ഷിക്കാനും നെൽകൃഷി ശക്തിപ്പെടുത്താനും പ്രത്യേക പദ്ധതി നടപ്പിലാക്കണം. നെൽവയൽ സംരക്ഷണ നിയമം അട്ടിമറിച്ച യു.ഡി.എഫ്. സർക്കാരിന്റെ നടപടി കടുത്ത ജനദ്രോഹവും ദീർഘ വീക്ഷണമില്ലായ്മയുമാണെന്ന് കാണാൻ കഴിയും. ഭൂമി വൻതോതിൽ തരംമാറ്റി വൻകിട കെട്ടിടനിർമ്മാണം നടത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്കുകൾ കഴിഞ്ഞ യു.ഡി.എഫ് സർക്കാർ നീക്കം ചെയ്തതും ഭാവി തലമുറയോടുള്ള അനീതിയാണ്. വയനാടിനെ വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിക്കണം. പുൽപ്പള്ളി, മുള്ളങ്കൊല്ലി മേഖലയിൽ ഇപ്പോൾത്തന്നെ കുടിവെള്ള ലഭ്യത കുറഞ്ഞിട്ടുണ്ട്. ഹ്രസ്വകാല പരിഹാര മാർഗ്ഗങ്ങളോടൊപ്പം ദീർഘകാല പരിപാടികളും ആസൂത്രണം ചെയ്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തണം. വയനാട്ടിൽ വരൾച്ചയെ അതിജീവിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രത്യേക യോഗം വിളിച്ചു ചേർക്കാനും ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും നടപടി സ്വീകരിക്കണം. കാപ്പി, കുരുമുളക്, തേയില, നെല്ല്, ഇഞ്ചി തുടങ്ങിയ കൃഷികളേയും വരൾച്ച വൻതോതിൽ ബാധിച്ചിട്ടുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന രണ്ടാമത്തെ ജില്ലയാണ് വയനാട്. കടുത്ത വരൾച്ച ക്ഷീരമേഖലയേയും തളർത്തും.

വെള്ളം തേടി വന്യജീവികൾ കൂട്ടത്തോടെ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് വലിയ നാശനഷ്ടങ്ങൾക്ക് കാരണമാകുന്നുവെന്നതിനാൽ ഇത് തടയാൻ ഫലപ്രദമായ നടപടികൾ ആരംഭിക്കണം. കബനിനദി സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കണം. കൽപ്പറ്റ മുനിസിപ്പാലിറ്റി, മേപ്പാടി, തരിയോട്, നൂൽപ്പുഴ, മാനന്തവാടി, പാൽവെളിച്ചം, പുൽപ്പള്ളി, മുള്ളൻകൊല്ലി തുടങ്ങിയ കുടിവെള്ള വിതരണ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. പഴയ ശുദ്ധജലവിതരണ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കാനും പൈപ്പ് പൊട്ടൽമൂലം വൻതോതിലുണ്ടാകുന്ന ജലനഷ്ടം തടയാനും നടപടി സ്വീകരിക്കണം. വയനാടിനെ കാർബൺ ന്യൂട്രൽ ജില്ലയായി പ്രഖ്യാപിച്ചത് ദീർഘവീക്ഷണത്തോടുകൂടിയുള്ള സർക്കാർ നടപടിയാണ്. കബനി നദീജല വിനിയോഗത്തിന് ബഡ്ജറ്റിൽ 10 കോടി രൂപ നീക്കിവച്ചതും ഉചിതമായ തീരുമാനമാണ്. അടിയന്തര നടപടിയെന്ന നിലയിൽ തുലാവർഷത്തിലെ മഴവെള്ള സംഭരണം, തടയണകളുടെ നിർമ്മാണം, കുന്നുകൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള മൺചിറകൾ തുടങ്ങിയവ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ജലമലിനീകരണവും വളരെ ഗുരുതരമായ പ്രശ്നമാണ്. നാഷണൽ സാമ്പിൾ സർവ്വേ 2012-ലെ റിപ്പോർട്ടിൽ നഗരപ്രദേശങ്ങളിൽ 56.8 ശതമാനം കുടുംബങ്ങളും ഗ്രാമപ്രദേശങ്ങളിൽ 29 ശതമാനം കുടുംബങ്ങളും മാത്രമാണ് സുരക്ഷിത കുടിവെള്ളം ഉപയോഗിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. പല സ്ഥലങ്ങളിലും വ്യവസായശാലകളിലെ രാസമാലിന്യങ്ങൾ പുഴകളിലേയ്ക്ക് ഒഴുക്കിവിടുന്നതുമൂലമുള്ള ജനകീയ പ്രക്ഷോഭങ്ങൾ നമ്മുടെ നാട്ടിൽ കാണാറുണ്ട്. കൃഷിയിടങ്ങളിലെ അനിയന്ത്രിതമായ രാസവളങ്ങൾ, കീടനാശിനികൾ, ശൗചാലയങ്ങളിൽ നിന്നുള്ള ശുദ്ധജലമലിനീകരണം ഇതെല്ലാം ഫലപ്രദമായി തടയാൻ കഴിയണം. ഡ്രെയിനേജുകൾ തോടുകളിലേയ്ക്കും പുഴകളിലേയ്ക്കും തുറന്നുവിടുന്നതും നിയന്ത്രിക്കാൻ കഴിയണം. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ 100 ദിവസത്തിനിടയിൽ ഈ രംഗത്ത് ആശാവഹമായ നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. 2387 കോടി രൂപയുടെ പദ്ധതികൾ ഈ കാലയളവിൽ തയ്യാറാക്കി. 2149 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ വൻപ്രതീക്ഷയോടെയാണ് സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ സർക്കാരിനെ കാണുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.........

ശ്രീ. സി. കെ. ശശീന്ദ്രൻ: സ്വാശ്രയ മേഖലയിലെ ജനാധിപത്യപരവും സുതാര്യവുമായ ഇടപെടൽ ഏറെ ഫലപ്രദമായി. സർക്കാരുമായി കരാറിൽ ഒപ്പുവയ്ക്കാത്ത മാനേജ്മെന്റുകൾക്കൊപ്പം ചേർന്ന് ഇതിനെ എതിർത്ത യു.ഡി.എഫ്. ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ട ദയനീയ കാഴ്ചയാണ് നാം കണ്ടത്. വിദ്യാർത്ഥി ജനപിന്തുണയില്ലാതെ സ്വാശ്രയ സമരത്തിന് സ്വാഭാവിക മരണമാണ് ഉണ്ടായിട്ടുള്ളത്. മുഖ്യമന്ത്രിയെ ആക്രമിക്കാനുള്ള യു.ഡി.എഫിന്റെ കുതന്ത്രങ്ങൾ കേരളത്തിലെ ജനങ്ങൾ മുഖവിലയ്ക്കെടുക്കുന്നില്ല. ഇന്നത്തെ പത്രങ്ങളിൽ വിജിലൻസിന്റെ ചോദ്യം ചെയ്യലിന് വിധേയനായി, വിഷണ്ണനായി പുറത്തുവരുന്ന മുൻമന്ത്രി കെ. ബാബുവിന്റെ ചിത്രമാണുള്ളത്.

മി. ചെയർമാൻ: അങ്ങയുടെ സമയം അവസാനിച്ചു. പ്ലീസ് കൺക്ലൂഡ്....

ശ്രീ. സി. കെ. ശശീന്ദ്രൻ: അഴിമതി വിമുക്ത കേരളത്തിനുവേണ്ടി വിട്ടുവീഴ്ച യില്ലാത്ത നിലപാടിനെതിരെ നടത്തുന്ന എല്ലാ സമരങ്ങളും ജനപിന്തുണയില്ലാതെ ചീറ്റിപോകുന്ന കാഴ്ചയിൽ നിന്നും പാഠം പഠിക്കാൻ യു.ഡി.എഫ് തയ്യാറാകണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനയെ പിൻതുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 44 നദികൾ കൊണ്ട് സമ്പന്നമാണ് കേരളം. എന്നാൽ ഗോദാവരി, കൃഷ്ണ തുടങ്ങിയ പ്രധാനപ്പെട്ട നദികൾക്ക് തുല്യമായി ഒരു നദിയും കേരളത്തിലില്ല. ധാരാളം മഴ പെയ്യുകയും, ആ വെള്ളം 24 മണിക്കൂർ കൊണ്ട് അറബിക്കടലിൽ എത്തിച്ചേരുകയും ചെയ്യുന്നുവെന്നതാണ് കേരളത്തിന്റെ ഭൂഘടനയുടെ പ്രത്യേകത. അതുകൊണ്ടുതന്നെ ലഭ്യമാകുന്ന മഴ ഉപയോഗപ്പെടുത്തുന്നതിനും നദികളിൽ ശേഖരിച്ചു നിർത്തുന്നതിനുമുള്ള സംവിധാനം വളരെ കുറവാണ്. അതിന് പരിഹാരം കണ്ടാൽ മാത്രമേ കേരളത്തിലെ കുടിവെള്ള പ്രശ്നവും ജലസേചന പ്രശ്നവും പരിഹരിക്കാൻ കഴിയൂ എന്നതാണ് എന്റെ അഭിപ്രായം. ജല ഉപഭോഗത്തിന്റെ കാര്യത്തിൽ രാജസ്ഥാനേക്കാൾ പിന്നിലാണ് കേരളമെന്നും കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണമേഖലയിൽ 54 ശതമാനവും നഗരങ്ങളിൽ ഏകദേശം 78 ശതമാനവും ആളുകൾ വാട്ടർ അതോറിറ്റിയെ ആശ്രയിച്ചാണ് കഴിയുന്നത്. ഗ്രാമീണ മേഖലയിലെ കേവലം 45 ശതമാനം ജനങ്ങളാണ് കിണറുകളെ ആശ്രയിക്കുന്നത്. ജലസ്രോതസ്സുകൾ മലിനപ്പെട്ടുകൊണ്ടിരിക്കുന്നു വെന്നുള്ളത് കേരളം നേരിടുന്ന ഏറ്റവും വലിയ ദുരവസ്ഥയാണ്. ഇവിടെ നേരത്തെ

ചൂണ്ടിക്കാണിച്ചതുപോലെ, ഓടകളിൽ നിന്നും ശൗചാലയങ്ങളിൽ നിന്നുമുള്ള മലിനജലം ആഴ്ന്നിറങ്ങി നമ്മുടെ ജലസ്രോതസ്സുകൾ മലിനപ്പെടുന്നതിന് പരിഹാരമുണ്ടാക്കാൻ കഴിയണം. മഴയുടെ അളവിൽ ഏകദേശം 26 ശതമാനം കുറവ് വന്നിരിക്കുകയാണ്. സംസ്ഥാനത്ത് ജലമലിനീകരണം വർദ്ധിച്ചിരിക്കുകയാണ്. ഏകദേശം 34 ശതമാനത്തോളം ജലസ്രോതസ്സുകളും മലിനമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജലസുരക്ഷ ഏറ്റവും വലിയ പ്രശ്നമായി കണ്ട് ഗവൺമെന്റ് മുന്നോട്ടുപോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ശുദ്ധജല ഉറവിടം മഴയാണ്. ജൂൺ-സെപ്തംബർ മാസം വരെയുള്ള കാലവർഷവും ഒക്ടോബർ-നവംബർ മാസങ്ങളിലെ തുലാവർഷവും പാഴായിപ്പോയതായി കണക്കാക്കേണ്ടിയിരിക്കുന്നു. 50 ശതമാനം ജലം വേണ്ടി വരുന്ന വേനൽക്കാലത്ത് 6 ശതമാനം മഴ മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. ഭൂഗർഭജലം ഉപയോഗിക്കുന്നതിൽ യാതൊരു നിയന്ത്രണവും ഇല്ല. ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും എനിക്ക് പറയാനുള്ളത് കുഴൽക്കിണറുകളുടെ നിർമ്മാണത്തിൽ ശക്തമായ നിയന്ത്രണം കൊണ്ടുവരികയും അതിന് വ്യക്തമായ കണക്കുകൾ ഉണ്ടാകുകയും വേണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടിവെള്ള പദ്ധതിക്കായി പൈപ്പിടുന്നുണ്ട്. വെള്ളത്തിന് സോഴ്സില്ല. ചിലയിടത്ത് സോഴ്സുണ്ട്, ടാങ്കില്ല. ചിലയിടത്ത് ടാങ്കുണ്ട് ഇത് വിതരണം ചെയ്യാൻ പറ്റുന്നില്ല. ഇങ്ങനെ പണിതുകിടക്കുന്ന ടാങ്കുകളുടേയും പൈപ്പുകളുടേയും ശവപ്പറമ്പായി കേരളത്തിന്റെ പല ഭാഗങ്ങളും മാറുന്നത് അവസാനിപ്പിക്കണം. അതിനെ ശാസ്ത്രീയമായി വിലയിരുത്തണം. ജലനിധി പദ്ധതികളുടെ സ്ഥിതിയും വ്യത്യസ്തമല്ല. വേണ്ടത്ര പഠനം നടത്താതെയാണ് ജലനിധി പദ്ധതികൾ നടപ്പിലാക്കുന്നത്. ആ കാര്യത്തിലും ഗൗരവതരമായ ശ്രദ്ധവേണം. ജലവിതരണ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി ഗുണനിലവാരമില്ലാത്ത പൈപ്പുകളും മറ്റ് അനുബന്ധ ഉപകരണങ്ങളുമാണ്. മീറ്ററുകൾ ഫലപ്രദമാക്കാൻ എന്തുചെയ്യാൻ കഴിയുമെന്ന് നമ്മൾ ആലോചിക്കേണ്ടതുണ്ട്. കുപ്പിവെള്ള കമ്പനികളുടെ വെള്ളം പോലും മലിനമാണ്. അത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിൽ കാക്കനാട് കളക്ടേറ്റ് ഇരിക്കുന്ന മേഖല അടക്കം, കടവന്ത്ര, പനമ്പള്ളി നഗർ മേഖലയിലൊക്കെ വ്യാപകമായ കുടിവെള്ള ക്ഷാമമാണ്. പെരിയാറിൽ നിന്നും പുതിയ ജലസ്രോതസ്സ് ഉപയോഗിച്ച് ഏകദേശം 13 പഞ്ചായത്തിനും 5 മുനിസിപ്പാലിറ്റിക്കും കൊച്ചിൻ കോർപ്പറേഷനുമുള്ള 455 കോടി രൂപയുടെ പുതിയ ഒരു പദ്ധതിക്ക് അനുമതിയായെങ്കിലും, അതിന് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ എച്ച്.എം.ടി.-യുടെ സ്ഥലം വിട്ടുകിട്ടാത്തതുകൊണ്ട് പെന്റിംഗിലാണ്.

അടിയന്തരമായി അതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തൃക്കാക്കരയിൽ ഇൻഫോപാർക്കും സ്മാർട്ട് സിറ്റിയും വന്നപ്പോൾ കെട്ടിടങ്ങളുടെയും കുഴൽക്കിണറുകളുടെയും ഒരു സമുച്ചയം തന്നെ അവിടെ വന്നിരിക്കുകയാണ്. അതിനൊന്നും ശാസ്ത്രീയമായ അടിത്തറയില്ല. വല്ലാത്ത ഒരു ദുരന്തം ആ മേഖലയിലുണ്ടാകും. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തമായ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള മറ്റൊരു പ്രധാനപ്പെട്ട കാര്യം കേരളത്തിൽ മുഴുവൻ സ്വീവേജ് ട്രീറ്റ്മെന്റിനായി സ്വീവറേജ് പ്ലാന്റുകൾ വ്യാപകമായി വേണം. തൃക്കാക്കര കളക്ടേറ്റിൽ അതിനുള്ള സംവിധാനം ഉണ്ടാക്കണം. എറണാകുളത്ത് ഒരു ചെറിയ സംവിധാനം മാത്രമാണുള്ളത്. ഇത് ഏറ്റവും വലിയ ഗുരുതരമായ ഒരു പ്രശ്നമാണ്. നിലവിൽ ധാരാളം ചീഫ് എഞ്ചിനീയർമാർ നമുക്കുണ്ട്. ഒരു ചീഫ് എഞ്ചിനീയർക്ക് പ്രത്യേകമായി ഇതിന്റെ ചുമതല നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അന്തർസംസ്ഥാന നദീജല കരാറിൽ കേരളത്തിന് എന്നും വീഴ്ചയാണ്. കാവേരി, പറമ്പിക്കുളം-ആളിയാർ, മുല്ലപ്പെരിയാർ എന്നിവയടക്കമുള്ള അന്തർസംസ്ഥാന നദീജല കരാറുകൾ നടപ്പാക്കുന്നതിനും നിരീക്ഷിക്കുന്നതിനും വേണ്ടി ഒരു ഉന്നതതല സമിതിക്ക് രൂപം കൊടുക്കണം. ആവശ്യമായ കേന്ദ്രവിഹിതം നേടിയെടുക്കാൻ കഴിയണം. പ്രധാനമന്ത്രിയുടെ പി.എം.കെ.എസ്.വൈ. പദ്ധതിയിൽ നിന്നും 50,000 കോടി രൂപ ലഭിക്കാൻ സാധ്യതയുള്ളതിനാൽ ആവശ്യമായ പ്രോജക്ട് കൃത്യസമയത്ത് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പറമ്പിക്കുളം-ആളിയാർ, മുല്ലപ്പെരിയാർ കരാർ അടക്കം പഠനം നടത്തിയ സമിതിയിൽ ചിറ്റൂർ എം.എൽ.എ. ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടിയോടൊപ്പം അംഗമായിരിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് അന്തർസംസ്ഥാന നദീജലത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ വിട്ടുവീഴ്ചാ മനോഭാവം അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ഡൽഹിയിൽ നടത്തിയ പ്രസ്താവന അങ്ങേയറ്റം പ്രതിഷേധാർഹമാണ്. തെറ്റാണ് എന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ട് ചെറിയൊരു പിൻമാറ്റം നടത്തിയത് നല്ലത്. ഏതായാലും അയൽ സംസ്ഥാനങ്ങളുമായുള്ള നദീജല തർക്കത്തിൽ സംഘർഷം വേണമെന്നല്ല, നമുക്ക് അർഹമായ ജലം വാങ്ങിയെടുക്കാൻ നല്ല നടപടികളുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ അതിശക്തമായി ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ശുദ്ധജല വിതരണവും, ശുചീകരണവും, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷം കേരളത്തിലെ ജനഹൃദയങ്ങളിൽ അവരുടെ ഒപ്പം ചേർന്നുനിന്നുകൊണ്ട്

പ്രവർത്തിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി ആ ജനഹൃദയങ്ങളുടെ താളവും തുടിപ്പും ഏറ്റുവാങ്ങിക്കൊണ്ട് ഒരു മിന്നൽപ്പിണർ പോലെയാണ് കേരളത്തിൽ അധികാരത്തിൽ വന്നത്. കഴിഞ്ഞ നാലുമാസം കൊണ്ട് ഈ സർക്കാർ കേരള ജനതയുടെ ഹൃദയത്തിൽ സ്ഥാനം നേടിക്കഴിഞ്ഞിരിക്കുകയാണ്. അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും ആൾരൂപമായി മാറിയ യു.ഡി.എഫ്. ഇന്ന് ജനഹൃദയങ്ങളിൽനിന്ന് അകന്നുകൊണ്ടിരിക്കുകയാണ്. സ്വാശ്രയ സമരം പൊട്ടാത്ത ഓലപ്പടക്കം പോലെ ചീറ്റിപ്പോയ കാര്യം നമുക്കറിയാം. വിഷയ ദാരിദ്ര്യം കൊണ്ട് വല്ലാതെ വലഞ്ഞിരിക്കുകയാണ് യു.ഡി.എഫ്. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് സമസ്ത മേഖലയെയും ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിന്റെ ജലവിഭവ വകുപ്പുമന്ത്രി ബഹുമാന്യനായ മാത്യു ടി തോമസ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്നപ്പോൾ കേരളത്തിൽ ട്രാൻസ്പോർട്ട് വകുപ്പിനെ ശക്തിപ്പെടുത്താൻ കാണിച്ച ജാഗ്രതയും പ്രവർത്തനങ്ങളും ഏറെ അഭിമാനകരമാണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. അതുകൊണ്ടുതന്നെ അദ്ദേഹം ജലവിഭവ വകുപ്പിന്റെ ചുമതല ഏറ്റെടുത്തുകൊണ്ട് പ്രവർത്തിക്കുമ്പോൾ ഈ രംഗത്ത് ഒട്ടേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിയുമെന്ന് തന്നെയാണ് എന്റെ പ്രതീക്ഷ. ജലമില്ലാതെ ആർക്കും ജീവിക്കാൻ കഴിയില്ല. ഗർഭപാത്രത്തിൽ 99 ശതമാനം വെള്ളത്തിലാണ് മനുഷ്യഭ്രൂണം കഴിയുന്നത്. നവജാത ശിശുവിന്റെ ശരീരത്തിൽ 80 ശതമാനവും പ്രായപൂർത്തിയായ മനുഷ്യന്റെ ശരീരത്തിൽ 70 ശതമാനവും വെള്ളമാണ്. ഇതിൽ ഒരു ശതമാനം കുറഞ്ഞാൽ ദാഹമുണ്ടാകും. 12 ശതമാനം കുറഞ്ഞാൽ മനുഷ്യന് മരണം സംഭവിക്കും. ശരീരത്തിൽ വെള്ളത്തിന്റെ അളവ് കുറഞ്ഞാൽ ത്വക് രോഗം മുതൽ ക്യാൻസർ വരെയുള്ള അസുഖങ്ങളുണ്ടാകും. വെള്ളത്തിന്റെ വ്യതിയാനം സ്വഭാവത്തെപ്പോലും മാറ്റിമറിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ കണക്കനുസരിച്ച് 100 കോടി ആളുകൾക്ക് ശുദ്ധജലം ഇന്ന് അപ്രാപ്യമാണ്. മലിനജലവുമായി ബന്ധപ്പെട്ട് ഓരോ 15 സെക്കന്റിലും ലോകത്ത് ഒരാൾ വീതം മരിച്ചുകൊണ്ടിരിക്കുകയാണ്. ഒരു മലയാളിക്ക് ഒരു ദിവസം ഒരു ഗ്രാമപഞ്ചായത്തിലെ ഒരു പ്രദേശത്ത് 80 ലിറ്റർ വെള്ളവും നഗരത്തിൽ 120 ലിറ്റർ വെള്ളവും ആവശ്യമാണ്. ഇത് കുടിക്കാനും കുളിക്കാനും മാത്രമാണ്. കൃഷിക്കും വ്യവസായത്തിനും വിനോദത്തിനും ഗതാഗതത്തിനും കൂടി ഏകദേശം 200 ലിറ്റർ വെള്ളം നമുക്ക് ഇന്ന് ആവശ്യമാണ്. അതിനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തീർച്ചയായും അങ്ങ് തുടക്കം കുറിക്കണം. കേരളത്തിൽ ഇന്ന് ജലക്ഷാമം അതിരൂക്ഷമായി നേരിട്ടുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ വല്ലാതെ വലയുന്ന ഒരു സാഹചര്യത്തിലേയ്ക്ക് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ 5 വർഷത്തേയ്ക്ക് വെള്ളക്കരം വർദ്ധിപ്പിക്കില്ലെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ

പറഞ്ഞു. ആ പ്രഖ്യാപനം തീർച്ചയായും കേരള ജനത സന്തോഷത്തോടെയാണ് ഏറ്റെടുത്തത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഈ മേഖലയിൽ നിശ്ചലമായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. ജലം അമൂല്യമാണ്, അത് സംരക്ഷിക്കപ്പെടണമെന്ന് പറയുമ്പോഴും ആ വിഷയത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ജാഗ്രതയോടെ പ്രവർത്തിച്ചില്ലെന്നതിന്റെ വ്യക്തമായ കണക്കുകൾ നമുക്ക് കാണിക്കാൻ കഴിയും. 32526 കുടിവെള്ള പദ്ധതികളുള്ളതിൽ ഇന്ന് 44.5 ശതമാനത്തിൽ മാത്രമേ കുടിവെള്ള വിതരണമുള്ളൂ. ഇതിന് പരിഹാരം കണ്ടെത്താൻ ബഡ്ജറ്റിൽ നിരവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് വിതരണ ലൈനുകൾ പുനഃസ്ഥാപിക്കുകയും പുതിയ പദ്ധതികൾ നടപ്പാക്കുകയും ചെയ്താൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുമെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ചിറകൾ, കനാലുകൾ, കുളങ്ങൾ, നീരുറവകളുള്ള തോടുകൾ എന്നിവ സംരക്ഷിക്കപ്പെടണം. കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കണം. എന്റെ മണ്ഡലത്തിലെ അടൂരിൽ പഴയ എ.സി. പൈപ്പാണ്. ആ പൈപ്പ് ജലബോംബായി മാറിയിരിക്കുകയാണ്. ദിവസവും കെ.പി. റോഡിൽ പൈപ്പുകൾ പൊട്ടി വെള്ളം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവ മാറ്റി സ്ഥാപിക്കാനാവശ്യമായ പണം അനുവദിക്കണമെന്നാവശ്യപ്പെട്ടെങ്കിലും കുറച്ച് തുക മാത്രമാണ് നൽകിയത്. അത് പൊട്ടിത്തകർന്നാൽ ധാരാളം വാഹനങ്ങൾ അപകടത്തിൽപ്പെടുകയും മനുഷ്യജീവനുകൾ ഇല്ലാതാകുകയും ചെയ്യും. അവയ്ക്ക് പരിഹാരം കാണാൻ വേണ്ടി പ്രസ്തുത ആവശ്യ മുന്നയിച്ച് പുതിയ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. പക്ഷേ യാതൊരു നടപടിയുമില്ല. അക്കാര്യം ബഹുമാന്യനായ മന്ത്രി ശ്രദ്ധിക്കണം. കെ.പി. റോഡിന് നടുവിലൂടെയാണ് പൈപ്പ് പോയിരിക്കുന്നത്. അത് മാറ്റി പുതിയ പൈപ്പ് സ്ഥാപിച്ചാൽ തീർച്ചയായും ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും. അതുപോലെ തന്നെ ആ മണ്ഡലത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. അച്ചൻകോവിലാറിന്റെയും കല്ലടയാറിന്റെയും ഇടയ്ക്കാണ് എന്റെ മണ്ഡലം സ്ഥിതിചെയ്യുന്നത്. അവിടെ തീർച്ചയായും ഭാവനാപൂർവ്വമായ പദ്ധതി നടപ്പാക്കിയാൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. ഇപ്പോൾത്തന്നെ അവിടെ ചിരണിക്കൽ ശുദ്ധജല വിതരണ പദ്ധതിയുണ്ട്. പക്ഷേ അവിടെ എല്ലായിടത്തും വെള്ളമെത്തിക്കാൻ കഴിയുന്നില്ല. പന്തളം കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയത്തക്ക നിലയിൽ മൂന്ന് ശുദ്ധജല പദ്ധതികളുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പിലാക്കാനാവശ്യമായ നടപടിയുണ്ടാകണം. ഡിപ്പാർട്ട്മെന്റിന്റെ സമീപനം ശരിക്കും ജനങ്ങൾക്ക് ഗുണകരമാകുന്നുണ്ടോയെന്നുകൂടി അങ്ങ് പരിശോധിക്കണം.

തീരദേശ പ്രദേശമായ നാട്ടികയിൽ ഉപ്പുവെള്ളം തടയുന്നതിനും തൃശ്ശൂർ ജില്ലയിൽ കൃഷി നശിക്കാതെ സംരക്ഷിക്കുന്നതിനും മുനയം റെഗുലേറ്റർ നിർമ്മിക്കുന്നതിനുംവേണ്ടി 2014-15 കാലഘട്ടത്തിൽ 21.75 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നത് ഉദ്യോഗസ്ഥരുടെ പിടിപ്പുകേടുകൊണ്ട് ബോധപൂർവ്വം നടപ്പാക്കാതിരിക്കുന്നതിനുള്ള പരിശ്രമമാണ് നടന്നത്. അതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. അവിടെ ചെന്നപ്പോൾ വേണ്ടത്ര പരിഗണനയോ അനുഭാവപൂർണ്ണമായ സമീപനമോ ലഭിച്ചിട്ടില്ല. വളരെ മോശപ്പെട്ട സമീപനമാണ് ലഭിച്ചിട്ടുള്ളത്. വളരെ ഗൗരവമായി മന്ത്രി അത് പരിശോധിക്കണം. അവിടെ ഇപ്പോൾ ഉപ്പുവെള്ളം കയറി കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. താൽക്കാലിക ബണ്ടിനെ പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ്. സ്ഥിരമായ സംവിധാനം നടപ്പാക്കുന്നതിനുള്ള ഇടപെടൽ ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ത്രിതല പഞ്ചായത്തുകളും മറ്റ് ഡിപ്പാർട്ട്മെന്റുകളും ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, NGOs എന്നിവ നടപ്പാക്കുന്ന ചെറിയ പദ്ധതികളുണ്ട്. ആ പദ്ധതികളിലെല്ലാം ചിലയിടത്ത് പൈപ്പ് കാണില്ല, ചിലയിടത്ത് മോട്ടോർ കാണില്ല, ഇലക്ട്രിഫിക്കേഷൻ കാണില്ല. ഇതെല്ലാം കേടായി കിടക്കുന്നതുകൊണ്ട് ആ കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നില്ല. ഇതെല്ലാം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറുകിട ജല അതോറിറ്റി രൂപീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ അതോറിറ്റി രൂപീകരിച്ചു കഴിഞ്ഞാൽ കൃഷിക്കും കുടിവെള്ളത്തിനുമാവശ്യമായ വെള്ളമെത്തിക്കാൻ കഴിയും. അതിന് അങ്ങ് പരിശ്രമിക്കണം. ജലം ജീവാമൃതമാണ്. ജീവൻ നിലനിർത്താൻ കേരളത്തെ രക്ഷിക്കാൻ എൽ.ഡി.എഫ്.-ന് മാത്രമേ കഴിയൂ. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ ഈ ചർച്ച തുടങ്ങിവച്ച പ്രിയപ്പെട്ട ശ്രീ. സി. കെ. ശശീന്ദ്രൻ വസ്തുനിഷ്ഠമായി കുടിവെള്ള പ്രശ്നം, അന്താരാഷ്ട്ര നദീജല പ്രശ്നം ഉൾപ്പടെയുള്ള കാര്യങ്ങൾ പഠിച്ചാണ് അവതരിപ്പിച്ചത്. വയനാട് ജില്ലയിൽ ആദിവാസി പുനരധിവാസ വികസന മിഷന്റെ പക്കലുള്ള 50 കോടി രൂപ ഉപയോഗിച്ച് ഭൂരഹിതരും അരിവാൾ രോഗബാധിതരുമായ ആദിവാസികൾക്ക് മുൻഗണന നൽകി ഒരേക്കർ വീതം ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പാക്കുന്നതിന് കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഓർഡറിന്റെ കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത് (കോപ്പി ഉയർത്തിക്കാണിച്ചു).

ഇതൊന്നും നടക്കുന്നില്ലെന്നുമാത്രമല്ല, കബളിപ്പിക്കലും വഞ്ചനയുമാണ് നടക്കുന്നത്. ഉദ്യോഗസ്ഥർ കട്ടുകൊണ്ടുപോയി. ഏഷ്യാനെറ്റിൽ ശ്രീ. ജെയ്സൺ മണിയങ്ങാടിന്റെ 6 ദിവസത്തെ തുടർച്ചയായുള്ള വാർത്ത ഉണ്ടായിരുന്നു. ശ്രീ. സി. കെ. ശശീന്ദ്രൻ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തണം. ഗവൺമെന്റും ശ്രദ്ധചെലുത്തണമെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇനിയും ശ്രീ. ജെയ്സൺ മണിയങ്ങാടിന്റേതായി ഏഷ്യാനെറ്റിൽ 8 ദിവസത്തെ വാർത്തയും വരാൻ പോകുകയാണ്. ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് നാണക്കേടാകരുത്. ആ കാര്യം ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്.

കാവേരി നദിയിൽ നിന്നുള്ള 147 TMC വെള്ളത്തിൽ ഒരു തുള്ളിപോലും നമുക്കില്ല. മുഴുവൻ കൊണ്ടുപോകുകയാണ്. തമിഴ്നാടും കൊണ്ടുപോകുന്നു. കർണ്ണാടകയിലേയ്ക്ക് കടന്നാൽ, ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് അറിയാം അതിന്റെ ചരിത്രങ്ങൾ. പറമ്പിക്കുളം - ശിരുവാണി നദിയിൽ നിന്നുമുള്ള 30 TMC വെള്ളത്തിൽ ഒരു തുള്ളി നമുക്കില്ല. തമിഴ്നാട് കൊണ്ടുപോകുകയാണ്. ശിരുവാണിയിൽ നിന്ന് നിയമപ്രകാരം കിട്ടേണ്ടത് 1.3 TMC ആണ്. 3 TMC വരെ തട്ടിക്കൊണ്ടുപോകുകയാണ്. മുല്ലപ്പെരിയാറിൽ നിന്ന് 20 TMC മുതൽ 26 TMC വരെ കട്ടുകൊണ്ടുപോകുകയാണ്. ഇത് നോക്കാൻ ഇവിടെ ആരുമില്ലേ? മഹാനായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെയും സി. അച്യുതമേനോനെയും കെ. കരുണാകരനെയുമൊന്നും കുറ്റപ്പെടുത്തുന്നത് ശരിയല്ലെങ്കിലും കുറ്റപ്പെടുത്താതെ നിവൃത്തിയില്ല. 1957 മുതൽ ഈ സംസ്ഥാനം ഭരിച്ച ഗവൺമെന്റുകളും മുഖ്യമന്ത്രിമാരും കേരളത്തോട് ക്രൂരതകാണിച്ചുവെന്ന അഭിപ്രായം സൂചിപ്പിക്കാതിരിക്കാൻ പറ്റില്ല.

മി. ചെയർമാൻ: യെസ്.... അങ്ങയുടെ സമയം...

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിട്ടുണ്ട്, സാരമില്ല. അങ്ങ് അവിടെ മിണ്ടാതിരുന്നാൽ മതി. ഞാനത് കൈകാര്യം ചെയ്യാം, പ്ലീസ്..... അടുത്ത ലോക മഹായുദ്ധം കുടിവെള്ളത്തിനുവേണ്ടിയായിരിക്കുമെന്നാണ് ശാസ്ത്രലോകം പറയുന്നത്. എന്തുകൊണ്ട് ഇത് സംഭവിക്കുന്നു. ഒരു കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേകം തീരുമാനമുണ്ടാക്കുകയും കേരളത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും കിട്ടാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.

എന്റെ നിയോജകമണ്ഡലത്തെപ്പറ്റി ഒരു വാക്ക് ഞാൻ പറയട്ടെ, ശബരിമലയുമായി ബന്ധപ്പെട്ട് എരുമേലിയിൽ 52 കോടി രൂപയുടെ കുടിവെള്ള പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു തുള്ളി വെള്ളം ഇതുവരെ ജനങ്ങൾക്ക് കിട്ടിയിട്ടില്ല.

വെള്ളം കിട്ടണ്ടേ; ശബരിമല സീസൺ ആയി. 52 കോടി രൂപയുടെ വാട്ടർ സപ്ലൈ സ്കീമാണ്. കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ചുതന്നതാണ്. അക്കാര്യത്തിൽ അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയോട് പ്രത്യേകിച്ച് നന്ദിയുണ്ട്. പക്ഷേ, കുടിവെള്ളം കിട്ടുന്ന സാഹചര്യമുണ്ടായിട്ടില്ലെന്ന് പറഞ്ഞാൽ അത് ദുഃഖകരമാണ്. അത് എത്രയും വേഗം കിട്ടിയേ മതിയാകൂ. അത് ക്ഷമിക്കാൻ കഴിയില്ല. ശബരിമലയുടെ അനുബന്ധ നഗരമാണ് എരുമേലി. ശബരിമലയിൽ എത്തുന്ന 4 കോടി അയ്യപ്പ ഭക്തന്മാരിൽ 3.5 കോടി അയ്യപ്പഭക്തന്മാരും എരുമേലിയിൽ വന്ന് പേട്ട കെട്ടി അവിടത്തെ ക്ഷേത്രത്തിലും മുസ്ലീം ദേവാലയത്തിലും കയറി പ്രാർത്ഥിച്ച് പേട്ട തുള്ളിയാണ് കടന്നുപോകുന്നത്. ആ അയ്യപ്പന്മാരോട് നീതി കാട്ടണ്ടേ; കുടിവെള്ളത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക ശ്രദ്ധചെലുത്തണം. ആ കുടിവെള്ള പദ്ധതിക്ക് റാന്നി നിയോജകമണ്ഡലത്തിൽ നിന്നാണ് വെള്ളത്തിന്റെ സോഴ്സ്. അതിന് ശ്രീ. രാജു എബ്രഹാമിനോട് നന്ദിയുണ്ട്. അദ്ദേഹത്തെ കൂട്ടിപ്പോയാണ് സോഴ്സ് വാങ്ങിയെടുത്തത്. കാൽ പിടിച്ച് വാങ്ങിയതാണ്. ആറോ എട്ടോ പഞ്ചായത്തിൽ കൊടുക്കാനുള്ള കുടിവെള്ളം ആ സോഴ്സിൽ നിന്ന് കിട്ടും. മുണ്ടക്കയം, പാറത്തോട്, എരുമേലി, റാന്നി ഉൾപ്പെടെ എല്ലാ മേഖലയിലും വെള്ളം കൊടുക്കാൻ കഴിയുന്ന ആ പദ്ധതി സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെയും എം.എൽ.എ.-മാരുടെയും നേതൃത്വത്തിൽ വിശദമായ ചർച്ച നടത്തി പരിഹാരം കാണണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ജീവന്റെ നിലനിൽപ്പിന് ആധാരമായ വായുവും ജലവുമെല്ലാം ഈ ഭൂമിയിൽ ലഭ്യമായതുകൊണ്ടാണല്ലോ മനുഷ്യൻ അധിവസിക്കുന്നത്. ആ മനുഷ്യന് ഏറെ പരിഗണന കൊടുക്കുന്ന ഒരു ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എന്നതുകൊണ്ടുതന്നെയാണ് ജല മാനേജ്മെന്റ് അതീവ ഗൗരവത്തോടുകൂടി കാണുകയും അതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ സന്നദ്ധമാകുകയും ചെയ്തത്. വരുന്ന അഞ്ച് വർഷക്കാലം വെള്ളക്കരം വർദ്ധിപ്പിക്കില്ലെന്നും വാട്ടർ അതോറിറ്റിയെ ലാഭകരമായി പ്രവർത്തിപ്പിക്കുമെന്നുമുള്ള ഈ ഗവൺമെന്റിന്റെ പ്രഖ്യാപനം ഏറെ സന്തോഷകരമാണ്. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയുമെല്ലാം എഴുതിത്തള്ളിയ ഈ ഗവൺമെന്റിനെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. നിലവിലെ കുടിവെള്ള ലഭ്യതയും വിതരണവും ശാസ്ത്രീയമായി ചിട്ടപ്പെടുത്തുന്നതിൽ ഈ ഗവൺമെന്റ് മുൻഗണന നൽകുമെന്നതന്നെയാണ് ഞാൻ കരുതുന്നത്. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ 29.33 ശതമാനം കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് വഴി ജലം ലഭ്യമാകുന്നതെന്നാണ് കണക്ക്. 65 ശതമാനം

ജനങ്ങളും കിണർ വെള്ളത്തെ ആശ്രയിക്കുന്നു. ബാക്കിയുള്ളവരാകട്ടെ കുഴൽക്കിണർ, കുളങ്ങൾ എന്നീ ജലസ്രോതസ്സുകളെ ആശ്രയിച്ചാണ് കഴിയുന്നതെന്നാണ് കണക്ക്. പൈപ്പ് വഴി കുടിവെള്ളം ലഭിക്കുന്നവരിൽ ഏകദേശം 6 ശതമാനം പേർക്ക് ശുദ്ധീകരിക്കാത്ത ജലമാണ് ലഭിക്കുന്നതെന്നും സെൻസസ് റിപ്പോർട്ട് പറയുന്നു. കിണർ വെള്ളത്തെ ആശ്രയിക്കുന്നവരിൽ 15 ശതമാനം പേർക്ക് മാത്രമാണ് ശുദ്ധജലം ലഭിക്കുന്നതെന്നാണ് 2011-ലെ സെൻസസ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ കണക്കാണ് കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള 2214 ജല വിതരണ പദ്ധതികളും ജലനിധി ഏജൻസി നടപ്പാക്കിയ 3710 പദ്ധതികളും ചേർന്ന് 79.4 ശതമാനം ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുന്നുവെന്നാണ് അവകാശപ്പെടുന്നത്. ഇതിൽ എത്രമാത്രം സത്യമുണ്ടെന്നത് ഒരു സാമൂഹ്യ ഓഡിറ്റിന് വിധേയമാക്കിക്കൊണ്ട് പുറത്തുകൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരു പ്രധാന പ്രശ്നം കേരള വാട്ടർ അതോറിറ്റി ഉത്പാദിപ്പിക്കുന്ന ശുദ്ധജലവും വാട്ടർ അതോറിറ്റി വിതരണം ചെയ്ത് പണം കൈപ്പറ്റുന്ന വെള്ളത്തിന്റെ അളവും തമ്മിലുള്ള അന്തരമാണ്. പ്രതിദിനം 606 ദശലക്ഷം ലിറ്റർ ജലം ചോർന്നുപോകുന്നത് അടിയന്തരമായി അവസാനിപ്പിക്കുന്നതിന് സർക്കാർ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് ശ്ലാഘനീയമാണ്. കുടിവെള്ള വിതരണത്തിൽ ഒരു പ്രധാന പങ്കുവഹിക്കുന്ന ജലനിധി പദ്ധതിയുടെയും ഗുണഭോക്തൃ സമിതികൾ നടത്തിവരുന്ന പദ്ധതികളുടെയും നിലനിൽപ്പ് അപകടത്തിലാക്കുന്ന പല പ്രായോഗിക പ്രശ്നങ്ങളും ഇന്ന് അവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഭൂഗർഭ ജലനിരപ്പിന്റെ ഭീതിജനകമായ താഴോട്ടുപോക്ക് ഇത്തരം ചെറുകിട കുടിവെള്ള പദ്ധതികളെ വല്ലാതെ ബാധിക്കും. സാങ്കേതിക തകരാറുകൾമൂലം വരുന്ന ആവർത്തന ചെലവുകൾ അവർക്ക് താങ്ങാൻ കഴിയുന്നില്ല. ഇലക്ട്രിസിറ്റി ചാർജ്ജ് പ്രധാന പ്രശ്നമായി ഈ കുടിവെള്ള പദ്ധതികളെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ വണ്ടാഴി ഗ്രാമ പഞ്ചായത്തിനുകീഴിൽ ഗുണഭോക്തൃ സമിതി നടത്തുന്ന കുടിവെള്ള പദ്ധതിയിൽനിന്നും സർക്കാരിന്റെ വില്ലേജ് ഓഫീസിനും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനുമെല്ലാം ഓരോ കണക്ഷൻ നൽകാൻ സന്നദ്ധരായി വരികയായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് KSEB-യുടെ ഓഡിറ്റിംഗ് വിഭാഗം പരിശോധിക്കുകയും രണ്ട് കണക്ഷനുകൾ ഇത്തരത്തിൽ സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ടുള്ളതുകൊണ്ട് ഗാർഹിക ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്ന് ഈ ഗുണഭോക്തൃ സമിതിയെ മാറ്റുകയും കച്ചവട നിരക്കിൽ അവരുടെ ഇലക്ട്രിസിറ്റി നിരക്ക് വാങ്ങണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ ഫലമായി ആ ഗുണഭോക്തൃ സമിതി അടച്ചുപൂട്ടേണ്ട സ്ഥിതിവന്നിരിക്കുകയാണ്. ലക്ഷക്കണക്കിന് രൂപയുടെ കുടിശ്ശിക നോട്ടീസ് ഇപ്പോൾ അവർക്ക് വന്നിരിക്കുകയാണ്. അതുപോലെതന്നെ റോഡ് വികസനവുമായി ബന്ധപ്പെട്ടും

ചില കുടിവെള്ള സ്രോതസ്സുകൾ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. പാലക്കാട് - വാളയാർ-വടക്കാഞ്ചേരി ദേശീയ പാതാ വികസനവുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിലെ എറുന്നിയൂരിൽ ഒരു കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് തകർക്കപ്പെട്ടു. തുച്ഛമായ തുകയാണ് അവർക്ക് നഷ്ടപരിഹാരം കൊടുത്തത്. ഇപ്പോൾ 450-ഓളം വരുന്ന ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുവേണ്ടി പുതിയ സ്രോതസ്സ് കണ്ടെത്താൻ വല്ലാതെ പ്രയാസപ്പെടുകയാണ്. സമീപത്തെ പുഴയിൽ നിന്ന് ഇത്തരം സ്രോതസ്സ് പുനഃക്രമീകരിക്കുന്നതിനുവേണ്ടി 60 ലക്ഷത്തോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ ഗുണഭോക്തൃ സമിതികൾ നടത്തുന്ന കുടിവെള്ള പദ്ധതികൾ ഇന്ന് അനുഭവിക്കുകയാണ്. പരമദരിദ്രരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റ് വിഭാഗത്തിൽപ്പെട്ടവരുമെല്ലാം ഇത്തരം കുടിവെള്ള പദ്ധതികളെ ആശ്രയിക്കുന്നവരാണ്. ഇതിന് പ്രത്യേക പരിഗണന നൽകി അത്തരം മേഖലകളിലെ ശുദ്ധജല വിതരണം ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിയുമോ എന്നും ചിന്തിക്കണം. കുടിവെള്ള പ്രശ്നം അതിരൂക്ഷമായി അനുഭവിക്കുന്ന ഒരു ജില്ലയാണ് പാലക്കാട് ജില്ല. 2016 ഏപ്രിൽ 27-ന് 41.8 ഡിഗ്രിയായിരുന്നു ജില്ലയിലെ ചൂട്. ഉത്തരേന്ത്യൻ മരുഭൂമികളിലെ ചൂടിനെ മറികടക്കുന്ന നിലയിലേയ്ക്ക് പാലക്കാട്ടെ ചൂട് വർദ്ധിച്ചുവരികയാണ്. വരുന്ന വേനലിൽ കൊടുംവരൾച്ച നേരിടേണ്ടിവരും. അതുകൊണ്ട് അതീവജാഗ്രതയോടുകൂടി ജില്ലയിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഭാരതപ്പുഴ ഉൾപ്പെടെ, പുഴകളെ സംരക്ഷിക്കുന്ന നിരവധി പദ്ധതികൾ ഇവിടെ പ്രഖ്യാപിക്കുന്നുണ്ട്. ഭാരതപ്പുഴയിൽ ഷൊർണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട് കിടക്കുന്ന കുടിവെള്ള വിതരണത്തിന് തടയണ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ഇപ്പോഴും അനുവദിക്കപ്പെട്ടിട്ടില്ല. അതിന്റെ നടപടിക്രമങ്ങളൊന്നും ആരംഭിച്ചിട്ടില്ല. എന്റെ മണ്ഡലത്തിലേയും പാലക്കാട് മണ്ഡലത്തിലേയുമെല്ലാം കുടിവെള്ള വിതരണത്തിന് സഹായിക്കുന്ന കണ്ണാടി പദ്ധതിയുടെ അന്തിമഘട്ട പ്രവർത്തനങ്ങൾ വളരെ വേഗത്തിലാക്കി വേനലിനു മുമ്പ് പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. നെന്മാറ മണ്ഡലത്തിൽ ഉൾപ്പെടുന്ന പോത്തുണ്ടി പദ്ധതി ഉടൻ പൂർത്തീകരിക്കണം. മംഗലം ഡാം പദ്ധതി രണ്ട് വർഷത്തിനകമെങ്കിലും പൂർത്തീകരിച്ച് തരൂർ, ആലത്തൂർ മണ്ഡലങ്ങളിലെ പഞ്ചായത്തുകളെ സഹായിക്കാൻ സന്നദ്ധമാകണം. കുളങ്ങളും കിണറുകളും നീർച്ചാലുകളുമെല്ലാം നവീകരിക്കാനാവശ്യമായ കൂടുതൽ ഫണ്ട് ഉടനടി അനുവദിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കുടിവെള്ളമല്ലെങ്കിലും കുടിക്കുന്നവർക്ക് കൊടുക്കുന്ന വെള്ളവുമായി ബന്ധപ്പെട്ട് അഴിമതി നടന്നു എന്നൊരു പത്രവാർത്ത വന്നിട്ടുണ്ട്. തെളിവുകൾ കണ്ടപ്പോൾ തൊണ്ട വരണ്ട് എട്ടു തവണ വെള്ളം വാങ്ങിക്കുടിച്ചു എന്നാണ്. ഒരു മുൻ മന്ത്രിയെ

വിജിലൻസ് കോടതിയിലേയ്ക്ക് വിളിച്ചപ്പോൾ ഇതാണ് സ്ഥിതി. എട്ട് തവണയാണ് ഒരു മണിക്കൂറിനകം അദ്ദേഹം വെള്ളം വാങ്ങിക്കുടിച്ചത്. കഴിയുമെങ്കിൽ ഈ ഗവൺമെന്റ് വിജിലൻസ് കോടതിയിൽ ഒരു ചെറുകിട കുടിവെള്ള പദ്ധതിക്ക് പണം അനുവദിച്ച്, അല്ലെങ്കിൽ ഡ്രിപ്പ് ഇറിഗേഷനെങ്കിലും അനുവദിച്ച് വിജിലൻസ് കോടതിയെ സഹായിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ കൃഷിയേയും പരിസ്ഥിതിയേയുമെല്ലാം സംരക്ഷിക്കുന്നത് ജലസേചന രംഗമാണ്. സംസ്ഥാനത്തെ 20-ലേറെ മേജർ, മീഡിയം ജലസേചന പദ്ധതികളും 20000-ത്തോളം മൈനർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചേർന്ന് 4.58 ലക്ഷം ഹെക്ടർ കൃഷി ഭൂമിയിലാണ് ജലം ലഭ്യമാക്കുന്നത്. കൃഷി ഭൂമിയുടെ 20 ശതമാനത്തിൽ മാത്രമാണ് ജലസേചന വകുപ്പിന്റെ സേവനം ലഭ്യമാകുന്നതെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ ഇതുതന്നെ കാര്യക്ഷമമായി കൈകാര്യം ചെയ്യപ്പെടുന്നില്ല. അതിനാൽ ഭക്ഷ്യ വിളകളിൽനിന്ന് കർഷകർ മറ്റ് വിളകളിലേയ്ക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നു. ചരിത്രം തിരുത്തുന്ന ഈ ഗവൺമെന്റ്, നെല്ല് ഉൾപ്പെടെയുള്ള ഭക്ഷ്യ വിളകളെ പ്രോത്സാഹിപ്പിക്കുന്ന ഈ ഗവൺമെന്റ് ജലസേചന പദ്ധതികളുടെ ഈ കെടുകാര്യസ്ഥത പരിഹരിക്കാൻ ഉടൻ നേതൃത്വം കൊടുക്കേണ്ടതുണ്ട്. നമ്മുടെ ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനുള്ള ഗവൺമെന്റിന്റെ നടപടികളെ വലിയ പ്രതീക്ഷയോടുകൂടിയാണ് കേരള സമൂഹം ഉറ്റുനോക്കുന്നത്. ശുചിത്വം ഏറെ പ്രധാനപ്പെട്ടതാണെന്ന് എല്ലാവർക്കുമറിയാം. മാലിന്യമുക്ത സംസ്ഥാനമായി കേരളം മാറണമെന്ന ജനങ്ങളുടെ വലിയ അഭിലാഷത്തിന്റെ ആദ്യ പ്രതികരണമായിരുന്നു ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ഭരണത്തെ തകർത്തെറിഞ്ഞുകൊണ്ട് വന്ന തെരഞ്ഞടുപ്പു ഫലം. ആ ജനമനസ്സ് തിരിച്ചറിഞ്ഞ് ജനകീയ ക്യാമ്പയിനായി മാലിന്യമുക്ത കേരളം സൃഷ്ടിക്കാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളെ എല്ലാ നല്ല മനുഷ്യരും ഇന്ന് പിന്തുണയ്ക്കുന്നുണ്ട്. ഓരോ കേരളീയനും പ്രതിദിനം ശരാശരി 250 ഗ്രാം മാലിന്യം ഉൽപ്പാദിപ്പിക്കുന്നു. കേരളത്തിൽ ആകെ പ്രതിദിന മാലിന്യ ഉൽപ്പാദനം ഏതാണ്ട് 8,000 ടൺ ആണെന്ന് വിദഗ്ദ്ധർ പറയുന്നു. ഈ മാലിന്യമെല്ലാം നമ്മുടെ ശുദ്ധജല തടാകങ്ങളേയും മറ്റ് നീർത്തടങ്ങളേയുമെല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭീകരമായ ഈ അവസ്ഥാവിശേഷത്തെ നേരിടാൻ ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന എല്ലാ പദ്ധതികളേയും പിന്തുണച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സൗമ്യനായ ജലവിഭവ വകുപ്പുമന്ത്രിയുടെ മുഖത്തുനോക്കി ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു എന്നുപറയാൻ എനിക്ക് വളരെ വിഷമമുണ്ട്. പക്ഷേ എനിക്ക് എതിർക്കാതിരിക്കാനാവില്ല എന്നുപറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ജലമെന്നത് ജീവാമൃതമാണ്. ജീവന്റെ ഉൽപ്പത്തി തന്നെ ജലത്തിൽ നിന്നായിരുന്നു എന്ന് വേദങ്ങൾ പറയുന്നുണ്ട്. ജലപാനമില്ലാതെ 4 ദിവസത്തിൽ കൂടുതൽ ഒരാൾക്ക് ജീവിക്കാനാവില്ല എന്നും നമുക്കറിയാം. മനുഷ്യ ശരീരത്തിന്റെ 75 ശതമാനവും ജലമാണ്. നമ്മുടെ ആദിമ സംസ്കാരങ്ങളെല്ലാം ഉടലെടുത്തതുതന്നെ നദീതടങ്ങളിൽ നിന്നാണെന്ന് എല്ലാവർക്കും അറിയാം. പക്ഷേ കാസർഗോഡുകാരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ ജലമാണ് ഇല്ലാത്തതെന്നും ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലതുപോലെ അറിയാമെന്ന് എനിക്ക് വിശ്വാസമുണ്ട്.

ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നതിന് പ്രധാനപ്പെട്ടൊരു കാരണമുണ്ട്. കാസർഗോഡ് നഗരത്തിൽനിന്നും വരുന്ന ആളാണ് ഞാൻ. ഈ സഭയിലെ 140 എം.എൽ.എ.മാർക്കും ഇല്ലാത്തൊരു ദുര്യോഗം എനിക്കുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. ആഴ്ചയിൽ 2 ദിവസം മാത്രം വെള്ളം കിട്ടുന്ന ഒരു നഗരത്തിൽനിന്നാണ് ഞാൻ വരുന്നത്. 30-35 വർഷമായി വേനൽക്കാലമാകുമ്പോൾ ഉപ്പുവെള്ളം കുടിച്ച് ജീവിക്കുന്ന ആളുകളാണ് ഞങ്ങൾ. ഇതിനൊരു ശാശ്വത പരിഹാരം ഇത്തവണയെങ്കിലും കണ്ടെത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വാക്ക് നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ല എന്നത് ഇവിടെ ഇരിക്കുന്ന പല രാഷ്ട്രീയ പാർട്ടിയിലുംപെട്ട ആളുകൾക്ക് ജാഥ നടത്തുവാനും പ്രക്ഷോഭങ്ങൾ തുടങ്ങാനും മാത്രമുള്ള മണ്ണല്ല എന്ന് എല്ലാവരും മനസ്സിലാക്കണം. വികസനമെന്നത് ഞങ്ങൾക്കും വേണ്ടാത്ത സാധനമൊന്നുമല്ല. ഞങ്ങൾക്കും വികസനം വേണം. അക്കാര്യത്തിൽ കാസർഗോഡ് നിന്നുള്ള എം.എൽ.എ.-മാർ ഭരണ-പ്രതിപക്ഷ ഭേദമന്യേ ഒറ്റക്കെട്ടാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നിങ്ങൾക്കെല്ലാവർക്കും പ്രക്ഷോഭവും യാത്രയും ആരംഭിക്കാൻ മാത്രമുള്ളൊരു ജില്ലയായി ഞങ്ങളുടെ ജില്ലയെ കരുതാൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇതൊരു ജീവൽ പ്രശ്നമാണ്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കണ്ടില്ലെങ്കിൽ ഞാൻ അടുത്ത നിയമസഭാ സമ്മേളനം തുടങ്ങുമ്പോൾ ഇവിടെ സത്യാഗ്രഹമിരിക്കും. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി സംശയിക്കണ്ട. അത് എന്നെക്കൊണ്ട് ചെയ്യിപ്പിക്കരുത് എന്ന് വളരെ വിനയത്തോടുകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

നമുക്കെല്ലാവർക്കും വെള്ളം കൊടുക്കണമെങ്കിൽ പമ്പ് ഓപ്പറേറ്റർമാരുടെ ആവശ്യമുണ്ട്. പക്ഷേ കേരളത്തിൽ പമ്പ് ഓപ്പറേറ്റർമാരുടെ ക്ഷാമം ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. പമ്പ് ഓപ്പറേറ്റർമാർക്ക് ഇപ്പോൾ നമ്മൾ കൊടുക്കുന്ന വേതനം ഒരു ദിവസം 396 രൂപയാണ്. ആ പണം അവരുടെ കൈകളിൽ എത്തുന്നില്ല. ചില കരാറുകാർ മിഡിൽമാൻമാരായി പ്രവർത്തിക്കുന്നു. 396 രൂപയിൽനിന്നും കുറച്ച് തുക അവർ എടുത്തതിനുശേഷമാണ് പമ്പ് ഓപ്പറേറ്റർമാർക്ക് ദിവസ വേതനമായി കൊടുക്കുന്നത്. സ്ഥിരം പമ്പ് ഓപ്പറേറ്റർമാരെ നിയമിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മറ്റൊന്ന്, പമ്പുസെറ്റ് റിപ്പയർ ചെയ്യാൻ നമുക്ക് സ്ഥിരം ആളുകളില്ല എന്നതാണ്. പുറമേനിന്ന് ആളുകളെ ഹയർ ചെയ്യുകയാണ് ചെയ്യുന്നത്. പമ്പുസെറ്റ് റിപ്പയർ ചെയ്തവർക്കും പൈപ്പ് ലൈൻ റിപ്പയർ ചെയ്തവർക്കും മാർച്ച് മാസം മുതലുള്ള കുടിശ്ശിക കൊടുക്കാൻ ബാക്കിയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി എടുത്ത കരാറുകാരുടെ കുടിശ്ശിക കേട്ടാൽ ഞെട്ടും. 460 കോടി രൂപ കുടിശ്ശിക കൊടുക്കാൻ ബാക്കിയുണ്ട്. ഇതിൽ 310 കോടി രൂപ സെൻട്രലി സ്പോൺസേർഡ് പ്രവൃത്തികളുടേതാണ്. 150 കോടി രൂപ നമ്മുടെ സ്റ്റേറ്റ് പ്ലാനിലേയും നബാർഡിലേയും വർക്കുകളുടേതാണ്. ഇപ്പോൾ നമുക്ക് കേന്ദ്രം നൽകുന്നത് വർഷത്തിൽ 50 കോടി രൂപയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ അർത്ഥം ഈ കരാറുകാർക്ക് ഇനി പണം ലഭിക്കണമെങ്കിൽ 6 വർഷത്തിലധികം കാത്തിരിക്കണം. കരാറുകാർക്ക് പണം ലഭിക്കില്ലെങ്കിൽ ഇനിയവർ ഭാവിയിൽ വേറെ പണി ചെയ്യാൻ മുന്നോട്ടുവരില്ല. അപ്പോൾ കേരളത്തിലെ ആളുകൾക്ക് യഥേഷ്ടം വെള്ളം കിട്ടാത്ത ഒരവസ്ഥ വരും. അതുപോലെതന്നെ ഇവിടെ ചിലർ സൂചിപ്പിച്ചപോലെ പൈപ്പ് പൊട്ടിയും വിതരണ ശൃംഖലയിലെ മറ്റ് തകരാറുകൾ കാരണവും ഒരു ദിവസം ജല അതോറിറ്റിക്ക് നഷ്ടപ്പെടുന്നത് 120 കോടി ലിറ്റർ വെള്ളമാണ്. ഒരു വർഷം ഇതുവഴി വരുന്ന സാമ്പത്തിക നഷ്ടം 262 കോടി രൂപയാണ്. വൈദ്യുതി ചാർജ്ജിലെ അമിത ചെലവുകൂടി കണക്കാക്കുമ്പോൾ നഷ്ടം ഇതിലും അധികം വരും. നദികളിൽനിന്നും മറ്റ് ഉറവിടങ്ങളിൽനിന്നും ദിവസവും 250 കോടി ലിറ്റർ വെള്ളമാണ് വിതരണത്തിനായി ശുദ്ധീകരിച്ചെടുക്കുന്നത്. ഇതിന്റെ പകുതിയും വിതരണത്തിനിടയിലാണ് ചോർന്നു പോകുന്നത്. ഇൻഡ്യയിൽ ഇത്തരത്തിൽ ഏറ്റവും കൂടുതൽ വെള്ളം നഷ്ടമാകുന്നത് കേരളത്തിലാണെന്നത് നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. പ്രതിവർഷം 700 കോടി രൂപയാണ് വൈദ്യുതി ഇനത്തിൽ ജല അതോറിറ്റിക്കുള്ള ചെലവ്. ശുദ്ധീകരിച്ച ജലം കാര്യക്ഷമമായി വിതരണം ചെയ്യാൻ കഴിഞ്ഞാൽ തീർച്ചയായും

ഈ ചെലവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കും. ലോകത്ത് ഏറ്റവും കുറഞ്ഞ ജലനഷ്ടം സിംഗപ്പൂരിലാണ്. 5 ശതമാനം. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ജല നഷ്ടം ചെന്നൈയിലാണ് എന്നത് ഓർക്കേണ്ടതുണ്ട്. ജലദൗർലഭ്യം ഏറ്റവും രൂക്ഷമായ ചെന്നൈയിൽ അധികൃതർക്കും ജനങ്ങൾക്കും വെള്ളത്തിന്റെ വില നന്നായി അറിയാമെന്നുള്ളതുകൊണ്ടാണ് ചെന്നൈയിൽ ജലനഷ്ടം കുറഞ്ഞുവന്നത്. കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ നിന്ന് വെള്ളം അനുസ്യൂതം മണ്ണിലേയ്ക്ക് ചോരുന്നു എന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കാസർഗോഡ് 40 വർഷം മുമ്പ് സ്ഥാപിച്ച ആസ്ബറ്റോസ് സിമന്റ് പൈപ്പുകളാണുള്ളത്. കാസർഗോഡ് അടക്കം 1976-ൽ ഉണ്ടാക്കിയ പദ്ധതികളാണ് നിലനിൽക്കുന്നത്. 1976-ൽ കാസർഗോഡ് ജില്ലയിൽ 15000 പേർക്ക് വെള്ളം കൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ആ പദ്ധതി നടപ്പിലാക്കിയത്. ആ സമയത്താണ് ഈ ആസ്ബറ്റോസ് സിമിന്റ് പൈപ്പുകളിട്ടത്. 2016-ൽ 40000 ആളുകൾക്ക് അവിടെ വെള്ളം കൊടുക്കുന്നു. കൺസ്യൂമേഴ്സിന്റെ എണ്ണം 25000 ആയി വർദ്ധിച്ച തിനനുസരിച്ച് നമ്മുടെ സംവിധാനത്തിൽ മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടില്ല. അത് വളരെയധികം ശ്രദ്ധിക്കേണ്ട കാര്യമാണെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഭൂമിക്കടിയിലെ കുടിവെള്ള പൈപ്പുകളിലെ ചോർച്ച ഭൂമി കുഴിക്കാതെ തന്നെ കണ്ടുപിടിക്കാനുള്ള ജർമ്മൻ സാങ്കേതിക വിദ്യ ഇന്ത്യയിലും ഏറ്റവും ആധുനികമായ സംവിധാനമുപയോഗിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഭൂമിക്കടിയിൽ എവിടെയൊക്കെയാണ് പൈപ്പുകളുടെ ശൃംഖലയുള്ളതെന്ന് ഭൂമി കുഴിക്കാതെ തന്നെ കണ്ടെത്താൻ സാധിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കണം. ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായി അറിയാം. 30 വർഷമായ പദ്ധതി ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ചെങ്കള-മുളിയാർ-മൊഗ്രാൽപുത്തൂർ-മധൂർ പഞ്ചായത്തുകളിൽ 50 കോടി രൂപയുടെ ഒരു പദ്ധതി കൊണ്ടുവന്നു. ആദ്യം ടെണ്ടർ ചെയ്ത 20 കോടിയിൽ, 13 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചു. 7 കോടി രൂപയുടെ പ്ലാന്റ് ഇപ്പോഴും നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ഇപ്പോൾ 23 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കുകയാണ്. കരാറുകാരൻ പ്രൈസ് എസ്കലേഷൻ ചോദിക്കുന്നതുകൊണ്ട് അത് മുടങ്ങിക്കിട ക്കുകയാണ്. നേരത്തേ ചെയ്ത പ്രവൃത്തിയിൽത്തന്നെ കരാറുകാരന് 13 കോടി രൂപ കൊടുക്കാനുണ്ട്. കരാറുകാരൻ രണ്ടാമത് പണി ചെയ്യാൻ മുന്നോട്ട് വരില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. അങ്ങനെ പല പദ്ധതികളും നമുക്ക് പൂർത്തീ കരിക്കേണ്ടതുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിക്കും രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിക്കുംവേണ്ടി തുകയൊന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. രാജീവ് ഗാന്ധി

പദ്ധതിയുടെ പ്രവൃത്തികൾക്ക് കരാറുകാർക്ക് രണ്ടരക്കോടി രൂപ കൊടുക്കാനുണ്ട്. പുതുതായി പ്രവൃത്തി ഏറ്റെടുക്കണമെങ്കിൽ രണ്ടരക്കോടി രൂപ ഇനിയും വേണം. അതുപോലെ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിലെ ചീക്കോട് കുടിവെള്ള പദ്ധതി, 45000 കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കാനുള്ള പദ്ധതിയാണത്. വെള്ളമിപ്പോൾ ടാങ്കുകളിൽ എത്തി. പക്ഷേ ആ ടാങ്കുകളിൽ വെള്ളമെത്തിക്കാൻ 67 കോടി രൂപ ചെലവായി. ആ ടാങ്കുകളിൽ എത്തിയ വെള്ളം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യണമെങ്കിൽ ആവശ്യമായ ഫണ്ട് നമ്മൾ നീക്കിവയ്ക്കണം. 50 കോടി രൂപ വേണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഡീസാലിനേഷന് വലിയ ചെലവുണ്ടെങ്കിലും തീരദേശത്തൊക്കെ ചെറിയ തോതിൽ ഡീസാലിനേഷൻ പദ്ധതി നടപ്പിലാക്കണമെന്നതാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള നിർദ്ദേശം. ജലക്രാന്തി അഭിയാൻ, ഇന്ത്യയിലെ ജല ദൗർലഭ്യമുള്ള ഗ്രാമങ്ങളെ ജലസമൃദ്ധമാക്കാനുള്ള പുതിയ പദ്ധതിയാണ്. ഇതും കേരളത്തിൽ നടപ്പിലാക്കാൻ പറ്റുമോ എന്നതിനെ കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ജലഗ്രാം യോജന രാജ്യത്തെ 672 ജില്ലകളിൽ പൊതുജന പങ്കാളിത്തത്തോടെ ജല സുരക്ഷയെക്കുറിച്ചുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. അതിനെക്കുറിച്ചും നമ്മൾ ആലോചിക്കേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. രാഷ്ട്രീയം കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല, എങ്കിലും മന്ത്രിമാർ ഉത്തരം നൽകുമ്പോൾ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഇന്നലെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചിരുന്നു. കേരളത്തിൽ പട്ടിയുടെ കടിയേറ്റ് ആരെങ്കിലും മരിച്ചിട്ടുണ്ടോ എന്ന്. അദ്ദേഹം പറഞ്ഞത് വിവരം ശേഖരിച്ചു വരുന്നു എന്നാണ്. പക്ഷേ എന്റെ കൈയ്യിൽ സെപ്റ്റംബർ 19-ാം തീയതിയിലെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ (പത്രം ഉയർത്തിക്കാട്ടി) ബഹുമാനപ്പെട്ട ചെയറിന്റെ മണ്ഡലമായ കോഴിക്കോട് തെരുവ് നായയുടെ കടിയേറ്റ് തമിഴ്നാട് സ്ത്രീ മരിച്ചു. Stray dog bite; Tamilnadu woman dies of rabies. അങ്ങയുടെ മണ്ഡലമാണെന്ന് എനിക്ക് തോന്നുന്നു. ശ്രീ. വിൻസെന്റിന്റെ മണ്ഡലത്തിലും ഒരാൾ പട്ടികടിയേറ്റ് മരിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ എനിക്ക് നൽകിയ ഉത്തരം, വിവരം ശേഖരിച്ചു വരുന്നു എന്നാണ്. പത്രത്തിൽ വന്ന വാർത്തയാണ്. മൂന്നു മാസത്തെ ഭരണ നേട്ടത്തെക്കുറിച്ചൊന്നും ഞാൻ ഇവിടെ പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ ക്ഷേമ പെൻഷൻ വീടുകളിലെത്തിക്കാൻ നടത്തിയ പരിഷ്ക്കാരത്തെത്തുടർന്നുള്ള പരാതികൾ ഇപ്പോഴും അവസാനിക്കാത്ത അനുഭവം നമുക്കുണ്ട്. ആധാരമെഴുത്തുകാർ ഓണം നാളുകളിൽ ഉപവസിക്കേണ്ടിവന്നു. കൺസ്യൂമർഫെഡിൽ അരി ടെണ്ടറിൽ ക്രമക്കേട്, ഓണപ്പരീക്ഷ നടത്തിയ സ്കൂളുകളിൽ ഭാഷാ വിഷയങ്ങളുടെ പുസ്തകങ്ങൾ കിട്ടിയിട്ടില്ല, വൈദ്യുതി പ്രതിസന്ധി

കേരളം ഇരുട്ടിലാകാൻ പോകുന്നു, കുടുംബ പെൻഷൻ നിബന്ധനകൾ കർശനമാക്കി, എൻഡോസൾഫാൻ രോഗികൾക്കുപോലും മരുന്നുകൾ ലഭിക്കുന്നില്ല, കെ.എസ്.ആർ.ടി.സി.-63 ഡിപ്പോകൾ പണയപ്പെടുത്തിയിട്ടും ശമ്പളം കൊടുക്കാൻ പറ്റാത്ത അവസ്ഥ. എല്ലാം ശരിയാകുമെന്ന പ്രഖ്യാപനത്തിലൂടെയാണ് നിങ്ങൾ അധികാരത്തിൽ വന്നതെങ്കിലും തീരുമാനങ്ങൾ വൈകുന്നു. അധ്യയനം തുടങ്ങി നാലുമാസം കഴിഞ്ഞിട്ടും പ്രിൻസിപ്പാൾ നിയമനം നടത്താതെ കേരളത്തിലെ സർക്കാർ കോളേജുകളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു എന്ന യാഥാർത്ഥ്യം കണ്ണു തുറന്ന് കാണേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. അതോടൊപ്പം തന്നെ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ വകുപ്പ് പുനഃസംഘടിപ്പിച്ചില്ലെങ്കിൽ കേരളത്തിന് മുന്നോട്ട് പോകാനാകാത്ത സ്ഥിതി വന്നുചേരും. പുഴകൾ മുഴുവൻ പുഴകളല്ലാതായി മാറും. ഭാരതപ്പുഴ കാണാനേയില്ല. അവിടെ പറമ്പുപോലെ മരങ്ങളാണ് വളർന്നുനിൽക്കുന്നത്. അവിടെ പുഴയിലെ ഒഴുക്കു തന്നെ നിൽക്കുന്ന അവസ്ഥയാണ്. ഞാൻ ഇത് പറയാനുണ്ടായ കാരണം 2012-13-ൽ ആകെ ചെലവഴിച്ച തുക 94 കോടി രൂപയാണ്. 2015-16-ൽ ആകെ ചെലവഴിച്ചത് 69 കോടി രൂപയാണ്. ഈ കാര്യം സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചപ്പോൾ അതിൽ എന്തോ ഒരു തെറ്റുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഞാൻ എക്കണോമിക് സർവ്വേ എടുത്തു നോക്കിയപ്പോഴും അത് 100 ശതമാനവും ശരിയാണെന്ന് കണ്ടു. ഇറിഗേഷനിൽ ആകെ ചെലവഴിച്ചത് വെറും 7 ശതമാനം മാത്രമാണ്. ഒന്നിനു മാത്രം കൂടുതൽ ചെലവഴിച്ച ഏതിനാണെന്ന് അറിയാമോ കടലിൽ കല്ലിടുന്നതിന് മാത്രം 122 ശതമാനം ചെലവഴിച്ചിട്ടുണ്ട്. 2014-15-ൽ എത്രയാണ് ചെലവഴിച്ചത്? 46 കോടി രൂപ. 7 ചീഫ് എഞ്ചിനീയർമാർ, 5000 ജീവനക്കാർ, 90 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉൾപ്പെട്ട വലിയ ഒരു സംവിധാനത്തിനായി ചെലവഴിച്ച തുകയാണിത്. കഴിഞ്ഞ 20 കൊല്ലമായി ഒരു പുതിയ പ്രോജക്ടുപോലും എടുക്കാൻ സാധിച്ചിട്ടില്ല. ഇതാണ് സ്ഥിതി. കുട്ടനാട് പാക്കേജിനായി സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ 1840 കോടി രൂപയാണ് മൊത്തം ചെലവായി വകയിരുത്തിയത്. അതിൽ 25 ശതമാനം നമ്മൾ എടുക്കണം എന്നു പറഞ്ഞപ്പോൾ 50 കോടി രൂപ സംസ്ഥാന വിഹിതം വച്ചു. അത് ചെലവഴിച്ചു. കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട 150 കോടി രൂപ വാങ്ങുന്നതിൽ വീഴ്ച വരുത്തി. ആ 150 കോടി രൂപ കിട്ടേണ്ടത് ഇല്ലാതെയാക്കി. അതിന്റെ പേരിൽ ഒരു നടപടി വേണ്ടേ? 150 കോടി രൂപ കേരളത്തിന് കിട്ടേണ്ടതാണ് ഇല്ലാതാക്കിയത്.

നമ്മൾ ബഡ്ജറ്റിൽ 50 കോടി രൂപ ചെലവഴിച്ചു. അതിനെക്കുറിച്ചും വളരെ ഗൗരവമായി ആലോചിക്കണം. ഇത്രയും ഉദ്യോഗസ്ഥർ ഉണ്ടായിട്ടും അന്തർ സംസ്ഥാന നദീജല കരാറുകളിൽ, പറമ്പിക്കുളത്ത് 60 സ്ഥലത്താണ് ഗേജിംഗിന് ആളുകളെ ആവശ്യമായിട്ടുള്ളത്. അവിടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻകൈയെടുത്ത് കുറേ ആളുകളെ പോസ്റ്റ് ചെയ്തു. അവിടെ ഇനിയും ആളുകളെ പോസ്റ്റ് ചെയ്യണം. അത് ചെയ്യണ്ടേ! അതുകൊണ്ട് കേരളത്തിന് വരുന്ന നഷ്ടമെത്രയാണ്? ശ്രീ. പി. സി. ജോർജ് അതിനെക്കുറിച്ച് സൂചിപ്പിച്ചു. കാവേരി നദീജലത്തിൽ 147 ടി.എം.സി. നമ്മുടെ ഈൽഡാണ്. നമ്മുടെ പ്രദേശത്ത് വീഴുന്ന മഴയാണ്. നമുക്ക് അർഹതപ്പെട്ടതുതന്നെ 98 ടി.എം.സി. ആണ്. 93.5 ടി.എം.സി. നമുക്ക് അവകാശപ്പെട്ടതാണ്. നമ്മൾ കേസ്സു നടത്തി തോറ്റുകൊടുത്തു. എന്നിട്ട് 30 ടി.എം.സി. കിട്ടി. ആ 30 ടി.എം.സി. ജലം പോലും ഉപയോഗിക്കാൻ ഇപ്പോൾ തമിഴ്നാട് സമ്മതിക്കുന്നില്ല. അട്ടപ്പാടിയിലെ പദ്ധതിക്കായി കഴിഞ്ഞ ദിവസം 2.87 ടി.എം.സി. കാവേരി ട്രൈബ്യൂണൽ അനുവദിച്ചതാണ്. ആ പദ്ധതിക്കുവേണ്ടി എൻവയോൺമെന്റൽ ക്ലിയറൻസിനായി ഒരു അപേക്ഷ കൊടുക്കാൻ പോലും തമിഴ്നാട് സമ്മതിച്ചില്ല, അവർ അവിടെ തടസ്സം പറഞ്ഞു. പറമ്പിക്കുളത്ത് ഇതുവരെ നമുക്ക് കിട്ടിയ കരാർ പ്രകാരമുള്ള വെള്ളം എങ്ങനെയൊക്കെയോ വാങ്ങിച്ചു. ഇപ്രാവശ്യം തമിഴ്നാട് ഏകപക്ഷീയമായി ഷട്ടർ അടച്ചു. അവസാനം ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ഇടപെട്ടിട്ടാണ് കുറെയെങ്കിലും മാറ്റമുണ്ടായത്. അതുകൊണ്ടാണ് ഫസ്റ്റ് ക്രോപ്പ് എടുത്തത്. സെക്കന്റ് ക്രോപ്പ് എങ്ങനെ അവിടെ കൃഷി ചെയ്യും? ഭാരതപ്പുഴ വറ്റി വരളാൻ പോകുകയാണ്. ഇതിനെതിരെ ശക്തമായ നടപടിയെടുത്തില്ലെങ്കിൽ ഭാരതപ്പുഴ വറ്റി വരളും. നമുക്ക് കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാനും തമിഴ്നാട് കൂടുതൽ വെള്ളമെടുക്കുന്നത് തടയാനും നടപടി സ്വീകരിക്കണം. നീരാറിൽനിന്നും നാല് മാസം ഇടമലയാറിലേയ്ക്ക് വെള്ളം കൊണ്ടുപോകണം. കഴിഞ്ഞ നാല് മാസം വെള്ളം കൊണ്ടുപോയിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള ഉദ്യോഗസ്ഥർ അവിടെയുണ്ടോ? അത് നിലനിൽക്കുന്നുണ്ടോ? അവിടെ നടക്കുന്ന സംവിധാനമെന്താണ്? അതോ അവർ എഴുതിക്കൊടുത്തതുമാത്രം ഒപ്പിട്ട് വരുന്ന സ്ഥിതിയാണോ ഉള്ളത്. ഇതിനെ പറ്റിയെല്ലാം ആലോചിക്കണം. അതുപോലെ തന്നെ ഷോളയാറിന്റെ കാര്യം, കേരളത്തിൽനിന്ന് ഷോളയാറിലേയ്ക്ക് 2.5 റ്റി.എം.സി. വെള്ളമെടുക്കാനുള്ള അധികാരമേയുള്ളൂ. ഈ പ്രാവശ്യം പെൻസ്റ്റോക്ക് പൈപ്പിൽക്കൂടിയല്ലാതെ 4 റ്റി.എം.സി. വെള്ളമെങ്കിലും എടുത്തിട്ടുണ്ടാകും. അത് കഴിഞ്ഞ് പറമ്പിക്കുളത്ത് നിന്ന് 16.5 റ്റി.എം.സി. വെള്ളം തമിഴ്നാടിനും 2.5 റ്റി.എം.സി. വെള്ളം കേരളത്തിനുമെന്ന അനുപാതത്തിൽ മാത്രമേ വെള്ളമെടുക്കാൻ അധികാരമുള്ളൂ. ഒരു തുള്ളി വെള്ളം

പറമ്പിക്കുളത്ത് നിന്നും നമുക്ക് കിട്ടിയില്ല. അതുമാത്രമല്ല കോണ്ടൂർ കനാലിൽനിന്നും ഒഴുകിവരുന്ന വെള്ളം ഭാരതപ്പുഴയ്ക്ക് അവകാശപ്പെട്ടതാണ്. അതും തമിഴ്നാട് സ്വന്തമാക്കുന്നു. ആളിയാറിൽ 7.25 റ്റി.എം.സി. വെള്ളം നമുക്ക് അനുവദിച്ചതാണെങ്കിലും അതിന് താഴെ അഞ്ച് അണക്കെട്ടുകളുണ്ട്. അവർക്ക് അതിൽനിന്നും എടുക്കാവുന്ന വെള്ളം 2.5 റ്റി.എം.സി. മാത്രമാണ്. പക്ഷേ അവർ 6 റ്റി.എം.സി. വെള്ളമാണ് കൊണ്ടു പോകുന്നത്. നമുക്ക് അതിൽ ഇടപെടാനോ എന്തെങ്കിലും തരത്തിലുള്ള പ്രതിഷേധം രേഖപ്പെടുത്താനോ ആ സമയത്ത് തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് തടയാനോ ഉള്ള ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞില്ല. അവിടെ നിന്നുള്ള അൺകൺട്രോൾഡ് വാട്ടർ നമുക്ക് അവകാശപ്പെട്ടതാണ്. 7.25-റ്റി.എം.സി.യുടെ കൂടെ നമുക്ക് അവകാശപ്പെട്ട വെള്ളമാണ്. അൺകൺട്രോൾഡ് വാട്ടർ മുഴുവനും തമിഴ്നാട് കൊണ്ടുപോകുന്ന അവസ്ഥയാണുള്ളത്. നമ്മൾ വെറുതെ നോക്കി നിൽക്കുകയാണ്. എന്തെങ്കിലും പ്രശ്നമുണ്ടാക്കിയാൽ അത് രണ്ട് സംസ്ഥാനങ്ങളുടേയും ആഭ്യന്തര കാര്യങ്ങളെ ബാധിക്കുമെന്ന അവസ്ഥ എത്ര കൊല്ലമായി നമ്മൾ നേരിടുന്നു. മുപ്പത് കൊല്ലം കഴിയുമ്പോൾ ഈ കരാർ പുനഃസംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ 58 കൊല്ലമായി. ഇനി ഞങ്ങളൊക്കെ മരിച്ചതിനുശേഷമാണോ അത് കിട്ടുന്നത്. ഇതാണ് നമ്മുടെ അവസ്ഥ. അതുമാത്രമല്ല ശിരുവാണി അണക്കെട്ടിന്റെ കാര്യമെടുക്കാം. 1.3 റ്റി.എം.സി. ജലമാണ് അവർക്ക് അവകാശപ്പെട്ടത്. ഇപ്രാവശ്യം അവർ എത്രമാത്രം വെള്ളം കൂടുതലായി എടുത്തു. ഏകദേശം മൂന്ന് റ്റി.എം.സി. വെള്ളമാണ് അങ്ങനെ എടുത്തത്. 1.3 റ്റി.എം.സി.-യിൽ കൂടുതൽ അവർക്ക് എടുക്കാൻ അധികാരമില്ല. അതിൽ കൂടുതൽ ജലം എടുക്കുമ്പോൾ നമ്മൾ ഇടപെടേണ്ടതായിരുന്നു. അങ്ങനെ ഇടപെട്ടിരുന്നുവെങ്കിൽ ഇന്ന് പറമ്പിക്കുളത്തിനും ഭാരതപ്പുഴയ്ക്കും ഈ ഗതികേട് വരില്ലായിരുന്നു. അവിടെയുള്ള ജനങ്ങൾക്ക് കുടിക്കാൻ വെള്ളമില്ലെന്ന് പറഞ്ഞ് പത്രങ്ങളിൽ വാർത്ത വരുന്നു. കുഴൽക്കിണറുകൾ ആയിരവും ആയിരത്തിയഞ്ഞൂറും അടി താഴ്ന്നുപോകുകയാണ്. ഫ്ലൂറൈഡ് കലർന്ന വെള്ളമാണ് അവിടത്തെ ജനങ്ങൾ കുടിക്കുന്നത്. ഈ സ്ഥിതിയ്ക്ക് ഒരു മാറ്റം വരുത്തണം. മുല്ലപ്പെരിയാറിന്റെ കാര്യമെടുക്കാം. 20 മുതൽ 25 റ്റി.എം.സി. വരെ നമ്മുടെ പ്രദേശത്ത് പെയ്യുന്ന മഴവെള്ളമാണ്. ഏകദേശം 205 റ്റി.എം.സി. വെള്ളം കേരളത്തിന്റെ വിഹിതത്തിൽനിന്നും തമിഴ്നാട്ടിലേയ്ക്ക് പോകുന്നു. ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനം ഇങ്ങനെയൊരു അവസ്ഥ നേരിടുന്നുണ്ടോ? മലമ്പുഴയിൽ നിന്നും 5.5 റ്റി.എം.സി. വെള്ളമാണ് ഉള്ളത്. അങ്ങനെയാകുമ്പോൾ ആകെ 40 റ്റി.എം.സി. വെള്ളമാണ് നമ്മുടെ വിഹിതത്തിൽനിന്നും പോകുന്നത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പുതിയൊരു നയം കൊണ്ടുവരുന്നുണ്ട്. പ്രകൃതി വിഭവങ്ങൾ പ്രത്യേകിച്ച് കൽക്കരി നിക്ഷേപമുള്ള

സംസ്ഥാനങ്ങൾ അവ ലേലം വിളിക്കുമ്പോൾ ലഭിക്കുന്ന സംഖ്യ ആ സംസ്ഥാനങ്ങൾക്ക് കൊടുക്കണമെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ആന്ധ്രാപ്രദേശിലെ കൃഷ്ണാ നദിയിൽനിന്നും മദ്രാസ് സിറ്റിക്ക് കൊടുക്കുന്ന വെള്ളം ഒരു റ്റി.എം.സി.-യാണ്. അതിന് അവർ വാങ്ങുന്നത് ഒരു കോടി രൂപയാണ്. അപ്പോൾ ഇവിടെനിന്നും കൊണ്ടുപോകുന്ന 205 റ്റി.എം.സി. വെള്ളത്തിന് നമുക്ക് ഒരു വർഷം 200 കോടി രൂപയെങ്കിലും ലഭിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയത്തിൽ അങ്ങനെയാണ് പറയുന്നത്. കൽക്കരി ലേലം വിളിക്കുന്ന സംസ്ഥാനങ്ങൾക്ക് അതിന്റെ ഒരു വിഹിതം കൊടുക്കുന്നുവെങ്കിൽ നമുക്കും കിട്ടാൻ അർഹതയില്ലേ. ആ രീതിയിൽ ചോദിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ജലസേചന വകുപ്പുമന്ത്രിയോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിൽ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ കൂടിയുണ്ട്. ഇതിനെല്ലാം ഒരു സ്ഥിരം സംവിധാനം വേണം. തമിഴ്നാടിൽ ഒരു സ്ഥിരം സംവിധാനമുണ്ട്. ഞങ്ങൾ അവിടെ കമ്മിറ്റിയിൽ പങ്കെടുക്കാൻ പോയപ്പോൾ 90 വയസ്സുള്ള ഒരു എഞ്ചിനീയറാണ് അതിനെപ്പറ്റി സംസാരിക്കാൻ വന്നത്. കാരണം അതിനൊരു തുടർച്ചയുണ്ടാകണമെന്ന് കരുതിയാണ്. നമ്മളും ഈ രീതി പിന്തുടരണം. നമ്മൾ ഓരോ കേസ് വാദിക്കാനായി ഓരോ കോടതിയിൽ പോകുമ്പോഴും ഓരോ വക്കീലും ഓരോ എഞ്ചിനീയറും പോകുന്ന ഒരവസ്ഥയുണ്ടാകാതെ ഒരു സ്ഥിരം സംവിധാനമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ ഏറ്റവും കൂടുതൽ ജനങ്ങൾ അതിന്റെ ദുരിതം അനുഭവിക്കുന്നത് എന്റെ പ്രദേശമായ കൊഴിഞ്ഞാംപാറയിലാണ്. അവിടെനിന്നും ആളുകൾ ഒഴിഞ്ഞുപോകേണ്ടി വരുമോയെന്ന ഭീതിയിലാണ്. അതിനുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. ആ ഒരു പാക്കേജ് നടപ്പാക്കാനുള്ള പ്രഖ്യാപനംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കുടി വെള്ളത്തെപ്പറ്റി ഒരുപാട് പറയാനുണ്ട്. സമയമില്ലാത്തതിനാൽ പറയുന്നില്ല. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ഡോ. എൻ. ജയരാജ്</u>: സർ, തുലാവർഷത്തിന്റെ തുടക്കത്തിൽ തന്നെ വരൾച്ചയെക്കുറിച്ച് പറയേണ്ടിവരുന്നത് സത്യത്തിൽ ഏറെ ദുഃഖകരമാണ്. കഴിഞ്ഞ കാലവർഷത്തിൽ ഏതാണ്ട് 34 ശതമാനം മഴയുടെ കുറവാണ് ഉണ്ടായത്. ഈ അനുഭവത്തിൽനിന്ന് നമുക്ക് ഒട്ടേറെ ജലപാഠങ്ങൾ പഠിക്കേണ്ടിവരുന്നുവെന്നുള്ളതാണ് സത്യം. കേരളത്തിൽ പെയ്യുന്ന മഴയുടെ അളവ് ഏതാണ്ട് 2.4 മി.മി. കുറയുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1951-ൽ ശരാശരി ഒരു മലയാളിക്ക് 2676 ഘന.മീ. വെള്ളം ലഭിച്ചിരുന്നുവെങ്കിൽ ഇന്നത് 1000 ഘനമീറ്ററിന് താഴെ വന്നുവെന്നാണ്

പഠനങ്ങൾ സൂചിപ്പിക്കുന്നത്. അന്തരീക്ഷത്തിന്റെ താപനില ഏതാണ്ട് നാൽപ്പത് ഡിഗ്രിക്ക് മുകളിൽ പോകുകയാണ്. നമ്മുടെ താപമാപിനികളിൽ രസനിരപ്പ് നാൽപ്പത് ശതമാനം വർദ്ധിച്ചുവരുന്നു. ഒരു കാലഘട്ടത്തിൽ ഉണ്ടായിരുന്ന പുലരികളുടെ തണുപ്പ് കുറഞ്ഞ് വരുന്നു. മഴമേഘങ്ങൾ എത്തിനോക്കാൻ മടിച്ച് നിൽക്കുന്ന ഒരു സാഹചര്യമാണ്. ഏതായാലും പുതിയ കാലഘട്ടത്തിൽ 'എൽനിനോ'-യെയാണ് കൂട്ടുപിടിച്ചിരിക്കുന്നത്. പസഫിക് സമുദ്രത്തിലെ ഉഷ്ണവാഹിനി പ്രവാഹമായ 'എൽനിനോ'-യാണ് ഇന്ന് കാണുന്ന എല്ലാ പ്രശ്നങ്ങളുടേയും പ്രധാനപ്പെട്ട കാരണമെന്ന് പറഞ്ഞുകൊണ്ട് 'എൽനിനോ'-യോട് കലഹിക്കാനാണ് മലയാളികൾ പലപ്പോഴും തയ്യാറാകുന്നത്. പക്ഷേ യാഥാർത്ഥ്യങ്ങൾ അവിടെയല്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മലയാളത്തിന്റെ പ്രിയപ്പെട്ട കവി ഒ.എൻ.വി. കുറുപ്പ് സാർ 1964-ൽ ആണ് അദ്ദേഹത്തിന്റെ 'ഭൂമി' എന്ന കവിത എഴുതിയത്.

"കാണക്കാണെ വയസ്സാകുന്നു
മക്കൾക്കെല്ലാ; മെന്നാലമ്മേ!
വീണക്കമ്പികൾ മീട്ടുകയല്ലീ
നവതാരുണ്യം നിൻതിരുവുടലിൽ?" -

എന്നുപറയുന്ന അദ്ദേഹത്തിന്റെ കവിത 1964-ൽ പബ്ലിഷ് ചെയ്തു.

1.00 PM]

രണ്ട് പതിറ്റാണ്ട് കഴിഞ്ഞ് 1984-ൽ ആണ് 'ഭൂമിക്കൊരു ചരമഗീതം' എന്ന കവിത അദ്ദേഹം എഴുതിയത്. ഇരുപത് വർഷംകൊണ്ട് കേരളത്തിന്റെ പാരിസ്ഥിതിക മേഖലയിലും സമസ്ത മേഖലകളിലും ഉണ്ടായ മാറ്റമാണ് യഥാർത്ഥത്തിൽ ഈ രണ്ട് കവിതകളിലൂടെ വരുന്നത്. മനുഷ്യജീവിതത്തിന്റെ തുടിപ്പും പ്രകൃതിയുടെയും മനുഷ്യന്റേയും സ്വഭാവങ്ങളിലുണ്ടായ മാറ്റങ്ങളുമാണ് യഥാർത്ഥത്തിൽ ആസുരമായ കാലഘട്ടത്തെ കുറിച്ച് അദ്ദേഹത്തിനെക്കൊണ്ട് എഴുതിച്ചതെന്ന കാര്യത്തിൽ സംശയമില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

"ആതിരകൾ കുളിരു തിരയുന്നു
ആവണികളൊരു കുഞ്ഞുപൂവ് തിരയുന്നു
ആറുകളൊഴുക്ക് തിരയുന്നു"-

എന്നുപറഞ്ഞുകൊണ്ടുള്ള മനോഹരമായ ആ കവിത നമ്മുടെ വർത്തമാനകാല ദുരന്തത്തെയാണ് യഥാർത്ഥത്തിൽ ഓർമ്മിപ്പിക്കുന്നത്. ഒരു കാലഘട്ടത്തിൽ 44 നദികളുള്ള ജല സമൃദ്ധമായ സംസ്ഥാനമാണ് കേരളമെന്ന് നമ്മൾ അഹങ്കരിച്ചിരുന്നു. പക്ഷേ കേരളത്തിൽ പുഴകളില്ലെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. പുഴകളുടെ സ്ഥാനത്ത് യഥാർത്ഥത്തിൽ അവിടെയുള്ളത് നീർച്ചാലുകളാണ്. എൻ.എസ്. മാധവൻ വർഷങ്ങൾക്ക് മുമ്പ് 'മാതൃഭൂമി'-യിൽ എഴുതിയ ഒരു പരമ്പരയിൽ നിളാനദിയുടെ തീരത്ത് ഒരു കാലഘട്ടത്തിൽ ബലിതർപ്പണത്തിന് ജലമില്ലാത്തതു കൊണ്ട് കൈകൊണ്ട് മാന്തി അതിൽ നിന്നും ജലമെടുത്ത് തർപ്പണം ചെയ്യേണ്ടി വന്ന കഥ വളരെ വികാരഭരിതമായി ആവിഷ്കരിക്കുന്നുണ്ട്. ഇത് ഒരു പുഴയുടെ മാത്രം കഥയല്ല. ഞാനും ബഹുമാന്യനായ മന്ത്രിയുമൊക്കെ താമസിക്കുന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മണിമലയാർ ഉൾപ്പെടെയുള്ള കേരളത്തിലെ 14 നദികൾ 2050-ൽ അപ്രത്യക്ഷമാവുകയോ അല്ലെങ്കിൽ നദികൾക്ക് രൂപഭേദം വരുകയോ ചെയ്യാമെന്ന പഠനങ്ങൾ പുറത്ത് വരുന്ന സമയത്ത് തീർച്ചയായും ആ നദികളുൾപ്പെടെ വലിയ പ്രതിസന്ധി നേരിടും. 1956-ലാണ് ഇടശ്ശേരി അദ്ദേഹത്തിന്റെ കുറ്റിപ്പുറം പാലത്തെക്കുറിച്ചുള്ള കവിത എഴുതിയത്.

"അംബ പേരാറേ നീ മാറിപ്പോമോ,

ആകുലയാമൊരു അഴുക്കുചാലായി" എന്ന് അറുപത് വർഷങ്ങൾക്കുമുമ്പ് ഇടശ്ശേരി എഴുതിയത് ഇന്ന് കേരളത്തിലെ ഭാരതപ്പുഴ മാത്രമല്ല, എല്ലാ പുഴകളെ സംബന്ധിച്ചും മലിനീകരണത്തിന്റെ കാര്യത്തിൽ എത്രയോ വലിയ യാഥാർത്ഥ്യമാണ് എന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. എത്ര കുടിവെള്ള പദ്ധതികൾ വന്നാലും ഇത്തരം ജലസ്രോതസ്സുകൾ സംരക്ഷിക്കാനുള്ള വലിയ നീക്കം തീർച്ചയായും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പുഴകൾ കയ്യേറുകയും മലിനപ്പെടുകയും ഇല്ലാതായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. വനങ്ങൾ സംരക്ഷിക്കുന്നതുപോലെ അനധികൃതമായ മണലൂറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ തടയാൻ ഒരു റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് ആവിഷ്കരിക്കണമെന്ന വിഷയം പലതവണ നിയമസഭയിൽ ഞാൻ ആവശ്യപ്പെടുകയുണ്ടായി.

സമയക്കുറവുകാരണം ഞാൻ ദീർഘിപ്പിക്കുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട്, പണ്ട് നൂറ് ശതമാനം കേന്ദ്രസഹായം ഉണ്ടായിരുന്നത് ഇപ്പോൾ അൻപത് ശതമാനം സംസ്ഥാന വിഹിതത്തിലേയ്ക്ക് മാറിയതോടുകൂടി കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ശ്രീ. എൻ. എ.

നെല്ലിക്കുന്ന് അക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പല പദ്ധതികൾക്കുമുള്ള പണം കൃത്യമായി നൽകാൻ കഴിയുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. അഞ്ച് ജില്ലകൾക്കുവേണ്ടി കൊണ്ടുവന്ന ജപ്പാൻ കുടിവെള്ള പദ്ധതി കോട്ടയം ഉൾപ്പെടെയുള്ള ഒൻപത് ജില്ലകൾക്കുവേണ്ടി വീണ്ടും കൊണ്ടുവരുന്നു. അത് സമയബന്ധിതമായി പൂർത്തീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. റോഡ് restoration-നുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.യും വാട്ടർ അതോറിറ്റിയുമായുള്ള തർക്കങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ഈ രണ്ട് വകുപ്പുകളുടേയും കോ-ഓർഡിനേഷനോടുകൂടി കാര്യങ്ങൾ ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.

മറ്റൊന്ന് അങ്ങയുടെ നിയോജകമണ്ഡലത്തിലെ കുന്നന്താനം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന ജലധാരാ പദ്ധതിയെക്കുറിച്ചാണ്. ഞാൻ ആ ഗ്രാമപഞ്ചായത്തിന്റെ തൊട്ടടുത്ത അയൽവാസിയായതിനാൽ എനിക്ക് ഇക്കാര്യങ്ങൾ അറിയാം. ജലധാരാ പദ്ധതിയെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് റീച്ചാർജിംഗിന് വളരെയേറെ സാദ്ധ്യതയുണ്ട്. കേരള സംസ്ഥാനം ഇപ്പോൾ ഇതിനുള്ള തുടക്കമിട്ടുകഴിഞ്ഞാൽ അടുത്ത വേനൽക്കാലത്തെങ്കിലും നമുക്ക് അതിൽനിന്ന് മാറിപ്പോകാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പലപ്പോഴും കാലതാമസം ഉണ്ടാകുന്ന ഒരു കാര്യമാണ് പൈപ്പ് ലൈൻ പൊട്ടുമ്പോൾ അത് വളരെപ്പെട്ടെന്ന് മാറ്റിയിടാൻ സാധിക്കാത്തത്. ആയതിനാൽ വെള്ളമില്ലാത്ത ഈ കാലഘട്ടത്തിൽ ഒന്നും രണ്ടും ദിവസത്തോളം വെള്ളം ഒഴുകി പാഴായിപ്പോകുകയാണ്. ഇത് വളരെ ദു:ഖകരമായ കാഴ്ചയാണ്. ഇത്തരം അപര്യാപ്തതകൾ പരിഹരിക്കാൻ വാട്ടർ അതോറിറ്റി വളരെ കൃത്യമായ ഇടപെടൽ നടത്തണം. വരുംകാലഘട്ടത്തിന്റെ വെല്ലുവിളികളെ കുറെക്കൂടി ശക്തമായി നേരിടാൻ കേരള വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്തുന്നതോടൊപ്പം കുടിവെള്ളത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനുള്ള ശ്രമവും നടക്കണം. പുനർ ജീവനത്തിനായി ദാഹിക്കുന്ന പുഴകൾക്കുവേണ്ടി കുറച്ചുകൂടി ഗൗരവമായ സമയവും സന്ദർഭവും സാഹചര്യവും ഒരുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പൂർണ്ണ മനസ്സോടെ ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യരായ പ്രതിപക്ഷ എം.എൽ.എ.മാർ എന്തുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ എതിർത്തതെന്ന് അവർ വ്യക്തമാക്കുന്നില്ല.

കുടിവെള്ള കരാറുകാർക്ക് കുടിശ്ശിക നൽകുന്നില്ലെന്ന കാര്യം ഇവിടെ ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്റെ കയ്യിലിരിക്കുന്നത് 2016 മാർച്ച് മാസത്തെ പത്രത്തിൽ വന്ന റിപ്പോർട്ടിന്റെ ഫോട്ടോകോപ്പിയാണ്. അതിൽ പരാമർശിച്ചിരിക്കുന്നത്, 'കുടിവെള്ള കരാറുകാർ പണി നിർത്തി, ജല അതോറിറ്റി കൊടുത്തുതീർക്കാനുള്ള കുടിശ്ശിക നാലര കോടി രൂപ'. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ തിരുത്തണം. കാരണം അന്നത്തെ പത്രവാർത്തകളുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം പല കാര്യങ്ങളും ഇവിടെ സൂചിപ്പിച്ചതെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തെക്കുറിച്ച് പ്രതിപക്ഷാംഗങ്ങൾ പരാമർശിക്കുകയുണ്ടായി. ഈ നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ മത്സരിച്ച യു.ഡി.എഫ്.ന്റെ ഒരു സ്ഥാനാർത്ഥിയോട് ഒരു വീട്ടമ്മ 'എനിക്ക് കുടിവെള്ളം നൽകിയില്ല, കുടിവെള്ളം നൽകിയാൽ മാത്രമേ ഞാൻ വോട്ട് ചെയ്യുകയുള്ളൂ.' എന്നുപറഞ്ഞപ്പോൾ 'നിങ്ങളുടെ വോട്ട് എനിക്ക് വേണ്ട' എന്ന് ആ യു.ഡി.എഫ്. സ്ഥാനാർത്ഥി തിരിച്ച് പ്രതികരിക്കുകയുണ്ടായി. സമൂഹ മാധ്യമങ്ങളിലും യൂട്യൂബിലും ഈ വീട്ടമ്മയുടെ വാക്കുകൾ ഇപ്പോഴും കാണാൻ സാധിക്കും. അത് എല്ലാ ബഹുമാന്യരായ മെമ്പർമാർക്കും പരിശോധിക്കാവുന്നതാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിന്റെ അവസ്ഥ ഇതായിരുന്നു. കേരളത്തിലെ ശുദ്ധജല വിതരണം സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ നിലപാട് ഇതായിരുന്നു എന്നതിന് ഇതിൽക്കവിഞ്ഞൊരു തെളിവ് ആവശ്യമില്ല. റബ്ബർ കർഷകരെ പ്രതിസന്ധിയി ലാക്കിയെന്ന് സൂചിപ്പിച്ചുകൊണ്ട് രാവിലെ പ്രതിപക്ഷാംഗങ്ങൾ നിയമസഭ ബഹിഷ്കരിക്കുകയുണ്ടായി. കുട്ടനാട് പാക്കേജ് അട്ടിമറിച്ചത് ആരാണ്? 1840 കോടി രൂപ അടങ്കലുള്ള പദ്ധതിയിൽ, കേന്ദ്രം അനുവദിച്ച 447 കോടി രൂപയിൽ ഇവർ എത്ര തുകയാണ് ചെലവഴിച്ചത്? അന്യസംസ്ഥാന ലോബികൾക്കുവേണ്ടി കുട്ടനാട് പാക്കേജിനെ അട്ടിമറിച്ചവർ, പതിനായിരക്കണക്കിന് കർഷകരെ കണ്ണീരിലാഴ്ത്തിയവർ, റബ്ബർ കർഷകർക്കുവേണ്ടി കണ്ണീരൊഴുക്കുന്ന കാഴ്ചയാണ് നമ്മളിവിടെ കണ്ടത്. ഈ മുതലക്കണ്ണീർ കേരളത്തിലെ ജനങ്ങൾക്കുമുമ്പിൽ വിലപ്പോകില്ല. ബഹുമാനപ്പെട്ട മെമ്പർ കെ. കൃഷ്ണൻകുട്ടി ഇവിടെ സൂചിപ്പിച്ചതുപോലെ സമഗ്രമായ ഒരു പൊളിച്ചെഴുത്ത് ഈ വകുപ്പിൽ നടത്തേണ്ടതുണ്ട്. കഴിഞ്ഞ അഞ്ച് വർഷം 3651 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു, 269 പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ടാങ്കുണ്ടെങ്കിലും പൈപ്പും വെള്ളവും സോഴ്സുമില്ലാത്ത അവസ്ഥയാണ്. കുട്ടനാട്ടിൽ നിന്ന് പത്ത് ദശലക്ഷം ലിറ്റർ വെള്ളമാണ് പമ്പയിലേയ്ക്ക് ഒഴുക്കിക്കൊ ണ്ടിരുന്നത്. ട്രീറ്റ്മെന്റ് പ്ലാന്റുണ്ടെങ്കിലും പൈപ്പില്ല. ഇതെല്ലാം എന്തുകൊണ്ടാണ്

സംഭവിച്ചത്? ഈ രീതിയിലുള്ള അനാസ്ഥയും അലംഭാവവുമാണ് സംസ്ഥാനത്ത് നിലനിന്നിരുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽനിന്നും വെള്ളമില്ലായെന്ന് പറഞ്ഞുകൊണ്ട് നിരവധി ഫോൺ കാളുകൾ എനിക്ക് വരികയാണ്. കേരളത്തിലെ കുടിവെള്ള വിതരണ രംഗത്ത് ഈ രീതിയിലുള്ള വീക്ഷണമില്ലായ്മ ഇവിടെ പ്രകടമാണ്. അതിന്റെ ഫലമായുള്ള തിക്താനുഭവങ്ങളാണ് നമ്മളിവിടെ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ഐക്യരാഷ്ട്ര സംഘടന 15 വർഷം ചർച്ച ചെയ്തുശേഷം ജലം പൗരാവകാശമാണെന്ന തീരുമാനത്തിലെത്തി. 2008-ൽ കേരളം ജല നയം തീരുമാനിച്ചു. 2012-ലെ ദേശീയ നയം എന്തായിരുന്നു? സംസ്ഥാനങ്ങൾക്ക് ജല നയം രൂപീകരിക്കാം-ദേശീയ നയത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി. അടിസ്ഥാന ആവശ്യങ്ങൾക്കുള്ള വെള്ളം സ്വകാര്യ മേഖലയിൽ ഒരു കച്ചവട വസ്തുവായി കണക്കാക്കിക്കൊണ്ടുള്ള നയമാണ് ഇവിടെ രൂപീകരിക്കപ്പെട്ടത്. ആ നയത്തിന്റെ അടിസ്ഥാനത്തിലാണ് സിയാൽ മാതൃകയിലുള്ള കമ്പനി ഇവിടെ രൂപീകരിക്കാനുള്ള നീക്കങ്ങളുണ്ടായത്. എന്നാൽ ശക്തമായ എതിർപ്പിനെത്തുടർന്ന് അതിൽനിന്ന് പിന്തിരിയേണ്ടിവന്നു.

എന്റെ മണ്ഡലത്തിലെ നാരങ്ങാനം പഞ്ചായത്തിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്. അവിടത്തെ കാര്യങ്ങൾ നിയന്ത്രിക്കുന്നത് വാൽവ് ഓപ്പറേറ്റർമാരാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ അനധികൃതമായി വാൽവുകൾ സ്ഥാപിച്ചുകൊണ്ട് ഒരു പ്രദേശത്തേയ്ക്ക് മാത്രം വെള്ളമൊഴുക്കിക്കൊടുക്കുകയാണ്. ഷെഡ്യൂൾ അനുസരിച്ച് വെള്ളം പമ്പ് ചെയ്യുകയോ അത് തുറന്ന് കൊടുക്കുകയോ ചെയ്യുന്ന സാഹചര്യം അവിടെ നിലവിലില്ല. ഇത്തരത്തിൽ ശാസ്ത്രീയമായ പഠനത്തിന്റെ അഭാവവും അഴിമതിയും ജലവിഭവ വകുപ്പിനെ കഴിഞ്ഞ അഞ്ച് വർഷം തകർത്ത് ഇല്ലാതാക്കിയ സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്.

വെള്ളക്കരം കൂട്ടേണ്ടതില്ലെന്ന ഈ സർക്കാരിന്റെ തീരുമാനത്തെ പൂർണ്ണ മനസ്സോടെയാണ് ജനങ്ങൾ സ്വാഗതം ചെയ്തത്. അതോടൊപ്പം കേടായ പൈപ്പുകൾ മാറ്റാനും നിലവിലുള്ള പ്രൈമോ പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കാനുമുള്ള തീരുമാനമെടുത്തു. ഗുണമേന്മയും ഈടുമുള്ള പുതിയ പൈപ്പുകൾ സ്ഥാപിക്കുമെന്ന തീരുമാനം ശ്ലാഘനീയമാണ്. അടുത്ത ഒരു വർഷംകൊണ്ട് ഒരു ലക്ഷം ഗാർഹിക കണക്ഷനുകൾ നൽകുമെന്നും ഇതിനുള്ള നടപടികൾ ലഘൂകരിക്കുമെന്നുമുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. 616 കിലോമീറ്റർ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 526 കോടി രൂപയാണ് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സംസ്ഥാനത്ത് ഏതാണ്ട് 660 ദശലക്ഷം ലിറ്റർ വെള്ളം ഒരു ദിവസം ചോർച്ചയിലൂടെ നഷ്ടപ്പെടുന്നത് ഒഴിവാക്കാനായി പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ അനധികൃതമായി വാൽവുകൾ വച്ച് പുതിയ കണക്ഷനുകൾ കൊടുത്തുകൊണ്ട് വാട്ടർ അതോറിറ്റിയുടെ കണക്കിൽപ്പെടാത്ത ജലഉപഭോഗം തടയുവാൻവേണ്ടി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിക്കുവാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. പൈപ്പുലൈനുകളിലെ അറ്റകുറ്റപ്പണികൾ അപ്പപ്പോൾ തീർക്കുവാൻവേണ്ടി ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ഓഫീസുകളിലും ഏർപ്പെടുത്താൻ പോകുകയാണ്. നമ്മുടെയൊക്കെ മണ്ഡലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താൻ കാലതാമസമുണ്ടാകുന്നത് തടയാൻ ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തുന്നതിനെ പൂർണ്ണമനസ്സോടെ സ്വാഗതം ചെയ്യുന്നു. 2016-17 സാമ്പത്തിക വർഷം 2149 കോടി രൂപയുടെ പദ്ധതികളാണ് അനുവദിച്ചിരിക്കുന്നത്. സി.ഇ. പ്രോജക്ടിന്റെ കീഴിൽ പ്രത്യേക സംവിധാനത്തിലൂടെ അത് നടപ്പാക്കാൻ പോകുന്നതിനെ തീർച്ചയായിട്ടും സ്വാഗതം ചെയ്യാം.

ഇവിടെ കാവ്യാത്മകമായി ഡോ. എൻ. ജയരാജും വസ്തുതാപരമായി സർവ്വശ്രീ കെ. കൃഷ്ണൻകുട്ടിയും സി. കെ. ശശീന്ദ്രനും വരൾച്ചയുടെ രൂക്ഷതയെക്കുറിച്ച് പറയുകയുണ്ടായി. കേരളത്തിലെ താപനില $0.01\ ^0C$ ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുകയാണ്. മഴയുടെ അളവ് 1.43 മി.ലി. കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കാലവർഷം തകർത്തുപെയ്യാത്തതുകൊണ്ടും കാലവർഷമില്ലാതിരുന്നതുകൊണ്ടും ജലസംഭരണികളിൽ വെള്ളമില്ലാത്ത സാഹചര്യമുണ്ട്. തുലാവർഷമഴകൂടി ഈ രീതിയിലായിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ നദികളില്ലാതാകുന്നു, നദികളിലെ ജലനിരപ്പ് താഴുന്നു, മണൽ ഖനനംമൂലം മണൽസ്ഥലങ്ങളില്ലാതാകുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കി കേരളത്തിന്റെ ഭൂഗർഭ ജലവിതാനത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം എന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. പ്രതിദിന ജലഉപഭോഗം ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഐക്യരാഷ്ട്ര സംഘടനയുടെ കണക്കിനേക്കാൾ ഏതാണ്ട് അൻപത് ശതമാനത്തോളം കൂടുതലാണ് കേരളത്തിന്റെ ആളോഹരി ജലഉപഭോഗമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ആ രീതിയിൽ ജലസാക്ഷരത നടപ്പാക്കിക്കൊണ്ട് ജലഉപഭോഗവും ജലസംരക്ഷണവും സംബന്ധിച്ച് ഒരു ബോധവൽക്കരണം ജനങ്ങൾക്കിടയിൽ ഉണ്ടാകണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ജലനിധി പദ്ധതികൾ പൂർണ്ണതോതിൽ നടപ്പിലാകുന്നില്ലെന്ന് ഇവിടെ പറഞ്ഞു. നമ്മുടെ പദ്ധതികൾ സംബന്ധിച്ച് ജനകീയ പങ്കാളിത്തത്തോടെ ഒരു സോഷ്യൽ ഓഡിറ്റിംഗ് ഉണ്ടാക

ണമെന്ന് അഭ്യർത്ഥിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ നവീകരണത്തിനായി വാട്ടർ അതോറിറ്റിയുടേയും തദ്ദേശസ്ഥാപനങ്ങളുടെയും പദ്ധതികളുണ്ട്. നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ഒരു സ്കെച്ച് തയ്യാറാക്കി ജനകീയ പങ്കാളിത്തത്തോടെയുള്ള ഇടപെടലുകൾ നടത്തി കേരളത്തിന്റെ ജലക്ഷാമം പരിഹരിക്കുവാനുള്ള നടപടികളിലേക്ക് ഈ സർക്കാർ നീങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്റെ മണ്ഡലത്തെ ബാധിക്കുന്ന ഒന്നാണ് പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുടിവെള്ളപ്രശ്നം. അവിടേയ്ക്ക് വെള്ളമെത്തിക്കുന്നതിനുവേണ്ടി മണിയാറ്റിൽ നിന്ന് ഏതാണ്ട് 150 കോടി രൂപയുടെ പ്രോജക്ടാണ് ജൈക്കയുമായി ബന്ധപ്പെട്ട് ഇപ്പോൾ ആലോചിക്കുന്നത്. ഇത്രയുമധികം കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡ് വെട്ടിപ്പൊളിച്ചുകൊണ്ടു വരുന്ന ഈ പദ്ധതി പ്രായോഗികമല്ല. അതിന് പകരം പമ്പയാറും അച്ചൻകോവിലാറും സംയോജിപ്പിച്ചുകൊണ്ട് ഒരു ട്വിൻ കല്ലാർ പദ്ധതിയുമായി ബന്ധപ്പെട്ട് പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടെ നിലനിൽക്കുന്ന ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം വാട്ടർ അതോറിറ്റിയുടെ നവീകരണത്തിനായി സർക്കാർ സ്വീകരിക്കുന്ന എല്ലാ തീരുമാനങ്ങളേയും സ്വാഗതം ചെയ്തുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഹുമാനപ്പെട്ട വീണാ ജോർജ്ജിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചത് കേട്ടുകഴിഞ്ഞാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊരു പദ്ധതികളും നടന്നിട്ടില്ലെന്ന് തോന്നും. എത്രയോ പദ്ധതികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കമ്മീഷൻ ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി പോലും അത് നിഷേധിക്കുമെന്ന് ഞാൻ കരുതുന്നില്ല. എറണാകുളം ജില്ലയിലെ പശ്ചിമ കൊച്ചിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കമ്മീഷൻ ചെയ്തതാണ്. പക്ഷേ ഇപ്പോഴും കുടിവെള്ളം ലഭ്യമാവാത്ത സ്ഥലങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്നത് ഒരു വസ്തുതയാണ്. ഞാൻ ഈ നിയമസഭയിൽ വന്നപ്പോൾ എന്റെ ആദ്യത്തെ പ്രസംഗം കുടിവെള്ളത്തെക്കുറിച്ചായിരുന്നു. അന്നത് പറയുമ്പോൾ അന്നത്തെ ഉപതെരഞ്ഞെടുപ്പിൽ എന്റെ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ സഞ്ചരിച്ചപ്പോൾ എനിക്ക് ലഭിച്ച അനുഭവമാണ് സൂചിപ്പിച്ചത്. അതിൽ നിന്നുണ്ടായ അനുഭവം വച്ച് ഞാൻ കഴിഞ്ഞ നാല് വർഷം മന്ത്രിയും എം.എൽ.എ.യുമായിരുന്ന സന്ദർഭത്തിൽ ഒട്ടനവധി പദ്ധതികൾ അവിടെ കൊണ്ടുവന്നു. പക്ഷേ അത് എന്റെ നിയോജക മണ്ഡലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു വിഷയമല്ല. കേരളത്തിൽ പലസ്ഥലങ്ങളിലും

ഇപ്പോഴും ശുദ്ധജല ലഭ്യതക്കുറവ് ഒരു വലിയ പ്രതിസന്ധിയായി നിൽക്കുന്നുണ്ട്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റം കൊണ്ടോ അതിന് മുൻപിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കുറ്റം കൊണ്ടോ അല്ല. പല സന്ദർഭങ്ങളിൽ വ്യക്തമായ പ്ലാനിംഗിന്റെ അഭാവം അക്കാര്യത്തിൽ ഉണ്ടായി എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. ഈ മേഖലയിൽ ഒരു ശാശ്വത പരിഹാരം കൊണ്ടുവരുന്നതിനുള്ള കൂട്ടായ പ്രയത്നത്തിലൂടെ നാം നീങ്ങേണ്ടതുണ്ട്. ഇവിടെ നദികളും പുഴകളും സമൃദ്ധമായുണ്ടെങ്കിലും പലപ്പോഴും വെള്ളത്തിന്റെ അഭാവം ഉണ്ടാകുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം വലിയൊരു പ്രതിസന്ധിയായി നമ്മുടെ മുൻപിൽ നിൽക്കുന്നു. ഇത്തരത്തിലുള്ള വിഷയങ്ങൾ ചർച്ചചെയ്യേണ്ടതാണ്. ദീർഘവീക്ഷണത്തോടെ കുടിവെള്ളം ലഭ്യമാക്കുവാൻ കഴിയുന്ന നിലയിൽ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ക്രമീകരിക്കുവാൻ ഗവൺമെന്റിന് കഴിയണം.

ഇത്തവണ വേനൽ കൂടുതൽ നേരത്തെ കടന്നുവരികയാണ്. ഇപ്പോൾ തന്നെ വേനലായിക്കഴിഞ്ഞു. കനാലുകളുടെ അറ്റകുറ്റപ്പണികളിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വലിയ അനാസ്ഥയാണ് കാണിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലൂടെ എം.വി.ഐ.പി.യും പി.വി.ഐ.പി.യും കടന്നുപോകുന്നുണ്ട്. അവിടെയൊന്നും കനാലുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. അനൂപ് ജേക്കബ് അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ചുരുക്കുകയാണ്. 2016-ൽ നല്ല വേനലായിരുന്നു. 2017-ലേയ്ക്കുള്ള വേനലും വന്നുകഴിഞ്ഞു. ഇതൊക്കെ മുന്നിൽകണ്ടുകൊണ്ട് കനാലിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ജലസേചന സൗകര്യം കൊണ്ടു വരാനുള്ള സാധ്യതകൾ ഒരുക്കാൻ കഴിയണം. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പറയുന്ന ഒരു കാര്യമാണ് മിസ്സിംഗ് ലിങ്ക്സ് ഉണ്ടെന്നുള്ളത്. മിസ്സിംഗ് ലിങ്ക്സ് പൂർത്തിയാക്കിയാൽ മാത്രമേ കനാൽ പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കുന്ന സാഹചര്യമുണ്ടാകുകയുള്ളൂ എന്നത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പുകളുടെ കാലപ്പഴക്കം കാരണം ലക്ഷക്കണക്കിന് ലിറ്റർ വെള്ളം പാഴായി പോകുന്നു. ഇതൊക്കെ കേരളത്തിലെമ്പാടും കാണാൻ കഴിയുന്ന ഒന്നാണ്. പൈപ്പ് മാറ്റിയിട്ട് അതിന്റെ മെയിന്റനൻസ് കഴിഞ്ഞാൽ ആ റോഡ് റീസ്റ്റോർ ചെയ്യേണ്ട ഉത്തരവാദിത്വം വാട്ടർ അതോറിറ്റിക്ക് തന്നെയാണ്. അത് പി.ഡബ്ല്യു.ഡി.

ചെയ്യണമെന്ന് പറയുമ്പോൾ ജനപ്രതിനിധികളായ ഞങ്ങൾക്ക് പലപ്പോഴും ഉത്തരം മുട്ടുന്ന എന്നുള്ളതാണ് വസ്തുത. ഇത്തരത്തിലുള്ള വിഷയങ്ങൾ ഗൗരവത്തോടെ കണ്ടുകൊണ്ട് ശക്തമായ സമീപനത്തിലൂടെ ജലസേചന സൗകര്യവും ജലലഭ്യതയും ഉറപ്പ് വരുത്താൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഒരു ജലപക്ഷ സമീപനമുണ്ടാകാൻ തക്കവിധത്തിൽ ഈ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നമുക്കാവശ്യം ഒരു പ്രകൃതിപക്ഷ, ജലപക്ഷ, ജനപക്ഷ വികസനമാണ്. ഞാൻ മനസ്സിലാക്കുന്നത് അതിന്റെ വലതുകാൽ വച്ചുകൊണ്ടുള്ള തുടക്കമാണ് പുതിയ രീതിയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ അധികാരം വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ജലം നമുക്ക് സമൃദ്ധമായിരുന്നു. ഇപ്പോൾ ജലം ഒട്ടും സമൃദ്ധമല്ല. ലോകത്തുള്ള മൊത്തം ജലത്തിന്റെ ചെറിയ പങ്കാണ് ശുദ്ധജലമായി കിട്ടുന്നത്. ജലത്തിൽത്തന്നെ മുക്കാൽ പങ്കും മഞ്ഞ് മലകളാണ്. ബാക്കിയുള്ള ജലത്തിൽ മഹാഭൂരിപക്ഷം മലിനമാക്കപ്പെട്ടിട്ടുണ്ട്. ബാക്കിയാണ് നാം ഉപയോഗിക്കുന്നത്. പണ്ട് നമ്മളെല്ലാവരും മുങ്ങിക്കുളിക്കുമായിരുന്നു. മുങ്ങിക്കുളിക്കുമ്പോഴാണ് ഒരാൾ ശരിക്കും കുളിക്കുന്നത്. സർവ്വശാസ്ത്രവും പറയുന്നത് മുങ്ങിക്കുളിച്ച് കയറുമ്പോൾ ഒരാൾ പുതിയ മനുഷ്യനാണ് എന്നാണ്. കുളിമുറിയിൽ കുളിക്കുമ്പോൾ നനച്ചെടുക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ നമ്മളെല്ലാവരും നനച്ച് എടുക്കുകയാണ്, കുളിക്കുന്നില്ല. മുങ്ങിക്കുളിക്കുന്നതും കുളിമുറിയിൽ കുളിക്കുന്നതും രണ്ടാണ്. ഓരോ ഗ്രാമത്തിലും ഓരോ വാർഡിലും മുങ്ങിക്കുളിക്കാനുള്ള ഒരുപാട് സംവിധാനങ്ങളുണ്ടായിരുന്നു. എങ്ങനെയാണ് ഇത് നഷ്ടപ്പെട്ടത്? നമ്മുടെ വികസന കാഴ്ചപ്പാട് ശരിയാണ്. നമ്മുടെ ജലത്തെക്കുറിച്ചുള്ള ധാരണ ശരിയാണ്. ഇവിടെ ശ്രീമതി വീണാ ജോർജ്ജ് മെമ്പർ പറഞ്ഞതുപോലെ നമുക്ക് സാക്ഷരതയുണ്ട്. നമുക്കില്ലാത്തത് ജല സാക്ഷരതയാണ്. കുട്ടനാട് പാക്കേജിനെക്കുറിച്ച് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിന് ജലസാക്ഷരത ഇല്ലെന്നു പറഞ്ഞിട്ടുണ്ട്. ജലസാക്ഷരത ഉണ്ടായിരുന്നെങ്കിൽ വേമ്പനാട് കായൽ ഇത്ര മലിനമാകുകയോ കുളങ്ങൾ തോർന്നു പോകുകയോ ഇവിടെയുള്ള ചെറിയ അരുവികൾ ഇല്ലാതാകുകയോ നമ്മുടെ ശുദ്ധജലം മലിനമാകുകയോ ചെയ്യുമായിരുന്നില്ല. അതുകൊണ്ട് ശുദ്ധജലം വീണ്ടെടുക്കുക എന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അജണ്ടയാണ്. കാരണം എൽ.ഡി.എഫ്. ശുദ്ധജലം പോലെയും യു.ഡി.എഫ്. മലിനജലം പോലെയുമാണ്. അതുകൊണ്ട് കേരളത്തിലെ ജലത്തെ വിശുദ്ധമാക്കുക എന്നത് എൽ.ഡി.എഫ്.-ന്റെ

കർമ്മ പദ്ധതിയിൽ മുന്നിട്ടുനിൽക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ആറന്മുള വിമാനത്താവളത്തിനെതിരായി രണ്ടു തവണ അടിയന്തരപ്രമേയം കൊണ്ടു വന്നു. അവിടത്തെ ജലം സംരക്ഷിക്കാനും പമ്പ സംരക്ഷിക്കാനും പുഞ്ച സംരക്ഷിക്കാനും നെല്ല് സംരക്ഷിക്കാനുമാണ് ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഞാൻ മറക്കുന്നില്ല, അപ്പുറത്തെ ചില സ്നേഹിതരും അതിനെ മനസ്സുകൊണ്ട് അംഗീകരിച്ചിട്ടുണ്ട്. പരസ്യമായിത്തന്നെ ചിലർ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിൽ ഒപ്പിട്ടുതന്നിട്ടുണ്ട്. അതിനെ ഞാൻ നന്ദിയോടെ ഓർക്കുകയാണ്. പക്ഷേ, അന്നത്തെ ഗവൺമെന്റിലെ മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും എടുത്ത നിലപാട് എന്തായിരുന്നു? ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ ഒരു കാര്യം എല്ലാവർക്കും അഭിമാനത്തോടെ ഓർക്കാം. അവിടെ വിമാനത്താവളമില്ല.

ശ്രീ. അനിൽ അക്കര : സർ, ചാനലിലൊക്കെ ഇടുക്കിയിൽ വിമാനത്താവളം പുതിയതായി വീണ്ടും വരാൻ പോകുന്നു എന്നുപറയുന്നു. അവിടെയുള്ള പാടം നികത്താനുള്ള പ്രൊപ്പോസൽ പരിഗണിക്കുന്നു എന്നാണ് അറിയാൻ സാധിച്ചത്. അതും ഒരു വലിയ കാർഷിക ഗ്രാമമാണ്. ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ഏതു വികസനവും കേരളത്തിലെ ജലത്തെ ഇല്ലാതാക്കിക്കൊണ്ടോ വയലിനെ ഇല്ലാതാക്കിക്കൊണ്ടോ ആകരുത്. കേരളത്തിൽ വയലെന്നു പറയുന്നത് ജലത്തെ സംരക്ഷിച്ച് നിർത്തുന്ന പ്രകൃതിയുടെ പാത്രമാണ്. കൃഷി ചെയ്യുന്ന ഒരു വയലിൽ സുഷിരങ്ങൾ ഉള്ളതുകൊണ്ട് അതിനുതൊട്ടുതാഴെ ആ വയൽ ലക്ഷക്കണക്കിന് ലിറ്റർ വെള്ളം നമുക്കുവേണ്ടി ശേഖരിച്ചുനിർത്തും. അതുകൊണ്ട് ബന്ധപ്പെട്ട മന്ത്രിയോടു മാത്രമല്ല ഗവൺമെന്റിനോടും ഞാൻ പറയുന്നു, ഈ പാത്രത്തിൽ കൃഷി ചെയ്ത് ജലം സംരക്ഷിച്ച് നിർത്തുന്ന കേരളത്തിലെ കർഷകന് കേന്ദ്ര ഗവൺമെന്റ് പുതിയ ഒരു ജലനയം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. പ്രത്യേക അലവൻസും പാരിതോഷികവും കൊടുത്ത്, അവർ നെല്ലുമാത്രമല്ല തരുന്നത്, ജലത്തെക്കൂടി സംരക്ഷിക്കുകയാണ്. ജലം സംരക്ഷിക്കുന്നത് ഭൂമിയുടെ പാത്രമാണ്. ഭൂമിതന്നെ സൃഷ്ടിച്ച പാത്രമാണ് വയൽ എന്നുള്ളതുകൊണ്ട് അതിന് പ്രത്യേക പരിഗണന നൽകണം. ഒരു ജലപക്ഷനയം സ്വീകരിക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ടത് നമുക്ക് 44 നദികളുണ്ട് എന്നതാണ്. 44 നദികളെന്ന് പറയുന്നത് വലിയ ഒരു സൗഭാഗ്യമാണ്. ഒഴുകുന്നതേ നദിയാകുകയുള്ളൂ. പുഴയെന്ന പേരിൽ ഒഴുകുന്നതു മാത്രമേ പുഴയാകുകയുള്ളൂ. ഭാരതപ്പുഴ മനോഹരമായ ഒരു പേരാണ്.

പക്ഷേ, ഭാരതപ്പുഴ ചെന്നു കാണുമ്പോൾ ആ പേരിനോട് ആ നദി ഇപ്പോൾ നീതി കാണിക്കുന്നില്ലെന്നു നമുക്ക് ബോദ്ധ്യമാകും. പെരിയാർ മനോഹരമായ ഒരു പേരാണ്. പക്ഷേ, ഉണക്കുകാലത്തൊന്നും ആ പേരിനോട് ആ നദിക്ക് നീതി കാണിക്കാൻ പറ്റുന്നില്ല. നീതി കാണിച്ചില്ലെങ്കിൽ ആ നദികളെല്ലാം ഒരുപാട് കുളങ്ങളുടെ കൂട്ടങ്ങളാണ്. കുളങ്ങളുടെ കൂട്ടങ്ങൾ ഒരിക്കലും നദിയാകുകയില്ല. നദിയാകണമെങ്കിൽ അത് ഒഴുകണം. അങ്ങനെ ഒഴുകുന്ന നദികൾ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. അങ്ങനെ സാധിക്കണമെങ്കിൽ പുതിയ പഠനങ്ങൾ ആവശ്യമാണ്. നദിയുടെ കരയിൽ മരം ഏതായിരിക്കണമെന്ന് അറിഞ്ഞിരിക്കണം. ആഞ്ഞിലിയോ പ്ലാവോ ആണെങ്കിൽ നദിക്കാവശ്യമുള്ള വെള്ളം ശേഖരിച്ച് തിരിച്ചു വിട്ടുകൊടുക്കാനുള്ള കഴിവ് ആ മരങ്ങൾക്കുണ്ട്. നമ്മുടെ നദികളുടെ കരയിൽ റബ്ബർ പോലും വയ്ക്കുന്നുണ്ട്. റബ്ബറിന് ആ കഴിവ് ഇല്ല. അപ്പോൾ നദിയുടെ കരയിൽ പണ്ടുണ്ടായിരുന്ന കൈതക്കൂട്ടങ്ങളും വൃക്ഷങ്ങളും കൊണ്ടുവരാൻ സാധിക്കണം. അങ്ങനെ നദിയിലെ വെള്ളം ശുദ്ധമാക്കുന്ന, ഒഴുക്ക് നിലനിർത്തുന്ന, നദിയെ നദിയാക്കുന്ന ഘടകങ്ങളെയെല്ലാം കൊണ്ടുവരാൻ വാട്ടർ അതോറിറ്റിയിലും ഇറിഗേഷനിലും പ്രത്യേക വിദഗ്ദ്ധരുടെ പരിശോധന നടത്തണം. കേരളത്തിലെ ഭൂഗർഭ ജലനിരപ്പ് ഇനിയും താഴ്ന്നുപോയാൽ ഭൂഗർഭ ജലം ഉപ്പു കലർന്നതായിമാറും. കേരളം കൃഷിക്കും ജീവിതത്തിനും പറ്റാത്ത രീതിയിലാകും. നമ്മൾ ഒരു പദ്ധതിവച്ച് രണ്ടോ മൂന്നോ വർഷങ്ങൾക്കകം ഒന്നോ ഒന്നരയോ മീറ്റർ ഭൂഗർഭജലമെങ്കിലും ഉയർത്തിക്കൊണ്ടുവരണം. അതൊരു പൊതു സമൂഹ പദ്ധതിയാകണം. ഓരോ നദിയും സംരക്ഷിക്കാൻ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പൊതുജനങ്ങളും ചേർന്ന് ഒരു കർമ്മ പദ്ധതിയുണ്ടാക്കണം. ആ കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ എല്ലാ നദികളെയും സംരക്ഷിക്കണം. വരുംകാലത്ത് കൂടുതൽ വില നൽകേണ്ടി വരുന്നത് പെട്രോളിനായിരിക്കുകയില്ല, ശുദ്ധജലത്തിനായിരിക്കും എന്നതാണ് എല്ലാവരും പറയുന്ന ഒരു കാര്യം. ഇപ്പോൾ കാവേരി, തമിഴ്നാട് - കർണ്ണാടക തർക്കം നടക്കുമ്പോൾ എല്ലാവരും പറയുന്ന കാര്യം, ഒരു സംസ്ഥാനത്തിനും ഉപയോഗിക്കാനുള്ള വെള്ളം പത്തോ ഇരുപതോ വർഷം കഴിയുമ്പോൾ കാവേരിനദിയിൽ ഉണ്ടാകില്ലെന്നതാണ്. എല്ലാവരും കൂടി കാവേരിയിലും പമ്പയിലും ഭാരതപ്പുഴയിലുംമറ്റും ജലമുണ്ടാകുമെന്ന് ഉറപ്പിക്കുകയാണ് വേണ്ടത്. തോടുകൾ അടയാതിരിക്കാനും കാവുകൾ നിലനിർത്താനും കുളങ്ങൾ ഇല്ലാതായി പോകാതിരിക്കാനുമാണ് ഇങ്ങനെ ചെയ്യുന്നത്. അതിനാദ്യം വേണ്ടത് ക്ഷമയാണ്. ആർത്തിയുള്ള ഒരു കാര്യത്തിൽനിന്ന് ക്ഷമയുള്ള ഒരു രാഷ്ട്രീയത്തിലേയ്ക്കും ജീവിതത്തിലേയ്ക്കും സ്വഭാവത്തിലേയ്ക്കും മടങ്ങിവരണം. പാണ്ഡവരുടെ ഒരു കഥയുണ്ട്. വനവാസകാലത്ത് അവർ അഞ്ചുപേർ വെള്ളമെടുക്കാൻ പോയ ഓരോ കുളവും മറ്റാർക്കോ കൂടിയുള്ളതാണെന്നാണ് വ്യാസൻ വിവരിക്കുന്നത്.

അവിടെ ചെല്ലുമ്പോൾ ദാഹംകൊണ്ട് ഭീമൻ ഉൾപ്പെടെയുള്ളവരെല്ലാം ആ കുളത്തിന്റെ ഉടമയായ ഗന്ധർവ്വൻ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം പറയാതെ ജലമെടുത്ത് മരിച്ചു വീഴുകയാണ്. അതിനുത്തരം പറയുന്നത് ധർമ്മപുത്രർ മാത്രമാണ്. അവസാനം അദ്ദേഹം ഉത്തരം പറഞ്ഞ് മരിച്ചുവീണവരെ ജീവിപ്പിക്കുകയാണ് ചെയ്യുന്നത്. ഞാനും യു.ഡി.എഫ്.നോട് പറയുന്നത് എൽ.ഡി.എഫ്.നെക്കുറിച്ച് നിങ്ങൾക്ക് ഒരു ക്ഷമ വേണം. നിങ്ങളിൽ കുറച്ചു പേരെങ്കിലും ധർമ്മപുത്രരെ പോലെയാകണം. അല്ലെങ്കിൽ ചോദ്യത്തിന് ഉത്തരം പറയാതെ മരിച്ചുവീഴേണ്ടിവരും. അങ്ങനെ ചെയ്യരുത്. ജലമില്ലെങ്കിൽ മറ്റെന്ത് വികസനമുണ്ടെങ്കിലും കേരളം നിലനിൽക്കുകയില്ലെന്നുള്ള ബോദ്ധ്യമുണ്ടാകണം. യു.ഡി.എഫ്.-എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ ജലസാക്ഷരതയ്ക്കുവേണ്ടിയുള്ള ഒരു യജ്ഞം കേരളത്തിന്റെ പാഠ്യപദ്ധതിയിൽത്തന്നെ തുടങ്ങണം. നദികളെയും മറ്റും സംരക്ഷിക്കാനുള്ള പുതിയ നിയമം ആവശ്യമെങ്കിൽ കൊണ്ടുവരികയും അത് പരിപാലിക്കുന്നതിനുള്ള സംവിധാനമുണ്ടാകുകയും വേണം. എല്ലാ മതങ്ങളും മഹാന്മാരും പറഞ്ഞത് ജലത്തിന്റെ മഹത്വത്തെക്കുറിച്ചാണ്. അസീസിയിലെ ഫ്രാൻസിസ്-അദ്ദേഹമാണ് മനോഹരമായി ജലം സഹോദരിയാണ് എന്ന് പറഞ്ഞത്. ഏലിയറ്റ്-ആധുനിക കാലത്തിന്റെ പ്രവേശന കവാടം തുറന്നതാണ്. അദ്ദേഹം പറഞ്ഞത് എന്താണ്? എനിക്ക് ദൈവത്തെക്കുറിച്ച് അറിയില്ല. അതുകൊണ്ട് അതിനെക്കുറിച്ച് പറയാൻ അറിയില്ല. എന്നാൽ ഒരു കാര്യം എനിക്കറിയാം, നദികൾ ശക്തരായ ദൈവങ്ങളാണ്. അങ്ങനെയാണെങ്കിൽ ആ ദൈവങ്ങളെ സംരക്ഷിക്കണം. അറേബ്യൻ ചിന്തകളിൽ പറയുന്ന ഒരുപാട് ഹോട്ടലുകളുടെ പേര് സംസം എന്നാണ്. സംസം കുളത്തിന്റെ പവിത്രത ചരിത്രത്തിന്റെ ഭാഗമാണ്, വിശ്വാസത്തിന്റെ ഭാഗമാണ്. ഹിന്ദു വിശ്വാസത്തിന്റെ ഭാഗമാണ് ഗംഗാ നദി. ഗംഗ കൊണ്ടുവന്നത് ഭഗീരഥനായതു കൊണ്ടാണ് ഏറ്റവും വലിയ പ്രവർത്തനത്തെ ഭഗീരഥ പ്രയത്നമെന്നുപറയുന്നത്. സത്യത്തിൽ കേരളത്തിലെ ശുദ്ധജലം വീണ്ടെടുക്കാനുള്ള പ്രവർത്തനം ഒരു ഭഗീരഥ പ്രയത്നമാകണം, അങ്ങ് ഒരു ഭഗീരഥനാകണം. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ പദ്ധതികൾ, പൈപ്പിട്ട ഒരു പദ്ധതിയെക്കാൾ പ്രധാനം ചെറിയ അരുവിയിൽ എപ്പോഴും ജലമൊഴുകുന്ന സംവിധാനത്തിലേയ്ക്ക് ഒരു കർമ്മ പദ്ധതിയുണ്ടാക്കി ഒരിക്കലും വറ്റാത്ത ഒരു അരുവിയുണ്ടാക്കാൻ, അതിലേയ്ക്ക് നമുക്ക് എത്തിച്ചേരാൻ പറ്റുമോ എന്നുള്ളതാണ്. അതിന് കേരളം ശ്രദ്ധിച്ചാൽ സാധിക്കും.

100 വർഷം മുമ്പ് മുല്ലപ്പെരിയാർ ഡാം പണിയുന്ന സമയത്ത് കേരളത്തിന്റെ ഒരു വർഷത്തെ മഴയുടെ അളവ് അയ്യായിരം മില്ലിമീറ്ററായിരുന്നു. 100 വർഷം കഴിഞ്ഞപ്പോൾ അത് 3000 മില്ലീമീറ്ററായി. ഇവിടെ പറഞ്ഞതുപോലെ ഈ വർഷം

മൂന്നിലൊന്ന് മഴ കുറവാണ്. വയനാട് വരളുകയാണ്. ഇന്ന് ഒരു പത്രത്തിൽ വയനാട്ടിലുള്ള വയലിൽ നെല്ലുകൾക്കിടയിൽ മരിച്ചു കിടക്കുന്ന ഒരു ഞണ്ടിന്റെ ചിത്രമുണ്ട്. ഞണ്ടിന്റെ ചിത്രം നമ്മുടെ ചിത്രമാകാൻ, നമ്മുടെ കുഞ്ഞുങ്ങളുടെ ചിത്രമാകാൻ അധികകാലം വേണ്ടിവരികയില്ല. അങ്ങനെയുള്ള കാലം വരാതിരിക്കാൻ നമ്മുടെ പദ്ധതിയെക്കുറിച്ചും അറിവിനെക്കുറിച്ചും അവബോധത്തെക്കുറിച്ചുമുള്ള ഒരു പുതിയ ജലപക്ഷ സംസ്കാരമുണ്ടാകണം. ശുദ്ധജലമാണ് ഏറ്റവും പ്രധാനമായി വേണ്ടത് എന്ന ബോദ്ധ്യമുണ്ടാകണം.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഇളനാട് കൂടാതെ വെളിനെല്ലൂർ കൂടി ഉൾപ്പെടുത്തണം. അവിടെ മറ്റൊരു പദ്ധതിയും ഇല്ലാത്തതാണ്. കുളത്തുപ്പുഴ പദ്ധതി നാല് പഞ്ചായത്തിനാണ്, അതിൽ രണ്ട് പഞ്ചായത്ത് പുനലൂരും രണ്ട് പഞ്ചായത്ത് ചടയമംഗലത്തുമാണ്. അത് നടപ്പാക്കുന്നതിന്റെ വേഗത കൂട്ടാൻ ഒരു യോഗം വിളിക്കണമെന്ന അഭ്യർത്ഥന കൂടി മുന്നിൽവച്ചുകൊണ്ട്, ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇവിടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ മിതമായി പെരുമാറുന്നൊരു മന്ത്രിയാണ് ജലവിഭവ വകുപ്പുമന്ത്രിയെന്ന് നമുക്കറിയാം. അതുപോലെ സെക്രട്ടറിയും ഇതിനൊക്കെ നേതൃത്വം കൊടുക്കുന്ന ഉദ്യോഗസ്ഥരും നമുക്ക് വേണ്ടപ്പെട്ടവരും വളരെ മിതമായി പെരുമാറുന്നവരുമാണ്. പക്ഷേ ഇവിടെ നയമാണ് ഞങ്ങളെ എതിർക്കാൻ പ്രേരിപ്പിക്കുന്ന ശക്തി. അതുകൊണ്ടാണ് 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ജലവിഭവവകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ ശക്തമായി എതിർക്കുന്നത്. യു.ഡി.എഫ്-ന് ക്ഷമ വേണമെന്ന് ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ സൂചിപ്പിക്കുകയുണ്ടായി. എന്നും യു.ഡി.എഫ്.ന്റെ ഗമ ക്ഷമതന്നെയാണ്. അതിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ ദിവസങ്ങളിൽ നടന്ന കാര്യങ്ങളിൽ ഞങ്ങൾക്ക് പലതും ചെയ്യാൻ സാധിക്കുമായിരുന്നു. പക്ഷേ നമ്മുടെ പൂർവ്വികരായ നേതാക്കന്മാരൊക്കെ ക്ഷമയാണ് ഗമ എന്നാണ് ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നത്. കൈയിലേയ്ക്ക് വടി തരുമ്പോൾ എങ്ങനെ അടിക്കാതിരിക്കും. ആറുമാസമാണ് പുതുമോടി-അത് നമ്മുടെയൊരു വയ്പാണ്. പക്ഷെ വടി തന്നാൽ അടിക്കാതിരിക്കുമ്പോൾ പുറത്തുള്ള ജനം ഞങ്ങളെ അടിക്കുമെന്ന് സ്വാഭാവികമായും ഞങ്ങൾ പേടിക്കും. സ്വാഭാവികമായ ഒരു അടിയാണ് ഞങ്ങളുടെ ക്ഷമകെട്ടുപോകാനിടയാക്കിയത്. ഞങ്ങൾ എപ്പോഴും ക്ഷമിക്കുന്ന ആളുകളൊന്നുമല്ല. ഇക്കാര്യം സാന്ദർഭികമായി സൂചിപ്പിച്ചെന്ന് മാത്രം.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് വളരെ മാതൃകാപരവും പൊതുസമൂഹത്തിന് ഗുണം ചെയ്യുന്ന പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോയത്. തുടർസർക്കാരായി ഞങ്ങൾക്ക് വരാൻ സാധിക്കാത്തതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിച്ചില്ല. എന്റെ നിയോജക മണ്ഡലത്തിൽ ജലനിധി പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിക്കുകയും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയുമാണ്. നാല് പഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി അനുവദിച്ചിരിക്കുന്നത്. സ്വാഭാവികമായും ആ പദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിക്കുമ്പോൾ ആ നാല് പഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ലോകംതന്നെ വലിയൊരു യുദ്ധത്തിലേയ്ക്ക് പോകാൻ പോകുന്നത് കുടിവെള്ളത്തിന്റെ പ്രശ്നത്തിലാണെന്ന് ബഹുമാന്യനായ പി. സി. ജോർജ് പറയുകയുണ്ടായി. ലോക നേതാക്കന്മാരും ശാസ്ത്രജ്ഞരുമൊക്കെ അതുതന്നെയാണ് പറയുന്നത്. അതുകൊണ്ട് നമ്മുടെ വരും തലമുറകൾക്ക് ഈ രാജ്യത്ത് കുടിവെള്ളക്ഷാമമില്ലാത്ത ഒരു സാഹചര്യമൊരുക്കിക്കൊടുക്കുന്നതിന് ഇപ്പോഴുള്ള ജനപ്രതിനിധികളും ഭരണനേതൃത്വവും കാര്യക്ഷമമായി പ്രവർത്തിച്ചില്ലെങ്കിൽ അവർ നമ്മെ ശപിക്കുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് അത്തരത്തിൽ ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകളോടുകൂടി കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ എൽ.ഡി.എഫ്.-യു.ഡി.എഫ്. വ്യത്യാസമില്ലാതെ കൂട്ടായ പ്രയത്നമാണ് വേണ്ടത്. അതിന് ബഹുമാനപ്പെട്ട മന്ത്രി നേതൃത്വം നൽകുമ്പോൾ ഞങ്ങളുടെ പൂർണ്ണ പിന്തുണയുണ്ടാകും. കാരണം വരുംതലമുറയ്ക്കുവേണ്ടിയുള്ള ഒരു പ്രവൃത്തിയേയും ഞങ്ങളാരും എതിർക്കില്ല. അന്ധമായ രാഷ്ട്രീയവിരോധം ഞങ്ങൾക്കാർക്കുമില്ല. ഭൂഗർഭ ജലത്തിന്റെ അളവ് ഭയാനകമായ നിലയിൽ കുറഞ്ഞുവരുന്നതും നദികളിലേയ്ക്കുള്ള നീരൊഴുക്ക് വളരെയധികം കുറയുന്നതും നമ്മെ പ്രയാസത്തിലാക്കുന്ന കാര്യമാണ്. നമ്മൾ നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങൾക്ക് ഒരു ബദൽ മാർഗ്ഗം കണ്ടെത്തിയേ മതിയാകൂ. എന്നാൽ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബദൽ മാർഗ്ഗങ്ങളെ കുറിച്ച് യാതൊരു പരാമർശവുമില്ലെന്നത് നിരാശാജനകമായ കാര്യമാണ്. അതാണ് ഞാൻ പറഞ്ഞ നയം. സ്വാഭാവികമായും ഒരു നയമുണ്ടാക്കുന്നത് മുന്നണിയാണ്. ആ നയത്തിലുള്ള വ്യതിയാനമാണ് കാണുന്നത്. 44 നദികളുള്ള ഒരു സംസ്ഥാനമാണ് കേരളം. 44 നദികൾ ഉള്ളപ്പോഴും ശുദ്ധജലം കിട്ടാത്തൊരു സാഹചര്യമുണ്ടാകുന്നു. അവിടെയാണ് നമ്മൾ ചിന്തിക്കേണ്ടത്. മിക്ക നദികളും മലിനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവമായി എടുക്കണം. മലിനമായ നദികൾ സംരക്ഷിക്കപ്പെടണം. വളരെ മനോഹരവും ഏറ്റവും കൂടുതൽ കുടിവെള്ള സ്രോതസ്സുമുള്ള ആലുവാപ്പുഴ എന്റെ നിയോജകമണ്ഡലമായ ആലുവയിലാണ്. എന്നാൽ, പല

കാരണങ്ങളാൽ ആ പുഴ മലിനമാകുന്നൊരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ആലുവാപ്പുഴ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ സഭയിൽ ഞാനൊരു സബ്മിഷൻ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള 44 നദികൾ കൂടാതെ പ്രകൃതിദത്തമായ ഒട്ടേറെ ചെറിയ തോടുകളുമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ള ചെങ്ങൽതോടിന്റെ സംരക്ഷണത്തിനായി ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിയാവശ്യത്തിനും മറ്റ് കാര്യങ്ങൾക്കും ഏറെ ഗുണം ചെയ്യുന്ന ചെങ്ങൽതോട് മലിനമാകപ്പെട്ടതിലൂടെ നീരൊഴുക്ക് കുറഞ്ഞിരിക്കുകയാണ്. നബാർഡിൽനിന്നും ഫണ്ട് അനുവദിച്ച് എയർപോർട്ടിനടുത്തുകൂടി പോകുന്ന പത്ത് പതിമൂന്ന് കിലോമീറ്ററോളം നീളമുള്ള ഈ തോട് സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. എയർപോർട്ട് വന്നപ്പോൾ ചെങ്ങൽതോടിന് പ്രശ്നമുണ്ടായെങ്കിലും കഴിഞ്ഞ ദിവസം ഞാൻ സന്ദർശനം നടത്തിയപ്പോൾ അവിടെ സോളാർ പാനൽ പിടിപ്പിച്ചിരിക്കുന്നതായി കാണാൻ സാധിച്ചു. തോടിനെ തടസ്സപ്പെടുത്തികൊണ്ടുള്ള സോളാർ പാനൽ ഒരു കാരണവശാലും അവിടെ സ്ഥാപിക്കാൻ പാടില്ല. ആ കാലഘട്ടത്തിൽ ഗവൺമെന്റ് എയർപോർട്ടിനായി സ്ഥലം ഏറ്റെടുത്തപ്പോൾ അവിടെ സ്ഥലം കൊടുത്തിരുന്നു. വളരെ സൂക്ഷ്മതയോടുകൂടി മാത്രമേ അവിടെ സോളാർ പാനൽ സ്ഥാപിക്കാൻ പാടുള്ളൂ. കളക്ടർ ഉൾപ്പെടെയുള്ളവർ കഴിഞ്ഞ ദിവസം ഈ തോട് സന്ദർശിച്ചിരുന്നു. നബാർഡ് ഫണ്ട് വിനിയോഗിച്ച് ആ തോട് സംരക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സിയാൽ മോഡലിനെ എതിർത്തു എന്ന് പറയുകയുണ്ടായി. സിയാലിനെയാണ് അന്ന് ഇടതുപക്ഷം എതിർത്തത്. അത് നിങ്ങൾക്ക് അറിയാത്തതുകൊണ്ടാണ്. സിയാൽ മോഡൽ കുടിവെള്ള പദ്ധതിയെ എതിർത്തത് ഇടതുപക്ഷമൊന്നുമല്ല. ആ പദ്ധതി നടക്കുമായിരുന്നു. പക്ഷെ ചില കാരണങ്ങളാൽ ചില മെമ്പർമാർ അതിനെ എതിർക്കുകയുണ്ടായി. അത് ആരാണെന്ന് സഭാരേഖ പരിശോധിച്ചാൽ അറിയാൻ സാധിക്കും.

ഇന്നത്തെ രാഷ്ട്രീയം വലിയ പ്രശ്നത്തിലാണ് മുന്നോട്ടുപോകുന്നത്. അറുകൊല രാഷ്ട്രീയമാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. വാശിക്കാണ് ഓരോരുത്തരും ഓരോരുത്തരെ കൊല്ലുന്നത്. ആർക്കാണ് നഷ്ടപ്പെടുന്നത്? മാർക്സിസ്റ്റ് പാർട്ടിയുടെ വ്യക്തി മരിച്ചാലും ബി.ജെ.പി.യുടെ വ്യക്തി മരിച്ചാലും നഷ്ടം വരുന്നത് ആ കുടുംബത്തിനാണ്. സമാധാനചർച്ചയ്ക്ക് മുഖ്യമന്ത്രിയെ ആർ.എസ്.എസ്. വിളിക്കണം എന്നായിരുന്നു സഖാവ് കോടിയേരി ബാലകൃഷ്ണന്റെ സ്റ്റേറ്റ്മെന്റ്.

കേരളത്തിന്റെ മുഖ്യമന്ത്രി പാർട്ടി സെക്രട്ടറിയല്ല, അദ്ദേഹം പോളിറ്റ് ബ്യൂറോ അംഗമായിരിക്കും. പക്ഷെ സഖാവ് പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അദ്ദേഹം സമാധാനചർച്ചയ്ക്ക് വിളിക്കേണ്ടതിനുപകരം മുഖ്യമന്ത്രിയെ ആർ.എസ്.എസ്. വിളിക്കണമെന്നാണ് പാർട്ടി സെക്രട്ടറി പറയുന്നത്. എന്ത് തോന്ന്യാസമാണ്? ശ്രീ. എ. എൻ. ഷംസീർ മുഖ്യമന്ത്രിയുടെ സ്ട്രോംഗ് ആളല്ലേ, അദ്ദേഹത്തിന്റെ ഗ്രൂപ്പിൽനിൽക്കുന്ന ഒരാളല്ലേ, നിങ്ങൾ പറഞ്ഞുകൊടുക്കു. മുഖ്യമന്ത്രിയാണ് സമാധാന ചർച്ചയ്ക്ക് വിളിക്കേണ്ടത്. ഇത്രയേറെ കൊലപാതക രാഷ്ട്രീയമുണ്ടായിട്ടും അതിൽ ഇടപെടാൻ സാധിക്കില്ലെന്നാണ് ഡി.ജി.പി.യും ഐ.ജി.യും പറയുന്നത്. അതുകൊണ്ട് ഞാൻ പറയുന്നു മുഖ്യമന്ത്രി സമാധാന ചർച്ചയ്ക്ക് വിളിക്കണം. കേരള രാഷ്ട്രീയം അതാണ് പഠിപ്പിച്ചിരിക്കുന്നത്. (..ബഹളം...)

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത്, രണ്ട് മിനിറ്റ് കഴിഞ്ഞു. അങ്ങ് അവസാനിപ്പിക്കണം. അല്ലെങ്കിൽ മൈക്ക് ഓഫാക്കേണ്ടി വരും.

ശ്രീ. അൻവർ സാദത്ത്: സർ, ഇവിടെ യൂത്ത് കോൺഗ്രസ്സുകാരും കെ.എസ്.യു.-ക്കാരും മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ചപ്പോൾ അവരെ പിടിച്ച് അകത്തിടുകയാണ് നിങ്ങൾ ചെയ്തത്. കരിങ്കൊടി കാണിച്ചത് പാതകമാണോ, രാഷ്ട്രീയമായൊരു പ്രതിഷേധമല്ലേ? രാഷ്ട്രീയമായി കരിങ്കൊടി കാണിക്കുമ്പോൾ അതിനുപോലും അസഹിഷ്ണുത കാണിക്കുന്ന മുഖ്യമന്ത്രിയെയാണ് കാണുന്നത്. അങ്ങനെ മുഖ്യമന്ത്രിയെ പറഞ്ഞതിന്റെ പേരിൽ പാവപ്പെട്ട യൂത്ത് കോൺഗ്രസ്സുകാരെയും കെ.എസ്.യു.കാരെയും ജയിലിലിടുന്നു. ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. കാരാട്ട് റസാഖ്: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്.-ന്റെ ക്ഷമ ശ്രീ. അൻവർ സാദത്തിലൂടെ ഇവിടെ ബോധ്യമായിരിക്കുകയാണ്. അഴിമതി നടത്തുന്നവരെ സംരക്ഷിക്കുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ ക്ഷമ കാണിച്ച ഒരു ഗവൺമെന്റായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ്. അതാണ് ഇവിടെ വീണ്ടും ആവർത്തിക്കുവാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ജലവിഭവം-ജലസേചനം-മാലിന്യ സംസ്കരണം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. ലോകത്തിലെ ഏറ്റവും സാന്ദ്രത കൂടിയ പ്രദേശങ്ങളിലൊന്നാണ് കേരളം. നാല് ഇടത്തരം നദികളും നാല് ചെറുനദികളും 150-ലധികം തടയണ സംഭരണികളും 236 നീരുറവകളും 51 കുളങ്ങളും 9 ശുദ്ധജല തടാകങ്ങളും 65 ലക്ഷത്തിലധികം കിണറുകളുംകൊണ്ട് സമ്പന്നമാണ് കേരളം. എന്നാൽ ആ

സങ്കല്പം എന്നോ നമ്മളിൽനിന്നും മാറിമറിഞ്ഞിരിക്കുന്നു. 2001-നെ അപേക്ഷിച്ച് 2031 ആകുമ്പോഴേയ്ക്കും ജലത്തിന്റെ ആവശ്യകത 64 ശതമാനമായി വർദ്ധിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കേരളത്തിലെ ജലസ്രോതസ്സുകളെല്ലാം കഠിനമായ പരിസ്ഥിതി സമ്മർദ്ദം നേരിടുന്നവയോ നാശത്തിന്റെ വക്കിൽ നിൽക്കുന്നവയോ ആണ്. സെപ്റ്റംബർ 30-ന് കാലവർഷം കഴിയുമ്പോൾ അണക്കെട്ടുകളെല്ലാം മുക്കാൽ ഭാഗത്തിലേറെ നിറയേണ്ടതാണ്. ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളിൽ ജലനിരപ്പ് കുറവാണ്. പതിവിലും കൂടുതൽ തുലാവർഷം ലഭിച്ചില്ലെങ്കിൽ കേരളം ശുദ്ധജലക്ഷാമത്തിലേയ്ക്ക് നീങ്ങും. കാവേരി നദിയിൽ ജലം കുറഞ്ഞതാണ് കാവേരി പ്രശ്നത്തിന്റെ അടിസ്ഥാന കാരണം. 65 ലക്ഷം കിണറുകളാണ് ശരാശരി കേരളത്തിലുള്ളതെന്നാണ് കണക്ക്. 2001-ലെ കണക്കനുസരിച്ച് 72 ശതമാനം കുടുംബങ്ങളാണ് കുടിവെള്ളത്തിന് കിണറുകളെ ആശ്രയിച്ചിരുന്നത്. 2011-ലെ കണക്കനുസരിച്ച് ഇത് 62 ശതമാനമായി കുറഞ്ഞിരിക്കുന്നു. കേരളത്തിലെ 77.16 ലക്ഷം കുടുംബങ്ങളിൽ 29.33 ശതമാനം കുടുംബങ്ങൾക്കുമാത്രമാണ് പൈപ്പ് വഴിയുള്ള ജലവിതരണ സൗകര്യങ്ങളുള്ളത്. 62 ശതമാനം കുടുംബങ്ങൾ കിണറുകളെയും ബാക്കിയുള്ളവർ കുഴൽകിണറുകൾ, ഹാൻഡ് പമ്പുകൾ, ഉറവകൾ, നദികൾ, കുളങ്ങൾ എന്നിവയെയും ആശ്രയിക്കുന്നു. സംസ്ഥാനത്ത് ഇരുപതിലേറെ ജലസേചന പദ്ധതികളും ഇരുപതിനായിരത്തോളം മൈനർ ലിഫ്റ്റ് ജലസേചന പദ്ധതികളും സ്ഥാപിതമായിട്ടുണ്ട്. പ്രധാന ജലസ്രോതസ്സായ നദികളും കുളങ്ങളും ഇന്ന് അഴുക്കു ചാലുകളായും കൊതുക് വളർത്തൽ കേന്ദ്രങ്ങളായും മാറിയിരിക്കുകയാണ്. മറ്റ് രാഷ്ട്രങ്ങളിൽ നദികളും കുളങ്ങളും പരിപാലിക്കുന്നതിനും ജല ലഭ്യത ഉറപ്പുവരുത്തു ന്നതിനും പുതു തലമുറകളിൽ അവബോധം സൃഷ്ടിക്കുന്നതിന് വിദ്യാലയങ്ങളിൽ പ്രത്യേക പാഠ്യവിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. മറ്റ് സംസ്ഥാനങ്ങളിൽ വിരളമായി മഴ ലഭിക്കുമ്പോൾ ജലം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാരുകൾ സ്വീകരിച്ചുവരുന്നുണ്ട്. നഗര-ഗ്രാമ പ്രദേശങ്ങളിലെ അരുവികളും കുളങ്ങളും വീണ്ടെടുത്ത് പരിപാലിച്ചാൽ മാത്രമേ മഴക്കാല കെടുതികളുടെ തുടർ കഥകൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ശുദ്ധമായ നീർച്ചാലുകൾ പലതും കലങ്ങിമറിഞ്ഞു. കുടിക്കാൻപോയിട്ട് ഒന്നിറങ്ങി കാൽ കഴുകാൻപോലും കഴിയാത്തവിധം കോളിഫോം ബാക്ടീരിയമൂലം നദികളും കുളങ്ങളും മലിനമായിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. പുഴയിൽനിന്നും കൈക്കുമ്പിളിൽ വെള്ളം കോരിയെടുത്ത് കുടിച്ചിരുന്ന കാലമൊക്കെ കഴിഞ്ഞു. കുടിനീരിനായി കുപ്പിവെള്ളം കരുതുകയല്ലാതെ മറ്റ് മാർഗ്ഗമൊന്നും കാണുന്നില്ല. കുപ്പിവെള്ളത്തിൽ മനുഷ്യനെ ക്യാൻസറിലേയ്ക്ക് കൈപിടിച്ചെത്തിക്കുന്ന മാരക

രാസപദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്നുവെന്ന കണ്ടെത്തൽ മനുഷ്യ മനഃസാക്ഷിയെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. കുടിവെള്ളപ്രശ്നംപോലെതന്നെ കേരളം നേരിടുന്ന മറ്റൊരു പ്രശ്നമാണ് മാലിന്യ സംസ്കരണം. നഗരവും ഗ്രാമവും തമ്മിലുള്ള അന്തരം അതിവേഗം കുറഞ്ഞുകൊണ്ടിരിക്കുന്ന കേരളത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് മാലിന്യം. അറിഞ്ഞും അറിയാതെയുമുള്ള പലവിധ പ്രവർത്തനങ്ങളിലൂടെ മണ്ണും ജലവും പ്രാണവായുവും നാം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ കരങ്ങൾ പ്രവർത്തിച്ചതിനാൽ കരയിലും കടലിലും കുഴപ്പം പ്രത്യക്ഷപ്പെട്ടു എന്ന വിശുദ്ധ ഖുറാൻ വാക്യം ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്. ഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന കിണറുകൾ വിസർജ്ജ്യ മാലിന്യം കലർന്നവയാണ്. വ്യാവസായിക കേന്ദ്രങ്ങളിൽ മാത്രമല്ല, ഒട്ടുമിക്ക ജില്ലകളിലും പ്രധാന നഗരങ്ങളിലുമുള്ള അന്തരീക്ഷ വായുവിൽ പൊടിപടലങ്ങളുടെ സാന്നിദ്ധ്യം ശ്വാസകോശരോഗങ്ങൾക്ക് വഴിവയ്ക്കാവുന്ന അളവിലാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. നഗരവത്കരണത്തിന്റെ ആക്കം കൂടിയതാണ് കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി മാലിന്യപ്രശ്നത്തെ ഇത്ര രൂക്ഷമാക്കിയത്. പായ്ക്ക് ചെയ്ത സാധനങ്ങളും പാചകം ചെയ്ത ഭക്ഷണങ്ങളുമൊക്കെ കൂടുതൽ വാങ്ങുന്ന ശീലം പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് വർദ്ധിപ്പിച്ചു. തീർത്ഥാടന കേന്ദ്രങ്ങളിലടക്കം ജനങ്ങൾ ഒത്തുചേരുന്ന സ്ഥലങ്ങളിൽ കാര്യക്ഷമമായ ശുചീകരണ സംവിധാനം ഏർപ്പെടുത്തുവാൻ നാം കാര്യമായി ഇടപെടുന്നില്ല. പ്ലാസ്റ്റിക് ഉപയോഗം തടയുന്നതിന് തുണി സഞ്ചിയുടെ ഉപയോഗത്തിലേയ്ക്കല്ല നാം മടങ്ങേണ്ടത്. മറിച്ച്, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ അമിതമായി ഉപയോഗിക്കുന്ന രാഷ്ട്രങ്ങളിൽ സമ്പൂർണ്ണ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതുപോലെ മാലിന്യസംസ്കരണ കേരളം സൃഷ്ടിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഈ തലമുറയിൽ നടക്കുന്നത് ജാതികളും മതങ്ങളും രാഷ്ട്രീയക്കാരും സംസ്ഥാനങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള യുദ്ധമാണെങ്കിൽ വരും തലമുറ യുദ്ധത്തിലേയ്ക്ക് കടക്കുന്നത് കുടിവെള്ളത്തിനായിരിക്കുമെന്ന വസ്തുത സ്മരിക്കാതിരിക്കാൻ വയ്യ. കുന്നും മലയും ഇടിച്ചുനിരത്തി പ്രകൃതിയെ നശിപ്പിച്ച് ജലം ലഭിക്കാതിരിക്കാൻ ഇവിടെ ഒരുകൂട്ടം ആളുകൾ പ്രവർത്തിക്കുന്നുണ്ടെന്നത് നാം തിരിച്ചറിയേണ്ടതുണ്ട്. പ്രാദേശികമായി ജലനിധി പദ്ധതികൾ പഞ്ചായത്തുകളിൽ നടപ്പിലാക്കുമ്പോൾ കുടിവെള്ള പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ലെന്ന് നമുക്കറിയാം. ഇത്തരം പഞ്ചായത്തുകളിൽ പുതിയ പദ്ധതി തുടങ്ങുന്നതിനും പൈപ്പ് ലൈൻ പൊട്ടി കുടിവെള്ളം പാഴാകുമ്പോൾ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും നടപടി അനിവാര്യമായിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരും വകുപ്പുമന്ത്രിമാരും ശുദ്ധജല വിതരണ രംഗത്തും മാലിന്യ സംസ്കരണ രംഗത്തും വളരെ ആശാവഹമായ

കാഴ്ചപ്പാടോടുകൂടിയാണ് ഇടപെടുന്നത്. സർക്കാർ അധികാരമേറ്റ് ആദ്യ നൂറ് ദിവസങ്ങൾക്കകം 533 ലക്ഷം രൂപയുടെ ഒരു പദ്ധതി പൂർത്തീകരിച്ചത് അഭിനന്ദനീയമാണ്. 2017 മാർച്ച് മാസത്തോടെ സംസ്ഥാനത്ത് പുതുതായി 23 ജലവിതരണ പദ്ധതികൾ നടപ്പിലാക്കി 86.42 ദശലക്ഷം ലിറ്റർ കുടിവെള്ളം ഉൽപ്പാദിപ്പിച്ച് 10 ലക്ഷം ജനങ്ങൾക്ക് അധികമായി എത്തിക്കുന്നതിനുവേണ്ടി കേരള സർക്കാരും ജല അതോറിറ്റിയും പ്രയത്നിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു. 2000 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ജനങ്ങളുടെ ദാഹമകറ്റുന്നതിനും തയ്യാറായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെയും വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിനെയും ഒരിക്കൽക്കൂടി ഞാൻ അഭിനന്ദിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

ശ്രീ. ഇ. പി. ജയരാജൻ കുടുംബക്കാർക്ക് വഴിവിട്ട് നിയമനം നൽകി എന്നതാണ് കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ വിവാദമായ വിഷയം. ഒരു മന്ത്രി മാത്രമാണോ ഇവിടെ വഴിവിട്ട് നിയമനം നടത്തിയിട്ടുള്ളത്? യു.ഡി.എഫ്. ഭരിച്ച സമയത്ത് ഇവിടെ ആരൊക്കെ വഴിവിട്ട് നിയമനം നടത്തിയെന്നുള്ളത് യു.ഡി.എഫ്. പരിശോധിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മുസ്ലീം ലീഗിന്റെ പി. കെ. ബഷീർ സാഹിബ് അവിടെയിരുന്ന് വാക്കുകൾകൊണ്ട് കുത്തുകയാണ്. നിങ്ങൾ ഇന്നലെ എന്തിനാണ് സഭയിൽനിന്ന് ഇറങ്ങിപ്പോയത് എന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഇസ്ലാമിക കാഴ്ചപ്പാടിൽ ഏറ്റവും കൂടുതൽ സഹായിക്കേണ്ടത് കുടുംബബന്ധങ്ങളെയും അയൽ ബന്ധങ്ങളെയുമാണ്. ഇത് പഠിക്കുവാനുള്ള ആർജ്ജവം മുസ്ലീം ലീഗ് കാണിക്കണം. ഇസ്ലാമിക ചിന്തയോടുകൂടിയ ഒരു പാർട്ടിയെന്ന നിലയ്ക്ക് ഇസ്ലാമിക കാഴ്ചപ്പാടുകൾ മനസ്സിലാക്കാതെ പ്രവർത്തിക്കരുതെന്നുള്ള ഒരു വിനീതമായ അഭ്യർത്ഥനയോടുകൂടി ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് കീഴിൽവരുന്ന 4701-80-800-77 എന്ന ശീർഷകത്തിലെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP)-ന് 2016-17 സാമ്പത്തിക വർഷം 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2011-12 സാമ്പത്തിക വർഷം മുതലുള്ള ബഡ്ജറ്റ് പരിശോധിച്ചാൽ പ്രസ്തുത തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മനസ്സിലാകും. ഇക്കാര്യത്തിൽ ധനകാര്യവകുപ്പും ജലസേചന വകുപ്പും പരാജയപ്പെട്ടതായി എ.ജി.-യുടെ റിപ്പോർട്ടിൽ

പറയുന്നുണ്ട്. 2011-12-സാമ്പത്തിക വർഷം ഇതേ ശീർഷകത്തിൽ വകയിരുത്തിയത് 34 കോടി രൂപയാണ്. അതിൽ ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല, മിച്ചം 34 കോടി രൂപ. 2012-13 സാമ്പത്തിക വർഷം വകയിരുത്തിയത് 42.50 ലക്ഷം രൂപയും ചെലവഴിച്ചത് 0.01 കോടി രൂപയും ബാക്കി തുക 42.49 കോടി രൂപയുമാണ്. 2013-14 സാമ്പത്തിക വർഷം വകയിരുത്തിയത് 40 കോടി രൂപയും ചെലവഴിച്ചത് 2.49 കോടി രൂപയും മിച്ചം 37.51 കോടി രൂപയുമാണ്. 2014-15 സാമ്പത്തിക വർഷം വകയിരുത്തിയത് 30 കോടി രൂപയും ചെലവഴിച്ചത് 6.47 കോടി രൂപയും മിച്ചം 23.53 കോടി രൂപയുമാണ്. 2015-16 സാമ്പത്തിക വർഷം വകയിരുത്തിയത് 40 കോടി രൂപയും ചെലവഴിച്ചത് 5 കോടി രൂപയും മിച്ചം 35 കോടി രൂപയുമാണ്. ഇത്തവണയും 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ചെലവഴിച്ചതിനും ചെലവഴിക്കാത്തതിനുമെല്ലാം ഒരേപോലെ തുക നീക്കിവച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നുവെന്നുപറഞ്ഞത്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ വരൾച്ച പ്രതീക്ഷിച്ചിരിക്കുകയാണ്. ഇതുവരെ മഴ പെയ്തിട്ടില്ല. വരുന്ന വേനലിനെ നേരിടാനുള്ള സജ്ജീകരണങ്ങളുണ്ടാക്കണം. പരമ്പരാഗതമായി വേനൽ വരുന്ന ഏപ്രിൽ-മേയ് മാസങ്ങളിൽ ജനപ്രതിനിധികളുടെ യോഗം വിളിച്ച് കുടിവെള്ള വിതരണത്തെപ്പറ്റി ആലോചിക്കാറുണ്ട്. ഇത്തവണ അങ്ങനെ യോഗം വിളിച്ചാൽ മതിയാകില്ല. ലോറിയിലും മറ്റ് വാഹനങ്ങളിലുമൊക്കെ കുടിവെള്ളം വിതരണം ചെയ്യാൻ സ്രോതസ്സിൽ വെള്ളമില്ലാത്ത അവസ്ഥയുണ്ടാകും. തടയണ കെട്ടേണ്ടിടത്ത് തടയണ നിർമ്മിക്കുകയും വെള്ളം തടയാൻ പറ്റുന്ന സ്ഥലങ്ങളിൽ തടയുകയും ചെയ്യുന്ന സമഗ്രമായ, ഇന്നത്തെ കാലാവസ്ഥ കണക്കിലെടുത്ത് അങ്ങ് ഉണർന്നുപ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് യാത്രക്കാരും മറ്റും കിണറിനെക്കാളും കൂടുതൽ ആശ്രയിക്കുന്നത് കുപ്പിവെള്ളമാണ്. കുപ്പിവെള്ളത്തിന്റെ ക്വാളിറ്റി ടെസ്റ്റിന് യാതൊരു സംവിധാനവുമില്ല. ഓരോരുത്തരും യഥേഷ്ടം കുപ്പിവെള്ളം ഇറക്കുകയാണ്. കുപ്പികൾ പരിശോധിച്ചപ്പോൾ കോളിഫോം ബാക്ടീരിയ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കുപ്പിവെള്ളം വളരെ പരിശുദ്ധമാണെന്നാണ് എല്ലാവരും ധരിക്കുന്നത്. അതിൽ 32 ശതമാനം കോളിഫോം ബാക്ടീരിയ കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കുപ്പിവെള്ളം ഏതൊക്കെ കമ്പനികളാണ് ഇറക്കുന്നത്; കമ്പനികൾക്ക് ലൈസൻസ് ഉണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ; ക്വാളിറ്റി ടെസ്റ്റ് നടത്തി വെരിഫൈ ചെയ്യുന്നുണ്ടോ; ഇത്തരം പരിശോധനകളിൽ ഏതെങ്കിലും കുപ്പിവെള്ളം പിടിച്ചെടുക്കാൻ നിയമമുണ്ടോ; അങ്ങനെ പിടികൂടിയിട്ടുണ്ടോ; തുടങ്ങിയ കാര്യങ്ങൾ അങ്ങ് പരിശോധിക്കണം. നിലവിലുള്ള ഫുഡ് സേഫ്റ്റി ആക്ടനുസരിച്ച് ഇതിന് വകുപ്പില്ല. ഇക്കാര്യങ്ങൾ വളരെ ഗൗരവമായി കാണണം. നമ്മുടെ നാട്ടിൽ കോളറ, മഞ്ഞപ്പിത്തം പോലുള്ള അസുഖങ്ങൾ പടർന്നുകൊണ്ടിരിക്കുന്ന സമയമാണ്. സ്ഥിരമായി കുപ്പിവെള്ളം

കുടിക്കുന്ന ആളുകൾക്ക് ഇത്തരം രോഗങ്ങൾ പിടിപെടുന്നതായി കണക്കുകളുണ്ട്. അതെല്ലാം ശരിയാണോയെന്നും എനിക്കറിയില്ല. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം കൃത്യമായി പരിശോധിക്കണം. ചെലവഴിക്കുന്നതും ചെലവഴിക്കാത്തതും നോക്കിവേണം പണം വകയിരുത്തേണ്ടത്. അതല്ലെങ്കിൽ വരാൻ പോകുന്ന വരൾച്ച നേരിടാനുള്ള തടയണയടക്കം നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം ആർക്കും രക്ഷയില്ലാത്ത കാലമാണ്. ശക്തന്മാരായ, ത്രിമൂർത്തികളായ ജയരാജന്മാർപോലും ഔട്ടായിരിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജൻ വളരെ മാന്യനായ മനുഷ്യനായിരുന്നു. ശ്രീ. കാരാട്ട് റസാഖിന്റേതിനെക്കാൾ അദ്ദേഹത്തിന്റെ വാക്കുകളാണ് എനിക്ക് വിശ്വാസം. പുറത്താക്കിയത് പുറമേയുള്ള വരുടെയും അകത്തുള്ളവരുടെയും ഗൂഢാലോചനയുടെ ഫലമായിട്ടാണെന്നാണ് അദ്ദേഹംതന്നെ പറഞ്ഞത്. അത് തടയാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. അങ്ങനെ ശ്രീ. ഇ. പി. ജയരാജൻ പുറത്തായിരിക്കുകയാണ്. എനിക്ക് ഒറ്റകാര്യം മാത്രമേ പറയാനുള്ളൂ. അദ്ദേഹത്തെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. മുൻമന്ത്രിമാരെപ്പറ്റിയും വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. അവരുടെ മക്കളുടെയും അവരെ വിവാഹം ചെയ്തുയച്ച സ്ഥലവും പരിശോധിക്കുന്നെങ്കിൽ പരിശോധിച്ചോട്ടെ. ശ്രീ. ഇ. പി. ജയരാജൻ മന്ത്രിയായിട്ട് നാലുമാസം മാത്രമേ ആയിട്ടുള്ളു. അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും കുടുംബത്തിന്റെ കുടുംബത്തിന്റേയും ബി1, ബി2 നിലവറകളിൽ പരിശോധിക്കരുതെന്നാണ് എന്റെ അഭിപ്രായം. മുൻമന്ത്രിമാരെന്നുവച്ച് അവരുടെ കുടുംബത്തെയും കുടുംബത്തിനപ്പുറത്തുള്ളവരേയും മോശമാക്കി കുടുംബത്തെ ആകെ ശിഥിലമാക്കേണ്ട കാര്യമില്ല. അന്വേഷിക്കുന്ന തിനുമുമ്പ് വിജിലൻസ് പത്രത്തിൽ കൊടുക്കുകയല്ല വേണ്ടത്. ആരാണെങ്കിലും അന്വേഷിച്ച് കണ്ടെത്തി കോടതിയിൽ ഹാജരാക്കി നിയമപരമായി ശിക്ഷിക്കട്ടെ. അല്ലാതെ അന്വേഷിക്കാൻ പോകുന്നതിനുമുമ്പ് പത്രത്തിൽ കൊടുക്കുകയാണ്. മുൻമന്ത്രിയുടെ വീട്ടിൽ പരിശോധിക്കാൻ പോയപ്പോൾ അദ്ദേഹത്തിന്റെ ലോക്കറിൽ ഒന്നും കാണുന്നില്ല. അന്വേഷിച്ചപ്പോൾ ഭാര്യ രണ്ടുദിവസം മുമ്പ് ലോക്കറിൽ പോയിരുന്നതായി പത്രത്തിൽ കണ്ടു. അങ്ങനെ ഭാര്യ പോയതിന് വേറെ കേസ്സുണ്ടാകുമോയെന്ന് എനിക്കറിയില്ല. വിജിലൻസ് അന്വേഷിക്കുന്നതിന് രണ്ടുദിവസം മുമ്പ് ഭാര്യക്ക് ഫോൺ ചെയ്തിരുന്നോ? ഇതൊക്കെ രാഷ്ട്രീയ തട്ടിപ്പാണ്.

ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലിന്റെ മണ്ഡലത്തിൽ അനാരോഗ്യം കാരണം വൃദ്ധ മരണപ്പെടുകയുണ്ടായി. ഇത് മാതൃഭൂമി പത്രത്തിന്റെ മുൻപേജാണ് (പത്രം ഉയർത്തിക്കാണിച്ചു). "എടപ്പാൾ നഗരത്തിനു സമീപത്ത് വീട്ടിൽ പത്ത് ദിവസമായി ഭക്ഷണം കഴിക്കാതെ അമ്പത്തിമൂന്നുകാരി മരിച്ചു. മൃതശരീരം കെട്ടിപ്പിടിച്ച് കിടക്കുകയായിരുന്ന മകളെ അവശനിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു" എന്നായിരുന്നു പത്രവാർത്ത. ഇത് മന്ത്രിയുടെ

മണ്ഡലത്തിലെ സ്ഥിതിയാണ്. കുറ്റിപ്പുറത്ത് കോളറ മരണം, മലപ്പുറത്ത് ഡിഫ്തീരിയ മരണം, പോഷകാഹാര കുറവുമൂലം അട്ടപ്പാടിയിൽ ആദിവാസി കുഞ്ഞുങ്ങളുടെ മരണം തുടങ്ങിയവയെല്ലാം വാർത്തകളാണ്. പട്ടിണിയും പകർച്ചവ്യാധിയും സുലഭമായി നടക്കുകയാണ്. പണി കൊടുക്കാനുള്ള ശ്രമമില്ലെങ്കിലും പാടത്തും വരമ്പത്തും കൂലി കൊടുത്തുകൊണ്ടിരിക്കുകയാണ്. ചത്തും കൊന്നും അടക്കിക്കൊൾകയെന്ന മാടമ്പി കാലത്തേയ്ക്ക് മടങ്ങിപ്പോവുകയാണ്. ശ്രീ. ഇ. പി. ജയരാജൻ മന്ത്രിസ്ഥാനത്തു നിന്നും പുറത്തുപോയത് ചെറിയ കാര്യമില്ല. സി.പി.ഐ.(എം)-നെ സംബന്ധിച്ചിടത്തോളം കൊട്ടിഘോഷിച്ചുവന്ന ഭരണമല്ലേ? അഴിമതിക്കെതിരായി വന്ന ഭരണമെന്ന പേരിൽ എന്ത് പ്രതീക്ഷയായിരുന്നു? ശ്രീ. ഇ. പി. ജയരാജൻ ഇന്നലെ ഇവിടെ നടത്തിയ പ്രസംഗത്തിന്റെ വരികൾ നിങ്ങളെല്ലാവരും ശ്രദ്ധിക്കണമെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. *** ഈ കാലഘട്ടത്തിൽ പാവപ്പെട്ട ഞങ്ങളെപ്പോലുള്ളവർക്ക് എന്തെങ്കിലും രക്ഷയുണ്ടോ? അപ്പക്കോൽ എലി ഭക്ഷിച്ചാൽ അപ്പത്തിൻ കഥയെന്തുപോൽ എന്ന് പറയാറുണ്ട്.

2.00 PM]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ബില്ലിന്റെ ചർച്ചാവേളകളിൽ ശ്രീ. എം. ഉമ്മർ നിയമപരമായി നല്ല അറിവുള്ള ആളാണ്. ബോധപൂർവ്വം പല സാമാജികരുടെയും അമ്മയെയും അച്ഛനെയും അപ്പൂപ്പനെയും സഭയിൽ ഇല്ലാത്ത ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജനെയും പറ്റി പറയുന്നത് അങ്ങ് കേൾക്കുന്നില്ലേ; ഇതെല്ലാം ഓർഡറിലാണോ?

ശ്രീ. എം. ഉമ്മർ: സർ, സഭയിലില്ലാത്തവരെപ്പറ്റി ഞാനെന്തു പറഞ്ഞുവെന്ന് അങ്ങ് പരിശോധിക്കണം. മുൻമന്ത്രിമാരുടെ കുടുംബാംഗങ്ങളെപ്പറ്റി അന്വേഷിക്കുമ്പോൾ പരിശോധിക്കണമെന്നാണ് പറഞ്ഞത്. അത് ചെയ്യരുതെന്നാണ് പറഞ്ഞത്.

മി. ചെയർമാൻ: പ്ലീസ്.....അത് പരിശോധിച്ച് നടപടി സ്വീകരിക്കും. .....(ബഹളം).....

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഉത്തമവിശ്വാസത്തിൽ തന്നെയാണ് പറഞ്ഞിട്ടുള്ളത്. .....(ബഹളം).....

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ........ റൂൾ 307 പ്രകാരം സഭയിലില്ലാത്ത ആളുകളെക്കുറിച്ച് പരാമർശിക്കുന്നത്, രേഖയിലു ണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യണം.

***സഭാദ്ധ്യക്ഷന്റെ 4742/ഇ.ബി./16/നി.സെ. തീയതി 19-10-2016 പ്രകാരമുള്ള ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കംചെയ്തു.

മി. ചെയർമാൻ: ശ്രീ. എം. ഉമ്മർ, അങ്ങ് സംസാരിക്കൂ... (ബഹളം).. പ്ലീസ്

ശ്രീ. എം. ഉമ്മർ: സർ, ശ്രീ. ഇ. പി. ജയരാജനെ ഇപ്പോൾ കാണാനില്ല. അദ്ദേഹമാണോ സഭയിലില്ലാത്തതെന്ന് എനിക്കറിയില്ല. ഇവിടെ ഓരോരുത്തരും എപ്പോഴാണ് പുറത്തുപോകുന്നതെന്ന് എനിക്കറിയില്ലല്ലോ. ഇവിടെ പ്രശ്നമതല്ല.

മി. ചെയർമാൻ: ശ്രീ. എം. ഉമ്മർ, അങ്ങേയ്ക്ക് അനുവദിച്ച സമയം തീരാൻ പോകുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, ഇവിടെ ഇ.എം.എസ്. നമ്പൂതിരിപ്പാടും അതുപോലെതന്നെ സഖാവ് ഇ. കെ. നായനാരുമൊക്കെ ഭരിച്ചിരുന്നപ്പോൾ അവരെ ഉപദേശിച്ചിരുന്നതും അവരുടെ നയം രൂപീകരിച്ചിരുന്നതും പാവപ്പെട്ടവന്റെ ഇല്ലായ്മയിൽനിന്നാണ്. അവരുടെ ഇല്ലായ്മയിൽനിന്ന് മനസ്സിലാക്കിയ പാഠം ഉൾക്കൊണ്ടുകൊണ്ടാണ് അവരുടെ നയം രൂപീകരിച്ചതെങ്കിൽ ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഉപദേശിക്കുന്നത് ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്നാണ്. ഹാർവാർഡിൽ നിന്ന് നേരിട്ടുള്ള ഗീതോപദേശമാണ്. ഗീതോപദേശം അർജ്ജുനന് പ്രതിസന്ധി ഘട്ടത്തിലുണ്ടായിട്ടുണ്ട്. അർജ്ജുനന്റെ മറ്റൊരു പേരാണല്ലോ വിജയൻ എന്നുള്ളത്. ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനെ...

മി. ചെയർമാൻ: അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു..

ശ്രീ. എം. ഉമ്മർ: സർ, ഭഗവദ്ഗീതയാണ് ഉപദേശിച്ചതെങ്കിൽ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ഹാർവാർഡിൽ നിന്ന് ഗീതയാണ് ഉപദേശിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ നേരിട്ടുള്ള ഉപദേശമാകുമ്പോൾ ഇങ്ങനെയേ ഉണ്ടാകുകയുള്ളൂ. അമേരിക്കയിൽനിന്നുള്ള ഉപദേശങ്ങൾ വരുമ്പോൾ പാവപ്പെട്ടവന്റെ ചൂടും ചൂരും ഉൾക്കൊള്ളാൻ അവർക്ക് കഴിഞ്ഞുകൊള്ളണമെന്നില്ല. അതുകൊണ്ടാണ് സ്വാശ്രയ മാനേജ്മെന്റുകൾ ഫീസ് പിൻവലിക്കാൻ മുന്നോട്ടുവന്നിട്ടും രാജാവിനെക്കാൾ വലിയ രാജഭക്തി കാണിച്ചുകൊണ്ട് ഇവിടെ ഫീസ് പിൻവലിക്കാൻ മുഖ്യമന്ത്രിയുടെ അഹന്തകൊണ്ട് കഴിഞ്ഞില്ല എന്നുള്ള കാര്യം ഓർക്കണം. നഷ്ടമാർക്കാണ്; ഇവിടത്തെ പാവപ്പെട്ട വിദ്യാർത്ഥികൾക്കാണ്. ഞങ്ങളെ തോൽപ്പിച്ചു, ഞങ്ങളുടെ സമരം തോറ്റുവെന്ന് ഊറ്റം കൊള്ളുന്നവരുണ്ടല്ലോ, നിങ്ങളൊരു കാര്യം മനസ്സിലാക്കണം, ഇവിടെ പരാജയപ്പെട്ടത് മെഡിക്കൽ കോളേജിൽ പഠിക്കുന്ന ഇവിടത്തെ പാവപ്പെട്ട വിദ്യാർത്ഥികളാണ് എന്നുള്ളത് ഓർക്കുക. അതുപോലെതന്നെ എത്രയെത്ര ഉപദേശകന്മാരാണ്, ശ്രീ. ജോൺ ബ്രിട്ടാസ് ഒരു ഉപദേശകൻ, എൻ. കെ. ദാമോദരൻ മറ്റൊരു ഉപദേശകൻ. ഈ ഉപദേശകന്മാരൊക്കെത്തന്നെ ഉപദേശിച്ചപ്പോൾ മീഡിയക്കാർക്ക് പുറത്തിറങ്ങി നടക്കാൻ സാധിക്കുന്നില്ല. ഒരു മീഡിയാക്കാരൻ ഉപദേശകനായപ്പോൾ മീഡിയക്കാർക്ക് സർവ്വത്ര സ്വാതന്ത്ര്യമുണ്ടാകുമെന്ന് ഞാൻ

വിചാരിച്ചു. മീഡിയ എന്നുപറഞ്ഞാൽ കോടതിയിൽ തല്ല്, വേറെ എവിടെയെങ്കിലും പോയാൽ സി.പി.ഐ.(എം)-ന്റെ വക തല്ല്, ചെല്ലുന്നിടത്ത് മുഴുവനും മീഡിയക്കാർക്ക് തല്ല് കൊടുക്കുന്ന ജോൺ ബ്രിട്ടാസ് ആണ് ഇപ്പോൾ മീഡിയ ഉപദേശകനായിട്ടുള്ളത്. അതുപോലെതന്നെ എൻ. കെ. ദാമോദരൻ, അദ്ദേഹം പരിണിതപ്രജ്ഞനായ ഒരു നിയമപണ്ഡിതനാണ്. പക്ഷേ അദ്ദേഹത്തെപ്പോലെ ഒരു ഉപദേശകനുണ്ടാകുമ്പോൾ പല കോടതികളിൽ ചെന്നാലും വക്കീലന്മാർ മീഡിയക്കാരെ തല്ലുന്ന ഒരു സാഹചര്യമുണ്ടായാൽ എങ്ങനെയാണ്? ഇപ്പോൾ മാത്രമാണല്ലോ മുഖ്യമന്ത്രി രണ്ട് വർത്തമാനം പറഞ്ഞത്. എനിക്കുറപ്പാണ്, ഇനി മീഡിയയ്ക്ക് താല്ക്കാലികമായെങ്കിലും സ്വാതന്ത്ര്യമുണ്ടാകുമെന്നുറപ്പാണ്. അതുകൊണ്ട് മുഖ്യമന്ത്രി ഉണർന്ന് പ്രവർത്തിക്കണം. നേരത്തെ ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചല്ലോ, ആർ.എസ്.എസ്. വരട്ടെ കൊല്ലപ്പെട്ടവൻ വരട്ടെ, അതുമായി ബന്ധപ്പെട്ട മന്ത്രിമാരാണ് ചർച്ചയ്ക്ക് വിളിക്കേണ്ടത്, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. എ. കെ. ആന്റണിയും ഭരിച്ചപ്പോൾ കുഴപ്പങ്ങളും കലാപങ്ങളുമുണ്ടാകുമ്പോൾ അങ്ങോട്ടുചെന്നാണ് സമാധാനം പറഞ്ഞിരുന്നത്. ഇവിടെ സ്വന്തം മണ്ഡലത്തിൽ, സ്വന്തം പഞ്ചായത്തിൽ രണ്ടുപേർ മരിച്ചിട്ടുപോലും .... (ബഹളം) ഒരു സമാധാന ചർച്ച നടത്താൻ ഇവർക്ക് കഴിയുന്നില്ല എന്നുപറഞ്ഞാൽ ഇവരുടെ സ്ഥിതിയെന്താണ്? അതുകൊണ്ട് .... (ബഹളം)

മി. ചെയർമാൻ: ബഹുമാന്യനായ ഉമ്മർ, അങ്ങേക്കനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. എം. ഉമ്മർ: സർ, ഈ ഗവൺമെന്റ് ഇവിടത്തെ പാവപ്പെട്ട ജനങ്ങളെ ഓർത്തെങ്കിലും, വെള്ളത്തിന് വേണ്ടി കടിപിടി കൂട്ടുന്നുവെന്ന് പറഞ്ഞു, ഇങ്ങനെയാണെങ്കിൽ വെള്ളം കുടിക്കാൻ ആളുണ്ടാകുമോ, ഓരോ ദിവസവും ആളുകൾ തമ്മിൽ വെട്ടുകയും കൊല്ലുകയുമല്ലേ, ഇങ്ങനെ വെട്ടുകയും കൊല്ലുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ എവിടെയാണ് ജലസാക്ഷരത. ശ്രീ. മുല്ലക്കര രത്നാകരൻ ജലസാക്ഷരതയെക്കുറിച്ച് പറഞ്ഞു .. കണ്ണൂരിൽ ജലസാക്ഷരത പഠിക്കാൻ പോയിട്ട് ഒരു സാക്ഷരതയും പഠിക്കാൻ പറ്റാത്ത സാധ്യതയാണ് നിലനിൽക്കുന്നത്.... (ബഹളം) അതുകൊണ്ട്..

മി. ചെയർമാൻ: പ്ലീസ് അങ്ങ് അവസാനിപ്പിക്കണം. പ്ലീസ്..

ശ്രീ. എം. ഉമ്മർ : സർ, ഞാൻ ഒറ്റവാക്ക് പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിന്റെ വെള്ളം തമിഴ്നാട് പലസ്ഥലങ്ങളിൽനിന്നും ചോർത്തിക്കൊണ്ടു പോകുകയാണ്. ഇന്നത്തെ പത്രം, കോഴിക്കോട് മലപ്പുറം വരൾച്ച.... ചാലിയാറിന്റെ ഉത്ഭവസ്ഥാനം തമിഴ്നാട് വഴിതിരിച്ചുവിട്ടുകൊണ്ട് ഗൂഡല്ലൂരിനുതാഴെ വെള്ളം ചോർത്തികൊണ്ടുപോകാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി, പലഭാഗത്തുനിന്നും പലവിധത്തിൽ വെള്ളം ചോർത്തി

കൊണ്ടുപോകുമ്പോൾ ചാലിയാർ പുഴ വറ്റിപ്പോയാൽ, ചാലിയാറിലേക്ക് വെള്ളം ലഭ്യമാകുന്നില്ലെങ്കിൽ മലപ്പുറത്തും കോഴിക്കോട്ടും വരുന്ന വെള്ളത്തിന്റെ കാര്യം വളരെ ദയനീയമായിരിക്കുമെന്നുകൂടി അങ്ങ് ഓർക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. മുകേഷ്: സർ, വളരെ സംഘർഷഭരിതമായ ഒരു സാഹചര്യത്തിലാണ് എനിക്ക് പ്രസംഗം ആരംഭിക്കേണ്ടിവന്നത്. ഞാനത് പ്രതീക്ഷിച്ചില്ല. ഇപ്പോഴും ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ളത്തെക്കുറിച്ചുള്ള ചർച്ചയുമാണ് ഇവിടെ നടക്കുന്നതെന്നുള്ള വിശ്വാസത്തിൽ ഞാൻ ആരംഭിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുന്നു. ജലസംരക്ഷണവും ജലവിനിയോഗവും പൂർണ്ണ സാമൂഹിക ഉത്തരവാദിത്വത്തോടെ നിറവേറ്റുന്ന ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ജലസമൃദ്ധിയുടെ സമ്പന്നമായ പാരമ്പര്യമാണ് നമുക്കുള്ളത്. ബഹുമാനപ്പെട്ട പല അംഗങ്ങളും അത് ചൂണ്ടിക്കാണിച്ചു. നദികൾ, കായലുകൾ, നിരവധി ജലാശയങ്ങൾ, ഇന്ന് ഇവയുടെ അവസ്ഥ പരിശോധിക്കുമ്പോൾ ജലസമൃദ്ധിയുടെ സമ്പന്നമായ പാരമ്പര്യത്തിൽ അഭിമാനിക്കാൻ നമുക്ക് അർഹതയില്ലെന്ന് വളരെ വിഷമത്തോടെ പറയേണ്ടിവരും. എന്റെ വ്യക്തിപരമായ ഒരനുഭവം തുടക്കത്തിൽത്തന്നെ പറയാം. കുറച്ചുകാലം മുമ്പ് ഒരു സിനിമാ ഷൂട്ടിംഗിന്റെ ഭാഗമായി ശ്രീ. അൻവർ സാദത്തിന്റെ നാട്, പെരിയാറിന്റെ ഉത്ഭവസ്ഥാനത്തേയ്ക്ക് എനിക്ക് പോകേണ്ടിവന്നു. പാറക്കെട്ടുകളും കുന്നുകളും കടന്ന് ദുർഘടമായ വഴിയിലൂടെ യാത്രചെയ്ത് അവിടെ എത്തി ഷൂട്ടിംഗിൽ പങ്കെടുത്തുകൊണ്ടിരിക്കവെ ആകാശവാണിയിൽ നിന്നും എനിക്കൊരു ഫോൺ കോൾ വന്നു, 'ഞങ്ങൾ ഇഷ്ടഗാനങ്ങൾ പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുകയാണ്, അങ്ങയുടെ ഇഷ്ടഗാനം പറഞ്ഞാൽ കൊള്ളാമെന്ന്" പറഞ്ഞപ്പോൾ എനിക്ക് ഒട്ടും ആലോചിക്കേണ്ടിവന്നില്ല, വയലാറിന്റെ "പെരിയാറേ, പെരിയാറേ പർവ്വതനിരയുടെ പനിനീരേ" എന്നുള്ള ഗാനം ഞാൻ പറഞ്ഞു. പെരിയാറിന്റെ ഉത്ഭവസ്ഥാനത്തു നിന്ന് പെരിയാറിനെക്കുറിച്ചുള്ള ഗാനം അനുസ്മരിക്കാൻ ഇടവന്നത് തികച്ചും യാദൃശ്ചികമായിരുന്നു. എന്നാൽ, പർവ്വതനിരയുടെ പനിനീരിന്റെ യഥാർത്ഥ മുഖം ഞാൻ കണ്ടു. ഒരുവശത്ത് കറുത്ത വെള്ളം, മറ്റൊരു വശത്ത് മഞ്ഞനിറം കലർന്ന വെള്ളം, നടുവിൽ ചത്തുമലർന്ന മത്സ്യങ്ങൾ. സംഗീതത്തിലെ ആ സൗന്ദര്യ പ്രതീകം അതീവ വിരൂപമായി കാണപ്പെട്ടു. ഒരുപക്ഷേ എപ്പോഴെങ്കിലും കവി വയലാർ അവിടെ വന്നുകാണും, പർവ്വതനിരയുടെ പനിനീരിനെ നോക്കിയായിരിക്കും അദ്ദേഹത്തിന് ആ ഭാവന വന്നത്. കവിയുടെ ആത്മാവ് തേങ്ങുന്നുണ്ടാകും, മാപ്പ്. ഇത് പെരിയാറിന്റെ മാത്രം ദയനീയതയല്ല. നമ്മുടെ മിക്ക നദികളും ജലസ്രോതസ്സുകളും ഇതേ അവസ്ഥയിലാണ്. സംരക്ഷണമില്ലായ്മയും അലംഭാവവും കാരണം നമ്മുടെ ജലസമ്പത്ത് തകർച്ചയിലാണ്. ഈ നില തുടർന്നാൽ നദികളെയും ജലാശയങ്ങ

ളെയുംപ്പറ്റി കവിതയെഴുതാൻ ഭാവനാ സമ്പന്നരായ എഴുത്തുകാർക്കുപോലും കഴിയാതെ വന്നേക്കും. ചൈതന്യം നഷ്ടപ്പെട്ട പുഴകൾ എങ്ങനെ മനോഹരമായ കാവ്യബിംബമാകും? മറ്റൊന്നുകൂടി സംഭവിക്കാം നമ്മുടെ പുഴയെക്കുറിച്ചുള്ള മനോഹരമായ പഴയ ഗാനങ്ങളും സാഹിത്യ രചനകളും കേൾക്കുകയും വായിക്കുകയും ചെയ്യാനിടയുള്ള പുതിയ തലമുറ ഇതൊക്കെ എവിടെയുണ്ടായിരുന്നു എന്ന് നമ്മളോട് ചോദിക്കുമ്പോൾ നമുക്ക് ഉത്തരംമുട്ടി നിൽക്കേണ്ടി വരും. ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ചാൽ മാത്രമേ കേരളം നിലനിൽക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം നദികളെ പാടിപ്പുകഴ്ത്തുന്ന മലയാളി വേണ്ടവിധം തിരിച്ചറിഞ്ഞിട്ടില്ല. സംസ്ഥാനത്തെ പല പരമ്പരാഗത ജലസ്രോതസ്സുകളും ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല കായലാണ് കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ട കായൽ. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കോവൂർ കുഞ്ഞുമോൻ ശാസ്താംകോട്ടയെപ്പറ്റി ഇന്ന് പറയാതിരുന്നതുകൊണ്ട് കൊല്ലംകാരനായ ഞാൻ പറയുകയാണ്. ശാസ്താംകോട്ട കുന്നത്തൂർ, മൈനാഗപ്പള്ളി, കൊല്ലം നഗരം, പോരുവഴി, പടിഞ്ഞാറേക്കല്ലട, ശൂരനാട് തെക്ക് തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് ഈ തടാകത്തിൽനിന്നാണ്. ഈ പ്രദേശത്തേയ്ക്കുള്ള മണൽ ലോബിയുടെ കടന്നുകയറ്റവും മണൽ ഖനനവും ഈ ശുദ്ധജല തടാകത്തിന്റെ നിലനിൽപ്പിനെത്തന്നെ അപകടപ്പെടുത്തിയിരിക്കുകയാണ്. അതിരൂക്ഷമായ മണൽ ഖനനം, പടിഞ്ഞാറേക്കല്ലട ഉൾപ്പടെയുള്ള സമീപ പഞ്ചായത്തുകളിൽ നടക്കുന്ന കുന്നിടിക്കൽ, വയൽ നികത്തൽ തുടങ്ങിയ തെറ്റായ ഭൂവിനിയോഗക്രമം എന്നിവമൂലം ഈ ശുദ്ധജല തടാകം മൃതപ്രായമായി കഴിഞ്ഞിരിക്കുന്നു. കൊല്ലം കോർപ്പറേഷൻ, സമീപ പഞ്ചായത്തുകൾ, ചവറ, പന്മന കുടിവെള്ള പദ്ധതി എന്നിവിടങ്ങളിലേയ്ക്കായി ഒരു ദിവസം 53 ദശലക്ഷം ലിറ്റർ വെള്ളം ഈ തടാകത്തിൽനിന്നും പമ്പുചെയ്യുന്നുണ്ട്. അതനുസരിച്ച് കായലിലേയ്ക്ക് ജലം ഒഴുകി എത്താതായതുമൂലവും സമീപ പ്രദേശങ്ങളിലെ ഉപരിതല മണൽ നീക്കം ചെയ്തതിന്റെ ഫലമായുണ്ടായ മണ്ണൊലിപ്പുമൂലവും പടിഞ്ഞാറേക്കല്ലടയിലെ മണൽ ഖനനം സൃഷ്ടിച്ച ഗർത്തങ്ങൾ തടാകത്തിലെ ജലത്തെ വലിച്ചെടുത്തതുമൂലവും തടാകം ഭീതിജനകമായ രീതിയിൽ വറ്റിപ്പോയിരിക്കുകയാണ്. ശാസ്താംകോട്ട കായലിൽ ഫലപ്രദമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ഒരു കുടിവെള്ള സ്രോതസ്സ് എന്ന നിലയിൽ കായൽ ഇന്ന് നേരിടുന്ന പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ കൊല്ലം നഗരസഭാ പ്രദേശത്തേയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ള വിതരണത്തിനായി ബദൽ സ്രോതസ്സുകൾ കണ്ടെത്തി പുതിയ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി കല്ലടയാറ്റിലെ കടപുഴ സ്രോതസ്സായി നടപ്പാക്കി വരുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കടപുഴയിൽ കിണർ നിർമ്മിക്കേണ്ട

സ്ഥലത്തെ സംബന്ധിച്ച് നിലവിലുള്ള കേസിൽ ഫലപ്രദമായ ഇടപെടലുകളും ആവശ്യമാണ്. ഞാങ്കടവ് സ്രോതസ്സാക്കി വിഭാവന ചെയ്യുന്ന പദ്ധതിയുടെ രൂപീകരണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതാണ്. സംസ്ഥാനത്തെ രൂക്ഷമായ വരൾച്ചയിലേയ്ക്ക് നയിച്ചതിന് പിന്നിൽ ജലദുർവിനിയോഗത്തിന് പ്രധാന പങ്കാണുള്ളത്. മഴവെള്ളം സൂക്ഷിച്ചുവയ്ക്കാൻ സംവിധാനമില്ലാത്തതും വീടുകളിൽ വെള്ളം ദുർവ്യയം ചെയ്യുന്നതും കടുത്ത കുടിവെള്ള ക്ഷാമത്തിലേയ്ക്കാണ് നയിക്കുന്നത്. ജീവിത രീതിയിലുണ്ടായ മാറ്റമാണ് കുടിവെള്ളം പാഴാക്കുന്നതിലേയ്ക്ക് നയിച്ച പ്രധാന ഘടകം. സംസ്ഥാനത്ത് നാല് അംഗങ്ങളുള്ള ഒരു കുടുംബം ശരാശരി ആയിരം ലിറ്റർ വെള്ളം പ്രതിദിനം ഉപയോഗിക്കുന്നതായാണ് കണക്കുകൾ പറയുന്നത്. ജലനിധി കണക്കുപ്രകാരം ഒരാൾക്ക് വേണമെന്ന് കണക്കാക്കുന്നത് 70 ലിറ്റർ വെള്ളമാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് നഗരപ്രദേശത്ത് ഒരാൾക്ക് 200 ലിറ്റർ വെള്ളവും ഗ്രാമപ്രദേശത്ത് 150 ലിറ്റർ വെള്ളവും വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഇതിനെക്കാൾ ഏറെയാണ് സംസ്ഥാനത്തെ ഉപയോഗം. ആളോഹരി പ്രതിദിനം 230 ലിറ്റർ വെള്ളമാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത രീതിയിൽ വന്ന മാറ്റമാണ് ജലത്തിന്റെ അമിത ഉപയോഗത്തിനും ജലം പാഴാക്കുന്നതിനും കാരണം. എന്റെ നിയോജക മണ്ഡലമായ കൊല്ലത്ത് കുടിവെള്ള ക്ഷാമത്തിന്റെ ഏറ്റവും രൂക്ഷമായ പ്രശ്നം ഞാൻ നേരിട്ട് അനുഭവിച്ചതാണ്. ആറുമാസംമുമ്പ് തെരഞ്ഞെടുപ്പ് പ്രചരണ വേളയിൽ കൊല്ലം പട്ടണത്തിലെ ഏറ്റവും പ്രശസ്തനും സമ്പന്നനുമായ ഒരു ഡോക്ടറുടെ വീട്ടിൽ ഞാൻ വോട്ട് ചോദിക്കാൻ ചെന്നപ്പോൾ അദ്ദേഹം വോട്ട് തരാം എന്നുപറഞ്ഞിട്ട് ധൃതിയിൽ എങ്ങോട്ടോ പോകുന്നതുകണ്ട് ഓപ്പറേഷനോ മറ്റെന്തെങ്കിലും അത്യാവശ്യമോ ഉണ്ടോയെന്ന് ചോദിച്ചപ്പോൾ ജാള്യതയോടും ഒരു ചെറുചിരിയോടും അദ്ദേഹം അദ്ദേഹത്തിന്റെ ആഡംബര കാറിന്റെ ഡിക്കി തുറന്നുകാണിച്ചു. അതിനകത്ത് നിറച്ചും വെള്ളം കൊണ്ടുവരാനുള്ള പാത്രങ്ങൾ അടുക്കിവച്ചിരിക്കുകയാണ്. ദിവസവും രാവിലെയും വൈകുന്നേരവും എത്രയോ മൈലുകൾ സഞ്ചരിച്ച് കുടിവെള്ളം ശേഖരിച്ചുകൊണ്ടുവരുന്ന ഒരു ദയനീയാവസ്ഥയാണ് കാണാൻ കഴിഞ്ഞത്. ഇത്രയും സമ്പന്നനായ ഒരു ഡോക്ടറുടെ സ്ഥിതി ഇതാണെങ്കിൽ പാവപ്പെട്ടവന്റെ സ്ഥിതി എന്താകും. ഇപ്പോൾ നമ്മൾ കുളിക്കുന്ന രീതിയിൽ മാറ്റം വന്നു. മുമ്പ് ഒരു ബക്കറ്റ് വെള്ളത്തിൽ കുളിച്ചിരുന്ന രീതി മാറി ഇന്ന് ഷവറിനുകീഴിൽ കുളിക്കുന്ന സംവിധാനം വന്നു. ഒരാൾ ഷവറിൽ കുളിക്കുമ്പോൾ ശരാശരി 40 ലിറ്റർ വെള്ളമാണ് ചെലവാകുന്നത്. ഒരു തവണ കക്കൂസിൽ ഫ്ലെഷ് ഉപയോഗിക്കാൻ 15 ലിറ്റർ വെള്ളം വേണം. വാഷിംഗ് മെഷീനിൽ ഒരു തവണ അലക്കാൻ 60 ലിറ്റർ വെള്ളം വേണം. ടാപ്പ് തുറന്നിട്ട് മുഖം കഴുകുമ്പോഴും വാഹനങ്ങൾ കഴുകുമ്പോഴും പൂന്തോട്ടം നനയ്ക്കുമ്പോഴും

ധാരാളം വെള്ളം ഉപയോഗിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ജലസംരക്ഷണ ത്തിനായി സർക്കാർ ദ്രുതഗതിയിൽ നടപടികളുമായി നീങ്ങുമ്പോൾ കഴിഞ്ഞ സർക്കാർ എന്തുചെയ്തു എന്ന് നോക്കേണ്ടിവരും. അക്കാലത്ത് ജലസേചന വകുപ്പ് ജലശോഷണ വകുപ്പായി മാറി. എന്തായാലും അന്ന് മാധ്യമങ്ങളിൽ നിറഞ്ഞ വാർത്തകൾ സത്യസന്ധമായി പറഞ്ഞാൽ തണ്ണീർത്തട സംരക്ഷണ നിയമം അട്ടിമറിച്ച്, കായൽ നികത്തൽ ജീവിത ശൈലിയാക്കി. കുട്ടനാടും കുമരകവും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശ്രദ്ധ നേടിയത് അതിന്റെ മനോഹാരിത മുൻനിർത്തിയായിരുന്നില്ല, അവ നികത്താൻ തയ്യാറെടുക്കുന്ന വാർത്തകൾ മുൻനിർത്തിയായിരുന്നു. ഈ സർക്കാരിന്റെ സാമൂഹിക പ്രതിബദ്ധതയുടെ ചൈതന്യം ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ നിറയുന്നു. ജലസ്രോതസ്സുകളുടെ നല്ല നാളെയും കുടിക്കാനുള്ള നല്ല വെള്ളവുമാണ് ഈ വകുപ്പിൽനിന്ന് ജനങ്ങൾക്ക് ലഭ്യമാകാൻ പോകുന്നത്. വെള്ളത്തിന്റെ വിലയും മൂല്യവും തിരിച്ചറിയുന്നവരാണ് ഈ സർക്കാരിനെ നയിക്കുന്നത്. അഞ്ചുവർഷത്തിനുള്ളിൽ വെള്ളക്കരം വർദ്ധിപ്പിക്കാതെ കേരള വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള കർമ്മ പരിപാടികളാണ് ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളാനും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വെള്ളത്തിന്റെ ദുർവ്യയം ഒഴിവാക്കുന്നതിനും ജലച്ചോർച്ച തടയുന്നതിനും പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിനും ചെറിയ തുക ചെലവഴിച്ച് പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികൾ പൂർത്തീകരിക്കാനുമുള്ള നിർദ്ദേശങ്ങളുണ്ട്. പത്ത് മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി സമഗ്ര കുടിവെള്ള പദ്ധതികൾ തുടങ്ങി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ഉത്പാദന വിതരണ മേഖലകൾ ശക്തിപ്പെടുത്തുന്നതിനും കുടിവെള്ളത്തിന്റെ ഗുണനിലവാരമുയർത്തുന്നതിനും വാട്ടർ അതോറിറ്റിയേയും ജലസേചന വകുപ്പിനേയും ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പണ്ടൊക്കെ വെള്ളം പാഴാക്കുന്ന കുട്ടികളെ നോക്കി മുതിർന്നവർ വെള്ളം വിലയ്ക്കുവാങ്ങേണ്ട കാലം വരുമെന്ന് ശാസിക്കാറുണ്ടായിരുന്നു. അന്ന് നമ്മളെല്ലാം ചിരിച്ചുതള്ളിയ പഴയ ആ തലമുറ അറിഞ്ഞോ അറിയാതെയോ പ്രവചിച്ച വെള്ളത്തിന്റെ വില ഇന്ന് കുപ്പിവെള്ള വ്യവസായമായി രൂപം പ്രാപിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മാത്യു ടി. തോമസിനോട് എനിക്ക് പറയാനുള്ളത് അങ്ങയെ ഞങ്ങൾക്ക് വിശ്വാസമുണ്ട്. പ്രത്യേകിച്ചും അങ്ങനെ പറയാനുള്ള ഒരു കാരണംകൂടി എനിക്കുണ്ട്. പത്തുവർഷം മുമ്പ് അങ്ങ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് രണ്ടുമൂന്ന ദിവസത്തിനുശേഷം കൈരളി ടി.വി.-ക്കുവേണ്ടി അദ്ദേഹത്തിന്റെ ഒരു ഇന്റർവ്യൂവിന് ഞാൻ പോയിരുന്നു. അന്ന് അദ്ദേഹം പറഞ്ഞ

ഒരു വാചകം 'ഇത്രയും കാലം ഞാൻ റോഡിൽ ബസ് കാത്തുനിൽക്കുമ്പോൾ ആളൊഴിഞ്ഞ, സീറ്റുകൾ കാലിയായ ഒരു ബസ് വരണേ ദൈവമേ എന്ന് പ്രാർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് ഞാൻ പ്രാർത്ഥിക്കുന്നത് തിങ്ങിനിറഞ്ഞ, സീറ്റുകൾ ഒഴിവില്ലാത്ത കെ.എസ്.ആർ.ടി.സി. ബസ്സുകൾ വരണേ എന്നാണ്". അതുമാത്രം മതി ഞങ്ങൾക്ക് അങ്ങയെ വിശ്വസിക്കാൻ. ഈ സാഹചര്യത്തിൽ ജനപക്ഷത്തു നിന്നുകൊണ്ട് ജലസംരക്ഷണവും ജല വിനിയോഗവും സാമൂഹിക ബാദ്ധ്യതയാക്കാൻ ശ്രമം നടത്തുന്ന ജലവിഭവ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, ശുദ്ധജല വിതരണം, ശുചീകരണം, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ജലവിഭവവുമായി ബന്ധപ്പെട്ട് ഇന്നിവിടെ നടത്തിയ പ്രസംഗങ്ങളിൽ നമ്മളെല്ലാപേരെയും ഒരുപോലെ ഇരുത്തി ചിന്തിപ്പിക്കുന്ന വിഷയങ്ങൾ ചർച്ചയ്ക്ക് വരികയുണ്ടായി. ആ ഒരു ചർച്ചയും അന്തരീക്ഷവും ആകെ മാറ്റിമറിക്കുന്ന തരത്തിലാണ് ശ്രീ. അൻവർ സാദത്ത് പ്രസംഗിച്ചത്. ശ്രീ. അൻവർ സാദത്തിന്റെ പ്രസംഗം ആർ.എസ്.എസ്.-കാരെ തൃപ്തിപ്പെടുത്താനായിരിക്കാം. പക്ഷേ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിച്ച തിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഇവിടെ ശ്രീ. അമിത് ഷാ വന്ന് ഏർപ്പാട് ചെയ്തിട്ടുള്ള ഓപ്പറേഷൻ നടക്കുകയാണ്, അദ്ദേഹം മാർക്സിസ്റ്റുകാരെ കൊല്ലുന്നതിനുവേണ്ടി സ്റ്റേറ്റിന്റെ പലഭാഗത്തുനിന്നും മാറിമാറി ആളെ കൊണ്ടുവന്ന് കൊല നടത്തുമ്പോൾ അതിനെസംബന്ധിച്ച് ആർ.എസ്.എസ്.-കാരല്ലാത്ത മറ്റാളുകൾ സംസാരിച്ച് എങ്ങനെയാണ് ഒത്തുതീർപ്പു ണ്ടാക്കുന്നത് എന്നാണ്. ആ ഒരു സാഹചര്യത്തിലാണ് അദ്ദേഹം പറഞ്ഞത് ആർ.എസ്.എസ്.-കാരാണ് കേരളത്തിൽ കൊലപാതകങ്ങൾ നടത്തുന്നതെന്നും ശ്രീ. അമിത് ഷാ ഏർപ്പാട് ചെയ്ത ആളുകളാണ് കൊല നടത്തുന്നതെന്നും അതിന് ആർ.എസ്.എസ്.-കാരനല്ലാത്ത ശ്രീ. ഒ. രാജഗോപാൽ വിളിച്ച് സംസാരിച്ചതുകൊണ്ട് കാര്യമൊന്നുമില്ല എന്നുമാണ്. വസ്തുതകൾ മനസ്സിലാക്കാതെ അത് വലിയൊരു സംഭവമാക്കി ആർ.എസ്.എസ്.-കാരെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ ഒരു പ്രസംഗം ഇവിടെ നടത്തേണ്ട കാര്യമെന്തായിരുന്നു. കേരളത്തിൽ നടക്കുന്ന ആർ.എസ്.എസ്.-കാരുടെ പ്രവർത്തനങ്ങളെപ്പറ്റി മനസ്സിലാക്കാതെ സി.പി.ഐ.(എം)-നെ ഉപദ്രവിക്കാനും ആർ.എസ്.എസ്.-നെ സന്തോഷിപ്പിക്കാനും വേണ്ടി നടത്തുന്ന പ്രസംഗത്തിന് ഭാവിയിൽ നിങ്ങൾ വലിയ വില കൊടുക്കേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. എം. ഉമ്മർ പറഞ്ഞതിനെ തമാശയായി എടുത്താൽ മതി, അതത്ര കാര്യമാക്കേണ്ട ആവശ്യമില്ല. ലോക ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച് പ്രതിശീർഷ ശുദ്ധജല ലഭ്യത ദ്രുതഗതിയിലാണ് കുറഞ്ഞുവരുന്നത്. അടിസ്ഥാനപരമായി ഭൂമിയിലെ ശുദ്ധജലസ്രോതസ്സ് ഓരോ വർഷവും ലഭ്യമാകുന്ന മഴയാണ്.

കേരളത്തിൽ ഒരു വർഷം ഏകദേശം 120 ഘന മീ. ശുദ്ധജലം മഴയായി ലഭിക്കുന്നുവെന്നാണ് കണക്ക്. വരാനിരിക്കുന്ന കാലത്ത് കാലാവസ്ഥയെ ആശ്രയിച്ചു കൊണ്ടുമാത്രം നമ്മുടെ ശുദ്ധജല ആവശ്യം പൂർത്തീകരിക്കാനാവില്ല. മാത്രമല്ല, നമുക്ക് ലഭിക്കുന്ന മഴവെള്ളം പല കാരണങ്ങളാൽ സംഭരിക്കപ്പെടാതെ പോകുന്നു. ഇനിയുള്ള കാലത്ത് മഴവെള്ളം സംഭരിക്കാതെ മുന്നോട്ടുപോകാനും കഴിയില്ല. ശുദ്ധജലത്തിന് കിണറുകളെ അമിതമായി ആശ്രയിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. 50 ലക്ഷത്തിലധികം കിണറുകൾ കേരളത്തിലുണ്ട്. കിണർ സാന്ദ്രത ഏറ്റവും കൂടിയ പ്രദേശങ്ങളിൽ ഒന്നാണ് കേരളം. പക്ഷേ ഇപ്പോൾ വർഷാവർഷം കിണറുകളിലെ ജലനിരപ്പ് താഴ്ന്നുപോകുന്ന അവസ്ഥയാണുള്ളത്. പല കിണറുകളും വറ്റിപ്പോകുന്നു. ഇത് പരിഹരിക്കണമെങ്കിൽ മഴവെള്ളസംഭരണമല്ലാതെ മറ്റു മാർഗ്ഗങ്ങൾ നമ്മുടെ മുമ്പിലില്ല. അതോടൊപ്പം തന്നെ പ്രകൃതിയിലെ ജലചക്രത്തെ നിലനിർത്താനും പരിപോഷിപ്പിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. പുതിയ കെട്ടിടങ്ങൾക്ക് പ്രത്യേകിച്ച് കെട്ടിട സമുച്ചയങ്ങൾക്കും ഫ്ലാറ്റുകൾക്കും ആവശ്യമായ വെള്ളം മഴവെള്ളസംഭരണത്തിലൂടെ സാദ്ധ്യമാക്കാൻ പദ്ധതികളുണ്ടാകണം. ഇത്തരം കെട്ടിടങ്ങൾക്ക് ആവശ്യമായ ജലം ഇങ്ങനെ സംഭരിക്കാനായാൽ ഭൂഗർഭ ജലചൂഷണം ഒരു പരിധിവരെ തടയാൻ സാധിക്കും. കേരളത്തിലെ സാധാരണക്കാരന് ആശ്രയമായ വാട്ടർ അതോറിറ്റിയെ സംരക്ഷിച്ച് നിലനിർത്താൻ എൽ.ഡി.എഫ്. സർക്കാർ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ സ്വീകരിച്ച നടപടികൾ മാതൃകാപരമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഏറ്റവും അവഗണിച്ച ഒരു മേഖലയാണ് കേരളത്തിലെ ജലവിഭവ മേഖല. വാട്ടർ അതോറിറ്റിയുടെ 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളാനുള്ള ബഡ്ജറ്റിലെ നിർദ്ദേശം സ്വാഗതാർഹമാണ്. കേരള വാട്ടർ അതോറിറ്റിയോടുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ സമീപനം ഇതിൽ നിന്നും വ്യക്തമാണ്. 713 കോടി രൂപയുടെ സർക്കാർ വായ്പ ഓഹരി മൂലധനമാക്കി മാറ്റി വാട്ടർ അതോറിറ്റിയെ പ്രയാസങ്ങളിൽ നിന്നും കരകയറ്റാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ 5 വർഷക്കാലം കേരളത്തിലെ കുടിവെള്ള സ്രോതസ്സുകൾ ഏറ്റവും വലിയ നാശത്തിനാണ് സാക്ഷ്യം വഹിച്ചത്. നദികളും തോടുകളും കയ്യേറുന്നതിനും മലിനപ്പെടുത്തുന്നതിനുമെതിരായ നടപടികൾ കടലാസിൽ ഒതുങ്ങിപ്പോയി. നിരവധി കുടിവെള്ളച്ചാലുകൾ നികത്തപ്പെടുകയും മലിനപ്പെടുകയും ചെയ്തു. അധികൃതവും അനധികൃതവുമായ നിർമ്മാണ പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിലെ തണ്ണീർത്തടങ്ങളെ മരുപ്പറമ്പുകളാക്കി. യുനെസ്കോയുടെ പട്ടികയിൽ ഇടം പിടിച്ച കോഴിക്കോട് കോട്ടൂളി തണ്ണീർത്തടത്തിൽപ്പോലും അനധികൃതമായി മണ്ണിട്ട് നികത്തിയത് അന്നത്തെ ഒരു മന്ത്രിയുടെ ബന്ധുവാണെന്ന് ആരോപണമുണ്ടായി. അതിനെത്തുടർന്ന് നിരവധി ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവന്നു. ഏതെങ്കിലും ഒരു കുടിവെള്ള സ്രോതസ്സിനെ സംരക്ഷിക്കാനുള്ള പ്രവർത്തനം കഴിഞ്ഞ സർക്കാർ

ഏറ്റെടുത്തതായി അറിയില്ല. Japan International Co-operation Agency-യുടെ സഹായത്തോടെ കേരളത്തിലെ 5 ജില്ലകളിൽ കുടിവെള്ളം നൽകാനുള്ള പദ്ധതികൾ 2006-ൽ പ്രവർത്തനമാരംഭിച്ചതാണ്. 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ പദ്ധതിയുടെ 65 ശതമാനം മുതൽ 70 ശതമാനം വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. എന്നാൽ പിന്നീട് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പൂർത്തീകരണത്തിനുള്ള നടപടികൾ ഇഴഞ്ഞാണ് നീങ്ങിയത്. ഇപ്പോൾ പണികൾ ഏതാണ്ട് 99 ശതമാനത്തോളം തീർന്നിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്.ഇനിയും നല്ല വേഗതയിൽ പണികൾ നടന്നാൽപ്പോലും പദ്ധതികൾ പൂർത്തിയാക്കാൻ ഏതാനും മാസങ്ങൾ കൂടി വേണ്ടി വരുമെന്നാണ് അറിയുന്നത്. ഈ പദ്ധതികൾ ഏറ്റവും വേഗത്തിൽ പൂർത്തീകരിച്ച് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ ഇടപെടലുകളുണ്ടാകണം. എന്റെ നിയോജകമണ്ഡലമുൾപ്പെടുന്ന കോഴിക്കോട് ജില്ലയിൽ കോഴിക്കോട് കോർപ്പറേഷനും 13 പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. ഇവിടെ പ്രധാന റിസർവോയറിന്റെയും 20 അനുബന്ധ ജലസംഭരണികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 123 കി.മീ. നീളത്തിൽ മെയിൻ പൈപ്പ് ലൈനിന്റെ പണികളും പൂർത്തീകരിച്ചു. അനുബന്ധ ടാങ്കുകളിൽ വെള്ളമെത്തിച്ച് ഇനി വിതരണപൈപ്പുകളുടെ ജോലി പൂർത്തീകരിക്കേണ്ടതുണ്ട്. 1865 കി.മീ. വരുന്ന വിതരണ പൈപ്പുകളുടെ പണികൾ ഏതാണ്ട് അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നു. 2013 മാർച്ചിൽ തീർക്കേണ്ട പണികൾക്ക് സമയം നീട്ടി നൽകി, ഏതാണ്ട് മൂന്നരവർഷം കഴിഞ്ഞിരിക്കുന്നു. ഇത് എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമായാൽ ഈ വരുന്ന വേനൽക്കാലത്ത് വലിയ ആശ്വാസമായിരിക്കും. ഇത് ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഉദ്ഘാടന ചടങ്ങിന്റെ പ്രോഗ്രാം നോട്ടീസാണ് (പ്രോഗ്രാം നോട്ടീസ് ഉയർത്തിക്കാണിച്ചു). നിലവിൽ കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി 2015 ഫെബ്രുവരി 27-ന് അന്നത്തെ മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുത്ത ഒരു ചടങ്ങിൽവച്ച് നാടിന് സമർപ്പിച്ചുവെന്നാണ് പറയുന്നത്. എന്നാൽ പണി പൂർത്തീകരിച്ചില്ല. എന്തിനായിരുന്നു ഇങ്ങനെയൊരു നാടകം നടത്തിയത്. 2015-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കോഴിക്കോട്ടെ ജനങ്ങളെ വിഡ്ഢികളാക്കാനായിരുന്നു ഇങ്ങനെ ലക്ഷങ്ങൾ പൊടിച്ച് ഒരു പ്രഹസനം നടത്തിയത്. അവിടത്തെ ജനങ്ങൾ വിഡ്ഢികളായില്ല എന്നതാണ് ചരിത്രം. പ്രസ്തുത ഉദ്ഘാടന മാമാങ്കത്തിനുശേഷം ഒരു വർഷവും എട്ട് മാസവും കഴിഞ്ഞു. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഒരു തുള്ളി വെള്ളം പോലും കോഴിക്കോട് കോർപ്പറേഷനിൽ ലഭ്യമായിട്ടില്ല എന്നതാണ് വസ്തുത. എത്ര തുകയാണ് ചെലവഴിച്ചത് എന്ന് പരിശോധിക്കേണ്ടതല്ലേ. ഒരു പുതിയ പേരാണ് ഈ ബഹുവർണ്ണ നോട്ടീസിൽ കാണുന്നത്- 'നാടിന് സമർപ്പിക്കൽ'. പൂർത്തിയാകാത്ത പദ്ധതികൾ എങ്ങനെയാണ്

നാടിന് സമർപ്പിക്കുന്നത്? കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ തുടങ്ങി ഇത്തരത്തിൽ നാടിന് സമർപ്പിക്കപ്പെട്ട പല പദ്ധതികളും കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തുണ്ടായിട്ടുണ്ടെന്ന് കാണാം. ഇനി ഈ സർക്കാർ വേണം അതൊക്കെ പൂർത്തിയാക്കാൻ. മുന്നണികൾ മാറിവന്നാലും ഭരണം ഒരു തുടർച്ചയാണെന്ന കാര്യം മനസ്സിലാക്കുന്നതിൽ മുൻ സർക്കാർ തികഞ്ഞ പരാജയമായിരുന്നു എന്നുവേണം കരുതാൻ. അതുകൊണ്ടാണല്ലോ പരാജയം മുന്നിൽ കണ്ടവർ പൂർത്തിയാകാത്ത പദ്ധതികൾ നാടിന് സമർപ്പിച്ച് കേമന്മാരാകാൻ ശ്രമിച്ചത്. ഇത്തരം അല്പത്തരങ്ങൾ ജനങ്ങൾ പുച്ഛിച്ച് തള്ളുമെന്നതും അനുഭവമാണല്ലോ. ലോക സാമ്പത്തിക ഫോറത്തിൽ 2016-ലെ ആഗോള അപകട സാദ്ധ്യതാ റിപ്പോർട്ടിൽ ഏറ്റവും അപകട സാദ്ധ്യതാ പട്ടികയിലാണ് ജലപ്രതിസന്ധിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭൗതികവും പരിസ്ഥിതിപരവും സാമ്പത്തികവുമായ നിരവധി പ്രശ്നങ്ങൾ ജലദൗർലഭ്യവുമായി ബന്ധപ്പെട്ട് കാണാൻ സാധിക്കും. വൻതോതിലുള്ള നഗരവത്കരണം, വർദ്ധിച്ചു വരുന്ന ജനപ്പെരുപ്പം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി പലവിധ കാരണങ്ങളാൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു. ലോകത്ത് കടുത്ത ജലക്ഷാമം നേരിടുന്ന 50 കോടി ജനങ്ങളിൽ 18 കോടിയും ഇന്ത്യയിലാണെന്ന് കണക്കുകൾ പറയുന്നു. നീർത്തടങ്ങളാലും നദികളാലും സമ്പന്നമായ കേരളത്തിൽ അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും തികഞ്ഞ അലംഭാവമുണ്ടാകുന്നു. ഇത് മറികടക്കാൻ കഴിയണം. കേരളത്തിലെ ജനങ്ങളെ ജലസാക്ഷരതയിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഒരു പ്രവർത്തന പദ്ധതിയുണ്ടാകണം. അതുപോലെതന്നെ വളരെ പ്രധാനമാണ് അന്തർ സംസ്ഥാന നദീജല ബന്ധങ്ങൾ. നമ്മുടെ അയൽ സംസ്ഥാനങ്ങളുടെ കുടിവെള്ളം മുട്ടിക്കാതെ തന്നെ നദികളെ പരിപോഷിപ്പിക്കുവാൻ സാധിക്കണം. വെള്ളം ചോർത്താനല്ല മറിച്ച് സ്വാഭാവികമായി സംഭരിക്കാനും നദികളെ പരിപോഷിപ്പിക്കാനും നമുക്ക് കഴിയണം. ജലവിഭവ വകുപ്പിന്റെ സാങ്കേതിക പരിജ്ഞാനം ലഭിച്ചതും അല്ലാത്തതുമായ ജീവനക്കാർ ഏറെയുണ്ട്. സംസ്ഥാനത്ത് ജലവിഭവ സംരക്ഷണവും അതിന്റെ ക്രമീകൃതമായ വിതരണവും സംബന്ധിച്ച നല്ല ഒരു അവബോധം ജനമനസ്സുകളിൽ സൃഷ്ടിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ജീവനക്കാർ ഏറ്റെടുക്കണം. തികച്ചും യാന്ത്രികമായ ഭരണനിർവ്വഹണം, പദ്ധതി പൂർത്തീകരണം എന്നുള്ളതിനപ്പുറത്ത് ജലം എന്ന അമൂല്യമായ സമ്പത്തിനെക്കുറിച്ച് നല്ല ബോധ്യം ജനമനസ്സുകളിൽ എത്തിക്കാൻ സാധിക്കണം. സ്വാഭാവിക നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനവും വകുപ്പിന്റെ ചുമതലയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ മേഖലയിൽ നല്ല നിലയിൽ മുന്നോട്ടുപോകാൻ സാധിക്കും. വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള കാര്യക്ഷമതയും വർദ്ധിക്കേണ്ടതുണ്ട്. പമ്പ് ചെയ്യുന്ന മുഴുവൻ വെള്ളവും ശുദ്ധീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയണം. നമുക്കിന്ന് ലഭ്യമായിട്ടുള്ള ജലവും ജലസ്രോതസ്സുകളും അനിയന്ത്രിതമായി ഊറ്റിയെടുക്കാനും

വറ്റിച്ചുകളയാനും ഉള്ളതല്ലെന്നും വരും തലമുറയ്ക്ക് വേണ്ടി നാം കാത്തുസൂക്ഷിക്കേണ്ട താണെന്നുമുള്ള ബോദ്ധ്യം ജനങ്ങൾക്കിടയിലുണ്ടാക്കിയെടുക്കാൻ സാധിക്കണം. യാതൊരുവിധ മാനദണ്ഡങ്ങളുമില്ലാതെ ഊറ്റിയെടുക്കുന്ന ഭൂഗർഭജലത്തിന്റെ തോത് നിയന്ത്രിക്കുന്നതിനാവശ്യമായ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കണം. പലപ്പോഴും അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണങ്ങൾ ഒരു പ്രദേശത്തെയാകെ കുടിവെള്ള ക്ഷാമത്തിലേക്ക് നയിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഇതിനും നിയന്ത്രണ മാവശ്യമാണ്. ഭൂഗർഭ ജലം കേരളത്തിൽ ഏറ്റവും പ്രധാനമായ ഒരു സ്രോതസ്സാണെന്നതും ഓർക്കണം. ഒഴുക്ക് ചാലുകളെല്ലാം ഇന്ന് അഴുക്ക് ചാലുകളായി മാറിക്കൊണ്ടിരി ക്കുകയാണ്. പുതിയ റോഡ്, ഫുട്പാത്ത് എന്നിവ നിർമ്മിക്കുമ്പോൾ മഴവെള്ളം ഒഴുകിപ്പോകാനുള്ള ഒഴുക്കുചാല് ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾ അതെല്ലാം അഴുക്ക് ചാലാണെന്നുള്ള ധാരണയോടുകൂടി അഴുക്കു വെള്ളം വിടാനുള്ള അവകാശമെന്ന നിലയിൽ ആളുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. മുമ്പൊക്കെ കുളിക്കാനും കുടിക്കാനും ഉപയോഗിച്ചിരുന്ന തോടുകളിലെ വെള്ളം ഇന്ന് തൊടാൻ പറ്റാത്ത നിലയിൽ മലിനമായിരിക്കുകയാണ്. ഈ അഴുക്ക് തോടിലേയ്ക്കും കുളത്തിലേയ്ക്കും ഒഴുക്കിവിടുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ ആവശ്യമായ കടുത്ത നിയമ നടപടികൾ ഉണ്ടാകേണ്ടത് ഏറ്റവും ആവശ്യമാണ്. കേരളത്തിൽ ഏറ്റവും അടിയന്തരമായി ശ്രദ്ധപതിയേണ്ട ഒരു വിഷയമാണ് തണ്ണീർ തടങ്ങളുടേയും തോടുകളുടേയും മലിനീകരണം. നമ്മുടെ നാട്ടിലെ ചെറിയ നീർച്ചാലുകൾ മുതൽ വൻ നദികൾ വരെ യാതൊരു ദാക്ഷണ്യവുമില്ലാതെ മലിനീകരിക്കപ്പെടുകയാണ്. വലിയ ഫാക്ടറികളും ആശുപത്രികളും മറ്റ് കെട്ടിട സമുച്ചയങ്ങളും ഉണ്ടാക്കുന്ന മലിനീകരണം ഒരു ഭാഗത്ത്, മറുവശത്ത് നമ്മുടെ സമൂഹം തന്നെ ജലസ്രോതസ്സുകളെ കുപ്പത്തൊട്ടികളാക്കുന്ന നടപടികളും കണ്ടുവരുന്നുണ്ട്. വീടുകളിലേയും വ്യാപാര സ്ഥാപനങ്ങളിലെയും ദൈനംദിന മാലിന്യങ്ങൾ ഏറ്റവും എളുപ്പത്തിൽ ഒഴിവാക്കാൻ തൊട്ടടുത്ത തോട്ടിലോ പുഴയിലോ അല്ലെങ്കിൽ വെള്ളക്കെട്ടുകളിലോ വലിച്ചെറിയുന്നു. മൂന്ന് സെന്റിലും നാല് സെന്റിലുമൊക്കെ താമസിക്കുന്ന ആളുകൾക്ക് കക്കൂസ് മാലിന്യം നിറയുമ്പോൾ ഒഴിവാക്കാനുള്ള മാർഗ്ഗമില്ല. ഇപ്പോൾ ഇത് കൊണ്ടുപോകുന്ന ഏജൻസികളുണ്ട്. ഈ ഏജൻസികൾ മാലിന്യം കൊണ്ടുപോയി ഒഴിവാക്കുന്നത് നമ്മുടെ നദികളിലും ഒഴിഞ്ഞ സ്ഥലങ്ങളിലും റോഡ് സൈഡുകളിലുമൊക്കെയാണ്. ഈ കൊണ്ടുപോകുന്ന മാലിന്യം ഒഴിവാക്കാൻ അവർക്ക് വേറെ മാർഗ്ഗമില്ല. ഇത് സ്വകാര്യമായി കൊണ്ടുപോയി കുളത്തിലും നദിയിലും ഒഴുക്കുന്നതിന് പകരം ശരിയായ നിലയിൽ കൊണ്ടുപോയി ഒഴുക്കാനുള്ള സംവിധാനം എല്ലാ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും ഉണ്ടാക്കണം. തിരുവനന്തപുരത്തും എറണാകുളത്തും അതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കേരളത്തിന്റെ മറ്റ് ഭാഗങ്ങളിലൊന്നും അതിനുള്ള ഒരു സംവിധാനമില്ല. ഇങ്ങനെ നിറയുന്ന മാലിന്യങ്ങൾ കക്കൂസിൽ നിന്ന് ഒഴിവാക്കി സംസ്കരിക്കാനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി കൂടി ജലം ശുദ്ധീകരിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എതിർക്കുന്നതിന് പ്രധാനപ്പെട്ട കാരണങ്ങളുണ്ട്. കേരളം ശുദ്ധജല ക്ഷാമത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇപ്രാവശ്യം കാലവർഷത്തിൽ 34 ശതമാനത്തിന്റെ കുറവ് വരികയാണ്. നമ്മുടെ അഞ്ച് ജില്ലകളിൽ 59 ശതമാനത്തിന്റെ കുറവാണ് വരുന്നത്. അപ്പോൾ കഠിനമായ വരൾച്ചയിലേയ്ക്ക് എത്തിച്ചേരുന്ന ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. അതിനുള്ള ക്രൈസിസ് മാനേജ്മെന്റ് നമുക്ക് വേണ്ടേ; നാം രൂക്ഷമായ വരൾച്ച നേരിടാൻ പോവുകയാണ്. ആ സമയത്ത് ക്രൈസിസ് മാനേജ്മെന്റ് ഒരു ഗവൺമെന്റിന് ഉണ്ടായേ മതിയാകൂ. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിനകത്ത് ക്രൈസിസ് മാനേജ്മെന്റിനുവേണ്ടി തുകയൊന്നും പ്രഖ്യാപിച്ചിട്ടില്ല. ഭൂഗർഭ ജലം സംബന്ധിച്ച് പറയുമ്പോൾ ആകെ 152 ബ്ലോക്കുകളാണുള്ളത്. 152 ബ്ലോക്കുകളിൽ 26 ബ്ലോക്കുകളിലും അണ്ടർ ഗ്രൗണ്ട് വാട്ടർ ലെവൽ താഴുകയാണ്. താഴുന്നുവെന്ന് മാത്രമല്ല ക്രിട്ടിക്കലായി, മോസ്റ്റ് ക്രിട്ടിക്കലായി വാട്ടർ ലെവൽ താഴ്ന്നുപോകുകയാണ്. ഇതിന് മുൻകരുതൽ നടപടികളെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ചിറ്റൂർ പഞ്ചായത്തിലെ ചിറ്റൂർ ബ്ലോക്കിലും തൊട്ടടുത്തുള്ള പുതുശ്ശേരി പഞ്ചായത്തിലും കാസർഗോഡ് ജില്ലയിലെ പല പ്രദേശങ്ങളിലും വെള്ളത്തിന്റെ ക്ഷാമം രൂക്ഷമാകാൻ പോവുകയാണ്. അങ്ങനെ കേരളത്തിൽ അങ്ങിങ്ങായി ഇരുപത്തിയാറ് ബ്ലോക്കുകളിൽ സീരിയസ്സായ ഒരു പ്രശ്നം വരുമ്പോൾ ആ പ്രശ്നത്തെ നേരിടാൻ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇതുപോലുള്ള സാഹചര്യമുണ്ടാകുമ്പോൾ സംസ്ഥാന ഗവൺമെന്റ് ജലം സംരക്ഷിക്കുന്നതിന് വേണ്ടി നടപടിയെടുക്കണം. കേരളം ജലം ഇല്ലാത്ത സ്ഥലമല്ല. കേരളത്തിൽ ധാരാളം ജലമുണ്ട്. പക്ഷെ ശുദ്ധജലമില്ലെന്നുള്ളതാണ് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ ശ്രീ. എം. മുകേഷ് സംസാരിച്ചപ്പോൾ അവരുടെ പട്ടണത്തിൽ വെള്ളമേയില്ലെന്നുപറഞ്ഞു. അവരുടെ പട്ടണം വെള്ളത്താൽ ചുറ്റപ്പെട്ടതാണ്. അവിടെ വെള്ളം കൊടുക്കണമെങ്കിൽ 20-30 കി.മീ അപ്പുറത്തുനിന്ന് വെള്ളം പമ്പ് ചെയ്ത് ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ നിന്ന് അങ്ങോട്ട് കൊണ്ടുപോകണം. ഇവിടെ reverse osmosis process -ലൂടെ ഈ ജലം ശുദ്ധജലമായി മാറ്റുന്നതിനുവേണ്ടി നമുക്ക് കഴിയില്ലേ? എല്ലാ കാര്യങ്ങൾക്കും മറ്റ് രാജ്യങ്ങളിലെ ഉദാഹരണങ്ങൾ പറയുമല്ലോ? ഗൾഫ് രാജ്യങ്ങളിൽ ശുദ്ധജലം ഉണ്ടാക്കുന്നത് എങ്ങനെയാണ്?

ഡീസാലിനേറ്റ് ചെയ്യുന്നതിനുള്ള നടപടി നമുക്ക് വേണ്ടേ? നമ്മൾ ഇപ്പോഴും പഴയ ചിന്താഗതിയിലാണ്. എവിടെയെങ്കിലും ഒരു സോഴ്സിൽ വെള്ളം കിട്ടുന്നതിനുവേണ്ടി ഒരു പരിശ്രമം നടത്തി 10-30 കി.മീറ്റർ ദൂരത്തിൽ പൈപ്പിട്ട് എൻഡിൽ കൊണ്ടുവന്ന് വെള്ളം കൊടുക്കും. അവസാനം വെള്ളത്തിനുവേണ്ടി ടാപ് തുറക്കുമ്പോൾ ഗ്യാസ് വരുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ രൂപത്തിൽ ജനങ്ങളെ എത്രകാലം പരീക്ഷിക്കാൻ കഴിയും. അതിനുവേണ്ടിയുള്ള പദ്ധതിക്ക് തുടക്കംകുറിക്കണ്ടേ; ആ പദ്ധതിക്ക് തുടക്കം കുറിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് പോകാൻ കഴിയുന്നില്ലെങ്കിൽ ഈ ചർച്ച നമ്മൾ വീണ്ടും ആവർത്തിക്കേണ്ടി വരും. ഞാൻ 26 വർഷക്കാലമായി ഇതുപോലുള്ള ചർച്ച കേട്ടുകൊണ്ടിരിക്കുകയാണ്. മാറി മാറി വരുന്ന ഗവൺമെന്റുകൾ വലിയ മാറ്റങ്ങളെക്കുറിച്ചൊക്കെ പറയുമെങ്കിലും ഒന്നും നടക്കില്ല. ഇരിക്കുന്ന മന്ത്രിയെ പുകഴ്ത്തി നാല് വർത്തമാനം പറഞ്ഞ് കിട്ടുന്ന ആനുകൂല്യം നിയോജകമണ്ഡലത്തിലേയ്ക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്ന ഹ്രസ്വ ചിന്തയുള്ള ആളുകളെക്കൊണ്ട് മടുത്തു. അത് കേട്ട് അങ്ങും പൊങ്ങിയാൽ അങ്ങേയ്ക്ക് വാനോളം പൊങ്ങാം. പക്ഷെ കേരളം പാതാളത്തോളം താണുപോകും. അതുകൊണ്ട് ആ സാഹചര്യമുണ്ടാക്കാതിരിക്കുന്നതിനുവേണ്ടി നമ്മുടെ കേരളത്തിലെ പ്രശ്നങ്ങൾ എന്താണെന്നതിനെക്കുറിച്ച് ശരിക്കും മനസ്സിലാക്കികൊണ്ട് അതിന് പരിഹാരം കണ്ടെത്താനുള്ള നടപടി സ്വീകരിക്കണം. കേരളത്തിൽ കുടിക്കാനുള്ള വെള്ളം വളരെ കുറയുകയാണ്. നേരിട്ട് കുടിക്കാവുന്ന വെള്ളം കേരളത്തിലെ ഒരു നദിയിലുമില്ലെന്നുള്ളതാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണ്ടെത്തൽ. ആ കണ്ടെത്തലിൽ പറയുന്നത്, ഫ്ലൂറൈഡും ആർസെനിക്കും കാഡ്മിയം പോലുള്ള കറുത്തീയം, നിക്കൽ തുടങ്ങിയ ലോഹങ്ങൾ കൊണ്ട് വെള്ളം നിറയുകയാണ്. പുതിയ ജനറേഷനിൽപ്പെട്ട ആളുകൾക്ക് കിഡ്നിക്ക് അസുഖം വരുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് നമ്മൾ ഉപയോഗിക്കുന്ന വെള്ളം തന്നെയാണ്. ആ വെള്ളം ശുദ്ധീകരിച്ച് കൊടുക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ അതാണ് നമ്മൾ കാണിക്കുന്ന ഏറ്റവും വലിയ തെറ്റ്. വെള്ളം മൗലികാവകാശമാണെന്ന് നമ്മൾ പറയുന്നുണ്ടെങ്കിലും മൗലികാവകാശമാക്കുന്നതിനുവേണ്ടിള്ള നടപടിയിലേയ്ക്ക് കൂടി നമ്മൾ പോകേണ്ടതുണ്ട്. ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുവേണ്ട നടപടിയുണ്ടാകണം. സംസ്ഥാനത്തുള്ള വെള്ളം ജനങ്ങൾക്ക് ശുദ്ധീകരിച്ചു കൊടുക്കുന്നതിനുപകരം കേരളത്തിലെ വെള്ളം മറ്റ് ചില സ്ഥലങ്ങളിലേയ്ക്ക് പോവുകയാണ്. അന്തർ സംസ്ഥാന നദീജലം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിൽപ്പെട്ടതാണ്. ശ്രീ. കെ. കൃഷ്ണൻകുട്ടി നേരത്തേ ഇവിടെ സൂചിപ്പിച്ചതും ഇന്റർ സ്റ്റേറ്റ് വാട്ടേഴ്സിനെക്കുറിച്ചാണ്. മുഖ്യമന്ത്രി ഇവിടെ എത്തിയതുകൊണ്ടു മാത്രം ഞാൻ അതിനെക്കുറിച്ച് ഓർമ്മിപ്പിക്കുകയാണ്. അഞ്ച് പ്രധാനപ്പെട്ട നദീജല തർക്കങ്ങൾ കേരളവും തമിഴ്നാടുമായിട്ടുണ്ട്. പറമ്പിക്കുളം-ആളിയാറിനെക്കുറച്ച് ശ്രീ. കെ. കൃഷ്ണൻകുട്ടി ഇവിടെ

പറഞ്ഞു. മുല്ലപ്പെരിയാറിനെക്കുറിച്ച് മുഖ്യമന്ത്രി നേരത്തേ ഒരു കാര്യം പറഞ്ഞു. നെയ്യാറിലെ വെള്ളം തമിഴ്നാടിന് കൊടുക്കുന്നതിനുവേണ്ടി പ്രത്യേകമായി പ്രമേയം കൊണ്ടുവന്നതാണ്. ഒരു സംസ്ഥാനത്തെ വാട്ടർ സോഴ്സിലെ വെള്ളം മറ്റൊരു സംസ്ഥാനത്തിന് കൊടുക്കരുതെന്ന് ഈ നിയമസഭ പാസ്സാക്കിയ നിയമമുണ്ട്. അത് കർഷകർക്ക് വേണ്ടിയുള്ളതാണ്. മഹാരാജാവിന്റെ കാലത്ത് ഉണ്ടാക്കിയതാണ്. അത് കേരളത്തിലെ കൃഷി നിലനിർത്തുന്നതിനുവേണ്ടി ചെയ്തതാണ്. പക്ഷെ, ദൗർഭാഗ്യവശാൽ ആ വെള്ളവും നമ്മൾ അങ്ങോട്ട് കൊടുക്കുന്നു. നമുക്ക് അർഹതപ്പെട്ട വെള്ളം വാങ്ങുന്നുമില്ല. ഇവിടെ നേരത്തെ അച്ചൻകോവിലാർ-വൈപ്പാർ പദ്ധതിയെപ്പറ്റി പറഞ്ഞു. വൈപ്പാർ പദ്ധതികൊണ്ട്, അച്ചൻകോവിലാർ തിരിച്ചുകൊണ്ട് പോകുന്ന തിനുവേണ്ടിയുള്ള നടപടി എടുക്കുകയാണ്. വൈപ്പാറിൽ അവർ പുതിയ ഡാം മൂന്ന് വർഷക്കാലം കൊണ്ട് കെട്ടിയില്ലേ. എവിടെ നിന്നാണ് അവരുടെ വെള്ളത്തിന്റെ സോഴ്സ്? അച്ചൻകോവിലാറിന്റെ ഉറവിടത്തിൽ നിന്നാണ്. ആ വെള്ളം അങ്ങോട്ട് പോവുകയാണ്. ഇടമലയാർ പദ്ധതി പൂർത്തീകരിക്കുമ്പോൾ നീരാറിൽ ആനമല ഡാം പണിയാമെന്ന് എഗ്രിമെന്റിനകത്തുണ്ട്. ആനമലയാറിൽ നമുക്ക് ഡാം ഉണ്ടാക്കാൻ കഴിയണ്ടേ; ഇന്നല്ലെങ്കിൽ നാളെയെങ്കിലും ഉണ്ടാക്കാൻ കഴിയണ്ടേ; കൃഷി ഉണ്ടാകണ്ടേ? കാവേരി പ്രശ്നത്തിൽ രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ ഭയങ്കര യുദ്ധമാണ്. ആ യുദ്ധത്തിൽ ഏറ്റവും കൂടുതൽ ക്രൈസിസിൽ പോകാൻ പോകുന്നത് കേരളമാണ്. കാരണം, കേരളത്തിന് 30 ശതമാനം വെള്ളമുണ്ട്. കർണ്ണാടകത്തിന് വെള്ളം പോരായെന്ന് അവർ പറയുന്നു. തമിഴ്നാടിന് കൂടുതൽ വെള്ളം വേണമെന്ന് അവർ പറയുന്നു. നമുക്ക് കിട്ടിയ വെള്ളം വിനിയോഗിക്കുന്നില്ല. ഇപ്പോൾ അവർ പെറ്റീഷൻ കൊടുത്തിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഉപയോഗിക്കാത്ത കേരളത്തിന്റെ വെള്ളം തമിഴ്നാടും കർണ്ണാടകയുമായി വീതിച്ച് എടുത്തുകൊണ്ടുപോകും. നമ്മൾ നഷ്ടത്തിലേയ്ക്ക് പോവുകയാണ്. കാവേരി നദിയിലെ വെള്ളം ഉപയോഗി ക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടിയുണ്ടാകണ്ടേ. വരണ്ടുകിടക്കുന്ന അട്ടപ്പാടിയുടെ ചിത്രം ഇന്നത്തെ പത്രങ്ങളിലുണ്ടായിരുന്നു. അട്ടപ്പാടിയിലെ ആളുകൾക്ക് വെള്ളമില്ല. മുക്കാലിയിൽ ഒരു തടയണ കെട്ടി അട്ടപ്പാടിയിൽ വെള്ളം കൊടുക്കുന്നതിനുള്ള പദ്ധതി വേണ്ടേ? അട്ടപ്പാടിയിലെ പുതിയൊരു പദ്ധതി നേരത്തേതന്നെ ഫയലിലുള്ളതാണ്. അത് പുനരാവിഷ്കരിക്കണ്ടേ? കേരളത്തിലെ വെള്ളം കേരളത്തിൽത്തന്നെ വിനിയോഗിക്കാൻ സമൃദ്ധമായ ധാരാളം പദ്ധതികൾ നിലനിൽക്കുമ്പോൾ ആ പദ്ധതികളൊന്നും കണ്ടില്ലെന്ന് നടിച്ച് അന്യോന്യം പിശകിയും ശപിച്ചും കേരളത്തെ തകർക്കുന്ന സമീപനം ഈ ഗവൺമെന്റ് എടുക്കരുതെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. വെള്ളത്തിന്റെ കാര്യത്തിൽ കേരളം സമൃദ്ധമാണ്. പക്ഷേ ശുദ്ധജലത്തിന്റെ കാര്യത്തിൽ കേരളം വളരെ ദുർബലമായിപ്പോകുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......... പ്ലീസ് കൺക്ലൂഡ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ വളരെ നിയന്ത്രണത്തിന് വിധേയമാണ്. പ്രത്യേകിച്ച് അങ്ങ് പറഞ്ഞാൽ അതിനപ്പുറത്തേയ്ക്ക് ഞാൻ പോകില്ല. ഞങ്ങളെ വെള്ളം കുടിപ്പിക്കരുതെന്നാണ് ഞാൻ പറഞ്ഞതിന്റെ രത്നച്ചുരുക്കം. ഇവിടെ ചില സ്ഥലങ്ങളിൽ പദ്ധതി കൊണ്ടുവന്നു. ആ പദ്ധതി പകുതിയാക്കി വച്ചിരിക്കുകയാണ്. പണം കൊടുക്കാത്തതുകൊണ്ട് കോൺട്രാക്ടർമാർ കോടതിയിൽ പോകുകയാണ്. ഞാൻ അങ്ങയോട് നേരിട്ട് പറഞ്ഞ കാര്യമാണ്. ആ പ്രശ്നങ്ങളൊക്കെ പരിഹരിക്കണം. ഏത് ഗവൺമെന്റ് വന്നാലും പ്രശ്നങ്ങൾ വരും. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. പഴയകാല പദ്ധതികളിലെ പൈപ്പുകളൊക്കെ വേഗം പൊട്ടുകയാണ്. ഞാൻ നോക്കിയപ്പോൾ ചില സ്ഥലങ്ങളിലെ പൈപ്പിൽ വെള്ളമില്ല. അവിടത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് കാരണം തിരക്കിയപ്പോൾ അവർ പറഞ്ഞത് വെള്ളം ഒഴുക്കിയാൽ പൈപ്പ് പൊട്ടിപ്പോകും. അതുകൊണ്ട് വെള്ളം ഒഴുക്കാതെ കാത്തിരിക്കുകയാണെന്നാണ്. കേരളത്തിലെ ജനങ്ങൾക്ക് ശുദ്ധജലം കൊടുക്കേണ്ട പൈപ്പുകൾ കാഴ്ചവസ്തുവായി വച്ചാൽ മതിയോ? അതുകൊണ്ട് ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പ്രവർത്തിപ്പിക്കാനുള്ള നടപടിയിലേയ്ക്ക് പോകാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് എല്ലാ പരിശ്രമങ്ങളും ഉണ്ടാകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. വരാൻ പോകുന്ന ബീഭത്സമായൊരു വരൾച്ചയെ കേരളത്തിലെ ജനങ്ങൾ നോക്കിക്കണ്ടുകൊണ്ടിരിക്കുന്ന സമയത്ത് ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കുന്നതിന് പകരം ഇതും രാഷ്ട്രീയം പറഞ്ഞ് തടിതപ്പുന്ന രൂപത്തിലേയ്ക്ക് പോകരുതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സ്പീക്കർ സർ, ഇരുഭാഗത്തുനിന്നും ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച എല്ലാ അംഗങ്ങൾക്കും എന്റെയും സർക്കാരിന്റെയും പ്രത്യേകിച്ച് ജലവിഭവ വകുപ്പിന്റെയും നന്ദി അറിയിക്കുകയാണ്.

ഇന്നത്തെ ചർച്ചയുടെ ഒരു പ്രത്യേകത, അപൂർവ്വമായി ഒന്നു രണ്ട് ആളുകൾ വിഷയം മാറി ചില കാര്യങ്ങൾ സംസാരിച്ചതൊഴിച്ചാൽ, ഞാൻ ആക്ഷേപിക്കുകയല്ല, എല്ലാവരും വെള്ളത്തിന്റെ ലഭ്യതയെ സംബന്ധിച്ചും ഇപ്പോഴുണ്ടായേക്കാമെന്ന് നാം ഭയപ്പെടുന്ന കൊടും വരൾച്ചയെ അതിജീവിക്കുന്നതിനെ സംബന്ധിച്ചും അപ്പുറത്തും ഇപ്പുറത്തും നിന്ന് വളരെ പ്രസക്തമായ നിർദ്ദേശങ്ങൾ പങ്കുവച്ച എല്ലാ അംഗങ്ങളോടും എന്റെ നന്ദി അറിയിക്കുകയാണ്.

നദീസംരക്ഷണത്തെയും ഭ്രഗർഭ ജലവിനിയോഗത്തെയും പരസ്പര ബന്ധിതമായി മനസ്സിലാക്കുന്ന ഒരു ശാസ്ത്രീയ സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിലെ പ്രധാന വാഗ്ദാനം. പ്രാദേശിക സർക്കാരുകളുടെയും ജനപങ്കാളിത്തത്തോടെയും ചില സുരക്ഷാ പരിപാടികൾക്കും നദീതട ഭ്രഗർഭ ജല സംരക്ഷണത്തിനും മലിനീകരണ നിർമ്മാർജ്ജനത്തിനും ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾക്കാണ് ഈ ഗവൺമെന്റ് തുടക്കമിട്ടിട്ടുള്ളത്. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കണം, കൃഷിക്കായി ജലസേചനം കാര്യക്ഷമമാക്കണം, ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടണം, ജലദൗർലഭ്യം രൂക്ഷമായ പ്രദേശങ്ങളിൽ ജലലഭ്യതയുണ്ടാക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം, ജലനഷ്ടം കുറയ്ക്കണം, അന്തർസംസ്ഥാന കരാറുകൾ കാലോചിതമായി പുനഃസംവിധാനം ചെയ്യണം, കരാർ പ്രകാരം നമുക്ക് ലഭിക്കേണ്ട ജലം ലഭ്യമാക്കണം ഇവയെല്ലാം പ്രകടന പത്രികയിലെ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ ഫലപ്രാപ്തിയിലെത്തിക്കാനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കുടിവെള്ള വിതരണം, ജലസേചനം, ഭ്രഗർഭ ജലവിനിയോഗം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സഹായകമാകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനാണ് ശ്രമിക്കുന്നത്. അഞ്ച് വർഷത്തിനുള്ളിൽ വെള്ളക്കരം വർദ്ധിപ്പിക്കാതെ ജല അതോറിറ്റിയെ ലാഭകരമായ ഒരു സ്ഥാപനമാക്കുമെന്ന് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽതന്നെ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അതിനായി ജല അതോറിറ്റി സർക്കാരിന് നൽകാനുള്ള തുകയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളി. വായ്പാ തുക സർക്കാരിന്റെ ഓഹരി മൂലധനമാക്കി മാറ്റിക്കൊണ്ടുള്ള പ്രഖ്യാപനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ നടത്തി. അതോറിറ്റിയുടെ വരുമാനം ചോരുന്ന പഴുതുകൾ കണ്ടെത്തി അടയ്ക്കുക എന്നുള്ളതാണ് മറ്റൊരു പോംവഴി. സാമൂഹ്യമായും സാമ്പത്തികമായും വൻകിട ജലസേചന പദ്ധതികൾ സംസ്ഥാനത്തിനുമേൽ ഒരു ജഢഭാരമായി മാറിയ അവസ്ഥയെക്കുറിച്ചും ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശമുണ്ട്. ചെറുകിട ജലസേചന പദ്ധതികളെ സജീവമാക്കണം, നീർത്തടാടിസ്ഥാനത്തിൽ തോടുകളും കുളങ്ങളും പോലുള്ള ജലസ്രോതസ്സുകളെ ശുദ്ധീകരിച്ച് സംരക്ഷിക്കണം, ജലനഷ്ടം ഒഴിവാക്കിക്കൊണ്ടുള്ള ജലസേചന രീതികൾ അവലംബിക്കണം ഇവയ്ക്കെല്ലാം ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഭ്രഗർഭ ജലം ഊറ്റിയെടുക്കുന്ന സമീപനത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. ഭ്രഗർഭത്തിൽ അവശേഷിക്കുന്ന ജലംകൂടി ഊറ്റിയെടുത്താൽ സർവ്വ നാശത്തിലേയ്ക്കാണ് നാം നീങ്ങുന്നതെന്ന് ആരും തിരിച്ചറിയുന്നില്ല. അതുകൊണ്ട് ഈ സമീപനത്തിൽ മാറ്റം വരേണ്ടത് ആവശ്യമാണ്. പ്രാദേശിക തലത്തിൽ ജലസ്രോതസ്സുകൾ കണ്ടെത്തി സംരക്ഷിക്കാനുദ്ദേശിച്ചുകൊണ്ടുള്ള ജലനിധി പദ്ധതിയുടെ പ്രവർത്തനം കൂടുതൽ

കാര്യക്ഷമമാക്കുകയും ഭൂഗർഭ ജലസംരക്ഷണം ജനങ്ങൾ ഊർജ്ജസ്വലമായി ഏറ്റെടുക്കുന്ന നിലയിലേയ്ക്ക് വളരുകയും ചെയ്യണം. ഭൂഗർഭ ജലത്തിന്റെ റീ ചാർജ്ജിംഗിനുള്ള മാർഗ്ഗങ്ങൾ, പ്രവർത്തന മാതൃകകൾ, അതിന് ലഭ്യമാക്കാവുന്ന ഫണ്ടുകൾ, മഴവെള്ളത്തിന്റെ വിനിയോഗ മാതൃകകൾ ഇതിലെല്ലാം ചില പുതിയ ജനപക്ഷ നടപടികൾ ആവശ്യമാണ്. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനം രണ്ട് വകുപ്പുകളും വിഭാവനം ചെയ്യുന്നു. കേരളത്തിലെ ജല അതോറിറ്റി യെയാണ് കുടിവെള്ള വിതരണത്തിന് നാമെല്ലാം ആശ്രയിക്കുന്നത്. ഇപ്പോൾ നിലവിലുള്ള 1076 പദ്ധതികളിലായി 18.12 ലക്ഷം ഗാർഹിക കണക്ഷനുകളിലും 2.02 ലക്ഷം പൊതു ടാപ്പുകളിലുമായി ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. ഏതാണ്ട് 30 ശതമാനം ഗാർഹിക കണക്ഷൻ ഉൾപ്പെടെ രണ്ടിലുംകൂടി 50 ശതമാനം കണക്ഷനുകളിലായി ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ 941 പഞ്ചായത്തുകളിൽ 471-ലും 87 മുനിസിപ്പാലിറ്റികളിൽ 66-ലും 6 കോർപ്പറേഷ നുകളിലും ശുദ്ധീകരിച്ച കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. എന്നാൽ 168 പഞ്ചായത്തുകളിലും 12 മുനിസിപ്പാലിറ്റികളിലും ശുദ്ധീകരണ ശാലകളില്ലാത്ത ചെറുകിട പദ്ധതികളിൽ നിന്നാണ് ജലവിതരണം നടത്തിവരുന്നത്. 211 പഞ്ചായ ത്തുകളിലും 8 മുനിസിപ്പാലിറ്റികളിലുംകൂടി ശുദ്ധീകരണ ശാലകൾ പ്രവർത്തന ക്ഷമമാക്കാനുള്ള പദ്ധതി പൂർത്തിയാകുന്നതോടെ അവിടെയും ശുദ്ധജല വിതരണം സാധ്യമാകുന്നതാണ്. അതിനുശേഷം 259 പഞ്ചായത്തുകളിലും 13 മുനിസിപ്പാലിറ്റി കളിലുംകൂടി ശുദ്ധീകരിച്ച വെള്ളം ലഭ്യമാക്കേണ്ടതുണ്ട്. 197 ശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി 2906.59 ദശലക്ഷം ലിറ്റർ ആണെങ്കിലും അവയിൽ നിന്നും ഇപ്പോൾ വെറും 2087.13 ദശലക്ഷം ലിറ്റർ ജലം മാത്രമാണ് ഉല്പാദിപ്പിക്കുന്നത്. ശുദ്ധീകരണ ശാലകളില്ലാത്ത 874 ചെറുകിട പദ്ധതികളിൽ നിന്നുള്ള 460.59 ദശലക്ഷം ലിറ്റർ ഉൾപ്പെടെ 2517.72 ദശലക്ഷം ലിറ്റർ ജലമാണ് ഇപ്പോൾ ഉല്പാദിപ്പിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും മറ്റ് ധനകാര്യ സ്ഥാപന ങ്ങളുടെയും സഹായത്തോടെ നിർവ്വഹിക്കുന്ന പദ്ധതികൾ പലതുണ്ട്. സമയക്കുറവു കൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ മുതിരുന്നില്ല. ആകെ 3878 കോടി രൂപ ചെലവുവരുന്ന 499 പദ്ധതികളാണ് ഇപ്പോൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. അത് പൂർത്തീകരിക്കുമ്പോൾ 1328.21 ദശലക്ഷം ലിറ്റർ ജലംകൂടി വിതരണത്തിന് ലഭ്യമാക്കുന്നതാണ്. അതോടെ ശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി ഏതാണ്ട് 46 ശതമാനം വർദ്ധിപ്പിക്കാം. അതുപോലെതന്നെ കുട്ടനാട് പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ 70 കോടി രൂപയുടെ പദ്ധതികൾ പുരോഗമിച്ചു വരികയാണ്. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. ഈ

വർഷം മുതൽ കേന്ദ്രവിഹിതം 49 കോടി രൂപയായി കുറയുകയാണ്. അത് മുൻവർഷത്തിന്റെ മൂന്നിലൊന്നുമാത്രമാണ്. ഈ തുക ചെലവഴിക്കുന്നതിന് ചില ഉപാധികളും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വെള്ളത്തിൽ ഫ്ളൂറൈഡ്, ആർസെനിക് എന്നിവയുടെ അമിത സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിലും സാഗി പഞ്ചായത്തുകളിലും മാത്രമേ ഈ പുതിയ പദ്ധതികൾ തുടങ്ങാൻ കേന്ദ്ര ഗ്രാമീണ കുടിവെള്ള പദ്ധതിയിലൂടെ ഇനി കഴിയുകയുള്ളൂ എന്നുള്ള ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. അതുകൊണ്ട് ഈ മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്ത പഞ്ചായത്തുകളിലേയ്ക്ക് കേന്ദ്ര വിഹിതം കുറഞ്ഞിരിക്കുമ്പോൾ സംസ്ഥാന സർക്കാർ പുതിയ ധനസ്രോതസ്സുകൾ കണ്ടെത്തേണ്ട അവസ്ഥയാണ്. അപ്പോൾ ഗവൺമെന്റ് പ്രധാനമായും ആശ്രയിക്കുന്നത് ഈ ബഡ്ജറ്റിലൂടെ പുതുതായി ആവിഷ്ക്കരിച്ച കിഫ്ബിയുടെ ധനസഹായമാണ്. 11 നഗരസഭകളിലും 64 പഞ്ചായത്തുകളിലും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും നിലവിലുള്ളവ പൂർത്തീകരിക്കുന്നതിനുമായി 3 പ്രോജക്ടുകളിലായി 1267.3 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 169.8 കോടി രൂപ അന്തിമഘട്ടത്തിലുള്ള 9 പദ്ധതികളുടെ പൂർത്തീകരണത്തിന് വേണ്ടിയുള്ളതാണ്. അവ പൂർത്തിയാക്കുമ്പോൾ 14 പഞ്ചായത്തുകളിലെ 4 ലക്ഷത്തോളം വരുന്ന ആളുകൾക്ക് ഉടനടി പ്രയോജനം ലഭിക്കും. ബാക്കി വരുന്ന 1997.5 കോടി രൂപ പുതിയ പദ്ധതികളുടെ ആദ്യഘട്ടത്തിനായി വിഭാവനം ചെയ്തു. ഈ നിർദ്ദേശങ്ങൾ കിഫ്ബി പരിശോധിച്ചുവരികയാണ്. നഗരത്തിലെ ജലവിതരണ പദ്ധതികൾക്ക് പ്രധാനമായും 'അമൃത്' എന്ന പദ്ധതിയുണ്ട്. കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, ഗുരുവായൂർ, കൊച്ചി, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ നഗരങ്ങളിലാണ് 'അമൃത്' പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഇവിടെ പ്രധാനമായും ചർച്ചയിൽ ഉയർന്നുവന്നത് വരൾച്ചയെ സംബന്ധിച്ച പ്രശ്നങ്ങളാണ്. കഴിഞ്ഞതവണ സൗത്ത് വെസ്റ്റ് മൺസൂൺ (ഇടവപ്പാതി മഴ) വളരെ കുറഞ്ഞ രീതിയിലാണ് ലഭിച്ചത്. IMD-യുടെ കണക്കനുസരിച്ച് സെപ്റ്റംബർ 30 വരെ 2046 മില്ലീ മീറ്റർ മഴ ലഭിക്കേണ്ട സ്ഥാനത്ത് കിട്ടിയത് വെറും 1377 മില്ലീ മീറ്റർ മഴയാണ്. ഇതുപ്രകാരവും ജലസേചന വകുപ്പിന്റെ കണക്കുപ്രകാരവും മഴയുടെ ലഭ്യതയിൽ 32.7 ശതമാനം കുറവ് വന്നിരിക്കുകയാണ്. ഈ കുറവ് ഗൗരവമായി കാണുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വരൾച്ച നേരിടുന്നതിനുള്ള ഫലപ്രദമായ നടപടികളെ സംബന്ധിച്ച് ആലോചിക്കുകയുണ്ടായി. ഡാമുകളിലെ ജലനിരപ്പ് 2015 സെപ്റ്റംബർ 30-ാം തീയതി ഉണ്ടായിരുന്നതിനേക്കാൾ ശരാശരി 22.85 ശതമാനം കുറവാണ്. ചില ഡാമുകളിൽ വളരെയധികം കുറവുവരുന്നുണ്ട്. മീൻകര ഡാമിൽ 84.5 ശതമാനം കുറവ് വന്നിരിക്കുന്നു. മൂഴിയാർ ഡാമിൽ 83.31 ശതമാനം കുറവ് വന്നിരിക്കുന്നു. മൊത്തം ഡാമുകളിലുമായി ശരാശരി 22.85

ശതമാനം ജലക്കുറവ് വന്നിരിക്കുകയാണ്. രൂക്ഷമായ വരൾച്ച നേരിടാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗം ചില ധാരണകളിൽ എത്തിച്ചേർന്നിട്ടുണ്ട്. പ്രധാനമായും തദ്ദേശ സ്വയംഭരണവകുപ്പ് അവിടെത്തെ സംവിധാനങ്ങൾ രൂപപ്പെടുത്തിയും അതേസമയം ജലവിഭവ വകുപ്പ് നേതൃത്വം കൊടുത്തും ചില പദ്ധതികൾ, അതായത് സ്രോതസ്സുകളിൽ തടയണകളും നീർച്ചാലുകളും നിർമ്മിക്കുന്നതിനും നീരൊഴുക്ക് കുറവുള്ള നദികളിൽ ചാക്കുകൊണ്ട് താല്ക്കാലിക തടയണകൾ നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നു. കിണറുകളിലെ മണ്ണും ചെളിയും നീക്കം ചെയ്ത് ഇൻടേക്ക് ശേഷിയും പമ്പിംഗ് ശേഷിയും വർദ്ധിപ്പിച്ച് ജലലഭ്യത ഉറപ്പാക്കാനുള്ള നടപടികളുമുണ്ട്. കുടിവെള്ള പദ്ധതികളുടെ ഇൻഫിൽട്രേഷൻ ഗ്യാലറികളുടെ പുനരുദ്ധാരണം ലക്ഷ്യം വയ്ക്കുന്നുണ്ട്. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലമെത്തിക്കാനും നടപടിയുണ്ട്. അടിക്കടി പൊട്ടുന്ന പഴയ വിതരണ ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കാനുള്ള പ്രവൃത്തികളും വരൾച്ചയെ നേരിടാൻവേണ്ടി ഏറ്റെടുക്കുകയാണ്. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പുകളുടെ അറ്റകുറ്റപ്പണികളും ആവശ്യമുള്ള സ്ഥലങ്ങളിൽ സ്റ്റാൻഡ് ബൈ പമ്പുസെറ്റുകളും സ്ഥാപിക്കാൻ ലക്ഷ്യമിടുകയാണ്. അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്ന ജലവിതരണ പദ്ധതികൾ എത്രയും വേഗം പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കാൻ ശ്രദ്ധിക്കുന്നതാണ്. അതുപോലെതന്നെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയും കർശനമാക്കുന്നതാണ്. ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ, കഴിഞ്ഞവർഷം കാസർഗോഡ് ജില്ലയിൽ വിജയകരമായി പരീക്ഷിച്ചതു പോലെ കിയോസ്കുകൾ സ്ഥാപിച്ച് ജലവിതരണം നടത്താൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. ലോറിയിൽ കുടിവെള്ളം എത്തിക്കുമ്പോഴുണ്ടാകുന്ന ജലനഷ്ടവും പാഴ്ചെലവും ഒരളവുവരെ കുറയ്ക്കാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ചില നടപടികളിലേയ്ക്ക് നീങ്ങാൻ ഗവൺമെന്റും ജല അതോറിറ്റിയും ആലോചിക്കുന്നുണ്ട്. വരുമാനരഹിത ജലത്തിന്റെ (non-revenue water) അളവ് കുറയ്ക്കാനായി കാലപ്പഴക്കം ചെന്നതും തുടർച്ചയായി പൊട്ടുന്നതുമായ പൈപ്പുകൾ മാറ്റി ഗുണനിലവാരമുള്ള പൈപ്പുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കാൻ കിഫ്ബിയിലൂടെ ഈ വർഷം 525 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പൈപ്പുകളിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് വാട്ടർ അതോറിറ്റി രൂപം നൽകിയിട്ടുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം മറ്റു ജില്ലകളിലേയ്ക്കും വികേന്ദ്രീകരിച്ച് ശക്തിപ്പെടുത്താൻഉദ്ദേശിക്കുന്നു. പഴയ പമ്പുസെറ്റുകൾക്ക് പകരം ഊർജ്ജക്ഷമതയേറിയ പമ്പുസെറ്റുകൾ സ്ഥാപിക്കാൻ ഈ സാമ്പത്തിക വർഷം 148 കോടി

രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതുപോലെ ബില്ലിംഗിനും കളക്ഷനും വേണ്ടി കമ്പ്യൂട്ടറൈസേഷൻ സംവിധാനം വ്യാപിപ്പിക്കും. അരിയർ ബില്ലുകൾ പിരിച്ചെടുക്കുന്നതിന് പ്രത്യേകം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തും. തിരുവനന്തപുരത്ത് അരുവിക്കരയിൽ കുപ്പിവെള്ള യൂണിറ്റിന്റെ നിർമ്മാണം നടന്നുവരുന്നു. അടുത്ത ഏപ്രിൽ മാസത്തോടുകൂടി ജല അതോറിറ്റിയുടെ കുപ്പിവെള്ളം മികച്ച ഗുണനിലവാരത്തോടെ മിതമായ നിരക്കിൽ വിപണിയിലെത്തിക്കുന്നതാണ്. അതോറിറ്റിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുവേണ്ടി ജില്ലാതല അവലോകന യോഗങ്ങൾ നടന്നുവരികയാണ്. കാര്യക്ഷമത സർവ്വതല സ്പർശിയാക്കുക എന്ന ഉദ്ദേശത്തോടെ നടത്തുന്ന ഈ പരിപാടി തുടർച്ചയായ അവലോകനത്തിന് ഉപകരിക്കുന്ന വിധത്തിൽ സംവിധാനം ചെയ്യുന്നതാണ്. ഉപഭോക്താക്കൾക്ക് അനുകൂലമായി മാറുന്ന, സൗഹൃദമായി മാറുന്ന ചില നടപടിക്രമങ്ങൾ ആലോചിക്കുകയാണ്. പുതിയ കണക്ഷൻ എടുക്കുന്നതിന് ഇന്ന് ഉപഭോക്താവ് വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നു. നടപടിക്രമങ്ങൾ ലളിതവും സുഗമവുമാക്കി, ഉപഭോക്താവ് അനുഭവിക്കുന്ന അനാവശ്യ നഷ്ടവും ക്ലേശവും ഒഴിവാക്കിക്കൊണ്ട് അടുത്ത 5 വർഷത്തിനുള്ളിൽ 10 ലക്ഷം പുതിയ കണക്ഷനുകൾ നൽകി കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ശുദ്ധീകരണശാലയോടുകൂടിയ ശുദ്ധജലവിതരണ പദ്ധതികൾ നിലവിൽ വരികയും ചെയ്യുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. ഇതിനുവേണ്ടിവരുന്ന 5000 കോടി രൂപ കിഫ്ബി, നബാർഡ് പോലുള്ള ഏജൻസികളിൽ നിന്ന് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഞാൻ പ്രസംഗിച്ച് കഴിഞ്ഞതിനുശേഷം ചോദ്യത്തിന് വഴങ്ങാം. വിജയപുരം പദ്ധതിയായിരിക്കും അങ്ങ് ഉദ്ദേശിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ചോദിക്കാൻ വന്നത് നേരത്തെ വാട്ടർ അതോറിറ്റി നടത്തിക്കൊണ്ടിരുന്ന വാട്ടർ സപ്ലൈ സ്കീം പിന്നീട് പഞ്ചായത്തുകൾക്ക് കൊടുത്തു. കുറെ കാര്യങ്ങൾ പഞ്ചായത്ത് നടത്തുന്നുണ്ട്: ചില പദ്ധതികൾ പൂട്ടിപ്പോയിട്ടുണ്ട്. അങ്ങ് ഇപ്പോൾ ഉദ്ദേശിക്കുന്ന ഈ പദ്ധതി ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കാനാണോ അതോ വാട്ടർ അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്നതിനാണോ ഉദ്ദേശിക്കുന്നത്.

3.00 PM]

ശ്രീ. മാത്യു ടി. തോമസ്: സർ, ഇപ്പോൾ കിഫ്ബി എടുക്കുന്ന പദ്ധതികൾ വാട്ടർ അതോറിറ്റി നേരിട്ട് ചെയ്യുകയെന്നുള്ളതാണ്. അങ്ങ് സൂചിപ്പിച്ചതുപോലുള്ള അതിന്റെ നയപരമായ തീരുമാനങ്ങൾ എൽ.ഡി.എഫ്. ഗവൺമെന്റ് എടുക്കേണ്ടതായിട്ടുണ്ട്. ബൾക്ക് വാട്ടർ പ്രൊഡ്യൂസ് ചെയ്യുന്ന സംവിധാനമായി വാട്ടർ അതോറിറ്റി മാറുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണത്തിന്റെ ഭൂരിഭാഗം

പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നത് സംബന്ധിച്ച് നയപരമായ ഒരു തീരുമാനം എടുത്തതിനുശേഷം അത് ആലോചിക്കാം. അങ്ങ് പറഞ്ഞത് നല്ലൊരു സജഷനായിട്ട് കരുതുകയാണ്. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങളുണ്ട്. സമയക്കുറവുകൊണ്ട് ആ കാര്യങ്ങളിലേയ്ക്ക് ഞാൻ ദീർഘമായി പോകുന്നില്ല. പ്രത്യേക പദ്ധതിപ്രകാരം തടയണകൾ നിർമ്മിക്കണമെന്നും റെഗുലേറ്ററുകൾ നിർമ്മിക്കണമെന്നുമുള്ള ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. കിഫ്ബി പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കാനുള്ള നടപടികളുമായി മുന്നോട്ട് നീങ്ങുന്നുണ്ട്. ഗ്രോയിൻസുകളുടെ നിർമ്മാണം, ആലപ്പുഴയിലെ മുതലപ്പൊഴി പുനരുദ്ധാരണം, പാർവ്വതീ പുത്തനാറിന്റെ ശുചീകരണം, ആലപ്പുഴ, കുട്ടനാട്, ചങ്ങനാശ്ശേരി, കോട്ടയം ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട മൊബിലിറ്റി ഹബ്ബ് അങ്ങനെ നിരവധി പദ്ധതികളുണ്ട്. ഇപ്പോഴത്തെ സമയക്കുറവുകൊണ്ടും ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച ചില വിഷയങ്ങൾക്ക് കൂടി മറുപടി പറയാനുള്ളതുകൊണ്ടും ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഹരിത കേരളം പദ്ധതിയിൽ കുളങ്ങളുടെ നവീകരണം പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ആവശ്യമായിട്ടുണ്ട്. ഹരിത കേരളം പദ്ധതിയിൽ കുളങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രത്യേക പദ്ധതി ചേർത്തിട്ടുണ്ട്. അതിന്റെ പട്ടിക എന്റെ കൈവശമുണ്ട്. സമയക്കുറവ് കൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലാകെ 4100 സ്വകാര്യ-പൊതു ക്ഷേത്രുംവക കുളങ്ങളാണുള്ളത്. അതിൽ ഒന്നാംഘട്ടമായി 9453 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ആലോചനയിലാണ്. ചർച്ച ആരംഭിച്ച ബഹുമാന്യനായ സി. കെ. ശശീന്ദ്രൻ വരൾച്ചയെ ഗൗരവമായി കാണണമെന്ന് പറഞ്ഞു. വരൾച്ചയെ സംബന്ധിച്ച വിശദമായ കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചു. കാവേരി നദിയുടെ സബ് ബെയ്സിനായ കബനി നദി സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞു. 2007-ലെ കാവേരി നദീജല ട്രിബ്യൂണൽ വിധി പ്രകാരം കബനി നദിയിൽനിന്നും 21 ടി.എം.സി.യും ഭവാനി നദിയിൽനിന്നും 6 ടി.എം.സി.യും പാമ്പാർ നദിയിൽനിന്നും 3 ടി.എം.സി.യും ഉൾപ്പെടെ ആകെ 30 ടി.എം.സി.- ജലമാണ് കേരളത്തിന് ലഭിച്ചത്. കബനി നദിയിൽ നിന്നും കെ.എസ്.ഇ.ബി.യുടെ ബാണാസുരസാഗർ പദ്ധതിക്കായി 5 ടി.എം.സി. വെള്ളം ഉപയോഗിക്കുന്നു. ജലസേചന വകുപ്പ് കാരാപ്പുഴ ഡാം പണിത് 2.8 ടി.എം.സി. വെള്ളം സംഭരിക്കുന്നുണ്ട്. 1.8 ടി.എം.സി. വെള്ളം ഉപയോഗിക്കുന്ന വിധത്തിൽ ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുപുറമേ കബനി നദിയിൽ കടവൻതോട്, നൂൽപ്പുഴ, കുന്താലിപ്പുഴ, തിരുനെല്ലി, ചേക്കാട്, മഞ്ചാട്ട്, തോടാറ്, പെരുങ്ങോട്ടുപുഴ, കല്ലമ്പതി എന്നീ പദ്ധതികളുടെ സാധ്യതാ പഠനം പൂർത്തീകരിച്ചു. ഇവയിൽ കുന്താലിപ്പുഴ, കടവൻതോട് പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി

കഴിഞ്ഞു. കബനി നദിയുടെ പോഷക നദികളായ പനമരം, മാനന്തവാടി, നൂൽപ്പുഴ, ബാവേരി എന്നിവയിൽ റെഗുലേറ്ററുകളും തടയണകളും നിർമ്മിക്കുന്നതിന് സർവ്വേ നടത്തി സ്ഥാന നിർണ്ണയം നടത്തിക്കൊണ്ടിരിക്കുകയാണ്. പാമ്പാർ നദിയിൽ പട്ടിശ്ശേരിയിൽ ഒരു ഡാമിന്റെ നിർമ്മാണമാരംഭിച്ചിട്ടുണ്ട്. വട്ടവട സ്കീമിന്റെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നുവരുന്നു. തലയാർ, ചെങ്ങലാർ, ചട്ടമന്നാർ പദ്ധതികളുടെ പര്യവേക്ഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല കെ.എസ്.ഇ.ബി. പാമ്പാർ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിക്കൊണ്ടിരിക്കുന്നു. ഭവാനി നദിയിൽ അട്ടപ്പാടി വാലി ജലസേചന പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്താനുള്ള അനുമതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചു. പഠനം തുടങ്ങിയെങ്കിലും തമിഴ്നാടിന്റെ എതിർപ്പുമൂലം കേന്ദ്ര സർക്കാർ അത് റദ്ദാക്കിയിരിക്കുകയാണ്. കഴിഞ്ഞ ആഴ്ചയാണ് അതുസംബന്ധിച്ച വിവരം ലഭിച്ചത്. അതിനുവേണ്ട നിയമനടപടികൾ ആരംഭിക്കേണ്ടി വരും. കാവേരി നദീജല ട്രിബ്യൂണൽ അനുവദിച്ച പദ്ധതി ആയതു കൊണ്ട് ഒരു അവകാശമെന്ന നിലയിൽ നടപടികൾ സ്വീകരിക്കണം. ഭവാനി നദിയിൽ തടയണകൾ നിർമ്മിക്കാനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. നമുക്ക് 99.8 ടി. എം.സി. വെള്ളമാണ് ആവശ്യമായിട്ടുള്ളത്. അതുകൊണ്ട് 30 ടി.എം.സി.-യിൽ കൂടുതൽ ജലം ആവശ്യമാണെന്ന് പറഞ്ഞ് സുപ്രീംകോടതിയിലും ട്രിബ്യൂണലിലും കേസുകൾ ഫയൽ ചെയ്തിട്ടുള്ള വിവരം ഞാൻ അറിയിക്കുകയാണ്. തൃക്കാക്കരയിൽ കുഴൽക്കിണറുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ബഹുമാന്യനായ പി. ടി. തോമസ് സൂചിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഭൂജലം ഉപയോഗിക്കുന്നത് സംബന്ധിച്ച കേരള ഗ്രൗണ്ട് വാട്ടർ കൺട്രോൾ ആന്റ് റെഗുലേഷൻ ആക്ട് പ്രകാരം തൃക്കാക്കരയിൽ കുഴൽക്കിണർ നിർമ്മാണം തടയുന്നതിന് വ്യവസ്ഥയില്ല. ഈ സ്ഥലങ്ങളിൽ ഭൂജല നിരപ്പ് താഴുന്നതായി ഇതുവരെ പഠനങ്ങളിൽ തെളിഞ്ഞിട്ടില്ല. കുഴൽക്കിണറുകളിൽ നിന്നും ടാങ്കർ ലോറികളിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുന്നതായി ലഭിച്ച പരാതികളിന്മേൽ വകുപ്പ് ഇടപെട്ട് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക കമ്പനിയുടെ പേര് ഉണ്ട്. അത് ഞാൻ ഇവിടെ പരാമർശിക്കുന്നില്ല. തൃക്കാക്കര നോട്ടിഫൈഡ് പ്രദേശമായി വിജ്ഞാപനം ചെയ്തിട്ടില്ലാത്തതിനാൽ കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണമേർപ്പെടുത്താൻ ഇപ്പോൾ വ്യവസ്ഥയില്ല. അത് പരിശോധിച്ച് തുടർ നടപടികളെ സംബന്ധിച്ച് ആലോചിക്കാം. ബഹുമാന്യനായ പി. ടി. തോമസ് മറ്റൊരു വിഷയം ഇവിടെ ഉന്നയിച്ചത് എറണാകുളം കുടിവെള്ള പദ്ധതിയെ സംബന്ധിച്ചാണ്. കൊച്ചി വാട്ടർ സപ്ലൈ സ്കീമിന് 28.53 കോടി രൂപയുടെ ഭരണാനുമതി നൽകി. 185 MLD പ്ലാന്റാണ്. ബഹുമാനപ്പെട്ട അംഗത്തിനറിയാം. അവിടെ ഭൂമി കിട്ടാത്തൊരു പ്രശ്നമുണ്ട്. ശ്രീ. ഹൈബി ഈഡൻ ഈ വിഷയം നേരത്തെ ഉന്നയിച്ചിരുന്നതാണ്. ഒന്നാംഘട്ടമായി അത് ചെയ്യാനുള്ള

സ്ഥലം കിട്ടുന്നില്ല. ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് കിൻഫ്രയിൽ സ്ഥലം തരാമെന്ന് പറഞ്ഞിരുന്നുവെങ്കിലും ചില നിയമപ്രശ്നങ്ങൾ ഉള്ളതുകൊണ്ട് ഇപ്പോൾ തരുന്നില്ല. കഴിഞ്ഞ ദിവസം ജില്ലാതലത്തിലുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ യോഗം കൂടിയപ്പോൾ 5 ഏക്കർ സ്ഥലം കൊച്ചിൻ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ലഭ്യമാക്കാമോയെന്ന് പരിശോധിക്കാമെന്ന് മുൻ മന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞിരുന്നു. അത് നമുക്ക് നോക്കാം. ശ്രീ. പി. ടി. തോമസിന് വ്യക്തിപരമായ കാരണങ്ങളാൽ ആ യോഗത്തിൽ പങ്കെടുക്കാനായില്ല. സ്വീവറേജ് പ്ലാന്റിനെ സംബന്ധിച്ച് പറഞ്ഞു. കാക്കനാട് ഒരു സ്വീവറേജ് പ്ലാന്റ് സ്ഥാപിക്കാനുള്ള ആലോചനയുണ്ടെന്ന് ഞാൻ അറിയിക്കുകയാണ്. ശ്രീ. ചിറ്റയം ഗോപകുമാർ നാട്ടിക നിയോജക മണ്ഡലത്തിലെ താഴൂർ-താന്നിയം-അന്തിക്കാട് പദ്ധതിയുടെ കോലത്ത് കടവിലുള്ള പമ്പ് ഹൗസിൽ ഉപ്പുവെള്ളം കയറുന്ന പ്രശ്നം ഇവിടെ ഉന്നയിച്ചു. ഡിസംബർ - ജനുവരി മാസങ്ങളിൽ രണ്ടു മുതൽ മൂന്നു ആഴ്ചവരെ പമ്പിംഗ് നിർത്തി വയ്ക്കേണ്ടി വന്നു. മുനയത്ത് താൽക്കാലിക ബണ്ട് സ്ഥാപിച്ച് പമ്പിംഗ് നടത്താനുണ്ട്. മുനയത്ത് ഒരു സിംഗിൾ ലൈൻ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കാനുള്ള ഡി.പി.ആർ തയ്യാറാക്കി കഴിഞ്ഞു. അതിന് നബാർഡിന്റെ ഫണ്ട് ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതാണ്. എന്നാൽ ഡബിൾ ലൈൻ ബ്രിഡ്ജ് വേണമെന്ന ആവശ്യം ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. ഡബിൾ ലൈനാക്കി ഡി.പി.ആർ. സമർപ്പിക്കണമെങ്കിൽ കാലതാമസവും കൂടുതൽ സ്ഥലവും ആവശ്യമായി വരും. അതോടൊപ്പം സ്ഥലമെടുപ്പിന്റെ ബുദ്ധിമുട്ടും നേരിടേണ്ടി വരും. അക്കാര്യത്തിലൊരു തീരുമാനമുണ്ടാകേണ്ടതുണ്ട്. ബഹുമാനപ്പെട്ട ചിറ്റയം ഗോപകുമാർ കെ.പി. റോഡിലെ കാലപ്പഴക്കം ചെന്ന പൈപ്പ് മാറ്റുന്നത് സംബന്ധിച്ച് പറഞ്ഞു. ഏഴംകുളം ജംഗ്ഷൻ മുതൽ അടൂർ ഹൈസ്കൂൾ ജംഗ്ഷൻ വരെ 300 എം.എം. ഡി.ഐ. പൈപ്പ് 17½ കിലോമീറ്റർ മാറ്റുന്നവർക്ക് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 766 ലക്ഷം രൂപയാണ്. ഇതിനുപുറമെ 10½ കോടി രൂപയുടെ ബാക്കിയുള്ള പൈപ്പ് ലൈൻ മാറ്റാനുള്ള പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ട്. അടൂരിനും സമീപ പ്രദേശത്തിനും കൂടിയുള്ള 12.38 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാലയാണ് ചിറണിക്കരയിൽ സ്ഥാപിച്ചിട്ടുള്ളത്. എൽ.ഐ.സി.-യുടെ ധനസഹായത്തോടുകൂടി 1984-ൽ ആരംഭിച്ച് 1994-ൽ കമ്മീഷൻ ചെയ്ത പദ്ധതിയാണ്. ഇപ്പോഴത്തെ ഡിമാന്റ് പ്രകാരം ഈ പദ്ധതി അപര്യാപ്തമാണ്. മേൽപ്പറഞ്ഞ കെ.പി. റോഡിലുൾപ്പെടെയുള്ള കാലപ്പഴക്കം ചെന്ന എ.സി. പൈപ്പുകൾ മാറ്റുമ്പോൾ ഈ പദ്ധതിയിൽ നിന്നുള്ള ജലവിതരണത്തിൽ കാര്യമായ പുരോഗതിയുണ്ടാകും. ബഹുമാന്യനായ കെ. ഡി. പ്രസേനൻ, എം.എൽ.എ. കണ്ണാടി ശുദ്ധജല വിതരണ പദ്ധതിയെപ്പറ്റി സൂചിപ്പിച്ചു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രസ്തുത പദ്ധതി മാർച്ച് 2017-ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അതിന്റെ മൂന്നാം ഘട്ടത്തിനുവേണ്ടി, ബാക്കി ഡിസ്ട്രിബ്യൂഷൻ വർക്ക് ചെയ്യുന്നതിനു വേണ്ടി 2016 ഫെബ്രുവരിയിൽ നടന്ന എസ്.എൽ.സി.യിൽ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നെന്മാറ പദ്ധതിയുടെ ഒന്നാംഘട്ടം മാർച്ച് 2017-ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാംഘട്ടത്തിനായി ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 'മംഗളം' പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു. ടെക്നിക്കൽ ബിഡ് തുറന്നു. ടെണ്ടർ ഇവാല്യുവേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 53 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 2010-ലെ എരുമേലി ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ച് ബഹുമാന്യനായ പി. സി. ജോർജ് സൂചിപ്പിച്ചു. 10 എം.എൽ.ഡി ശുദ്ധീകരണ ശാലകൾ, പമ്പിംഗ് ലൈനുകൾ, ജലസംഭരണികൾ എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു. ഇൻ-ടേക്ക് പമ്പ് ഹൗസിൽ പമ്പ് സെറ്റുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇൻ-ടേക്ക് പമ്പ്ഹൗസിലും ശുദ്ധീകരണ ശാലയിലും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ സബ്സ്റ്റേഷൻ പൂർത്തീകരിക്കേണ്ടതുണ്ട്. നേർച്ചപ്പാറ സംഭരണി യിലേയ്ക്കുള്ള പമ്പ് ലൈനിന് എരുമേലി-മുണ്ടക്കയം റോഡിൽ റോഡ് ക്രോസിംഗ് ചെയ്യാനുണ്ട്. അതുപോലെ നേർച്ചപ്പാറ സംഭരണിയിൽനിന്നും വിതരണ ശൃംഖലയിലേയ്ക്ക് പ്രസ്തുത റോഡിൽ 200 മീറ്റർ ദൂരം ലൈൻ സ്ഥാപിക്കാനുണ്ട്, ഇതിനൊക്കെ പി.ഡബ്ല്യൂ.ഡി.യുടെ അനുമതി കിട്ടാനുണ്ട്. ശുദ്ധീകരണ ശാലയിൽ നിന്നും വിവിധ ജലസംഭരണിയിലേയ്ക്കുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആറ് മാസത്തിനുള്ളിൽ പൂർത്തിയാകും. വിതരണ ശൃംഖലകൾ ഭാഗികമായി സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള വിതരണ ശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ശബരിമല സീസൺ കഴിയുമ്പോൾ ആരംഭിക്കുന്ന വിധത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതാണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ നിന്നും ഉൽപ്പാദനം ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട എൻ.എ. നെല്ലിക്കുന്ന് കാസർഗോഡ് നഗരത്തിൽ ആഴ്ചയിൽ രണ്ടു ദിവസം മാത്രമാണ് വെള്ളം കിട്ടുന്നതെന്ന പ്രശ്നം പറഞ്ഞു. അത് പരിഹരിക്കുന്നതിനുവേണ്ടി 60 കോടി രൂപ മതിപ്പ് ചെലവുള്ള ഒരു പുതിയ പദ്ധതി കിഫ്ബി-യിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. സ്ഥിരം പമ്പ് ഓപ്പറേറ്റർമാരുടെ നിയമനം സംബന്ധിച്ച് സൂചിപ്പിച്ചു. Sanctioned post ഇല്ലാത്തതിനാൽ അതിന് കഴിയുന്നില്ല. കുടിശ്ശിക സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 2016 മാർച്ച് മുതലുള്ള കുടിശ്ശികയുണ്ട്. അത് കൊടുക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ദീർഘനാൾ പഴക്കമുള്ള ബാവിക്കര പദ്ധതിയുടെ തടയണ നിർമ്മാണത്തിന് 1995-ൽ ഡിസൈൻ തയ്യാറാക്കി 2005-ൽ പണി ആരംഭിച്ചതാണ്. പക്ഷെ പ്രായോഗികമായി ചില പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാം. അത് പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ

നിയോഗിച്ചു. ഒരു മാസത്തിനകം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചാലുടൻ അതിന്റെ നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ചെങ്ങളം-മൂളിയാർ പദ്ധതിയെ സംബന്ധിച്ച് സൂചിപ്പിച്ചു, പ്ലാന്റിന് സ്ഥലം കിട്ടാൻ വൈകിയതുകൊണ്ടാണ്, കോൺട്രാക്ടർ വർക്ക് ചെയ്യാൻ വിസമ്മതിക്കുന്നുമുണ്ട്. അതിന്റെ കപ്പാസിറ്റി കൂട്ടി, കിഫ്ബി-യിൽ ഉൾപ്പെടുത്തി ചെയ്യാൻ വേണ്ട ശ്രമങ്ങൾ നടന്നുവരുന്നു. ബഹുമാനപ്പെട്ട കെ.കൃഷ്ണൻകുട്ടി എം.എൽ.എ. പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ ഉദ്യോഗസ്ഥന്മാരുടെ അഭാവം ചൂണ്ടിക്കാണിച്ചു. മാത്രമല്ല അവിടെനിന്ന് ജലം ലഭ്യമാക്കാനുള്ള നടപടികൾ ഫലപ്രദമായി ഉണ്ടാകണമെന്ന് പറഞ്ഞു. കഴിഞ്ഞ ദിവസങ്ങളിൽ വലിയ പ്രയാസം ആ മേഖലയിലുണ്ടായി. കൃഷിക്ക് ആവശ്യമായ ജലം ലഭിക്കാതെ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര മന്ത്രിക്കും തമിഴ്നാട് മന്ത്രിക്കും കത്തയയ്ക്കുകയും വളരെ പെട്ടെന്ന് തന്നെ പൊള്ളാച്ചിയിൽ വച്ച് ഒരു യോഗം ചേർന്ന് നമുക്ക് അർഹതപ്പെട്ട മുഴുവൻ ജലം ലഭിച്ചില്ലെങ്കിലും കൃഷി നശിച്ചുപോകാതിരിക്കാനുള്ള ജലം ലഭ്യമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് പറഞ്ഞു. ഇപ്പോൾ കുറച്ച് പോസ്റ്റിംഗ് നടത്തിയിട്ടുണ്ട്. ഒരു ജോയിന്റ് ഡയറക്ടറുടെ തസ്തികയാണുള്ളത്. അത് ഒഴിഞ്ഞു കിടക്കുന്നില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രണ്ടു പേരാണുള്ളത്. അതിൽ രണ്ടിലും ആൾ ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർമാർ എട്ടു പേരുള്ളതിൽ ഏഴ് പേരെ നിയമിച്ചു. ഒരു ഒഴിവ് മാത്രമേ ബാക്കിയുള്ളൂ. ആകെയുള്ള 22 ഓവർസീയർ തസ്തികയിൽ എല്ലാ ഒഴിവുകളും നികത്താനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നുപേർ ഒഴികെ ബാക്കിയെല്ലാവരും ജോയിൻ ചെയ്തിട്ടുണ്ട്. അവിടെ ഉദ്യോഗസ്ഥന്മാരുടെ കുറവു വന്നാൽ അത് പരിഹരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഒരു കാര്യം കൂടി ചൂണ്ടിക്കാണിച്ചു, അന്തർ സംസ്ഥാന നദീജല കരാർ വഴി നമുക്ക് ലഭ്യമാകേണ്ടുന്ന ജലം ഉറപ്പുവരുത്താൻ ഒരു കർമ്മസേന രൂപീകരിക്കണമെന്ന്. അത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിലുണ്ടായിരുന്നതാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്. ശ്രീമതി വീണാ ജോർജ്ജ് നാരങ്ങാനം പഞ്ചായത്തിലെ കുടിവെള്ള വിതരണം ക്രമീകരിക്കുന്നതിന് വാൽവ് ഓപ്പറേറ്റർമാരുടെ കാര്യം പറഞ്ഞു. കരാർ തൊഴിലാളികളാണ് പമ്പ് ഓപ്പറേറ്റേഴ്സ്. അവരെ വാൽവ് നിയന്ത്രണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. പകരം ജല അതോറിറ്റി തന്നെ നേരിട്ട് അത് ചെയ്യാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ ജലക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടു. അച്ചൻകോവിലാറിലെ ജലം ഉപയോഗിക്കാൻ കഴിയുമോയെന്ന പ്രശ്നം ഉന്നയിച്ചു. ഇപ്പോൾ 8

എം.എൽ.ഡി. ശേഷിയുള്ള ജലവിതരണ സംവിധാനത്തിലൂടെയാണ് പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ ജലവിതരണം നടത്തിവരുന്നത്. കൺവെൻഷണൽ ട്രീറ്റ്മെന്റ് പ്ലാന്റിനും നിലവിലുള്ള പദ്ധതികൾക്കും പുനരുദ്ധാരണം ആവശ്യമാണ്. അച്ചൻ കോവിലാറിലെ ജലം ഉപയോഗിച്ചുകൊണ്ട് മേൽപ്പറഞ്ഞ പദ്ധതിയുടെ പുനരുദ്ധാരണം നടപ്പിലാക്കാൻ വേണ്ട കാര്യങ്ങൾ പരിശോധിക്കുന്നതാണ്. അതുപോലെ ജനപങ്കാളിത്തത്തോടെ സോഷ്യൽ ആഡിറ്റിംഗ് എന്നത് പരിഗണിക്കാവുന്ന നിർദ്ദേശമാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റൊരു പ്രധാനപ്പെട്ട വിഷയം, ജലസാക്ഷരതയാണ്. വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണത്, കാരണം നമുക്ക് കിട്ടുന്ന മഴവെള്ളം പരമാവധി പ്രയോജനപ്പെടുത്താൻ തക്കവണ്ണം ജനങ്ങളുടെ യിടയിൽ അതിന്റെ സാക്ഷരത വർദ്ധിപ്പിക്കുന്ന പദ്ധതിയിലേയ്ക്ക് നീങ്ങുന്നത് നന്നായിരിക്കുമെന്നതന്നെയാണ് എന്റെ അഭിപ്രായം. ശാസ്താംകോട്ട കായലിനെ സംബന്ധിച്ച് ശ്രീ. മുകേഷ് ഇവിടെ ഉന്നയിച്ചു, ശാസ്താംകോട്ടയിൽ ബദൽ സ്രോതസ്സ് കല്ലട-കടപുഴ റെഗുലേറ്റർ-കം-ബ്രിഡ്ജാണ്. അതിന്റെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്. സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ വേഗത്തിൽ സ്വീകരിക്കു ന്നതാണ്. കൊല്ലം നഗരത്തിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് കല്ലടയാറിലെ ഞാങ്കടവ് സ്രോതസ്സിന് 230 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി കിഫ്ബി ഫണ്ടിംഗ് ഉപയോഗപ്പെടുത്തി നടപ്പാക്കാൻ ശ്രമിക്കുകയാണ്. ഇവിടെ കഴിഞ്ഞ വർഷങ്ങളിലെ ചെലവുകളെ സംബന്ധിച്ച് ബഹുമാന്യനായ ശ്രീ. ഉമ്മറും മറ്റുചില അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. ജലവിഭവ വകുപ്പിന്റെ കണക്കുകളും ധനകാര്യ വകുപ്പിന്റെ കണക്കുകളും തമ്മിൽ ചെറിയ ഒരു കോൺട്രഡിക്ഷനുണ്ട്. സബ്ജക്ട് കമ്മിറ്റി യോഗത്തിൽ വച്ച് ആ വിഷയം സംസാരിച്ചു. അത് പരിശോധിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. ജലവിഭവ വകുപ്പിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ വർഷങ്ങളിൽ പെന്റിംഗ് ബില്ലുകൾ ഉൾപ്പെടെ ജലസേചന വകുപ്പിൽ 584 കോടി രൂപയുടെ ചെലവ് നടന്നുവെന്നാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നത്. ശ്രീ. അൻവർ സാദത്ത് വളരെ പ്രസക്തമായ ഒരു കാര്യം പറഞ്ഞു, ജലസംരക്ഷണം ഇന്നത്തെ ആവശ്യത്തിനുവേണ്ടി മാത്രമല്ല വരുംതലമുറയ്ക്കുവേണ്ടിയും സംരക്ഷിച്ചു കൊടുക്കണം, അതായിരിക്കണം ഗവൺമെന്റിന്റെ നയം. ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാദ്ധ്യമാക്കുന്നരീതിയിൽ ജലം സംരക്ഷിക്കാനുള്ള നടപടിയിലേയ്ക്ക് നീങ്ങാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. സോളാർ പാനൽ വയ്ക്കുന്നതുകൊണ്ട് തോടുകളുടെ ഒഴുക്ക് തടസ്സപ്പെടാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുമെന്ന് അറിയിക്കു കയാണ്. ബഹുമാനപ്പെട്ട ശ്രീ. വി. കെ. സി. മമ്മത് കോയ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ വച്ചു, ജലം വരുംതലമുറയ്ക്കായി സൂക്ഷിക്കണമെന്നതന്നെ അദ്ദേഹവും

പറഞ്ഞു. അതുപോലെ ജപ്പാൻ കുടിവെള്ള പദ്ധതിയെ സംബന്ധിച്ചും പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വരൾച്ചയ്ക്കൊരു ക്രൈസിസ് മാനേജ്മെന്റുണ്ടാകണമെന്ന് പറഞ്ഞു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ യോഗം വിളിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്, അതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുന്നതാണ്. തീർച്ചയായും ക്രൈസിസ് മാനേജ്മെന്റുണ്ടാകും. വിലപ്പെട്ട പല നിർദ്ദേശങ്ങളും വന്നു. സമയക്കുറവുകൊണ്ട് എല്ലാം പരാമർശിക്കാൻ കഴിയുന്നില്ല. നിർദ്ദേശങ്ങൾ സമർപ്പിച്ച എല്ലാ എം.എൽ.എ.മാരോടും നന്ദി പറയുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ............(മൈക്ക് ഓഫ്)......

മി. സ്പീക്കർ: ഇല്ല... ഇനിയില്ല. അദ്ദേഹം ഓരോ പേരുമെടുത്ത് വിശദമായി ഉത്തരം പറഞ്ഞുകഴിഞ്ഞു. മന്ത്രി ഇരുന്നുകഴിഞ്ഞു. (....ബഹളം...) ഇനി നിങ്ങൾ വ്യക്തിപരമായി അദ്ദേഹത്തെ കണ്ട് നേരിട്ട് സംസാരിച്ച് പരിഹരിച്ചാൽ മതി. കാര്യങ്ങളെല്ലാം വിശദമായി ചർച്ച ചെയ്തില്ലേ? ദയവായി അംഗങ്ങൾ സഹകരിക്കുക.(...ബഹളം....)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ ചോദിച്ച ഒരു ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പത്തോ പതിനഞ്ചോ ഇരുപതോ അംഗങ്ങൾ നടത്തിയ പ്രസംഗത്തിന്റെ എല്ലാ കാര്യങ്ങൾക്കും മന്ത്രിക്ക് വിശദമായി മറുപടി പറയാൻ സാധിക്കില്ല. ഇന്നലെ മുതലേ പറയുകയാണ്, എല്ലാപേർക്കും പ്രസംഗിക്കാൻ പറ്റില്ല. പ്രസംഗിക്കുന്നത് രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ചാണ്. ഓരോരുത്തർക്കും വ്യക്തിപരമായ അഭിപ്രായം പറയാൻ സാധിക്കുമോ? ഞാൻ തടസ്സപ്പെടുത്തുന്നില്ല. അദ്ദേഹം വഴങ്ങുന്നെങ്കിൽ വഴങ്ങട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: (....മൈക്ക് ഓഫ്....) ഇന്റർ സ്റ്റേറ്റ് വാട്ടറിനെ സംബന്ധിച്ച് മറുപടി പറയേണ്ടത് മുഖ്യമന്ത്രിയാണ്. അത് മുഖ്യമന്ത്രിയുടെ വകുപ്പാണ്. ആ വിഷയത്തിൽ ചില വ്യക്തത വരുത്താനുണ്ട്.

മി. സ്പീക്കർ: കാര്യങ്ങളിൽ വ്യക്തത വരുത്താൻ ധാരാളം അവസരമുണ്ട്. അദ്ദേഹത്തിന്റെ ചോദ്യോത്തരവേളയുണ്ടായിരുന്നു. ഇനി സബ്മിഷൻ വഴി ഉന്നയിക്കാം, അദ്ദേഹവുമായി നേരിട്ട് സംസാരിക്കാം. ചർച്ച നടത്തി, ചർച്ചയ്ക്ക് വിശദമായ മറുപടി അദ്ദേഹം പറഞ്ഞുകഴിഞ്ഞു. ഇനി ചർച്ചയില്ല .......പ്ലീസ്...... മന്ത്രിയെക്കൊണ്ട് നിർബന്ധിച്ച് മറുപടി പറയിക്കാൻ പറ്റുമോ? അദ്ദേഹം ഓരോരുത്തരുടേയും പേരെടുത്ത് പറഞ്ഞ് കാര്യങ്ങളെല്ലാം വിശദമാക്കിക്കഴിഞ്ഞു. ദയവായി നിങ്ങൾ സഹകരിക്കണം. (.......ബഹളം....... ) ബഹുമാനപ്പെട്ട മന്ത്രി

ഒറ്റവാചകത്തിൽ മറുപടി പറയുന്നോ? എല്ലാപേർക്കുംകൂടി ചോദ്യം ചോദിക്കാൻ സാധിക്കില്ല. എല്ലാപേർക്കും ചോദ്യോത്തരവേളയുടെ സമയമില്ല. അനുവദിച്ചാൽ ധാരാളം അംഗങ്ങൾ ചോദിക്കും. (......ബഹളം........) ഈ സാഹചര്യത്തിൽ ഇത് ശരിയല്ല. അത് നടക്കില്ല. എല്ലാപേരുടേയും ചോദ്യത്തിന് ഉത്തരം പറയാൻ സമയമുണ്ടാകുകയില്ല. .......പ്ലീസ്......

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വളരെ വിശദമായി സംസാരിച്ചു. ആരും ഇടപെട്ടില്ല. സാധാരണഗതിയിൽ ഇത്തരം ഡിമാന്റുകൾ ചർച്ച ചെയ്യുമ്പോൾ ചില ചോദ്യങ്ങൾക്കൊക്കെ മന്ത്രി വഴങ്ങാറുണ്ട്. ശ്രീ. മാത്യു ടി. തോമസ് ഇവിടെ ഇരുന്നപ്പോൾ ഞങ്ങളൊക്കെ വഴങ്ങിയവരാണ്. അങ്ങ് പ്രധാനപ്പെട്ട ചോദ്യങ്ങൾക്ക് വഴങ്ങേണ്ടത് ഒരു സാമാന്യ ജനാധിപത്യ മര്യാദയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്റർ സ്റ്റേറ്റ് വാട്ടറിനെ സംബന്ധിച്ച് മുഖ്യമന്ത്രിയോടാണ് ചോദിച്ചത്. അദ്ദേഹം വഴങ്ങുന്നില്ലെങ്കിൽ അങ്ങേയ്ക്കും പറയാം. അദ്ദേഹത്തിനും സംസാരിക്കാം. അതുകൊണ്ട് ബഹുമാന്യനായ സ്പീക്കറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് പ്രസക്തമായ ചില ചോദ്യങ്ങൾ ട്രഷറി ബെഞ്ചിനോട് ചോദിച്ചാൽ അതിന് മറുപടി പറയണം എന്നുള്ളതാണ്. . .....(ബഹളം).......

മി. സ്പീക്കർ: ഓരോരുത്തരും അവരവരുടെ വിഷയം പ്രസക്തമാണെന്നല്ലേ പ്രതിപക്ഷനേതാവേ കരുതുന്നത്. എല്ലാവരും പ്രസക്തമാണെന്ന് കരുതിയിട്ടല്ലേ ഇടപെട്ടുകൊണ്ടിരിക്കുന്നത്; ......(ബഹളം).......ദയവായി നിങ്ങൾ സഹകരിക്കുക. മന്ത്രി മറുപടി പറഞ്ഞതിനുശേഷം എല്ലാവരുടെയും ചോദ്യത്തിന് വഴങ്ങുന്നത് precedent ആണോ; .....(ബഹളം)....... ഇത് വളരെ നിർഭാഗ്യകരമായ ഒരു സാഹചര്യമാണ്. അനാവശ്യമായി നടപടിക്രമങ്ങൾ നീട്ടിക്കൊണ്ടുപോകുകയാണ്. വളരെ നിർഭാഗ്യകരമാണ്. സഭയുടെ നടപടിക്രമങ്ങളുമായി സഹകരിക്കാത്ത രീതി ഒട്ടും സ്വീകാര്യമല്ല. ...ഇത് ശരിയല്ല....എന്താണ് അങ്ങ് പറയുന്നത്?

ശ്രീ. എം. ഉമ്മർ: സർ, പോയിന്റ് ഓഫ് ഓർഡർ. " Dam Rehabilitation and Improvement Project (DRIP)-ന് 2011-12 മുതൽ 2015-16 വരെയുള്ള തുടർച്ചയായ 5 സാമ്പത്തിക വർഷവും വകയിരുത്തിയ തുകയിൽ 10 കോടിയിലധികം രൂപ മിച്ചം വന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് എന്ന് പറഞ്ഞ് 14-ാം നമ്പരായി ശ്രീ. മഞ്ഞളാംകുഴി അലി ഒരു ഇക്കണോമിക് കട്ട്മോഷൻ തന്നിട്ടുണ്ട്. പ്രസക്തഭാഗം ഞാൻ എടുത്ത് കണക്ക് സഹിതം ഉദ്ധരിച്ചു. സാധാരണഗതിയിൽ മന്ത്രി അതിന് മറുപടി പറയേണ്ടതാണ്. ഇല്ലെങ്കിൽ അത് ഉന്നയിച്ച അംഗത്തിനെ അത് എഴുതി അറിയിക്കേണ്ടതാണ്. ചട്ടപ്രകാരം അത് ചെയ്യേണ്ടതാണെന്ന ഒരു കീഴ്വഴക്കമുണ്ട്. അത് ഇവിടെ ഉണ്ടായിട്ടില്ല......(ബഹളം).......

മി. സ്പീക്കർ: മന്ത്രി എന്ത് മറുപടി പറയണമെന്ന് ചെയറിന് റൂളിംഗ് കൊടുക്കാൻ പറ്റില്ല. ചെയർ അടുത്ത നടപടിക്രമത്തിലേയ്ക്ക് പോകുകയാണ്. ധനാഭ്യർത്ഥന നമ്പർ XX...ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. ടി. തോമസ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉൾപ്പെടെ 16 അംഗങ്ങൾ കട്ട് മോഷൻ മൂവ് ചെയ്തിട്ടുണ്ട്...... (ബഹളം).......എന്താണ്; വളരെ നിർഭാഗ്യകരമാണ്. നിങ്ങൾ എത്രപേർ ചർച്ചയിൽ പങ്കെടുത്തു. മന്ത്രി വിശദമായി പറഞ്ഞുകഴിഞ്ഞല്ലോ; മന്ത്രി ഇന്ന കാര്യം പറയണമെന്ന് വാശിപിടിക്കാൻ പറ്റുമോ; ചെയറിന് മന്ത്രിയോട് അങ്ങനെ പറയണമെന്ന് പറയാൻ പറ്റുമോ; അതിനുള്ള അവകാശം ചെയറിനില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: Sir, I raise a point of order...

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ഒരു സ്പീക്കറല്ലേയുള്ളൂ. ഒരു സ്പീക്കറോടല്ലേ നമുക്ക് ചോദിക്കാൻ പറ്റൂ. ആയിരം സ്പീക്കർമാർ വരാൻ പറ്റുമോ; ഈ ചർച്ചയ്ക്കകത്ത് പ്രസക്തമായി ഞങ്ങൾ ചോദിച്ച ഒരു ചോദ്യമുണ്ട്. അത് ഇന്റർ സ്റ്റേറ്റ് വാട്ടറിനെ സംബന്ധിച്ചാണ്. .....(ബഹളം)....... അത് ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടിയടക്കം പറഞ്ഞല്ലോ; മുഖ്യമന്ത്രിയോട് ഞങ്ങൾക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട്. അന്തർ സംസ്ഥാന നദീജലക്കരാറുകൾ പലതും കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്. ആ കരാറുകൾ പുതുക്കുന്നതിനുവേണ്ടിയുള്ള ചർച്ച ആരംഭിക്കുമോ; അതാണ് ഞങ്ങളുടെ ചോദ്യം......(ബഹളം).......

മി. സ്പീക്കർ: ഇതിൽ ക്രമപ്രശ്നമെന്താണ്; ഇതിൽ എന്താണ് പോയിന്റ് ഓഫ് ഓർഡർ; അങ്ങ് ഉന്നയിച്ചതിൽ പോയിന്റ് ഓഫ് ഓർഡർ എന്താണ്? ..... (ബഹളം).......ദയവായി അംഗങ്ങൾ സീറ്റിൽ ഇരിക്കണം. അങ്ങ് ഒരു മിനിട്ടുകൊണ്ട് പറഞ്ഞ് അവസാനിപ്പിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ തയ്യാറാക്കി ക്കൊണ്ടുവന്ന നോട്ട് തന്നെ വെട്ടിക്കുറച്ച് പറഞ്ഞത് സമയപരിധി........(ബഹളം).......

മി. സ്പീക്കർ: അങ്ങയുടെ മറുപടി പതിവിൽ കൂടുതൽ വിശദമായി എന്നാണ് ചെയറിന് തോന്നിയത്. ഓരോരുത്തരുടെയും പ്രശ്നങ്ങൾ എടുത്തുകൊണ്ട് ഓരോരു ത്തരുടെയും പേരെടുത്ത് ഓരോ പഞ്ചായത്തുകളിലെയും പദ്ധതികൾ വരെ അങ്ങ് ഇവിടെ വിശദീകരിച്ചു. ഇവിടെ പൊതുവായ കാര്യങ്ങൾ മാത്രം പറയേണ്ട സാഹചര്യം മാത്രമേയുള്ളൂ.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ തയ്യാറാക്കിക്കൊണ്ടുവന്ന പ്രസംഗം തന്നെ വെട്ടിച്ചുരുക്കിയത് അംഗങ്ങൾ പറഞ്ഞതിന് മറുപടി പറയാൻ വേണ്ടിയാണ്. അത് പറഞ്ഞു. സമയപരിധിക്കുള്ളിൽ നിർത്താൻ വേണ്ടിയാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതിന് മറുപടി അങ്ങ് അനുവദിക്കുമെങ്കിൽ പറയാം.

<u>മി. സ്പീക്കർ</u>: അത് മാത്രം പറഞ്ഞോളൂ......(ബഹളം).......പ്ലീസ്....ദയവായി ഇരിക്കൂ...ദയവായി സഹകരിക്കൂ. അദ്ദേഹം പറയട്ടെ..........(ബഹളം).......

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, അങ്ങയുടെ മറുപടിയിൽ വ്യക്തമാക്കിയ മുനയം റഗുലേറ്റർ-കം-ബ്രിഡ്ജുമായി ബന്ധപ്പെട്ടാണ് പറയാനുള്ളത്. കഴിഞ്ഞ അഞ്ചുവർഷമായി അവിടെ താൽക്കാലിക തടയണ കെട്ടി, തൃശ്ശൂർ ജില്ലയിലെ കോൾ കർഷകരുടെ പ്രശ്നവും തീരദേശത്തെ കുടിവെള്ള പ്രശ്നവും വളരെ ഗുരുതരമായ അവസ്ഥയിലാണ്. ഉപ്പുവെള്ളം ക്രമാതീതമായി കയറിക്കൊണ്ടിരിക്കുകയാണ്. ഈ പ്രദേശത്തെ കരിവന്നൂർ പുഴയിൽ നിന്നും വെള്ളം ശുദ്ധീകരിച്ച് പൈപ്പ് വഴി എത്തിക്കുകയാണ്. കുടിവെള്ളക്ഷാമം വളരെ ഗുരുതരമായ അവസ്ഥയിലേക്ക് പോകുകയാണ്. ഈ സാഹചര്യത്തിൽ റഗുലേറ്ററുമായി ബന്ധപ്പെടുത്തി 21 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ഒറ്റ ലൈൻ വേണോ രണ്ട് ലൈൻ വേണോ എന്ന കാര്യത്തിൽ മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളുടെയും എല്ലാ പാർട്ടികളുടെയും തീരുമാനം സർക്കാരിന് സമർപ്പിച്ചിരുന്നു. ഈയവസരത്തിലാണ് ഒറ്റ ലൈൻ പറ്റില്ല രണ്ടുലൈൻ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ ഡിസൈനുമായി മുന്നോട്ടുപോകുന്നത്. അത് നടക്കില്ല. ഒറ്റലൈനോടുകൂടി റെഗുലേറ്റർ നിർമ്മിക്കണം. വളരെ ഗുരുതരമായ പ്രശ്നമാണിത്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട ഗീതാ ഗോപിയും തിരുവഞ്ചൂർ രാധാകൃഷ്ണനും.....(ബഹളം).......

<u>മി. സ്പീക്കർ</u>: ഇനി ആരും എഴുന്നേൽക്കേണ്ട. എല്ലാവരും വിഷയം ഉന്നയിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മിനിസ്റ്റർ....

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഇവിടെ എല്ലാ അംഗങ്ങളും ഉന്നയിച്ച വിഷയങ്ങൾ കുറിച്ചുവച്ച് കൃത്യമായ മറുപടി ശേഖരിച്ച് നൽകിയതാണ്. ശ്രീ. ചിറയം ഗോപകുമാറാണ് ശ്രീമതി ഗീതാ ഗോപിയുടെ വിഷയം അവതരിപ്പിച്ചത്. അത് പാർട്ടി എന്ന നിലയിൽ ക്രമീകരിച്ചതാണ്. ഞാൻ മറുപടി പറയാം. മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജിനെ സംബന്ധിച്ച് ഒരു ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. അത് നബാർഡിന്റെ ഫണ്ട് ലഭ്യമാക്കുന്നതിന് സമർപ്പിക്കാൻ റെഡിയായിട്ടുണ്ട്. അവിടെ ഡബിൾ ലൈൻ വേണമെന്ന ഒരാവശ്യം ഉയർന്നുവന്നിട്ടുണ്ട്. അതിനാണെങ്കിൽ കൂടുതൽ സ്ഥലം ആവശ്യമായി വരുന്നതിനാൽ സ്ഥലമെടുപ്പിന്റെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരും. അത് ഒറ്റലൈനായി ചെയ്യാനാണെങ്കിൽ പെട്ടെന്ന് സമർപ്പിക്കാം. അതിൽ ഒരു സമവായം ഉണ്ടാക്കിയെടുക്കാനുള്ള ശ്രമം നടത്താം. അന്തർ സംസ്ഥാന കരാറുകളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചത്.

നിലവിലുള്ള കരാറുകൾ എല്ലാംതന്നെ നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന രൂപത്തിലാണെന്ന അഭിപ്രായം സർക്കാരിനില്ല. 1970-കളിൽ ഈ കരാറുകളിൽ ഏർപ്പെടുന്ന സമയത്ത് നമ്മുടെ ജലലഭ്യതയെയും ഉപഭോഗത്തിനേയും താരതമ്യ പ്പെടുത്തുമ്പോൾ ഒരു പക്ഷേ അന്ന് അങ്ങനെയൊരു കരാറിൽ ഏർപ്പെടുന്നതിന് ന്യായീകരണമുണ്ടായിരുന്നിരിക്കാം. ഇന്നത്തെ അവസ്ഥ അതല്ല. പക്ഷേ കരാറിലെ വ്യവസ്ഥയനുസരിച്ച് ഉഭയസമ്മതപ്രകാരം മാത്രമാണ് അത് പുനരവലോകനം ചെയ്യേണ്ടത്. അങ്ങനെ PAP കരാർ പുനരവലോകനം ചെയ്യുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചിരുന്നു. അതിന് മറുപടി ലഭിച്ചിട്ടില്ല. പരസ്പരം സമ്മതിച്ചാൽ ആ കരാറുകൾ പുതുക്കുന്നതിനുള്ള ചർച്ചകൾ ആരംഭിക്കാവുന്നതാണ്. ആ കത്തുകളുടെ തുടർനടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, പി. ടി. തോമസ്, എൻ.എ. നെല്ലിക്കുന്ന്, പി. കെ. കുഞ്ഞാലിക്കുട്ടി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, കെ. സി. ജോസഫ്, സണ്ണി ജോസഫ്, ശ്രീ. എം. ഉമ്മർ, അൻവർ സാദത്ത്, എൻ. ഷംസുദ്ദീൻ, കെ. എസ്. ശബരീനാഥൻ, ടി. വി. ഇബ്രാഹിം, അബ്ദുൽ ഹമീദ്. പി., പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപ ക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u> :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. എ.എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. കാരാട്ട് റസാഖ്
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. പി. കെ. ശശി
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്ജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. പിണറായി വിജയൻ

76. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. ടി. എ. അഹമ്മദ് കബീർ

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. അനിൽ അക്കര

9. ശ്രീ. എ. പി. അനിൽ കുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. വി. ടി. ബൽറാം

13. ശ്രീ. പി. കെ. ബഷീർ

14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

21. ശ്രീ. മോൻസ് ജോസഫ്

22. ഡോ. എം. കെ. മുനീർ

23. ശ്രീ. കെ. മുരളീധരൻ

24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

25. ശ്രീ. ഉമ്മൻ ചാണ്ടി

26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

27. ശ്രീ. രമേശ് ചെന്നിത്തല

28. ശ്രീ. റോഷി അഗസ്റ്റിൻ

29. ശ്രീ. കെ. എസ്. ശബരീനാഥൻ

30. ശ്രീ. എൻ. ഷംസുദ്ദീൻ

31. ശ്രീ. വി. ഡി. സതീശൻ

32. ശ്രീ. ഷാഫി പറമ്പിൽ

33. ശ്രീ. വി. എസ്. ശിവകുമാർ

34. ശ്രീ. സണ്ണി ജോസഫ്

35. ശ്രീ. പി. ടി. തോമസ്

36. ശ്രീ. പി. ഉബൈദുള്ള

37. ശ്രീ. എം. ഉമ്മർ

38. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എ. പി. അനിൽ കുമാർ, വി. എസ്. ശിവകുമാർ, ഹൈബി ഈഡൻ, എൻ. ഷംസുദ്ദീൻ, പി. ബി. അബ്ദുൾ റസ്സാക്, ഷാഫി പറമ്പിൽ, വി. ഡി. സതീശൻ, ടി. വി. ഇബ്രാഹിം, അബ്ദുൽ ഹമീദ്. പി., മഞ്ഞളാംകുഴി അലി, അനിൽ അക്കര, എം. ഉമ്മർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, പി. കെ. കുഞ്ഞാലിക്കുട്ടി, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. എ.എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. കാരാട്ട് റസാഖ്
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. പി. കെ. ശശി
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ശ്രീ. പി. ഉണ്ണി
73. ശ്രീമതി വീണാ ജോർജ്ജ്
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. പിണറായി വിജയൻ
76. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
21. ശ്രീ. മോൻസ് ജോസഫ്
22. ഡോ. എം. കെ. മുനീർ
23. ശ്രീ. കെ. മുരളീധരൻ

24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

25. ശ്രീ. ഉമ്മൻ ചാണ്ടി

26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

27. ശ്രീ. രമേശ് ചെന്നിത്തല

28. ശ്രീ. റോഷി അഗസ്റ്റിൻ

29. ശ്രീ. കെ. എസ്. ശബരീനാഥൻ

30. ശ്രീ. എൻ. ഷംസുദ്ദീൻ

31. ശ്രീ. വി. ഡി. സതീശൻ

32. ശ്രീ. ഷാഫി പറമ്പിൽ

33. ശ്രീ. വി. എസ്. ശിവകുമാർ

34. ശ്രീ. സണ്ണി ജോസഫ്

35. ശ്രീ. പി. ടി. തോമസ്

36. ശ്രീ. പി. ഉബൈദുള്ള

37. ശ്രീ. എം. ഉമ്മർ

38. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല.

<u>മി. സ്പീക്കർ</u> : അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.32-ന് പിരിഞ്ഞു.)